# തുടി

*റിസർച്ച് ജേണൽ*

**ISSN 2320-8880**

34

2021 ഏപ്രിൽ - ജൂൺ

വാല്യം 9 ലക്കം 2

മലയാളവിഭാഗം, കണ്ണൂർ സർവ്വകലാശാല,
ഡോ.പി.കെ.രാജൻ മെമ്മോറിയൽ കാമ്പസ്, നീലേശ്വരം
കാസറഗോഡ് ജില്ല, കേരളം - 671 314
ഇ.മെയിൽ: thudimalayalam21@gmail.com

**പത്രാധിപർ**
ഡോ.റീജ വി.

**പത്രാധിപ സമിതി**
ഡോ.ലിജാ അരവിന്ദ്
ഡോ.സിന്ധു കിഴക്കാനിയിൽ
ഡോ.അനു എ.പി.

**ഉപദേശക സമിതി**
ഡോ.ഡി.ബഞ്ചമിൻ
ഡോ.ദേശമംഗലം രാമകൃഷ്ണൻ
ഡോ.സി.ആർ.പ്രസാദ്
ഡോ.പി.എസ്.രാധാകൃഷ്ണൻ
ഡോ. അജു കെ.നാരായണൻ

**റഫറീസ്**
ഡോ.അജയകുമാർ ജി.
ഡോ.ആർ.വി.എം.ദിവാകരൻ
ഡോ.സീമാ ജെറോം
രാജേന്ദ്രൻ എടത്തുംകര

**ഇഷ്യൂ എഡിറ്റർ**
ഡോ.ലിജാ അരവിന്ദ്

**കവർ/ലേ ഔട്ട്**
ചേതന ഓഫ്സെറ്റ്, കാഞ്ഞങ്ങാട്

**അച്ചടി**
മണിപ്പാൽ ടെക്നോളജീസ് ലിമിറ്റഡ്

ഭാഷയേയും സാഹിത്യത്തേയും സംസ്കാരത്തെയും കുറിച്ചുള്ള പഠന ഗവേഷണങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രസിദ്ധീകരണത്തിന് തുടി പ്രതിവർഷം നാല് ലക്കങ്ങൾ: ജനുവരി - മാർച്ച്, ഏപ്രിൽ - ജൂൺ, ജൂലൈ- സെപ്തംബർ ഒക്ടോബർ - ഡിസംബർ വില 300 രൂപ

## ആമുഖം

സ്വാതന്ത്ര്യത്തിന്റെ മറ്റൊരു പേരാണ് മാധവിക്കുട്ടി. ഒരു ജന്മത്തിൽ പലതായി പകർന്നാടിയ പ്രതിഭയുടെ കനലാട്ടം. മലയാള സാഹിത്യത്തെ ലോകത്തിന്റെ ശ്രദ്ധാ കേന്ദ്രമാക്കിയ ഒരേയൊരു എഴുത്തുകാരി. സ്ത്രീ വിമോചന ആശയങ്ങൾ പാശ്ചാത്യലോകത്ത് തിരനോട്ടം നടത്തുമ്പോൾ, അതിന്റെ വിക്ഷോഭസൗന്ദര്യം മാധവിക്കുട്ടിയിൽ കണ്ട് യൂറോപ്പ് വിസ്മയം കൊണ്ടു. പല നിലപാടുകൾ, പല കൊമ്പിലും മാറിമാറി പാറിയ സ്വാതന്ത്ര്യത്തിന്റെ പതാക. ലോകസാഹിത്യം ഇതുവരെ ദർശിച്ച പെണ്ണെഴുത്തിലെ ഒരേയൊരു സൂര്യനും ഒരേയൊരു ചന്ദ്രനും മാധവിക്കുട്ടി തന്നെ. ഭൗതികമായി ഇല്ലാതായിട്ട് പതിറ്റാണ്ട് കഴിഞ്ഞിട്ടും വായിച്ചു തീരാത്ത മഹാഗ്രന്ഥമായി മലയാളത്തിന്റെ പ്രിയങ്കരിയായി മാധവിക്കുട്ടി നിറയുന്നു.

മാധവിക്കുട്ടിയുടെ സ്മരണാർത്ഥം സമ്പന്നമാണ് ഈ ലക്കത്തിലെ പതിപ്പ്. എഴുത്തുകാരിയുടെ രചനാലോകത്തെ വൈവിധ്യമാർന്ന സമീപനങ്ങളിലൂടെ വിലയിരുത്തുന്നവയാണ് പതിനെട്ടോളം ലേഖനങ്ങൾ. സ്ത്രീ, ചന്ദനമരങ്ങൾ, ചതി എന്നീ കൃതികളെ ആധാരമാക്കിയുള്ള ഡോ.റീജ രവീന്ദ്രന്റെ ലേഖനമാണ് 'വിമതലൈംഗികത മാധവിക്കുട്ടിയുടെ കഥകളിൽ.' സദാചാര രീതിശാസ്ത്രത്തിന്റെ പൊളിച്ചെഴുത്താണ് ഈ കഥകളിലൂടെ മാധവിക്കുട്ടി സാധ്യമാക്കിയതെന്ന് ലേഖിക കണ്ടെത്തുന്നു. 'മാതൃബിംബങ്ങളുടെ പരിണതി മാധവിക്കുട്ടിയുടെ കവിതകളിൽ' എന്ന സിജു ജോസഫിന്റെ ലേഖനത്തിൽ ഏകാന്തതയും ശൂന്യതയും അനുഭവിക്കുന്ന മാതൃത്വബിംബങ്ങളെമാധവി

ക്കുട്ടി മലയാളകവിതയിൽ പ്രതിഷ്ഠിച്ചതായി വിലയിരുത്തുന്നു. സമൂഹത്തിൽ ആണധികാരവ്യവസ്ഥിതിയിൽ രൂപകല്പന ചെയ്ത മൂല്യസങ്കല്പത്തിൽ സ്ത്രീകൾ ശൂന്യവത്കരിക്കപ്പെടുന്നുവെന്ന് ലേഖകൻ സമർത്ഥിക്കുന്നു.

'നാഗരികതയും മാനവികതാവാദവും മാധവിക്കുട്ടിയുടെ രചനകളിൽ' എന്ന വ്യത്യസ്തമായ വിഷയത്തിലൂടെ എഴുത്തുകാരിയുടെ കഥാലോകത്തെ സമീപിക്കുകയാണ് സുഭാഷ് വി.ആർ. മനുഷ്യനിർമ്മിത സാമൂഹികഘടനാ രൂപമായ നഗരത്തിൽ, സത്രീയും അതോടൊപ്പം പുരുഷനും വിധേയമാകുന്ന രൂപാന്തരപ്രക്രിയയുടെ തുറന്നെഴുത്താണ് ഇത്. കടൽമയൂരം, എന്നെന്നും രാധ, രാത്രിയുടെ പദവിന്യാസം, എന്നീ കഥകളിൽ മാധവിക്കുട്ടി ഒളിപ്പിച്ചു വെച്ച ധ്വനിസാന്ദ്രതയുടെ അന്വേഷണമാണ് ഡോ. പി.സൂര്യയുടെ 'ധ്വനിക്കുന്ന മാധവിക്കുട്ടി.'

മാധവിക്കുട്ടിയുടെ ചെറുകഥകളെ ആസ്പദമാക്കി നിർമ്മിച്ച സിനിമകളുടെ വിശകലനാത്മകപഠനമാണ് ഡോ.എസ്.വിനോദിന്റെ 'മഴയിൽ കുതിർന്ന പാവക്കുട്ടികൾ.'രുഗ്മിണി, മഴ എന്നീ സിനിമകളുടെ സൗന്ദര്യാത്മകതലം പരിശോധിക്കുകയാണ് ലേഖകൻ. രോഗങ്ങൾ സാഹിത്യത്തിന് വിഷയമാകാറുണ്ട്. മാധവിക്കുട്ടിയുടെ കഥകളിലെ രോഗാതുരതയെ അവലോകനം ചെയ്യുന്ന ലേഖനമാണ് ഡോ. സൗമ്യ പി.ആറിന്റെ 'ജീർണ്ണശരീരത്തിന്റെ (മനസ്സിന്റേയും) ആവലാതികൾ'. സ്ഥാപനവത്കരിക്കപ്പെട്ട സൗന്ദര്യചിന്തകളെ പിന്തള്ളിക്കൊണ്ട് പുതിയൊരു സൗന്ദര്യ ബോധവും സർഗ്ഗാത്മകതയും മാധവിക്കുട്ടി സ്ഥാപിച്ചതെങ്ങനെയെന്ന് കണ്ടെത്താനുള്ള ശ്രമമാണ് ഡോ. ജസ്സി അലക്സാണ്ടറിന്റെ 'എതിർപ്പിന്റെ പ്രത്യയശാസ്ത്രം' എന്ന ലേഖനം. കുടുംബം എന്ന സാമൂഹ്യ സ്ഥാപനത്തിന്റെ കീഴിൽ പ്രശ്ന

വത്കരിക്കപ്പെടുന്ന സ്ത്രീജീവിതങ്ങളുടെ തുറന്നെഴുത്താണ് ഡയാനാ ടോമിന്റെ 'കുടുംബബന്ധങ്ങളുടെ ആഖ്യാനം മാധവിക്കുട്ടിയുടെ കഥകളിൽ' എന്ന ലേഖനം. നഷ്ടപ്പെട്ട നീലാംബരിയെക്കുറിച്ചുള്ള പഠനമാണ് ഡോ.വന്ദന ബി.യുടെ 'നീലാംബരിയുടെ ഓർമ്മകൾ.'

കെട്ടിയിട്ട കോലാട് എന്ന സമാഹാരത്തിലെ കവിതകളുടെ പഠനമാണ് രജനി ആർ.ആറിന്റെ 'മാധവിക്കുട്ടിയുടെ അന്ത്യകാലകവിതകൾ.'ഹരിത കെ പ്രസാദിന്റെ 'പ്രണയത്തിന്റെ വിഹ്വലതകളും പ്രണയകഥകളും' , ഫെബിന പി.കെ.യുടെ 'പ്രണയത്തിന്റെ ഭ്രമണപഥങ്ങൾ' ഡോ.ഹെലൻ എമ്മിന്റെ 'സ്നേഹാന്വേഷണം മാധവിക്കുട്ടിയുടെ കഥകളിൽ' എന്നീ ലേഖനങ്ങൾ മാധവിക്കുട്ടിയുടെ കൃതികളിലെ പ്രണയലോകത്തെ വ്യത്യസ്തരീതിയിൽ സമീപിക്കുന്നവയാണ്. ഡോ.ആശാ മത്തായിയുടെ 'മാധവിക്കുട്ടിയുടെ കഥകളിലെ സമീപനവൈരുദ്ധ്യങ്ങൾ,' അയ്യപ്പദാസിന്റെ 'ഗർജ്ജിക്കുന്ന ഇരുട്ട് മാധവിക്കുട്ടിയുടെ കഥാലോകം', ഷൈനു ഏബ്രഹാമിന്റെ 'പ്രകൃതിബിംബങ്ങളുടെ സമൃദ്ധി മാധവിക്കുട്ടിയുടെ കവിതകളിൽ' ഡോ.ലിജാ അരവിന്ദന്റെ 'നിറസങ്കല്പം മാധവിക്കുട്ടിയുടെ കഥകളിൽ' എന്നീ ലേഖനങ്ങൾ മൗലികമായ കണ്ടെത്തലുകൾ നടത്തുന്നുണ്ട്.

സ്നേഹം കൊണ്ട് ഭാഷ നിർമ്മിച്ച മാധവിക്കുട്ടിയെക്കുറിച്ചുള്ള ഈ പതിപ്പിൽ ലേഖനങ്ങൾ നൽകി സഹായിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തി ഈ ലക്കത്തിലെ തുടി സമർപ്പിക്കുന്നു.

നീലേശ്വരം, ഇഷ്യൂ എഡിറ്റർ

2021 സെപ്തംബർ ഡോ.ലിജാ അരവിന്ദ്

**THUDI**
Research Journal
Vol-9 April-June 2021 No.2

Published Four times a year by
Head of the Dept.of Malayalam
Kannur University

**Cover & Layout & Pre Press**
Chethana Offset, Kanhangad

**Printed at**
Manipal Technology Limited, Manipal

**Address for Correspondence**
Associate Professor and Head,
Dept.of Malayalam, Kannur University
Dr.P.K. Rajan Memorial Campus, Nileshwaram
Kasaragod, Kerala -671314

# തുടി

## റിസർച്ച് ജേർണൽ

2021 ഏപ്രിൽ - ജൂൺ വാല്യം-9, ലക്കം-2


**ഉള്ളടക്കം**


1. **വിമതലൈംഗികത മാധവിക്കുട്ടിയുടെ കഥകളിൽ** **11**
   *ഡോ.റീജാ രവീന്ദ്രൻ*

2. **മാതൃബിംബങ്ങളുടെ പരിണതി**
   **മാധവിക്കുട്ടിയുടെ കവിതകളിൽ** **26**
   *സിജു ജോസഫ്*

3. **നാഗരികതയും മാനവികതാവാദവും**
   **മാധവിക്കുട്ടിയുടെ രചനകളിൽ** **45**
   *സുഭാഷ് വി.ആർ.*

4. **സ്വാതന്ത്ര്യബോധത്തിന്റെ നിനവും നിറവും** **63**
   *ഡോ.സി.സിന്ധു സെബാസ്റ്റ്യൻ*

5. **ധ്വനിക്കുന്ന മാധവിക്കുട്ടി** **75**
   *ഡോ.പി.സൂര്യ*

6. **മഴയിൽ കുതിർന്ന പാവക്കുട്ടികൾ** **91**
   *ഡോ.എസ്.വിനോദ്*

7. **ജീർണ്ണശരീരത്തിന്റെ (മനസ്സിന്റെയും)ആവലാതികൾ** **108**
   *ഡോ.സൗമ്യ പി.ആർ.*

8. **എതിർപ്പിന്റെ പ്രത്യയശാസ്ത്രം** 133
*ഡോ.ജെസ്സി അലക്സാണ്ടർ*

9. **കുടുംബബന്ധങ്ങളുടെ ആഖ്യാനം മാധവിക്കുട്ടിയുടെ കഥകളിൽ** 149
*ഡയാന ടോം*

10. **നീലാംബരിയുടെ ഓർമ്മകൾ** 163
*ഡോ.വന്ദന ബി.*

11. **മാധവിക്കുട്ടിയുടെ അന്ത്യകാല കവിതകൾ** 179
*രജനി ആർ.ആർ.*

12. **പ്രണയത്തിന്റെ വിഹ്വലതകളും പ്രണയകഥകളും** 196
*ഹരിത കെ. പ്രസാദ്*

13. **പ്രണയത്തിന്റെ ഭ്രമണപഥങ്ങൾ** 215
*ഫെബിന പി.കെ.*

14. **സ്നേഹാന്വേഷണം മാധവിക്കുട്ടിയുടെ കഥകളിൽ** 226
*ഡോ.ഹെലൻ എം.*

15. **മാധവിക്കുട്ടിയുടെ കഥകളിലെ സമീപന വൈരുദ്ധ്യങ്ങൾ** 245
*ഡോ. ആശാമത്തായി*

16. **ഗർജ്ജിക്കുന്ന ഒരു ഇരുട്ട്–* മാധവിക്കുട്ടിയുടെ കഥാലോകം** 258
*അയ്യപ്പദാസ് മാവേലിക്കര*

17. **പ്രകൃതിബിംബങ്ങളുടെ സമൃദ്ധി മാധവിക്കുട്ടിക്കവിതകളിൽ** 272
*ഷൈനു ഏബ്രഹാം*

18. **നിറസങ്കല്പം മാധവിക്കുട്ടിയുടെ കഥകളിൽ** 286
*ഡോ.ലിജാ അരവിന്ദ്*

# വിമതലൈംഗികത മാധവിക്കുട്ടിയുടെ കഥകളിൽ

**ഡോ.റീജാ രവീന്ദ്രൻ**

'ഞാൻ അവളുമായി അദ്ദേഹത്തെ താരതമ്യപ്പെടുത്തിക്കൊണ്ടേയിരുന്നു. ബിയറും ഉള്ളിയും സിഗററ്റും മണക്കുന്ന അയാളുടെ വായുമായി കറുകപ്പുല്ലുകളുടെ മണമുള്ള അവളുടെ വായിനെ ഞാൻ താരതമ്യപ്പെടുത്തിയപ്പോൾ അയാൾ പരാജയപ്പെട്ടു. തനിക്ക് സുഖിക്കണമെന്ന ഉദ്ദേശ്യത്തോടെ അവൾ തടവിയതും വിരലുകളാൽ മർദ്ദിച്ചതും ചുണ്ടുകളാൽ പ്രീതിപ്പെടുത്തിയതും എത്ര ശ്രമിച്ചിട്ടും മറക്കുവാൻ കഴിഞ്ഞില്ല' (മാധവിക്കുട്ടി,2009:158).

വിമതരതിയുടെ ശക്തമായ ആവിഷ്കാരം ഏറ്റവും പ്രണയാർദ്രമായി ചിത്രീകരിക്കാൻ മാധവികുട്ടിക്കേ കഴിയൂ. ലെസ്ബിയൻ രതിയുടെ സ്വതന്ത്രാവിഷ്കാരം, അതൊരു പ്രസ്ഥാനമായി മലയാള സാഹിത്യലോകത്ത് ചർച്ച ചെയ്തു തുടങ്ങും മുമ്പേ തന്റെ കൃതികളിൽ കോറിയിടാൻ മാധവിക്കുട്ടിക്കായി എന്ന് 'സത്രീയും' 'ചന്ദനമരങ്ങളും' തെളിയിക്കുന്നു. സ്വയംഭോഗവും വിമതരതിയും ഉഭയരതിയുമെല്ലാം സന്ദർഭങ്ങൾക്കനുയോജ്യമായി ബിംബവത്കരിക്കാനോ തുറന്നെഴുതാനോ മാധവിക്കുട്ടി കാണിച്ച ധൈര്യമാണ് തുടർന്നിങ്ങോട്ടുള്ള എഴുത്തുകാരികളുടെ ആത്മപ്രകാശനത്തിന് വഴിവെച്ചത്.

**'ഒരു സ്ത്രീക്ക് മറ്റൊരു സ്ത്രീയെ സ്നേഹിച്ചുകൂടെന്നുണ്ടോ'**

1947 ൽ മാധവിക്കുട്ടി രചിച്ച ചെറുകഥയാണ് 'സ്ത്രീ'. ബി.എ. വിദ്യാർത്ഥിനികളായ പ്രസന്നയുടെയും രമയുടെയും അസാധാരണ സ്നേഹബന്ധത്തിന്റെ കഥ പറയുന്ന 'സ്ത്രീ'യിൽ ഇവരുടെ

സ്നേഹോഷ്മളതയുടെ തീവ്രതയറിയാതെ, സുഹൃത്തായ രവീന്ദ്രൻ എന്ന ചിത്രകാരൻ പ്രസന്നയുമായുള്ള വിവാഹം നിശ്ചയിക്കുന്നു. പ്രസന്നയുമായി അടുക്കുമ്പോഴെല്ലാം, രമയുടെ ജ്വലിക്കുന്ന കണ്ണുകൾ രവീന്ദ്രനെ പിന്തുടരുന്നു. "ഞാനിവളെ സ്നേഹിച്ചു. രാവും പകലും അവൾക്കു വേണ്ടി ഉറക്കമൊഴിച്ചു. അവളുടെ സുഖത്തിനുവേണ്ടി എന്റെ സുഖങ്ങൾ ബലികഴിച്ചു. ഞാനൊരു സ്ത്രീയായിരിക്കാം പക്ഷേ സഹോദരാ, ഒരു സ്ത്രീ മറ്റൊരു സ്ത്രീയെ സ്നേഹിച്ചുകൂടെന്നുണ്ടോ" എന്ന രമയുടെ ചോദ്യത്തിനു മുന്നിൽ രവീന്ദ്രൻ പതറിപ്പോകുന്നു. വിവാഹത്തിൽ നിന്ന് അയാൾ പിന്മാറിയെങ്കിലും വിഷജ്വരം ബാധിച്ച് പ്രസന്ന മരണമടയുന്നു, ആ ദുഃഖം താങ്ങാനാകാതെ രമയാകട്ടെ ഗംഗാനദിയിൽ ചാടി ആത്മഹത്യചെയ്യുന്നു. ലെസ്ബിയൻ ബന്ധങ്ങളിലെ ചരിത്രവും രാഷ്ട്രീയവുമൊക്കെ സിദ്ധാന്തവത്ക്കരിക്കുന്നതിനു എത്രയോ മുമ്പ് രചിക്കപ്പെട്ട ഈ കഥയിൽ സ്ത്രീയോടു തോന്നുന്ന രതിയുടെ ഗാഢതയും നിഗൂഢതയും വരച്ചിടുകയായിരുന്നു മാധവിക്കുട്ടി.

**അവരോട് എനിക്കു തോന്നുന്ന സ്നേഹം പ്രകൃതിവിരുദ്ധമാണോ?**

കല്യാണിക്കുട്ടിയുടെയും ഷീലയുടെയും രതിബന്ധത്തിന്റെ ആഖ്യാനമാണ് 'ചന്ദനമരങ്ങൾ'. രത്യുന്മാദത്തിന്റെ വിഭിന്നതലങ്ങൾ പരസ്പരം അറിഞ്ഞവർക്ക് അവരുടെ വിവാഹബന്ധങ്ങൾ സുഖകരമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നില്ല. 'സ്ത്രീ'യിൽ സൂചനകളായി മാത്രം വന്നു പോകുന്ന വിമതലൈംഗികത 'ചന്ദനമരങ്ങളി'ൽ പൂത്തുലയുകയാണ്. കുളത്തിൽ നീന്തിക്കളിക്കുന്ന ഷീലയുടെ അരക്കെട്ടും മാറിടവുമാകെ കല്യാണിക്കുട്ടിയുടെ ഇമവെട്ടാത്ത നോട്ടത്തിൽ വിറങ്ങലിക്കുന്നു. കുളപ്പുരയുടെ ചാണകം മെഴുകിയ നിലത്തേയ്ക്ക് മെല്ലെ വീഴ്ത്തിയ ഷീലയുടെ ശരീരത്തെ കോരിത്തരിപ്പി

ച്ചുകൊണ്ട് കല്യാണിക്കുട്ടി നോവുന്ന ചുംബനങ്ങളാൽ അവളെ പൊതിഞ്ഞു. ലജ്ജയാലും അപമാനഭാരത്താലും കണ്ണുകളടച്ച ഷീല പക്ഷേ യുഗങ്ങളോളം അവളുടെ തുടിക്കുന്ന കൈകാലുകളുടെ അടിമയായി മാറുകയായിരുന്നു. പരസ്പരം വായുടെ നനവും സ്വാദുമറിഞ്ഞ്, ശരീങ്ങളുടെ മാർദ്ദവകാഠിന്യങ്ങളറിഞ്ഞ് സഹവർത്തികളായി മാറി. വിവാഹിതയായെങ്കിലും ഭർത്താവിനെ വെറുക്കുന്ന ഷീല പലപ്പോഴും അയാളുടെ ഉള്ളിയുടെയും സിഗററ്റിന്റെയും മണമുള്ള വായ കല്യാണിക്കുട്ടിയുടെ വായുമായി താരതമ്യപ്പെടുത്താറുണ്ട്. കല്യാണിക്കുട്ടിയും വിവാഹിതയായെങ്കിലും ഭർത്താവായ സുധാകരന്റെ കുഞ്ഞിനെ പ്രസവിക്കാനാവില്ലെന്നു തീർത്തു പറയുമ്പോൾ ഷീലയുടെ കണ്ണിൽ അവൾ ദുഷ്ടയായി മാറുന്നു. 'നിന്റെ കുട്ടിയെ മാത്രമേ എനിക്കു പ്രസവിക്കാൻ ആഗ്രഹമുള്ളൂ. അവൾ ഗദ്ഗദത്തോടെ പറയുന്നു.' ഒടുവിൽ വിവാഹമോചിതയായി ആസ്ത്രേലിയയിലേക്കു പോകുമ്പോഴും 'വരൂ ഷീലാ ഞാൻ നിന്നെ സംരക്ഷിക്കാം എന്റെ മരണംവരെ നീ എന്റെ ജീവനായിരിക്കും' എന്ന് പറഞ്ഞ് ഷീലയെ കല്യാണിക്കുട്ടി ജീവിതത്തിലേക്ക് ക്ഷണിക്കുകയാണ്. 'അസംബന്ധ'മെന്ന് പറഞ്ഞ് ഈ ക്ഷണത്തെ ഷീല തള്ളിക്കളയുന്നുവെങ്കിലും കല്യാണിക്കുട്ടിക്കു വേണ്ടി അവളുടെ മനസ്സ് ദാഹിക്കുന്നു. 'ഒരു കൊടുങ്കാറ്റു കഴിഞ്ഞതിനുശേഷം അറച്ചറച്ചു വന്നെത്തുന്ന വെറും ചാറ്റൽമഴയായിരുന്നു ഞാൻ' എന്ന് ഷീലയുടെ ഭർത്താവ് നിരാശപ്പെടുമ്പോഴും അവളില്ലാതെ 'ഓ എന്റെ ഓമനേ, ഞാനിനിയെങ്ങനെ ജീവിക്കും' എന്നു മന്ത്രിച്ചുകൊണ്ട് ഷീലയുടെ മനസ്സ് തേങ്ങുന്നു.

മനുഷ്യന്റെ അടിസ്ഥാന ചോദനകളിൽ ഒന്നാണ് രതി. പൂർണമായും അതാസ്വദിക്കാനും ആസ്വദിപ്പിക്കാനുമാണ് അവൻ (ൾ) ശ്രമിക്കുന്നത്. എന്നാൽ ആസ്വദിക്കപ്പെടാതെ പോകുന്ന രതിയുടെ

വ്യത്യസ്ത തലങ്ങൾ മാധവിക്കുട്ടിയുടെ കഥകളിൽ കാണാം. ഭാര്യയെ ഒന്നുണർത്താൻ പോലുമാകാത്ത ഷണ്ഢത്വങ്ങൾ പലപ്പോഴും വികാരപ്രകടനങ്ങൾ നടത്തി തളർന്നു പോകുന്ന കാഴ്ച അവർ കഥകളിൽ യഥേഷ്ടം ആവിഷ്ക്കരിച്ചിട്ടുണ്ട്. “അദ്ദേഹം തന്റെ കൗപീനവുമഴിച്ച് ചീഞ്ഞപാവയ്ക്കയുടെ രൂപത്തിലുള്ള പൗരുഷചിഹ്നം ഒരു പെൻഡുലം പോലെ മെല്ലെയിളകുമാറ് എന്റെ മുറിയിൽ ഉലാത്തിയപ്പോൾ എനിക്കു പലപ്പോഴും ഛർദ്ദിക്കുവാൻ തോന്നി’ എന്ന ഷീലയുടെ വാക്കുകളിൽ തന്നെ ഇതു തെളിയുന്നു. ഷീലയും കല്യാണിക്കുട്ടിയും വിവാഹിതരെങ്കിലും വ്യത്യസ്ത ജീവിതാനുഭവങ്ങളിലൂടെ കടന്നുപോകുന്നവരാണ്. സാമൂഹികാംഗീകാരത്തിനു വേണ്ടി ഉത്തമകുടുംബിനിയെന്ന് ലോകം അംഗീകരിക്കുന്നതിനുവേണ്ടി തന്നെക്കാൾ ഇരുപതുവയസ്സെങ്കിലും കൂടുതലുള്ള ഭർത്താവിനൊപ്പം മരണം വരെ പരസ്പരം വെറുത്തും സ്നേഹാഭിനയം നടത്തിയും ജീവിക്കുന്ന ഷീല. ‘വേരിക്കോസ് ഞരമ്പുകൾ പ്ലാവിന്റെ വേരുകൾ പോലെ വീർത്തും കെട്ടപിണഞ്ഞും കാണപ്പെടുന്ന ഒരു പടുവൃദ്ധന്റെ ആശ്ലേഷത്തിലമരാൻ’ അവൾക്ക് അശേഷം താത്പര്യമില്ല. അവൾക്ക് വേണ്ടത് കല്യാണിക്കുട്ടിയെ ആണ്. സമൂഹത്തിന്റെ മുമ്പിൽ ആദർശദാമ്പത്യം നയിക്കുന്ന ഷീല ഉച്ഛിഷ്ടം ഭക്ഷിക്കുന്നതുപോലെ ഭാര്യാധർമ്മം അനുഷ്ഠിച്ചു പോന്നു.

കല്യാണിക്കുട്ടിയാവട്ടെ, തനിക്ക് ആവശ്യമുള്ളവരിൽ നിന്ന് രതി ആസ്വദിക്കണമെന്നും ഇണയ്ക്ക് പരമാവധി സുഖം നൽകണമെന്നും ജീവിതം ആസ്വദിക്കണമെന്നും തീർച്ചപ്പെടുത്തിയവളാണ്. അവൾക്ക് പുരുഷന്മാരോട് വെറുപ്പില്ല. അവളുടെ ഭർത്താവ് സുധാകരൻ യുവാവും പൗരുഷമുള്ളവനും ആയിരുന്നെങ്കിലും മാന്യരുടെ സദസ്സിൽ പെരുമാറ്റത്തിന്റെ ഉത്തമനിയമങ്ങൾ പാലിക്കാത്തവനായിരുന്നു.

'എടീ', 'പെണ്ണേ', 'തേവിടിശ്ശീ' എന്നൊക്കെ ഭാര്യയെ സംബോധന ചെയ്യുന്നതിൽ ആത്മസംതൃപ്തി കണ്ടെത്തുന്ന അയാൾ അപകർഷ താബോധത്തിന്റെ ആൾരൂപം തന്നെ. ഇണയ്ക്ക് ബഹുമാനം കല്പി ക്കാത്ത ഭർത്താവിനെ ഉപേക്ഷിച്ചു പോകുന്ന കല്യാണി പൊരുത്ത പ്പെടാത്ത എന്തിനെയും തള്ളിക്കളയുന്ന പ്രകൃതക്കാരിയാണ്. എല്ലാം ഉപേക്ഷിച്ച് ഓസ്ട്രേലിയയിലേക്കു പോയെങ്കിലും അവളുടെ രണ്ടാം വരവ് സൃഷ്ടിക്കുന്ന സ്ഫോടനങ്ങൾ ചെറുതൊന്നുമല്ല. തിരിച്ചുവര വിൽ സുധാകരനെ വീണ്ടും കാണാൻ താത്പര്യം പ്രകടിപ്പിക്കുന്ന കല്യാണിക്കുട്ടിക്ക് വേണ്ട സഹായങ്ങൾ ഷീല ചെയ്തു കൊടുക്കു ന്നു. ദാഹാർത്തമായ കണ്ണുകളോടെ പരസ്പരം നോക്കുന്ന അവരെ തോട്ടത്തിൽ വിട്ടുകൊണ്ട് കല്യാണിക്കുട്ടി ഒഴിഞ്ഞുമാറുന്നു. സുധാക രന്റെ രണ്ടാം ഭാര്യയും ഡോ. ഷീലയുടെ പേഷ്യന്റുമായ മിസിസ് സുധാ കരൻ തന്റെ മകൾ അമ്മിണിയും കല്യാണിക്കുട്ടിയുമായുള്ള ബന്ധത്തെക്കുറിച്ച് പറയുകയും ഭർത്താവിനെയും മകളെയും വശീക രിച്ച് കല്യാണിക്കുട്ടി ഓസ്ട്രേലിയയ്ക്ക് കൊണ്ടുപോവുമെന്ന് ഭയപ്പെ ടുകയും ചെയ്യുന്നു. അമ്മിണിക്ക് ശരിതെറ്റുകൾ അറിയാത്ത പ്രായമാ ണിതെന്ന് അവർ ഓർമ്മിപ്പിക്കുന്നു. അമ്മിണിയില്ലാത്ത വ്യസനത്താൽ താൻ മരിച്ചുപോകുമെന്നും ആ സ്ത്രീ ഡോ. ഷീലയോട് പറയുന്നു. ഇതറിഞ്ഞ കല്യാണിക്കുട്ടി 'അമ്മിണിയെ വിവാഹം ചെയ്തു വിട്ടാൽ അവളുടെ അമ്മ എന്തു ചെയ്യും? വിവാഹത്തിലും സുദൃഢമാവും ഞാനും അവളും തമ്മിലുള്ള ബന്ധം' എന്നു പറയുമ്പോൾ ഷീല തിരിച്ചറിയാൻ തുടങ്ങുകയായിരുന്നു കല്യാണിക്കുട്ടിയുടെ ലോക ത്തിൽ താനിനിയില്ലായെന്ന്. 'ഒരിക്കൽ നീ എന്നെ വേദനിപ്പിച്ചിരു ന്നു. തുടർച്ചയായി വേദനിപ്പിച്ചു. ഇനി ആ കളികളിക്കുവാൻ എന്റെ ഊഴമായി ഷീലാ' എന്ന് കല്യാണിക്കുട്ടി പറയുമ്പോഴും അവളോടുള്ള

തന്റെ ഭർത്താവിന്റെ പ്രേമപ്രകടനങ്ങൾ അറിയുമ്പോഴും കല്യാണി ക്കുട്ടിക്ക് ലഭിച്ചത് സ്വാതന്ത്ര്യമാണ്. വർഷങ്ങളുടെ മാനസിക സംഘർഷ ങ്ങളിൽ നിന്നും അപരാധബോധങ്ങളിൽനിന്നും സ്വതന്ത്രയായി, കല്യാ ണിക്കുട്ടിയുടെ കാന്തവലയത്തിൽ നിന്ന് പുറത്തായതായി ഷീലയ്ക്ക് തോന്നി.

ഒരു സ്ത്രീയ്ക്ക് സ്ത്രീയോട് തോന്നുന്ന സ്നേഹം പ്രകൃതി വിരുദ്ധമാണോ? പരസ്പരം ആകർഷിക്കപ്പെടുന്ന രണ്ടു ശരീരങ്ങ ളുടെയും മനസ്സുകളുടെയും ആഘോഷമായി മാറുന്നു ഇതിലെ രതി കല്പനകൾ. ഷീല കാമനകളുടെ പൂർത്തീകരണത്തിനായി മാത്രം കല്യാണിക്കുട്ടിയെ തേടുകയാണ്. എന്നാൽ കല്യാണിക്കുട്ടി ഷീലയെ ആയിരുന്നു ആഗ്രഹിച്ചിരുന്നത്. അമ്മിണിയിലും അവൾ തേടിയിരു ന്നത് ഷീലയെത്തെന്നെ. വിമതരതി പാപമോ നിഷിദ്ധമോ ആയി കാണാൻ മാധവിക്കുട്ടി താത്പര്യം പ്രകടിപ്പിക്കുന്നില്ല. ദാമ്പത്യബന്ധ ത്തിൽ രണ്ടുപേരുടേയും ജീവിതം അസംതൃപ്തമാകുമ്പോൾ പ്രസ ക്തമായിത്തീരുന്ന സ്വവർഗ്ഗപ്രണയം എങ്ങനെ പ്രകൃതിവിരുദ്ധമാകും എന്ന ചിന്ത വായനക്കാരിൽ അവശേഷിപ്പിക്കുന്നു. എന്നാൽ സ്ത്രീപു രുഷബന്ധങ്ങളിൽ നിർമ്മിതമാകുന്ന അധികാരമേൽക്കോയ്മകളുടെ വിവിധ തലങ്ങൾ മാധവിക്കുട്ടി ഈ ചെറുകഥയിൽ അവതരിപ്പിക്കു ന്നുണ്ട്. കല്യാണിക്കുട്ടിക്ക് ഷീലയോട് തോന്നുന്ന അഭിനിവേശത്തിന്റെ മൂലകാരണം എഴുത്തുകാരി പറയാതെ പറയുന്നുണ്ട്. വാസ്തവത്തിൽ ബാല്യകാലങ്ങളിൽ അനുഭവിക്കുന്ന ഒറ്റപ്പെടലിന്റെയും നിരാസത്തി ന്റെയും അപകർഷതാബോധത്തിന്റെയും ബഹിർഗമനങ്ങൾ സ്വ വർഗ്ഗബന്ധത്തിൽ കലാശിച്ചതാകാം. 'കലാബോധമുള്ള ധനികയോട് തോന്നുന്ന അസൂയ'യാണെന്ന കല്യാണിക്കുട്ടിയുടെ വാക്കുകൾ തുട രുന്നു. 'നിന്നോട് എനിക്ക് എന്നും അസൂയ മാത്രമേ തോന്നിയിട്ടു

ള്ളൂ. ഇരുപതു വയസ്സ് കൂടുതലുള്ള ഒരാളെ നീ ഭർത്താവായി സ്വീകരിച്ചപ്പോഴും ഞാൻ അസൂയപ്പെട്ടു....നിന്റെ ഭർത്താവ് തന്റെ നീല ഡ്രെസിങ് ഗൗണും ധരിച്ച് പുറത്തെ വരാന്തയിൽ ഇരുന്ന് വർത്തമാനപ്പത്രങ്ങൾ വായിക്കുമ്പോൾ ഞാൻ നിന്റെ ഭാഗ്യത്തെ ഓർത്ത് അസൂയപ്പെട്ടിട്ടുണ്ട്." ഇത്തരം അസൂയകളാണ് ഷീലയുടെ മേലുള്ള അധികാരവാഞ്ഛയായി കല്യാണിക്കുട്ടിയെ പരുവപ്പെടുത്തിയത്. പിതൃ അധികാരകേന്ദ്രത്തിൽ നിന്നുള്ള നിരാകരണം, സാമ്പത്തിക ശ്രേണിയിലെ താഴ്ച എന്നിവ കല്യാണിക്കുട്ടിയിൽ സൃഷ്ടിച്ച അപകർഷതാബോധം സമൂഹത്തിന്റെ ഉന്നതശ്രേണിയിൽ നിൽക്കുന്ന ഷീലയുടെ മേലുള്ള ആധിപത്യവാസനയായിമാറുന്നു.

**പെണ്ണ് പെണ്ണിനെ അറിയുമ്പോൾ**

കെ.എൽ മോഹനവർമ്മയും മാധവിക്കുട്ടിയും ചേർന്നു രചിച്ച 'അമാവാസി' എന്ന നോവലിൽ പെണ്ണ് പെണ്ണിനെ അറിയുന്ന ധാരാളം സന്ദർഭങ്ങൾ കടന്നുവരുന്നു. ജയിൽ മേധാവികളായ മോണിക്കാ ബിശ്വാസും നീപ്പാ ഗാംഗുലിയുമാണ് ഇത്തരം സാഹചര്യങ്ങളിലൂടെ ചരിക്കുന്നവർ. 'വട്ടമുഖവും തിളക്കമാർന്ന കണ്ണുകളും വീതിയുള്ള നെറ്റിക്കു മുകളിൽ നരയുടെ ആദ്യത്തെ തിളക്കവുമായി തല ഉയർത്തി നിൽക്കുന്ന ഗാംഭീര്യം. അൻപതു വയസുകാണും. വിടർന്ന മൂക്കിന്റെ അഗ്രത്തിൽ നിന്ന് തെന്നി താഴേക്ക് വീണു ഘനീഭവിച്ച മട്ടാണ് ചുണ്ടിലെ ഗൗരവം. ഗൗരവത്തിന് കനം കൂട്ടുന്ന ഇളംപച്ചയുടെ ഒളിമിന്നൽ. സ്ത്രീകളിൽ ഇത്ര മീശ അപൂർവ്വമായേ കണ്ടിട്ടുള്ളൂ. വിട്ടുവീഴ്ചയില്ലാത്ത ഡിസിപ്ലിൻ', അത് മോണിക്കാ ബിശ്വാസിന്റെ രീതിയാണ്.

നീപ്പാ ഗാംഗുലി കാക്കിയൂണിഫോമിലും സ്ത്രൈണത നിലനിർത്തുന്നു. 'വെളുത്ത് അല്പം തടിയുള്ള ശരീരത്തിന് കാക്കി

യൂണിഫോം നന്നായി യോജിക്കുന്നു. കടുകെണ്ണ തേച്ച് ബലിഷ്ഠമായ കൈകൾ. നെറ്റിയുടെ ഒത്ത നടുക്ക് വലിയ പൊട്ട്. മുപ്പതിലേറെ വയസ്സ് തോന്നിക്കില്ല. വെളുത്ത് സുന്ദരമായ പല്ലുകൾ, ആ ചിരിക്ക് വല്ലാത്ത ആകർഷണീയതയുണ്ടായിരുന്നു.'

മടുപ്പും ഭീതിയുമുണർത്തുന്ന ജയിൽ അന്തരീക്ഷത്തിൽ ഒര മാവാസി നാളിൽ മോണിക്കയുടെ വീട്ടിൽ അതിഥിയായി എത്തുന്നു. നീപ്പ രാത്രിയുടെ അന്ത്യയാമത്തിൽ അവളെ പ്രാപിക്കുന്ന മോണിക്കയുടെ മുന്നിൽ ഒരു കുഞ്ഞിനെപ്പോലെ വിധേയയായി അവൾ ചുരുണ്ടു കിടന്നു. 'തന്റെ പുറവും തുടകളും തലോടുന്ന കൈകളോട് പ്രതിഷേധിക്കാതെ ഉത്ക്കടമായ ആനന്ദത്തോടെ, ഒരു തേങ്ങലോടെ, ദീർഘനിശ്വാസത്തോടെ നിദ്രയിലാണ്ടു പോവുകയായിരുന്നു നീപ്പ. 'ദൈവികമായ ഈ പ്രണയം' ആഴ്ചകളും മാസങ്ങളും വർഷങ്ങളും തുടർന്നു. ഇവർ തമ്മിലുള്ള ലൈംഗികബന്ധം ജയിലിൽ പരസ്യമായ രഹസ്യമാണ്. പക്ഷേ നിത്യനെന്ന യുവ ഡോക്ടറെ പരിചയപ്പെട്ടതിനുശേഷം മോണിക്ക ബിശ്വാസിനോട് നീപ്പയ്ക്ക് മടുപ്പ് തോന്നിത്തുടങ്ങി. ഇതിനിടെ ചമേലി എന്ന തടവുകാരിയുമായി മോണിക്ക അടുക്കുന്നു. കൊള്ളക്കാരിയായ ചമേലി 'കാക്കി പാന്റ്സും കാക്കിഷർട്ടും ബെൽറ്റും തോൽവാറുമൊക്കെ ധരിച്ച് ബഡ്റൂമിലെ ആൾവലിപ്പമുള്ള കണ്ണാടിയിൽ നോക്കി മുടി ഒരുക്കിക്കൊണ്ടു നിന്നപ്പോഴാണ് പുരുഷന്മാരുടെ കണ്ണുകളിൽ മാത്രം കണ്ടിട്ടുള്ള ആർത്തി മോണിക്കയുടെ കണ്ണുകളിൽ കാണുന്നത്' ചമേലിയാകട്ടെ മോണിക്കയുടെ ആർത്തിയെ അനുകൂലശക്തിയാക്കി വളർത്തിയെടുക്കുന്നു. ലിപ്സ്റ്റിക്ക് പുരട്ടിക്കൊണ്ടിരിക്കുന്ന ചമേലിയുടെ തോളിൽ കയ്യമർത്തി ചുണ്ടുകൾ ചെവിയിലേക്കടുപ്പിച്ച് 'എനിക്ക് പുരുഷന്മാരെ ഇഷ്ടമല്ല ചാമീ, അവർക്ക് സ്നേഹിക്കാനറിഞ്ഞുകൂടാ, ദെ ആർ നോട്ട് നോർമൽ' എന്നു മന്ത്രിക്കുന്നു.

മോണിക്കയുടെ ബംഗ്ലാവിൽ നിന്ന് അന്ന് ഏറെ നേരം കഴിഞ്ഞാണ് ചമേലി പുറത്തുവന്നത്. തുടർന്ന് ചമേലി മോണിക്കയുടെ മേൽ ആധിപത്യം സ്ഥാപിച്ചെടുക്കുന്നു. പലപ്പോഴും ചമേലിയുടെ സ്വാതന്ത്ര്യത്തിന് കടിഞ്ഞാണിടണമെന്ന് മോണിക്ക ആഗ്രഹിക്കുന്നുണ്ടെങ്കിലും നീപ്പ അറിയുമോ എന്ന ഭയത്താൽ പലതും അംഗീകരിക്കേണ്ടി വരുന്നു.

നീപ്പ ഗാംഗുലി ബൈസെക്ഷ്വൽ ആണ്. രതികാമനകൾ പൂർത്തീകരിക്കാനൊരിടം എന്ന നിലയിൽ മാത്രമേ അവൾ മോണിക്കയെ അംഗീകരിക്കുന്നുള്ളൂ. രതിസുഖത്തോടൊപ്പം ലഭിക്കുന്ന ആനുകൂല്യങ്ങൾ പരമാവധി ഉപയോഗിക്കുകയാണ് നീപ്പ. വിമതലൈംഗികതയോട് ആസക്തി അവൾക്കില്ല. എന്നാൽ മോണിക്ക തികച്ചും ലെസ്ബിയൻ ആണെന്ന് അവരുടെ ചെയ്തികളും സംഭാഷണവും തെളിയിക്കുന്നു. 'സ്നേഹിക്കാനറിഞ്ഞുകൂടാത്ത പുരുഷന്മാർ നോർമൽ അല്ല എന്നാണ് മോണിക്കയുടെ വാദം'. അതിനാൽ പുരുഷന്മാരെ ഇഷ്ടമല്ലാത്ത അവൾ വിമതരതിയിൽ സുഖം തേടുന്നവളാണ്. ശാരീരികമായ ആവശ്യം നിറവേറ്റാനുള്ള ഉപാധിയായി വിമതരതിയെ മോണിക്ക ഉപയോഗിക്കുന്നു.

**പെണ്ണുങ്ങൾക്ക് പെണ്ണുങ്ങളോട് സ്നേഹമോ ?**

'ചതി' എന്ന ചെറുകഥ പ്രമേയപരമായി ലെസ്ബിയൻ ബന്ധം ആവിഷ്ക്കരിക്കുന്നില്ലെങ്കിലും ലേഡിഡോക്ടറോട് നഴ്സിനു തോന്നുന്ന ആരാധനയിൽ സ്വവർഗ്ഗാനുരാഗത്തിന്റെ സ്പർശം കലർത്തിയാണ് മാധവിക്കുട്ടി അവതരിപ്പിച്ചിരിക്കുന്നത്. ഡോക്ററുടെ സാമീപ്യം അവളുടെ  കവിളുകളെ അരുണിമയാക്കുന്നു. 'താനൊരു സാധാരണ സ്ത്രീയല്ല എന്നും താനൊരു സ്ത്രീയെയാണ് സ്നേഹിക്കുന്നതെന്നും' അവൾ കുറ്റബോധത്തോടെ ഓർക്കുന്നു. അവൾക്ക് ഡോക്ടറോട് തോന്നുന്ന താൽപര്യം തന്റെ കൂട്ടുകാരിയോട് തുറന്നു

പറയുമ്പോൾ പൊട്ടിച്ചിരിച്ചുകൊണ്ടവൾ ചോദിക്കുന്ന ചോദ്യം 'ഇതെന്തു സ്നേഹമാണ് ? പെണ്ണുങ്ങൾക്ക് പെണ്ണുങ്ങളോട് സ്നേഹമോ? ഇത്തരം വിഡ്ഢിത്തങ്ങൾക്ക് കാതുകൊടുക്കാൻ കൂട്ടുകാരിക്ക് വല്യ താൽപര്യമില്ല. 'അല്ല ലീലേ, ഇതു സത്യമാണ് എനിക്ക് അവരെ എപ്പോഴും കണ്ടുകൊണ്ടിരിക്കുവാനാണ് മോഹം. എനിക്ക് അവരെ.... തൊടാനും ഉമ്മവയ്ക്കാനും മറ്റും മോഹമുണ്ട് എന്നു പറയുവാൻ അവൾ മടിച്ചു. അതുകൊണ്ട് അവൾ പറഞ്ഞു. എപ്പോഴും കാണണം'

ഇവിടെ ലൈംഗികചോദനകളുടെ പൂർത്തീകരണം ആവിഷ്കരിക്കുന്നില്ലെങ്കിലും നഴ്സിന്റെ ഉള്ളിലെ കാമനകളുടെ പ്രകാശം മാധവിക്കുട്ടി അവതരിപ്പിച്ചിട്ടുണ്ട്. ആരാധനയിൽ നിന്നും മെല്ലെ മെല്ലെ വൈകാരികാകർഷണത്തിലേക്കും ലൈംഗികാഭിമുഖ്യത്തിലേക്കും കടക്കുന്ന ഒരു തലം സൃഷ്ടിക്കാൻ മാധവിക്കുട്ടിയുടെ ആഖ്യാനത്തിന് കഴിഞ്ഞിരിക്കുന്നു.

**സദാചാരരീതിശാസ്ത്രങ്ങളുടെ തച്ചുടയ്ക്കൽ**

എല്ലാ കാലഘട്ടങ്ങളിലും വിവിധതരത്തിലുള്ള വിലക്കുകൾ ലൈംഗികചിന്തകൾക്കെതിരെ രൂപപ്പെട്ടിരുന്നു. ലൈംഗികതയുമായി സ്ത്രീ-പുരുഷൻ എന്ന ദ്വന്ദ്വത്തിൽ കവിഞ്ഞ് മറ്റൊരുതരത്തിൽ ചിന്തിക്കാൻ സാമൂഹ്യസാംസ്കാരികനിർമ്മിതി ഒരു കാലത്തും അനുവദിക്കാറില്ല എന്നതാണ് സത്യം. അതുകൊണ്ടു തന്നെ ഈ ദ്വന്ദ്വത്തിനു പുറത്തു നിൽക്കുന്നതെല്ലാം 'വിമതലൈംഗികത' എന്ന പേരിൽ തളയ്ക്കപ്പെട്ടു. 'ക്രമരഹിത ലൈംഗികത' എന്ന പേരാണ് വിമതലൈംഗികതയ്ക്ക് പകരമായി കരോൾ പേറ്റ്മാൻ സ്വീകരിച്ചത്.[1]

'സാമൂഹികക്രമത്തിന് വിരുദ്ധ'മെന്നോ, 'ശാരീരികമായ അസുഖം' എന്നോ ആണ് 'ക്രമരഹിതം' എന്ന പദംകൊണ്ട് വ്യവഹരിക്കപ്പെടുന്നത്. എന്നാൽ ക്വീർ സൈദ്ധാന്തികർ വിമത ലൈംഗിക

തയ്ക്ക് 'ഇച്ഛാപൂർണമായ ലൈംഗികത'എന്നു തന്നെയാണർത്ഥം കൽപ്പിക്കുന്നത്. പണം, പദവി, ആർഭാടജീവിതം തുടങ്ങി എല്ലായിനം ആസക്തികളുടെയും പിന്നിൽ പ്രവർത്തിക്കുന്നത് ലൈംഗികത തന്നെയാണെന്നാണ് ഫ്രോയിഡ് മുതൽ ലക്കാൻ വരെയുള്ളവർ വിശ്വസിക്കുന്നത്. ലൈംഗികതയിൽ സ്ത്രീ–പുരുഷ വിരുദ്ധ ദ്വന്ദ്വത്തിനപ്പുറം വിമതത്തിന്റെ സാദ്ധ്യതകൾ ഉണ്ട് എന്ന തിരിച്ചറിവ് ആദികാലം മുതലുണ്ടെന്ന് കലയും സാഹിത്യവുമെല്ലാം തെളിയിക്കുന്നു. ഒരേ ലിംഗത്തിൽപ്പെട്ട വ്യക്തികൾക്ക് പരസ്പരം തോന്നുന്ന ശാരീരികവും മാനസികവുമായ ആകർഷണമാണ് സ്വവർഗ്ഗരതി. "ജനിതകവും ശാരീരികവും മനഃശാസ്ത്രവും സാമൂഹികവുമായ ചില ഘടകങ്ങൾ ജീവിതത്തിന്റെ ആദ്യ വർഷങ്ങളിൽ തലച്ചോറിലുണ്ടാക്കുന്ന ചില വ്യതിയാനങ്ങളാണ് സ്വവർഗ്ഗാനുരാഗത്തിന് കാരണമാകുന്നതെന്ന് അനുമാനിക്കപ്പെടുന്നു. ഒന്നിൽ കൂടുതൽ ആൺകുട്ടികളുള്ള അമ്മമാർക്ക് ജനിക്കുന്നത്, ഗർഭിണികളിലെ പുകവലി, ചില മരുന്നുകളുടെ ഉപയോഗം, പുരുഷഹോർമോണുകളായ ആൻഡ്രോജനുകളുടെ അളവിൽ ഗർഭാവസ്ഥയിലുണ്ടാകുന്ന വ്യതിയാനം, ഫെറമോണുകളുടെ സ്വാധീനം തുടങ്ങിയവ സ്വവർഗ്ഗാനുരാഗത്തിലേക്ക് നയിച്ചേക്കാമെന്ന സൂചനകളുണ്ട്."[2]

തലച്ചോറിലെ ഇന്റർസ്റ്റീഷ്യൽ ന്യൂക്ലിയസ് ഓഫ് ദി ആന്റീരിയൽ കമ്മീഷർ ഭാഗങ്ങൾക്ക് സ്വവർഗ്ഗാനുരാഗത്തിന്റെ, രൂപപ്പെടലിൽ പങ്കുണ്ടാകാമെന്ന് ഡോ. ഷാഹുൽ അമീൻ അഭിപ്രായപ്പെടുമ്പോൾ[3] സ്വവർഗ്ഗരതിയെ ശാരീരികവും മാനസികവുമായ തകരാറല്ല എന്നും ചില ആളുകൾ സ്നേഹവും ലൈംഗികതയും പ്രകടിപ്പിക്കുന്ന രീതി മാത്രമാണിതെന്നും സ്വയം വേണ്ടെന്നു വെയ്ക്കാൻ കഴിയുന്ന ബോധപൂർവ്വമായ പ്രവൃത്തിയല്ല ഇതെന്നുമുള്ള അഭിപ്രായമാണ് സൈക്യാട്രിക് പ്രൊഫസറായ ഡോ. പി. എൻ. സുരേഷ്കുമാറിന്റേത്. ഡോ.

സി.ജെ ജോണാകട്ടെ സ്വവർഗ്ഗരതിയെ മനോരോഗമായി വിലയിരുത്തുന്നു.[4] എന്നാൽ സമൂഹവും മതസംഘടനകളും പ്രകൃതി വിരുദ്ധമെന്ന് കല്പിച്ച സ്വവർഗ്ഗാനുരാഗം ജനിതകഘടനയുടെ പ്രത്യേകതയാണെന്നും തികച്ചും സ്വാഭാവികമായ ജൈവാവസ്ഥയാണെന്നും എതിരൻ കതിരവൻ വിലയിരുത്തുന്നു. "ആൽബ്രട്രോസ് പക്ഷികളിലുൾപ്പെടെ 93ൽപ്പരം സ്പീഷീസ് പക്ഷികളിലും ഡോൾഫിൻ, പെൻഗ്വിൻ, ആട്, വെള്ളക്കീരി, എട്ടുകാലി എന്നിവയുൾപ്പെടെയുള്ള നൂറോളം പ്രാണിവർഗ്ഗങ്ങളിലും സ്വവർഗ്ഗാഭിമുഖ്യങ്ങൾ കാണപ്പെടുന്നുണ്ട്. ഹോർമോൺ പ്രവർത്തനങ്ങളും ന്യൂറോണുകളുടെ വിനിമയവിന്യാസങ്ങളും തലച്ചോറിന്റെ രൂപപ്പെടുത്തലുമൊക്കെയാണ് ആൺപെൺ ആകർഷണത്തെപ്പോലെ സ്വവർഗ്ഗാനുരാഗത്തെയും നിയന്ത്രിക്കുന്നത്."[5]

പാർശ്വവൽക്കരിക്കപ്പെട്ടവയ്ക്കെല്ലാം മുഖ്യധാരയിലേക്ക് പ്രവേശനം ലഭിക്കുന്ന ഉത്തരാധുനിക കാലഘട്ടത്തിൽ ലൈംഗികന്യൂനപക്ഷങ്ങളും ചർച്ചാവിഷയമായി മാറുകയോ സമൂഹം ആഘോഷമായി സ്വീകരിക്കുകയോ ചെയ്യും എന്നുള്ളതിൽ സംശയമില്ല.

**രതിദേവതയുടെ കാമുകിമാർ**

ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നുവെന്നു കരുതപ്പെടുന്ന സാഫോ സ്വവർഗ്ഗാനുരാഗിയാണെന്ന് അവരുടെ കൃതികൾ തന്നെ തെളിയിക്കുന്നു. രതിദേവതയായ 'അഫ്രൈഡേറ്റി' നെ ആരാധിച്ചിരുന്ന സാഫോയും കൂട്ടുകാരികളും വിമതലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടിരുന്നു. സാഫോയുടെ വാസസ്ഥലമായ 'ലെസ്ബോസ്' എന്ന ദ്വീപിന്റെ പേര് ക്രമേണ ഇത്തരം ലൈംഗിക ബന്ധങ്ങളെ സൂചിപ്പിക്കാൻ ഉപയോഗിക്കുകയും സ്ത്രീകൾ തമ്മിലുള്ള ലൈംഗിക ബന്ധത്തിന് 'ലെസ്ബിയൻ' എന്ന പദം ഉപയോഗിക്കുകയും ചെയ്തു. 1904

ൽ ജോൺ വില്യം ഗാർഡ് 'സാഫോ ഓഫ് ലെസ്ബോസി'നെ ചിത്രീകരിക്കുകയും സ്ത്രീകൾ തമ്മിലുള്ള ലൈംഗികാഭിമുഖ്യത്തിന് ലെസ്ബിയൻ എന്ന് നാമകരണം നടത്തുകയും ചെയ്തു.[6]

മാധവിക്കുട്ടിയുടെ കഥകളിൽ പൊതുവെ കടന്നുവരുന്നത് ലെസ്ബിയൻ ബന്ധങ്ങളാണ്. പുരുഷബന്ധങ്ങളായ ഗേയിസം 'എന്റെ കഥ'യിൽ അവതരിപ്പിച്ചിട്ടുണ്ടെങ്കിലും ലെസ്ബിയൻ ബന്ധങ്ങളുടെ ആവിഷ്കരണത്തിലെ നിറപ്പകിട്ട് അവയ്ക്കില്ല. സദാചാരലംഘനം, അടിച്ചമർത്തപ്പെട്ട തൃഷ്ണകളുടെ ബഹിർഗമനം, ലൈംഗികത തുടങ്ങിയ ചിന്തകൾക്കാണ് വിമതബന്ധങ്ങളുടെ ആവിഷ്കരണത്തിൽ മാധവിക്കുട്ടി ഊന്നൽ നൽകിയിരിക്കുന്നത്. സ്ത്രീയുടെ യാഥാർത്ഥ്യങ്ങൾ ഭൗതികതയിലുപരി ആന്തരികമായതുകൊണ്ടുതന്നെ ബാഹ്യമായതെന്തിനെയും ആന്തരികമായ ഉൾക്കാഴ്ചയോടെയാണ് അവൾ അനുഭവിച്ചറിയുന്നത്. സമൂഹത്തിനു മുന്നിൽ അശ്ലീലമെന്നോ അപരാധമെന്നോ വിലയിരുത്തപ്പെടാവുന്ന തുറന്നെഴുത്തലുകൾക്ക് മാധവിക്കുട്ടി ഒട്ടും സങ്കോചം കാണിച്ചിരുന്നില്ല എന്ന് അവരുടെ ഇത്തരം കഥകൾ സാക്ഷ്യപ്പെടുത്തുന്നു. സ്ത്രീയുടെ സഹജവാസനകളായോ, ലൈംഗിക തൃഷ്ണകളായോ ഇത്തരം അനുഭൂതികളെ ആവിഷ്കരിക്കുമ്പോൾ സാമ്പ്രദായിക വിശ്വാസങ്ങളെ തച്ചുടയ്ക്കുകയായിരുന്നു അവർ. വിമതലൈംഗികത ചിത്രീകരിക്കുന്ന കഥകൾ ചുരുക്കത്തിൽ സാമൂഹിക-സദാചാര വിമർശനത്തിനുള്ള മാധ്യമമാക്കി ഉപയോഗപ്പെടുത്തി. സാമൂഹിക സാഹചര്യങ്ങളോടും സാമുദായിക വ്യവസ്ഥകളോടും സാംസ്കാരികക്രമങ്ങളോടുമുള്ള പൊരുത്തക്കേടുകളും നിഷേധവാസനകളും വിദ്ധ്വംസനത്തിന്റെ സാഹിത്യരൂപമായി പരിണമിച്ചുവെന്നും പറയാം.

വിവാഹിതരായ സ്ത്രീകളെ കേന്ദ്രകഥാപാത്രങ്ങളാക്കിയുള്ള

രചനകളിൽ ദാമ്പത്യ പ്രശ്നങ്ങൾക്കായിരുന്നു എഴുത്തുകാരി ഊന്നൽ കൊടുത്തത്. സ്ത്രീക്ക് ശരീരം എന്ന ഭൗതികസത്യവും മനസ്സെന്ന ആന്തരികസത്യവും എന്നും വൈരുദ്ധ്യങ്ങളായ അനുഭവങ്ങളാണ് സമ്മാനിക്കുന്നത്. ഇത് സംഘർഷത്തിന്റെ തലങ്ങളിലേക്കെത്തുന്നത് ദാമ്പത്യത്തിലേക്ക് കടക്കുമ്പോഴാണ്. അത്തരം സംഘർഷങ്ങളിൽ നിന്നുള്ള മോചനമാർഗ്ഗമായി മാധവിക്കുട്ടി ചിലപ്പോഴെങ്കിലും വിമത രതിയെ കാണുന്നുവെന്ന് ആഖ്യാനത്തിൽ ബോദ്ധ്യപ്പെടുന്നു. 'ദാമ്പ ത്യത്തിലെ ഓരോ വാക്കും ആസ്പത്രിയിലെ മോർഗിന്റെ വലിപ്പുക ളിൽ നിന്ന് ഊന്നുവീഴുന്ന ശവങ്ങളെപ്പോലെ' യാണെന്ന് 'ചന്ദനമര ങ്ങളി'ൽ പറയുന്നതും മറ്റൊന്നും കൊണ്ടല്ല. സ്നേഹശൂന്യമായ ദാമ്പ ത്യത്തിൽ വിമതരീതിയിലേക്ക് ചായുന്ന സ്ത്രീകഥാപാത്രങ്ങളെയാണ് പലപ്പോഴും സാഹിത്യകലാസൃഷ്ടികളിൽ ആവിഷ്കരിച്ചിരിക്കുന്നത്. ദാമ്പത്യത്തിലെ സ്നേഹനിരാസങ്ങളിൽ നിന്ന് അവളിൽ ഉടലെടു ക്കുന്ന സ്ഫോടാത്മകമായ ലൈംഗികചോദനകളും അസംതൃപ്ത കാമ നകളും വിവാഹബാഹ്യപ്രണയബന്ധങ്ങളിലേക്ക് നയിക്കപ്പെടുന്ന തായി മാധവിക്കുട്ടി ചിത്രികരിച്ചിട്ടുണ്ട്. അതിലൊന്നുമാത്രമാണ് അവരെ സംബന്ധിച്ചിടത്തോളം വിമതരതി. മാനസികാസക്തിയുടെ സംതൃപ്തി തേടിയുള്ള യത്രയാണത്.

## കുറിപ്പുകൾ

1. Carole Pateman, *The Disworder Women: The Polity Reader of Gender Studies,* (Polity Press Cambridge) 2002 (P. 106.)
2. രശ്മി ജി. അനിൽകുമാർ കെ.എസ്, *വിമത ലൈംഗികത ചരിത്രം സിദ്ധാന്തം രാഷ്ട്രീയം*, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2016, പു. 20.

3. *സ്വവർഗ്ഗാനുരാഗം മുൻവിധികളും വസ്തുതകളും*, ലക്കം 4 മാതൃഭൂമി ആരോഗ്യമാസിക, ജൂൺ 2012 പുസ്തകം 16, പു. 89.

4. ഡോ. സി.ജെ. ജോൺ, മാധ്യമം ആഴ്ചപ്പതിപ്പ് 20 ജൂലൈ 2009. പുസ്തകം 12, പുറം 20.

5. *സ്വവർഗ്ഗാനുരാഗം ഭ്രൂണത്തിന്റെ തീരുമാനമാണ്*- എതിരൻ കതിരവൻ, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2015 മാർച്ച് 15, ലക്കം 52.

6. christine Downing, *Lesbian Mythology Historical Reflection,* Vol 20 , Summar (1994), (http://www. History of lesbians.com dated 2015 may 16)

**സഹായകഗ്രന്ഥങ്ങൾ**

1. മാധവിക്കുട്ടി, മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം,ഡി.സി. ബുക്സ്,കോട്ടയം:2009.

2. രശ്മി ജി. അനിൽകുമാർ കെ.എസ്, *വിമത ലൈംഗികത ചരിത്രം സിദ്ധാന്തം രാഷ്ട്രീയം,* ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം : 2016.

3. Carole Pateman, *The Disworder Women: The Polity Reader of Gender Studies*, (Polity Press Cambridge) 2002

4. christine Downing, *Lesbian Mythology Historical Reflection,* Vol 20 , Summar (1994), (http://www. History of lesbians.com dated 2015 may 16)

**ആനുകാലികങ്ങൾ**

1. മാതൃഭൂമി ആരോഗ്യമാസിക, ലക്കം 4 , പുസ്തകം 16,ജൂൺ :2012

2. മാതൃഭൂമി ആഴ്ചപ്പതിപ്പ്, ലക്കം 52, പുസ്തകം 15, മാർച്ച് : 2015.

3. മാധ്യമം ആഴ്ചപതിപ്പ്, പുസ്തകം 12, ജൂലൈ 20 : 2009.

# മാതൃബിംബങ്ങളുടെ പരിണതി മാധവിക്കുട്ടിയുടെ കവിതകളിൽ

**സിജു ജോസഫ്**

സ്വത്വരൂപീകരണത്തിലും സ്വത്വവിന്യാസതലത്തിലും ആൺ കോയ്മ പുലർത്തുന്ന സ്വാധീനം എപ്രകാരമെന്ന് തിരിച്ചറിയുകയും പ്രതിരോധിക്കുകയും അതിൽനിന്ന് പുറത്തുകടക്കാനുള്ള സർഗ്ഗാത്മ കവും സാംസ്കാരികവുമായ വ്യവഹാരങ്ങളിലേർപ്പെടുകയും ചെയ്യു കയെന്നത് ഫെമിനിസത്തിന്റെ അടിസ്ഥാനസങ്കല്പങ്ങളിലൊന്നാണ്. വ്യത്യസ്തസ്വത്വങ്ങളുടെ വിന്യാസസാധ്യതകളിൽനിന്ന് ഏത് തിര ഞ്ഞെടുക്കണമെന്നും അതിനെ എപ്രകാരം ആവിഷ്കരിക്കണമെന്നും തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം സ്ത്രീകൾക്കു നിഷേധിക്കപ്പെടുന്നി ടത്താണ് പരമ്പരാഗത അധികാരസങ്കല്പങ്ങളെ വെല്ലുവിളിക്കാനും വ്യവസ്ഥാപിതമൂല്യസങ്കല്പങ്ങളെ തിരുത്താനുമുള്ള ബോധപൂർവ്വക മായ കരുത്തിലേക്ക് സ്ത്രീത്വം വളരുന്നത്.

**ആണധികാരവ്യവസ്ഥിതിയിലെ സ്ത്രൈണമാതൃകകൾ**

ലിംഗാധിഷ്ഠിത സവിശേഷതകളുടെ അടിസ്ഥാനത്തിൽ സ്ത്രീത്വത്തിന്റെ മൂല്യം നിർണ്ണയിക്കുന്ന മനോഭാവമാണ് എക്കാലത്തും പുരുഷകേന്ദ്രീകൃതമായ അധികാരകേന്ദ്രങ്ങൾ പുലർത്തിയിരുന്നത്. സ്ത്രീയുടെ കർമ്മമേഖലകൾ ഏതൊക്കെയാകാമെന്നും അത്തരം കർമ്മമേഖലകളിൽ അവളുടെ സ്വാതന്ത്ര്യത്തിന്റെയും സ്വപ്നങ്ങളു ടെയും അതിരുകൾ എവിടെവരെയാകാമെന്നും നിശ്ചയിച്ചിരുന്നത് ആണധികാരമാണ്. തൊഴിലിടങ്ങളിലും ഗാർഹികമേഖലകളിലും സൃഷ്ടിക്കപ്പെടുന്ന സ്ത്രീ സ്വത്വസംഘർഷങ്ങളുടെ മൂലകാരണവും ഇതുതന്നെയാണ്. മാതൃവാത്സല്യത്തിന്റെയോ ക്ഷമയുടെയോ, പാതി

വ്രത്യത്തിന്റെയോ ഒക്കെ ഉദാത്ത കർമ്മമാതൃകകളായി സ്ത്രീകൾ വിശേഷിപ്പിക്കപ്പെടുമ്പോൾ ചൂഷണത്തിന്റെയും പാർശ്വവത്കരണത്തിന്റെയും നേർക്കുള്ള പ്രതിഷേധശബ്ദങ്ങൾ ഏറ്റവുമധികം നിശബ്ദമാക്കപ്പെടുന്ന ഇടമായി സ്ഥാപനവത്ക്കരിക്കപ്പെട്ട കുടുംബങ്ങൾ മാറുന്നു. പുരുഷന് കർതൃസ്ഥാനം കല്പിക്കപ്പെടുകയും സ്ത്രീക്ക് അപരത്വം വിധിക്കപ്പെടുകയും ചെയ്യുന്ന ഇത്തരം അനീതികൾക്കെതിരെയുള്ള സ്വരങ്ങൾ ലോകമെമ്പാടും ഉയർന്നിട്ടുണ്ട്. ഒരാൾ സ്ത്രീയായി ജനിക്കുകയല്ല, സ്ത്രീ ആയിത്തീരുകയാണ് എന്ന് സിമോൺ ഡി ബുവ്വയെപ്പോലുള്ളവർ അഭിപ്രായപ്പെട്ടത് സംസ്കൃതിയിൽ കാലാകാലങ്ങളായി നിലനില്ക്കുന്ന അനീതിക്കെതിരെ വിരൽചൂണ്ടിയാണ്. മനുഷ്യസംസ്കൃതി ആകമാനമാണ് സ്ത്രീയെന്ന ഈ ജന്തുവിനെ സൃഷ്ടിക്കുന്നത് എന്ന് അവർ പ്രസ്താവിച്ചതിന്റെ പൊരുളും ഇതുതന്നെ. സ്ത്രീശരീരത്തിന്റെയും സ്ത്രീത്വത്തിന്റെയും പൂർണ്ണത മാതൃത്വമാണെന്ന ഭാരതീയസങ്കല്പത്തിലും സംസ്കൃതിയിലെ സമാനവീക്ഷണമാണ് പ്രതിഫലിക്കുന്നത്. ഇതിഹാസപുരാണങ്ങൾ മുതലുള്ള സാഹിത്യകൃതികളിൽ അമ്മമാരെ ആവിഷ്കരിച്ചിരിക്കുന്നത് മാതൃത്വത്തിന്റെ ഉരകല്ലിൽ കണ്ണീരോടെ തേഞ്ഞലിഞ്ഞില്ലാതായി അനശ്വരതയെ പ്രാപിക്കുന്നവരെന്ന സങ്കല്പത്തിലാണ്. “നമ്മുടെ മാതൃസങ്കല്പത്തിലെ അമ്മമാരെല്ലാംതന്നെ ദുഃഖപുത്രികളാണ്. മക്കളില്ലാത്ത ദുഃഖം, മക്കൾക്കുവേണ്ടിയുള്ള ദുഃഖം, മക്കളെയോർത്തുള്ള ദുഃഖം - ഈ ദുഃഖാനുഭവങ്ങൾ അവരെ ഓർമ്മകളിൽ നിലനിർത്തി.”[1]

**മാതൃബിംബങ്ങളുടെ പരിണതി മാധവിക്കുട്ടിയുടെ കവിതകളിൽ**

സ്ഥാപനവത്ക്കരിക്കപ്പെട്ട കുടുംബത്തിലെ ആണധികാരവ്യവസ്ഥകൾ രൂപകല്പനചെയ്ത ഇത്തരം മാതൃസങ്കല്പങ്ങളെ ശരിവയ്ക്കുന്ന തരത്തിലായിരുന്നു സാഹിത്യകൃതികളിലെ അമ്മമാരും പ്രത്യ

ക്ഷപ്പെട്ടിരുന്നത്. കവിതകളിലെ അമ്മമാർ മാത്രമല്ല, മറിച്ച് ഗാർഹിക വ്യവസ്ഥിതിയിലെ അലിഖിതനിയമങ്ങൾ പാലിച്ചുകൊണ്ടുമാത്രം സർഗവൃത്തികളിലേർപ്പെടാൻ നിർബന്ധിതരാവുന്ന സ്ത്രീകൾ മിക്ക വരും ഇതേ വഴിയിലൂടെയാണ് സഞ്ചരിച്ചിരുന്നത്. സ്ത്രൈണവൈ യക്തികതയുടെ ആധികാരികമായ അന്തസത്തയോട് യാതൊരുവിധ ത്തിലും നീതി പുലർത്താത്ത ഇത്തരം രചനാപഥങ്ങളോട് നിരന്തരം കലഹിച്ച എഴുത്തുകാരിയായിരുന്നു മാധവിക്കുട്ടി. "അനുഭവങ്ങളെക്കു റിച്ചുള്ള കവിതകൾക്കു പകരം എനിക്കു ലഭിക്കുന്നത് അനുഭവങ്ങൾ തന്നെ കവിതയുടെ രൂപത്തിൽ ആയിത്തീരുന്നവയാണ്"[2] എന്ന ഏഡ്രിയൻ റിച്ചിന്റെ പ്രസ്താവനയെ ശരിവയ്ക്കുന്നതാണ് മാധവി ക്കുട്ടിയുടെ സാഹിത്യജീവിതം. നാലപ്പാട്ടുതറവാട്ടിലെ കമല എന്ന പെൺകുട്ടിയിൽനിന്ന് കമല സുരയ്യയിലേക്ക് എത്തിയ കാലം വരെ യുള്ള കുടുംബം, വിവാഹം, ദാമ്പത്യം, സ്ത്രീപുരുഷസൗഹൃദം, എഴുത്ത് എന്നിവയുമായി ബന്ധപ്പെട്ട തീക്ഷ്ണമായ അനുഭവങ്ങളാ യിരുന്നു മാധവിക്കുട്ടിയുടെ രചനകളിലെ തീയും വെളിച്ചവും. ഗദ്യ കൃതികളിലൂടെ അവർ ആവിഷ്കരിച്ചിട്ടുള്ള സ്വത്വസംഘർഷങ്ങളെ ക്കുറിച്ച് ഗൗരവമായ പഠനങ്ങൾ ഏറെയുണ്ടെങ്കിലും കവിതകളിലൂടെ മാധവിക്കുട്ടിയാവിഷ്കരിച്ച കരുത്തുറ്റ പ്രതിഷേധസ്വരങ്ങൾ വേണ്ടത്ര പഠനവിധേയമായിട്ടില്ല എന്നതാണ് യാഥാർത്ഥ്യം.

അമ്മ അല്ലാതായിത്തീർന്നവൾ, ദാനം, അമ്മ, അപരിചിത, മദ്ധ്യ വയസ്സ് എന്നീ അഞ്ചു കവിതകളെ അടിസ്ഥാനമാക്കിയാണ് ഈ പഠനം നടത്തിയിരിക്കുന്നത്. സാഹിത്യത്തിന്റെ സാമ്പ്രദായികപരിസരങ്ങളിൽ കീർത്തിക്കപ്പെടുകയും പ്രതിഷ്ഠിക്കപ്പെടുകയും ചെയ്ത മാതൃസങ്ക ല്പങ്ങളെ പൂർണ്ണമായി നിരാകരിക്കുന്നവയാണ് ഈ കവിതകൾ. വാർദ്ധക്യത്തിന്റെയും ഏകാന്തതയുടെയും തിരസ്കാരത്തിന്റെയും

അനുഭവങ്ങളിൽ എത്രമാത്രം തീവ്രദുഃഖത്തിലൂടെയാണ് ഓരോ സ്ത്രീയും കടന്നുപോകുന്നതെന്ന് ഈ കവിതകൾ അടയാളപ്പെടുത്തുന്നു. അവയൊന്നും മാതൃദുഃഖത്തിന്റെ ത്യാഗനിർഭരമായ വിലാപഗീതികളായി ആവിഷ്കരിച്ച് സായൂജ്യമടയാൻ കവയിത്രി ആഗ്രഹിക്കുന്നുമില്ല. സർഗ്ഗാത്മകതയ്ക്ക് വിലങ്ങിട്ട ഗാർഹികഘടനയോടും സ്നേഹത്തിന്റെ അങ്കി പുതച്ച ഗാർഹികചൂഷണങ്ങളോടും വിസ്മൃതിയിലേക്കും ഏകാന്തതയിലേക്കും നിഷ്കരുണം നടതള്ളുന്ന പുത്രസമ്പത്തിനോടും കവയിത്രി ഉറച്ച ശബ്ദത്തിൽ കണക്കുചോദിക്കുന്നു.

**അമ്മ അല്ലാതായിത്തീർന്നവൾ**

> "നൈവേദ്യത്തിൽ നിന്ന്
> ഈച്ചകളെയെന്നപോലെ
> എന്റെ ഹൃദയത്തിൽ നിന്ന് അനായാസേന
> ഞാനെന്റെ മക്കളെയും ബന്ധുക്കളെയും
> പെറുക്കിയെറിഞ്ഞു.
> അമ്മയെന്നപേരാൽ അറിയപ്പെട്ടിരുന്നവൾ
> വീണ്ടും സ്ത്രീയായി അവതരിച്ചുവോ?"[3]

മാതൃത്വത്തിന്റെ നിരാസത്തിലൂടെ സ്ത്രീത്വത്തിലേക്ക് തിരിച്ചുനടക്കുന്ന വിപ്ലവകരമായ പ്രഖ്യാപനമാണ് കവയിത്രി ഇവിടെ നടത്തുന്നത്.

ഗാർഹികനിലപാടുകളോടും അതിലെ അവിഭാജ്യഘടകങ്ങളായ ബന്ധങ്ങളോടും കോർത്തിണക്കി മാതൃത്വത്തിന്റെ ചട്ടക്കൂടിനുള്ളിൽ സ്ത്രീത്വത്തെ തളച്ചിട്ടിരുന്ന പരമ്പരാഗതസങ്കല്പങ്ങൾ ഇവിടെ തകർക്കപ്പെടുന്നു. 'നൈവേദ്യത്തിൽനിന്ന് ഈച്ചകളെയെന്നപോലെ' എന്നാണ് കവയിത്രി ഈ പറിച്ചെറിയലിനെ വിശേഷിപ്പിച്ചിരിക്കുന്നത്. തന്റെ സ്വത്വം എത്രമാത്രം വിലപ്പെട്ടതാണെന്നും കട

പ്പാടുകളുടെയോ ധർമ്മസങ്കടങ്ങളുടെയോ ഭാരം താനിനി ചുമക്കേണ്ടതില്ലെന്നും ഒരു സ്ത്രീ ലോകത്തോടു വിളിച്ചുപറയുമ്പോൾ ലോകത്തിന്റെ മുന്നിൽ അവൾ അമ്മയല്ലാതാവുന്നു. ഇങ്ങനെ സ്വത്വത്തോടു നീതി പുലർത്തിയതിന്റെ പേരിൽ 'അമ്മയല്ലാതായി' മാറിയ മുഴുവൻ സ്ത്രീകളുടെയും സ്വരമാണ് ഈ കവിതയിൽ മുഴങ്ങുന്നത്. മാതൃത്വത്തിൽനിന്ന് സ്ത്രീത്വത്തിലേക്ക് ഉണർന്നെഴുന്നേറ്റവൾക്ക് ഒരു രൂപമുണ്ടോ എന്ന് കവയിത്രിക്ക് ഉറപ്പില്ല. എന്നാൽ കത്തിച്ചുവച്ച വിളക്കിന്റെ നിറമാണവൾക്ക് എന്ന് ഊഹിക്കാനും രാത്രികൾ ഈയാംപാറ്റകളെപ്പോലെ അവളുടെ കാൽക്കൽ മരിച്ചുവീഴുന്നതായി സങ്കല്പിക്കാനും കവയിത്രിക്ക് സാധിക്കുന്നു. തന്റെ നേർക്ക് തൊടുത്തുവിട്ട വാക്ശരങ്ങളെ ആരുടെയോ ഹൃദയകവാടങ്ങൾ തുറക്കാനുള്ള ആലിബാബാമന്ത്രങ്ങളാക്കി മാറ്റാനും തനിക്കു കഴിയുമെന്ന് കവിതയിലെ 'സ്ത്രീ' സധൈര്യം പ്രഖ്യാപിക്കുന്നുണ്ട്.

ഒന്നിനെയും ഭയക്കാത്ത, സ്ത്രീത്വത്തിനുമേൽ കാലമേല്പിച്ച സർവ്വഭാരങ്ങളെയും പാരതന്ത്ര്യങ്ങളെയും അതിലംഘിക്കുന്ന സ്വത്വത്തെ മുറുകെപ്പിടിച്ച് ആത്മബലത്തോടെ മുന്നോട്ടുനീങ്ങുന്ന സ്ത്രീയുടെ മുഖവും സ്വരവുമാണ് 'അമ്മ അല്ലാതായിത്തീർന്നവൾ' എന്ന കവിതയിൽ നാം കാണുന്നത്.

**ദാനം**

പരമ്പരാഗതസമൂഹം മുന്നോട്ടുവയ്ക്കുന്ന സ്ത്രൈണമൂല്യസങ്കല്പങ്ങൾക്കനുസൃതമായി സ്വത്വവും സ്വപ്നങ്ങളും ബലികഴിക്കേണ്ടിവരുന്നവരുടെ ഭാഷയും സ്വരവുമാണ് 'ദാനം' എന്ന ചെറുകവിതയിലുള്ളത്.

"എന്നെ
തുണ്ടുതുണ്ടായി ഞാൻ

വിതരണം ചെയ്യുന്നു
മക്കൾക്കായി
ഭർത്താവിന്നായി
മിത്രങ്ങൾക്കായി
ഒടുവിൽ
എന്റെ കണ്ണാടിയിൽ
ഞാൻ എന്റെ കണ്ണുകൾ മാത്രം
കാണുന്നു;
കണ്ണുനീരും....”[4]

വൈകിമാത്രം ഉണ്ടായ തിരിച്ചറിവിന്റെ കണ്ണാടിയിൽ അവൾ തന്നെ തിരയുമ്പോൾ സജലങ്ങളായ മിഴികൾ മാത്രമാണ് കണ്ടെത്തുന്നത്. ആയുസ്സിന്റെ വിവിധ ഘട്ടങ്ങളിൽ 'ഏല്പിക്കപ്പെട്ടിരിക്കുന്നവർക്കു' വേണ്ടിയുള്ള കടമകളെല്ലാം പൂർത്തിയാക്കിക്കഴിയുമ്പോൾ കാത്തിരിക്കുന്നത് ശൂന്യതയും ദുഃഖവും മാത്രമായിരിക്കുമെന്ന വിചാരം കൂടിയാണ് കവിത പ്രതിഫലിപ്പിക്കുന്നത്. മനുഷ്യവംശത്തിന്റെ നിലനില്പിനുവേണ്ടി പരസ്പരപൂരകങ്ങളായ ഉത്തരവാദിത്വങ്ങളോടെ സ്ത്രീയും പുരുഷനും ഒന്നിച്ചു ജീവിക്കുന്ന ഇടമാണ് കുടുംബം. കുടുംബത്തിന്റെ മാനാപമാനങ്ങൾ സ്ത്രീയെ മാത്രം ആശ്രയിച്ചാണ് എന്ന ഏകപക്ഷീയമായ കാഴ്ചപ്പാടിൽ പ്രതിഷേധത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ഇടങ്ങൾ അവൾക്ക് അന്യമാകുന്നു. വിവാഹവും മാതൃത്വവും ആവശ്യപ്പെടുന്ന ഉത്തരവാദിത്വങ്ങൾ അതിന്റെ പൂർണ്ണതയിൽ നിറവേറ്റാനുള്ള ഉത്സാഹത്തിൽ ശാരീരികമായും മാനസികമായും വൈകാരികമായും ശിഥിലമാക്കപ്പെടുന്ന സ്ത്രൈണയാഥാർത്ഥ്യത്തെ കവയിത്രി വളച്ചുകെട്ടില്ലാതെ ആവിഷ്കരിക്കുന്നു.

**അമ്മ**

മാതൃത്വത്തിന്റെ കാല്പനികവും പവിത്രവുമായ കല്പനകളെ യാഥാർത്ഥ്യങ്ങളുടെ പരുക്കൻ ഭാഷ ഉപയോഗിച്ചു തിരുത്തുന്ന കവിതയാണ് അമ്മ. സാമ്പത്തികവും ശാരീരികവുമായ ചൂഷണങ്ങൾക്ക് സ്ത്രീ വിധേയയാക്കപ്പെടുന്ന സുപ്രധാന ഇടം കുടുംബമാണെന്ന് ഈ കവിത അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു.

"പ്രസവശേഷം അമ്മയെന്ന പേരിൽ മാത്രം
അറിയപ്പെട്ടവളാണല്ലോ അവർ
മൂത്രം നനച്ച വിരിയിൽ
സ്വയം കിടന്നവൾ
ഛർദ്ദിയും മലവും കോരിക്കളഞ്ഞവൾ
പരീക്ഷാഫീസ് കൊടുക്കാനും
രോഗശാന്തിക്കും
വിവാഹാഘോഷത്തിനും
വളകൾ ഊരി വിറ്റവൾ
കാന്തികെട്ട തറവാട്ടുവിളക്ക്, അവർ
പ്രമാണികളായ്ത്തീർന്ന മക്കളെ
ശല്യപ്പെടുത്താൻ
ഒരിക്കലും, ഒരിക്കലും ഇച്ഛിക്കാത്തവർ"[5]

മാതൃത്വപദവിയോടുകൂടി എപ്രകാരമാണ് സ്ത്രീസ്വത്വം തടവിലാക്കപ്പെടുന്നത് എന്നു മാത്രമല്ല സ്ത്രീയുടെ ആയുസ്സും ആരോഗ്യവും സൗന്ദര്യവും സമ്പത്തുമെല്ലാം ഊറ്റിയെടുത്ത് എത്ര നിർദ്ദയമായാണ് കുടുംബമെന്ന സ്ഥാപനം അവളെ തമസ്കരിക്കുന്നതെന്നു കൂടിയാണ് ഈ കവിത വ്യക്തമാക്കുന്നത്.

പ്രക്ഷുബ്ധമായ കടലിൽ ചാഞ്ഞും ചരിഞ്ഞും നീങ്ങുന്ന കപ്പലിനെയാണ് അവളുടെ നടത്തം ഓർമ്മിപ്പിക്കുന്നതെന്നും കൺമഷിയോ സിന്ദൂരമോ ഇല്ലാത്ത, നരച്ച മുടി മാത്രമുള്ള, ചെളിപിടിച്ച കാൽനഖങ്ങളും നീലിച്ച കാല്പത്തികളുമുള്ള അവളെ കണ്ടാൽ അപരിചിതർ പോലും 'വർക്കത്തുകെട്ടവൾ' എന്നേ വിളിക്കൂ എന്നും കവിതയിൽ വ്യക്തമാക്കുന്നു. എഴുത്തിലും കൃതികളിലും വാഴ്ത്തപ്പെടുന്ന മാതൃത്വഘോഷത്തിന്റെ മറുവശമാണ് ഈ കവിത കാണിച്ചുതരുന്നത്. സമൂഹം മാറിയാലും സമുദായം മാറിയാലും സ്ത്രീയെ സംബന്ധിച്ച ഇത്തരം യാഥാർത്ഥ്യങ്ങൾക്ക് മാറ്റമൊന്നും സംഭവിക്കുന്നില്ലെന്ന സൂചനയാണ്

"അവർ സുമയ്യയാകാം
കമലയാകാം
അല്ലെങ്കിൽ കൊച്ചുത്രേസ്യ"[6]

എന്ന വരികളിലൂടെ കവയിത്രി നല്കുന്നത്. മക്കളുടെ വിദ്യാഭ്യാസത്തിനോ, വീട്ടിലെ ആഘോഷങ്ങൾക്കോ വേണ്ടി സ്വന്തം ആഭരണങ്ങൾ വില്ക്കുവാനോ പണയപ്പെടുത്തുവാനോ സ്ത്രീകൾ തയ്യാറാകുന്നത് കുടുംബത്തിന്റെ നന്മയും സന്തോഷവും ഓർത്തിട്ടാണ്. അതേ ഇടങ്ങൾതന്നെ അവളെ അന്യവല്കരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്ന പൊതുയാഥാർത്ഥ്യങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ വരികൾ പ്രസക്തമാകുന്നത്.

"അമ്മ എന്നു വിളിക്കപ്പെടുന്ന
ജീവിയെ
നിങ്ങൾ മക്കൾ ഈയിടെ
എപ്പോഴെങ്കിലും സൂക്ഷിച്ചുനോക്കിയോ"[7]

എന്ന ചോദ്യത്തോടെ ആരംഭിക്കുന്ന ഈ കവിത മാതൃത്വത്തിന്റെ പരമ്പരാഗത സങ്കല്പങ്ങളെയെല്ലാം സൂക്ഷ്മയാഥാർത്ഥ്യങ്ങളുടെ പിൻബലത്തോടെ ശക്തമായി നിരാകരിക്കുന്നു.

**അപരിചിത**

മാനസികവും ശാരീരികവുമായി ആർജ്ജിച്ചെടുക്കുന്ന സ്വാതന്ത്ര്യത്തിലാണ് സ്ത്രീശാക്തീകരണം എന്ന ആശയം പ്രാവർത്തികമാകുന്നത്. ഗാർഹികഘടനയിൽ ഇത്തരം സ്വാതന്ത്ര്യത്തിന്റെ ലോകം നിഷേധിക്കപ്പെടുന്ന സാഹചര്യത്തിൽതന്നെ മാതൃത്വത്തെ വാഴ്ത്തിക്കൊണ്ടു സാഹിത്യരചന നിർവ്വഹിക്കേണ്ടിവരുന്ന സ്ത്രീകൾ സാഹിത്യത്തിലെയും സമൂഹത്തിലെയും പൊതുയാഥാർത്ഥ്യങ്ങളാണ്. വൈയക്തികമായ അനുഭവം എന്നതിനേക്കാൾ സാമൂഹികമായ ഒരു തിരിച്ചറിവുകൂടിയായി ഇതു മാറുന്നു. ആൺകോയ്മ പുലരുന്ന സമൂഹത്തിലും കുടുംബവ്യവസ്ഥിതിയിലും തനിക്കു മുമ്പുണ്ടായിരുന്ന സ്ത്രീയുടെ അതേ വിധിതന്നെയാണ് തനിക്കും ഉള്ളതെന്ന തിരിച്ചറിവ് സ്വത്വബോധമുള്ള സ്ത്രീയെ സംബന്ധിച്ച് ഏറെ അന്തർസംഘർഷമുളവാക്കുന്നതാണ്.

അപരിചിത എന്ന കവിതയിൽ മാധവിക്കുട്ടി ആവിഷ്കരിക്കുന്നതും ഈ യാഥാർത്ഥ്യമാണ്. മാതൃത്വത്തിന്റെ മാഹാത്മ്യപ്രഘോഷണങ്ങൾക്കപ്പുറം ഓരോ സ്ത്രീയെയും കാത്തിരിക്കുന്ന വാർദ്ധക്യത്തിന്റെയും നിസ്സഹായതയുടെയും യാഥാർത്ഥ്യങ്ങൾക്ക് ഒരിക്കലും ഭേദമുണ്ടാകാറില്ലെന്ന് കവയിത്രി വ്യക്തമാക്കുന്നു.

"ഒരു ഭ്രൂണാകൃതിയിൽ കിടക്കാനും
ഉറക്കെയുറക്കെ നിലവിളിക്കാനും
അമ്മ പഠിച്ചിരിക്കുന്നു

സൂര്യോദയം നോക്കി
നിർവൃതികൊണ്ട
കവയിത്രിക്കിനികാണുവാൻ വയ്യ
സൂര്യൻ അപരിചിതൻ
മക്കൾ,
മക്കളുടെ മക്കൾ
എല്ലാം അപരിചിതർ മാത്രം
നാമം ചൊല്ലലും നിർത്തി
ദൈവത്തിന്റെ പേരും അമ്മ മറന്നു."[8]

സ്ത്രീത്വത്തിന്റെ അനിശ്ചിതത്വം കൂടിയാണ് ഇവിടെ പ്രകടമാകുന്നത്. അച്ഛന്റെ അസ്ഥികൾ ഇന്നും പുഴയുടെ പാതാളത്തിലുണ്ടാവാം എന്ന ചിന്തയാണ് മരണാസന്നയായ അമ്മയെ കാണുമ്പോൾ മകളുടെ ഉള്ളിലുണ്ടാവുന്നത്. തന്റെ ഭർത്താവിന്റെ ഉടുപ്പുകൾ താനെന്നേ വിതരണം ചെയ്തു കഴിഞ്ഞുവെന്നും തന്റെ സ്വപ്നങ്ങൾ ടൗൺഹാളിൽ വച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്തുവെന്നും അവൾ കവിതയിൽ വിളിച്ചുപറയുന്നു. അച്ഛനെ നഷ്ടമായവൾ, അമ്മയെ നഷ്ടമാകാൻ പോകുന്നവൾ, വൈധവ്യത്തെ അടുത്തറിയുന്നവൾ എന്നിങ്ങനെ അനാഥത്വത്തിന്റെയോ ആത്മവ്യഥയുടെയോ കനലിൽ ചവിട്ടി ലോകത്തോടു സംസാരിക്കുന്ന സ്ത്രീയെയാണ് ഈ കവിതയിൽ കാണാനാകുന്നത്.

വധുവായി, അമ്മയായി, മുത്തശ്ശിയായി ഒരു കുടുംബത്തിനുള്ളിൽ ആയുസ്സു പങ്കിടുന്ന സ്ത്രീക്ക് അവൾ പോലുമറിയാതെ സ്വത്വം നഷ്ടമാകുന്നതിന്റെ വ്യക്തമായ സൂചന ഈ കവിതയിലുണ്ട്.

"ഇന്ന് ഞാൻ ഒരപരിചിത

എനിക്കുതന്നെ അപരിചിത
കണ്ണാടിയിലെ വൃദ്ധ
എന്നെ നോക്കി ചിരിക്കുന്നു."[9]

എന്ന വരികളോടെയാണ് കവിത അവസാനിക്കുന്നത്. ബന്ധങ്ങളുടെയും കർമ്മധർമ്മങ്ങളുടെയും സ്ത്രൈണമൂല്യങ്ങൾക്കപ്പുറം സ്ത്രീയെ കാത്തിരിക്കുന്ന തിക്തയാഥാർത്ഥ്യങ്ങളെ മാധവിക്കുട്ടി ആവർത്തിച്ച് വ്യക്തമാക്കുകയാണ്. കുടുംബത്തിനുള്ളിലായിരിക്കുമ്പോഴും സ്ത്രീക്ക് നേരിടേണ്ടിവരുന്ന ഇത്തരം അനാഥത്വത്തിന്റെയും അപരിചിതത്വത്തിന്റെയും കാരണങ്ങൾ ഏതെന്നു വ്യക്തമാക്കപ്പെടുന്നിടത്താണ് മാതൃ-പുത്രബന്ധത്തിന്റെ ആർദ്രഭാവങ്ങൾ അപ്രസക്തമാകുന്ന പരുഷയാഥാർത്ഥ്യങ്ങൾ കവിതയിൽ മറനീക്കി പുറത്തുവരുന്നത്.

"എന്റെ മക്കൾ വിദൂരസ്ഥർ
ഫോണിലൂടെ പലപ്പോഴും
കുശലാന്വേഷണം നടത്തുന്നവർ
മിതഭാഷികൾ
കുലീനർ"[10]

പിതൃമേധാവിത്വത്തിന്റെയോ ഭർതൃമേധാവിത്വത്തിന്റെയോ പുത്രമേധാവിത്വത്തിന്റെയോ ഇടയിൽ സ്വത്വനഷ്ടം തിരിച്ചറിയുന്ന സ്ത്രീയുടെ അന്തർസംഘർഷങ്ങളെ ഈ കവിത കൃത്യമായി ആവിഷ്കരിക്കുന്നു.

**മദ്ധ്യവയസ്സ്**

വാങ്മയത്തിലേക്ക് പകർത്തപ്പെട്ട അനുഭവങ്ങളുടെ സഞ്ചയമാണ് കവിത. സ്ത്രീയെഴുതുന്ന കവിതകൾ അവളുടെ ജീവിതത്തെക്കുറിച്ചും അസ്തിത്വത്തെക്കുറിച്ചുമുള്ള ആധികാരികമായ വാങ്മയ

മാണ്. പരമ്പരാഗത സമൂഹം നിർമ്മിച്ച സ്ത്രൈണമൂല്യസങ്കല്പങ്ങളിലെ മാതൃത്വത്തിന്റെ മഹത്വവത്കൃതമായ കാലം എത്രയോ ഹ്രസ്വമാണെന്ന് വ്യക്തമാക്കുന്ന കവിതയാണ് 'മദ്ധ്യവയസ്സ്'. മാതൃത്വത്തിലാണ് സ്ത്രീയുടെ ജീവിതം ധന്യമാകുന്നതെന്ന പരമ്പരാഗത കാഴ്ചപ്പാടുകളെ ഈ കവിത ചോദ്യം ചെയ്യുന്നു. മാതൃത്വം സ്വത്വനഷ്ടത്തിന്റെ ജീവിതാവസ്ഥകൂടിയാണെന്ന് കവയിത്രി പ്രഖ്യാപിക്കുന്നു. പ്രസവത്തിന്റെയും ശിശുപരിപാലനത്തിന്റെയും ചുമതലകൾ നിറവേറ്റി മക്കളെ സ്വയംപര്യാപ്തയിലേക്കെത്തിക്കുന്നതുവരെ മാത്രമേ മാതൃത്വം കുടുംബവ്യവസ്ഥിതിയിൽ മാനിക്കപ്പെടുന്നുള്ളൂ. മദ്ധ്യവയസ്സിൽ സ്ത്രീ അഭിമുഖീകരിക്കേണ്ടിവരുന്ന അവഗണനകൾ മാത്രമല്ല കവിതയുടെ പ്രമേയം. മാതൃപുത്രബന്ധത്തിന്റെ വൈകാരികതകൾ എത്രവേഗമാണ് വിസ്മരിക്കപ്പെടുന്നതെന്നും സാഹിത്യത്തിലും ചൊല്ലുകളിലും കീർത്തിക്കപ്പെടുന്ന മാതൃത്വം ഉപയോഗശൂന്യതയുടെ പ്രതിബിംബമായി പരിണമിക്കുന്നതെങ്ങനെയെന്നുമാണ് മാധവിക്കുട്ടി വർണ്ണിക്കുന്നത്.

പുത്രവാത്സല്യത്തിന്റെ ഭാവങ്ങൾ ഇനി ആവശ്യമില്ലാത്ത, അമ്മയെന്ന വൈകാരികസാന്നിധ്യത്തെ അനാവശ്യമായി കരുതുന്ന, ഗാർഹികപരിസരങ്ങളിലുള്ളതും മാതൃത്വമാഹാത്മ്യഘോഷകർ, സൗകര്യപൂർവ്വം വിസ്മരിക്കുന്നതുമായ നേരുകളാണ് 'മദ്ധ്യവയസ്സി'ലുള്ളത്.

"നിങ്ങളുടെ കുട്ടികൾ കൂട്ടുകാരല്ലാതായിത്തീരുന്നു
കറുത്ത മുഖവും കടുത്തനാക്കുമുള്ള
വിമർശകരായി മാറുന്നു.
കോശകീടംപോലെ ഉറപൊട്ടിച്ച്
പരുഷമായ പക്വതയുടെ മാഹാത്മ്യത്തിൽ
പുറത്തുവരുന്ന കാലം

ചായ പകർന്നുകൊടുക്കാനോ
ഇസ്തിരിയിടാനോ അല്ലാതെ
അവർക്കു നിങ്ങളെ വേണ്ട
എന്നാൽ നിങ്ങൾക്ക് അവരെ വേണം."[11]

കറുത്ത മുഖവും കടുത്ത നാക്കുമുള്ള മക്കൾ പലപ്പോഴും അമ്മമാർ അഭിമുഖീകരിക്കേണ്ടിവരുന്ന തീക്ഷ്ണയാഥാർത്ഥ്യങ്ങളാണെങ്കിലും അവയെ അർഹിക്കുന്ന വിധത്തിൽ സമീപിക്കാൻ സാഹിത്യം തയ്യാറാകാകത്തത് ആൺകോയ്മയുടെ പ്രത്യക്ഷസാന്നിധ്യത്തെയാണ് പ്രകടമാക്കുന്നത്. സാഹിത്യത്തിലിന്നേവരെ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ത്യാഗസഹനങ്ങളുടെ മൂർത്തിയായ മാതൃസങ്കല്പത്തെ തിരുത്താനോ തകർക്കാനോ ആവാത്തവിധം ആണധികാരവ്യവസ്ഥിതികൾ അവയിൽ അധീശത്വം പുലർത്തിയിരിക്കുന്നു.

അനുഭവിക്കുന്ന തിക്തയാഥാർത്ഥ്യങ്ങളേക്കാൾ പരമ്പരാഗത സമൂഹത്തിന് ആസ്വദിക്കാവുന്നതും അംഗീകരിക്കാവുന്നതുമായ കാല്പനികഭാവങ്ങളെ ആവിഷ്കരിക്കുന്നതാണ് സുരക്ഷിതമെന്ന ചിന്തയിലേക്ക് എഴുത്തുകാർ പലപ്പോഴും വ്യതിചലിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല.

വീട് എന്ന സ്ഥാപനത്തിന്റെ ഭൗതികാവശ്യങ്ങളെല്ലാം നിറവേറ്റാനുള്ള കേവലോപകരണം മാത്രമായി സ്വത്വം പാർശ്വവത്ക്കരിക്കപ്പെടുന്നു എന്ന യാഥാർത്ഥ്യം 'കറുത്ത മുഖങ്ങളും കടുത്തവാക്കുകളും' നിറഞ്ഞ ഈ വീടിന്റെ ചിത്രത്തിലൂടെ കവയിത്രി സൂചിപ്പിക്കുകയാണ്.

മാതൃത്വത്തിൽനിന്നു പുറത്തുകടന്ന് സ്ത്രീയെന്ന സ്വത്വത്തെ വീണ്ടെടുക്കാൻ കരുത്തു കാട്ടുന്ന അമ്മയെയല്ല മാധവിക്കുട്ടി ഈ കവിതയിൽ ആവിഷ്കരിക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

“അവർ നിങ്ങളെ തനിച്ചാക്കി പൊയ്ക്കഴിയുമ്പോൾ
നിങ്ങൾ അവരുടെ പുസ്തകങ്ങളും
സാധനങ്ങളും തൊട്ട്
രഹസ്യമായി കുറച്ചുനേരം
തേങ്ങിക്കരയുന്നു.”[12]

മാതൃത്വം സമ്മാനിച്ച വൈകാരികാനുഭൂതികളുടെ സ്മരണയിൽ അഭയം തേടാനാണ് ഇവിടെ ശ്രമിക്കുന്നത്. പിതൃപദവി അഭംഗുരം നിലനില്ക്കുമ്പോൾ മാതൃപദവി പൂർണ്ണമായും തിരസ്കരിക്കപ്പെടുന്ന ഗാർഹികവ്യവസ്ഥിതിയുടെ വൈരുദ്ധ്യം ഇവിടെ പ്രകടമാകുന്നുണ്ട്.

മാതൃത്വപദവിയിലൂടെ ആത്യന്തികമായി ഒരു സ്ത്രീയും ജീവിതകാലം മുഴുവൻ ആദരിക്കപ്പെടുകയോ സ്നേഹിക്കപ്പെടുകയോ ചെയ്യുന്നില്ല. പുരുഷൻ അധികാരകേന്ദ്രമാകുന്ന ഗാർഹികവ്യവസ്ഥയിൽ പ്രജനനത്തിന്റെയും പരിപാലനത്തിന്റെയും ക്ലേശങ്ങൾക്കപ്പുറം അർഹമായ ഇടമോ പരിഗണനകളോ കിട്ടാതെ സ്ത്രീകൾ ഏകാന്തതയിലേയ്ക്കും ശൂന്യതയിലേയ്ക്കും വലിച്ചെറിയപ്പെടുന്നു. സ്ത്രീകൾക്കുമേൽ ആരൊക്കെയോ ചേർന്ന് നെയ്തെടുത്ത കാല്പനികമായ പദവി മാത്രമാണ് മാതൃത്വമെന്നും അതിന്റെ പ്രയോക്താക്കളും ഗുണഭോക്താക്കളും കുടുംബവും സമൂഹവും മാത്രമാണെന്നും പത്തോ പതിനഞ്ചോ വർഷം മാത്രമാണ് ഈ കാല്പനിക പദവിയുടെ ആയുസ്സെന്നും തുറന്നുപറയാൻ മാധവിക്കുട്ടി മടിക്കുന്നില്ല.

നിങ്ങളിപ്പോൾ ചെറുപ്പമല്ലെന്നും ഇത്രകാലം നിങ്ങൾ ജീവിച്ചത് മുഴുവൻ സ്വപ്നലോകത്തായിരുന്നുവെന്നും അതിൽനിന്നു പുറത്തുപോകാനുള്ള സമയമായിരിക്കുന്നുവെന്നും ലാളിച്ചുവളർത്തിയ മക്കൾ വെറുപ്പോടെ തന്നെ നോക്കി ആക്രോശിക്കുന്നതിന് ഒരമ്മ സാക്ഷിയാകേണ്ടിവരുന്ന പ്രായമാണ് മദ്ധ്യവയസ്സ്.

അമ്മ അല്ലാതായിത്തീർന്നവൾ, ദാനം, അമ്മ, അപരിചിത, മദ്ധ്യവയസ്സ് എന്നീ അഞ്ചു കവിതകളാണ് ഇവിടെ പഠനവിധേയമാക്കിയത്. സമൂഹം, കുടുംബം, വ്യക്തി തുടങ്ങിയ മൂന്നു തലങ്ങളിലായി വ്യാപരിക്കുന്ന വ്യത്യസ്തങ്ങളായ സ്ത്രൈണഭാവങ്ങളിൽ ഏറ്റവുമധികം പുകഴ്ത്തപ്പെടുന്നത് മാതൃത്വം തന്നെയാണ്.

മാതൃത്വത്തിന്റെ കവിയായി വാഴ്ത്തപ്പെടുന്ന ബാലാമണിയമ്മയുടെ മകളായ മാധവിക്കുട്ടിയിലേക്കെത്തുമ്പോൾ മാതൃത്വത്തെ സ്വത്വനഷ്ടത്തിന്റെ തീവ്രവ്യഥയോടുകൂടി ആവിഷ്കരിക്കുന്ന യഥാർത്ഥ തുറന്നുപറച്ചിലിന്റെ സ്വരമായി കവിത മാറുന്നു. ഇവയും മാതൃത്വത്തിന്റെ കവിതകളാണ്. പരമ്പരാഗതസമൂഹം മുന്നോട്ടുവച്ചിരിക്കുന്ന സ്ത്രൈണമൂല്യങ്ങൾക്കോ മാതൃസങ്കല്പങ്ങൾക്കോ വഴങ്ങിക്കൊടുക്കാൻ തയ്യാറാകാത്ത, സ്വത്വനഷ്ടത്തെ തിരിച്ചറിയുകയും പ്രഖ്യാപിക്കുകയും ചെയ്യുന്ന മാതൃബിംബങ്ങളെയാണ് നാം ഈ കവിതകളിൽ കാണുന്നത്. മാതൃത്വത്തെ മറികടന്ന് മുന്നോട്ടു കുതിക്കുവാൻ ശ്രമിക്കുന്ന സ്ത്രീത്വത്തിന്റെ മുഖമാണ് ഈ അഞ്ചുകവിതകൾക്കും ഉള്ളത്.

സ്വത്വം വീണ്ടെടുക്കാൻ ശ്രമിച്ചതിന്റെ പേരിൽ അമ്മയല്ലാതായിത്തീർന്നവരും അമ്മയായതിന്റെ പേരിൽ സ്വത്വം നഷ്ടമായിപ്പോയവരും ഈ കവിതകളിൽ പ്രത്യക്ഷപ്പെടുന്നു. പാതിവ്രത്യത്തിന്റെയും പ്രസവത്തിന്റെയും താരാട്ടിന്റെയും വീടുനോക്കലിന്റെയും ഭർത്താവിന്റെയും മക്കളുടെയും സന്തോഷങ്ങൾക്കുവേണ്ടിയുള്ള ത്യാഗങ്ങളുടെയും കർമ്മമാതൃകകൾ പിന്നിട്ട് ജീവിതത്തിന്റെ അവസാനനാളുകളിൽ കട്ടിലിൽ കിടന്ന് ഒരു ഭ്രൂണത്തിന്റെ ആകൃതിയിലും നിസ്സഹായതയിലും ഉറക്കെ നിലവിളിക്കുന്ന മാതൃബിംബത്തെ നാമിവിടെ കണ്ടു. അത് ഒറ്റപ്പെട്ട കാഴ്ചയല്ല. നൈരന്തര്യത്തിന്റെയും ചാക്രികതയുടെയും സ്വഭാവമുള്ള യാഥാർത്ഥ്യമാണ്. അതുകൊണ്ടാണ് മരണാസന്നയായ

അമ്മയെ നോക്കുന്ന 'മകളായ അമ്മ'യുടെ ചിന്തകളിലൂടെ 'അപരിചിത'യിൽ കവയിത്രി ഈ യാഥാർത്ഥ്യമവതരിപ്പിച്ചത്. ഒരു കവിതയിൽത്തന്നെ രണ്ടു മാതൃബിംബങ്ങളെയാണ് ഈ അമ്മയിലൂടെയും മകളിലൂടെയും മാധവിക്കുട്ടി ആവിഷ്കരിച്ചത്. ഇത്തരം തീക്ഷ്ണമായ മാതൃബിംബങ്ങൾ മലയാളകവിതയ്ക്ക് അന്യമായിരുന്നു.

**ഉപസംഹാരം**

മുലപ്പാലിന്റെ ഗന്ധവും വാത്സല്യത്തിന്റെ ചൂടും സഹനത്തിന്റെ അശ്രുകണങ്ങളും അകമ്പടി സേവിച്ചിരുന്ന മാതൃബിംബങ്ങളിൽ നിന്ന് മലവും മൂത്രവും നിറഞ്ഞ കിടക്കയിൽ കിടന്ന് ജീവിതത്തിന്റെ ഏകാന്തതയെയും ശൂന്യതയെയും നോക്കി നിലവിളിക്കുന്ന മാതൃബിംബങ്ങളെ മാധവിക്കുട്ടി മലയാളകവിതയിൽ പ്രതിഷ്ഠിച്ചു. സാഹിത്യത്തിലെ പരമ്പരാഗത മാതൃബിംബപ്രതിഷ്ഠാപകർ കേൾക്കാതെപോയ പരുഷസ്വരങ്ങളെ അവർ ഗാർഹിക പരിസരങ്ങളിൽനിന്നു കണ്ടെത്തി ആവിഷ്കരിച്ചു.

തിരസ്കരിക്കപ്പെടുന്ന അമ്മമാരെ മാത്രമല്ല ഈ കവിതകളിൽ മാധവിക്കുട്ടി അവതരിപ്പിച്ചിരിക്കുന്നത്. പരീക്ഷാഫീസിനും രോഗശാന്തിക്കും ആഘോഷങ്ങൾക്കും വേണ്ടി വളയൂരിക്കൊടുത്ത്, ഒടുവിൽ കാന്തികെട്ട വിളക്കായി അകത്തളങ്ങളിൽ എരിഞ്ഞൊടുങ്ങുന്ന ചൂഷണം ചെയ്യപ്പെട്ട അമ്മമാരെയും ഈ കവിതകളിൽ അനുവാചകർക്ക് കാണാനാവും. സ്വത്വനഷ്ടത്തിന്റെ മാത്രമല്ല, സ്ത്രീയെ സംബന്ധിച്ച് ശാരീരികവും സാമ്പത്തികവുമായ ചൂഷണത്തിന്റെ ഇടം കൂടിയാണ് കുടുംബങ്ങൾ എന്ന് മാധവിക്കുട്ടി ഇവിടെ സാക്ഷ്യപ്പെടുത്തുന്നു. അമ്പലത്തിലേക്ക് പോകുന്നതിന്റെ തിരക്കിൽ പതിക്ക് നല്കാൻ കഴിയാതെപോയ സ്നേഹചുംബനത്തിന്റെയും മക്കൾക്കു പങ്കിട്ടുനല്കാൻ കഴിയാതെപോയ വാത്സല്യത്തിന്റെയും പേരിൽ ശ്രീകോവിലിനു

മുന്നിൽ നിന്ന് കുറ്റബോധത്തോടെ നീറുകയും വീടുതന്നെയാണ് ക്ഷേത്രം, ഭർത്താവിന്റെയും മക്കളുടെയും സുഖസന്തോഷങ്ങൾക്കു വേണ്ടിയുള്ള കർമ്മങ്ങൾ തന്നെയാണ് പ്രാർത്ഥന എന്ന തിരിച്ചറി വോടെ വീട്ടിലേക്കു മടങ്ങുകയും ചെയ്ത അമ്മയുടെ ചിത്രം ബാലാ മണിയമ്മയുടെ 'അമ്പലത്തിലേക്ക് വീണ്ടും' എന്ന കവിതയിലുണ്ട്. നാം അംഗീകരിക്കുകയും വാഴ്ത്തുകയും ചെയ്ത അത്തരം മാതൃബിം ബങ്ങളെ തകർക്കാനും തിരുത്താനുമാണ് തന്റെ കവിതകളിലൂടെ മാധ വിക്കുട്ടി ശ്രമിച്ചത്. അതുകൊണ്ടാണ് പ്രക്ഷുബ്ധമായ കടലിൽ ചാഞ്ഞും ചരിഞ്ഞും നീങ്ങുന്ന കപ്പൽ എന്ന ബിംബത്തോടു ബന്ധ പ്പെടുത്തി മാതൃത്വത്തെ വ്യാഖ്യാനിക്കാൻ അവർക്കു സാധിച്ചതും.

സമൂഹവും സമുദായവും മാതൃത്വത്തോടു പുലർത്തുന്ന സമീ പനങ്ങളെയും ഈ കവിതകൾ വിശകലനവിധേയമാക്കുന്നുണ്ട്. കമല യെന്നോ സുമയ്യയെന്നോ കൊച്ചുത്രേസ്യയെന്നോ അവളെ വിളിച്ചാലും നേരിടേണ്ടിവരുന്ന അനുഭവങ്ങൾക്ക് സമാനമായ വേദനയും ഭാഷയു മാണെന്ന് 'അമ്മ' എന്ന കവിതയിൽ മാധവിക്കുട്ടി വ്യക്തമാക്കുന്നുണ്ട്.

വിവാഹം, ദാമ്പത്യം, ശിശുപരിപാലനം, ഗൃഹഭരണം എന്നി വയോടു ബന്ധപ്പെടുത്തി ആണധികാരവ്യവസ്ഥിതികൾ രൂപകല്പന ചെയ്ത മൂല്യസങ്കല്പങ്ങൾ വൈയക്തികതലത്തിൽ സ്ത്രീയെ എത്ര മാത്രം ശൂന്യവത്കരിക്കുന്നു എന്നതാണ് ഈ കവിതകളുടെ മറ്റൊരു മാനം. ചുമരിലെ കണ്ണാടിയിൽ നോക്കി, സ്വയം തിരിച്ചറിയാനാകാതെ നില്ക്കുന്ന അമ്മമാരുടെ ചിത്രം ഈ കവിതകളിൽ ആവർത്തിച്ചു പ്രത്യ ക്ഷപ്പെടുന്നു. മുഖം നഷ്ടപ്പെട്ട അമ്മമാരെയാണ് മാധവിക്കുട്ടി കാണി ച്ചുതരുന്നത്. കണ്ണാടിയിലെ പ്രതിബിംബത്തിൽ അവർക്കു തങ്ങളുടേ തായി കാണാനാവുന്നത് ദുഃഖം തളംകെട്ടിനിൽക്കുന്ന കണ്ണുകൾ മാത്ര മാണ്. ചിലരാകട്ടെ, നാളെ തങ്ങൾ എത്തിച്ചേരേണ്ട വാർദ്ധക്യത്തിന്റെ

നിസ്സഹായ രൂപങ്ങളെ കണ്ട് വീടിന്റെ ചുമരുകൾക്കുള്ളിൽ നിസ്സഹായരാവുന്നു. തുണ്ടം തുണ്ടമായി ബലികൊടുക്കപ്പെടുന്ന ഒരു നിസ്സഹായ ജീവിയുടെ മാനസിക പ്രതികരണങ്ങൾ പോലെ മാതൃത്വത്തിന്റെ ആന്തരികസംഘർഷങ്ങളെ വെളിപ്പെടുത്തുവാൻ കവയിത്രിക്ക് സാധിച്ചിരിക്കുന്നു.

മലയാളകവിതയ്ക്കു പരിചിതമായ മാതൃബിംബങ്ങളിൽനിന്നുള്ള പരിണതികളാണ് ഈ കവിതകൾ പ്രതിഫലിപ്പിക്കുന്നത്. ഭാഷയിലും ബിംബകല്പനകളിലും മാതൃത്വവുമായി ബന്ധപ്പെട്ട ഗാർഹികപരിസരങ്ങളുടെ ചിത്രീകരണത്തിലും ഈ പരിണതിയെ സൂക്ഷ്മമായി അടയാളപ്പെടുത്തുവാൻ മാധവിക്കുട്ടിക്ക് കഴിഞ്ഞിരിക്കുന്നു.

## കുറിപ്പുകൾ

1. Simone de Beauvoir, *The Second Sex* (Harmondsworth: Penguin, 1987), page 295.
2. ജോളി വർഗ്ഗീസ്, *ഫെമിനിസവും ശരീരശാസ്ത്രവും* (ഫെമിനിസം: എഡി. ജാൻസി ജയിംസ്), കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000, പുറം 9.
3. Adrienne Rich - *Poetry and Experience*, Ed. by Barbara and Albert Gelpi, 1975, page -90.
4. മാധവിക്കുട്ടി, *മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം*, ഡി. സി. ബുക്സ്, 2017, പുറം 1051–1052.
5. അതിൽത്തന്നെ, പുറം 1049.

6. അതിൽത്തന്നെ, പുറം 1036.
7. അതിൽത്തന്നെ, പുറം 1036.
8. അതിൽത്തന്നെ, പുറം 1030.
9. അതിൽത്തന്നെ, പുറം 1030.
10. അതിൽത്തന്നെ, പുറം 1030.
11. മാധവിക്കുട്ടി, മദ്ധ്യവയസ്സ് (നീർമാതളം - മാധവിക്കുട്ടി; എഴുത്തും ജീവിതവും, എഡി. ജസ്സി അലക്സാണ്ടർ), മഹാത്മാഗാന്ധി സർവ്വകലാശാല പ്രസിദ്ധീകരണവിഭാഗം, 2018, പുറം 63.
12. അതിൽത്തന്നെ, പുറം 63.

## സഹായകഗ്രന്ഥങ്ങൾ


1. ജാൻസി ജയിംസ്, *ഫെമിനിസം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം: 2000.
2. മാധവിക്കുട്ടി, *മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം*, ഡി. സി. ബുക്സ്, കോട്ടയം: 2009.
3. ലീലാവതി എം., *മലയാളകവിതാസാഹിത്യചരിത്രം*, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ : 1980.
4. ലീലാവതി എം., *കവിതാധ്വനി*, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം : 2009.
5. സുജാറാണി മാത്യു, *വുമണിസം - സ്ത്രീചിന്തയും സിദ്ധാന്തങ്ങളും*, കൈരളി ബുക്സ്, കണ്ണൂർ : 2008.

# നാഗരികതയും മാനവികതാവാദവും മാധവിക്കുട്ടിയുടെ രചനകളിൽ

**സുഭാഷ് വി.ആർ.**

നഗരം ഇന്ന് മെട്രോപോളിറ്റൻ, അർബൻ എന്നിങ്ങനെ വിഭജിക്കപ്പെട്ട് ഭരണസൂചികകളിൽ അടയാളപ്പെട്ടു നിൽക്കുന്നു. ജനസംഖ്യ അനുപാതത്തിൽ അവയുടെ ബൃഹദവസ്ഥയും നിർവ്വചിക്കപ്പെടുന്നു. അരനൂറ്റാണ്ട് മുൻപ് കേരളീയ പശ്ചാത്തലത്തിൽ മഹാനഗരങ്ങളായി സൂചിപ്പിക്കപ്പെട്ടിരുന്ന ബോംബെ (മുംബൈ), കൽക്കട്ട (കൊൽക്കത്ത), മദ്രാസ് (ചെന്നൈ) എന്നിവ നവസാഹചര്യങ്ങളിൽ ഭിന്നനാമങ്ങളും ഭിന്നമായ സാംസ്കാരിക അവസ്ഥകളും അഭിമുഖീകരിച്ചു. കൊളോണിയൽ ഘട്ടത്തിലും അവയ്ക്ക് ശേഷവും ഇന്ത്യൻ ദേശീയതയുടെ പ്രമുഖ കേന്ദ്രമണ്ഡലങ്ങളായിരുന്നു അവ. സവിശേഷമായ സംഭാവനകൾ രാഷ്ട്രീയത്തിലും സൗന്ദര്യശാസ്ത്ര-സാഹിത്യമണ്ഡലത്തിലും നൽകാൻ പാകത്തിൽ നഗരം മനുഷ്യശേഷികളുടെ ഇടങ്ങളായി മാറി. തൊഴിൽ അന്വേഷിച്ചുകൊണ്ടും മെച്ചപ്പെട്ട ജീവിതസന്നാഹങ്ങൾക്കായും ഗ്രാമ്യ സാഹചര്യങ്ങളിൽ നിന്നുള്ള മനുഷ്യന്റെ പ്രയാണത്തിന് നൂറ്റാണ്ടുകൾ പഴക്കമുണ്ട്. മനുഷ്യനും നഗരവും ചേർന്നു നിൽക്കുമ്പോൾ രൂപപ്പെട്ടുവരുന്ന സാധ്യതകൾക്ക് സമാന്തരമായി അവയുടെ പരിധികൾക്കുള്ളിൽ സംഘർഷങ്ങളുടെയും സമ്മർദ്ദങ്ങളുടെയും ചാർച്ചകളും വിനിമയം ചെയ്യപ്പെടാറുണ്ട്. മലയാളഭാഷയിൽ സൗന്ദര്യശാസ്ത്രപരമായ ഭാവുകത്വത്തിന് വ്യതിയാനവും വിപ്ലവവും സൃഷ്ടിച്ച തൊഴിൽ-ജീവിത കുടിയേറ്റം നിരവധിസർഗ്ഗവ്യക്തിത്വങ്ങളെ രൂപപ്പെടുത്തി. കുമാരനാശാന്റെ

സർഗ്ഗരചനാ കാലയളവിൽ ആരംഭിച്ച് ഉത്തരാധുനികത വരെയുള്ള കാലയളവിലെ സർഗ്ഗഭാവനയെ ചെറുതും വലുതുമായ നഗരസഞ്ച യങ്ങൾ സ്വാധീനിച്ചിട്ടുണ്ട്. പ്രസ്തുത ധാരയിലേക്ക് ചേർക്കാൻ കഴിയുന്ന നാഗരികജീവിതത്തിന്റെ ഭാവുകത്വത്തെ ചെറുകഥയുടെ പശ്ചാത്തലത്തിൽനിന്ന് വീക്ഷിക്കുകയും രചിക്കുകയും ചെയ്ത സർഗ്ഗവ്യക്തിത്വമാണ് മാധവിക്കുട്ടിയുടേത്. വ്യത്യസ്ത പശ്ചാത്ത ലമുള്ള പ്രവാസജീവിതങ്ങളുടെ ബഹുസ്വര സംസ്കാരസ്ഥാനം കൂടിയാണ് നാഗരികത. മധ്യവർഗ്ഗ-ഉന്നതമധ്യവർഗ്ഗ-സമ്പന്ന വിഭാഗങ്ങൾക്ക് മറുപുറമായി ദാരിദ്ര്യാവസ്ഥകളും ചേരിജീവിതങ്ങളും ഇടംപിടിക്കുന്നു. ഇന്ത്യൻഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കുള്ള ചേക്കേറൽ നഗരജീവിതങ്ങളെ അതിജീവനത്തിന്റെ ഉള്ളിൽനിന്ന് സംഘർഷപ്പെടുത്തുന്നു. ഈ കുടിയേറ്റത്തിന്റെ മധ്യവർത്തി ജീവിത ത്തിലെ സ്ത്രൈണകാഴ്ചകളും സംഘർഷങ്ങളും രചനാപരമായ സവിശേഷതയായി മാധവിക്കുട്ടിയുടെ കഥാലോകങ്ങളിൽ കണ്ടെ ടുക്കാം. ഉന്നത വിദ്യാഭ്യാസം സൃഷ്ടിച്ച സാധ്യതകൾ കേരളീയ സാഹച ര്യങ്ങളിലെ മധ്യവർഗ്ഗ യുവത്വത്തെ നഗരങ്ങളിലേക്ക് ആകർഷിച്ചു. തങ്ങളുടെ ആശകളുടെയും സ്വപ്നങ്ങളുടെയും സഫലീകരണ സ്ഥാനമായി അവർ അതിനെ കണ്ടു. അവരെ പിന്തുടർന്ന് നഗരങ്ങളിൽ അണുകുടുംബങ്ങൾ രൂപപ്പെട്ടു. തികച്ചും വ്യത്യസ്തവും ചടുലവുമായ ജീവിത സാഹചര്യങ്ങളിലേക്ക് എറിയപ്പെട്ടതിന്റെ വിഭ്രാന്തിയും അവരിൽ ഉടലെടുത്തു. തൊഴിൽവിഭവ-വിനിമയ ശേഷികളിലേക്ക് കടന്നുവരാൻ ആരംഭിച്ചിട്ടില്ലാത്ത സ്ത്രീകളെയും കുട്ടികളെയും ദരിദ്രജനവിഭാഗങ്ങളെയും ഇത് പ്രതിലോമകരമായി ബാധിച്ചു. എഴുത്തുകാരിയുടെ കാഴ്ചകൾ ഈ വിഭാഗങ്ങളിലേക്ക് സർഗ്ഗപരമായി കേന്ദ്രീകരിച്ചു. തീവ്രമായ മാനവികതയുടെ മാനകങ്ങൾ കൊണ്ട്

നഗരത്തെയും ജീവിതങ്ങളെയും അവർ അളന്നു.

**കുടുംബവും നാഗരികതയും മാനവികതയും**

മാനവികത എന്ന സങ്കല്പനം യൂറോപ്യൻ പ്രബുദ്ധതയുടെ കാലഘട്ടങ്ങളിൽ ഉയർന്നുവരികയും ലോകമെമ്പാടും വ്യാപിക്കുകയും ചെയ്തു. യൂറോ കേന്ദ്രീകൃത ലോകഘടനയുടെ ഭാഗമായി കൊളോണിയൽ രാഷ്ട്രങ്ങളിലേക്കും അവ പ്രചരിച്ചു. ഉദാത്തതയുടെയും നവോത്ഥാനത്തിന്റെയും ചേരികളിൽ ഈ മനുഷ്യകേന്ദ്രീകൃത പക്ഷപാതം പ്രമുഖസ്ഥാനം കൈയടക്കി. ആധുനികതയുടെ ദശകങ്ങളിൽ ഉയർന്ന തോതിലുള്ള വ്യക്തികേന്ദ്രിതവാദം വരുത്തിവെച്ചവിനകളുടെ പ്രത്യാഘാതമായി അവയുടെ നിരാസം ഉയർന്നുവന്നു. നഗരകേന്ദ്രീകൃതമായി നൈരാശ്യത്തിലേക്കും തീവ്രവിഷാദത്തിലേക്കും മടങ്ങുന്ന ദർശനങ്ങളുടെ പ്രചരിതഘട്ടത്തിലേക്ക് വഴുതിമാറി. ഈ രചനാഭാവുകത്വഘട്ടത്തിൽ നഗരകേന്ദ്രീകൃതമായി എന്നാൽ, മാനവികതയിൽ ഊന്നിനിന്നുള്ള അന്വേഷണങ്ങളാണ് മാധവിക്കുട്ടി പുലർത്തിപ്പോന്നത്. മാനവികതാവാദത്തിന് നിരവധി ധാരകളുണ്ട്. മതപരം, മതേതരം, സോഷ്യലിസം എന്നിങ്ങനെ അവ വ്യത്യാസപ്പെടുന്നു. മതപരമായ മാനവികത വിശ്വാസത്തിലും മതേതരമാനവികത യുക്തിയിലും സോഷ്യലിസ്റ്റ് മാനവികത മർദ്ദിത-ചൂഷിതവർഗ്ഗ മോചനത്തിലും പക്ഷംചേരുന്നു. മനുഷ്യസ്നേഹത്തിനും പരസ്പരബന്ധത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള ഈ വാദങ്ങളിൽ വിശ്വാസപരവും യുക്തികേന്ദ്രീകൃതവുമായ വ്യത്യസ്ത ചേരികൾ രൂപപ്പെട്ടു. എന്നാൽ ഇവയുടെയെല്ലാം അടിസ്ഥാന ഏകകം മനുഷ്യൻ എന്ന സത്ത മാത്രമായിപരിമിതപ്പെട്ടു. ഇവയുടെയെല്ലാം മിശ്രണമായ അതിമാനവികതയുടെ (മെറ്റാഹ്യൂമനിസം)സ്വഭാവസവിശേഷതയാണ് മാധവിക്കുട്ടിയുടെ നഗരകഥകളിൽ രേഖപ്പെടുത്തുന്നത്. അവ

ഒന്നിലധികം മണ്ഡലങ്ങളെ നഗരകേന്ദ്രീകൃതമായ കുടുംബ ഘടനയിൽ നിന്നുകൊണ്ട് സ്പർശിക്കുന്നു.

മനുഷ്യനിർമ്മിത സാമൂഹിക ഘടനാരൂപമാണ് നഗരം. അതുകൊണ്ടുതന്നെ അവയ്ക്കുള്ളിൽ ഭരണ-അധികാര വർഗ്ഗരൂപങ്ങൾ നിയന്ത്രണശക്തിയായി നിലനിൽക്കും. അധികാരഘടനയുടെ നിലനിൽപ്പിനായി അവയ്ക്കുള്ളിലെ ചരക്കുകളേയും ശരീരങ്ങളേയും സേവനസന്നദ്ധമായി നിലനിർത്താൻ സജ്ജമായിരിക്കുകയും ചെയ്യും.[1] അധികാരരൂപങ്ങളോടുള്ള നിർവ്യാജമായ വിധേയത്വവും യന്ത്രസമാനമായ സേവനസന്നദ്ധതയും നഗരത്തിനുള്ളിലെന്ന പോലെ നഗര കുടുംബ ഘടനയ്ക്ക് അകത്തേക്കും വ്യാപിക്കുന്നുണ്ട്.

'കോലാട്' എന്ന കഥയിൽ മധ്യവയസ്കയായ അമ്മയോട് മകൻ പറയുന്നത് അവർക്ക് കോലാടിന്റെ രൂപമാണ് എന്നാണ്. ആ സ്ത്രീയുടെ സേവനം മുഴുവൻ കുടുംബത്തിന്റെ അകത്തളങ്ങൾ സജീവമായി നിർത്തുന്നതിനായാണ് വിനിയോഗിച്ചത്. രോഗം ബാധിച്ച അവസ്ഥയിൽ തന്റെ സേവനമേഖല മന്ദീഭവിച്ചതിൽ അവർ ആകുലപ്പെട്ടു. അതിന് വിഘ്നം വരാതിരിക്കാൻ അവർ യന്ത്രങ്ങൾ തിരിയുന്ന ആവേഗത്തിൽ മറ്റൊരു യന്ത്രരൂപമായി അവർക്കുതന്നെ തിരിച്ചറിയാനാവാത്ത വിധേയത്വത്തിന്റെ തലത്തിൽ സമർപ്പി ക്കുന്നു.

'മതിലുക'ളിലെ നാരായണൻകുട്ടി സ്ഥാപനത്തിനുവേണ്ടി ജീവിതം സമർപ്പിച്ച ആളാണ്. ജോലിസ്ഥലത്തെ മത്സരങ്ങളിൽ അയാൾ എല്ലാവരെയും മറികടന്ന് ഉന്നതസ്ഥാനങ്ങൾ കരസ്ഥമാക്കുന്നു. ആ അവസ്ഥയിൽനിന്ന് തന്റെ കുടുംബത്തിലേക്ക് നോക്കുമ്പോൾ അയാൾ കാണുന്നത് തികച്ചും അപരിചിതരായ മുഖങ്ങളുള്ള ആൾക്കൂട്ടങ്ങളെയാണ്. അപരിചിതത്വവും ആൾക്കൂട്ടവും അന്യവത്കരണവും നഗരഘടനയ്ക്കുള്ളിലെ സ്വാഭാവികതയാണ്. അയാൾ

സ്വയം കരുതുന്നത്, 'പലപ്പോഴും അവരുടെ ഇടയിൽ ഇരിക്കുമ്പോഴാവും തനിക്ക് തോന്നുന്നത് ഞാനെന്തിനാണ് ഇവരുടെ ഇടയിൽ ഇരിക്കുന്നത്? എങ്ങോ വഴിതെറ്റി ചെന്നെത്തിയ പോലെ(മാധവിക്കുട്ടി, 2012:64.) പരിചിത ലോകങ്ങളിൽ തുടരുമ്പോഴും അനുഭവവേദ്യമാകുന്ന ഈ അപരചിതത്വം ഒരു തുടർച്ചയായി നാഗരിക പശ്ചാത്തലത്തിൽ വരുന്ന ഓരോ കഥാപാത്രത്തെയും പിന്തുടരുന്നു.

'നെയ്പ്പായസം' എന്ന കഥയിലെ ഗൃഹനാഥൻ ഭാര്യയുടെ മരണാനന്തര ചടങ്ങ് കഴിഞ്ഞ് മടങ്ങുന്നത് രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്: 'രാത്രി വീട്ടിലേക്ക് മടങ്ങുന്ന ആ മനുഷ്യനെ നമുക്ക് അച്ഛൻ എന്ന് വിളിക്കാം. കാരണം, ആ പട്ടണത്തിൽ അയാളുടെ വില അറിയു ന്നവർ മൂന്ന് കുട്ടികൾ മാത്രമേയുള്ളൂ. അവർ അയാളെ അച്ഛാ..എന്നാണ് വിളിക്കാറുള്ളത്'(മാധവിക്കുട്ടി,2012: 64). സ്വയം കീഴടങ്ങിനിൽക്കുന്ന മനുഷ്യസ്വത്വങ്ങൾക്ക് അസ്തിത്വം നൽകുന്നത് നഗരത്തിനെ ആശ്രയിച്ചുള്ള അവരുടെ അതിജീവനമാണ്. അതേ നഗരംതന്നെ അവരെ ഒറ്റതിരിച്ച് ഏകനും നിരാശ്രയനുമെന്ന പരിവേഷം നൽകുന്നു. കുടുംബഘടനയ്ക്കുള്ളിൽ ഓരോ കഥാപാത്രങ്ങളും അസ്തിത്വം നേടിയെടുക്കുന്നത് ഗൃഹനാഥൻ, നാഥ, അച്ഛൻ, അമ്മ, ഭാര്യ,ഭർത്താവ് എന്നീ സംജ്ഞകളുടെ രൂപത്തിലാണെങ്കിലും അവയിൽത്തന്നെ അവർ പരസ്പരം വിഘടിച്ച് മുന്നോട്ട് പോകാൻ പ്രേരിപ്പിക്കപ്പെടുന്നു. നാഗരിക കുടുംബഘടനയ്ക്കുള്ളിലെ മാനുഷികമായ ഈ ഒറ്റതിരിയൽ അനുതാപപൂർവ്വം അവതരിപ്പിക്കുന്നതിൽ കഥാകാരിയുടെ രചനാലോകം സജീവമാണ്.

**മാനവികജീവിതങ്ങളും അമാനവികശരീരങ്ങളും**

ഒന്നിനും കാത്തുനിൽക്കാതെ ദ്രുതഗതിയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന അർബൻ ലോകത്തിന് അവയുടെ വേഗക്കുരുക്കു

കളിൽ കുടുങ്ങുന്ന ജീവിതങ്ങൾ നൈമിഷികമായ കാഴ്ചയോ അനുഭവമോ ആയി ചുരുക്കപ്പെടുന്നു. ചേർന്നു നിൽക്കുമ്പോഴും തന്റേ തല്ലാതാകുന്ന ശരീരവും മനസ്സും വഹിച്ചുകൊണ്ട് യാന്ത്രികമാകുന്ന ജീവിതത്തിന്റെ ഉടമസ്ഥാവകാശം പേറുന്ന നിരവധി കഥാപാത്രങ്ങൾ ആ ചെറുകഥാലോകത്തിലേക്ക് കടന്നുവരുന്നു. പാതിവ്രത്യമെന്ന സമസ്യയിലെ സ്ത്രീ തന്റെ ഭർത്താവിനെ വിലയിരുത്തുന്നത്: 'അയാളുടെ സ്നേഹത്തിന് പഴകിയ വിയർപ്പിന്റെയും ശുക്ലത്തിന്റെയും മണമാണ്. ചലവും ശുക്ലവും മദ്യവും കൂട്ടിച്ചേർത്തുണ്ടാക്കിയ ഒരു രാസവസ്തുവാണ് സ്നേഹം'(മാധവിക്കുട്ടി, 2017:56). നിർജ്ജീവമായ മനസ്സുമായി നഗരത്തിൽ വസിക്കുന്ന ദമ്പതിമാരാണ് അവർ. അയാൾ, അവളുടെ ഭൂതകാലത്തെ ഓർമ്മപ്പെടുത്തിക്കൊണ്ട് നിരന്തരം അധി ക്ഷേപിക്കുന്നു. അവളാകട്ടെ, ആന്തരികമായി നിഷേധിച്ച് അയാളെ തന്റെകൂടെ വഹിക്കുന്നു. നഗരത്തിന്റെ സൂചനകളൊന്നും പ്രത്യക്ഷ ത്തിൽ കടന്നുവരുന്നില്ല എങ്കിലും അവ സഞ്ചരിക്കുന്നതും പ്രകടമാ ക്കുന്നതും നാഗരിക ജീവിതാവസ്ഥകളുടെ സ്നേഹരാഹിത്യ ത്താലുള്ള മാനുഷികമായ പതനാവസ്ഥയാണ്. ഉന്നത ഉദ്യോഗ സ്ഥനായ പുരുഷൻ (ഭർത്താവ്), കുടുംബിനിയായ സ്ത്രീ(ഭാര്യ), ഇരുവർക്കുമിടയിൽ വിഭജിക്കപ്പെട്ടുനിൽക്കുന്ന ആശയ വിനിമയം, അവയ്ക്ക്പശ്ചാത്തലമായി തിരക്കേറിയ ദ്രുതചലനങ്ങളെ പ്രകടിപ്പിച്ച് നിലകൊള്ളുന്ന നഗരം- ഇത് മാധവിക്കുട്ടിയുടെ കഥകളിൽ ആവർ ത്തിച്ച് കടന്നുവരുന്ന പാത്രപശ്ചാത്തലങ്ങളാണ്. എന്നാൽ, ഭാഷാ പരമായ പരിചരണംകൊണ്ടും മാനുഷികമായ സ്നേഹത്തിനു വേണ്ടിയുള്ള ഉൽക്കടമായ ആഗ്രഹത്തിനാലും നവത്വം നൽകി അവത രിപ്പിക്കുന്നതിനാൽ ഓരോ കഥയും വേറിട്ട് അനുഭവപ്പെടുന്നു.

'പക്ഷിയുടെ മണം' എന്ന കഥ നാഗരികതയുടെ സ്ഥലവിഭ്രാ

ന്തിയിൽ സന്ദേഹപ്പെടുകയും സ്വപ്നസമാനമായ ബോധതല ത്തിലേക്ക് വഴുതിവീഴുന്ന സന്ദർഭങ്ങൾ രൂപപ്പെടുത്തുന്നുമുണ്ട്. മരണ ത്തിന്റെ ഭാവം ധരിച്ചെത്തിയ ചെറുപ്പക്കാരൻ തൊഴിലന്വേഷകയായ സ്ത്രീയോട് പറയുന്നു: സ്നേഹത്തിന്റെ പരിപൂർണ്ണത കാണിച്ചു തരുവാൻ എനിക്ക് മാത്രമേ കഴിയുകയുള്ളൂ. എനിക്ക് നീ ഓരോന്നായി കാഴ്ചവെയ്ക്കും.. ചുവന്ന ചുണ്ടുകൾ, ചാഞ്ചാടുന്ന കണ്ണുകൾ,അവയവ ഭംഗിയുള്ള ദേഹം എല്ലാം... (മാധവിക്കുട്ടി, 2012:56) നിർജ്ജീവമായ കുടുംബം, നഗരം, തൊഴിലിടങ്ങൾ എന്നിവയുടെ വ്യവഹാരത്തിൽ നിന്ന് സ്നേഹം ചോർന്നുപോകുന്ന സന്ദർഭത്തിൽ മരണംതന്നെ സ്നേഹം എന്ന ആത്മനിഷേധത്തിന്റെ ബോധത്തിലേക്ക് വഴുതിപ്പോ കുന്നു. സ്നേഹനിരാസത്താലുള്ള ഈ നൈരാശ്യത്തിന് പ്രതിവി ധിയായി സ്വയം ഹനിക്കലിനെ സ്വപ്നസദൃശമായ സാന്ത്വനമായി കരു തുന്നു. നിഷേധിക്കുകയും അവഗണിക്കപ്പെടുകയും ചെയ്യുന്ന മനസ്സി നോടും ശരീരത്തിനോടുമുള്ള ആത്മപീഢാപരമായ ഭാവം കഥകളിൽ വർത്തിക്കുന്നു. പലപ്പോഴും ഈ അവഗണനയും നിഷേധവും വ്യക്തി സ്വത്വംതന്നെ അപരപ്പെടുത്തുന്ന അനുഭവലോകങ്ങളും കഥകളിലുണ്ട്.

'കല്യാണി' എന്ന കഥയിൽ ഭർത്താവിനെ ഓഫീസിലയച്ച് കാറിൽ വീട്ടിലേക്ക് മടങ്ങുന്ന അമ്മിണിയെ പോലീസ് ബന്ദിയാക്കു കയും അവൾ കല്യാണിയാണെന്ന് ആരോപിക്കുകയും ചെയ്യുന്നു. ഭർത്താവ് അവിടെ എത്തുന്നുണ്ടെങ്കിലും വേശ്യയെന്ന് ആരോപിച്ച് അയാളും അവളെ തള്ളിപ്പറയുന്നു. അമ്മിണി തേങ്ങിക്കരയുമ്പോൾ മേലധികാരി അവളോട് പറയുന്നു:

'നീ കല്യാണിയാണ്. നീ എന്നുമെന്നും എന്റെ കല്യാണിയാണ്. ക്ഷീണംകൊണ്ട് അടഞ്ഞുപോകുന്ന കണ്ണുകളോടെ അവൾ ആ രോമമില്ലാത്ത മുഖത്തേക്ക് നോക്കി. ഞാൻ കല്യാണിയാണോ? അവൾ

ചോദിച്ചു. അതെ, നീ കല്യാണിയാണ്'(മാധവിക്കുട്ടി, 2012:33)

അമ്മിണിയെന്ന കുടുംബിനിയും കല്യാണിയെന്ന അപരയും ഒരേ സന്ദർഭത്തിൽ ആരോപിതയാക്കപ്പെടുന്നു. തന്റേതെന്ന് കരുതുന്ന സ്വത്വം അമ്മിണിക്ക് നഷ്ടമാകുന്നു. ആരോപിക്കുന്ന അപരബോധത്തെ തന്റേതായി കരുതാൻ അവൾ നിർബന്ധിക്കപ്പെടുന്നു. ഈ നിർബന്ധബുദ്ധിയും സ്വത്വനിർമ്മിതിയും അധികാര ഘടന അടിച്ചേൽപ്പിക്കുന്ന വിധേയത്വത്തിനുള്ളിൽനിന്ന് വഴങ്ങിക്കൊടുക്കാൻ വ്യക്തികൾ പ്രേരിതരാകുന്നു. യഥാർത്ഥത്തിലുള്ള കല്യാണിയും അപരയായ അമ്മിണിയും സംയോജിപ്പിക്കപ്പെടുന്നത് കീഴടങ്ങലുകളിലൂടെ സ്വന്തം സ്ഥാനത്തെ കണ്ടെത്തുമ്പോഴാണ്. നഗരഅരികുകളിലെ ഗ്രാമീണതകൾ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യം തുലോം കുറഞ്ഞ നഗര ചുറ്റുപാടുകളിൽനിന്ന് ഓർമ്മകളിലേക്ക് മടങ്ങുന്ന നഷ്ടസ്മൃതികൾ നാഗരിക കഥകളുടെ ആന്തരിക ഘടനയായി പ്രത്യക്ഷപ്പെടാറുണ്ട്. എന്നാൽ, മാധവിക്കുട്ടിയുടെ രചനകളിൽ ഗൃഹാതുരത്വത്തിന്റെ മാതൃകകളായല്ല ആ കഥകൾ കടന്നുവരുന്നത്. നഗരവത്കരണവും വാർദ്ധക്യവും ചേർന്ന് സൃഷ്ടിക്കുന്ന വ്യഥകളിൽ വിദൂര എതിർസ്ഥാനങ്ങളിൽ അവ പരസ്പരം വിരുദ്ധപ്പെട്ടു നിൽക്കുന്നു. പുതുതലമുറ നഗര കുടിയേറ്റവും തൊഴിൽ സ്ഥിരതയും തേടി പുറപ്പെട്ട അവസ്ഥകളിൽ നഗരത്തിന്റെ എതിർപിന്നാമ്പുറങ്ങളിൽ മുതിർന്ന തലമുറ അടിഞ്ഞു കൂടുന്നു.

ആകർഷിത വസ്തുവായി പുറത്ത് നിൽക്കുന്ന നഗരത്തെയും സമാന്തര ഗ്രാമീണ പ്രാദേശികതകളിൽ ജീവിതം ദ്രവിച്ചുതീർന്നു കൊണ്ടിരിക്കുന്ന വാർദ്ധക്യത്തെയും അടയാളപ്പെടുത്തുന്ന കഥയാണ് 'സുഭദ്രാമ്മ'. ഏകാന്തതയുടെ അന്തർവ്യഥകളിൽ മുഴുകുമ്പോഴും സുഭദ്രാമ്മ മക്കളോടുംചുറ്റുമുള്ളവരോടും വെളിപ്പെടുത്തുന്നു. 'ഇയ്ക്ക്

ചെല ചിട്ടയൊക്കെണ്ട്. ആറ് മണിക്ക് കുളി. പിന്നെ, ലളിതാസഹസ്ര നാമം. ഏഴരയ്ക്ക് രണ്ട് ദോശ. കൊറേ ചായ, പിന്നെ പന്ത്രണ്ടിന് ചോറും മൊളൂഷ്യോം. കയ്പക്കേടെ മെഴുക്കുപുരട്ടീം. രാത്രി എട്ടിന് കെടപ്പ്. ഈ ചിട്ടയൊന്നും അമേരിക്കേൽ നടക്കില്യ'(മാധവിക്കുട്ടി, 2012:96) നഗരത്തിലേക്ക് ചേക്കേറിയാൽ ചോർന്നുപോകാനിടയുള്ള ജീവിതസന്ദർഭങ്ങളെ ഒറ്റപ്പെടലിനെക്കാൾ ബീഭത്സമായി സുഭദ്രാമ്മ യെന്ന എൺപതുകാരി കണക്കാക്കുന്നു. ഈ വേറിട്ടുകാണൽ നാഗരിക ജീവിതത്തിലേക്ക് കടന്നു ചെല്ലുന്നതിലുള്ള അതൃപ്തിയെക്കാൾ ഉപരി അണുകുടുംബങ്ങളിലെ വാർദ്ധക്യങ്ങളുടെ പരാധീനതകളായി ചിത്രീ കരിക്കാൻ കഥാകാരിക്ക് സാധിച്ചിരിക്കുന്നു.

'വേനലിന്റെ ഒഴിവിൽ' എന്ന കഥയിലെ മുത്തശ്ശിയും അമ്മുവും ജീവിതത്തിന്റെ വ്യത്യസ്ത അരികുകളിൽ നിൽക്കുന്നവരാണ്. വേനൽ ഒഴിവിൽ അവൾ മുത്തശ്ശിയുടെ നാട്ടിൻപുറത്ത് വന്നുചേരുന്നു. നഗരത്തിലേക്കുള്ള മടക്കത്തിൽ തിരിച്ചുവരവിനായി അവളുടെ ബാല്യം ആഗ്രഹിക്കുന്നു. തീവണ്ടിയിൽ വെച്ച് അച്ഛനോട് ചോദിക്കുന്നത് 'മുത്തശ്ശി ഇനിയത്തെ കൊല്ലമാവുമ്പോഴേയ്ക്ക് മരിക്കോ? (മാധവിക്കുട്ടി, 2012:51) എന്നാണ്. ഇല്ല എന്ന അർത്ഥ ശൂന്യമായ ഉറപ്പാണ് അയാൾ നൽകുന്നത്. തന്നെ ദുർബലമാക്കുന്ന ഓർമ്മകളിൽനിന്ന് ഓടിമറയാൻ അമ്മുവിന്റെ അച്ഛൻ നഗരത്തിൽ ത്തന്നെ സ്ഥിരവാസമാക്കുന്നു. ഭാര്യയുടെ ഓർമ്മകൾ നഗരം മായ്ക്കുമെന്ന് അയാൾ ആശിക്കുന്നു. അമ്മുവാകട്ടെ മുത്തശ്ശിയുടെ തുടർച്ചയായി നിൽക്കാൻ ആഗ്രഹിക്കുന്നു. വളർച്ച മുരടിച്ച ഞാവൽ മരത്തിൽ കായ്ക്കാനിടയുള്ള ഫലങ്ങളും മുത്തശ്ശിയുടെ സ്നേഹവും ആകർഷിക്കുന്ന ഘടകമായി അമ്മുവിലുണ്ട്. നഗരത്തിന്റെ അരികുകളിൽനിന്ന് ഗ്രാമത്തിലേക്കുള്ള കണ്ണിയായി അമ്മുവിനെ

വളർത്തിനിർത്താൻ കഥാകാരി ശ്രമിക്കുന്നു.

**നാഗരികക്രൗര്യവും ഭീതിപാഠങ്ങളും**

അക്രമവാസനയുടെ കേദാരമായ നഗരാന്തർഭാഗങ്ങളുടെ ആവിഷ്കരണം കൊണ്ട് പ്രശസ്തമാണ് എം. മുകുന്ദൻ രചിച്ച 'ദൽഹി 1981'. നഗരജീവിതത്തിന്റെ ദയാരാഹിത്യവും മനുഷ്യത്വഹീനതയും കഥാന്തരങ്ങളിലൂടെ മലയാളസാഹിത്യ ഭാവുകത്വത്തെ പ്രകമ്പനം കൊള്ളിച്ചു. എന്നാൽ ആ കഥയ്ക്ക് മുൻപുതന്നെ നാഗരികതയുടെ ശുഷ്കമായ ദയാവായ്പിന്റെ തീവ്രത പ്രകടമാക്കിയ മാധവിക്കുട്ടിയുടെ രചനയാണ് 'സ്വയംവരം'(1962). ബോംബെ നഗരത്തിൽ അരങ്ങേറിയ ഒരക്രമത്തിന്റെ പശ്ചാത്തലത്തിലാണ് അത് രചിക്കപ്പെട്ടിട്ടുള്ളത്. കഥയുടെ വിശ്വാസ്യത ചോദ്യം ചെയ്യുന്ന പ്രവണത അക്കാലത്ത് ഉണ്ടായിരുന്നു. അതുകൊണ്ട്, അവിശ്വസനീയമായ ക്രൂരയാഥാർത്ഥ്യത്തിന്റെ ആവിഷ്കരണമായി ആ രചന മാറി. വൃദ്ധയും ഭ്രാന്തിയുമായ ഒരു സ്ത്രീ താൻ അവന്തിയിലെ രാജകുമാരിയാണ് എന്ന് സ്വയം കരുതി. മൂന്ന് തെമ്മാടികൾ അവർ രാജകുമാരന്മാർ ആണെന്ന് തെറ്റിധരിപ്പിച്ച് അവരെ ക്രൂരമായി പീഡിപ്പിച്ച് വധിക്കുന്നു. ഒരാൾ കാശി രാജാവും മറ്റൊരാൾ കേരളചക്രവർത്തിയും മൂന്നാമൻ വംഗചക്രവർത്തിയുമായി വേഷംകെട്ടി അവരെ ആളൊഴിഞ്ഞ പാർക്കിൽ കൊണ്ടുചെല്ലുന്നു. സ്വയംവരത്തിനു തയ്യാറാകാൻ വൃദ്ധയോട് ആവശ്യപ്പെടുന്നു. വേദന സഹിക്കാനാവാതെ പൊട്ടിക്കരഞ്ഞുകൊണ്ട് ദയയ്ക്കായി അപേക്ഷിക്കുന്നുവെങ്കിലും അവഗണിക്കപ്പെട്ടു.

'ചത്തുവോ? ഒരാൾ ചോദിച്ചു. വൃദ്ധയുടെ കാലുകളുടെ ചലനം നിലച്ചിരുന്നു.

ചത്തുവോ? അയാൾ വീണ്ടും ചോദിച്ചു.

ഉം. കാശിരാജാവ് മൂളി'(മാധവിക്കുട്ടി, 2012:101).

കാശിരാജാവായി പെരുമാറിയ മൂന്നാമന്റെ 'ഉം'കാരത്തിന്റെ മുഴക്കം ഭീതിദമായ തീവ്രധ്വനിയോടെ വെളിപ്പെടുന്നു. കേവലമായ ഒരു മൂളലിലൂടെ ഭാഷയിലെ എല്ലാ ക്രൗര്യത്തെയും വെളിവാക്കാൻ കഥാകാരി ശ്രമിച്ചിരിക്കുന്നു. നഗരപ്രാന്തങ്ങളിൽ അലഞ്ഞുതിരിയുന്ന വരുടെയും പുറംതള്ളപ്പെടുന്നവരുടെയും ജീവിതത്തിലെ ഇരുളുകൾ കഥാലോകത്തിലേക്ക് കടത്തിവിട്ടുകൊണ്ട് ഞെട്ടിക്കുന്നു. കുറ്റവാസന അതിന്റെ എല്ലാ അതിരുകളെയും ഭേദിച്ച് വിഹരിക്കാനുള്ള ഇടമായി നഗരം പരിണമിക്കുന്നതിന്റെ സൂചന ഈ കഥയിൽ അടങ്ങിയിരിക്കുന്നു.

നാഗരികതയുടെ കുടുംബ അകങ്ങളിലെ സംഘർഷങ്ങൾ മാത്രമല്ല, അവയുടെ പിന്നാമ്പുറങ്ങളിലെ വിങ്ങലുകളെയും അരികുകളെയും വിവരിക്കുന്ന കഥയാണ് 'നപുംസകങ്ങൾ'(1983). ലിംഗ സ്വത്വരാഷ്ട്രീയത്തിന്റെ വിശാലാർത്ഥങ്ങൾ കേരളീയ സമൂഹത്തിൽ ഉരുവപ്പെടുന്നതിന് മുൻപാണ് കഥാകാരി ഇത്തരത്തിൽ ഭാഷയിലേക്ക് ഭിന്നലിംഗബോധത്തിന്റെ അടരുകളെ രേഖപ്പെടുത്തിവെച്ചത്. കുടുംബഘടനയിൽ നിന്നുകൊണ്ട് ഭിന്നലൈംഗികത യുടെ സ്വത്വത്തെ ചൂണ്ടിക്കാണിക്കുന്നു. ബോംബെയിലെ സയോൺ കോളിവാഡ ചേരി പ്രദേശത്ത് ഉന്നതകുലജാതയായ ഒരു വൃദ്ധ തന്റെ മകളെത്തേടി വരുന്നു. ട്രാൻസ് വിഭാഗങ്ങൾ മാത്രം അധിവസിക്കുന്ന കോളനിയിൽ നിന്ന് പുറത്തുകടക്കാൻ അവരുടെ നേതാവ് ആവശ്യപ്പെട്ടെങ്കിലും അവരത് കൂട്ടാക്കുന്നില്ല. പ്രസവിച്ച ഉടനെ തനിക്ക് നഷ്ടപ്പെട്ട കുഞ്ഞിനെ അവർ അന്വേഷിക്കുന്നു. മകളുടെ സമാനമായ അടയാളങ്ങളുള്ള രുഗ്മ അവരുടെ മുൻപിൽ നൃത്തം ചെയ്യുന്നു. അവൾ തന്റെ മകളാണെന്ന് അവർക്ക് തോന്നുന്നു. എന്നാൽ, കോളനി നേതാവ് അത് അംഗീകരിക്കുന്നില്ല. ഒടുവിൽ അവർ സ്വയം വിശ്വസിക്കാൻ

ശ്രമിക്കുന്നു.

'ശരിയാണ് നീ എന്റെ കുഞ്ഞല്ല. എന്റെ കുഞ്ഞ് ഒരു വെളുത്ത കുഞ്ഞായിരുന്നു. അവർ പറഞ്ഞു, നിന്റെ തൊലിക്ക് മണ്ണിന്റെ ചുവപ്പാണ് നിറം. നീ തീർച്ചയായും ഭൂമിയുടെ മകളാവണം'(മാധവിക്കുട്ടി,2012:110)

അവർ മടങ്ങിപ്പോകുന്നു. ലളിതമായ ചുറ്റുപാടുകളിൽ വിവരിക്കുന്ന കഥാഘടനയിൽ സംഘർഷാത്മകമായ സന്ദർഭങ്ങൾ, ആകാംക്ഷ ഇവയൊന്നും പ്രത്യക്ഷപ്പെടുന്നില്ല. നഷ്ടപ്പെട്ട കുഞ്ഞിനെ ത്തേടി അലയുന്ന സ്ത്രീ ഇടശ്ശേരിയുടെ പൂതപ്പാട്ടിന്റെ വിദൂരസ്മരണ ഉണർത്തുന്നു. കഥയ്ക്കുള്ളിലെ സൂചനകളിൽനിന്ന് രുഗ്മ ആ അമ്മയുടെ മകളാകാനുള്ള സാധ്യത തെളിയുന്നുണ്ട്. എന്നാൽ അവരുടെ നേതാവായ രാമുഭാവു അതിനെയെല്ലാം മറച്ചുവെയ്ക്കാൻ ശ്രമിക്കുന്നതായി കാണാം. മാതൃത്വത്തിന്റെ നഷ്ടബോധവും തീരാദുഃഖവും വൃദ്ധയിൽ മാറിമാറി പ്രത്യക്ഷപ്പെടുന്നു. കുടുംബത്തിന് അപമാനം എന്ന ധാരണയിൽ പുറന്തള്ളുന്ന കുഞ്ഞുങ്ങൾ വന്നണയുന്ന ഇടമായി നഗരം മാറുന്നു. ആന്തരികമായി മാനവസ്നേഹത്തിന്റെ ഉൾപ്പിരിവുകൾ കോർത്തുകൊണ്ട് നഗരത്തിന്റെ ഭിന്നമുഖത്തെ വീക്ഷിക്കാൻ കഥാകാരിക്ക് കഴിയുന്നു.

സോനാഗാച്ചിയിലും ഭദ്രമായ കുടുംബാന്തരീക്ഷത്തിൽനിന്നും നീണ്ടു നിൽക്കുന്ന വേരുകൾ ചെന്നണയുന്ന നഗരപിന്നാമ്പുറങ്ങളുടെ വിശേഷങ്ങളാണ് കടന്നുവരുന്നത്. മികച്ച ജോലിയും സംതൃപ്ത കുടുംബവും സാമൂഹിക പദവിയും ലഭിച്ച അവസ്ഥയിലും രാജേന്ദ്രൻ വലിയ ന്യൂനതകൾ അനുഭവിക്കുന്നു. അതിന് അയാൾക്കുതന്നെ വ്യക്തമായ നിശ്ചയങ്ങളില്ലാത്ത രൂപവും ഭാവവുമാണുള്ളത്. വേശ്യാലയത്തിലേക്ക് കടന്നുചെല്ലുന്ന അയാൾ അമല എന്ന സ്ത്രീയോ

ടൊത്ത് ഏറെനേരം ശയിക്കുന്നു. വെറുതെ സമയവും പൈസയും നഷ്ടപ്പെടുത്തിയതിന് അവൾ അയാളെ കുറ്റപ്പെടുത്തുന്നു. വർഷ ങ്ങൾക്ക് ശേഷം ഒരു പ്രഭാതത്തിൽ അവളെത്തേടി അയാൾ പുറപ്പെട്ടു. അപ്പോഴേക്കും രോഗിയും അവശയും ആയിത്തീർന്നിരുന്ന അവൾക്ക് അയാളെ ഓർമ്മയുണ്ടായില്ല. അവൾ പറയുന്നു,

'ഞാൻ നിങ്ങളുടെ മുഖം ഓർമ്മിക്കുന്നില്ല. അവൾ ഒരു വല്ലായ്മയോടെ പറഞ്ഞു. നീ ആരുടെയെങ്കിലും മുഖം ഓർമ്മി ക്കുന്നുണ്ടോ? അയാൾ ചോദിച്ചു. ഇല്ല, ഞാൻ ആരുടെ മുഖവും ഓർക്കുന്നില്ല. കറുത്ത പല്ലുകൾ വെളിപ്പെടുത്തിക്കൊണ്ട് ആ പാവപ്പെട്ട സ്ത്രീ പറഞ്ഞു(മാധവിക്കുട്ടി,2012:32).

നീട്ടിവലിച്ചവസാനിപ്പിച്ച ഒരു സിഗരറ്റ് കുറ്റിപോലെ ശരീരം ഉപയോഗിച്ച ശേഷം നഗരം അവളെ പുറന്തള്ളിയിരിക്കുന്നു. സമൃ ദ്ധിയുടെ നടുവിൽ രാജേന്ദ്രന് നഷ്ടപ്പെടുന്ന ഊഷ്മളതയും അനുക മ്പയും അമലയിൽ അയാൾ സങ്കല്പിച്ചെടുക്കുന്നു. അമലയുടെ ശോഷിച്ച ശരീരവും രാജേന്ദ്രന്റെ ശുഷ്കമായ മനസ്സും സൗഹൃദമോ പ്രണയമോ പങ്കിടുന്നില്ല. തൊഴിൽ അവളുടെ ശരീരത്തിന് സമ്മാ നിച്ചത് രോഗമാണ്. രാജേന്ദ്രന് അവളുമായി ബന്ധപ്പെട്ട ഓർമ്മകൾ ആനന്ദമാണ്. തന്റെ മാനസികമായ ദാരിദ്ര്യാവസ്ഥയ്ക്ക് പരിഹാരമായി അമലയുടെ ഗന്ധം അയാൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നു. ഈ രേഖപ്പെടലുകൾ അമലയ്ക്ക് അന്യമാണ്. നഗരജീവി തങ്ങളിലെ ഈ വൈരുദ്ധ്യങ്ങൾ കഥയുടെ കേന്ദ്രവിഷയമായിത്തീരുന്നു.

**നഗരവും തൊഴിലിടങ്ങളും**

തൊഴിൽ ജീവിതവും കുടുംബ ഇടങ്ങളും വ്യക്തിബന്ധങ്ങളും സന്ധി ചെയ്യുന്നിടത്താണ് മാധവിക്കുട്ടി രചനയുടെ കണ്ണ് സജ്ജമാ ക്കുന്നത്. ഉന്നത സ്ഥാനമാനങ്ങൾ പരിപാലിക്കുന്നതിനുള്ള സാഹച

ര്യങ്ങൾ മുതൽ ഉപജീവനത്തിനായി ശരീരത്തെ ഉപാധിയാക്കുന്ന അവസ്ഥാന്തരങ്ങൾ വരെ തൊഴിലിടങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. തൊഴിലിൽ മുഴുകി സ്വന്തം വ്യക്തിത്വത്തെ മറന്നുകൊണ്ട് മറ്റൊരു രൂപവും ഭാവവും അനുകരിക്കാൻ തയ്യാറാകുന്ന കഥാപാത്രങ്ങൾ നഗര-തൊഴിൽ കഥാഭാവനകളിൽ നിറയുന്നു. ശരീരവും മനസ്സും സമ്പൂർണ്ണമായി അവർ തങ്ങളുടെ സേവനസന്നദ്ധതയ്ക്കായി സമർപ്പിക്കുന്നു.

രാജവീഥികൾ ഫാഷൻ ലോകത്ത് പ്രശസ്തയായി മാറുന്ന മനോരമ ജന്നിഫർ കെല്ലിയുടെ സഞ്ചാരങ്ങളെ ചുറ്റിപ്പറ്റിയുള്ളതാണ്. മോഡലായ അവർ ആ പേരിൽ അറിയപ്പെടുന്നതിനായി ഉന്നതരായ പലർക്കും കാഴ്ചവെയ്ക്കപ്പെട്ടു. തന്റെ പ്രവൃത്തികൾ അവളെ നിരാശയിലോ നിന്ദയിലോ ആഴ്ത്തുന്നില്ല. അതുകൊണ്ടുതന്നെ കഥാകാരി അവളെ പാവയുമായി സമരസപ്പെടുത്തി ഇങ്ങനെ വിവരിക്കുന്നു. 'മോഡലുകൾ വെറും പാവകളാണ്. വസ്ത്രങ്ങളെ ഭംഗിയായി പ്രദർശിപ്പിക്കുവാനുള്ള ചട്ടക്കൂടുകൾ...അവർക്ക് വികാരങ്ങൾ നിഷിദ്ധമാണ്. അവരുടെ കണ്ണുകൾ പാവകളെ അനുസ്മരിപ്പിക്കുന്നു' (മാധവിക്കുട്ടി, 2017:121).

തൊഴിലിടങ്ങളെ നിയന്ത്രിക്കുന്ന അധികാരഘടനയിലും വ്യവസ്ഥയിലും അതിലെ അണികൾക്ക് പാവസമാനമായ നിർവ്വികാരത സ്വായത്തമാകുന്നു. ഇതിൽനിന്നും വ്യതിചലിച്ച മനോരമയ്ക്ക് ജെറി എന്ന കഥാപാത്രത്തോട് ആകർഷണം തോന്നുന്നു. അവൻ ശ്രീലങ്കൻവാസിയായ വിദേശ എഴുത്തുകാരന്റെ സെക്രട്ടറിയാണ്. അയാൾ തന്റെ തൊഴിലനുഭവത്തെ വിവരിക്കുന്നത്, 'എനിക്ക് ഒഴിവു സമയം എന്നൊരു ലക്ഷ്വറി ജീവിതത്തിലില്ല.. ഞാൻ സ്വതന്ത്രനല്ല'(മാധവിക്കുട്ടി,2017:125)എന്നാണ്. തങ്ങളെ വരിഞ്ഞിരിക്കുന്ന

അദൃശ്യചരടുകളാൽ നിയന്ത്രിതരാണ് ഓരോ രുത്തരും. അവയിൽ നിന്നുള്ള മോചനം അവർ ആഗ്രഹിക്കുന്നുവെങ്കിലും സാധ്യ മാകുന്നില്ല. പുതിയ ജീവിതവും ലോകവും ആഗ്രഹിച്ച ജെറി വധി ക്കപ്പെടുന്നു. പത്രമാധ്യമങ്ങൾ അവരുടെ പ്രണയത്തെക്കുറിച്ച് അന്വേ ഷിക്കുമ്പോൾ തനിക്ക് പരിചിതമായ തൊഴിലിടത്തിലെ കൃത്രിമ മുഖം അവൾ അണിയുന്നു. പ്രണയം നൽകിയ ജൈവികമായ സ്വതന്ത്രാ നുഭവത്തെ തിരസ്കരിച്ചുകൊണ്ട് അധികാര- വ്യവഹാര ങ്ങളിലേക്ക് കീഴടങ്ങി നിൽക്കുന്നു. മാനുഷികമായ വൈകാരികസത്തയെയും ജൈവികതയെയും നിരോധിച്ചു കൊണ്ടാണ് വ്യക്തികളെയും തൊഴിലിടങ്ങളെയും നഗരങ്ങൾ സംയോജിപ്പിക്കുന്നത്. ഈ മിശ്രി താനുഭവങ്ങളെ ചിത്രീകരിക്കുന്ന കഥയാണ് 'ഇടനാഴിയിലെ കണ്ണാടികൾ'. ഡയറക്ടർ ബോർഡിൽ തന്റെ നിലപാടുകളും നിർദ്ദേശങ്ങളും സ്ഥാപനം അവഗണിക്കുന്നതിൽ ജനറൽ മാനേജരായ സൗമ്യമൂർത്തിക്ക് പലപ്പോഴും നിരാശ ഉളവാകുന്നു. ബാങ്ക്, കുടുംബം, സാഹിത്യ ആഭിമുഖ്യം, പ്രണയാതുരത എന്നിവയിലെല്ലാം അയാൾ തന്റെ സത്തയെ പതിപ്പിക്കാൻ പരിശ്രമിക്കുന്നു. ബോർഡ് തന്റെ നിർദ്ദേശം അവഗണിക്കുന്ന സന്ദർഭത്തിൽത്തന്നെയാണ് കോളേജിലെ വിദ്യാർത്ഥികൾക്കായി ടാഗോർ കവിതകളെ സംബന്ധിച്ച പ്രസംഗത്തിന് അയാൾക്ക് തയ്യാറെടുക്കേണ്ടത്. അതേ അവസരത്തിൽ ത്തന്നെയാണ് ചിത്തഭ്രമാവസ്ഥയിലെത്തിയ കീഴുദ്യോഗസ്ഥന്റെ ഭാര്യയായ മാധവിയെ അയാൾ കണ്ടുമുട്ടുന്നത്. അവളുടെ സാന്നിധ്യം അയാളിൽ പ്രതീക്ഷയും ആശങ്കയും ഉളവാക്കുന്നു. മാധവിയിൽനിന്ന് രക്ഷ നേടാൻ അവളുടെ ഭർത്താവിനെ വിദൂരദേശത്തേക്ക് ട്രാൻസ്ഫർ ചെയ്യുന്നു. എന്നാൽ അയാളുടെ ആസൂത്രണങ്ങൾ തെറ്റിച്ചുകൊണ്ട് അവൾ മരണപ്പെടുന്നു. തന്റെ പ്രണയത്തെയും വൈകാരിക

സംതൃപ്തികളെയും നിരോധി ച്ചുകൊണ്ട് തൊഴിൽ ജീവിതത്തെ യാന്ത്രികമായി പിന്തുണയ്ക്കാനാണ് മൂർത്തിയും തയ്യാറാകുന്നത്. മാധവിയുടെ മരണം അയാളിൽ ഉളവാക്കിയ ഭാവങ്ങളെ തുടച്ചു കളയുന്നു. മികച്ച സേവകനായി സ്ഥാപനത്തിലെ ജോലിയിൽ തുടരുന്നു. പ്രത്യക്ഷത്തിലുള്ള ചൂഷണവും മർദ്ദനോപാധികളും സ്വീക രിക്കാതെ തന്നെ സ്ഥാപനങ്ങൾക്കും വ്യവസ്ഥയ്ക്കും സ്വമേധയാ കീഴ്പ്പെട്ടു നിൽക്കാൻ മൂർത്തിയും മനോരമയും സന്നദ്ധരാണ്. താന്താങ്ങളുടെ നിയന്ത്രണലോകവും പരിധിയും കടന്നുള്ള യാത്ര ഇരുവർക്കും നിഷിദ്ധമാണ്. അദൃശ്യമായ ഒഴുക്കിലും ച്യുതിയിലും പെട്ട് തങ്ങളിൽത്തന്നെ അപരിചിതരായി അവർ ഓരോരുത്തരും ശിഥിലരാക്കപ്പെടുന്നു. നഗരഘടനയുടെ വ്യവസ്ഥയ്ക്കുള്ളിലെ ഉപഘടനാ സംവിധാനമായി തൊഴിലിടം അവരെ പരിപാകപ്പെടുത്തി നിർത്തുന്നു. സ്വയം നിർമ്മിക്കാനും സ്വപ്നങ്ങൾ കാണാനുമുള്ള ശേഷി അവർക്ക് അന്യമായിക്കൊണ്ടിരിക്കുന്നു. നഗരത്തിന്റെയും തൊഴിൽ മണ്ഡലങ്ങളുടെയും ഇടയിലുള്ള സംഘർഷ തീക്ഷ്ണത കളെയാണ് നഗര കഥകൾ ഉള്ളടക്കം ചെയ്യുന്നത്. നഗരം ആവിഷ്കാര ത്തിന്റെ ഉപകരണമായി പ്രത്യക്ഷപ്പെടുന്ന കഥകളിൽ വേറിട്ട സ്ഥാനം മാധവിക്കുട്ടിയുടെ രചനകൾ അർഹിക്കുന്നു. നവോത്ഥാനകാല റിയലി സത്തിന്റെ ഭാഗമായി നിൽക്കുന്ന കാലയളവിൽ നഗരം ഒരു അദ്ഭുതവും പുരോഗമന മൂല്യകേന്ദ്രവുമായിരുന്നു. ആധുനികതയുടെ ഘട്ടമെത്തിയപ്പോൾ അതിലെ വൈരുദ്ധ്യങ്ങൾ പുറത്തുവരാൻ തുടങ്ങി. യന്ത്രസങ്കേതങ്ങളും വ്യവസായശാലകളും ചേരികളും അവിടെ കൂടിക്കലർന്നു. രാഷ്ട്രത്തിന്റെ സാമ്പത്തിക സ്രോതസ്സുകളായി നഗരം മാറ്റപ്പെട്ടു. ശീഘ്രഗതിയിലുള്ള ഈ പരിണാമങ്ങൾക്ക് അനുസരിച്ച് മുന്നേറാൻ പലപ്പോഴും പല വിഭാഗങ്ങൾക്കും സാധി

ക്കാതെവന്നു. അവർ സംഘർഷത്തിലാഴുകയോ പരാജയപ്പെടുകയോ ചെയ്തു. ഭാഷയിലും രൂപത്തിലും ഈ തോൽവികളെയും കയ്പ്പു കളെയും ആവിഷ്കരിക്കുക ആധുനിക തലമുറയിലെ രചയിതാക്കൾ വെല്ലുവിളിയായി കരുതി. സുദീർഘമായ നഗര പരിചിത കേരളീയ ബാഹ്യജീവിതം സമകാലികരായ ഇതര കഥാകാരന്മാരെക്കാൾ മാധവിക്കുട്ടിയുടെ അനുഭവലോകത്തെയും വീക്ഷണങ്ങളെയും ബഹുസ്വരമാക്കിത്തീർത്തു. നഗരത്തിലെ ഭിന്നാഭിരുചികളും തെരുവ് ജീവിതങ്ങളും കഥാകാരിയുടെ രചനാ പ്രപഞ്ചത്തിന് സമാന്തരമായി വികസിച്ചു. നഗരത്തെ അദ്ഭുതാവഹവും പിടികിട്ടാത്തതുമായ സങ്കീർണ്ണ വസ്തുവായിട്ടല്ല അവർ പരിഗണിക്കുന്നത്. വളർന്ന് ശിഥിലവും ഛിന്നഭിന്നവുമായി പകർന്നു നിൽക്കുന്ന ജീവിതങ്ങളുടെ ആന്തരികതയെ സ്പർശിച്ചുകൊണ്ട് അത് കഥകളിലേക്ക് പകർത്തി വെച്ചു. മാനവിക സ്നേഹദർശനത്തിന്റെ കാമ്പുകൾകൊണ്ട് തന്റെ ലോകത്തെ അവർ വെളിപ്പെടുത്തിക്കൊണ്ടിരുന്നു. മഹാനഗരങ്ങളിൽ വളർന്ന ബാല്യവും കൗമാരവും യൗവനവും രചയിതാവിനെ നിരന്തരം അതിനായി സജ്ജയാക്കി. സ്വയം തിരിച്ചറിഞ്ഞ് അടയാളപ്പെടു ത്താനാവാത്ത നൊമ്പരങ്ങളും സ്വന്തമായി നേടിയെടുക്കേണ്ടു ന്നതായിരിക്കുമ്പോഴും നഷ്ടപ്പെട്ടു പോകുന്ന വിലപ്പെട്ടവയെക്കുറിച്ചുള്ള വ്യഥകളും ആ കഥകളിലെമ്പാടും നിറയുന്നു. അവയുടെയെല്ലാം കാരണഹേതുക്കളായ ജീവിതാവസ്ഥ കളെയും സന്ദർഭങ്ങളെയുമാണ് നഗരകഥകളുടെ ആവിഷ്കരണത്തിലൂടെ മാധവിക്കുട്ടി അന്വേഷി ക്കുന്നത്.

## കുറിപ്പ്

1. cities are social artifacts. They originated as a result of the emergence of the ruling classes-people who controlled and regulated the

distribution of goods andservices within the society as a whole. The rulers were supported in this task by the literati-the educated upper class of people, the militia, and a host of servantsand occasionally slaves" (page,76, Urbanization and Urban systems in India)

## സഹായകഗ്രന്ഥങ്ങൾ

1. മാധവിക്കുട്ടി, *മലയാളത്തിന്റെ സുവർണ്ണകഥകൾ*, ഗ്രീൻ ബുക്സ്, തൃശ്ശൂർ :2017.
2. ടി, *മാധവിക്കുട്ടിയുടെ സ്ത്രീകൾ*, മാതൃഭൂമി ബുക്സ്, കോഴിക്കോട്: 2004.
3. ടി, *എന്റെ പ്രിയപ്പെട്ട കഥകൾ*, ഡി.സി.ബുക്സ്, കോട്ടയം:2012.
4. സുധീർ കിടങ്ങൂർ, *നഗരവും നോവലും* (പഠനം), മാളുബൻ പബ്ലിക്കേഷൻസ്,തിരുവനന്തപുരം:005.
5. മീരാക്കുട്ടി പി., *ഇസങ്ങൾ സാഹിത്യത്തിൽ*, ഭാവനാബുക്സ്, പാലക്കാട് :2007.
6. രാജകൃഷ്ണൻ വി., *ചെറുകഥയുടെ ഛന്ദസ്സ്*, മാതൃഭൂമി ബുക്സ്, കോഴിക്കോട് :2008.
7. Ramachandran R, Urbanization and Urban systems in India, Oxford University press, New Delhi,:1991.

# സ്വാതന്ത്ര്യബോധത്തിന്റെ നിനവും നിറവും

**ഡോ.സി.സിന്ധു സെബാസ്റ്റ്യൻ**

അനിതരസാധാരണമായ സ്വാതന്ത്ര്യേച്ഛയും സ്വത്വാവ ബോധവും ജീവിതത്തിലൂടെയും എഴുത്തിലൂടെയും ഉച്ചൈസ്തരം ഉദ്ഗാനം ചെയ്ത സവിശേഷവ്യക്തിത്വമാണ് മലയാളത്തിന്റെ പ്രിയ കഥാകാരിയായ മാധവിക്കുട്ടി. സ്വാതന്ത്ര്യബോധം പ്രകടിപ്പി ക്കുമ്പോഴും സ്ത്രീസഹജമായ ചൈതന്യധാരകൾ കൈമോശം വരാതെ കാത്തുസൂക്ഷിക്കാനുള്ള വെമ്പൽ അവരുടെ കഥാലോക ത്തിലുടനീളം ഇതൾ വിരിക്കുന്നു. ഒരു സ്ത്രീയെന്ന നിലയിൽ എനിക്കൊരു രാജ്യവുമില്ല, ഒരു സ്ത്രീയെന്ന നിലയിൽ എനിക്കൊരു രാജ്യവും ആവശ്യമില്ല, സ്ത്രീയെന്ന നിലയിൽ ഈ ലോകം മുഴുവൻ എന്റെ രാജ്യമാണ് എന്നിങ്ങനെ സ്ത്രീകൾ സമൂഹത്തിൽ അനുഭവിക്കുന്ന അവഗണനയും അവൾ അഭിലഷിക്കുന്ന പരിഗ ണനയും വെർജീനിയ വൂൾഫ് നിരീക്ഷിക്കുന്നുണ്ട്. ഇതിനു സമാ നമായ പെണ്ണനുഭവങ്ങളാണ് മാധവിക്കുട്ടിയുടെ കഥാലോകത്ത് അനുവാചകൻ കണ്ടെത്തുന്നത്. അവിടെ സ്നേഹം കൊതിക്കുന്ന, സ്നേഹം നിഷേധിക്കപ്പെടുന്ന, സ്നേഹം പിടിച്ചു വാങ്ങുന്ന നിരവധി സ്ത്രീജന്മങ്ങളെ കണ്ടെത്താൻ കഴിയും.

സ്വാതന്ത്രത്തിന്റെ രൂപമാകാൻ വെമ്പൽകൊള്ളുന്ന സ്ത്രീമന സ്സുകളെ തന്റെ കഥകളിലൂടെ ആവിഷ്കരിച്ച മലയാളത്തിന്റെ എഴുത്തു കാരിയാണ് മാധവിക്കുട്ടി. ബാഹ്യലോകത്തെക്കാൾ ആന്തരിക ലോകത്തെ അവർ തന്റെ കഥകളിൽ പ്രതിഫലിപ്പിച്ചു. നിരസിക്ക പ്പെടുന്ന സ്നേഹത്തിന്റെ പൂർത്തികരണത്തിനായി ഒടുങ്ങാത്ത

കണ്ണൂർ സർവ്വകലാശാല
മലയാളവിഭാഗം റിസർച്ച് ജേണൽ

കാൽവയ്പ്പുമായി നടന്നുനീങ്ങുന്ന സ്ത്രീയുടെ സഞ്ചാരപഥങ്ങളാണ് ഇവരുടെ കഥാപ്രപഞ്ചത്തിലധികവും. ഇവരുടെ കഥകളിലധികവും സ്ത്രീകേന്ദ്രീകൃതമാണ്. സ്ത്രീഹൃദയത്തിന്റെ ഉള്ളറകളെ തൊട്ടറിഞ്ഞ് അതിന്റെ സ്പന്ദനങ്ങൾപോലും വായനകാർക്ക് അനുഭവവേദ്യമാക്കാൻ തന്റെ കഥകളിലൂടെ ശ്രമിച്ച കഥാകാരി, സ്ത്രീയുടെ സ്വകാര്യലോകം വായനക്കാർക്ക് മുൻപിൽ തുറന്നുവച്ചു.

സമൂഹത്തിൽ സ്ത്രീ അനുഭവിക്കുന്ന നാനാമുഖങ്ങളായ പ്രശ്നങ്ങളെക്കുറിച്ച് പ്രത്യേകിച്ച് വൈകാരിക തലങ്ങളെക്കുറിച്ച് ഇത്രയേറെ തീക്ഷ്ണമായി അവതരിപ്പിച്ച മറ്റൊരു എഴുത്തുകാരിയില്ല മലയാളത്തിൽ. കോലാട്, നെയ്പ്പായസം, ഡോക്ടറുടെ മരണം, പരുന്തുകൾ, മഞ്ഞ്, പുഴ, തരിശുനിലം, മീനാക്ഷിയേടത്തി, പക്ഷിയുടെ മണം,എന്റെ സ്നേഹിത, അരുണ എന്നീ കഥകൾ ഇതിന് ഉദാഹ രണമാണ്. ഈ കഥകളിലെ നായികമാരെല്ലാം സ്നേഹമയികളും സ്നേഹത്തെ നിത്യമുദ്രയായി ആത്മാവിൽ സംവഹിക്കുന്നവരുമാണ്. ഇവർ സ്നേഹത്തെ അദമ്യവും അനശ്വരവുമായ തീവ്രവികാരമാക്കി മനസ്സിന്റെ ഉള്ളറകളിൽ കാത്തുസൂക്ഷിക്കുന്നു.

സ്ത്രീയുടെ സ്വത്വസംഘർഷത്തിന്റെ ഭിന്നതലങ്ങൾ സംക്ഷി പ്തവും ശക്തവുമായി അവതരിപ്പിക്കുന്ന കഥയാണ് 'നെയ്പ്പായസം'. ഒരു നഗരത്തിന്റെ പശ്ചാത്തലത്തിലാണ് കഥയുടെ ആവിഷ്കാരം. ഭർത്താവിന്റെ മനസ്സിൽ കിതച്ചെത്തുന്ന ഭാര്യയെപ്പറ്റിയുള്ള ചില കിളിർത്ത ഓർമ്മകൾ മാത്രം "ഉലഞ്ഞ വെള്ളസാരിയുടുത്ത്, അവൾ അടുക്കളയിൽ ജോലിതുടങ്ങി." (മാധവിക്കുട്ടി, 2014:340) അവൾ അവസാനമായി പറഞ്ഞ വാക്കുകൾ പോലും ഓർമ്മിച്ചെടുക്കാൻ അയാൾക്ക് സാധിക്കുന്നില്ല. തന്റെ ആഗ്രഹങ്ങളും ഇഷ്ടങ്ങളും സ്വപ്നങ്ങളും അടുക്കളയുടെ കോണിൽ നിക്ഷേപിച്ച് തന്റെ

ഭർത്താവിനും മക്കൾക്കുംവേണ്ടി ജിവിതം ജീവിച്ചു തീർക്കേണ്ടിവന്ന ഒരു സ്ത്രീ ജന്മം. അവസാനം ഒരു ചൂലിനു സമീപം ആരുമറിയാതെ ജീവൻ ത്യജിക്കേണ്ടിവന്ന ബലിജന്മം. ആശുപത്രിയിലേക്ക് എത്തിച്ചപ്പോൾ ഹൃദയസ്തംഭനംമൂലം ഒന്നര മണിക്കൂർ മുൻപ് അവൾ മരണപ്പെട്ടു എന്ന് കേട്ടപ്പോൾ തന്നെ ഒറ്റയ്ക്ക് വിട്ടുപ്പോയ കാരണത്താൽ അയാൾക്ക് ഭാര്യയോടു തോന്നുന്ന ദേഷ്യം. അടുക്കളയുടെ ജീവനാഡിയായി യന്ത്രംപോലെ അവൾ പ്രവർത്തിച്ചു കൊണ്ടിരുന്നപ്പോൾ ഒരിക്കൽപ്പോലും ഓഫീസിൽവച്ച് അവളെ ഓർക്കാൻ സമയം കണ്ടെത്താത്ത പുരുഷമനസ്സ് എത്രപെട്ടെന്നാണ് അവളുടെ അസാന്നിധ്യത്തിന്റെ കുറവുകൾ തിരിച്ചറിഞ്ഞത്. പുരുഷന്റെ സ്വാർത്ഥതയുടെ നേർചിത്രം. നഗരജീവിതത്തിന്റെ പശ്ചാത്തലത്തിൽ ഒന്നും ആഗ്രഹിക്കാനോ പ്രതീക്ഷിക്കാനോ അവകാശങ്ങളില്ലാതെ ചുറ്റുപാടുകളുടെ സമ്മർദ്ദത്തിൽ സ്വയം എരിഞ്ഞുതീരുന്ന സ്ത്രീകളുടെ പ്രതീകമായിട്ടാണ് 'നെയ്പ്പായസ'ത്തിലെ അമ്മയെ മാധവിക്കുട്ടി അവതരിപ്പിച്ചിരിക്കുന്നത്. പെൺവഴികളിൽ കയ്യുയർത്തിനിന്ന് എന്തെങ്കിലും ഉറക്കെ പ്രഘോഷിക്കാൻ മാധവിക്കുട്ടിയുടെ കഥാപാത്രങ്ങൾ തയ്യാറാകുന്നില്ല. 'നെയ്പ്പായസം' എന്ന കഥയിലെ ഘനീഭവിച്ച നിശബ്ദതപോലെ എവിടെയും നിശബ്ദതകൊണ്ട് പുരുഷന്റെ ആധിപത്യസ്വഭാവത്തെ അവൾ കീഴടക്കുന്നു.

സ്ത്രീഹൃദയത്തിന്റെ സൂക്ഷ്മഭാവങ്ങൾപ്പോലും വളരെ ഹൃദയസ്പർശിയായി അവതരിപ്പിക്കുന്ന കഥയാണ് 'കോലാട്'. സ്ത്രീത്വത്തിന്റെ ഉത്തമ മാതൃകയായ മാതൃത്വത്തെ ഈ കഥ ഉദാഹരിക്കുന്നു. ക്ഷമയുടെ മൂർത്തിമത്‌രൂപമെന്ന് വിശേഷിപ്പിക്കപ്പെടുന്ന സ്ത്രീ വീടിന്റെ നാലുചുമരുകൾക്കുള്ളിൽ തളയ്ക്കപ്പെടുന്ന, ആരാലും പരിഗണിക്കപ്പെടാത്ത സങ്കടരൂപമാണ്. മറ്റുള്ളവർക്ക് ചൂടുപകർന്ന്,

ജീവൻ നൽകി, ജീവിതഭാണ്ഡംപേറുന്ന അവൾ അക്ഷരാർത്ഥത്തിൽ കോലാടുതന്നെ. അവളുടെ ഒട്ടിയ കവിളുകളും അവിടവിടായി ചില ഒടിവുകൾ പറ്റിയെന്ന് തോന്നുന്ന ശരീരവും തേഞ്ഞപല്ലുകളും മെലിഞ്ഞ കാലുകളും കോലാടിനുചേർന്ന രൂപംതന്നെ. കുടുംബാംഗങ്ങൾ അവൾക്കു വേണ്ടത്ര സ്നഹമോ പരിഗണനയോ നൽകുന്നില്ല എന്നതിന് കഥയിൽ നിരവധി സൂചനകൾ ഉണ്ട്. "അമ്മേ നിങ്ങളെ കണ്ടാൽ ഒരു കോലാടിനെയാണ് ഓർമ്മ വരിക'' (പ്രസന്നാമണി,2006:161) എന്ന മൂത്ത മകന്റെ പരിഹാസം ഇതിന് തെളിവാണ്. ആശുപത്രികിടക്കയിൽ തളർന്നു കിടക്കുമ്പോഴും"അയ്യോ പരിപ്പ് കരിയ്ണ്ട് തോന്നുന്നു"എന്ന അവളുടെ പരിഭവം ഭർത്തൃ പുത്ര സ്നേഹത്തിന്റെ ബലിയാടിന് ചേർന്ന രൂപത്തിൽ കഥാകാരി ചിത്രീകരിച്ചിരിക്കുന്നു."അതിശയോക്തിയുടെ കറപുരളാത്ത വാങ്മയങ്ങൾ കൊണ്ട് സാധാരണക്കാരായ വീട്ടമ്മമാരുടെ പ്രതിനിധിയായ ഒരുകോലാടിനെ സമൂഹത്തിനു മുന്നിലേക്ക് കൊണ്ടു നിർത്തിയ ആ പ്രതിഭ, പുരുഷന്റെ പൊള്ളയായ അല്പത്വത്തിനും ഡംഭിനും നേരെ നോക്കി പുച്ഛിക്കുവാൻ, സ്ത്രീവർഗത്തിന് അഭിമാനിക്കുവാൻ ഒരു മാതൃപ്രതീകത്തെ സംഭാവന ചെയ്യുകയാണുണ്ടായത്. മാതൃസ്നേഹം ചലവും ശുക്ളവും ചേർന്ന രാസവസ്തുവാണെന്നും അതിന് വിയർപ്പിന്റെ മണമാണെന്നും തിരിച്ചറിയുവാൻ മക്കൾക്ക് കാലത്തിന്റെ ദൈർഘ്യം വേണ്ടിവന്നു. ഭർത്താവും കുടുംബിനിയായ ഭാര്യയുടെ യാതനാപൂർണ്ണമായ സ്നേഹത്തിന്റെ വിലയറിയുവാൻ വൈകി. അയാളുടെ കണ്ണുകൾ നനഞ്ഞത് ആ ചരിത്രത്തിന്റെ പര്യവസാനത്തിൽ മാത്രമാണ്."(പന്മന രാമചന്ദ്രൻ,2006:161) ഇങ്ങനെ കേടുപാടു തീർക്കാനാത്തവിധം കേടായ, നിശ്ചലമായ യന്ത്രങ്ങളായി കുടുംബത്തിനകത്ത് കറങ്ങികൊണ്ടിരുന്ന സ്ത്രീകളുടെ മനഃക്ഷതങ്ങളെ

ചിത്രീകരിക്കുകയണ് കഥാകാരി.

'പക്ഷിയുടെ മണ'ത്തിൽ ഉദ്യോഗം തേടിപ്പോകുന്ന നായിക ഭർത്താവിന്റെ അഭിപ്രായം മാനിക്കാതെ പുറപ്പെടേണ്ടിയിരുന്നില്ല എന്ന് ചിന്തിക്കുന്നു. തന്റെ ധൈര്യം ചോർന്നുപോകുന്നതായി അവൾക്ക് തോന്നുന്നു. കഥയിൽ ഇപ്രകാരം കുറിച്ചിരിക്കുന്നു. "ജനത്തിരക്കുള്ള ഒരു തെരുവിലായിരുന്നു ആ ഓഫീസിന്റെ കെട്ടിടം. അവൾ ഇളം മഞ്ഞനിറത്തിലുള്ള ഒരു പട്ടുസാരിയും തന്റെ വെളുത്ത കൈ സഞ്ചിയും മറ്റുമായി ആ കെട്ടിടത്തിനടുത്തെത്തിയപ്പോൾ നേരം പതിനൊന്നു മണിയായിരുന്നു. അത് ഏഴുനിലകളും ഇരുനൂറിലധികം മുറികളും വളരെയധികം വരാന്തകളുമുള്ള ഒരു കൂറ്റൻ കെട്ടിടമായിരുന്നു. നാലു ലിഫ്റ്റുകളും. ഓരോ ലിഫ്റ്റിന്റെയും മുൻപിൽ ഓരോ ജനക്കൂട്ട വുമുണ്ടായിരുന്നു." (മാധവിക്കുട്ടി,2014:304) ജനത്തിരക്കുള്ള ഒരു തെരുവിലെ ഓഫീസിൽ എത്തിയപ്പോൾ ഒരൊറ്റ സ്ത്രീയെപ്പോലും കാണാതെ സംഭ്രമിക്കുന്ന നായികയുടെ ചിത്രം അവതരിപ്പിക്കുന്നു. ജോലയന്വേഷിച്ച ഓഫീസിൽ തനിച്ചെത്തുന്ന സ്ത്രീയോട് സമൂഹത്തിന് പുച്ഛമാണ്. 'പക്ഷിയുടെ മണ'ത്തിൽ കഥാനായികയും ഇതിനോട് യോജിക്കുന്നു. അതുകൊണ്ടാണ് വരേണ്ടിയിരുന്നില്ല എന്ന് അവൾക്ക് തോന്നിയത്. സുരക്ഷിതത്വം വിട്ടിറങ്ങുന്ന സ്ത്രീയുടെ ഉള്ളിൽ ഉണ്ടാകുന്ന ഒരുതരം ആത്മനിന്ദയാണ് ഈ കഥാപാത്രത്തിൽ കാണുന്നത്. എല്ലാ കണ്ണുകളും അവളുടെ മുഖത്തു പതിഞ്ഞപ്പോൾ വീണ്ടും വരേണ്ടിയിരുന്നില്ല എന്ന് തോന്നിയെങ്കിലും പിന്തിരിയാൻ അവൾ തയ്യാറാകുന്നില്ല. സമൂഹം സ്ത്രീക്ക് അടിച്ചേല്പിക്കുന്ന പെരുമാറ്റച്ചട്ടങ്ങളെ എതിർത്തുതോല്പിക്കാനുള്ള ഒരു മനക്കരുത്ത് ഇതിലെ നായിക സ്വായത്തമാക്കുന്നു. സമൂഹവിലക്കുകളെ പൊട്ടിച്ചെറിയുന്നവൾ സമൂഹത്തിന്റെ മുൻപിൽ പരിത്യക്തയാണ്. ഈ

ആരോപണങ്ങളെ ഭയന്ന് വിവാഹിതയാകുന്ന സ്ത്രീകൾ സ്വതന്ത്രജീവിതം സ്വപ്നംകണ്ട് കൃത്രിമജീവിതം നയിക്കുന്നു.

ചൂഷണത്തിനെതിരെ പടവെട്ടുന്നുവരാണ് മാധവിക്കുട്ടിയുടെ നായികമാർ. കുടുംബം, ദാമ്പത്യം എന്നീ മേഖലകളിലെ വൈകാരിക സംഘർഷങ്ങളേയും അതിലോലമായ ഭാവങ്ങളേയും അവർ കഥകളിൽ ചിത്രീകരിക്കുന്നു. ഇവരുടെ ദാമ്പത്യബന്ധങ്ങൾ ഭദ്രമോ സ്വസ്ഥമോ അല്ല. ദാമ്പത്യമെന്ന പവിത്രസങ്കല്പത്തിൽ വേണ്ടത്ര സ്നേഹമോ പരിഗണനയോ സംതൃപ്തിയോ ലഭിക്കാതെ വരുമ്പോൾ സമൂഹം അടിച്ചേല്പിക്കുന്ന സനാതനനിയമങ്ങളെ പെട്ടിച്ചെറിഞ്ഞ് വിലക്കപ്പെട്ട വഴികളിലൂടെ സഞ്ചരിക്കാനും ഇവർ മടിക്കുന്നില്ല.

അതൃപ്തമായ ഭർതൃസ്നേഹത്തിന്റെ തിക്തഫലവും പേറി പരപുരുഷാനുരാഗത്തിനു വെമ്പൽകൊള്ളുന്ന സ്ത്രീകളുടെ കഥകൾ നിരവധിയാണ് മാധവിക്കുട്ടിയുടെ കഥാലോകത്ത്. 'രാധയുടെ കത്തി'ലെ നായിക കാമുകന് ഇപ്രകാരം എഴുതുന്നു.''എന്റെ ഭർത്താവിന്റെ ആശ്ളേഷത്തിൽ ഞാൻ വീണ്ടും ഒരു വ്യഭിചാരി ണിയായി. ഭക്ഷണത്തിനും വസ്ത്രത്തിനുംവേണ്ടി ഒരാൾക്ക് കീഴട ങ്ങുന്നവളാണല്ലോ യഥാർത്ഥത്തിൽ വ്യഭിചാരിണി''(മാധവി ക്കുട്ടി,2014:534). ഭർത്തൃസാമീപ്യത്തിൽ വ്യഭിചാരിണിയെപ്പോലെ വിലകെട്ടു പോകുന്ന തിന്റെ നിരാശയോടെ കാമുകി കാമുകന് വീണ്ടും എഴുതുന്നു. "ഞാൻ എല്ലാറ്റിനുമുപരിയായി സ്നേഹിക്കുന്ന നിന്റെ കൈകൾ ക്കുള്ളിൽ ഞാനെന്നും നിർമ്മലയായിരുന്നു, ചാരിത്ര്യ വതിയായിരുന്നു. ശാരീകമായ ഒരു സ്പർശനത്തിനു വേണ്ടി മാത്ര മായിരുന്നില്ല ഞാൻ നിന്നോടടുത്തത്. എന്റെ ഉള്ളിൽ തൊലിക്കും മാംസത്തിനും എല്ലിനും കീഴിൽ എവിടയോ ഏകാന്തമായ എന്തോ ഒന്ന്, അതായത് ഒരു സ്പർശനം കാത്തുകിടക്കുന്നുവെന്ന് എനിക്കു

തോന്നിയിരുന്നു. എന്നെങ്കിലും അത് സ്പർശിക്കപ്പെടുമെന്നും അതിനുശേഷം ഈ ജീവിത ചലനങ്ങൾക്കെല്ലാം തന്നെ ഒരർത്ഥം വയ്ക്കുമെന്നും എനിക്കു വിശ്വാസമുണ്ടായിരുന്നു. നീ എന്റെ മീതെ കിടക്കുമ്പോൾ, നീലിമയും ചാരുതയുമുള്ള നിന്റെ ശരീരംതന്നെ ആകാശമായിത്തീരുന്നു. അതിനുകീഴിൽ ഞാൻ കൂടുതൽ അക്ഷമയും ശക്തയുമായിത്തീരുന്നു" (മാധവിക്കുട്ടി,2014:537). ഈ വാക്കുകളിൽ, വിവാഹംചെയ്ത പുരു ഷനോടെന്നതിനെക്കാൾ ഇഷ്ടപുരുഷനോടുള്ള സമർപ്പണത്തിലാണ് സ്ത്രീയുടെ ചാരിത്ര്യം സഫലമാക്കുന്നതെന്ന മാധവിക്കുട്ടിയുടെ കാഴ്ചപ്പാട് വ്യക്തമാകുന്നു.

വിവാഹിതയെങ്കിലും സ്നേഹം ലഭിക്കാത്ത സ്ത്രീ ഹൃദയത്തിന്റെ വേദനപകർത്തുന്ന കഥയാണ് 'തരിശുനിലം'. കഥയുടെ ആരംഭം തന്നെ ശ്രദ്ധേയമാണ്. എട്ടു കൊല്ലങ്ങൾക്കുശേഷം അവർ വീണ്ടും തമ്മിൽ കാണുകയായിരുന്നു. "സ്നേഹിക്കുന്നവരുടെ നാട്യത്തിലല്ല, പക്ഷേ ഒരിക്കൽ സ്നേഹിച്ചിരുന്നവരുടെ നാട്യത്തിൽ. അതുകൊണ്ട് കുറച്ചുനിമിഷങ്ങളോളം യാതൊന്നുംപറയാതെ അന്യോന്യം നോക്കിനില്ക്കുവാൻ ആഗ്രഹമുണ്ടായിരുന്നെങ്കിലും അവർ അതിനു ധൈര്യപ്പെടാതെ ആ മൗനത്തെ ചില്ലറ വാക്കുകൾ കൊണ്ട് തകർത്തു." (മാധവിക്കുട്ടി, 2014:275) അതിർവരമ്പുകൾ ലംഘിച്ച സ്നേഹം അശാന്തമായ സങ്കീർണ്ണതകളിൽപെട്ടുഴലുന്നതും ധർമ്മസങ്കടങ്ങളുടെ ചുഴിയിൽപെട്ട് അഭയതീരം തേടിയലയുന്നതും'തരിശുനില'ത്തിൽകാണാം. സമ്പന്നയും സുന്ദരിയും മറ്റൊരുവന്റെ ഭാര്യയുമായ 'തരിശുനില'ത്തിലെ നായിക എട്ടുവർഷങ്ങൾക്കു ശേഷം തന്റെ പൂർവ്വകാമുകനെ കാണാനാഗ്രഹിക്കുന്നതും അയാളെ കത്തയച്ചു വരുത്തുന്നതുമാണ് കഥയിലെ പ്രമേയം. "തന്റെ കയ്യിലുള്ള ഉറുമാൽ എടുത്ത് അടുത്തുകണ്ട ഒരു കരിങ്കൽതിണ്ണമേൽ വിരിച്ചുകൊണ്ട്

അയാൾ അവളോട് ഇരിക്കാൻ പറഞ്ഞു. ആ കല്ലിൻമേൽ ഒരാളുടെ പേരും ചില തീയതികളും കൊത്തിയിട്ടുണ്ടായിരുന്നു. അത് ഒരു ശ്മശാനകല്ലാണെന്ന് അറിഞ്ഞിട്ടും അവൾ അതിൻമേൽ ഇരുന്നു. അയാൾ അടുത്തുള്ള മറ്റൊന്നിൻമേലും. അവരുടെ മുൻപിൽ ഒരു കരിങ്കൽ മതിലിനുമപ്പുറത്തായി, കടൽത്തിരകൾ ഇളകുന്നുണ്ടായിരുന്നു. കറുത്ത പാറക്കഷ്ണങ്ങൾക്കിടയിലൂടെ ഇടയ്ക്കിടയ്ക്ക് നുരയും പതയും ഓടിക്കയറുന്ന ചെറിയതിരകളെ നോക്കികൊണ്ട് അവർ വളരെ നേരം നിശ്ചലരായി ഇരുന്നു" (മാധവിക്കുട്ടി,2014:276).

അവരുടെ മുന്നിൽ സ്നേഹത്തിന്റെ കടലിനെ മറച്ചുകൊണ്ട് ജീവിതസാഹചര്യങ്ങളുടെ കരിങ്കൽമതിൽ ഉയർന്നു കഴിഞ്ഞിരുന്നു. എങ്കിലും സ്നേഹത്തിന്റെ നുരയും പതയുമായി ഓടിക്കയറുന്ന ചെറിയതിരകളെ തടഞ്ഞു നിർത്താൻ ആ കരിങ്കൽ മതിലിനുപോലും കഴിയുന്നില്ല. വിവാഹിതയെങ്കിലും സ്നേഹം ലഭിക്കാത്ത സ്ത്രീഹൃദയത്തിന്റെ വേദനപകർത്തുകയാണ് മാധവിക്കുട്ടി. ഭർത്തൃമതിയായ അവൾ പഴയകാമുകനുമൊത്ത് സായാഹ്നം ചെലവിടുന്നത് അപഥസഞ്ചാരമാകുന്നു. കഥയുടെ അവസാനം കാമുകൻ കാമുകിയെ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു. "നേരം വളരെ വൈകി. നിന്റെ ഭർത്താവ് എന്തു വിചാരിക്കും." ഭർത്താവുള്ള സ്ത്രീയുടെ ജീവിതം മുഴുവൻ ഭർത്താവിനുവേണ്ടി മാറ്റിവയ്ക്കപ്പെട്ടതാകണം എന്ന സാമൂഹികനിയമത്തെ ഈ വാക്യത്തിലൂടെ കഥാകാരി ചോദ്യം ചെയ്യുകയാണ്. തന്റെ കാമുകനോടുള്ള പ്രണയതീവ്രത വ്യക്തമാക്കുന്നതാണ് ഇവരുടെ യാത്രപറയൽ രംഗം. "അയാൾ അവളുടെ കൈപിടിച്ചുകൊണ്ട് ചിരിച്ചു. അത് എന്നന്നേയ്ക്കുമുള്ള ഒരു യാത്ര ചോദിക്കലാണെന്ന് അവൾക്ക് തോന്നി. ഒരു അവസാനിപ്പിക്കൽ. അവർ തമ്മിൽ ഉണ്ടായിരുന്ന സ്നേഹത്തിന്റെയും

വിശ്വാസത്തിന്റെയും എല്ലാറ്റിന്റെയും ഒരവസാനിപ്പിക്കൽ . ചിരിയുടെയും വാക്കുകളുടെയും ചുംബനങ്ങളുടെയും സ്മരണകൾ എപ്പോഴും അവളെ ചുറ്റിക്കൊണ്ടിരുന്നു"(മാധവിക്കുട്ടി,2014:280) ഭർത്താവിൽ നിന്നും മൂടിവയ്ക്കപ്പെട്ട അവളുടെ ജീവിതത്തിലെ മധുര സ്മരണകളുടെ ഒരയവിറക്കൽ ആയിരുന്നു ഈ ഓർമ്മകളത്രയും. ഇങ്ങനെ മാനസികമായും ശാരീരികമായും അപഥസഞ്ചാരങ്ങൾ ചെയ്യുന്ന സ്ത്രീകഥാപാത്രങ്ങൾ മാധവിക്കുട്ടിക്കഥകളിൽ ഏറെയുണ്ട്. താളംതെറ്റിയ വിവാഹിത, സമൂഹത്തിൽ വെറുക്കപ്പെട്ടവളാണ്. അതിനാൽ അവൾ മൂടുപടംവച്ച് കൃത്രിമമായ ജീവിതം നയിക്കാൻ നിർബന്ധിക്കപ്പെടുന്നു.

ഭർത്താവിന്റെ മുമ്പിൽ പൊയ്മുഖം കാണിച്ച് പരപുരുഷന്റെ അനുരാഗത്തിനായി കൊതിക്കുന്ന ധാരാളം സ്ത്രീകളെ മാധവിക്കുട്ടി അവതരിപ്പിക്കുന്നു. സൂര്യൻ, റാണി, മഞ്ഞ് തുടങ്ങി കഥകൾ ഇതിന് ഉദാഹരണമാണ്. ഇങ്ങനെ മനഃപീഢ അനുഭവിക്കുന്ന ഒരു സ്ത്രീയുടെ ചിത്രം 'കല്ല്യാണി' എന്ന കഥയിൽ വായിച്ചെടുക്കാനാവും. 'കല്ല്യാണി' എന്ന കഥയിലെ സ്ത്രീ കല്ല്യാണം കഴിഞ്ഞ എല്ലാ സ്ത്രീകളുടെയും പ്രതിനിധിയാണ്. ഭർത്താവിനെ രക്ഷകനായി കരുതുന്നവൾ. മിസ്റ്റർ മേനോന്റെ ഭാര്യ എന്ന് സ്വയം വെളിപ്പെടുത്തുന്നവൾ. അവൾ അമ്മിണിയോ, അമ്മുവോ ആരുമാകാം. പക്ഷേ, വിവാഹ ശേഷം അവൾ കല്ല്യാണിയാണ്. പുരുഷന്റെ സ്നേഹത്തിനും പരിരക്ഷയ്ക്കും വേണ്ടി സദാ കേഴുന്നവൾ. ഇങ്ങനെ ലാളിക്കപ്പെടാനും സ്നേഹിക്കപ്പെടാനും വെറുക്കപ്പെടാനുമൊക്കെ ആഗ്രഹിക്കുന്ന സ്ത്രീ കഥാപാത്രങ്ങളാൽ മുഖരിതമാണ് മാധവിക്കുട്ടിയുടെ രചനകൾ. 'സ്വതന്ത്രജീവികൾ' എന്ന കഥയിൽ തന്നെക്കാൾ പ്രായം കൂടിയ ആളെ എയർപോർട്ടിൽ നിന്നും സ്വീകരിച്ചുകൊണ്ട് തിരികെ കൊണ്ടാ

ക്കുന്നതിന് ഇടയ്ക്കുള്ള നാലഞ്ചു മണിക്കൂറാണ് വിവരണം. പ്രണയത്തിന്റെ യാതൊരു ഭാവവും അയാളിൽ ഇല്ലായിരുന്നു. എന്നാൽ  അയാളോട് തോന്നുന്ന അഭിനിവേശത്തിന് യുഗങ്ങളുടെ പഴക്കമുണ്ടെന്ന് അവൾ തിരിച്ചറിയുന്നു. അവൾ സ്വയം ചോദിക്കുന്നു. ഇതോ ഇതാണന്നോ നീ ആരാധിക്കുന്ന മനുഷ്യൻ. കണ്ടുമുട്ടുന്ന നിമിഷം മുതൽ അസ്വാതന്ത്രത്തിന്റെ കുരുക്കുകൾ അവരെ വിരിഞ്ഞു മുറുക്കുന്നു. നായിക ചിന്തിക്കുന്നു. "താൻ കഴിഞ്ഞ ഒന്നര മാസത്തോളം അയാളെ വിചാരിച്ച് കരയാത്ത ദിവസമില്ല എന്ന് എങ്ങനെ അയാളോട് പറയും"(മാധവിക്കുട്ടി,2014:359). അത്തരമൊരു വിജയം കാമുകന് കൊടുക്കാതിരിക്കാൻ സ്വന്തം അവസ്ഥ അവൾ മറച്ചുവയ്ക്കുന്നു. പരസ്പരം സ്നേഹം പ്രകടിപ്പിക്കുന്ന ഒരു വാക്കുപോലും കൈമാറാൻ അവൾക്ക് കഴിയുന്നില്ല. ഒരു നിമിഷം പോലും അവർ സ്വാതന്ത്ര്യം അനുഭവിക്കുന്നില്ല. എങ്കിലും തങ്ങൾ സ്വതന്ത്രരാണന്ന് അവർ അഭിമാനിക്കുന്നു. തരിശുനിലം എന്ന കഥയിലും ഇത്തരമൊരു ദർശനം വ്യക്തമാണ്. ''ഒരു കാലത്ത് തീരെ അവസാനിക്കാത്തതായി തോന്നിയിരുന്ന അവരുടെ പ്രേമബന്ധത്തിൽ നിന്നും അയാൾ സ്വതന്ത്രനായി" എന്നും "നീ എന്നെ സ്നേഹിക്കേണ്ടിയിരുന്നില്ല. എന്റെ കാലിന്മേൽ ഒരു ചങ്ങലയുള്ളതുപോലെ എനിക്ക് തോന്നുന്നു" എന്നും നായകൻ പറയുമ്പോഴും പ്രണയം ഒരു പീഢാനുഭവമാണന്ന കമിതാക്കളുടെ തിരിച്ചറിയൽ തീക്ഷ്ണമാകുന്നു.

വഞ്ചിക്കപ്പെടുന്ന സ്ത്രീത്വത്തിന്റെ  ഏകാന്തവ്യഥകളും വിക്ഷോഭങ്ങളും തെളിഞ്ഞുനില്ക്കുന്ന കഥകളാണ് 'ജാനുപറഞ്ഞകഥ', 'രവിയുടെ കഥ' എന്നിവ. സ്വയം മാനസ്സികപീഢ് അനുഭവിക്കുന്ന സ്ത്രീചിത്രങ്ങൾ തുറന്നുകാണിക്കുകയാണ് 'എന്റെ സ്നേഹിത, അരുണ','അരുണയുടെസൽക്കാരം' എന്നീ കഥകൾ. വിവാഹബന്ധ

ങ്ങൾ വെറും സാമ്പത്തികബന്ധമോ, യജമാനഭർത്തൃബന്ധമോ ആയി തരംതാഴുന്നതിന്റെ തെളിവുകളാണ് 'മഞ്ഞ്', 'കാമഭ്രാന്ത്' തുടങ്ങിയ കഥകൾ. അശരണവും തിരസ്കൃതവുമായ സ്ത്രീത്വത്തിന്റെ നേർ ചിത്രം പകർന്നു നൽകുന്ന ചതുരംഗം ഇടനാഴിയിലെ കണ്ണാടികൾ എന്നീ കഥകളും ശ്രദ്ധേയമാണ്.

ജീവിതസങ്കീർണ്ണതകളിൽ നിന്നും ഉയിർകൊണ്ട കഥകളായിരുന്നു മാധവിക്കുട്ടിയുടേത്. തനിക്കു ചുറ്റുമുള്ള സ്ത്രീകളുടെ മാനസികവും ശാരീരികവുമായ ആവശ്യങ്ങളെ അവർ കഥകളിലൂടെ അനാവരണംചെയ്തു. അതിനാൽ അവരുടെ കഥകൾ സ്ത്രീപുരുഷ ബന്ധത്തിന്റെയും പ്രണയത്തിന്റെയും ജീവിതത്തെ തൊട്ടുനോക്കുന്ന ആസക്തികളുടെയും കലാപരമായ ആവിഷ്കാരങ്ങളായിത്തീർന്നു. അങ്ങനെ സ്ത്രീസ്വത്വത്തിന്റെ വ്യത്യസ്ത മാനങ്ങൾ തീക്ഷ്ണമാം വിധം തന്റെ കഥകളിലൂടെ ആവിഷ്കരിച്ച് അടിച്ചമർത്തപ്പെട്ട സ്ത്രീജീവിതങ്ങളുടെ അന്തഃക്ഷോഭങ്ങൾ മറനീക്കിക്കാണിക്കാൻ ഉദ്യുക്തയായ എഴുത്തുകാരിയാണ് മാധവിക്കുട്ടി. സ്ത്രീ അവസ്ഥകളെക്കുറിച്ചുള്ള അവരുടെ തുറന്നെഴുത്തുകൾ കേരളീയ യാഥാസ്ഥിതിക സമൂഹത്തിൽ ഇന്നും പ്രകമ്പനം സൃഷ്ടിച്ചുകൊണ്ടാണിരിക്കുന്നത്. അതുതന്നെയാണ് മാധവിക്കുട്ടിയുടെ കഥാപ്രപഞ്ചത്തെ കാലാതിവർത്തിയായി നിലനിർത്തുന്നതും.

## സഹായകഗ്രന്ഥങ്ങൾ

1. ജയകൃഷ്ണൻ എൻ., (എഡി.), *പെണ്ണെഴുത്ത്*, കേരളഭാഷാ ഇൻസ്റ്റിസ്റ്റ്യൂട്ട്, തിരുവനന്തപുരം: 2011.
2. പന്മന രാമചന്ദ്രൻനായർ,(എഡി.), *കഥാപഠനങ്ങൾ*, കറന്റ് ബുക്സ്, കോട്ടയം: 2006.
3. മാധവിക്കുട്ടി, *എന്റെ പ്രിയപ്പെട്ട കഥകൾ*, ഡി. സി. ബുക്സ്,

കോട്ടയം:2006.

4. മാധവിക്കുട്ടി, *മാധവിക്കുട്ടിയുടെ കഥകൾ സമ്പൂർണ്ണം*, ഡി. സി. ബുക്സ്, കോട്ടയം: 2014.

5. രാമകൃഷ്ണൻ ഇ.വി., *മാധവിക്കുട്ടി പഠനങ്ങളും രചനകളും*, ഡി. സി. ബുക്സ്, കോട്ടയം: 2011.

# ധ്വനിക്കുന്ന മാധവിക്കുട്ടി

**ഡോ.പി.സൂര്യ**

അതിസങ്കീർണ്ണതയുടെ ഇടുങ്ങിയതും ഇരുട്ടു നിറഞ്ഞതുമായ വഴികളിലൂടെ സഞ്ചരിക്കുന്ന എഴുത്തുകാരിയാണ് മാധവിക്കുട്ടി. അവരുടെ കഥാപാത്രങ്ങൾ ഒറ്റ വായനയിൽ ഒതുങ്ങുന്നവരോ കൃത്യമായ ഫ്രെയിമിനുള്ളിൽ ഒതുക്കി നിർത്തുവാൻ പറ്റുന്നവരോ അല്ല. 'ഞങ്ങൾ ഇതെല്ലാമാണ്' എന്ന് പുറംലോകത്തോട് ഉറക്കെ വിളിച്ചു പറഞ്ഞ് , മനസ്സിന്റെ വിഭിന്നവും വിരുദ്ധവുമായ ഭാവങ്ങൾ ഒരേ സമയം പേറുന്നവരാണവർ. കടൽ മയൂരം, എന്നെന്നും താര, രാത്രിയുടെ പദവിന്യാസം എന്നീ നോവലെറ്റുകളുടെ സൂക്ഷ്മപഠനം നടത്തുമ്പോൾ, കേവലമായ കഥപറച്ചിലിനുപരിയായി ധ്വനിക്കുന്ന കാര്യം, ഈ കൃതികളിൽ പ്രത്യക്ഷരാകുന്ന കഥാപാത്രങ്ങൾ ( വിശേഷിച്ച് സ്ത്രീകൾ) ജീവിതത്തിന്റെ ഏറ്റവും തീക്ഷ്ണവും പരുക്കനും യഥാർത്ഥവുമായ പല അംശങ്ങളോടും ചേർന്നുനിൽക്കുന്നു എന്നതാണ്. 'കടൽ മയൂര'ത്തിലെ പ്രൊഫ.രേണുകാദേവി'എന്നെന്നും താര'യിലെ താര, പ്രൊഫ. ഉഷ , 'രാത്രിയുടെ പദവിന്യാസ'ത്തിലെ ഡോക്ടർ മാലിനി, ശ്രീദേവി - മാധവിക്കുട്ടി വരച്ചിടുന്ന ഈ കഥാപാത്രങ്ങളെ ഒറ്റയൊറ്റ സ്വഭാവത്തിനുടമകളായി നമുക്ക് വായിച്ചെടുക്കാൻ ആവില്ല. തലങ്ങും വിലങ്ങും മേലുംകീഴും ആയി മാറിമറിയുന്ന അനേകിയായ വ്യക്തിത്വങ്ങൾക്കുടമകളാണവർ.

'കടൽമയൂര'ത്തിലെ പ്രൊഫ. രേണുകാദേവി അൻപത്തിയഞ്ചു വയസ്സു കഴിഞ്ഞ, അവിവാഹിതയായ, ധനശ്ശാസ്ത്രവിദഗ്ധയും സാമൂഹികപ്രവർത്തകയുമാണ്. സിംഗപ്പൂരിൽ വച്ചു നടക്കുന്ന

ധനശ്ശാസ്ത്രകാരുടെ അന്താരാഷ്ട്രസമ്മേളനത്തിൽ പങ്കെടുക്കുവാൻ പോകുന്ന അവർ വിമാനത്തിൽവെച്ചു കണ്ടുമുട്ടുന്ന കിം സൂങ്ങ് എന്ന സിംഗപ്പൂർകാരനുമായി പ്രണയത്തിലാവുകയും അയാളുമായി ജീവിക്കുകയും ഒടുവിൽ അവിടെവെച്ചു തന്നെ മരിക്കുകയും ചെയ്യുന്നതാണ് ആദ്യവായന നൽകുന്ന അനുഭവം. ലളിതം എന്നു തോന്നുന്ന വ്യക്തിത്വമാണ് പ്രൊഫ.രേണുകാദേവിക്ക്. പുറമേ സദാചാരവാദിയും സ്ത്രീവിമോചനത്തിനുവേണ്ടി പോരാടുകയും ചെയ്യുന്നു അവർ. അസാമാന്യബുദ്ധിശക്തിയുള്ള ഒരാളെ മാത്രമേ വിവാഹം കഴിക്കൂ എന്ന ദൃഢനിശ്ചയം, സ്ത്രീപുരുഷന്മാർ തമ്മിലുള്ള ശാരീരികവേഴ്ചയെപ്പറ്റി പുലർത്തുന്ന 'അന്തസ്സില്ലാത്തത്' എന്ന കാഴ്ചപ്പാട് എന്നൊക്കെ രേണുകാദേവിയുടെ വ്യക്തിത്വം എഴുത്തുകാരി സൂചിപ്പിക്കുന്നുണ്ട്. പക്ഷേ, കൃതിയുടെ മറ്റുചില വായനകളിൽക്കൂടി തെളിയുന്ന ഒട്ടേറെ വസ്തുതകളുണ്ട്. അവയാണ് കൃതിയെ ധ്വനിസുന്ദരമാക്കുന്നത്.

പ്രൊഫ. രേണുകാദേവി അടക്കി വയ്ക്കപ്പെട്ട കാമചോദനകൾക്ക് വിധേയയായിരുന്നു. ആ കാമചോദനകൾ മനുഷ്യസഹജമാണ്. പക്ഷേ അവർ അതു പ്രകടിപ്പിക്കുന്നതിൽ എന്നെന്നും സംശയാലുവായിരുന്നു. പ്രശസ്തി, സമൂഹം, വ്യക്തിത്വം ഇങ്ങനെ പല സംഗതികളും നൈസർഗ്ഗികമായ തന്റെ ചോദനകൾക്ക് പരിഹാരം തേടുന്നതിൽനിന്ന് അവരെ വിലക്കി. തന്റെ നഗ്നശരീരത്തെക്കുറിച്ചും അവർക്ക് അപകർഷബോധമുണ്ടായിരുന്നു. രേണുകാദേവിയുടെ ബാഹ്യവ്യക്തിത്വം എല്ലാത്തരം വികാരങ്ങളും മൂടിവയ്ക്കുവാൻ തീരുമാനിച്ചുവെങ്കിലും ആന്തരവ്യക്തിത്വം  സ്നേഹിക്കപ്പെടാനും താലോലിക്കപ്പെടാനും അതിശക്തമായി ആഗ്രഹിച്ചിരുന്നു. ഈ ദ്വന്ദ്വവ്യക്തിത്വം അവരിൽ സംഘർഷമുളവാക്കുന്നതായി ചൂണ്ടിക്കാട്ടുന്ന ഒട്ടേറെ

സന്ദർഭങ്ങൾ നോവലെറ്റിൽ കാണാം.

രേണുകാദേവി ജിംനോഫോബിക് (Gymnophobic) ആയിരുന്നു. ഇത്തരക്കാർ തങ്ങളുടെ നഗ്നമായ ഉടൽ മറ്റൊരാളെ കാണിക്കേണ്ടിവരുന്നതോർത്ത് ഭയപ്പെടുന്നു. നോവലെറ്റിൽത്തന്നെയുള്ള "തന്റെ നഗ്നശരീരത്തെപ്പറ്റി തെല്ലൊരപകർഷബോധമുണ്ടായിരുന്ന രേണുക അത് മറ്റൊരാളുടെ മുമ്പിൽ വെളിപ്പെടുത്തേണ്ടിവരുന്ന ഒരവസ്ഥ തനിക്ക് ഒരിക്കലും ഉണ്ടാകരുതെന്നു കാംക്ഷിച്ചു" എന്ന വാചകം ഇത് സാധൂകരിക്കുന്നുണ്ട്.

വ്യാജവ്യക്തിത്വം (Pseudo Personality) എന്നോ ദ്വന്ദ്വ വ്യക്തികം (Dual Personality) എന്നോ ഒക്കെ വിശോഷിപ്പിക്കാവുന്ന മാനസികനിലയായിരുന്നു രേണുകയുടേത്. ഒരേ സമയം കാമിയും അതേ സമയം സദാചാര - ആദർശവാദിയും. മറ്റുള്ളവരുടെ മുമ്പിൽ തന്റെ ആദർശനാട്യങ്ങൾ വെളിപ്പെടുമോ എന്നു ഭയന്നു ജീവിച്ച അവർ 'കംഫർട്ട് സോണി'നു പുറത്തെത്തുമ്പോൾ (സിംഗപ്പൂരിൽ) 'ദ അദറി' (The Other) നെ പുറത്തെടുക്കുന്നു. ആദ്യമായി കണ്ടുമുട്ടുന്ന കിംസൂങ്ങുമായി'ചിരിച്ചു കുഴയാനും' 'കോപം നടിക്കാനു'മൊക്കെ അവർക്കു സാധിക്കുന്നതും അതുകൊണ്ടാണ്. രേണുകയ്ക്ക് നീല വസ്ത്രങ്ങളോടുള്ള ഭ്രമവും കിമ്മിനെ കാണുമ്പോഴൊക്കെ നീലപ്പട്ടുവസ്ത്രം ധരിച്ചുവരുന്നതും അവർക്കുള്ളിലെ ലിബിഡോ സ്റ്റേറ്റിനെ(Libido State) പ്രത്യക്ഷവത്കരിക്കുന്നു. അപ്പോൾക്കൂടിയും, താൻ തന്റെ ആദർശങ്ങളിൽ നിന്നു വ്യതിചലിക്കുന്നുവെന്നു തോന്നുമ്പോൾ കഴുത്തിൽ കിടക്കുന്ന കൃഷ്ണ രൂപത്തിൽപ്പിടിച്ച് പ്രാർത്ഥിക്കുവാനും അവർ മറക്കുന്നില്ല.

പ്രതിഭാശാലികളായ എഴുത്തുകാർ ഉപയോഗിക്കുന്ന ഓരോ വാക്കും, സൃഷ്ടിക്കുന്ന ഓരോ സന്ദർഭവും വായനക്കാർക്ക് അനേകം

വാതിലുകൾ തുറന്നു നൽകുന്ന ഇടമാണ്. ഈ നോവലിൽ ഇടയ്ക്ക് പ്രത്യക്ഷപ്പെട്ടു മറയുന്ന ഡോ. ഷോസുവിനെ, രേണുകാദേവിയുടെ അബോധമായി മനസ്സിലാക്കാം. ആദർശം മാത്രം പറഞ്ഞ് ഇത്രയും കാലം ജീവിച്ച താൻ സിംഗപ്പൂരിൽവെച്ച് മകനാകാൻ പ്രായമുള്ള ഒരാളുമായി പ്രണയത്തിലാവുക എന്നത് രേണുകയെ സംബന്ധിച്ച് സ്വയം ന്യായീകരണമാവശ്യമാകുന്ന ഒന്നായിരുന്നു. ശരീരസംബന്ധ മായി എന്നുമവരെ വേട്ടയാടിയിരുന്ന ഭയത്തെ ഡോ.ഷോസുവിലൂടെ തരണം ചെയ്യുവാനവർ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. ''ഏതു സ്പർശ നത്തിനും നിങ്ങളെ അപമാനിതയാക്കുവാനുള്ള കഴിവില്ല. രോഗികളെ പരിചരിക്കുന്ന നഴ്സുകൾ മനുഷ്യസ്പർശനത്തിൽ നിന്ന് ഒളിച്ചോടു വാൻ ശ്രമിക്കുന്നില്ലല്ലോ'' എന്ന അബോധ(ഡോ.ഷോസു)ത്തിന്റെ ഉപദേശം, തന്റെ രോഗാതുരമായ മനസ്സിന് ആവശ്യമുള്ള ചികിത്സ തന്നെയാണ് കിമ്മുമായുള്ള പ്രണയം എന്ന ഉറച്ച തീരുമാനമെടു ക്കുവാൻ രേണുകയെ സഹായിക്കുന്നു.

ഈ നോവലിൽ കടന്നു വരുന്ന പ്രകൃതി - ഗന്ധബിം ബങ്ങൾ രേണുകയുടെ വ്യക്തിത്വത്തെയും കഥയുടെ ഗതിയെയും നിർണ്ണയിക്കുന്നു. ചന്ദനമണമുള്ള പൗഡർ ഒഴികെ മറ്റൊരു സുഗന്ധ ലേപനവും രേണുക ഉപയോഗിച്ചിരുന്നില്ല എന്ന പരാമർശം രോഗഗ്ര സ്തമായ അവരുടെ മനസ്സിനെ കുളിർമയുള്ളതാക്കി വെക്കുവാൻ അവർ ശ്രമിച്ചിരുന്നു എന്ന് അപനിർമ്മിക്കാം. വിമാനത്തിൽ വച്ച് കിമ്മിന്റെ ഉച്ഛ്വാസത്തിൽ പടർന്ന സിഗരറ്റു മണം ഒരു കാലത്ത് ലഹരി വിരുദ്ധ പിക്കറ്റുകൾ നടത്തിയിരുന്ന രേണുകയ്ക്ക് ഇഷ്ടപ്പെടുന്നുണ്ട്. പുകയില ജീവഹാനി വരുത്തുന്നതാണ്. രേണുകയുടെ ബാഹ്യവും കപടവുമായ സദാചാരമുഖത്തിന് അവിടെ വച്ചു തന്നെ മരണം സംഭ വിച്ചതായി മനസ്സിലാക്കാം. സിംഗപ്പൂരിൽവെച്ച്, സൗന്ദര്യവർദ്ധ

നവിനായി സ്ത്രീകൾ ചെലവിടുന്ന സമയത്തിനെതിരായി സംസാരിച്ചിരുന്ന രേണുക ബ്യൂട്ടിപാർലറിൽ പോവുകയും മുഖവും മുടിയും മിനുക്കുകയും ചെയ്യുന്നു. 'മുഖം കളിമണ്ണാൽ പൊതിഞ്ഞ്' 'പനിനീരുപയോഗിച്ച് തുടച്ചു' എന്നിങ്ങനെയുള്ള പരാമർശങ്ങൾ സോദ്ദേശ്യമാണ്. രേണുകയുടെ മുഖംമൂടി എടുത്തു മാറ്റപ്പെടുന്നു എന്ന് ഈ പരാമർശങ്ങൾ തെളിയിക്കുന്നു. മണ്ണും പനിനീരും നിഷ്കപടതയുടേതും സ്വാഭാവികതയുടേതുമാണ്. താൻ താമസിക്കുന്ന ഹോട്ടലിൽ വരുന്ന കിമ്മിനെ കാണുന്ന രേണുകയ്ക്ക് അയാൾ ഒരു പനിനീർപ്പൂവ് സമ്മാനിക്കുന്ന രംഗമുണ്ട്. പനിനീർ കാഴ്ച സംബന്ധിയായ അസുഖങ്ങൾക്കു പ്രതിവിധിയാണ്. രേണുകയുടെ മങ്ങിയ കാഴ്ച(പ്പാടു)കളാണ് പരിഹരിക്കപ്പെടുന്നത്. ബ്യൂട്ടീപാർലർകാരന്റെ വിയർപ്പിന്റെ ഗന്ധക (sulpher)മണം രേണുക ആസ്വദിക്കുന്നു. ഗന്ധകം അണുവിമുക്തമാക്കുവാനുള്ള മൂലകമാണ്. പൊള്ളയായ ആദർശവാദവും അർത്ഥരഹിതമായ 'സദാചാരസൂക്തങ്ങളും' കൊണ്ടു നിറഞ്ഞ ബാഹ്യമാണ് ശുദ്ധീകരിക്കപ്പെടുന്നത്. പ്രണയലോലയായ ഒരു സ്ത്രീയുടെ ശരീരത്തിൽനിന്നു വമിക്കുന്ന വിയർപ്പിന് വെരുകിൻ പുഴുവിന്റെ സുഗന്ധമുണ്ട് എന്ന് കിം ഒരവസരത്തിൽ രേണുകയോടു പറയുന്നു. വെരുകിൻ പുഴുവും ഔഷധമാണ്. ഇങ്ങനെ എഴുത്തുകാരി ഉപയോഗിക്കുന്ന ഓരോ ബിംബവും അർത്ഥാന്തരങ്ങളിലേക്കു നയിക്കുന്ന ആശയങ്ങളായി മാറുന്നു.

പ്രേമവും കാമവും ആഗ്രഹിക്കുന്നവളായിരുന്നു രേണുക. അതു തിരിച്ചറിഞ്ഞത് അനുജത്തിയുടെ മകളായ ശിവ മാത്രം (കിമ്മിനെ കൂടാതെ). സിംഗപ്പൂരിൽ വച്ച് തന്റെ യഥാർത്ഥസത്ത വെളിപ്പെടുത്തി, ആഗ്രഹപൂർത്തീകരണം നടത്തി, മരണമടയുന്ന രേണുകയുടേതായ ഒരു പെട്ടി മാത്രമാണ് ശിവയ്ക്ക് ലഭിച്ചത്. അതിൽ പുരു

ഷന്റെ അടിവസ്ത്രം കണ്ടെത്തുന്ന അവൾ എത്രമാത്രം അടക്കിവെച്ച തൃഷ്ണകളോടെയായിരുന്നു (ശാരീരികമായും മാനസികമായും) തന്റെ 'വലിയമ്മ' ജീവിച്ചിരുന്നതെന്ന് വിഷമിക്കുന്ന രംഗത്തോടെ കൃതി അവസാനിക്കുന്നു.

ഒട്ടേറെ രേണുകമാരുടെ പ്രതിനിധിയാണ് 'കടൽ മയൂര'ത്തിലെ പ്രൊഫ. രേണുകാദേവി. ബാഹ്യലോകം തങ്ങളെ എപ്രകാരം വീക്ഷിക്കുന്നു എന്നു ചിന്തിച്ച്, അതിൽ വ്യാകുലപ്പെട്ട് , ജീവിതത്തിന്റെ മനോഹരങ്ങളായ വികാരങ്ങളും ആനന്ദങ്ങളും അവർ മനസ്സിന്റെ അജ്ഞാതമായ ഉള്ളറകളിലിട്ടു പൂട്ടുന്നു. തന്റെ ഒപ്പം ജീവിക്കുന്നവരും അതുപോലെയാകണമെന്ന് ശഠിക്കുന്നു. ശിവയെ നിയന്ത്രിച്ചു നിർത്തുന്ന രേണുക ഒരു ഘട്ടത്തിൽ അതെല്ലാം തെറ്റായിരുന്നു എന്ന തിരിച്ചറിയുന്നുണ്ട്. മനസ്സ് ആഗ്രഹിക്കുന്നത് നേടിയെടുക്കാൻ സാധിക്കാത്ത, അതിനുള്ള ധൈര്യമില്ലാത്ത ആളുകൾക്കിടയിൽ പ്രൊഫ.രേണുക വ്യത്യസ്തയാണ്. എങ്കിലും ഏതൊക്കെയോ തലങ്ങളിൽ അവരും മുഖ്യധാരാസമൂഹത്തിന്റെ ചിന്തകൾക്ക് കീഴ്പ്പെട്ടിരിക്കുന്നു എന്നു തന്നെ പറയാം.

പ്രൊഫസർ ഉഷ, താര, ഹരി ഇവരിലൂടെ വികസിക്കുന്ന കഥാതന്തുവാണ് 'എന്നെന്നും താര'യിലേത്. ചെറുപ്പകാലം മുതൽക്കേ താരയിൽ അനുരക്തനാകുകയും വിധിവൈപരീത്യത്താൽ നഷ്ടപ്പെടുകയും കഥാവസാനം അവളുമായി വേഴ്ചയിലേർപ്പെടുമ്പോൾ ഹരി തിരിച്ചറിയുന്ന സത്യവും ആണ് നോവലിന്റെ ഇതിവൃത്തത്തെ നിർണ്ണയിക്കുന്നത്. ഹരിയുടെ കൊളീഗ് (Collegue)ആയ ഉഷ ആ ഘട്ടത്തിൽ ഹരിക്കാശ്വാസമാകുന്നത് സൂചിപ്പിച്ചു കൊണ്ട് നോവൽ അവസാനിക്കുന്നു.

പ്രൊഫസർ ഉഷയ്ക്ക് ഹരിയോടുള്ള താല്പര്യം കഥ

യിൽ പലയിടത്തും പലരൂപത്തിലും ധ്വനിക്കുന്നുണ്ട്. ഹരിയുടെ കാര്യത്തിൽ അതീവ ശ്രദ്ധാലുവാകുന്നു അവർ. ഐസ്ക്രീമിൽനിന്നു പഴങ്ങൾ സ്പൂണിലെടുത്ത് വായിൽ വച്ചുകൊടുത്തും താരയുടെ കാര്യം പറഞ്ഞ് ദുഃഖിക്കുന്ന ഹരിയെ കാർ ഡ്രൈവിംഗിൽനിന്ന് മാറ്റി സ്വയമോടിച്ചും തുടരുന്ന സ്നേഹവായ്പ്, കഥാന്ത്യത്തിൽ സത്യം തിരിച്ചറിയുന്ന ഹരി അഭയത്തിനായെത്തുമ്പോൾ സ്വന്തം കരവലയത്തിലൊതുക്കി സാന്ത്വനിപ്പിച്ചും ഉഷ പ്രകടിപ്പിക്കുന്നു.

അമേരിക്കയിൽ യന്ത്രപ്പാവകൾ നിർമ്മിക്കുന്ന വ്യവസായശാലയിലാണ് താരയുടെ ഭർത്താവ് രാമൻകുട്ടി ജോലി ചെയ്യുന്നത്. താരയെ അയാൾ സ്വത്തും സൗന്ദര്യവും നോക്കിയാണ് വിവാഹം ചെയ്തത് എന്നതിന് നോവലിൽതന്നെ പലഭാഗത്തും സൂചനകളുണ്ട്. താരയുടെ അച്ഛൻ വയസ്സുകാലത്ത് രണ്ടാം വിവാഹം കഴിച്ചത് ഇഷ്ടപ്പെടാത്ത രാമൻകുട്ടി, ഹരിയോട് സ്വത്തുവിഭജനത്തെക്കുറിച്ച് വിശദമായി അന്വേഷിച്ചറിയുന്നുണ്ട്. അയാളുടെ കമ്പനിയിൽ നിർമ്മിക്കപ്പെടുന്ന യന്ത്രപ്പാവകൾ പല ജോലികളും ചെയ്യും. സുഖജീവിതം മോഹിച്ച് രാമൻകുട്ടിയെ വിവാഹം ചെയ്യുന്ന താരയുടെ ദാമ്പത്യജീവിതം വിരസമായിരുന്നു. ഇത് കൃതിയിൽ ധ്വനിക്കുന്നത് താര അണിഞ്ഞിരിക്കുന്ന ചുവന്ന കല്ലു പതിച്ച പ്ലാറ്റിനം കൊണ്ടുള്ള ലോലാക്കിന്റെ ചിത്രത്തിൽക്കൂടിയാണ്. തലകീഴായി വീണ ഗോപുരത്തിന്റെ ആകൃതിയുള്ള ആ ലോലാക്കിന്മേൽ താര ഇടയ്ക്കിടെ തൊട്ടിരുന്നു. താരയുടെ ലൈംഗികാസംതൃപ്തിയാണ് എഴുത്തുകാരി ചൂണ്ടിക്കാട്ടുവാൻ ശ്രമിക്കുന്നത്.

ഉഷയ്ക്ക് താരയോടുള്ള മനോഭാവം അസൂയയുടേതോ ഇഷ്ടക്കേടിന്റേതോ ഒക്കെയാണ്. ഹരിതന്നെ വർണ്ണിക്കുന്ന താരയുടെ വശ്യസൗന്ദര്യം, നേരിൽക്കണ്ട് ബോധ്യപ്പെടുമ്പോഴുണ്ടാ

കുന്ന അപകർഷതാബോധവും താൻ ജാതിയിൽ ഹരിക്കുതാഴെയാണെന്നുള്ള ചിന്തയും അവളിലുണ്ടായിരുന്നു. ഹരിയോട് ഇഷ്ടമുണ്ടങ്കിൽക്കൂടി ഇവയൊക്കെയും അതിൽനിന്ന് പിന്തിരിപ്പിച്ചു. താരയുടെ രണ്ടാനമ്മയോട് അടുക്കാനും ഏറെക്കുറെ സമപ്രായക്കാരിയായ താരയോട് അടുപ്പം തോന്നാതിരിക്കാനുള്ള കാരണവും മറ്റൊന്നല്ല. 'ഇനി ഹരിയെയല്ലാതെ ഉഷയ്ക്ക് ആരെ ഭർത്താവായി കിട്ടും? ഉഷയെയല്ലാതെ ഹരിക്കും മറ്റൊരു വധുവിനെ കിട്ടുകയില്ല' എന്നും മറ്റുമുള്ള രണ്ടാനമ്മയുടെ പറച്ചിൽ ഉഷയിലൊരു കടപ്പാട് രൂപപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടാണ് ഭർത്താവു മരിച്ച, ഗർഭിണിയായ അവരോട് മറ്റാരെക്കാളും ഉഷയ്ക്ക് സഹതാപം തോന്നുന്നത്.

ദാമ്പത്യജീവിതപരാജയത്തിന്റെ, ലൈംഗികാതൃപ്തിയുടെ പല രേഖപ്പെടുത്തലുകളും നോവലിൽ തെളിയുന്നുണ്ട്. താരയുടെ അച്ഛന്റെയും രണ്ടാനമ്മയുടെയും ജീവിതം, താരയുടെയും ഭർത്താവ് രാമൻകുട്ടിയുടെയും ജീവിതം എന്നിവ ഉദാഹരണങ്ങൾ. എന്നാൽ അസംതൃപ്തമായ മനുഷ്യജീവിതം പിന്നീട് സംതൃപ്തി നേടുന്നത് ഉഷയുടെയും ഹരിയുടെയും ജീവിതം ദൃഷ്ടാന്തീകരിക്കുന്നു.

പ്രൊഫസർ ഉഷ അതിവൈകാരികമായാണ് ഹരിയോട് ഇടപെടുന്നത്. പുറമേക്കു കാണിക്കാത്ത അവരുടെ സ്നേഹവും കരുതലും പല സന്ദർഭങ്ങളിലും അറിയാതെ പുറത്തുചാടുന്നു. താരയെ ഹരിക്കു മറക്കുവാനാവില്ലെന്നു കാണുന്ന ഉഷ, ഒരുവേള അവളുമായി ശരീരം പങ്കിടുമ്പോൾ മാത്രമേ ഹരി ആ മായികവലയത്തിൽ നിന്നു പുറത്തായി തന്റെയടുക്കൽ അണയൂ എന്നു തിരിച്ചറിയുന്നു. താൻ സ്നേഹിക്കുന്ന പുരുഷനെ ഏതു വിധേനയും തന്റേതു മാത്രമാക്കുക എന്ന കൂർമ്മബുദ്ധി അവൾ പ്രകടമാക്കുന്നു. അച്ഛന്റെ മരണമറിഞ്ഞ് അമേരിക്കയിൽനിന്നു വരുന്ന താരയുമായി ലൈംഗിക

വേഴ്ചയിൽ ഏർപ്പെടുവാൻ പോലും ഉപദേശിക്കുന്ന ഉഷയിൽ മുതലാളിത്തകാലഘട്ടത്തിന്റെ, ലൈംഗികസ്വാതന്ത്ര്യം സ്വാഗതം ചെയ്യുന്ന മനുഷ്യനെ കാണാം. ധനമോഹിയായ ധനസംരക്ഷണം ആഗ്രഹിക്കുന്ന താര, രാമൻകുട്ടിയെ ഉപേക്ഷിച്ച് ഹരിയുടേതു മാത്രമാകില്ല എന്ന് ഉഷയ്ക്ക് ഉറപ്പുണ്ടായിരുന്നു. ആധുനികവും പരിഷ്കൃതവുമായ മനോഭാവം പുലർത്തുന്നവരായി മാധവിക്കുട്ടിയുടെ കഥാപാത്രങ്ങൾ മാറുന്നു. കാലത്തിനൊത്ത് ചലിക്കുന്ന മനുഷ്യരാണവർ.

മാധവിക്കുട്ടിയുടെ സ്ത്രീകൾ ഒരു കാര്യത്തെക്കുറിച്ചു തന്നെ വിഭിന്നാഭിപ്രായങ്ങൾ പറഞ്ഞിരുന്നു. പുരുഷനു കീഴ്പ്പെട്ടു ജീവിക്കുന്ന സ്തീകളോട് സഹതാപമനോഭാവം പ്രകടിപ്പിക്കുമ്പോൾത്തന്നെ ഉഷ ധനം, ബുദ്ധി, ലൈംഗികത ഇവയ്ക്കെല്ലാം സ്ത്രീ പുരുഷനു കീഴ്പ്പെടുന്നതിൽ ഗൂഢമായി അഭിമാനിച്ചിരുന്നു. പൊതുബോധം രൂപപ്പെടുത്തിയെടുത്ത കാഴ്ചപ്പാടുകളിൽ നിന്നു പൂർണ്ണമായി വിടുതൽ നേടുവാൻ അവർക്കാവുന്നില്ല. "വിവാഹം കഴിഞ്ഞാൽ മിക്കസ്ത്രീകളും ഭർത്താക്കൻമാരുടെ സ്വാധീനവലയത്തിൽ അകപ്പെടും. ഭർത്താക്കന്മാരെ അനുസരിച്ചുകൊണ്ടേ അവർക്കു ജീവിക്കാനാവൂ" എന്നു പറയുമ്പോൾതന്നെ "ബലാത്ക്കാരം മുഖസ്തുതി പോലെയാണ്. ഇരയുടെ സൗന്ദര്യത്തെ പ്രശംസിക്കുകയാണല്ലോ ബലാത്സംഗക്കാരൻ ചെയ്യുന്നത്" എന്നും ഉഷ പറയുന്നതിനു പിന്നിലെ ക്രൂരമായ യുക്തി, ചിലപ്പോൾ ഹരിയെ മനപ്പൂർവം വേദനിപ്പിക്കുകയും പരിഹസിക്കുകയും ചെയ്യുന്ന സാഡിസ്റ്റു(Sadist) ഭാവമാകാം. ഇതേ ഉഷ തന്നെ പാതിവ്രത്യത്തെയും വിശുദ്ധിയെയും തള്ളിപ്പറയുന്നുമുണ്ട്. സ്ത്രീ പുരുഷനു കീഴ്പ്പെടുന്നത് അവളുടെ സ്വന്തം സംരക്ഷണം ആഗ്രഹിച്ചു മാത്രമാണെന്നും മറ്റു വശങ്ങളിൽ അവൾ അവളുടെ സ്വാതന്ത്ര്യം ആഘോഷിക്കണമെന്നുമുള്ള വിരുദ്ധമായതും കൂടിക്കുഴഞ്ഞതുമായ

സ്ത്രീപക്ഷനിലപാടാണ് ഉഷയ്ക്കുള്ളത്. ഒരു വശത്ത് ഹരിയുമായി അടുക്കാൻ ആഗ്രഹിക്കുകയും മറുവശത്ത് അയാളുമായി കേവലം മൈത്രീബന്ധം മാത്രം താൻ ആഗ്രഹിക്കുന്നു എന്ന് സ്വയം ബോധ്യപ്പെടുത്തുകയും ചെയ്യുന്ന സങ്കീർണ്ണത.

താരയാണ് കഥാഗതി മാറ്റിമറിയ്ക്കുന്നത്. അമേരിക്കയിൽ ധനാഢ്യനായ ശാസ്ത്രജ്ഞന്റെ ഭാര്യയായ അവളുടെ ജീവിതം സഫലമായിരുന്നില്ല. ഹരിയുമായി ശയിക്കാനവസരം കിട്ടുമ്പോൾ അതു വിനിയോഗിക്കുകയും ഹരിയുടെ ആഗ്രഹത്തിനൊത്തു പെരുമാറുകയും ചെയ്യുന്നു. അപ്പോൾ മാത്രമാണ് ഹരി തിരിച്ചറിയുന്നത്, വികാരങ്ങൾ വറ്റി വരണ്ട, മൂല്യശോഷണം വന്നു ചേർന്ന, മനസ്സിന്റെ സൗന്ദര്യം നശിച്ചു കഴിഞ്ഞ ഒരു യന്ത്രപ്പാവയായി താര മാറിയെന്നത്. അതു വരെ അയാൾ രാമൻകുട്ടിയെ ഉപേക്ഷിച്ച് തന്റെയൊപ്പം സ്വമനസ്സാലെ അവൾ വരും എന്ന പ്രതീക്ഷയിലായിരുന്നു. താരയെ കൃത്യമായി മനസ്സിലാക്കിയത് ഉഷയാണ്. അവൾ കൊള്ളേണ്ടതു മാത്രം കൊള്ളുകയും തള്ളേണ്ടത് നിഷ്കരുണം തള്ളുകയും ചെയ്യുന്ന ആധുനികകാലത്തിന്റെ സന്തതിയായി മാറി എന്ന് ഉഷയ്ക്ക് ബോധ്യമായിരുന്നു. സുഖകരമായ ജീവിതത്തിന്റെ (സമ്പന്നത കൊണ്ടു മാത്രം) സംരക്ഷണയിലായ അവൾ ഭർത്താവിനെയെന്നല്ല, തനിക്കു ലാഭം കിട്ടുമെങ്കിൽ, ഏതൊരാളിന്റെയും ആജ്ഞയ്ക്കൊത്തു ചലിക്കുന്ന യന്ത്രപ്പാവയായിക്കഴിഞ്ഞിരുന്നു. ലാഭം, നഷ്ടം എന്നീ ദ്വന്ദ്വത്തിന്റെ തുലാസ്സിൽ നിൽക്കുന്ന മനുഷ്യജീവിതചിത്രം വ്യക്തമാകുന്നു. അഞ്ചു വർഷത്തെ അമേരിക്കൻ ജീവിതം താരയിൽ അടിമുടി മാറ്റം വരുത്തിയിരുന്നു. തന്റെ ഭർത്താവ് പ്രഗത്ഭനായ ഒരു ശാസ്ത്രജ്ഞനാണ് എന്ന് കൂടെക്കൂടെ റെക്കോർഡ് ചെയ്തു വച്ച മട്ടിൽ പറയുന്നുണ്ട് അവൾ. പ്രഗത്ഭനായ ഒരു ശാസ്ത്രജ്ഞൻ എന്ന പ്രശസ്തി മാത്രമാണ് താരയ്ക്ക്

ഭർത്താവ്. അവൾ സന്തോഷപൂർണമായ ഒരു ജീവിതം ആഗ്രഹിക്കുന്നുമില്ല. പണത്തിലും പദവിയിലും അഭിരമിച്ച താര അതുകൊണ്ടാണ് ഹരിക്കൊപ്പം ശയിക്കുവാൻ മാത്രം തയ്യാറാകുന്നത്.

നോവലിൽ ഹരിയും താരയും ഉഷയും 'സദയം' എന്ന സിനിമയ്ക്കുപോകുന്നതായി പറയുന്നുണ്ട്. എഴുത്തുകാരിയുടെ ഔചിത്യം ഈ പ്രതികരണത്തിൽ പൂർണ്ണദൃശ്യമാണ്. സ്നേഹിച്ച പുരുഷനെ വിട്ട് അന്യനിൽ സുഖകരമായ ജീവിതം കാംക്ഷിച്ചു പോകുന്നവളാണ് അതിലെ നായിക. ഒടുവിൽ അവളെ നായകനു തിരിച്ചു കിട്ടുമ്പോൾ ചൈതന്യം നഷ്ടപ്പെട്ട പാവതുല്യയായി മാറിയെന്ന് മനോനില തെറ്റിയ അയാൾ മനസ്സിലാക്കുന്നു. ഇതു മാത്രം മതി കഥയുടെ സങ്കീർണ്ണതയും ഉള്ളടക്കവും മനസ്സിലാക്കുവാൻ. അവൾ താരയല്ല, എന്റെ താരയല്ല ഈ യന്ത്രപ്പാവ എന്നു പുലമ്പിക്കൊണ്ട് മനോനില തെറ്റിയതുപോലെ ഹരിയും ആയിത്തീരുന്നുണ്ട്. തീക്ഷ്ണമായ സ്നേഹം ഉള്ളിൽവെച്ച് പുറമേക്ക് അതു നടിക്കാത്ത ഉഷ, ആരോടും സ്വാഭിപ്രായം പറയാതെ വൈകാരികമായ സകല മനോഹാരിതകളും കുഴിച്ചു മൂടപ്പെട്ട താര, വൃദ്ധനായ ഭർത്താവിന്റെ കുഞ്ഞിനെ ആഗ്രഹമില്ലാതിരുന്നിട്ടും ഗർഭം ധരിക്കേണ്ടി വന്ന രണ്ടാനമ്മ, ബാല്യകാലസഖിയായ താരയെ ജീവനുതുല്യം സ്നേഹിക്കുകയും ആഗ്രഹിക്കുകയും ഒടുക്കം വഞ്ചിക്കപ്പെടുകയും ചെയ്യുന്ന ഹരി, സൗന്ദര്യവും സമ്പത്തും നോക്കി താരയെ വിവാഹം ചെയ്യുന്ന രാമൻകുട്ടി ഇവരിലൂടെ 'എന്നെന്നും താര' എന്ന കലാശില്പം പരിപൂർണ്ണതയിലെത്തുന്നു.

മനുഷ്യസഹജമായ ചില സ്വഭാവങ്ങൾ ആലേഖനം ചെയ്യുന്നതിൽ എഴുത്തുകാരി പ്രകടമാക്കുന്ന സാമർത്ഥ്യം ശ്രദ്ധിക്കേണ്ടതു തന്നെയാണ്. അവരുടെ കഥാപാത്രങ്ങൾ ജീവിതത്തോട് അങ്ങേ

യറ്റം സത്യസന്ധതയോടെ ചേർന്നു നിൽക്കുന്നവരാണ്. തനിക്ക് അസൂയയോ ദേഷ്യമോ ഉള്ള ആൾക്കാരെ കുറ്റം പറയുക എന്ന മനുഷ്യശീലം ഹരി വെച്ചു പുലർത്തുന്നുണ്ട്. തന്നെ സ്വീകരിക്കാത്ത താരയെക്കുറിച്ച് ഹരി ഉഷയോട് കുറ്റപ്പെടുത്തുകയും കൊള്ളിവാക്കുകൾ പറയുകയും ചെയ്യുന്ന ഒന്നിലേറെ സന്ദർഭങ്ങളുണ്ട്. അവൾ സ്വാർത്ഥയാണെന്നും രണ്ടാനമ്മയെക്കുറിച്ച് അപവാദപ്രചരണം നടത്തിയിട്ടുണ്ടെന്നും ഹരി പറയുന്നു. നഷ്ടം സംഭവിച്ചയാളുടെ പക്ഷത്തുനിന്നുള്ള ഇത്തരം 'വിലാപങ്ങൾ' താരയെക്കുറിച്ചൊരു തീർപ്പുകല്പ്പിക്കുന്നതിലേക്കു വായനക്കാരെ എത്തിക്കുന്നില്ല. കാരണം, അമേരിക്കയിൽ നിന്നു തിരിച്ചുവരുന്ന താര, രണ്ടാനമ്മയോട് സഹാനുഭൂതിയോടെയാണ് പെരുമാറിയത് എന്നതുതന്നെ. താരയുടെ പനനൊങ്കിന്റെ മണമുള്ള ഉച്ഛ്വാസം ഈ കഥയിൽ ഗന്ധബിംബമായും പനിനീർപ്പൂവിന്റെ ദളം പോലെ മൃദുലതയുള്ള ചർമ്മം സ്പർശബിംബമായും കടന്നുവരുന്നു. ഇവ രണ്ടും ശാരീരികമായും മാനസികമായും കുളിർമ്മ പ്രദാനം ചെയ്യുന്നതാണ്. താരയുടെ നഷ്ടപ്പെടൽ ഹരിയുടെ മനസ്സിനെ ചൂടുപിടിപ്പിക്കുന്നു, ആധിയുളവാക്കുന്നു എന്നെല്ലാം ധ്വനിക്കുന്നു.

താനും അച്ഛനും മാത്രമടങ്ങുന്ന ലോകം അടക്കി ഭരിച്ചിരുന്നത് ശ്രീദേവിയായിരുന്നു. അവിടേക്ക് ഡോ.മാലതിയെന്ന പരിഷ്കൃതയും വിദ്യാസമ്പന്നയുമായ മാനസിക രോഗവിദഗ്ധ കടന്നുവരുമ്പോൾ ശ്രീദേവിയുടെ ജീവിതത്തിലുണ്ടാകുന്ന താളം തെറ്റലുകൾ പിന്നീട് ഡോക്ടറുടെ കൊലപാതകത്തിലാണവസാനിക്കുന്നത്. ഡോക്ടർ മാലതിയുടെ കുറവുകൾ കണ്ടെത്തുന്നതിനായി അവൾ മിനക്കെട്ടു. അവരുടെ ശരീരത്തിന് വേണ്ടത്ര കനമില്ലെന്നും മുലകൾക്ക് ചെറുനാരങ്ങയുടെ വലിപ്പം മാത്രമേയുള്ളു എന്നും സ്ത്രീത്വം കുറ

വാണ് എന്നും അവൾ കുറ്റങ്ങൾ തെരഞ്ഞു.

ചെറുപ്പത്തിൽത്തന്നെ അമ്മ നഷ്ടമായ ശ്രീദേവിക്ക് അച്ഛന്റെ പരിലാളനയും സമ്പത്തും ഒരു ഏകാധിപതിസ്ഥാനം കല്പിച്ചു കൊടുത്തു. ഈ സ്ഥാനം ഡോക്ടറുടെ വരവോടുകൂടി നഷ്ട മാകുമോ എന്ന ഭയം ക്രമേണ അവരോടുള്ള വെറുപ്പിലും കോപ ത്തിലും അവസാനിച്ചു. ശ്രീദേവിയുടെ ഓമനപ്പൂച്ച , ശ്രീദേവി - ഈ അപരങ്ങൾ സൃഷ്ടിച്ച് , ശ്രീദേവിയാണ് ഡോ.മാലതിയെ കൊന്നത് എന്ന് എഴുത്തുകാരി പരോക്ഷമായി പറയുന്നു.

"രണ്ടേക്കറോളം പരന്നു കിടക്കുന്ന തോട്ടവും അതിലെ ഫലവൃക്ഷങ്ങളും പൂന്തോപ്പുകളും എന്റേതല്ലാതായാൽ, ഈ മനോഹരഗൃഹം മറ്റൊരുത്തിയുടെ ഉടമസ്ഥതയിൽ ചെന്നു പെട്ടാൽ ഒരു നിമിഷം ജീവിച്ചിരിക്കില്ല" - ശ്രീദേവിയുടെ ചിന്ത ഇതായിരുന്നു. നോവലിൽ പലയിടത്തായി അധികാരക്കൈമാറ്റവിചാരം ജനിപ്പിക്കുന്ന സംഘർഷം കടന്നുവരുന്നുണ്ട്. ആശയപരമായും മാനസികമായും ശ്രീദേവിക്ക് ഡോക്ടർ മാലതിയുടെ സാമീപ്യമുളവാക്കിയ അസ്വസ്ഥത ചെറുതല്ലായിരുന്നു. തന്റെ ആഗ്രഹങ്ങൾക്കൊത്തുമാത്രം പ്രവർത്തി ച്ചിരുന്ന അച്ഛൻ, ഉന്നതകുലജാതയായ ഡോക്ടർക്കുവേണ്ടി സ്വന്തം ശീലങ്ങൾ മാറ്റുവാൻ തയ്യറായതും അവളെ ഞെട്ടിച്ചു. ശ്രീദേവിയിൽ ഇലക്ട്രാ കോംപ്ലക്സ്(Electra Complex) മനോഭാവവും പ്രവർത്തി ച്ചിരുന്നു എന്നതിന് നോവലിൽ സൂചനയുണ്ട്. സമപ്രായക്കാരായ യുവാ ക്കളെ അവൾ അച്ഛനോട് താരതമ്യപ്പെടുത്തി, അവരിൽ കുറവ് കണ്ടെ ത്തി. അച്ഛന്റെ മുമ്പിൽ അവരെല്ലാം നിഷ്പ്രഭരായി. അച്ഛനുവേണ്ടി അവിവാഹിതയാകാൻ കൂടി അവൾ തയ്യാറായിരുന്നു. അച്ഛൻ രാമച്ച സോപ്പു മാത്രമേ ഉപയോഗിക്കൂ എന്ന സൂചന, അവളുടെ ഇത്തരം സ്വഭാവവൈകല്യങ്ങൾക്ക് അച്ഛൻ മാത്രമായിരുന്നു ഔഷധം എന്നു

തെളിയിക്കുന്നു. പുറംമോടികളിലും ഭംഗികളിലും അഭിരമിച്ചിരുന്ന കൗമാരക്കാരിയായ ശ്രീദേവിയുടെ ഭ്രമണപഥം പിതാവായിരുന്നു.

"മാലതി പറഞ്ഞു ഈ പ്രായത്തിൽ ചിലർക്കു കാരണമില്ലാതെയും ഒരു മൗഢ്യം വന്നു ചേരുക സാധാരണമെന്ന്. ജർമൻകാർ അതിനെ വെൽഷ്മേഷ് എന്നു വിളിക്കുമത്രെ. ഇരുപത് കഴിയുമ്പോഴേക്കും അതു തനിയെ മാറിക്കൊള്ളും" – ശ്രീദേവിയോട് അച്ഛൻ പറയുന്ന ഈ വാക്യങ്ങളിൽ അവളനുഭവിക്കുന്ന ഒറ്റപ്പെടലിന്റെയും വിഷാദത്തിന്റെയും സൂചനകളുണ്ട്. മാനസികരോഗവിദഗ്ദയായ മാലതി അതുതിരിച്ചറിഞ്ഞു എന്നുമാത്രം. ഒരുതരം ഡിപ്രസീവ് മൈൻഡ് (Depressive Mind) ശ്രീദേവിക്ക് വന്നു കഴിഞ്ഞിരുന്നു. സ്വന്തമെന്നു വിശ്വസിച്ചതെല്ലാം പങ്കുവയ്ക്കപ്പെടുമോ എന്ന ഭയത്തിൽ നിന്നുണ്ടാകുന്ന ദു:ഖവും അസ്വസ്ഥതയും അവളെ വിഷാദരോഗിയാക്കി. വിഷാദരോഗം ക്രമേണ അപകടകരമായ മാനസികനിലയിലേക്ക് വഴിമാറുന്നു. തന്റെ വാക്കുകൾ വേലക്കാർ കൂടി അനുസരിക്കില്ലെന്ന് അവൾ ഉത്കണ്ഠപ്പെട്ടു.

ജോലിക്കാർ ശ്രീദേവിയെ ഗൃഹനായികയായി ഗണിച്ചില്ലെങ്കിലും അവൾ കരുതുന്നത് അവളുടെ വാക്കുകൾ 'കല്പനകൾ' ആണെന്നാണ്. എന്നാൽ പുറമേക്ക് അത് പ്രകടിപ്പിക്കുന്നുമില്ല. അമ്മയുടെ സ്നേഹിതയോടവൾ പറയുന്നത് ഇവിടെ ജോലിചെയ്യുന്നവരെ വെറും ജോലിക്കാരായിട്ടല്ല ഞാൻ കരുതുന്നത്. എന്നാണ്. ശ്രീദേവിക്ക് എന്നും എല്ലാവരേയും അടക്കി ഭരിക്കുവാൻ മാത്രമായിരുന്നു ഇഷ്ടം. അച്ഛനെയാണെങ്കിൽ പോലും.

ഭാര്യ മരിച്ച് വർഷങ്ങളായിട്ടും വിവാഹം കഴിക്കാതിരുന്ന ശ്രീദേവിയുടെ അച്ഛൻ എന്തുകൊണ്ട് മാലതിയിൽ ആകൃഷ്ടനായി – ഇതിനുത്തരം നോവലിൽ മാലതി തന്നെ പറയുന്നുണ്ട്. കുട്ടി

കൾ മാനസികമായി അച്ഛനമ്മമാരിൽ നിന്നകലുന്ന കാലത്ത് പ്രായം ചെന്ന തലമുറയ്ക്ക് സുരക്ഷിതത്വം പാടെ നഷ്ടപ്പെടും. ചിലർ ആശ്രമങ്ങളിലഭയം പ്രാപിക്കും. മറ്റു ചിലർ പ്രേമബന്ധങ്ങളിൽ ചെന്നുപെടുകയും ചെയ്യും. മകളുടെ സ്നേഹം തന്നിൽ നിന്നുമാറി തന്റെ സമ്പത്തിലും അതിന്റെ ഏകാവകാശിത്തത്തിലും ആയിത്തീർന്നു എന്ന് തിരിച്ചറിഞ്ഞതുകൊണ്ടാകാം അയാൾ മാലതിയിൽ സ്നേഹം അന്വേഷിച്ചത്. വൈവിധ്യമായ രൂപങ്ങളോടുകൂടിയ വ്യക്തിത്വമായിരുന്നു ശ്രീദേവിയുടേത്. സ്കീസോഫ്രീനിക്കും (Schizophrenia) മാസോക്കിസ്റ്റുമായിരുന്നു(Masochism) അവൾ. അച്ഛൻ അടിക്കുമ്പോൾ രഹസ്യമായി സന്തോഷിക്കുകയും അച്ഛനെ വീട്ടുജോലിക്കാരുടെ മുമ്പിൽ മോശക്കാരനാക്കുന്നതിൽ ആനന്ദിക്കുകയും ചെയ്തു. തന്റെ ചുറ്റുമുള്ള ആൾക്കാർ തന്നെ ടാർഗെറ്റു ചെയ്ത് പീഡിപ്പിക്കുന്നു എന്ന ശക്തമായ തോന്നൽ അവൾക്കുണ്ടായിരുന്നു. നടക്കാത്ത കാര്യങ്ങൾ നടന്നു എന്ന് സങ്കൽപ്പിച്ചു കൂട്ടുന്ന മാനസിക വിഭ്രാന്തിയിലേക്കവൾ (Hallucination)കൂപ്പുകുത്തുകയായിരുന്നു. അവളുടെ ബസ് യാത്ര സാങ്കൽപ്പികം മാത്രമാണ്. ബസിലെ യാത്രക്കാരുടെ ഉപദ്രവവും പരിഹാസവും സമൂഹം തനിക്കെതിരായി നിൽക്കുന്നു എന്ന ചിന്തയിൽ നിന്ന് ശ്രീദേവി തന്നെ കല്പിച്ചുണ്ടാക്കുന്നതാണ്. അച്ഛൻ, ഡോ.മാലതി, വീട്ടുജോലിക്കാർ, ബസ്സ് യാത്രക്കാർ ഇവരടങ്ങുന്ന വിശാലമായ പ്രപഞ്ചം തനിക്കെതിരായി നിലകൊള്ളുന്നു എന്നവൾ ചിന്തിക്കുന്നു. ''കഴുകനെപ്പോലെ മൂകരായ ചില പറവകൾ എന്റെ തലച്ചോറിൽ ചിറകിട്ടടിച്ചു''. നിയന്ത്രണം വിട്ട മനസ്സിന്റെ രേഖപ്പെടുത്തലാണ് ഈ വരി.

ദീർഘകാലത്തെ മാനസികരോഗാശുപത്രിവാസത്തിനുശേഷം വീട്ടിൽ വന്നു നിൽക്കുമ്പോഴാണ് അപ്പോഴേക്ക് രണ്ടാനമ്മയായി

ത്തീർന്ന ഡോ.മാലതിയോടുള്ള മനോഭാവം ശ്രീദേവിക്ക് വീണ്ടും മാറുന്നത്. ഇത് തിരിച്ചറിയുന്നത് മാലതി മാത്രവും. ഡോ.മാലതി തന്റെ ഓമനപ്പൂച്ചയെ കുഴിച്ചിട്ടു എന്നും അധികം വൈകാതെ അച്ഛനെ കൊല്ലുമെന്നും ശ്രീദേവി ഭയന്നു. കാണാതായ ഓമനപ്പൂച്ചയായി സ്വയം മാറുവാനും (എംപതി) മാലതിയെ കൊല്ലുവാനും പിന്നീട് കാലതാമസം ഉണ്ടായില്ല.

മാനസികരോഗത്തിന്റെ അത്യന്തം സങ്കീർണ്ണമായ വഴികളായിരുന്നു ശ്രീദേവി തെരഞ്ഞെടുത്തത്. മാധവിക്കുട്ടിയുടെ സ്ത്രീവ്യക്തിത്വങ്ങൾ ഇങ്ങനെ നിലയുറയ്ക്കാത്ത മനസ്സുമായി തങ്ങളുടെ അസ്വസ്ഥജനകമായ ജീവിതം ജീവിച്ചു തീർക്കുവാൻ വിഷമിക്കുന്നവരാണെന്ന് മനസ്സിലാക്കാം. ചിലരിൽ പ്രകാശത്തിന്റെ നേർത്ത രേഖകൾ തെളിയുന്നുണ്ട്. മറ്റു ചിലർ, ജീവിതത്തെ പഴിക്കാതെ സ്വയംകൃതാർത്ഥമായ പ്രവർത്തിയുടെ ഫലങ്ങൾ അനുഭവിക്കുവാൻ തീർത്തും വിധിക്കപ്പെട്ടവരും ആണ്. ജീവിതത്തിന്റെ പരുഷമായ സത്യങ്ങളെ അഭിമുഖീകരിച്ച് വിജയിച്ചവരും പരാജയപ്പെട്ടവരുമാണവർ. മലയാള സാഹിത്യലോകത്തിന് തീർത്തും അപരിചിതവും വിഭ്രമിപ്പിക്കുന്നതും കലുഷവും സങ്കീർണവുമായ മാനസികലോകങ്ങൾ തുറന്നിട്ട എഴുത്തുകാരിൽ പ്രമുഖയാണ് മാധവിക്കുട്ടി എന്നു നിസ്സംശയം പറയാം.

## സഹായകഗ്രന്ഥങ്ങൾ


1. പരമേശ്വരൻ പിള്ള, എരുമേലി( പ്രൊഫ),*മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ*, കറന്റ് ബുക്സ് , കോട്ടയം:2006.
2. മാധവിക്കുട്ടി,*മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം*, വാല്യം 2, ഡി.സിബുക്സ്, കോട്ടയം, സെപ്തംബർ: 2009.
3. Stevenson , Richard J&Case , Trevor I, Olfactory imagery *: A review* , Psychonomic Bulletin & Review 12(2) , May :2005.

# 'മഴയിൽ കുതിർന്ന പാവക്കുട്ടികൾ'

**ഡോ. എസ്. വിനോദ്**

'കണ്ണുനീർത്തുള്ളി'യിലൂടെ വളർന്ന് പന്തലിച്ച നാലപ്പാട്ട് നാരായണ മേനോന്റെ മരുമകൾ ബാലാമണിയമ്മ മാതൃത്വത്തിന്റെ കവയിത്രിയായി മാറിയത് ശക്തമായ രചനാരീതികൊണ്ടാണ്. ആ പാരമ്പര്യത്തിന്റെ തിളക്കമുള്ള പിൻഗാമിയാകാൻ മാധവിക്കുട്ടിക്കും സാധിച്ചു. ഭാഷാബോധവും സാഹിത്യസംസ്കാരവും മാധവിക്കുട്ടിയുടെ രചനാസവിശേഷതയായിരുന്നു. സ്വയം ആർജ്ജിച്ചെടുത്ത ഭാഷാജ്ഞാനമാണ് 'സമ്മർ ഇൻ കൽക്കത്ത'യും 'ആൽഫബെറ്റ് ഓഫ് ദ ലസ്റ്റ്'ും 'ദ ഡീസന്റ്'സും 'ബസ്റ്റ് ഓഫ് കമലാദാസും' രചിച്ചുകൊണ്ട് വിസ്മയം തീർക്കുവാൻ കമലാദാസ് എന്ന മാധവിക്കുട്ടിയെ സഹായിച്ചത്. ചെറുകഥ, നോവൽ, നോവലെറ്റ്, ഉപന്യാസം, ഓർമ്മ, ആത്മകഥ തുടങ്ങി സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ മികച്ച കൃതികൾ മാധവിക്കുട്ടിയുടേതായിട്ടുണ്ട്.

'സ്നേഹത്തിന്റെ സ്വർഗ്ഗവാതിലുകൾ' എന്ന മാധവിക്കുട്ടിയുടെ കുറിപ്പുകളടങ്ങിയ സമാഹാരത്തിൽ എം.ടി.വാസുദേവൻ നായർ എഴുത്തുകാരിയെ ഇങ്ങനെ അടയാളപ്പെടുത്തുന്നു 'എനിക്ക് ആദരവും അസൂയയും തോന്നിയിട്ടുള്ളതാണ് ആമിയുടെ എഴുത്ത്. ആമിക്ക് മാത്രം സ്വന്തമായതാണ് ആ ശൈലി'. അതേ പുസ്തകത്തിൽ എൻ.. എസ്. മാധവനും കുറിക്കുന്നു 'നമ്മുടേതുപോലുള്ള സ്ത്രീവിരുദ്ധ സമൂഹത്തിൽ സത്യസന്ധമായ ഒരെഴുത്തുകാരിയാവുക എന്നത് മാധവിക്കുട്ടിയെ സംബന്ധിച്ച് വളരെ എളുപ്പമായിരുന്നിരിക്കില്ല. അവസാനം വരെ അവരതിൽനിന്ന് പിന്മാറിയതുമില്ല'.

മാധവിക്കുട്ടിയുടെ പല സാഹിത്യകൃതികളും സിനിമയായി മാറിയിട്ടുണ്ട്. 'രുഗ്മിണിക്കൊരു പാവക്കുട്ടി' എന്ന നോവലെറ്റ് 'രുഗ്മിണി' (1988) എന്ന സിനിമയായാണ് പിറന്നത്. 'നഷ്ടപ്പെട്ട നീലാംബരി' എന്ന ചെറുകഥ 'മഴ' എന്ന പേരിലും (2000) 'മനോമി' എന്ന നോവൽ 'രാമരാവണ'നായും (2010) 'എന്റെ കഥ' എന്ന ആത്മകഥ 'ആമി' (2018) എന്ന പേരിലും ചലച്ചിത്രമായി രൂപാന്തരപ്പെട്ടവയാണ്. രചനയുടെ വൈവിധ്യം പോലെ ചലച്ചിത്ര ഭാഷ്യങ്ങളും വേറിട്ടു നിൽക്കുന്നു.

'ആഖ്യാനവൈവിധ്യങ്ങളുടെ ജന്മാന്തരങ്ങൾ' എന്ന ലേഖനത്തിൽ കെ.എസ്.രവികുമാർ മാധവിക്കുട്ടിയുടെ രചനാതന്ത്രത്തെ വിശകലനം നടത്തിയുട്ടുള്ളത് താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്. 'അനേകം ജന്മങ്ങൾ ജീവിച്ച എഴുത്തുകാരിയാണ് മാധവിക്കുട്ടി. ഓരോ കൃതിയും ഓരോ പുതിയ ജന്മമായി തോന്നിപ്പിക്കാൻ അവർക്കു കഴിയുന്നു. അടിസ്ഥാനപരമായി തന്റെ രചനാവ്യക്തിത്വത്തിന്റെ സവിശേഷതകൾ നിലനിർത്തുമ്പോൾത്തന്നെ വ്യത്യസ്തമായ ആഖ്യാനക്രമങ്ങളുടെ അവതരണത്തിലൂടെ മാധവിക്കുട്ടി എന്ന എഴുത്തുകാരി നിരന്തരം പുനർജ്ജനിച്ചുകൊണ്ടിരിക്കുന്നു. പലപ്പോഴും മാധവിക്കുട്ടിയുടെ രചനകൾ സാഹിത്യഗുണപരമായ വർഗ്ഗീകരണത്തിനു വഴങ്ങാത്തതാണെന്നുതോന്നും. ചെറുകഥയും കവിതയും തമ്മിലും ചെറുകഥയും നോവലും തമ്മിലുമൊക്കെ പരസ്പരം അതിർഭേദിച്ച് കടന്നുപോകുന്ന തരത്തിലുള്ള രൂപപരമായ സ്വാതന്ത്ര്യം അവരുടെ രചനകളിൽ കാണാം. പിൽക്കാലകൃതികളിൽ ഈ പ്രവണത കൂടുതൽ പ്രകടമാണ്. ഇംഗ്ലീഷിൽ കമലാദാസ് എന്ന കവിയായും മലയാളത്തിൽ മാധവിക്കുട്ടി എന്ന ചെറുകഥാകൃത്തായും ആണ് അവർ അറിയപ്പെടുന്നത്. മലയാളത്തിലുള്ള രചനകളെ

മുൻനിർത്തി നോക്കിയാൽ, മാധവിക്കുട്ടിയുടെ സർഗ്ഗസിദ്ധിയെ ഉണർത്തി ഉന്മേഷം കൊള്ളിക്കുന്ന സാഹിത്യരൂപം ചെറുകഥയാണെന്നു കാണാം. ആ കഥകളിൽ ഭാവഗീതത്തിന്റെ ഏകാഗ്രതയും അനുഭൂതി ദായകത്വവും ഉണ്ടുതാനും. നോവൽ എന്ന ഗണത്തിൽ പെടുത്തിയിരിക്കുന്ന കൃതികളിൽ നോവലിന്റെ സ്വഭാവം കുറവാണ്. വാസ്തവത്തിൽ നോവൽ എന്നോ ചെറുകഥ എന്നോ വിളിക്കുന്നതിനെക്കാൾ 'കഥ' എന്ന പേരാവും ഈ രീതിയിലുള്ള രചനകൾക്ക് ഇണങ്ങുന്നത്'.[1]

മുകളിൽ സൂചിപ്പിച്ച നിരീക്ഷണം നിലനിൽക്കുന്നതു കൊണ്ടാകാം മാധവിക്കുട്ടിയുടെ ചെറുകഥയോ നോവലോ നോവലെറ്റോ ആത്മകഥയോ സിനിമയായിമാറ്റുമ്പോഴും പലരും സൃഷ്ടിയെ വ്യവഹരിക്കുന്നത് 'മൂലകഥ - മാധവിക്കുട്ടി'യുടെത് എന്ന ശീർഷകത്തിൽ ഒതുക്കിയാണ്. സിനിമയുടെ സാങ്കേതികത്വം കഥ-തിരക്കഥ എന്ന രീതിയാണ് പിന്തുടരുന്നത്. നല്ല കഥകളാണ് സിനിമയുടെ എക്കാലത്തെയും കാതൽ.

ചലച്ചിത്രമേഖലയിലും മാധവിക്കുട്ടിയുടെ കയ്യൊപ്പ് പതിഞ്ഞു കിടപ്പുണ്ട്. കേരള ചിൽഡ്രൻസ് ഫിലിം സൊസൈറ്റി പ്രസിഡന്റായുള്ള സേവനം സിനിമാമേഖലയ്ക്ക് നവദിശാബോധം നൽകാൻ സഹായിച്ചിട്ടുണ്ട്. സാഹിത്യാസ്വാദകർക്കും സിനിമാസ്വാദകർക്കും സന്തോഷം പകർന്ന വാർത്തയാണ് 'രുഗ്മിണി' എന്ന ചലച്ചിത്രത്തിലൂടെ മികച്ച കഥാകൃത്തിനുള്ള സംസ്ഥാന സർക്കാർ പുരസ്കാരം മാധവിക്കുട്ടിക്ക് ലഭിച്ചുവെന്നത്. മാധവിക്കുട്ടിയുടെ കൃതികൾ സിനിമയായപ്പോൾ അതിൽ പ്രവർത്തിച്ച വിവിധ മേഖലയിലുള്ള കലാപ്രവർത്തകർക്ക് വ്യത്യസ്തപുരസ്കാരങ്ങൾ കരസ്ഥമാക്കാൻ കഴിഞ്ഞിട്ടുണ്ട്. മാധവിക്കുട്ടിയുടെ കഥകളുടെ പിൻബലം ആ നേട്ടങ്ങൾക്ക്

ശോഭകൂട്ടുന്നു.

'രുഗ്മിണി', 'മഴ' എന്നീ സിനിമയ്ക്കുള്ളിലെ സൗന്ദര്യാത്മകതലം പരിശോധനയ്ക്കു വിധേയമാക്കുകയാണ് ഇവിടെ. ലൊക്കേഷൻ മുതൽ ക്യാമറാചലനങ്ങളിൽ വരെ നീണ്ടുകിടക്കുന്ന സൗന്ദര്യാത്മകതലങ്ങൾ സിനിമയുടെ അഭിവാജ്യഘടകങ്ങളാണ്. സിനിമ കാഴ്ചയുടെ അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന കലയാണ്. ദൃശ്യമികവിനുള്ളിലാണ് സിനിമ പ്രേക്ഷകരുമായി സംവദിക്കുന്നത്. രചനയിൽ നിന്നു തുടങ്ങുന്ന സൗന്ദര്യാത്മകതലം സിനിമ കണ്ടിറങ്ങിയാലും പ്രേക്ഷകനിൽ നിലനിർത്താൻ കഴിയുന്നിടത്താണ് അത് ജനപ്രിയകലാമൂല്യസിനിമയായി പരിണമിക്കുന്നത്. 'രുഗ്മിണി'യും 'മഴ'യും പ്രേക്ഷകപ്രീതി നേടിയ സൗന്ദര്യാത്മക ചലച്ചിത്രങ്ങൾ തന്നെയാണ്. രണ്ട് ചലച്ചിത്രങ്ങളുടെ രചനാവേളകളിൽ മാധവിക്കുട്ടിയുടെ സംഭാവനകൾ ആവോളമുണ്ടായിരുന്നതായി ഇരു ചിത്രങ്ങളുടെയും സംവിധായകർ വെളിപ്പെടുത്തിയിട്ടുണ്ട്. മാധവിക്കുട്ടി ആദ്യമായി തിരക്കഥ രചിച്ച ചലച്ചിത്രമാണ് 'രുഗ്മിണി'. കെ.പി. കുമാരനൊപ്പമാണ് മാധവിക്കുട്ടി തിരക്കഥാപങ്കാളിയായത്. 'മഴ'യിലെയും 'രുഗ്മിണി'യിലെയും വ്യത്യസ്തഘടകങ്ങൾ സൗന്ദര്യാത്മകമായിരുന്നുവോ എന്ന അന്വേഷണം ഈ ലഘുപഠനം മുന്നോട്ടു വെക്കുന്നു.

**പാവക്കുട്ടി പോൽ സുന്ദരമായ സിനിമ**

'രുഗ്മിണിക്കൊരു പാവക്കുട്ടി' എന്ന നോവലെറ്റ് 'രുഗ്മിണി' എന്ന പേരിൽ കെ. പി. കുമാരനും മാധവിക്കുട്ടിയും ചേർന്ന് തിരക്കഥയൊരുക്കിയ ചലച്ചിത്രമാണ്. അതിമനോഹരമായി രുഗ്മിണിയെ ദൃശ്യങ്ങളിലൂടെ അണിയിച്ചൊരുക്കിയതിനാലാകാം അക്കൊല്ലത്തെ മികച്ച മലയാള ചലച്ചിത്രത്തിനുള്ള ദേശീയപുരസ്കാരം നേടിയെ

ടുക്കാൻ പ്രസ്തുത ചിത്രത്തിന് സാധിച്ചത്. സംസ്ഥാന സർക്കാരിന്റെ മൂന്ന് അവാർഡുകളും ചിത്രത്തിന് ലഭിക്കുകയുണ്ടായി. മികച്ച കഥാകൃത്ത് മാധവിക്കുട്ടി, മികച്ച സംവിധായകൻ കെ.പി.കുമാരൻ, മികച്ചനടി രുഗ്മിണിയെ അവതരിപ്പിച്ച അഞ്ജു. എഴുത്തുകാരി പറയാൻ ശ്രമിച്ചത് ചലച്ചിത്രത്തിലൂടെ കാഴ്ചാനുഭവമാക്കി പ്രേക്ഷകർക്ക് കാട്ടികൊടുക്കുവാൻ സംവിധായകന് സാധിച്ചു. മാധവിക്കുട്ടിയുടെ സൗന്ദര്യാത്മകരചനയോടുള്ള നീതിപുലർത്തൽ മലയാളത്തിലെ മികച്ച കലാമൂല്യചിത്രങ്ങളിൽ ഒന്നായി 'രുഗ്മിണി'യെ ഇപ്പോഴും നിലനിർത്തുന്നുണ്ട്. കഥാപാത്രങ്ങൾക്കനുയോജ്യമായ നടീനടന്മാരുടെ തെരഞ്ഞെടുപ്പ്, പശ്ചാത്തലസംഗീതമികവ്, തിരക്കഥയിലെ സൂക്ഷ്മത, സംവിധാനമികവ്, ഇവയൊക്കെ 'രുഗ്മിണി'യുടെ സൗന്ദര്യാത്മകതലം വ്യക്തമാക്കുന്നുണ്ട്.

**പ്രമേയത്തിലെ പുതുമ**

മലയാളസിനിമ അന്നുവരെ അവതരിപ്പിക്കാത്ത, അവതരിപ്പിക്കാൻ ആരും മടിക്കുന്ന പ്രമേയമായിരുന്നു 'രുഗ്മിണി'യുടെത്. 'മാധവിക്കുട്ടി രചനാ സങ്കേതത്തിന്റെ കാര്യത്തിൽ നിരന്തരം സ്വയം നവീകരിച്ചു കൊണ്ടിരിക്കുന്ന കഥാകൃത്താണ് എന്നത് അവരുടെ മികവിന്റെ ഒരു ഘടകം തന്നെയാണ്. പുതിയ ആഖ്യാനരീതികൾ അവർ പരീക്ഷിച്ചിരുന്നു. പ്രതിപാദനവൈചിത്ര്യത്തെക്കാൾ പ്രതിപാദ്യത്തിന്റെ തീക്ഷ്ണതയിലും ആഴത്തിലും ശ്രദ്ധിച്ചിരുന്ന എഴുത്തുകാരിയാണ് മാധവിക്കുട്ടി. മിക്കപ്പൊഴും പ്രകോപനമായ ഉള്ളടക്കം ഉണ്ടായിരുന്നു'[2] ഇത്തരത്തിലുള്ള ഉള്ളടക്കമായിരുന്നു 'രുഗ്മിണിക്കൊരു പാവക്കുട്ടി'യിലേതും.

വേശ്യാവൃത്തിയിലേക്ക് മാതാപിതാക്കളാലോ ബന്ധുക്കളാലോ എത്തപ്പെട്ട കുട്ടികളുടെ കഥകൂടിയായിരുന്നു 'രുഗ്മിണി' . ഇന്ന്

ഇത്തരമൊരു സിനിമ ഒരുക്കുവാൻ നിയമതടസ്സങ്ങളുണ്ട്. പ്രദർശ നാനുമതിപോലും ലഭിക്കാൻ ഇടയില്ല. അശ്ലീലത്തിലേക്ക് വഴുതി പോകുന്നതരത്തിലല്ല നോവലെറ്റും സിനിമയും സൃഷ്ടിച്ചിരിക്കുന്നത്. പ്രേക്ഷകർക്കുപോലും കുറ്റബോധം തോന്നുന്ന തരത്തിലുള്ള കഥാ ഗതിയാണ് രുഗ്മിണിയിൽ അനാവൃതമാകുന്നത്. ആഭാസനും വിടനും സ്നേഹമില്ലാത്തവനുമായ ഒരാളെ രുഗ്മിണി മനുഷ്യനാക്കി മാറ്റുന്ന നന്മനിറഞ്ഞ സന്ദേശം സിനിമയുടെ മൂല്യഘടകമാണ്. തന്റെ നിഷ്കള ങ്കതയിലൂടെ രുഗ്മിണി അയാളെ പിതാവിന്റെ ബോധതലത്തിലേക്ക് മാറ്റുന്ന രചനാതന്ത്രം മാധവി ക്കുട്ടിയുടെ ഈ കഥയുടെ മഹിമയാണ്.

പ്രമേയം ഉയർത്തിയ വെല്ലുവിളികളെ സംവിധാനത്തിന്റെ ശില്പഭംഗിയിൽ അതിജീവിച്ച കാഴ്ചാനുഭവമാണ് 'രുഗ്മിണി'യിലൂടെ വെള്ളിത്തിരയിൽ സംഭവിച്ചത്.''നോവലെറ്റിൽ സ്വീകരിച്ചിരുന്ന വെല്ലുവിളി യഥാതഥമായി വേശ്യാവൃത്തിയുടെ വിശദാംശങ്ങൾ അവ തരിപ്പിച്ചാൽ അത് സഭ്യതയുടെ അതിർവരമ്പുകടക്കുകയും സെൻസർ പ്രശ്നങ്ങൾ ക്ഷണിച്ചു വരുത്തുകയും ചെയ്യും. യഥാതഥമായി അവത രിപ്പിച്ചില്ലെങ്കിൽ പ്രമേയത്തിന്റെ ആധികാരികതയും നഷ്ടപ്പെടും. മൂലകൃതിയുടെ ആത്മാവ് നിലനിർത്തുകയും വേണം. അസാധാര ണയായ ഒരു എഴുത്തുകാരിയുടെ അസാധാരണമാനമുള്ള ഒരു സാഹിത്യസൃഷ്ടിയുടെ അനുവർത്തനം ഉയർത്തുന്ന സാങ്കേ തികവും സൗന്ദര്യാത്മകവുമായ സമസ്യകൾക്കുള്ളിൽ നിന്ന് വിജയകരമായ ഒരു ചിത്രം രചിക്കുകയായിരുന്നു കെ.പി.കുമാരൻ''[3] സൗന്ദര്യാത്മകമായ സംഭാഷണങ്ങളുടെ ചാരുത പലപ്പോഴും ഒരു ചെറുകഥ വായിക്കുന്ന പ്രതീതി പ്രേക്ഷകർക്കുള്ളിൽ ഉണ്ടാക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

**കാവ്യാത്മകമായ സംഭാഷണം**

'മാധവിക്കുട്ടിയുടെ രചന കാവ്യാത്മകമാണ്. ഈ കാവ്യാ

ത്മകത ചിത്രത്തിലും നിലനിർത്തുകയായിരുന്നു സംവിധായകന്റെ ലക്ഷ്യം. വീടിന്റെ പ്രത്യേക ശില്പചാരുത, പൂക്കൾ, തൊടിയിലെ ഊഞ്ഞാൽ,വീടിനുചുറ്റുമുള്ള പൂമരങ്ങൾ എല്ലാം ഈ കാവ്യാത്മ കതയും കാല്പനികതയും ചിത്രത്തിനേകുവാൻ സഹായിച്ചിട്ടുണ്ട്. കാവ്യാത്മകത ഏറ്റവും കൂടുതൽ പ്രകടമാകുന്നത് സംഭാഷണ ങ്ങളിലാണ്. സീതയുടെയും രുഗ്മിണിയുടെയും ഈ സംഭാഷണം തന്നെ ഏറ്റവും നല്ല ഉദാഹരണം.

സീത : ആകാശം നോക്കൂ രുഗ്മിണീ. വെള്ള തേച്ച ചുവരുകൾ പോലെയുണ്ട് അല്ലേ? ... നല്ല വെളുത്ത ചുവരുകളുള്ള വീട്ടിലായിരുന്നു ഞാൻ താമസിച്ചിരുന്നത്. എല്ലാ വർഷവും അച്ഛൻ കുമ്മായത്തിൽ നീലം കലക്കി ചുവരുകൾ വെള്ളയടിക്കുമായിരുന്നു... അച്ഛൻ മരിച്ചു. കോളറ എല്ലാവരെയും കൊണ്ടുപോയി. അച്ഛൻ, അമ്മ, എന്റെ മൂത്ത ജ്യേഷ്ഠന്മാർ...

രുഗ്മിണി : വെളുത്ത ചുവരുകളുള്ള നിന്റെ വീടിനെന്തുപറ്റീ?

സീത : അതും ചത്തുപോയിക്കാണും. എല്ലാം ചാകും രുഗ്മിണീ, ഈ ആകാശംപോലും''.[4] ദൃശ്യബിംബങ്ങളിലൂടെ സാഹിത്യത്തിന്റെ സ്പർശം മാറ്റിയെടുക്കുവാനുള്ള ശ്രമം സിനിമയ്ക്കുള്ളിലുണ്ട്. മാധവിക്കുട്ടിയുടെ കഥാപാത്രസൃഷ്ടിക്കുള്ളിലെ വൈവിധ്യം സിനിമയുടെ ദൃശ്യഭംഗിക്ക് മിഴിവേകുവാൻ ചലച്ചിത്രകാരനെ സഹായിച്ചിട്ടുണ്ട്. ഓരോ കഥാപാത്രങ്ങളും ഓരോ കഥ പേറുന്ന വരാണ്. എല്ലാ കഥയും വേശ്യാഗൃഹത്തിൽ സമന്വയിപ്പിച്ചുകൊണ്ട് ഒരൊറ്റക്കഥയാക്കിമാറ്റുന്ന കലാവൈദഗ്ദ്ധ്യം നോവലെറ്റിന്റെയും സിനിമയുടെയും മികവാണ് വിളിച്ചോതുന്നത്.

'പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ്കൂടി വിയോഗം വരുംപോലെ

നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-

മെത്രയും ചഞ്ചലം ആലയസംഗമം' - തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ 'അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ' ലക്ഷ്മണോപദേശത്തിൽ അസ്ഥിരമായ ജീവിതത്തെക്കുറിച്ചിടുന്ന തുപോലെയുള്ള ഒരാശയതലമാണ് സിനിമയുടെ ദൃശ്യസാധ്യതകൾ തുറന്നിടുന്നത്.

**കഥാപാത്രവൈവിധ്യം**

നോവലെറ്റിന്റെ അന്തരീക്ഷം സിനിമയിലുടനീളം നിലനിർത്താൻ ചലച്ചിത്രകാരൻ ശ്രമിച്ചിട്ടുണ്ട്. ഇന്ത്യയിലെവിടെയും നടക്കാവുന്ന കഥാന്തരീക്ഷമാണ് സിനിമ കൈകൊള്ളുന്നത്. എങ്കിലും ആശയത്തിനോ കഥാമുഹൂർത്തങ്ങൾക്കോ ഭംഗം വരുന്നില്ല. വേശ്യാഗൃഹമാണ് കഥ നടക്കുന്ന ഇടം. പ്രധാന കഥാപാത്രങ്ങളായ സത്യാബായി, മീര, സരസ്വതി, രാധ, സീത, രുഗ്മിണി ഇവരെല്ലാം താമസിക്കുന്നതും ഈ ഗൃഹത്തിലാണ്. ഇവരുടെ തൊഴിലിടവും ഈ ഗൃഹം തന്നെയാണ്. വീടും തൊഴിലിടവും ഒന്നായി മാറുന്നത് നവകാലത്തെ 'വർക്ക്അറ്റ്ഹോം' പ്രതീതി ജനിപ്പിക്കുന്നുണ്ട്. കഥാപാത്രങ്ങളധികവും മറ്റു തൊഴിലുകളെപ്പോലെ വേശ്യാവൃത്തിയെയും മാന്യമായി കരുതുന്നുണ്ട്. സരസ്വതിയുടെ ഭർത്താവ് ഗൃഹത്തിൽ വന്ന് ഭാര്യയെ കണ്ടശേഷം 'നിനക്ക് രണ്ട് ദിവസം ലീവെടുത്ത് വീട്ടിൽവന്നുകൂടെ' എന്നു ചോദിക്കുന്നുണ്ട്. പുറംലോകത്ത് പോയി പുരുഷന്മാരെ ആകർഷിക്കുന്ന സ്ത്രീകളല്ല ഗൃഹത്തിലുള്ളത്. തങ്ങളെ തേടിവരുന്നവരെ കഴിവിന്റെ പരമാവധി സന്തോഷിപ്പിക്കുക അവർ നൽകുന്ന പണത്തിൽ മാന്യമായി ജീവിക്കുക. എന്നാൽ ചില കഥാപാത്രങ്ങൾ പ്രണയവും കുടുംബജീവിതവും ആഗ്രഹിച്ച് ഗൃഹത്തിനകത്ത് കഴിയുന്നുണ്ട്. കസ്റ്റമറായ കോളേജ്കുമാരനെ പ്രണയി

ക്കുന്ന മീര ഒരു ഘട്ടത്തിൽ ഗൃഹത്തിൽ നിന്ന് ഒളിച്ചോടുന്നുണ്ട്. തിരികെ ഗൃഹത്തിൽ എത്തേണ്ട ദുർവിധി അവൾക്കുണ്ടാകു മ്പോഴേക്കും തന്റെ പ്രണയം തിരസ്കൃതമാകുകയാണ്.

തന്നെ പറ്റിച്ചു മറ്റൊരുവളുമായി കടന്നുകളഞ്ഞ കാമുകന് വിലയേറിയ സമ്മാനങ്ങളും സാമ്പത്തികസഹായങ്ങളും നൽകി ഇപ്പോഴും പഴയ പ്രണയത്തിന്റെ ഓർമ്മകളിൽ കഴിയുന്നവളാണ് രാധ. പലപ്പോഴും മാനസികനില തകരാറിലായവരെപ്പോലെ പെരുമാറുന്ന രാധയുടെ മനസ് എപ്പോഴും പ്രണയാതുരമാണ്. പ്രായമായതിന്റെ പേരിൽ വേശ്യാഗൃഹങ്ങളുടെ അകത്തളങ്ങളിൽനിന്നും പിന്തള്ളപ്പെട്ട സ്ത്രീയാണ് ചിന്നുഅക്കൻ. ദുഷ്ടസ്വഭാവത്തിനുടമയാണവർ. കാലാന്തരത്തിൽ ദുഷ്ടയായി മാറുകയാണ്. സീതയുടെ ഗർഭച്ഛിദ്രം നടത്തുവാൻ അവർ കാട്ടുന്ന ധൃതിയും ഒടുവിൽ അവൾ മരണമട യുമ്പോൾ യാതൊരു സങ്കടവുമില്ലാതെ പെരുമാറുന്ന ചിന്നുഅക്കൻ സിനിമയിലെ വൈരുദ്ധ്യാത്മക സൗന്ദര്യതലത്തെ പ്രതിനിധാനം ചെയ്യുന്നു. രുഗ്മിണിയെ ഒരു പാവക്കുട്ടിയെപോലെ നിഷ്കളങ്കതയുടെ പ്രതീകമായാണ് സിനിമയിലുടനീളം അവതരിപ്പിക്കുന്നത്. രണ്ടാന ച്ഛനിൽനിന്നും തിക്താനുഭവങ്ങൾ നേരിടേണ്ടിവരുന്ന രുഗ്മിണി എന്ന ബാലിക വേശ്യാഗൃഹത്തിന്റെ ചുമരുകൾക്കുള്ളിൽ കീ കൊടുക്കു മ്പോൾ പ്രവർത്തിക്കുന്ന യന്ത്രപ്പാവയെപ്പോലെ പല സന്ദർഭങ്ങളിലും പകച്ചുനിൽക്കുന്നു. രുഗ്മിണിക്ക് ഓരോ നിമിഷവും എന്തു സംഭവിക്കു മെന്ന ഉത്കണ്ഠ പ്രേഷകരിലുളവാക്കാൻ തിരക്കഥാകൃത്തിനു സാധിച്ചിട്ടുണ്ട്. 'മകളാണ് മറക്കരുത്' എന്ന സന്ദേശം സിനിമയുടെ അവസാന ദൃശ്യംവരെ രുഗ്മിണിയുടെ കഥാപാത്രസൃഷ്ടിയിലൂടെ പ്രേക്ഷകരിലേക്ക് സന്നിവേശിപ്പിക്കുന്ന ചലച്ചിത്രാനുഭവം രുഗ്മിണി യുടെ പ്രത്യേകതയാണ്.

ഇവരെക്കൂടാതെ ഇൻസ്പെക്ടർ കൃഷ്ണൻ, രുഗ്മിണിയുടെ അമ്മയായ ദേവകി, ദേവകിയുടെ രണ്ടാം ഭർത്താവ്, പോസ്റ്റുമാൻ, ഗൃഹ നാഥനായ സേഠ്, മൂർത്തി, അനസൂയ, സദാശിവൻ എന്നിവരെല്ലാം കഥാഗതിയെ മുന്നോട്ടു നയിക്കുന്ന കഥാപാത്രങ്ങളാണ്. കഥാപാത്ര സൃഷ്ടിയിലെ നൂതനത്വം ഓരോ കഥാപാത്രങ്ങളിലും ദർശിക്കാൻ സാധിക്കുന്നുണ്ട്. നിരവധി സൗന്ദര്യാത്മക ദൃശ്യ ബിംബങ്ങൾ കൊണ്ട് സമ്പന്നമാണ് 'രുഗ്മിണി'.

**ദൃശ്യബിംബങ്ങൾ**

സിനിമയിലെ പ്രധാനപ്പെട്ട ദൃശ്യബിംബങ്ങളിൽ ഒന്നാണ് പൂക്കൾ. പൂക്കച്ചവടക്കാരിയാണ് രുഗ്മിണിയുടെ അമ്മ ദേവകി. വീടിനടുത്തുള്ള താമരക്കുളം,അരളിത്തോട്ടം, പൂച്ചന്ത എന്നിവിടങ്ങ ളിലെ വ്യത്യസ്ത പൂക്കളുടെ നൈർമ്മല്യം സിനിമയിലെ കഥാപാത്ര ങ്ങളുടെ മാനസികനിലയുമായി ബന്ധപ്പെടുത്തിയിരിക്കുന്നു.

വേശ്യാഗൃഹത്തിലെ പെൺകുട്ടികൾ പൂക്കളെ ഇഷ്ടപ്പെടുന്ന വരാണ്. തലമുടിക്കെട്ടിലും പൂജാതളത്തിലും പൂക്കൾ സൗന്ദര്യാത്മക ദൃശ്യബിംബമായി നിറയുന്നുണ്ട്. അടിച്ചുവാരിക്കളയുന്ന സാധനസാ മഗ്രികൾക്കിടയിലും പൂക്കൾ വർണ്ണാഭമായി കിടക്കുന്നവയാണ്. സ്ത്രീ കഥാപാത്രങ്ങളെ പൂക്കളോടുപമിക്കുന്ന ചലച്ചിത്രഭാഷ്യം. പൂക്കളെ സ്നേഹിക്കുന്ന പെൺകുട്ടികൾക്കെല്ലാം വാടിക്കരിഞ്ഞ പൂക്കൾ പോലെയുള്ള ഓരോ ദുരന്തകഥകളുമുണ്ട്. വേശ്യാഗൃഹത്തിൽ ആരോ ഉപേക്ഷിച്ച മീര, ഭർത്താവിന് സുഖമില്ലാതായപ്പോൾ കുടുംബം നിലനിർത്താൻ തൊഴിൽ തേടിവന്ന സരസ്വതി, ചതിച്ച കാമുകനെ സ്നേഹിക്കുന്ന രാധ, അനാഥത്വം അവശേഷിപ്പിച്ച സീത, മകനെ കാത്തിരിക്കുന്ന സത്യബായി, പാവയെ മോഹിക്കുന്ന രുഗ്മിണി ഇവരെയെല്ലാം സമൃദ്ധമായ സ്ത്രീശരീരത്തിന്റെ മാദകത്വം പേറുന്ന

പൂവുടലുകളായി നോവലെറ്റിൽ മാറിയിട്ടുണ്ട്. വല്ലിയിൽ നിന്ന് അടർന്നുവീണ പൂക്കൾക്ക് സമാനമാണ് മീരയും സീതയും സരസ്വതിയും. അടർത്തിയെടുക്കുവാൻ പാകത്തിലുള്ള പൂവായി രുഗ്മിണി സിനിമയിൽ നിറഞ്ഞു നിൽക്കുന്നു.

ചുവപ്പ് എന്ന നിറം രുഗ്മിണിയിൽ സൃഷ്ടിക്കുന്ന അനുഭവ തലവും എടുത്തു പറയേണ്ടതാണ്. പലപ്പോഴായി ദൃശ്യമാകുന്ന ചുവന്ന പാവാട, ചുവപ്പുവളകൾ, ചുവന്ന വിരിപ്പുകൾ ഇവയെല്ലാം രുഗ്മി ണിയുടെ രണ്ടാനച്ഛന്റെ ഓർമ്മകൾ അവളിൽ ഉണർത്തുന്നു. ചുവപ്പിനെ ദൃശ്യബിംബമാക്കി സിനിമയുടെ അവസാനം വരെ നില നിർത്തുന്നുണ്ട്. ചലച്ചിത്രത്തിന്റെ ആദ്യഭാഗത്ത് രുഗ്മിണി വായിക്കുന്ന കവിതയിൽ പരാമർശിക്കുന്ന തേൻകുടിക്കാൻ വരുന്ന കരിവണ്ട് സ്ത്രീശരീരം മോഹിച്ചെത്തുന്ന പുരുഷബിംബമായി കഥയിലുടനീളം പ്രകടമായി നിലനിർത്തുന്നത് സിനിമയുടെ സംവേദനക്ഷമതയുടെ ഉപകരണമായിട്ടാണ്. ഇതുപോലെയുള്ള സുന്ദരമാണെന്നു പ്രേക്ഷകർക്ക് കാഴ്ചയിൽ തോന്നിപ്പിക്കുന്ന നിരവധി ദൃശ്യ ബിംബങ്ങൾ ഇതിവൃത്തത്തിന്റെ കാലികപ്രസക്തിയിലേക്കുള്ള ചൂണ്ടു പലകയാണ്. ദൃശ്യസൗരഭ്യമുള്ള ഒരു കഥയെ അതേപടി അഭ്രപാളി കളിൽ എത്തിച്ചു വിജയം നേടിയ സിനിമകളിൽ ഒന്നായി 'രുഗ്മിണി' ഇപ്പോഴും ശോഭിക്കുന്നതിനുള്ള കാരണവും ഇതൊക്കെയാണ്.

**മഴയിലെ സൗന്ദര്യതലം**

ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറ്റിആറിൽ എൻ.വി. പുരസ്കാരം ലഭിച്ച മാധവിക്കുട്ടിയുടെ പതിമൂന്ന് ചെറുകഥകളുടെ സമാഹാരമാണ് 'നഷ്ടപ്പെട്ട നീലാംബരി'. രണ്ടായിരത്തിൽ ലെനിൻ രാജേന്ദ്രൻ തിരക്കഥയും സംവിധാനവും നിർവ്വഹിച്ച 'മഴ' എന്ന ചലച്ചിത്രമായി അത് രൂപാന്തരപ്പെട്ടു. 'മഴ' എന്ന സിനിമയുടെ

മുന്നിലും പിന്നിലും പ്രവർത്തിച്ചവരെല്ലാം പ്രതിഭാശാലികളായിരുന്നു. നിരവധി ദേശീയസംസ്ഥാന പുരസ്കാരങ്ങൾ മഴപോൽ സിനിമയ്ക്കു മേൽ പെയ്തിറങ്ങി.

ഭദ്രയുടെയും അവളുടെ സംഗീതാധ്യാപകൻ രാമാനുജ ശാസ്ത്രികളുടെയും നഷ്ടപ്രണയത്തിന്റെ കഥ പറഞ്ഞ 'മഴ' എല്ലാ അർത്ഥത്തിലും മാധവിക്കുട്ടിയുടെ ചെറുകഥയോട് പരമാവധി നീതി പുലർത്തിയ ചലച്ചിത്രമാണ്. ജനപ്രീതിയും കഥാമൂല്യവും കലാ മൂല്യവും ചേർന്ന സൗന്ദര്യാത്മകസൃഷ്ടിയായി മാറിയത് മഴയുടെ സിനിമാചരിത്രമാണ്.

'പ്രണയത്തെക്കുറിച്ചും പൂക്കളുടെ സൗരഭ്യത്തെക്കുറിച്ചും കിനാവുകളെക്കുറിച്ചും കാൽപ്പനികമായ കവിതകളെഴുതിയിരുന്ന ഭദ്രയോട് ജീവിതത്തിന്റെ ചുഴികളും ആഴങ്ങളും പരപ്പുകളും തിരി ച്ചറിഞ്ഞ് വിപുലമായ അനുഭവമേഖലകളുടെ കവിയാകാൻ രാമാനുജൻ ഉപദേശിച്ചിരുന്നു. എന്നാൽ എനിക്ക് വളരെ ഗൗരവമുള്ള വിഷയമായി ട്ടാണിവയൊക്കെ - പ്രണയവും കിനാക്കളും - അനുഭവപ്പെടുന്നത് എന്നായിരുന്നു അവളുടെ സത്യസന്ധമായ മറുപടി. സ്നേഹത്തിനും സാമീപ്യത്തിനുമായുള്ള സ്ത്രീയുടെ അഗാധമായ ആഗ്രഹങ്ങളാണ് മാധവിക്കുട്ടിയുടെ മറ്റേതു കഥയിലുമെന്നതുപോലെ നഷ്ടപ്പെട്ട നീലാംബരിയുടെയും അടിസ്ഥാനഭാവം. കഥയിൽ നിന്ന് അനിവാര്യമായ ചിലമാറ്റങ്ങളേ സിനിമയിലുള്ളൂ. അവ സാങ്കേതി കമായി നിസ്സാരമാണെങ്കിലും ചലച്ചിത്രത്തിന്റെ ഭാവഗരിമക്ക് കുറച്ചൊന്നുമല്ല മാറ്റുകൂട്ടുന്നത്'.[5] ഭദ്രയുടെ തീവ്രപ്രണയവും പ്രണയ ബിംബമായ ശ്യാമവർണ്ണനും മേവുന്ന ഭൂമികയാണ് ശിവപുരംഗ്രാമം. തമിഴ്നാടിനോടടുത്തുള്ള ക്ഷേത്രസമുച്ചയങ്ങളും അഗ്രഹാര ത്തെരുവും കുളക്കടവും പച്ചപിടിച്ച പ്രകൃതിരമണീയമായ കാഴ്ചാനു

ഭവങ്ങളുമുള്ള ശിവപുരത്തേക്ക് പന്ത്രണ്ടാം ക്ലാസിൽ പഠിക്കുമ്പോഴാണ് അച്ഛൻ മാധവൻ നായർക്കും അമ്മയ്ക്കും ഒപ്പം ഭദ്രാനായർ എത്തുന്നത്. ബാംഗ്ളൂരിൽ ജനിച്ചുവളർന്ന ഭദ്രക്ക് ശിവപുരം പഥ്യമാകുന്നില്ല. ഗ്രാമശീലങ്ങളിലേക്ക് അവൾ എത്തപ്പെടുന്നില്ല. രാവിലെയുള്ള പുഴക്കടവിലെ കുളിയും കോലംവരയ്ക്കലും വെജിറ്റേറിയൻ ഭക്ഷണ ത്തിലേക്കുള്ള പിൻമാറ്റവും ധാവണി ഉടുക്കലും ക്ഷേത്രദർശനവും അവളറിയാതെ അവളിലേക്കെത്തുകയായിരുന്നു, രാമാനുജൻ ശാസ്ത്രികളിലൂടെ. പൂജാരിയും സംഗീതജ്ഞനുമായ അയാൾ വളരെ പ്പെട്ടെന്ന് അവളുടെ കാവ്യലോകത്തിലേക്കും അതുവഴി പ്രണയ തീരത്തും കൃഷ്ണബിംബമായി നിറയുന്നു.

ജ്ഞാനം എന്ന ഗ്രാമീണപെൺകുട്ടിയുടെ കുട്ടിക്കാലം മുതലുള്ള കനവായിരുന്നു രാമാനുജശാസ്ത്രികൾ. പണ്ടേ ഉറപ്പിച്ച ബന്ധം. അവളുടെ മച്ചാൻ ഭദ്രയുടെ ഹൃദയത്തിൽ കയറിയത് സ്വത സിദ്ധമായ അയാളുടെ ആലാപനസൗകുമാര്യത്താലാണ്. പിതാവിന്റെ ദുരഭിമാനം ഭദ്രയെ ചന്ദ്രൻ എന്ന കമ്പ്യൂട്ടർ എഞ്ചിനീയറുടെ ഭാര്യയാക്കി മാറ്റുന്നു. അച്ഛന്റെ മരണശേഷം ഡോക്ടർ ഭദ്ര, ചന്ദ്രന്റെ പ്രിയഭാര്യ യാകാൻ ശ്രമിക്കുന്നുവെങ്കിലും അവളിൽ അബോധാത്മകമായി പഴയ പ്രണയസങ്കല്പം പലപ്പോഴും തലപൊക്കുന്നുണ്ട്. അത് ചന്ദ്രൻ തിരിച്ചറിയുന്നു.

ഭദ്രയുടെ ഡയറിക്കുറിപ്പുകൾ മോഷ്ടിച്ചുവായിക്കുന്ന ചന്ദ്രനെ ഭദ്രക്ക് ഉൾക്കൊള്ളാനും കഴിയുന്നില്ല. എങ്കിലും ഒരു കുഞ്ഞിനുവേണ്ടി അവൾ വീണ്ടും അയാളെ സ്നേഹിക്കുന്നു. ചന്ദ്രന്റെ മനസ്നിറയെ ഭദ്രയാണ്. ആശുപത്രിയും അന്തേവാസികളും ഭദ്രയുടെ കുടുംബ ജീവിതത്തിലെ താളപ്പിഴകൾക്ക് ആക്കം കൂട്ടുന്ന ഘടകങ്ങളാണ്. ഭദ്രയെ നഷ്ടപ്പെടുമെന്ന തോന്നൽ ചന്ദ്രനെ തികഞ്ഞ മദ്യപാനി

യാക്കുന്നു. ശിവപുരം കാണാൻ കൊതിക്കുന്ന ചന്ദ്രൻ ആശുപത്രിയിൽ വച്ച് മരണമടയുമ്പോൾ തന്റെ ശ്യാമവർണ്ണന് ചന്ദ്രന്റെ മുഖമായിരുന്നുവെന്നവൾ തിരിച്ചറിയുന്നു. ചിതാഭസ്മവുമായുള്ള ഭദ്രയുടെ ശിവപുരംയാത്ര താൻ കാരണം നഷ്ടപ്പെട്ടുപോയ കുടുംബജീവിതം തിരികെ പിടിക്കാൻ ശ്രമിക്കുന്ന രാമാനുജനിലേക്കായിരുന്നു എന്നു തിരിച്ചറിയുന്നു. ശാസ്ത്രികളിലൂടെ കേൾക്കാൻ കൊതിച്ച നീലാംബരി രാഗം നഷ്ടപ്പെട്ടപ്പോൾ എല്ലാ അർത്ഥത്തിലും ഭദ്ര അനാഥയാകുകയായിരുന്നു. പ്രണയവും ജീവിതവും നഷ്ടപ്പെട്ട ഭദ്ര, നഷ്ടപ്പെട്ട നീലാംബരി എന്ന പുതുബിംബമായി  ചലച്ചിത്രത്തിന്റെ അവസാന സീക്വൻസിൽ പരിണമിക്കുന്നു.

'വളരെ ചെറിയ കാര്യങ്ങൾ മാത്രമേ മാധവിക്കുട്ടി പറഞ്ഞിട്ടുള്ളൂ.  നാം സ്നേഹമെന്ന് പറഞ്ഞുപോരുന്നത് സ്നേഹത്തെയല്ല എന്നവർ അറിഞ്ഞിരിക്കുന്നു. പുരുഷന്റെ ഹൃദയത്തിലേക്ക് നേരിട്ട് വഴിയില്ലെന്നും അമ്മയായി വായിൽ കൂടിയും ഇണയായി അരയിൽ കൂടിയും മാത്രമേ അവനിലേക്ക് പ്രവേശിക്കാൻ കഴിയൂ എന്നും അവർ കണ്ടെത്തിയിരിക്കുന്നു. സ്നേഹത്തിന്റെ ഈ വക്രത, സ്നേഹത്തിന്റെ അനാഥത്വം തന്നെയാണെന്ന് അറിയുകയാണ് സ്ത്രീയുടെ ജീവിതാനുഭവം'.[6] ഭദ്രയും സ്നേഹത്തിന്റെ അനാഥത്വം പേറിയവളാണ്. അച്ഛൻ വഴിയടച്ച പ്രണയവും ഭർത്താവ് മനസിൽ തല്ലിക്കെടുത്തിയ പ്രണയത്തിന്റെ അവസാനതരിയും ഭദ്രക്ക് നഷ്ടമാകുന്നു. നഷ്ടക്കണക്കുകളുടെ കൂട്ടികാരിയാകുന്ന ഭദ്രയുടെ പ്രകാശം പരക്കാത്ത ജിവിതം അഭ്രപാളികളിൽ സൗന്ദര്യാത്മകബിംബങ്ങളിലൂടെയാണ് പ്രേക്ഷകർക്കു മുന്നിലെത്തുന്നത്.

**പ്രണയത്തിന്റെ വർത്തമാനകാലം**

'സംതൃപ്തമായ പ്രണയത്തേക്കാൾ നഷ്ടപ്പെട്ട പ്രണയത്തി

നാണ് തീവ്രതകൂടുക എന്ന വസ്തുത ആവിഷ്കരിക്കുന്നതിലൂടെ 'മഴ' പ്രണയത്തിന്റെ സ്വാതന്ത്ര്യവിമോചന അവസ്ഥകളെയാണ് പുനരാനയിക്കുന്നത്. കുറച്ചുകാലമായി നമ്മുടെ സിനിമകളിലും ജീവിതത്തിലും സ്വാധീനം ഉറപ്പിച്ചിട്ടുള്ളത് കൺസ്യൂമർ പ്രണയചിന്തകളാണ്. ബൈക്കും ഷൂസും കമ്പ്യൂട്ടറും ജീൻസും ഡിസൈനർഷർട്ടും സ്ത്രീശരീരത്തെ ഖണ്ഡം ഖണ്ഡമാക്കി തിരിച്ച് ലൈംഗിക മനഃപായസമുണ്ണലും മൈഥുന ചേഷ്ടകളുടെ ധൂർത്തുകൊണ്ട് ആഭാസകരമായ നൃത്തങ്ങളും ദ്വയാർത്ഥപ്രയോഗങ്ങളും ചേർന്ന് വൃത്തികെട്ട ഒരു പ്രണയസങ്കൽപ്പമാണ് നമ്മുടെ മുഖ്യധാരാസിനിമകൾ പ്രകടമാക്കുന്നത്. ഇതിൽനിന്ന് വ്യത്യസ്തമായി, സ്നേഹത്തിലും അറിയുന്നതിലൂടെ ഒന്നാകുന്നതിലും സാമീപ്യത്തിലൂടെ പരസ്പര സാന്ത്വനമാകുന്നതിലും നിറവേറുന്ന ഒന്നായി പ്രണയത്തെ പ്രതിഷ്ഠിക്കുന്നത് മനുഷ്യവിമോചനസങ്കൽപ്പംതന്നെയാണ്. ഒരാൾ മറ്റൊരാൾക്കുമേൽ മാനസികവും ശാരീരികവുമായ തലങ്ങളിൽ ആധിപത്യമുറപ്പിക്കുന്നതല്ല ഭാര്യാ-ഭർത്തൃബന്ധമെന്നും അച്ഛൻ-മകൾ ബന്ധമെന്നും എന്നാണാവോ മലയാളി തിരിച്ചറിയുക എന്നതായിരിക്കണം യഥാർത്ഥ ഉത്കണ്ഠ. ആ ഉത്കണ്ഠ തീവ്രമായി പങ്കിടുന്നു എന്നതാണ് 'മഴ'യുടെ കാലിക പ്രസക്തി'.[7]

പ്രണയത്തിന്റെ വർത്തമാനകാലാവിഷ്കാരമായിരുന്നില്ല മാധവിക്കുട്ടി മുഖ്യമായി പങ്കുവയ്ക്കാൻ ശ്രമിച്ചത്. മറിച്ച് എക്കാലത്തെയും സ്ത്രീമനസിന്റെ പ്രണയസങ്കല്പം നിറഭംഗികളോടെ നീലാംബരിരാഗത്തിന്റെ പരിശുദ്ധിയോടെ അവതരിപ്പിക്കുക. അതിനായി ക്ഷേത്രബിംബങ്ങളും ഗ്രാമീണനിറച്ചാർത്തും കാല്പനികത തുളുമ്പുന്ന കവിതാപശ്ചാത്തലവും ഗൃഹാതുരത്വവും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു ഇടം സൃഷ്ടിക്കുന്നു. അവിടെ എക്കാലത്തെയും

പ്രണയസങ്കല്പത്തിന്റെ മകുടോദാഹരണമായ ശ്രീകൃഷ്ണ ബിംബം കുടിയിരുത്തുന്നു. വേണുഗാനത്തിനു പകരം ശാസ്ത്രികളുടെ നീലാംബരിരാഗം പുനഃപ്രതിഷ്ഠിക്കുന്നു. കണ്ണന്റെ രാധയാകാനുള്ള കാത്തിരിപ്പായിരുന്നു ഭദ്രയുടേത്. ശിവപുരം ഭദ്രക്ക് അമ്പാടിയാണ്. ഡയറിക്കുറിപ്പുകൾ സ്വപ്നങ്ങളിലേക്കുള്ള തീർത്ഥയാത്രയും.

**ഉപസംഹാരം**

സാങ്കേതികാംശങ്ങളുടെ സൂക്ഷ്മമായ ബോധതലം പ്രകടമാകുന്ന മാധവിക്കുട്ടിയുടെ രചനകളാണ് 'രുഗ്മിണിക്കൊരു പാവക്കുട്ടി'യും 'നഷ്ടപ്പെട്ട നീലാംബരി'യും. രണ്ടു കൃതികളും സിനിമയായി മാറിയവയാണ്. 'രുഗ്മിണി', 'മഴ' എന്നീ പേരിൽ. മാധവിക്കുട്ടിയുടെ രചനയുടെ രസതന്ത്രമാണ് ഇരുസിനിമകളുടെയും പിൻബലം. ദേശീയസംസ്ഥാനതലങ്ങളിൽ ശ്രദ്ധിക്കപ്പെട്ടതുപോല പ്രസ്തുതചിത്രങ്ങൾ ആസ്വാദകരുടെയും നിരൂപകരുടെയും പ്രീതിയും പിടിച്ചുപറ്റിയിട്ടുണ്ട്. ദൃശ്യങ്ങളുടെ ചാരുതയ്ക്ക് സിനിമ എക്കാലവും ഊന്നൽ നൽകുന്നുണ്ട്. മനോഹരമായ കാഴ്ചാനുഭവം സമ്മാനിക്കുന്ന ചിത്രങ്ങളുടെ മുൻനിരയിൽ 'രുഗ്മിണി'യും 'മഴ'യും നിലനിൽക്കുന്നതിനുള്ള കാരണവും ഇതാണ്. സൗന്ദര്യാത്മക ചിഹ്നങ്ങൾ മാധവിക്കുട്ടിയുടെ ഇതിവൃത്തങ്ങൾക്കുള്ളതുപോലെ സിനിമയിലും പ്രകടമായി. ഭദ്രയും രുഗ്മിണിയും ജീവിതത്തിന്റെ സമരമുഖങ്ങളിൽ തോൽക്കുകയും ഒറ്റപ്പെടുകയും ചെയ്തവരാണ്. പാവക്കുട്ടിയുമായി പെരുവഴിയിൽ പകച്ചുനിൽക്കുന്ന രുഗ്മിണിയും നീലാംബരിരാഗത്തിലുള്ള ഗാനം ശ്രവിക്കുവാനുള്ള അവസാനപ്രതീക്ഷയും നഷ്ടപ്പെട്ട് ക്ഷേത്രമണ്ഡപത്തിൽ തനിച്ചിരിക്കേണ്ടിവരുന്ന ഭദ്രയും എക്കാലത്തെയും ദുരനായികമാരുടെ പട്ടികയിലാണ് പെടുന്നത്. ഭദ്രയും രുഗ്മിണിയും ജീവിതസങ്കടങ്ങളുടെ കണ്ണീർ മഴയിൽ കുതിർന്ന രണ്ടു പാവക്കുട്ടികളാണ്.

## കുറിപ്പുകൾ

1. കെ.എസ്.രവികുമാർ,ആഖ്യാനവൈവിധ്യങ്ങളുടെ ജന്മാന്തരങ്ങൽ (ലേഖനം), ഗ്രന്ഥാലോകം, തിരുവനന്തപുരം, മേയ് 1990, പുറം-11.
2. അതേ ലേഖനം, പുറം-12.
3. മധുഇറവങ്കര,മലയാളസിനിമയും സാഹിത്യവും. ഡി.സി.ബുക്സ്, കോട്ടയം, ഡിസംബർ, 1999, പുറം-171.
4. അതേ പുസ്തകം, പുറം-179-290.
5. ജി.പി. രാമചന്ദ്രൻ, മലയാളസിനിമ ദേശം ഭാഷ സംസ്കാരം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, ആഗസ്റ്റ് 2009, പുറം-198-199.
6. എം. എൻ. വിജയൻ, സ്ത്രീകൾ എഴുതുമ്പോൾ, (ലേഖനം), ഗ്രന്ഥാലോകം, തിരുവനന്തപുരം, മേയ് 1998, പുറം-10.
7. ജി. പി. രാമചന്ദ്രൻ, മലയാളസിനിമ ദേശം ഭാഷ, സംസ്കാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, ആഗസ്റ്റ് 2009, പുറം-197.

## സഹായകഗ്രന്ഥങ്ങൾ

1. മധു ഇറവങ്കര, *മലയാള സിനിമയും സാഹിത്യവും*, ഡി.സി.ബുക്സ്, കോട്ടയം : 1999.
2. രാമചന്ദ്രൻ ജി.പി., *മലയാള സിനിമ ദേശം ഭാഷ സംസ്കാരം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം: 2009.

# ജീർണ്ണശരീരത്തിന്റെ(മനസ്സിന്റെയും) ആവലാതികൾ

**ഡോ.സൗമ്യ പി.ആർ.**

രോഗങ്ങളും സാഹിത്യരചയിതാക്കളുമായുള്ള ബന്ധം ശാസ്ത്രലോകവും സാഹിത്യലോകവും ധാരാളം ചർച്ച ചെയ്തിട്ടുള്ളതാണ്. എന്നാൽ അവയെല്ലാം സാഹിത്യകാരനുണ്ടാകുന്ന രോഗം സർഗ്ഗാത്മകതയെ സ്വാധീനിക്കുന്നുണ്ടോ എന്ന തരത്തിലുള്ള അന്വേഷണങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകിയത്. ഫെമിനിസ്റ്റ് വിമർശകർ, സ്ത്രീഎഴുത്തുകാരും രോഗവുമായുള്ള ബന്ധത്തിന്റെ പ്രാധാന്യത്തിൽ ഊന്നൽ നൽകിയിട്ടുണ്ട്. സാഹിത്യകൃതിയ്ക്കുള്ളിൽ കടന്നുവരുന്ന രോഗങ്ങളെക്കുറിച്ച് പഠിക്കാൻ പ്രേരണയായ പുസ്തകം താരാശങ്കർ ബാനർജിയുടെ 'ആരോഗ്യനികേതന'മാണ്. ആ ബംഗാളി നോവൽ വൈദ്യശാസ്ത്ര സംബന്ധിയായ വിഷയം പ്രത്യക്ഷത്തിൽ കൈകാര്യം ചെയ്യുന്ന ഒന്നായിരുന്നു. ഡോ.ബി.ഇക്ബാൽ 'കോളറക്കാലത്തെ പ്രണയം' എന്ന കൃതിയെ വാർദ്ധക്യത്തിന്റെ പ്രശ്നങ്ങളെ സൂക്ഷ്മമായി ആവിഷ്കരിക്കുന്ന നോവൽ എന്ന നിലയിൽ പഠിക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ട്. രോഗങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് അതിന്റെ വിശദാംശങ്ങളെ അവതരിപ്പിച്ചു കൊണ്ടുള്ള കൃതികൾ മലയാളസാഹിത്യത്തിൽ ഉണ്ടായിട്ടുണ്ട്. എസ്.കെ. പൊറ്റെക്കാട്ടിന്റെ 'വിഷകന്യക'യിൽ മലമ്പനിയെക്കുറിച്ചുള്ള വിശദാംശങ്ങൾ ഉള്ളടങ്ങുന്നു. ഒ.വി.വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം'വസൂരിയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നു. ഏതെങ്കിലും ഒരു രോഗത്തിൽ ഊന്നിക്കൊണ്ട് കഥ പറയാനുള്ള സർഗ്ഗാത്മകശ്രമങ്ങളാണവ. നോവലി

സ്റ്റിന്റെ മുഴുവൻ രചനകളിലേക്കുമായി അത് വ്യാപിക്കുന്നില്ല. എന്നാൽ,സ്ത്രീ എഴുത്തുകാർക്ക് രോഗങ്ങളോടുള്ള പ്രതിപത്തി പ്രത്യേകം ചർച്ചാവിഷയം ആകേണ്ടതുണ്ട്. പ്രതിഭാശാലിയായ ചില എഴുത്തുകാരികളെങ്കിലും രോഗത്തെ സ്വന്തം രചനകളുടെ കേന്ദ്ര സ്ഥാനത്ത് നിർത്തി. അവിടെനിന്നുകൊണ്ട് ചുറ്റുമുള്ള ലോകത്തെ വിലയിരുത്താൻ ശ്രമിച്ചുകണ്ടിട്ടുണ്ട്. അവരെ സംബന്ധിച്ചിടത്തോളം രോഗം ഒരു രൂപകമായിത്തീരുന്നു. തങ്ങളുടെ സ്വതന്ത്ര വികാസത്തിന്റെ നേർക്ക് ശത്രുത പുലർത്തുന്ന ബാഹ്യസാഹചര്യങ്ങളെ ചെറുത്തു കൊണ്ട് സൃഷ്ടികർമ്മത്തിൽ ഏർപ്പെടാനുള്ള ശ്രമത്തിനിടയിൽ അവർ അനുഭവിക്കുന്ന വിഷമതകളെല്ലാം ഈ ഒറ്റ രൂപകത്തിൽ ആവാഹി ക്കപ്പെടുന്നു(രാജകൃഷ്ണൻ,2008:100).

മലയാളത്തിലെ പെണ്ണെഴുത്തുകാരികളിൽ ആരെങ്കിലും അത്തരത്തിലുള്ള ഒരു ശ്രമംനടത്തിയിട്ടുണ്ടോ എന്ന അന്വേഷണം ചെന്നുനിൽക്കുക മാധവിക്കുട്ടി എന്ന എഴുത്തുകാരിയിലായിരിക്കും; പ്രത്യേകിച്ചും അവരുടെ ചെറുകഥകളിൽ. സ്ത്രീപക്ഷ രചനകൾ എന്നനിലയിൽ അടയാളപ്പെട്ടു പോയതുകൊണ്ടാണ് അതിനുള്ളിൽ മറഞ്ഞിരിക്കുന്ന അപരവായനാസാധ്യതകൾ കണ്ടെടുക്കപ്പെടാതെ പോയത്. മാധവിക്കുട്ടിയുടെ കഥാലോകത്ത് ആവർത്തിക്കപ്പെടുന്ന രോഗസൂചനകൾ ഒരു മനുഷ്യന് അവന്റെ ആയുസ്സിൽ ബാധിക്കാവുന്ന ഏതാണ്ട് എല്ലാ രോഗങ്ങളെയും കുറിച്ചുള്ള ധാരണയുണ്ടാക്കി ത്താരാനും മാത്രം വിശദമാണ്. ആശുപത്രി-ഡോക്ടർ-രോഗം-രോഗി ഈ അന്തരീക്ഷം നിറയുന്ന ഒരിടമാണ് അവരുടെ കഥാലോകം. അതൊരിക്കലും മരുന്നിന്റെ മണംകൊണ്ട് മനംമടുപ്പിക്കുന്നതോ വിരക്തി ഉണ്ടാക്കുന്നതോ അല്ല. രോഗങ്ങളിലൂടെ കടന്നുപോകുന്ന മനുഷ്യന്റെ നിസ്സഹായതകളിലും അതിജീവനശ്രമങ്ങളിലും രോഗിക

ളോടുള്ള മറ്റുള്ളവരുടെ സമീപനങ്ങളിലുമാണ് അവരുടെ ശ്രദ്ധ. കഥാപാത്രത്തിന്റെ സ്വത്വത്തിലേക്ക് വായനക്കാരന്റെ ശ്രദ്ധ മുഴുവൻ കേന്ദ്രീകരിച്ച് നിർത്താനുള്ള മാന്ത്രികസിദ്ധി ആ എഴുത്തിനുണ്ട്; അതുകൊണ്ടുതന്നെ കഥാപാത്രങ്ങളുടെ രോഗാതുരമായ ശരീരവും മനസ്സും വായനക്കാരന്റെ ശ്രദ്ധയിലേക്ക് വരാതെ പോകുന്നു. മാധവി ക്കുട്ടിയുടെ ചെറുകഥകളിൽ കടന്നുവരുന്ന കഥാപാത്രങ്ങളുടെ ജീർണ്ണശരീരത്തിന്റെ(മനസ്സിന്റെയും)ആവലാതികളെ വായിച്ചെടുക്കാൻ ശ്രമിക്കുമ്പോൾ ബാലാരിഷ്ടതകൾ, പകർച്ചവ്യാധികൾ, മാനസിക രോഗങ്ങൾ, സ്ത്രീ സംബന്ധിയായ രോഗങ്ങൾ, വാർദ്ധക്യസഹജമായ അസുഖങ്ങൾ എന്നിങ്ങനെ സാമാന്യമായി തിരിച്ചുകൊണ്ട് കഥാസൂചനകളെ ക്രോഡീകരിക്കാൻ കഴിയും.

ആരോഗദൃഢഗാത്രമായ ശരീരം യൗവനസൂചകമാണെന്നും ത്വക്കിന്റെ മിനുപ്പ്, സുഗന്ധം, ഉറപ്പുള്ള കറുത്ത മുടി, ഉറച്ച പേശികൾ എന്നിങ്ങനെ ഓരോ അംശങ്ങളിലും ചൈതന്യം തുളുമ്പുന്ന ഒന്നാണെന്നും മികച്ച മാനസികാരോഗ്യം കൂടി അവർക്കുണ്ടായിരിക്കു മെന്നും കഥാകാരി കരുതുന്നു. അതിന് ഉടവ് തട്ടുന്ന ഓരോ മേഖല കളെയും അനാരോഗ്യം എന്ന് കല്പിക്കുകയും അതിന്റെ സാമൂ ഹികവും ലിംഗപരവും സാംസ്കാരികപരവും സാമ്പത്തിക സംബന്ധി യുമായ കാരണങ്ങൾ അപഗ്രഥിക്കുകയും ചെയ്യുന്നു. രോഗത്തെ ഒരു പ്രശ്നമായി കണ്ടുകൊണ്ട് അത്തരത്തിൽ ഒരു പ്രശ്നം ഉണ്ടായി ത്തീരുന്ന സാഹചര്യത്തെ കഥയാക്കി പരിവർത്തിപ്പിക്കുന്നു. ബാലാരി ഷ്ടതകൾ മാതാപിതാക്കൾക്ക് രണ്ടിലേറെ കുട്ടികൾ ഉണ്ടായിരിക്കു കയും അവരുടെ സംരക്ഷണം ചെലവേറിയതും ബുദ്ധിമുട്ടേറിയതുമാ യിരിക്കുകയും ചെയ്ത വറുതിയുടെ കാലത്തിൽ വേണ്ടത്ര കരുതൽ ലഭിക്കാതെ കുട്ടികൾ വളരെ വേഗം രോഗങ്ങൾക്കടിപ്പെട്ട് മരണത്തിനു

കീഴടങ്ങുന്ന അവസ്ഥ നിലനിന്നിരുന്നു. ആധുനിക ചികിത്സാ സമ്പ്രദായങ്ങൾ പുരോഗമിച്ചതും കുടുംബാസൂത്രണ ഫലമായി കുട്ടികളുടെ എണ്ണം കുറഞ്ഞതോടെ മാതാപിതാക്കളുടെ ശ്രദ്ധ അവരിലേക്ക് കേന്ദ്രീകരിക്കപ്പെട്ടതും ശിശുമരണനിരക്ക് ഗണ്യമായി കുറയാനിടയാക്കി.

**ബാലാരിഷ്ടതകൾ**

ആശുപത്രികളെ ആശ്രയിക്കാതെ നാടൻ മരുന്നുകൾ കൊണ്ട് ചികിത്സ നടത്തിയ ഒരു കാലത്തിന്റെ ഓർമ്മക്കുറിപ്പുകളായാണ് മാധവിക്കുട്ടിയുടെ കഥകളിൽ ബാലാരിഷ്ടതകൾ സംബന്ധിച്ച സൂചനകൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്.'സുന്ദരിയായ മകൾ' എന്ന കഥയിലെ അമ്മ തന്റെ മകളോട് അവളുടെ ബാല്യകാലം ഓർമ്മിപ്പിക്കുന്ന ഒരു രംഗമുണ്ട്: "ചൊറിയും ചിരങ്ങുംകൊണ്ട് ചീഞ്ഞളിഞ്ഞ കാലത്ത് നിന്നെ ചുമലിലിട്ട് ഞാൻ ദിവസവും വൈദ്യരുടെ അടുത്തേക്ക് നടക്കും. എല്ലാവരും അപ്പോൾ ചോദിച്ചു: എന്തിനാ ഇതിനെ കൊണ്ടു നടക്കുന്നത്? ഇതിനി മാറില്ല" (മാധവിക്കുട്ടി,2004:99).

കരപ്പൻ പിടിച്ചു മേലാകെ ചീഞ്ഞളിഞ്ഞ രോഗാതുരമായ ഒരു ബാല്യത്തെക്കുറിച്ച് 'ചാലിയത്തി കുഞ്ഞുവും മകനും'(മാധവിക്കുട്ടി,2004:149) എന്ന കഥയിലും പറയുന്നുണ്ട്. മക്കളുടെ യൗവനം തങ്ങൾ ചൂഷണം ചെയ്യുന്നു എന്നും അവരെ ആശ്രയിച്ച് ജീവിക്കേണ്ടി വരുന്നു എന്നുമുള്ള അപകർഷത ഒഴിവാക്കാൻ വേണ്ടിയാണ് ആ രണ്ട് കഥകളിലെയും വൃദ്ധമാതാക്കൾ ഈ അനുഭവം ഓർത്തെടുത്ത് പങ്കുവെയ്ക്കുന്നത്. മക്കളെ തങ്ങളുടെ ത്യാഗം ഓർമ്മിപ്പിച്ചുകൊണ്ട് അവരിൽനിന്ന് കൈപ്പറ്റുന്ന സേവനം പണ്ട് താൻ ചെയ്തുതന്നതിനുള്ള നന്ദിയായി കാണാൻ പ്രേരിപ്പിക്കുകയാണ്. സ്നേഹത്തിന്റെ അഭാവത്തിലാണ് ഇത്തരം ഓർമ്മപ്പെടുത്തലുകൾ ആവശ്യമാ

യിവരുന്നത്. ശുചിത്വക്കുറവ് മൂലം പനിയും വയറിളക്കവും ബാധിച്ച് മരിച്ചുപോകുന്ന കുട്ടിയെക്കുറിച്ച് 'ജാനു പറഞ്ഞ കഥ' എന്ന കഥയിൽ പങ്കുവെയ്ക്കുന്ന ഓർമ്മ ഒരു സഹോദരിയുടേതാണ്. സ്നേഹ നിർഭരമായ നൊമ്പരമാണ് ആ ഓർമ്മയിലുള്ളത്.

**പകർച്ചവ്യാധികൾ**

ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് പകരുന്ന രോഗങ്ങളാണ് പകർച്ചവ്യാധികൾ. ശരിയായ മരുന്ന് കണ്ടുപിടിക്കുന്നതുവരെ ഓരോ പകർച്ചവ്യാധിയും അപകടകരമായ സാഹചര്യത്തെ അതിജീവിക്കാൻ മനുഷ്യരെ നിർബന്ധിതരാക്കാറുണ്ട്. അത്തരം രോഗങ്ങൾ മാധവിക്കുട്ടി ക്കഥകളിൽ ധാരാളം കടന്നുവന്നിട്ടുണ്ട്. ടൈഫോയിഡ്, ക്ഷയം (ടി.ബി.),മഞ്ഞപ്പിത്തം,വസൂരി,പേപ്പട്ടിവിഷബാധ, ലൈംഗികരോഗ ങ്ങൾ എന്നിവയെല്ലാം അതിൽപ്പെടുന്നു. 'നഷ്ടപ്പെട്ട നീലാംബരി' (മാധ വിക്കുട്ടി,2004:24) എന്ന കഥയിലെ നായകൻ ടൈഫോയിഡ് വന്നു മരിച്ചുപോയി എന്ന് ഭാര്യ കളവ് പറയുന്നുണ്ട്. ദരിദ്രമായ ചുറ്റു പാടുകളിൽ പടർന്നുപിടിക്കുന്ന രോഗമാണ് ടൈഫോയിഡ് എന്നതും ചികിത്സ അത്തരക്കാർക്ക് അന്യമാകുന്നത് മരണസാധ്യത വർദ്ധി പ്പിക്കുന്നു എന്നതും വിശ്വസനീയത ഏറ്റുമെന്നതുകൊണ്ടാണ് രോഗത്തെ കളവ് പറയാൻ കൂട്ടുനിർത്തുന്നത്. ടൈഫോയിഡ് പിടിച്ച് രണ്ടരമാസം ഒറ്റക്കിടപ്പ് കിടന്ന മകനെക്കുറിച്ച് പറയുന്ന ഒരു കഥാപാത്രം 'ചാലിയത്തി കുഞ്ഞുവും മകനും' എന്ന കഥയിലുണ്ട്. ബോധല്യാണ്ടെ രണ്ടാഴ്ച (മാധവിക്കുട്ടി,2004:149) എന്ന വിശദീകരണം രോഗത്തിന്റെ ഗുരുതരാവസ്ഥയെ കാണിക്കുന്നു. ദരിദ്രമായ ചുറ്റുപാടു കളിലാണ് ഇത്തരം രോഗങ്ങൾ പടർന്നിരുന്നത് എന്ന സൂചന ഈ കഥയും ബാക്കിവെക്കുന്നു.

'സോനാഗാച്ചി' എന്ന കഥയിൽ തന്നെ സന്ദർശിക്കാൻ വന്ന

രാജേന്ദ്രനോട് വർത്തമാനത്തിനിടയിൽ ചുമച്ചുകൊണ്ട് എനിക്ക് “ക്ഷയമൊന്നുമല്ല, ഭയപ്പെടേണ്ട”(മാധവക്കുട്ടി,2004:30)എന്ന് വേശ്യയായ അമല പറയുന്നുണ്ട്. രോഗബാധിതരുടെ ചുമയും തുമ്മലും വഴിപകരുന്നതും ശ്വാസകോശത്തെ ബാധിക്കുന്നതുമായ അസുഖ മാണത്. സാമാന്യ ജനത്തിന് അതേപ്പറ്റി അറിവുണ്ടായിരുന്ന കാലമായത് കൊണ്ടാണ് അപ്രകാരം അവൾക്ക് ഒരു മുൻകൂർ ജാമ്യം എടുക്കേണ്ടി വന്നത്. വർഷങ്ങൾക്ക് ശേഷം അയാളെ വീണ്ടും കാണുമ്പോൾ “ഇനി എനിക്ക് ഒന്നും ചെയ്യാൻ വയ്യ. ടി.ബി. ബാധിച്ച് ഞാൻ ആകെ തളർന്നു''(മാധവിക്കുട്ടി,2004:31) എന്ന് അവൾ സമ്മതിക്കുന്നുണ്ട്. ആ രോഗം അവളിലേക്ക് വന്നുചേർന്ന തൊഴിൽ സാഹചര്യവും രോഗം അവളെ കൊണ്ടെത്തിച്ച അതിദയനീയാവ സ്ഥയും കഥാകാരിയെ സ്വാധീനിക്കുന്നുണ്ട്.മഞ്ഞപ്പിത്തം/മഞ്ഞക്കാമല എന്ന പേരിൽ അറിയപ്പെടുന്ന അസുഖത്തെപ്പറ്റി‘കോലാട്’എന്ന കഥയിൽ സൂചനയുണ്ട് “അവൾക്ക് പനി തുടങ്ങി, വയറ്റിൽ വേദനയും. ഇഞ്ചിനീരും കുരുമുളകുരസവും ഒന്നും അവളെ സഹായിച്ചില്ല. പത്താം ദിവസം ഡോക്ടർ അവളുടെ ഭർത്താ വിനോട് പറഞ്ഞു: ഇവരെ ഉടനെ ആശുപത്രിയിലേക്ക് കൊണ്ടു പോവണം. ഇത് മഞ്ഞക്കാമലയുടെ ഒരു സീരിയസ് കേസാണ്'' (മാധവിക്കുട്ടി,2004:33). കുട്ടിക്കാലത്ത് മഞ്ഞപ്പിത്തം ബാധിച്ചുഭേദമായ മകനെക്കുറിച്ച് ചാലിയത്തി കുഞ്ഞുവും മകനും(മാധവിക്കുട്ടി,2004:149) എന്ന കഥയിലും ''ജനൽവാതിലുകൾ തുറന്നപ്പോൾ..അമ്മേ ഞാൻ മഞ്ഞപ്പൂക്കൾ കാണുന്നു. മഞ്ഞ അലറിപ്പൂക്കൾകാണുന്നു. എല്ലായിടത്തും മഞ്ഞപ്പൂതന്നെ!''(മാധവിക്കുട്ടി,2017:94) എന്ന് പറഞ്ഞ ഒരു പെൺകുട്ടിയെ ‘പക്ഷിയുടെ മണം’ എന്ന കഥയിലും കാണാൻ കഴിയും. കടുത്ത അവഗണനയാണ് കോലാടിലെ അമ്മയുടെ രോഗം

ഗുരുതരാവസ്ഥയിലെത്തിച്ചത്. ചാലിയത്തിക്ക് മകന്റെ അസുഖം ഭേദമാക്കി എന്നത് അഭിമാനമാണ്. പെൺകുട്ടി രോഗത്തെ ഭാവനാത്മകമായാണ് കാണുന്നത്. ഇങ്ങനെ വ്യക്തികളും സാഹചര്യങ്ങളും മാറുമ്പോൾ ഒരേ രോഗം പല അനുഭവങ്ങളായി പരിണമിക്കുന്നു. വായുവിലൂടെ പടരുന്ന, നിയന്ത്രണ വിധേയമാകും മുൻപ് അനേകം പേരുടെ ജീവനെടുത്തിരുന്ന അസുഖമാണ് വസൂരി. അതുകൊണ്ട് പഴയ തലമുറയിൽപ്പെട്ട കാരണവന്മാർ ആരോടെങ്കിലും പക തോന്നിയാൽ"ഭഗോതി! ഓനു കുരുപ്പു കൊട്ത്ത് ഓനെ കൊല്ലണേ" (മാധവിക്കുട്ടി,2004:153)എന്ന മട്ടിൽ പ്രാർത്ഥിച്ചിരുന്നതായി'ചാലിയത്തി കുഞ്ഞുവും മകനും'(മാധവിക്കുട്ടി,2004:153) എന്ന കഥയിൽ വായിക്കാം. ചാലിയത്തിയുടെ പ്രാർത്ഥനയിലെ കുരുപ്പ് വസൂരിയുടെ കുരുക്കളാണ്. വസൂരി വന്നുമാറിയാലും ചിലരുടെ മുഖത്ത് അതിന്റെ കലകൾ വർഷങ്ങളോളം മാറാതെ നിൽക്കാറുണ്ട്. അങ്ങനെ മുഖത്ത് കലകളുള്ള ഒരു കഥാപാത്രമാണ് 'ഇടനാഴികളിലെ കണ്ണാടികൾ' എന്ന കഥയിലെ പ്രേമചന്ദ്രൻ(മാധവിക്കുട്ടി,2017:79). ഇപ്രകാരം രോഗം ശാപമായും രോഗശമനം അനുഗ്രഹമായും സങ്കല്പിക്കുകയും ഓർമ്മകളിൽ നിലനിൽക്കുകയും ചെയ്യുന്നതിന്റെ മാനങ്ങൾ കഥകളിൽ വെളിവാകുന്നു.

നായ്ക്കളുടെ കടിയേറ്റാൽ അവയുടെ ഉമിനീരിൽനിന്ന് മനുഷ്യനു പകരുന്ന രോഗമാണ് പേപ്പട്ടിവിഷബാധ.'ഏകാന്തതയുടെ കവാടങ്ങൾ' എന്ന കഥയിൽ "വല്ല പേപ്പട്ടിയുംഓടിവന്ന് കടിച്ചാൽ വയറ്റത്ത് പതിനാല് കുത്തിവെപ്പ് നടത്തേണ്ടിവരും"(മാധവുക്കുട്ടി,2017:144) എന്ന് ആശങ്കപ്പെടുന്ന ഭാര്യയും "കമലാക്ഷിക്ക് അറീല്യ കാലം മാറീന്ന് പതിനാല് കുത്തിവെപ്പ് വയറ്റത്ത് എടുക്കേണ്ട കാലം മാറീട്ടോ. ഇപ്പോ അഞ്ച് തവണ കുത്തി വെച്ചാ മതി, അതുംകയ്യ്മ്മല്" (മാധവിക്കുട്ടി,2004:144) എന്ന് പറയുന്ന ഭർത്താവിനെയും കാണിക്കുന്നു.

രോഗത്തെക്കുറിച്ചും മാറുന്ന അതിന്റെ ചികിത്സാസമ്പ്രദായത്തെ ക്കുറിച്ചും സൂചന നൽകുന്ന എഴുത്തുകാരി ആ രോഗത്തെ ഭയ ക്കുന്നവരും അല്ലാത്തവരുമായ മനുഷ്യരെ കാണിച്ചുതരുന്നു. ഒപ്പം രോഗത്തോടുള്ള ഭയം കരുതലായി പ്രത്യക്ഷപ്പെടുന്നതെങ്ങ നെയെന്നും എഴുതുന്നു.

പാതിവ്രത്യമെന്ന സമസ്യയിലെ നായിക‘‘ഇന്നെനിക്ക് അയാളിൽനിന്ന് വല്ല പകർച്ചവ്യാധിയും ലഭിച്ചിരിക്കുമോ?... താൻ നാട്ടി ലായിരുന്നപ്പോൾ അയാൾ പലകാമുകന്മാരുള്ള വേലക്കാരിയുമായി ശയിച്ചിരിക്കണം”(മാധവിക്കുട്ടി,2017:130) എന്ന് തന്റെ ഭർത്താവിനെ ക്കുറിച്ചോർത്ത് ആശങ്കപ്പെടുന്നതായി ചിത്രീകരിക്കുന്നു. ഒന്നിലധികം ലൈംഗിക പങ്കാളികൾ ഉണ്ടായിരിക്കുന്നതിലൂടെ പകരുന്ന എയ്ഡ്സ് ഉൾപ്പെടെയുള്ള ലൈംഗിക രോഗങ്ങളെക്കുറിച്ചുള്ള സൂചന സാംസ്കാ രികമായി അധഃപതിച്ച ഒരു കൂട്ടത്തെയും അവരുടെ കെണികളിൽ പ്പെട്ടുപോകുന്ന നിരപരാധികളുടെയും നേർക്കാഴ്ചയാണ് പങ്കുവെക്കുന്നത്.

**മാനസികരോഗങ്ങൾ**

ശരീരത്തിന്റെ ആരോഗ്യം പോലെതന്നെ പ്രധാനമാണ് മാനസികാരോഗ്യവും. എന്നാൽ അത് തിരിച്ചറിയാതെ പോയ ഒരു കാലഘട്ടത്തിൽ വളരെ ക്രൂരമെന്നോ അപരിഷ്കൃതമെന്നോ പറയാവുന്ന രീതിയിലാണ് രോഗികൾ പരിചരിക്കപ്പെട്ടത്. താനൊരു രോഗിയാണ് എന്ന് സ്വയം തിരിച്ചറിയാനോ മറ്റുള്ളവരെ പറഞ്ഞ് ബോധ്യപ്പെടുത്താനോ കഴിയില്ല എന്ന നിസ്സഹായതയാണ് ഇത്തരം രോഗികൾ അനുഭവിക്കുക. അവർ സ്വയം ഈ അവസ്ഥയിൽ എങ്ങനെ കടന്നുപോകുന്നു എന്നതിലാണ് എഴുത്തുകാരി കൂടുതലും പരിചരണം നടത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ മാനസിക അസുഖങ്ങളെ

ക്കുറിച്ച് വലിയ ധാരണയില്ലാത്തവർക്ക് അത്തരം കഥകൾ വെറും ജല്പനങ്ങളായോ സ്വപ്നാഖ്യാനമായോ മാത്രം അനുഭവപ്പെടും.

'നഗ്നശരീരങ്ങൾ'എന്ന കഥയിൽ ഭർത്താവിന്റെ മരണം മാനസികമായും ശാരീരികമായും തളർത്തിയ ഒരു സ്ത്രീയാണ് നായിക. കടുത്ത വ്യഥകൊണ്ട് അവൾ രോഗശയ്യയെ അവലംബിച്ച പ്പോൾ ബന്ധുമിത്രാദികൾ അവളെ നിരന്തരം സന്ദർശിച്ചു (മാധവി ക്കുട്ടി,2004:35)രോഗാണുവാഹക അല്ലാതെയും ഒരാൾ രോഗിയാ വുകയാണ്. രാജവീഥികൾ എന്ന കഥയിൽ "തനിക്ക് ജ്യേഷ്ഠന്റെ നേർക്ക് ഒരു സഹായഹസ്തം നീട്ടാമായിരുന്നു. എന്നാൽ അയാളെ അകാലവാർദ്ധക്യം ബാധിക്കില്ലായിരുന്നു. തന്റെ അമ്മ സ്ഥിരം രോഗി ണിയായിത്തീരില്ലായിരുന്നു"(മാധവിക്കുട്ടി,2017:120) എന്ന് പറയുന്നുണ്ട്. മനസ്സിന്റെ ആകുലതകളാണ് ഒരാളെ നിത്യരോഗിയും മറ്റേയാളെ അകാലവാർദ്ധക്യം ബാധിച്ചവനും ആക്കിത്തീർത്തത്. മാനസിക അസ്വസ്ഥതകൾ ചിലപ്പോഴെങ്കിലും അകാരണമായ രോഗങ്ങളായി പ്രത്യക്ഷപ്പെടാം എന്ന സൂചനയാണ് കഥാകാരി നൽകുന്നത്.

'നഷ്ടപ്പെട്ട നീലാംബരി'എന്ന കഥയിൽ ശാസ്ത്രികളുടെ ഭാര്യ യായ ജ്ഞാനത്തിനു ഭ്രാന്താണ്. "എത്ര ചികിത്സിച്ചിട്ടും യാതൊരു ഭേദവുമില്ല. ബാംഗ്ലൂരിൽകൊണ്ടുപോയി ഷോക്ക് ചികിത്സകൂടി നടത്തിക്കഴിഞ്ഞു"(മാധവിക്കുട്ടി,2004:26) എന്ന് പറയുന്നുണ്ട്. ജ്ഞാനം ശാസ്ത്രികളുടെ അടുത്ത് പാട്ടുപഠിക്കാൻ പോയപ്പോൾ സുഭദ്രയും ഒപ്പംകൂടി. ശാസ്ത്രികൾ തന്റെ മുറച്ചെറുക്കൻ ആണെന്ന് കുട്ടിക്കാലം മുതൽ ബോധ്യമുള്ള ജ്ഞാനത്തിന് സുഭദ്രയ്ക്ക് ശാസ്ത്രികളോടും അയാൾക്ക് തിരിച്ചുമുള്ള സവിശേഷ താത്പര്യമാണ് മാനസിക അസ്വസ്ഥത ഉണ്ടാവാൻ കാരണമാകുന്നത് എന്ന സൂചന കഥയി ലുടനീളമുണ്ട്. താൻ ഏറ്റവും വിലമതിക്കുന്നത് നഷ്ടപ്പെട്ടുപോകുമോ

എന്ന ഭയം അവളെ ഭരിക്കുന്നു. ഒടുവിൽ വിവാഹത്തിലൂടെ സ്വന്തമാക്കി എന്ന് ധരിക്കുമ്പോഴും ശാസ്ത്രികൾക്ക് സുഭദ്രയോട് ഉള്ള താത്പര്യം തന്നോടില്ല എന്ന് മനസ്സിലാക്കുന്നതോടെ ആദ്യമാദ്യം കലഹിച്ച അവൾക്ക് പിന്നീട് മാനസികാവസ്ഥ പൂർണ്ണമായും കൈവിട്ടു പോവുകയാണ് ഉണ്ടായത്. ഒന്നും പ്രതീക്ഷിക്കാൻ ഇല്ലാതായ മാനസികാവസ്ഥ തന്നെയാണ് അവളെ പൂർണ്ണമായും സ്വത്വം വെടിഞ്ഞ ഭ്രാന്ത് അവസ്ഥയിൽ കൊണ്ടെത്തിച്ചത്. ഒരാൾ മാനസികരോഗിയായി മാറാനുള്ള സാഹചര്യങ്ങൾ സമൂഹം സൃഷ്ടിക്കുന്നു എന്ന നിരീക്ഷണം ബലപ്പെടുത്താൻ കഥയിലുടനീളം കാരണങ്ങൾ വിതറുന്ന ആഖ്യാന രീതിയാണ് കഥാകാരി സ്വീകരിക്കുന്നത്.

അതിവൈകാരികതയുടെ അനവസരത്തിലുള്ള പ്രകടനമെന്ന് ഹിസ്റ്റീരിയയെ സാമാന്യമായി നിർവ്വചിക്കാമെങ്കിൽ അത്തരം പ്രശ്നങ്ങൾ പ്രകടമാക്കുന്ന കഥാപാത്രങ്ങൾ മാധവിക്കുട്ടിയുടെ കഥാ ലോകത്തിൽനിന്നും കണ്ടെടുക്കാനാവും.'കഥകൾ അന്വേഷി ക്കുമ്പോൾ' എന്ന കഥയിൽ എല്ലാ ആഴ്ചയിലും ഒരിക്കലെങ്കിലും ഹിസ്റ്റീരിയ പ്രദർശിപ്പിച്ചിരുന്ന (മാധവിക്കുട്ടി,2017:139) ഒരു സ്ത്രീയെ ക്കുറിച്ച് സൂചനയുണ്ട്. 'ചന്ദനമരങ്ങൾ' എന്ന കഥയിലെ സുധാകരന്റെ ഭാര്യയായ കഥാപാത്രം തന്റെ മകളെയും ഭർത്താവിനെയും നഷ്ടമാകും എന്ന അവസ്ഥയെ നേരിടേണ്ടി വന്നപ്പോൾ ഹിസ്റ്റീരിയ പ്രകടമാക്കി എന്ന് സൂചിപ്പിക്കുന്നു. "തല നിലത്തുതല്ലി ഉറക്കെ കരയുക, ഇല്ലാത്തത് സങ്കല്പിച്ച് പറയുക, ആത്മഹത്യയ്ക്ക് ശ്രമിക്കുക"(മാധ വിക്കുട്ടി,2004:131) എന്നിവയാണ് ലക്ഷണങ്ങൾ. വൈകാരികമായ അസ്വസ്ഥതകൾ ആ സ്ത്രീയ്ക്ക് മുൻപും ഉണ്ടായിരുന്നതായി മകൾ സൂചിപ്പിക്കുന്നുണ്ട്. ചിരിക്കുകയോ സന്തോഷിക്കുകയോ ചെയ്യുന്നത് പാപമാണെന്ന് വിശ്വസിക്കുകയും മറ്റുള്ളവരെ അതിനനുസരിച്ച്

ജീവിക്കാൻ നിർബന്ധിക്കുകയും ചെയ്യുക അവരുടെ ശീലം ആയിരുന്നു. അങ്ങനെ ഒരു ശീലം ഉണ്ടായിരുന്ന വ്യക്തി, ഒപ്പം ഉണ്ടായിരുന്നവർ അധികമായി സന്തോഷിക്കുന്നു എന്ന് തോന്നി യപ്പോഴാണ് ഹിസ്റ്റീരിയ ലക്ഷണങ്ങൾ പ്രകടമാക്കിയത്. മനുഷ്യന്റെ സ്നേഹം സ്വാർത്ഥപൂർണ്ണവും വികലവുമായിത്തീരുന്ന സാഹചര്യം വിശദമാക്കുന്നതിനായി ഇവിടെ രോഗത്തെ സമർത്ഥമായി ഉപയോഗിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ ഇല്ലാത്ത ഒന്നിനെ കാണുന്നു, കേൾക്കുന്നു, സ്പർശിക്കുന്നു, രുചിക്കുന്നു, മണക്കുന്നു എന്ന തരത്തിലുള്ള തോന്നൽ ഉണ്ടാകുന്നതിനെയാണ് വിഭ്രമം അഥവാ ഹാലൂസിനേഷൻ (Hallucination) എന്ന് വിളിക്കുന്നത്. മക്കളും ഭർത്താവും പൂർണ്ണമായി അവഗണിക്കുന്നു എന്ന തോന്നലിൽ മാനസി കാരോഗ്യം നഷ്ടപ്പെട്ടു തുടങ്ങിയ യുവതി, ശാരീരികാരോഗ്യം കൂടി ക്ഷയിച്ച് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുമ്പോഴും''അയ്യോ! പരിപ്പ്കരിയ്ണ്ട് തോന്ന്ണൂ"(മാധവിക്കുട്ടി,2017:51) എന്നാണ് പറഞ്ഞത്. തനിക്ക് പരിഗണന ലഭിച്ചിരുന്ന ഏകകാര്യം വീട്ടുജോലിയും പാചകവും മാത്രമാണെന്ന തിരിച്ചറിവ് സൃഷ്ടിച്ച മാനസികാവസ്ഥയിൽ നിന്നാണ് ആ സംഭാഷണം ഉതിർന്നു വീഴുന്നത്. ജീവിതത്തിലെ തിക്താനു ഭവങ്ങൾക്കിടയിൽ അതിതീവ്രമായി മരണം കാംക്ഷിച്ചിരുന്ന ഒരു യുവതി മരണത്തെ മനുഷ്യരൂപത്തിൽ കണ്ടുമുട്ടുന്ന രംഗം വിഭ്രാത്മ കമായി അവതരിപ്പിക്കുന്ന കഥയാണ് 'പക്ഷിയുടെ മണം'(മാധവി ക്കുട്ടി,2017:89) ഉണ്ണി എന്ന കഥയിൽ ഭർത്താവിന്റെ മരണം അയാളുടെ ആത്മാവിന്റെ സാന്നിധ്യത്താൽ മുൻകൂട്ടി അറിയുന്ന സ്ത്രീയുടെ വിഭ്രാന്തിയാണ് ഇതിവൃത്തം. 'ഏകാന്തതയുടെ കവാടങ്ങൾ' എന്ന കഥയിൽ വന്നുംപോയും ഇരിക്കുന്ന വിഭ്രാന്ത അവസ്ഥയെക്കുറിച്ച് ബോധവാനായ കഥാപാത്രമാണുള്ളത്. ഏതോ അജ്ഞാത

ശക്തിയാൽ വലിക്കപ്പെട്ടപോലെ നീങ്ങുമ്പോൾ അയാൾ തന്നത്താൻ പറഞ്ഞു."സ്വപ്നത്തിൽ നിന്ന് മോചനം ലഭിക്കണമെങ്കിൽ വീട്ടിൽ ചെന്ന് മൂന്ന് കപ്പ് ചായ കുടിക്കണം...എങ്കിൽ മാത്രമേ തനിക്ക് യാഥാർത്ഥ്യങ്ങളുടെ ലോകത്തിൽനിന്ന് കേടുപാടുകൾ കൂടാതെ മടങ്ങിയെത്താൻ സാധിക്കുകയുള്ളൂ"(മാധവിക്കുട്ടി.2017:145) ഇവിടെ വിഭ്രാന്തി അയാളുടെ യാഥാർത്ഥ്യവും യഥാർത്ഥലോകം മിഥ്യയുമായി അനുഭവപ്പെടുന്നു. 'മലഞ്ചെരുവുകളിൽ'(2012:26) എന്ന കഥയിലെ നായിക മരിച്ചു പോയവരെ കാണുകയും അവരുടെ ശബ്ദം കേൾക്കുകയും ചെയ്യുന്നു. മരുന്നുകൾ സേവിച്ചുകൊണ്ട് ഡിസ്ചാർജ്ജ് വാങ്ങിയ ശേഷവും അവർ അതേ അവസ്ഥയിൽ തുടരുന്നു. ഈ തരത്തിൽ ജീവിതകാഠിന്യങ്ങളിൽ നിസ്സഹായമാകുന്ന മനുഷ്യാവസ്ഥ രോഗത്തിലൂടെ വെളിപ്പെടുന്നു.

തിരക്കേറിയ നിത്യജീവിതത്തിൽനിന്നും നാട്ടിലെ ഏകാന്തതയിലേക്ക് പറിച്ചുനടപ്പെട്ടപ്പോൾ ഉണ്ടായ ആഘാതത്തിൽ വിഷാദം പ്രകടിപ്പിക്കുന്ന സ്ത്രീയാണ് 'ദയ എന്നവികാര'ത്തിലെ അമ്മ. അച്ഛൻ ജോലിയിൽ നിന്നും വിരമിക്കുന്നതിനോട് അനുബന്ധിച്ച് നാട്ടിലേക്ക് മടങ്ങാൻ തീരുമാനം എടുത്തത് കാലിനു സുഖമില്ലാത്ത-ട്രാൻസ് സ്വഭാവം പ്രകടമാക്കുന്ന ഇളയ മകനോടുള്ള ദായാവായ്പ് കൊണ്ടാണ്. എന്നാൽ ആ തീരുമാനം അവർക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. "നാട്ടിലേക്ക് വരാൻ തീർച്ചയാക്കിയ മുതൽക്കേ അമ്മ മാറിക്കഴിഞ്ഞിരുന്നു. രാത്രി അച്ഛനുമായി തർക്കിക്കും, പലപ്പോഴും കരയും, പലപ്പോഴുംഒന്നും പറയാതെ തലതാഴ്ത്തിക്കൊണ്ടിരിക്കും"(മാധവിക്കുട്ടി,2004:25). നാട്ടിൽ എത്തിയതോടെ അത് മൂർച്ഛിച്ചു. സ്കൂൾ വിട്ടുവരുന്ന മകനോട് വിശേഷങ്ങൾ പറയാൻ ആവശ്യപ്പെടുമ്പോഴും അവർ ഓരോ ആലോചനകളിൽ മുഴുകിയിരിക്കും. പറയുന്നതിൽ ശ്രദ്ധി

ക്കുന്നില്ല എന്ന് മനസ്സിലായതോടെ അവൻ വിശേഷം പറച്ചിൽ നിർത്തി. സുഹൃത്തിന്റെ അമ്മ അവനോട് സ്നേഹം പ്രകടിപ്പിക്കുമ്പോൾ തന്റെ അമ്മ തന്നോട് ദയ മാത്രമാണ് പ്രകടമാക്കുന്നത് എന്ന തിരിച്ചറിവിൽ അസ്വസ്ഥനായ കുട്ടിയുടെ കാഴ്ചപ്പാടിലാണ് കഥ അവതരിപ്പി ക്കപ്പെട്ടിട്ടുള്ളത്. അവനോട് ദയ കാണിക്കേണ്ടതുണ്ട് എന്ന തോന്നലിൽ സ്വന്തം ഇഷ്ടങ്ങൾ ത്യജിക്കേണ്ടി വന്നതിനാൽ വിഷാദ രോഗിയായി മാറിയ അമ്മയാണ് അവന്റെ അസ്വസ്ഥതകൾക്ക് കാരണം എന്ന സത്യം കഥയിൽ ഒളിഞ്ഞിരിക്കുന്നു. വിഷാദം വിഷാദിയുടേ തല്ലാത്ത കാഴ്ചപ്പാടിൽ സ്നേഹമില്ലായ്മ എന്ന് വ്യാഖ്യാനിക്ക പ്പെടുന്നതിന്റെ ദുരന്തത്തിൽ എഴുത്തുകാരി ശ്രദ്ധ പതിപ്പിക്കുന്നു.

**ശാരീരിക/സാധാരണരോഗങ്ങൾ**

പ്രായഭേദമെന്യേ, സ്ത്രീ-പുരുഷഭേദമെന്യേ ശരീരത്തെ ബാധിക്കാവുന്ന അസുഖങ്ങളുണ്ട്. അത് മിക്കവാറും അപ്രതീക്ഷിതമോ നിയന്ത്രണാതീതമോ ആയി കടന്നുവരുന്നവയാണ്. ചികിത്സയുള്ളതും ഇല്ലാത്തതുമായ അസുഖങ്ങൾ ഇക്കൂട്ടത്തിലുണ്ട്. ഏത് തരം ചികിത്സ നൽകുന്നു, രോഗിക്ക് ലഭിക്കുന്ന പരിചരണം, പരിചരിക്കുന്ന ആളിന്റെ മനോഭാവം ഒക്കെ ആശ്രയിച്ചാണ് രോഗമുക്തി നിർണ്ണായകമായി രിക്കുക. അത്തരം അസുഖങ്ങളോടുള്ള മനുഷ്യരുടെ പ്രതികരണ ങ്ങളിലാണ് കഥാകാരി ഊന്നൽ നൽകുന്നത്.

'ചാലിയത്തി കുഞ്ഞുവും മകനും' എന്ന കഥയിൽ കൗമാര പ്രായത്തിൽ ഉണ്ടാകുന്ന മുഖക്കുരു പ്രശ്നത്തെക്കുറിച്ച് പറയുന്നുണ്ട്. “പച്ചമഞ്ഞളും വേപ്പിന്റെ എലേം ഒക്കെ അരച്ചുതേച്ചു. നോക്ക്യേടക്കണു. ഒരു ഫലോല്യ. ഇപ്പൊ ഒരു ഇംഗ്ലീഷ് മരുന്ന് എറങ്ങീട്ടണ്ടത്രേ. അതു തേച്ചാകുരു അപ്പിടി ഒണങ്ങുംന്നാ അമ്മിണിയുട്ടി പറഞ്ഞത്. അതു വാങ്ങാൻ പോയടക്ക്വാ!”(മാധവിക്കുട്ടി,2004:147) എന്ന് പറയുന്നുണ്ട്.

ത്വക്ക് രോഗങ്ങൾ സൗന്ദര്യപ്രശ്നം എന്നതിലുപരി ആത്മവിശ്വാസത്തിന്റെ പ്രശ്നമായി മാറുന്നതുകൊണ്ട് അവഗണിക്കാവുന്നതല്ല എന്ന് കഥാകാരി കരുതുന്നു.

'മീനാക്ഷിയേടത്തി'എന്ന കഥയിൽ "ഒരു ദീനക്കാരിയുടെ ദേഹപ്രകൃതിയായിരുന്നു അവർക്ക് എന്നും. മഴക്കാലത്ത് ജലദോഷം അവരെ വിട്ടൊഴിഞ്ഞുപോകാറില്ല"(മാധവിക്കുട്ടി,2004:161)എന്ന് മീനാക്ഷി എന്ന കഥാപാത്രത്തെക്കുറിച്ച് പറയുന്നുണ്ട്. മഴക്കാല രോഗങ്ങളുടെ പേരിൽ ഒരു സ്ത്രീയെ ദീനക്കാരി എന്ന ലേബലൊട്ടിക്കാൻ പ്രേരണയാകുന്നത് അവരുടെ സേവനങ്ങളിൽ തടസ്സം നേരിടുന്നതുകൊണ്ടാണെന്ന വസ്തുത കഥയിൽ വ്യംഗ്യഭാവത്തിൽ നിലകൊള്ളുന്നു.

'ഇടനാഴികളിലെ കണ്ണാടികൾ' എന്ന കഥയിലെ മാധവിയോട് പ്രേമചന്ദ്രൻ പറയുന്നു: "നീ എന്തിനാണ് ഇവിടെ വന്നത് മഴ നനഞ്ഞിട്ട്, നിനക്കു ന്യൂമോണിയ പിടിച്ചാലോ?"(മാധവിക്കുട്ടി,2017:78) ഇവിടെ അസുഖസൂചന കരുതൽ ഭാവത്തിലാണ്. അവിശ്രമം അദ്ധ്വാനിക്കുമ്പോൾ സാധാരണ വന്നുപെടാറുള്ള തലവേദന(മാധവിക്കുട്ടി,2004:113)യെക്കുറിച്ച് 'ചന്ദനമരങ്ങൾ' എന്ന കഥയിൽ പറയുന്നുണ്ട്. നോവാൽജിൻ എന്നൊരു മരുന്നും തലവേദന മാറാൻ കഴിക്കുന്നുണ്ട്. ജോലിത്തിരക്കുകളിൽ ആഴ്ന്ന് ജീവിതം മറക്കുന്നവരുടെ അസുഖമായി തലവേദന അവതരിക്കുകയാണ്. "എന്തുവേണമെങ്കിലും ഞാൻ ഇവിടെ ഉണ്ടാക്കിത്തരാം. ഹോട്ടലിൽ പോയി തിന്നാൽ വയറ് വേദനിക്കും"(മമാധവിക്കുട്ടി,2004:40) എന്ന് മകനോട് പറയുന്ന അമ്മ ഭക്ഷണം നൽകുന്നത് സ്നേഹമായി പരിഗണക്കണമെന്ന അപേക്ഷ മുന്നോട്ടുവെയ്ക്കുന്നു. വയറുവേദനയ്ക്ക് അഷ്ടചൂർണ്ണം മോരിൽ കലക്കിയത്.(2004:162)കുടിക്കാനുള്ള നിർദ്ദേശവും ആസ്പ്രോ എന്ന

മരുന്ന് കഴിക്കാനുള്ള നിർദ്ദേശവും 'മീനാക്ഷിയേടത്തി'എന്ന കഥയിൽ കാണാം. അതിൽരോഗിയോടുള്ള സ്നേഹമെന്നതിലുപരി നിസാരമായി കാണേണ്ടതിന് അമിത ശ്രദ്ധ കൊടുക്കുന്നു എന്ന അസംതൃപ്തിയാണ് നിഴലിക്കുന്നത്. സ്നേഹവും സേവനവും തമ്മിലുള്ള വ്യത്യാസം വേറിട്ടറിയാതെ ജീവിക്കുന്ന ജീവിതങ്ങളെ ചിത്രീകരിക്കാനാണ് നിസാരരോഗങ്ങളെ കഥാകാരി കൂട്ടുവിളിക്കുന്നത്.

നെയ്പ്പായസം എന്ന കഥയിൽ ബസ്സിൽ നിന്ന് ഇറങ്ങുമ്പോൾ കാലിന്റെ മുട്ടിനുനേരിയ ഒരു വേദന തോന്നി. വാതമായിരിക്കുമോ? (മാധവിക്കുട്ടി,2004:65) എന്ന് ആശങ്കപ്പെടുന്ന മധ്യവയസ്സിലെത്തിയ ഒരു പിതാവിനെ കാണിക്കുന്നു. "കാൽ മുട്ടുകളിൽ വേദനയില്ലാത്തസ്ഥിതി, യൗവന പ്രതീതി''(മാധവിക്കുട്ടി,2017:148) ആണെന്നും ''കാൽ മുട്ടുകളിൽ വരാറുള്ള വേദന (മാധവിക്കുട്ടി,2017:147)തത്കാലം മാറിയ തായി തോന്നുന്നു"എന്നും പറയുന്ന ഒരു വൃദ്ധനായ കഥാപാത്രം 'ഏകാന്തതയുടെ കവാടങ്ങൾ'എന്ന കഥയിലുണ്ട്.വാതം വാർദ്ധക്യ ത്തിലേക്കുള്ള ചവിട്ടുപടിയായി കണ്ട് വാർദ്ധക്യത്തെ ഭയക്കുന്ന യുവാവും വേദനമാറിയ അവസ്ഥ തന്റെ യുവത്വം തിരിച്ചു കിട്ടിയ താണെന്ന് ആശ്വസിക്കുന്ന വൃദ്ധനും ഒരു പോലെ അനി വാര്യമായ വിധിയെ തള്ളിക്കളയാനോ നീട്ടി വെക്കാനോ ആഗ്രഹിക്കുന്നവരായി കഥകളിൽ നിറയുന്നു. 'നഷ്ടപ്പെട്ട നീലാംബരി'യിലെ ഡോ.സുഭദ്രയുടെ ഭർത്താവായ ചന്ദ്രശേഖരമേനോന് രോഗികളെ ഇഷ്ടമല്ല. ഭാര്യയുടെ സാമീപ്യം തനിക്ക് അന്യമാക്കുന്നവരെന്ന ശത്രുസ്ഥാനമാണ് അയാൾ രോഗികൾക്ക് നൽകിയത്. ശരീരം തളർന്ന് (മാധവിക്കുട്ടി,2004:22) സ്വയം രോഗിയായതോടെ അയാൾ ഡോക്ടർ ആയ ഭാര്യയുടെ സേവനം ആവശ്യമുള്ളവനായി. നിസ്സഹായനായി മാറിയ അയാൾ അതുവരെ വിലമതിക്കാതിരുന്ന തൊഴിലിന്റെയും വ്യക്തിയുടെയും

മൂല്യമറിയുന്നു. എന്നാൽ, ഒരു വിധവയുടെ വേഷവിധാനങ്ങളിലേക്ക് ബാഹ്യമായി മാറുന്ന സുഭദ്ര അയാളെ ജീവച്ഛവമായി ഉറപ്പിച്ചുകൊണ്ട് ആന്തരികമായ സന്തോഷങ്ങൾ തേടി യാത്രയാകുന്നു. ഇഷ്ടമില്ലാത്തവരോട് ജീവിതം പങ്കുവെച്ച് ജീവിക്കുന്ന സ്ത്രീ-പുരുഷന്മാരുടെ ആത്മസംഘർഷവും പരസ്പരം ബോധ്യപ്പെടലും ഇഷ്ടങ്ങളിലേക്ക് ചേക്കേറാനുള്ള വാസനയുടെ തീവ്രതയും കർത്തവ്യബോധത്തിന്റെ ഇടപെടലും ചേർന്ന് സൃഷ്ടിക്കുന്ന സംഘർഷങ്ങൾക്ക് കാരണമായിട്ടാണ് രോഗം ഈ കഥയിൽ സാന്നിധ്യമറിയിക്കുന്നത്.

'രുഗ്മിണിക്കൊരു പാവക്കുട്ടി' എന്ന കഥയിൽ അശാസ്ത്രീയമായി ഗർഭം അലസിപ്പിച്ചതിന്റെ ഫലമായി മരിച്ചുപോയ കുട്ടിയുടെ ഉത്തരവാദിത്തപ്പെട്ടവരെ രക്ഷിക്കാൻ ഡോക്ടർ എഴുതിക്കൊടുക്കുന്ന കാരണം ആയിട്ടാണ് അപെൻഡിക്സ് (മാധവിക്കുട്ടി,2004:75)കടന്നുവരുന്നത്."വയറുവേദനയും ഛർദ്ദിയുമുണ്ടെന്ന് പരാതി. അപ്പെൻഡിസൈറ്റിസാണെന്നു വിചാരിച്ചു മുറിച്ചപ്പോൾ അതിന് യാതൊരു തകരാറുമില്ല.ഏതായാലും എടുത്തുനീക്കി"(മാധവിക്കുട്ടി,2004:117)എന്ന തരത്തിൽ(ചന്ദനമരങ്ങൾ)ഒരു ഡോക്ടർക്ക് രോഗനിർണ്ണയത്തിൽ വന്ന പിഴവായും അപെൻഡിക്സിനെക്കുറിച്ച് സൂചിപ്പിക്കുന്നു. രണ്ടും സമൂഹത്തിന്റെ ജീർണ്ണ മുഖങ്ങളെ മറനീക്കിക്കാണിച്ചു തരികയാണ്. മാർവിടം ശ്വാസോച്ഛ്വാസത്തിന്റെ താളത്തിൽ തുള്ളിക്കൊണ്ടിരുന്നു(മാധവിക്കുട്ടി,2004:89).

"തൊണ്ടേല് എന്തോ സാധനം തടഞ്ഞിരിക്കുന്നെന്ന് പറഞ്ഞു. നോക്ക്യേപ്പോ ദൃഷ്ടീം ഭാവോം ഒന്നും അത്ര പന്തിയല്ല. കണ്ണിന്റെ കൃഷ്ണമണി മേപ്പട്ട് പൂവേര്ന്ന്! ചിറി കോട്ണുണ്ടായിരുന്നു"(മാധവിക്കുട്ടി,2004:86).എന്നീ വിശദീകരണങ്ങളെല്ലാം 'മീനാക്ഷിയമ്മയുടെ മരണം' എന്ന കഥയിലെ നായികയായ വൃദ്ധയുടെ ശ്വാസം

കിട്ടാഞ്ഞിട്ടുള്ള ബുദ്ധിമുട്ടുകളെ വിശദീകരിക്കാൻ പര്യാപ്തമാണ്. എന്നാൽ അത്രയേറെ അവശയായ ആ കഥാപാത്രത്തിന്റെ അവസാനത്തെ ആഗ്രഹം, ജീവിച്ചിരുന്നപ്പോൾ അവരുണ്ടാക്കിയ ഇമേജുമായി യോജിക്കുന്നില്ല എന്ന് മനസ്സിലാക്കി കുടുംബാംഗങ്ങൾ ക്രൂരമായി തള്ളിക്കളയുന്നു. വ്യക്ത, ഒരു ബിംബമായി മാറ്റപ്പെടുമ്പോൾ നഷ്ടമാകുന്ന മനുഷ്യത്വത്തിൽ കഥ ഊന്നുന്നു. ഇവിടെ രോഗം നഷ്ടങ്ങളെ ഓർമ്മിപ്പിക്കാനുള്ള ഒരു ആയുധമായി പ്രയോഗിക്കപ്പെട്ടിരിക്കുന്നു. ആശുപത്രിയിൽ പ്രവേശിപ്പിച്ചപ്പോഴാണ് തലകറക്കത്തിന്റെ രഹസ്യം എല്ലാവർക്കും പിടികിട്ടിയത്. "സുഭദ്രമ്മയുടെ തലച്ചോറിൽ ഒരു മാംസപിണ്ഡം അള്ളിപ്പിടിച്ചു വളർന്നുവരികയാണ്. കഴിയുന്നതും വേഗം അത് ശസ്ത്രക്രിയ ചെയ്ത് മുറിച്ചു മാറ്റണം. ഇല്ലെങ്കിൽ കണ്ണിന്റെ കാഴ്ചകൂടി സുഭദ്രമ്മയ്ക്ക് നഷ്ടപ്പെടും"(മാധവിക്കുട്ടി,2004:94) എന്നതായിരുന്നു 'സുഭദ്രാമ്മ' എന്ന കഥയിലെ നായികയുടെ അവസ്ഥ."തലകറക്കം ഉണ്ടാകും മുൻപുതന്നെ ചുറ്റും നിൽക്കുന്നവരുടെ രൂപങ്ങൾ ഒരു മൂടൽമഞ്ഞിൽ മറയുന്നതു പോലെ സുഭദ്രമ്മയ്ക്ക് തോന്നിയിരുന്നു. തനിക്ക് ചുറ്റും ഒരു പുകപടലം" (മാധവിക്കുട്ടി,2004:95) എന്നും പറയുന്നു. ഇതിൽ രോഗിക്കുണ്ടായ അസ്വസ്ഥത വ്യക്തമാണ്. ഓരോ അസുഖവും ചില മുന്നറിയിപ്പുകൾ ശരീരത്തിനു നൽകാറുണ്ട്. "ഇല്ല നീരില്ല കാലിലും നീരില്ല മുഖത്തും നീരില്ല മൂത്രത്തിനുള്ള തടസ്സം മാറിയിരിക്കണം"(മാധവിക്കുട്ടി,2017:149) എന്ന് മൂത്രതടസ്സം ബാധിച്ച സ്ത്രീയെക്കുറിച്ചുള്ള അഭിപ്രായം രോഗസൂചനയിലേക്ക് വിരൽചൂണ്ടുന്നു. അത്തരം സൂചനകൾ അവഗണിക്കുന്നതാണ് രോഗം ഗുരുതരമാകാൻ കാരണമെന്ന സൂചന നൽകുന്നതിനൊപ്പം അവരോടുള്ള വേണ്ടപ്പെട്ടവരുടെ ഇടപെടലുകളും കഥാകാരി പ്രശ്നവത്കരിക്കുന്നു.

'മീനാക്ഷിയേടത്തി' എന്ന കഥയിലെ മീനാക്ഷിക്ക് കുറച്ചുനാൾ വിശപ്പില്ലായ്മയും ക്ഷീണവും വയറ്റിൽ വേദനയും ഉണ്ടായിരുന്നു. എന്നാൽ അതെല്ലാം സാധാരണ ഉണ്ടാകാറുള്ളതാണെന്ന മട്ടിൽ അവഗണിച്ചു. വയർവേദന അസഹ്യമായപ്പോൾ മറ്റുള്ളവരോട് പറയുന്നെങ്കിലും വയറിനു പിടിക്കാത്തത് എന്തെങ്കിലും കഴിച്ചതുകൊണ്ടാവാമെന്ന പഴിയായിരുന്നു മറുപടി. എന്തുകഴിച്ചാലും ഛർദ്ദിക്കുന്നത്ര ഗുരുതരമായി ചോര ഛർദ്ദിച്ചപ്പോൾ മാത്രമാണ് ഡോക്ടറിനെ വിളിച്ചുവരുത്തി പരിശോധന നടത്തുന്നത്. ഒരുകുത്തിവെപ്പ് നടത്തിയിട്ട് ഡോക്ടർ പോയി. നാലുദിവസം കഴിഞ്ഞപ്പോഴേക്കും അവരുടെ ബോധം നഷ്ടപ്പെട്ടു. രണ്ടാമത് സന്ദർശിച്ചപ്പോൾ ഡോക്ടർ പറഞ്ഞു:"അവർക്ക് കാൻസറാണ് എന്നു തോന്നുന്നു.. ഞാൻ മോർഫിൻ കൊടുക്കുന്നുണ്ട്, വേദന ശമിക്കാൻ. പക്ഷേ മദിരാശിക്കോ മറ്റോ കൊണ്ടുപോയി നോക്കുകയാണ് നല്ലത്"(മാധവിക്കുട്ടി,2004:164). എന്നാൽ ചികിത്സയ്ക്കായി പണം ചെലവാക്കാൻ മടി കാണിക്കുകയും രോഗി മരിച്ചുപോവുകയും ചെയ്യുന്നു. ഇവിടെ രോഗവും ചികിത്സ വൈകാനുള്ള കാരണവും മനുഷ്യമനസ്സിന്റെ നിഗൂഢതകളിലേക്ക് ഇറങ്ങിച്ചെല്ലാൻ പ്രേരിപ്പിക്കുന്നു.

'പക്ഷിയുടെ മണം' എന്ന കഥയിൽ പഴുപ്പ് ബാധിച്ച കാലിൽ പുഴുവരിച്ചു തുടങ്ങിയ ഒരു സ്ത്രീയെ ചിത്രീകരിക്കുന്നുണ്ട്. 'പെട്ടെന്ന് തളർച്ച ബാധിച്ച പ്രമേഹരോഗിയെക്കുറിച്ചും പറയുന്നു.'(മാധവിക്കുട്ടി, 2007:93)'ചന്ദനമരങ്ങൾ' എന്ന കഥയിൽ ഒരു കാലിന്റെ പെരുവിരൽ മുറിച്ചു കളഞ്ഞിരുന്നു. പക്ഷേ മറ്റേ കാലിലും പഴുപ്പ് തുടങ്ങിയിരിക്കുന്നുവെന്ന് അവർ ആവലാതിപ്പെടുന്ന(മാധവിക്കുട്ടി,2004:125) ഒരു കഥാപാത്രമുണ്ട്. പ്രമേഹരോഗികളുടെ ഉച്ഛ്വാസത്തിനും വിയർപ്പിനും പഴുത്ത ഗന്ധമാണ്. മധുരമെങ്കിലും മനം മടുപ്പിക്കുന്ന ഗന്ധം(മാധവി

ക്കുട്ടി,2004:121) എന്നും പറയുന്നുണ്ട്. നിയന്ത്രണാതീതമായിക്കഴിഞ്ഞാൽ അസ്വസ്ഥജനകമാകുന്ന രോഗാവ സ്ഥയാണ് പ്രമേഹം. രോഗിയെ അത് നിസ്സഹായരും ഭയചകിതരും ആക്കിത്തീർക്കുന്നതിനൊപ്പം പ്രിയപ്പെട്ടവരെ മടുപ്പിക്കുക കൂടി ചെയ്യുന്നു എന്ന യാഥാർത്ഥത്തിലേക്ക് കഥയുടെ കണ്ണ് തുറന്നു വെച്ചിരിക്കുന്നു.

'നെയ്പ്പായസം' എന്ന കഥയിലെ വീട്ടമ്മയായ സ്ത്രീ ഇപ്രകാരമാണ് മരിക്കുന്നത്'വായ അല്പം തുറന്ന്, നിലത്തു ചെരിഞ്ഞു കിടക്കുന്നു. തല തിരിഞ്ഞുവീണതായിരിക്കുമെന്ന് വിചാരിച്ചു. പക്ഷേ, ഹോസ്പിറ്റലിൽ വച്ചു ഡോക്ടർ പറഞ്ഞു: ഹൃദയസ്തംഭനമാണ്. മരിച്ചിട്ട് ഒന്നര മണിക്കൂറായി'(മാധവിക്കുട്ടി,2012:65) ഇങ്ങനെ രോഗം പെട്ടെന്ന് പടിയിറക്കിക്കൊണ്ടുപോകുന്ന ജീവിതങ്ങൾ, അവരെ ആശ്രയിച്ച് ജീവിക്കുന്നവരിലുണ്ടാക്കുന്ന സ്തംഭനാവസ്ഥയും അതിജീവനശ്രമങ്ങളും കഥയിൽ നിറച്ചുവെയ്ക്കുന്ന കഥാകാരി വായനക്കാരന്റെ മനസ്സിലും ആശങ്കയുടെ വിത്തുകൾ പാകുക തന്നെചെയ്യും.

**സ്ത്രീസംബന്ധിയായ രോഗങ്ങൾ**

സ്ത്രീശരീരത്തിന്റെ ജൈവധർമ്മങ്ങൾ സങ്കീർണ്ണമായതുകൊണ്ട് അതിന്റെ ഭാഗമായി സ്ത്രീകൾക്ക് മാത്രമുണ്ടാകുന്ന രോഗാവസ്ഥകളുണ്ട്. അത്തരം രോഗാവസ്ഥയെക്കുറിച്ചുള്ള വിശദമായ സൂചനകൾ മാധവിക്കുട്ടിയുടെ രചനകളിൽ കടന്നുവരുന്നുണ്ട്. ഗർഭവും പ്രസവവും രോഗമായി കണക്കാക്കേണ്ടതില്ലെങ്കിലും ഗർഭം അലസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട സങ്കീർണ്ണതകൾ അമിതരക്ത സ്രാവമെന്ന രോഗാവസ്ഥയ്ക്ക് കാരണമാകും. വിശപ്പില്ലായ്മയും ക്ഷീണവും തളർച്ചയും ഛർദ്ദിയും ഗർഭാലസ്യമാണെന്ന് തിരിച്ചറിയാൻ വൈകിയതുകൊണ്ട് അശാസ്ത്രീയ ചികിത്സയിലൂടെ ജീവൻ നഷ്ടമായ സീത എന്ന കഥാപാത്രത്തെ 'രുഗ്മിണിക്കൊരു പാവക്കുട്ടി' എന്ന കഥയിൽ

അവതരിപ്പിച്ചിട്ടുണ്ട്. "അറ്റം കൂർപ്പിച്ച ഒരു കമ്പും ഏതോ ചില പച്ചില അരച്ചെടുത്ത ഒരു ഉരുളയുമായി"(മാധവിക്കുട്ടി,2004:71)ഗർഭം അലസി പ്പിക്കാൻ പോകുന്ന സ്ത്രീ, വായനക്കാരെ ഭയപ്പെടുത്തുകതന്നെ ചെയ്യും. വേശ്യാവൃത്തിക്ക് ഉപയോഗിച്ചിരുന്ന, പ്രായപൂർത്തിയാകാത്ത പെൺകുട്ടി ആയതിനാൽ രക്തസ്രാവം നിലയ്ക്കാതാകുമ്പോഴും സീതയെ ആശുപത്രിയിൽ കൊണ്ടുപോകാൻ ബന്ധപ്പെട്ടവർ ഭയന്നു; ഏറെ വൈകാതെ അവൾ മരിക്കുകയും ചെയ്യുന്നു. 'ചന്ദനമരങ്ങൾ' എന്ന കഥയിൽ ഗർഭഛിദ്രം നടത്താൻ ഡോക്ടർ വിസമ്മതിച്ചതിനെ തുടർന്ന് അശാസ്ത്രീയമായ മാർഗ്ഗംതേടി അമിത രക്തസ്രാവമുണ്ടായ കല്യാണിക്കുട്ടി (മാധവിക്കുട്ടി,2004:110) എന്ന കഥാപാത്രത്തെ കാണാം. രണ്ട് സാഹചര്യങ്ങളിലും രോഗിയായിത്തീരുന്ന സ്ത്രീകൾ നിസ്സഹാ യരാണ്. ആ നിസ്സഹായതയെ വരച്ചിടുന്ന രോഗമായി അമിതരക്ത സ്രാവം മാറുകയും ചെയ്തിരിക്കുന്നു. പോസ്റ്റ് പാർട്ടം ഡിപ്രഷൻ എന്ന പ്രസവാനന്തര രോഗാവസ്ഥയെക്കുറിച്ച് മാധവിക്കുട്ടിക്ക് ശാസ്ത്രീ യമായ അറിവില്ലെങ്കിൽക്കൂടി ആ രോഗാവസ്ഥയിലൂടെ കടന്നു പോകുന്ന ഒരു സ്ത്രീയുടെ അനുഭവങ്ങൾ ആവിഷ്കരിക്കുന്ന കഥയാണ് 'കാളവണ്ടികൾ'. "ലില്ലിക്ക് അല്പം വിശ്രമം വേണമെന്ന് എനിക്ക് തോന്നുന്നു. അവളുടെ ദേഹം പിന്നെപ്പിന്നെ മെലിയുകയാണ്. മാത്രമല്ല,എപ്പോഴും കരച്ചിൽ തന്നെ. ഞാൻ ജോലി കഴിഞ്ഞു മടങ്ങി വരുമ്പോൾ അവൾക്കെന്തെങ്കിലും ആവലാതി ഉണ്ടാകും. ഞാൻ എപ്പോഴും അവളുടെ കണ്ണിൽ തെറ്റുകാരനാണ്. അവളെ സ്നേഹി ക്കുന്നില്ല. കുട്ടിയെപ്പോലും സ്നേഹിക്കുന്നില്ല എന്നൊക്കെ പറഞ്ഞു കരഞ്ഞു തുടങ്ങും. എന്റെ ക്ഷമ അവസാനിച്ചു തുടങ്ങി. ഇതൊക്കെ ഞാൻ അച്ഛന് എഴുതുന്നത് എനിക്ക് എന്താണ് ചെയ്യേണ്ടത് എന്നറി യാതെയാണ്... കുറച്ചു ദിവസത്തിന് അവളെ അവളുടെ അമ്മയുടെ

അടുത്തേക്ക് അയച്ചാലോ എന്നു ഞാൻ വിചാരിക്കുന്നു. പ്രസവത്തിനു ശേഷം അവളുടെ ഞരമ്പുകൾ ആകെ കേടുവന്നിരിക്കുന്നു" (മാധവിക്കുട്ടി,2017:39) എന്നിങ്ങനെ മരുമകൻ അമ്മായിയച്ഛന് അയക്കുന്ന കത്തിലുള്ള സൂചനകളിൽനിന്നുതന്നെ ആ സ്ത്രീയുടെ അസുഖാവസ്ഥ വ്യക്തമാണ്. എന്നാൽ അതൊരു അസുഖമാണെന്ന് തിരിച്ചറിയാതെ പോകുന്നതിന്റെ നിസ്സഹായതയും ധ്വനിക്കുന്നു.

**വാർദ്ധക്യസഹജമായ അസുഖങ്ങൾ**

പ്രശ്നങ്ങളെ സ്വയമറിയുന്ന ഒരു പുരുഷകഥാപാത്രത്തിന്റെ തിരിച്ചറിവായും അയാളിലെ വാർദ്ധക്യസംബന്ധിയായ മാറ്റങ്ങളെ വിലയിരുത്തുന്ന ഭാര്യയുടെ അഭിപ്രായമായും 'ചന്ദനമരങ്ങൾ' എന്ന കഥയിൽ വാർദ്ധക്യത്തിന്റെ അനാരോഗ്യം/രോഗാവസ്ഥകൾ മാധവിക്കുട്ടി സൂക്ഷ്മമായി അവതരിപ്പിച്ചിട്ടുണ്ട്. 21 വയസ്സ് പ്രായവ്യത്യാസമുള്ള ഒരാളെയാണ് ഷീല വിവാഹം കഴിക്കുന്നത്. അയാൾ വൃദ്ധനാകുന്നതോടുകൂടി അവൾക്ക് അയാളോടൊത്തുള്ള ജീവിതം അസഹ്യമാകുന്നതിനെക്കുറിച്ച് വിവരിക്കുമ്പോൾ അവൾ വെറുക്കുന്നത് ആ വ്യക്തിയെ എന്നതിലുപരി വാർദ്ധക്യത്തിന്റെ ലക്ഷണങ്ങളെക്കൂടിയാണ്."ഒരേ കട്ടിലിൽ അടുത്തടുത്ത് ശയിച്ച് അന്യോന്യം വിയർപ്പുഗന്ധം കൈമാറുക, സൂര്യോദയത്തിൽ കക്കൂസിൽ വെള്ളമൊഴിക്കുവാൻ മറന്ന ഇണയുടെ അമേദ്യം ദർശിക്കുക, അനുഗ്രഹിക്കാൻ വേണ്ടി മാത്രം നിർമ്മിക്കപ്പെട്ടവയെന്ന് തോന്നിക്കുന്ന മനോഹരാംഗുലികളാൽ സ്വയംഭോഗം നടത്തുന്നത് നോക്കിക്കണ്ട് അതിന്റെ താളം ശ്രദ്ധിച്ചുകൊണ്ട് നിദ്രാഭിനയംനടത്തുക..മറ്റൊരാളുടെ വായിൽനിന്ന് ഒഴുകുന്ന കൊഴുത്ത ദ്രാവകം എന്റെ വായിന്ന് ആവശ്യമില്ല. ജോലിചെയ്ത് തളർന്ന എന്റെ ശരീരത്തിന് കാമത്തിന്റെ വികൃതഭാരം സഹിക്കാനാവില്ല" (മാധവിക്കുട്ടി,2004:116) ഇങ്ങനെ

സ്വകാര്യതകളിലെ അസ്വസ്ഥതകൾ ഷീലയുടെ വാക്കുകളിലൂടെ പുറത്തുവരുന്നു. യൗവനം കൈവിട്ട പുരുഷൻമാർ നാണമില്ലാത്തവ രാകുന്നു എന്ന് അവരുടെ ഭാര്യമാർ ആവലാതിപ്പെടാറുണ്ട്. "സ്ത്രീകൾക്ക് ആ പ്രായത്തിൽ നാണം വർദ്ധിക്കും. തങ്ങളുടെ ശരീരത്തിന്റെ അഭംഗികൾ വർദ്ധിച്ചു വരുന്നതോടെ അതിനെ പ്രദർശി പ്പിക്കാൻ അവർ മടി കാണിക്കും. എന്നാൽ തുന്നൽ വിട്ട് അയഞ്ഞു കഴിഞ്ഞ ഗുഹ്യാവയവങ്ങൾ വൃദ്ധർ അബദ്ധത്തിലെന്നപോലെ പ്രദർശിപ്പിക്കുന്നത് സാധാരണയാണ്. അത്തരം വികൃതദൃശ്യങ്ങൾ സ്ത്രീയിലുളവാക്കുന്ന മടുപ്പ് അവർക്കറിയില്ല. അദ്ദേഹം തന്റെ കൗപീനവുമഴിച്ച്, ചീഞ്ഞ പാവയ്ക്കയുടെ രൂപത്തിലുള്ള പുരുഷചിഹ്നം ഒരു പെൻഡുലം പോലെ മെല്ലെയിളകുമാറ് എന്റെ മുറിയിൽ ഉലാത്തി"(മാധവിക്കുട്ടി,2004:119)എന്നും ഡോക്ടർ ഷീല തന്റെ വൃദ്ധനായ പങ്കാളിയെക്കുറിച്ച് അഭിപ്രായ രൂപീകരണം നടത്തുന്നു. അയാളുടെ കാലുകളിൽ  വാരിക്കോസ് ഞരമ്പുകൾ പ്ലാവിന്റെ വേരുകൾ പോലെ വീർത്തും കട്ടപിണഞ്ഞും കാണപ്പെട്ടതും (മാധവി ക്കുട്ടി,2004:121)അവരെ അസ്വസ്ഥയാക്കിയിരുന്നു.

"എന്റെ പ്രായക്കാർക്ക് ഉറക്കമൊഴിക്കാൻ പ്രയാസമാണ്" (മാധ വിക്കുട്ടി,2004:118), തന്റെ ഫലിതപ്രയോഗത്തിൽ താൻ മാത്രമേ ചിരിക്കൂ എന്നറിഞ്ഞിട്ടും ഉറക്കെയുറക്കെ ചിരിച്ചു (മാധവിക്കുട്ടി,2004:119), ചിരിക്കുമ്പോൾ വായിലെ വികൃതദന്തങ്ങൾ തെളിഞ്ഞു. ചുവന്നും പൊട്ടിയും വികൃതങ്ങളായ ദന്തങ്ങൾ(മാധവിക്കുട്ടി,2004:120), മൂടൽ വീണ കണ്ണുകൾ(മാധവിക്കുട്ടി,2004:122),നരച്ച രോമങ്ങൾ (മാധവി ക്കുട്ടി,2004:132) ഇങ്ങനെ താൻ ഒരു വൃദ്ധനായിക്കഴിഞ്ഞു എന്ന് അയാൾ സ്വയം മനസ്സിലാക്കുന്നുമുണ്ട്. തന്റെ പങ്കാളിക്ക് മറ്റൊരാളുമായി ബന്ധം ഉണ്ടാകുന്നതിനെ പോലും പക്വതയോടുകൂടി സമീപിക്കാൻ

കഴിയുന്നത്ര വൃദ്ധനായി അയാൾ മാറിയിരുന്നു. പുച്ഛത്തിന്റെയും കുറ്റപ്പെടുത്തലുകളുടെയും സ്വരം അയാൾക്ക് എന്നെന്നേയ്ക്കുമായി നഷ്ടമാവുകയും ചെയ്തു.

വൃദ്ധയായ സ്ത്രീയുടെ അവസ്ഥയും മാധവിക്കുട്ടി സൂക്ഷ്മ ഭാവത്തിൽ വിവരിക്കുന്നുണ്ട്. 'ചാലിയത്തി കുഞ്ഞുവും മകനും' എന്ന കഥയിലാണത്. വൃദ്ധയായചാലിയത്തിക്ക് തിമിരമുണ്ട്.''മങ്ങിയ കണ്ണുകൾ കൊണ്ട് ചുറ്റും നോക്കി. പുറത്തെ വെളിച്ചം മാഞ്ഞു കഴിഞ്ഞിരിക്കണം...ഇല്ലെങ്കിൽ പെട്ടെന്ന് തന്റെ കണ്ണുകളിലേക്ക് വീഴുന്ന മൂടൽ എത്തിയിരിക്കണം. അങ്ങനെയാണെങ്കിൽ കുറച്ചുനേരം കഴിയുമ്പോഴേക്കും കണ്ണുകൾ തെളിയും. വീണ്ടും തന്റെ അടുത്തുള്ള സാധനങ്ങളെയൊക്കെ ഏതാണ്ട് തിരിച്ചറിയാറാവും''(മാധവിക്കുട്ടി,2004:97).''രാത്രിയിൽ പലതവണ.. കാലിന്റെ മാംസപേശികൾ മേലോട്ട് ഉരുണ്ടു കയറുക ഒരുപതിവായിരുന്നു. ഉണരുമ്പോൾ ഉറക്കെ നിലവിളിച്ചുകൊണ്ട് അവർ തന്റെ കാലുകളെ ശക്തിയായി തിരുമ്മി'' (മാധവിക്കുട്ടി,2004:145). ''പൂർണ്ണമായും മക്കളെ ആശ്രയിച്ച് ജീവിക്കുന്നു എന്നോർക്കുമ്പോൾ ഉള്ള അപകർഷത ഇല്ലാതാക്കാൻ തന്നാലാകുന്ന ജോലികൾക്ക് മുതിരുന്നു. ഉച്ചയ്ക്ക് പുല്ല് പറിക്കാനിറങ്ങിയിട്ട് നേരം സന്ധ്യയായിട്ടും തീരാത്തതുകണ്ട് അകത്ത് കയറാൻ നിർദ്ദേശിക്കുന്ന മരുമകളോട് വൈകുന്നേരം പതിവുള്ള ചായ തരാഞ്ഞതെന്ത്? എന്ന് വൃദ്ധചോദിക്കുന്നു. കുടിച്ചത് മറന്നുവോ? എന്ന് അവൾ ചോദിക്കുമ്പോൾ ഇയ്ക്ക് അശേഷം ഓർമ്മല്ല്യ''(മാധവിക്കുട്ടി,2004:146) എന്ന് അവർ പറയുന്നു. ഓർമ്മക്കുറവ് ഗുരുതരമായ രീതിയിൽ അവരെ ബാധിച്ചുതുടങ്ങി എന്നർത്ഥം. അതേ സമയം പഴയകാര്യങ്ങൾ നല്ലതുപോലെ ഓർമ്മയിൽ വരികയും ചെയ്യും. വീണ്ടും ചായ തരട്ടെ എന്ന് ചോദിക്കുമ്പോൾ ഉറക്കക്കുറവ് ഉണ്ടാകുമെന്ന് പറയുന്നു.

കുനിഞ്ഞ് കുനിഞ്ഞാണ് അവരുടെ നടത്തം. കാഴ്ചപ്രശ്നം ഉള്ളതുകൊണ്ട് ചവിട്ടുപടിയിൽത്തട്ടി തള്ളവിരൽ മുറിഞ്ഞു. കൊച്ചു മക്കളുടെ കാര്യത്തിൽ അമിതമായ ആശങ്കയും മരുമകൾ വന്നു മകനെ തന്നിൽനിന്ന് അകറ്റി എന്ന പരാതിയും സ്ഥിരം പല്ലവിയാണ്. പരമ്പ രാഗത ചിട്ടകൾ കൊച്ചുമക്കളെ പഠിപ്പിക്കണമെന്നും അതനുസരിച്ചു മാത്രം അവർ ജീവിക്കാവൂ എന്നുമുള്ള വാശിയും പ്രകടിപ്പിക്കുന്നുണ്ട്.

'സുന്ദരിയായ മകൾ' എന്ന കഥയിലെ കഥാപാത്രവും തന്നെ ക്കൊണ്ട് 'ഇനിയർക്കും ഉപകാരം ഉണ്ടാവില്ല' (മാധവിക്കുട്ടി,2004:97) എന്ന തോന്നലിൽ പരുക്കൻ സ്വഭാവം കാണിക്കുന്നുണ്ട്. രോഗം മനുഷ്യജീവിത സ്ഥിതമാണ്; അനിവാര്യവും. ക്രൗര്യമായും കാരുണ്യമായും സഹതാപമായും അനുതാപമായും ഒക്കെ അതിനെ സമീപിക്കുന്നവരാണ് അതിന്റെ കാഠിന്യത്തെ നിർവ്വചിക്കുമ്പോൾ നിർണ്ണായകമായിരിക്കുക. സാമ്പത്തികം, സാമൂഹികം, സാംസ്കാരികം എന്നിങ്ങനെ പലതുകൊണ്ടും അസുഖം ചികിത്സിക്കപ്പെടുന്നതി നെക്കുറിച്ച് പറയുന്ന കഥാകാരി ആത്യന്തികമായി ചികിത്സ അർഹി ക്കുന്നത് സമൂഹമനസ്സിനാണെന്ന് കണ്ടെത്തുന്നു. രോഗമല്ല, രോഗ ത്തോടും രോഗിയോടുമുള്ള കാഴ്ചപ്പാടാണ് പലപ്പോഴും പ്രശ്നനിർഭരമാകുന്നത്. അതുകൊണ്ടാണ് രോഗങ്ങളെ മനുഷ്യ മനസ്സിന്റെ ഇരുണ്ട അറകൾ തുറക്കാനുള്ള താക്കോൽക്കൂട്ടമായി കഥാകാരി തന്റെ കഥകളിൽ ഉപയോഗിക്കുന്നത്.

**സഹായകഗ്രന്ഥങ്ങൾ**

1. ഇക്ബാൽ ബി., *എഴുത്തിന്റെ വൈദ്യശാസ്ത്രവായന*, ഗ്രീൻ ബുക്സ്, തൃശ്ശൂർ: 2016.
2. മാധവിക്കുട്ടി,*മാധവിക്കുട്ടിയുടെ സ്ത്രീകൾ,* മാതൃഭൂമി ബുക്സ്, കോഴിക്കോട് : 2004.

3. മാധവിക്കുട്ടി, *എന്റെ പ്രിയപ്പെട്ട കഥകൾ*, ഡി.സി.ബുക്സ്, കോട്ടയം: 2012.

4. മാധവിക്കുട്ടി, *മലയാളത്തിന്റെ സുവർണ്ണകഥകൾ*, ഗ്രീൻ ബുക്സ്, തൃശ്ശൂർ : 2017.

5. രാജകൃഷ്ണൻ വി., *ചെറുകഥയുടെ ഛന്ദസ്സ്*, മാതൃഭൂമി ബുക്സ്, കോഴിക്കോട്:2008.

# എതിർപ്പിന്റെ പ്രത്യയശാസ്ത്രം

**ഡോ.ജെസ്സി അലക്സാണ്ടർ**

സ്ത്രൈണാനുഭവങ്ങളുടെ വിവിധവർണ്ണങ്ങളെ മലയാള സാഹിത്യലോകത്ത് സാക്ഷാത്കരിച്ച എഴുത്തുകാരിയാണ് മാധവിക്കുട്ടി. സ്ത്രീ-പുരുഷബന്ധത്തിന്റെ സവിശേഷവും ഭിന്നവുമായ തലങ്ങളും സ്നേഹം തേടിയലയുന്ന സ്ത്രീയവസ്ഥയും സ്നേഹരാഹിത്യത്തിന്റെ ജീവിതാനുഭവങ്ങളും സവിശേഷമായ ഭാഷാ - ആഖ്യാനങ്ങളിലൂടെ മാധവിക്കുട്ടി മലയാളസാഹിത്യത്തിൽ അവതരിപ്പിച്ചു. അനുഭവത്തിന്റെ തീക്ഷ്ണത പരുവപ്പെടുത്തിയ സംവേദനമാണ് മാധവിക്കുട്ടിയുടെ എഴുത്തുലോകത്തേക്ക് എല്ലാ കാലത്തേയും വായനക്കാരെ ആകർഷിച്ചത്. ഭാഷയുടെ ലാവണ്യത്തിൽ അഭിരമിച്ചിരുന്ന എഴുത്തുകാരിൽനിന്ന് വ്യത്യസ്തമായി അനുഭവത്തിന്റെ തീക്ഷ്ണതലം, മനുഷ്യാവസ്ഥയുടെ അഗാധതലം, സ്ത്രീത്വത്തിന്റെ സൂക്ഷ്മതലം ആവിഷ്ക്കരിക്കുന്നതിലൂടെ അവർ ഭാഷയിൽ ഒരു പുതിയ ലോകം തുറന്നിട്ടു (ഏബ്രഹാം, 2009 : 5). സൗന്ദര്യത്തിന്റെയും സർഗ്ഗാത്മകതയുടെയും സ്വാതന്ത്ര്യത്തിന്റെയും കലാപത്തിന്റെയും പ്രതിധ്വനികളാണ് പൊതുവെ മാധവിക്കുട്ടിയുടെ സാഹിത്യരചനകൾ. വ്യവസ്ഥാപിത ചിന്തകളെയും സ്ഥാപനവത്ക്കരിക്കപ്പെട്ട സൗന്ദര്യചിന്തയേയും പിന്തള്ളി എഴുത്തിലെ (ഭാഷയിലെയും ആഖ്യാനത്തിലെയും അനുഭവത്തിലെയും) കലാപത്തിലൂടെ പുതിയൊരു സൗന്ദര്യബോധത്തെയും സർഗ്ഗാത്മകതയെയും അവർ രൂപപ്പെടുത്തി. വ്യവസ്ഥാപിതമായ എല്ലാ സ്ഥാപനങ്ങളോടും കലഹിക്കുന്ന ഒരു ധൈഷണികബോധം മാധവി

കണ്ണൂർ സർവ്വകലാശാല
മലയാളവിഭാഗം റിസർച്ച് ജേണൽ

ക്കുട്ടിക്കുണ്ടായിരുന്നു. ഈ കലാപമാണ് അവരുടെ സാഹിത്യരചന യുടെ പ്രഭവസ്ഥാനം (ഏബ്രഹാം, 2009 : 6). മാധവിക്കുട്ടി എന്നും ഒരു കലാപകാരിയായിരുന്നു. എന്റെ കഥയിൽ മാത്രമല്ല, എല്ലാ കഥകളിലും അവർ കലാപം കൂട്ടി. പൊയ്മുഖങ്ങൾക്കും മുഖം മൂടികൾക്കും നുണ കൾക്കും എതിരെ അവർ കലാപം കൂട്ടി. സമ്പന്നന്റെ സംസ്കാര ശൂന്യ തയോടും സംസ്കാരത്തിന്റെ പൊള്ളത്തരത്തോടും ജ്ഞാനിയുടെ സ്നേഹശൂന്യമായ അച്ചടക്കത്തോടും എന്തിന് മനുഷ്യാവസ്ഥയോടും വിധിയോടും തന്നെ അവർ കലഹിച്ചു(കളർകോട് വാസുദേവൻ നായർ, 2009 : 255). നിലനിൽക്കുന്ന സാമൂഹികഘടനയ്ക്കും മൂല്യബോധ ത്തിനും പരിപൂർണ്ണമായും വഴങ്ങാതെ എതിർദിശയിൽ സഞ്ചരിക്കാൻ സ്വയം ശീലിക്കുകയും തന്റെ തലമുറയെയും തനിക്ക് ശേഷം വന്നവ രെയും ശീലിപ്പിക്കുകയും ചെയ്ത മാധവിക്കുട്ടിയുടെ കഥാലോകത്തിൽ എതിർപ്പിന്റെയും കലഹത്തിന്റെയും കലാപത്തിന്റെയും ഉച്ചസ്ഥായി കളാണുള്ളത്. മതചിന്തയോടും പ്രായോഗിക പ്രണയ-ദാമ്പത്യങ്ങ ളോടും സദാചാരനിഷ്ഠമായ സമൂഹസങ്കല്പങ്ങളോടും കലഹം പ്രഖ്യാപിച്ച മാധവിക്കുട്ടി, സർവ്വസ്വതന്ത്രമായ പ്രണയ കാമനകളെ യാണ് തന്റെ കഥകളിലൂടെ സാക്ഷാത്കരിച്ചത്.

ഒരേ സമയം ഏകസ്വരവും ബഹുസ്വരവുമായ രചനകൾകൊണ്ട് സമ്പന്നമാണ് മാധവിക്കുട്ടിയുടെ കഥാലോകം. വിചിത്രമായ സ്ത്രീ - പുരുഷബന്ധങ്ങളും പ്രണയബന്ധങ്ങളും ഉടൽ ബന്ധങ്ങളും മാധവി ക്കുട്ടിയുടെ കഥാലോകത്ത് ധാരാളമായി കാണാം. ഉടലിന്റെ സന്തോ ഷങ്ങളോടും ആനന്ദങ്ങളോടുമൊപ്പം സ്ത്രീയായി സ്ത്രീത്വത്തിന്റെ എല്ലാ രാഗമോഹങ്ങളോടും തനിമയോടും കൂടി സ്നേഹിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമാണ് ബന്ധങ്ങളിലെല്ലാം സ്ത്രീ ആഗ്രഹിക്കു ന്നതെന്ന് അവരുടെ കഥാനായികമാർ സാക്ഷ്യപ്പെടുത്തുന്നു. സ്നേഹ

ബന്ധങ്ങൾക്ക് അതിർവരമ്പ് നിർണ്ണയിക്കുന്ന എല്ലാ സദാചാരവ്യവസ്ഥിതിയെയും തട്ടിത്തെറിപ്പിച്ച് സ്ത്രീ കാമനകളെ തുറന്നെഴുതുന്നിടത്ത് നിയമരാഹിത്യം, വ്യവസ്ഥാലംഘനം എന്നിവ ഒരു പ്രത്യയശാസ്ത്രമായി മാധവിക്കുട്ടിയുടെ എഴുത്തിൽ നിറയുന്നു. ശരീരകാമനകളെ ലൈംഗികത, സർഗാത്മകത, സൗന്ദര്യാസ്വാദനം ഇവയൊക്കെയുമായി ബന്ധപ്പെടുത്തി പുതിയൊരു പ്രത്യയശാസ്ത്രം നിർമ്മിക്കുകയാണ് മാധവിക്കുട്ടി (ഉഷാകുമാരി, 2017 : 37) സ്ത്രീ ശരീരത്തെയും സ്ത്രൈണകാമനകളെയും നിർണ്ണയിച്ചുവച്ചിട്ടുള്ള ലിഖിതവും അലിഖിതവുമായ അതിർവരമ്പുകളെ ഭേദിച്ച്  സ്വന്തം ശരീരത്തിലും കാമനകൾക്കും മേലുള്ള അധികാര സ്വാതന്ത്ര്യങ്ങൾ സ്ത്രീയ്ക്കു തന്നെയാണെന്ന് പ്രഖ്യാപിക്കുന്നിടത്ത് ഈ പ്രത്യയശാസ്ത്രബോധം അവരുടെ കഥകളിൽ ഉറപ്പിക്കപ്പെടുന്നു. സ്വന്തം ശരീരത്തിനുമേൽ സ്ത്രീക്കുള്ള വിനിമയാധികാരം, ആവിഷ്കാരസ്വാതന്ത്ര്യം, മേധ അവൾക്കുതന്നെ എന്ന് മാധവിക്കുട്ടിയുടെ കൃതികൾ സമൂഹത്തോട് ഉറക്കെ പറയുന്നു( ഉഷാകുമാരി 2017:38). സ്ത്രീകർതൃത്വത്തിന്റെ പ്രതിനിധാനങ്ങളായ 'ചതുരംഗം', 'തരിശുനിലം', 'ലോകം ഒരു കവയിത്രിയെ നിർമ്മിക്കുന്നു', 'പക്ഷിയുടെ മണം'എന്നീ കഥകളാണ് ഈ പ്രബന്ധത്തിൽ പഠനത്തിനായി സ്വീകരിച്ചിട്ടുള്ളത്.

വ്യവസ്ഥാപിത പ്രണയസങ്കല്പങ്ങളെ തിരുത്തിയെഴുതിക്കൊണ്ട് സ്ത്രീ -പുരുഷബന്ധത്തിലെ വ്യത്യസ്തതയെയാണ് ചതുരംഗം എന്ന കഥയിൽ അവതരിപ്പിക്കുന്നത്. പ്രണയത്തെയും ലൈംഗികതയെയും സംബന്ധിക്കുന്ന പുതിയ കാഴ്ചപ്പാടുകൾ കഥയിലുണ്ട്. യുവതിയും വിവാഹിതയും സുന്ദരിയുമായ അചലയ്ക്ക് വാർദ്ധക്യത്തിലെത്തിയ സൗന്ദര്യമൂർത്തിയോട് തോന്നുന്ന പ്രണയമാണ് കഥാതന്തു. മുഖത്ത് വാർദ്ധക്യത്തിന്റെ ചുളിവുകൾ വീണ, വരിതെറ്റി

മുന്നോട്ട് നിൽക്കുന്ന പല്ലുകൾകൊണ്ട് മുഖത്ത് വൈരൂപ്യം പ്രകടമാകുന്ന സൗമ്യമൂർത്തിയോട് തനിക്കുള്ള പ്രണയത്തിന്റെ സ്വഭാവം അചല ചിന്തിക്കുന്നുണ്ട്.

"ഞങ്ങളുടെ ബന്ധത്തെ അപഗ്രഥിക്കുവാനോ അതിന് ഒരു പേരിടുവാനോ ഞാൻ ഒരുങ്ങിയില്ല. ഒരുവിധത്തിൽ എന്റെ സ്നേഹം ലളിതവും കാട്ടാളജാതിക്കാരുടെ ഭക്തിയെന്നപോലെ ബാലിശവുമായിരുന്നു. അദ്ദേഹത്തെ എന്തുകൊണ്ടു സ്നേഹിക്കുന്നു എന്നു ഞാൻ എന്നോടു തന്നെ ചോദിക്കുവാൻ മുതിർന്നില്ല"(മാധവിക്കുട്ടി,2017:346).

ശരീരത്തിന്റെ ഒരുഭാഗം കൊണ്ടല്ല മറിച്ച് വേദനയും ബോധവും നിറച്ച് അർബുദമെന്ന പോലെ അയാളിൽ വളരാനുള്ള അദമ്യമായ പ്രണയവാഞ്ചയാണ് സൗന്ദര്യമൂർത്തിയോട് അചലയ്ക്കുള്ളത്. എന്നാൽ വിവാഹിതനും പിതാവും സമൂഹത്തിലും സമുദായത്തിലും ഉന്നത പദവിയുമുള്ള സൗമ്യമൂർത്തി പ്രണയത്തിന്റെ ഒരു ഘട്ടത്തിൽ സമൂഹ യാഥാർത്ഥ്യങ്ങളെക്കുറിച്ച് ബോധവാനാവുകയും പ്രണയത്തിൽ നിന്ന് പിന്തിരിഞ്ഞു നടക്കുകയും ചെയ്തു. അപ്പോഴും പ്രണയത്തിൽ നിന്നും സൗമ്യമൂർത്തിയെക്കുറിച്ചുള്ള ഓർമ്മകളിൽ നിന്നും പുറത്തുകടക്കാൻ അചലയ്ക്കാവുന്നില്ല.

" വളർച്ചയെത്തിക്കഴിഞ്ഞ എന്തോ ഒന്ന് എന്റെ ദുർബ്ബലമായ മറ്റേ വശത്തോട് ചോദിച്ചുകൊണ്ടിരിക്കുന്നു. ദു:ഖം മാത്രം സമ്മാനിക്കുന്ന ഈ മനുഷ്യനെ നീ എന്തുകൊണ്ട് സ്നേഹിക്കുന്നു"(മാധവിക്കുട്ടി,2017:349).സമൂഹബോധത്തിന്റെ പ്രതിനിധിയായ സൗമ്യമൂർത്തിയിൽ നിന്ന് ഭിന്നമാണ് പൂർണ്ണമായും പ്രണയത്തിനായി സമർപ്പിച്ച അചലയുടെ വ്യക്തിസത്ത.

" പക്ഷേ എനിക്കോ? എന്റെ പദവി മറ്റൊരാളെ തന്നെക്കാളധികം സ്നേഹിക്കാൻ ആദ്യമായി പഠിച്ച ഒരു മനുഷ്യന്റെ പാവപ്പെട്ട പദവി

മാത്രമാണ്. എനിക്ക് ചെറുപ്പമാണ്. ഈ പാപഭാരം ഒരു കൊടിക്കൂറ പോലെ ഞാനെടുക്കാം. ധൈര്യത്തോടെ, അഭിമാനത്തോടെ''(മാധവിക്കുട്ടി,2017:349).

വ്യവസ്ഥാപിത സമൂഹബോധ്യങ്ങളോട് പുറംതിരിഞ്ഞു നിൽക്കുന്ന സ്ത്രൈണസത്ത അചലയിൽ ദൃശ്യമാണ്. തന്റെ പ്രണയത്തെ പാപബോധത്തിനപ്പുറം സൗന്ദര്യാനുഭവമായി ദർശിക്കുന്ന അചല ദു:ഖങ്ങളെ കുടഞ്ഞുകളഞ്ഞ് പൊട്ടിച്ചിരിയോടെ, പുതിയൊരു സന്തോഷത്തോടെ പുറത്തേക്ക് വരുന്നിടത്താണ് കഥ അവസാനിക്കുന്നത്. ഭർത്താവിനോ മറ്റുള്ളവർക്കോ മനസ്സിലാക്കാൻ കഴിയാത്ത അചലയുടെ നിഗൂഢമായ ചിരി എല്ലാ സാമൂഹ്യവ്യവസ്ഥകളോടുമുള്ള പ്രതികരണമാണ്.

പ്രണയത്തിനും പരിഗണനയ്ക്കും വേണ്ടിയുള്ള ഉത്കടമായ വാഞ്ഛ ഒരു വശത്തും അസ്വസ്ഥ ദാമ്പത്യം സമ്മാനിച്ച ഏകാന്തജീവിതം മറുവശത്തുമായി അനുഭവിക്കുന്ന സ്ത്രീ കഥാപാത്രത്തിന്റെ മാനസിക വ്യാപാരങ്ങൾ പശ്ചാത്തലമാകുന്ന കഥയാണ് ലോകം ഒരു കവയിത്രിയെ നിർമ്മിക്കുന്നു. സമൂഹത്തിന്റെയും കുടുംബത്തിന്റെയും തന്റെ തന്നെയും പ്രതിനിധിയും പ്രതിരൂപവുമായി പലഭാവങ്ങളിലും രൂപങ്ങളിലും നിലനിൽക്കേണ്ടി വരുന്നിടത്ത് സ്ത്രീ അനുഭവിക്കുന്ന അന്തസംഘർഷങ്ങൾ കഥ ചിത്രീകരിക്കുന്നു. സമൂഹവും കുടുംബവും അതിന്റെ വ്യവസ്ഥകളുമായി നടത്തുന്ന ഒത്തുതീർപ്പുകളിൽ നിന്ന് പുറത്തു കടക്കാനും സ്നേഹത്തിന്റെ പുറംലോകങ്ങൾ തേടിയലയാനും സ്ത്രീയെ പ്രേരിപ്പിക്കുന്നതിന്റെ വ്യക്തമായ ചിത്രം കഥയിലുണ്ട്.

'' തന്റെ വലയിൽ തന്നെ കുടുങ്ങുന്ന ഒരു എട്ടുകാലിയെപ്പോലെ കാരണമില്ലാത്ത മരണത്തിൽ അവൾ ചെന്നു വീഴുകയായിരുന്നു ''(മാധവി

ക്കുട്ടി,2017:176) അകന്നകന്നുപോകുന്ന രണ്ട് ഗ്രഹങ്ങളാണ് തങ്ങളെന്നറിഞ്ഞിട്ടും പരസ്പരം അടുക്കാനോ അടുപ്പിക്കാനോ കഴിയാത്ത മനസ്സു വരാത്തവിധം രണ്ട് വ്യക്തികളായി മാറിയ ദാമ്പത്യബന്ധത്തിന്റെ വരൾച്ചയിൽ നിന്നാണ് സ്നേഹത്തിന്റെ പുറംപച്ചകൾ തേടി അവൾ അലയുന്നത്.

" അവൾ താൻ ഒരു വിവാഹിതയാണെന്നു മറന്നു. അയാൾ തന്റെ പശ്ചാത്തലവും മറന്നു. അവർ രണ്ടുപേരും തങ്ങളെ ചതിച്ച ജീവിതത്തോട് പ്രതികാരം ചെയ്യുന്ന മട്ടിൽ ചെയ്യാൻ പാടില്ലാത്ത തെല്ലാം ചെയ്തു"(മാധവിക്കുട്ടി,2017:177). വിവാഹം എന്ന വ്യവസ്ഥയുടെ അസംബന്ധങ്ങളാണ് അവളെ ഇത്തരം സ്നേഹബന്ധങ്ങളിൽ എത്തിച്ചത്. സ്നേഹബന്ധങ്ങൾക്കു പുറത്ത് ഉയരത്തിന്റെയും നിറത്തിന്റെയും ചേർച്ചയായി വിവാഹ ബന്ധങ്ങൾ രൂപപ്പെടുത്തുന്നതിന്റെ സമൂഹചിത്രം കഥയിലുണ്ട്.

" അവൾ വിവാഹം ചെയ്തത് സ്നേഹിക്കപ്പെടാൻ മാത്രമായിരുന്നു. അവളുടെ കുറ്റങ്ങളെയും ഗുണങ്ങളെയും എല്ലാം സ്നേഹിക്കുന്ന ഒരാളെ കണ്ടെത്തുവാൻ സ്ത്രീധനം അയാൾക്ക് ഇഷ്ടപ്പെട്ടു. അവളും തരക്കേടില്ലായിരുന്നു"(മാധവിക്കുട്ടി,2017:178).വിവാഹബന്ധത്തെക്കുറിച്ചുള്ള സ്ത്രീ പുരുഷ കാഴ്ചപ്പാടുകളിലെ ഭിന്നത, അസ്വസ്ഥദാമ്പത്യവും സ്ത്രീ വരുത്തുന്ന മാനസിക ഭാവങ്ങൾ കഥ പ്രശ്നവത്കരിക്കുന്നു.

" ജീവിതം താറുമാറായി കിടക്കുകയാണ്. പക്ഷേ, ചീർപ്പെടുത്തുകൊണ്ട് കെട്ടുകൾ അഴിക്കാനും ചീകി നേരെയാക്കാനും ഞാൻ ഒരുങ്ങുന്നില്ല. ഞാൻ പോവുമ്പോൾ, ഈ കെട്ടുകൾ ബാക്കിയാവും. ഈ മിനുപ്പില്ലാത്ത മുടിയിൽ പണ്ടെങ്ങോ ചൂടിയ മുല്ലപ്പൂക്കൾ കരിഞ്ഞു പറ്റിക്കിടക്കുന്നുണ്ടാവും"(മാധവിക്കുട്ടി,2017:185).വ്യവസ്ഥാപിത സമൂഹ

സങ്കല്പത്തിന്റെ ഒത്തുതീർപ്പുകൾക്കും സാമ്പ്രദായിക ജീവിത ബന്ധ ങ്ങളിലെ നീക്കു പോക്കുകൾക്കും പുറത്ത്, അലങ്കാരങ്ങൾ അഴിച്ചു വച്ച് നാട്യങ്ങളില്ലാതെ തികച്ചും സ്വതന്ത്രവും വ്യക്തിത്വവുമുള്ളവളായി തന്നെ നോക്കിക്കാണാനുള്ള സ്ത്രീസഹജമായ വാസന സ്വയംനിർമ്മി തിയിലേക്ക് കഥയെ എത്തിക്കുന്നു.

സ്നേഹമില്ലായ്മ പാഴ്നിലമാക്കിയ മനസ്സും ശരീരവും പേറുന്ന സ്ത്രീ പുരുഷന്മാരുടെ കഥയാണ് 'തരിശുനിലം'. സ്നേഹമില്ലായ്മക ളോടുള്ള നിരന്തരകലഹം ഒരു വശത്തും ഒഴിവാക്കലുകൾക്കും വഴി മാറി നടക്കലുകൾക്കും ഇടയിലും ഉള്ളിൽ പച്ചപിടിച്ചു നിൽക്കുന്ന പ്രണയാനുഭവത്തിന്റെ ആഴം മറുവശത്തുമായി പ്രണയത്തിന്റെ, ജീവി തത്തിന്റെ വിചിത്രമായ തത്വശാസ്ത്രം അവതരിപ്പിക്കുന്ന കഥയാണിത്. സമ്പന്നയും സുന്ദരിയും മറ്റൊരാളുടെ ഭാര്യയുമായ കഥാനായിക വർഷ ങ്ങൾക്ക് ശേഷം തന്റെ കാമുകനെ കാണാനാഗ്രഹിച്ച് കത്തയച്ചു വരു ത്തുന്നതും അവരുടെ സമാഗമവും ഓർമ്മകളുമാണ് കഥാപരിസരം. " എട്ടു കൊല്ലങ്ങൾക്കുശേഷം അവർ വീണ്ടും തമ്മിൽ കാണുകയായി രുന്നു. സ്നേഹിക്കുന്നവരുടെ നാട്യത്തിലല്ല, പക്ഷേ ഒരിക്കൽ സ്നേഹി ച്ചിരുന്നവരുടെ നാട്യത്തിൽ, അതുകൊണ്ട് കുറച്ചു നിമിഷങ്ങളോളം യാതൊന്നും പറയാതെ അന്യോന്യം നോക്കിനിൽക്കുവാൻ ആഗ്രഹ മുണ്ടായിരുന്നെങ്കിലും അവർ അതിനു ധൈര്യപ്പെടാതെ ആ മൗനത്തെ ചില്ലറ വാക്കുകൾകൊണ്ട് തകർത്തു"(മാധവിക്കുട്ടി,2017:381).

ഒരിക്കൽ സ്നേഹിച്ചിരുന്നവരുടെ നാട്യത്തിലാണെങ്കിലും തീവ്രപ്രണയത്തിന്റെ ഭിന്നാവസ്ഥകൾ സ്ത്രീയിലും പുരുഷനിലും പ്രക ടമാണ്. രണ്ടുപേരും വിവാഹിതരാണ്. വ്യത്യസ്തമായ സാഹചര്യ ങ്ങളിൽ ദാമ്പത്യജീവിതം നയിക്കുന്നവരാണ്. എങ്കിലും പ്രണയത്തിന്റെ പൂർവ്വാനുഭവങ്ങളാണ് അവരെ ഇപ്പോഴും നിലനിർത്തിപ്പോരുന്നതെന്ന്

വ്യക്തമാണ്. പരസ്പരം ബോധ്യപ്പെടുത്താൻ നാട്യങ്ങൾ നടത്തുമ്പോഴും അവരുടെ ചിന്തകളിലും പ്രവൃത്തികളിലും ഉള്ളിൽ ജീവസ്സുറ്റു നിൽക്കുന്ന പ്രണയത്തിന്റെ പ്രകടനമുണ്ട്. ''അവൾ ചിരിച്ചു. കരച്ചിലിന്റെ ഛായയുണ്ടായിരുന്നു അവളുടെ ചിരിക്ക്. അത് അയാൾ കണ്ടുവെങ്കിലും അയാളുടെ മുഖഭാവം മാറിയില്ല. ഞാൻ നന്നായി അഭിനയിക്കുന്നുണ്ട്. അവൾ തന്നത്താൻ പറഞ്ഞു. എന്റെ ഹൃദയത്തിന്റെ മൂടുപടങ്ങൾക്കുള്ളിലൂടെ അയാൾക്ക് ഒന്നും കാണാൻ കഴിയില്ല''(മാധവിക്കുട്ടി,2017:382)

'' അയാൾ എന്തു പറയാനാണ്? അവളുടെ നിസ്സാഹയതയേക്കാൾ, ഭയാനകമായ തന്റെ നിസ്സഹായതയെ മറച്ചുവച്ച് അവളെ സമാധാനിപ്പിക്കുവാൻ അയാൾക്ക് കഴിയുമോ? ആ ദിവസങ്ങൾ താൻ മറന്നിട്ടില്ലെന്ന് പറയാൻ കഴിയുമോ? ആ സ്നേഹത്തെ മറന്നു കഴിഞ്ഞാൽ പിന്നെ തനിക്ക് ഒരു നേട്ടമായി കരുതുവാൻ ഈ ജീവിതത്തിൽ ഒന്നുമില്ലെന്ന് പറയുകയോ? താൻ അവളോടുള്ള സ്നേഹം കൊണ്ടുമാത്രമാണ് അവളുടെ ജീവിതത്തിൽ നിന്ന് ഓടിപ്പോയത്. താൻ വിവാഹം ചെയ്ത സ്ത്രീയുടെ മുഖത്തു നോക്കുമ്പോഴും അവളെ ചുംബിക്കുമ്പോഴും എല്ലാം താൻ പണ്ട് സ്നേഹിച്ച മുഖം മാത്രമേ കാണുന്നുള്ളൂ. തന്റെ മതവും ആദർശവും എല്ലാം അവൾ മാത്രമാണ്. അതെല്ലാം തുറന്നു പറയുകയോ?''(മാധവിക്കുട്ടി,2017:382).

ഒരിക്കലും അവസാനിക്കുകയില്ലെന്നു കരുതിയ അവരുടെ പ്രേമബന്ധത്തെ നിസ്സാരമാക്കി, കുട്ടിക്കളിയായി കണ്ട് പകുതി വഴിയിൽ നിർത്തി സ്വതന്ത്രനാവാൻ അയാളെ പ്രേരിപ്പിച്ചതെന്തായിരുന്നു എന്ന് അവൾക്കറിയില്ല. ഇത്രകാലം ധൈര്യത്തോടെ അനുഷ്ഠിച്ചുവന്നിരുന്ന ഒരു വ്രതം പെട്ടെന്ന് അവസാനിപ്പിച്ച് വീണ്ടും കണ്ടുമുട്ടാൻ തീരുമാനിക്കുമ്പോഴും അയാളിൽ നിന്ന് തനിക്കൊരിക്കലും സ്വതന്ത്ര

യാകാൻ കഴിയില്ല എന്ന് മാത്രം അവൾ തിരിച്ചറിയുന്നു. ജീവിതത്തിലെ എല്ലാ സന്തോഷവും സ്വപ്നങ്ങളും അയാളെ ചുറ്റിപ്പറ്റിയാണ് നിലനിന്നിരുന്നതെന്ന് തിരിച്ചറിയുന്നു. വേണ്ടുവോളം സൗന്ദര്യവും ധനസ്ഥിതിയും മനസ്ഥിതിയും ഉണ്ടായിട്ടും അവൾ എന്നും ഏകാകിയായിരുന്നു. ജോലിത്തിരക്കും മനശ്ശല്യവുമായി ദിവസങ്ങൾ കഴിച്ചുകൂട്ടിയിരുന്ന മാതാപിതാക്കൾ അവളെ മനസ്സിലാക്കുവാനും ശ്രമിച്ചില്ല. വിവാഹിതയായതിനുശേഷം രാത്രിയിൽ മാത്രം ഭംഗിവാക്കുകൾ പറഞ്ഞ് അടുത്തുവരുന്ന ഭർത്താവിൽ നിന്നും ഏകാന്തത മാത്രമാണ് ലഭിച്ചതെന്ന് അവൾ തിരിച്ചറിയുന്നു. അവളുടെ സന്തോഷങ്ങളെക്കുറിച്ചോ സ്വപ്നങ്ങളെക്കുറിച്ചോ ആരും അന്വേഷിച്ചില്ല. നനവില്ലാത്ത തീരെ പശിമയില്ലാത്ത ഒരു തരിശുനിലം പോലെ നഗ്നമായി കിടക്കുന്ന ഹൃദയവുമായാണ് തന്റെ പ്രണയത്തിന് മുന്നിൽ അവൾ വീണ്ടും വന്നു നിൽക്കുന്നത്.

അയാളുടെ വാക്കുകൾ അവളോടുമാത്രം ഉപയോഗിക്കുന്ന ആ പ്രത്യേകചിരി, അവരെ രണ്ടുപേരെയും ഒരു ഗർഭപാത്രത്തിലെന്നോണം ലോകത്തിൽ നിന്നെല്ലാം ഒളിപ്പിച്ചു വിശ്രമിപ്പിച്ച ആ സന്ധ്യകൾ... അതൊക്കെ മരിച്ചവയായി കരുതി ഉപേക്ഷിക്കാൻ കഴിയാതെ മറ്റൊരാളുടേതായിട്ടും പ്രണയത്തിന്റെ സ്വപ്നങ്ങളിൽ മാത്രം ജീവിക്കുന്ന അവൾക്ക് ഒരു പരിധിക്കപ്പുറം അയാളുടെ മുൻപിൽ അഭിനയിക്കുവാൻ കഴിയുന്നുമില്ല.

കടലിന് അഭിമുഖമായുള്ള അവരുടെ ഇരിപ്പിൽ ഒരു കരിങ്കൽ ഭിത്തിക്കപ്പുറം ഇളകിമറിയുന്ന കടൽ അവരുടെ പ്രണയമായും മാനസികഭാവമായും ജീവിതാവസ്ഥയായും സാദൃശ്യപ്പെടുന്നു. പ്രണയത്തിന്റെ ആഴക്കടലിനെ മറച്ചുകൊണ്ട് യാഥാസ്ഥിതികത്വത്തിന്റെ, സാമൂഹികക്രമത്തിന്റെ കരിങ്കൽമതിൽ അവരുടെ ജീവിതത്തിൽ ഉയർന്നു

നിൽക്കുന്നു. എന്നാൽ പാറക്കഷണങ്ങൾക്കിടയിൽ ഇടയ്ക്കിടെ നുരയും പതയുമായി ഓടിക്കയറുന്ന, തിരകളെ ജീവിതാസക്തികളെ തടയാൻ കരിങ്കൽ മതിലുകൾക്കാകുന്നില്ല. സാമൂഹികക്രമത്തെയും വ്യവസ്ഥിതിയെയും അതിലംഘിക്കുന്ന പ്രണയാനുഭവമാണ് അവരെ ഇവിടെയെത്തിച്ചത്. തിരസ്കൃതമായ പ്രണയം എന്ന് പുറമെ തോന്നുമ്പോഴും ഉള്ളിൽ നിറഞ്ഞു നിൽക്കുന്ന പരസ്പരാനുരാഗത്തെ കടലും ആകാശവും ചുറ്റുപാടുകളും പ്രതീകവത്കരിക്കുന്നു. പിരിയാൻ തുടങ്ങുമ്പോഴും എല്ലാ അവസാനിക്കുന്നു എന്നു തോന്നുമ്പോഴും ചിരികളുടെയും വാക്കുകളുടെയും ചുംബനങ്ങളുടെയും സ്മരണകൾ അവളെ ചുറ്റിക്കൊണ്ടിരിക്കുകയാണ്. അവൾ ഇരുട്ടിൽ മായുമ്പോൾ ദർശനം തന്നതിനുശേഷം അപ്രത്യക്ഷയാവുന്ന ദൈവത്തെപ്പോലെ ഏകാന്തവും വിദൂരവുമായ മേഖലകളിലേക്ക് മായുന്ന അവളെ വിളിച്ചുവരുത്തി പണ്ടത്തെപ്പോലെ ആ കാൽ വിരലുകളിൽ ചുംബിച്ച് കരയുവാൻ അയാൾ ആഗ്രഹിക്കുന്നു. എല്ലാ വ്യവസ്ഥകൾക്കുമപ്പുറം, ഒരിക്കലും അവസാനിപ്പിക്കാൻ കഴിയാത്തവിധം മോചനം നേടാൻ സാധ്യമല്ലാത്തവിധം പ്രണയബന്ധനത്തിൽ തന്നെയാണ് അവർ പിരിയുന്നതും.

പ്രമേയഘടനയിലെയും ഭാഷാ- ആഖ്യാനത്തിലെയും സവിശേഷതകൊണ്ട് മാധവിക്കുട്ടിയുടെ കഥാലോകത്തിൽ വേറിട്ടു നിൽക്കുന്ന അനുഭവമാണ് ‘പക്ഷിയുടെ മണം’ എന്ന കഥ. യാഥാർത്ഥ്യമെന്നോ ഭ്രമകല്പനയെന്നോ വേർതിരിക്കാൻ കഴിയാത്ത, ഒരേ സമയം സംഭവമെന്നും വിഭ്രാന്തിയെന്നും സ്വപ്നാനുഭവമെന്നും തോന്നിപ്പിക്കുന്ന ശില്പഭംഗിയാണ് കഥയ്ക്കുള്ളത്. കൽക്കത്ത എന്ന മഹാനഗരമാണ് കഥാപശ്ചാത്തലം. ഒരു ടെക്സ്റ്റൈൽ കമ്പനിയുടെ ഉദ്യോഗപരസ്യം കണ്ട് വീട്ടിൽ നിന്നും ഇറങ്ങിതിരിക്കുന്ന കഥാനായിക, ഏഴു

നിലകളുള്ള ഒരു കൂറ്റൻ കെട്ടിടത്തിൽ എത്തിപ്പെടുന്നതും പിന്നീട് നടക്കുന്ന വിചിത്രസംഭവങ്ങളുമാണ് കഥാപരിസരം. ടെക്സ്റ്റൈൽ കമ്പനി അന്വേഷിച്ച് ഒടുവിൽ എത്തുന്നത്, Dying എന്ന ബോർഡ് തൂക്കിയിരിക്കുന്ന ഒരു മുറിക്ക് മുന്നിലാണ്. സ്പെല്ലിങ്ങിലെ തെറ്റു കണ്ട് അവൾ ചിരിയോടെ ചിന്തിക്കുന്നത്. 'തുണിക്ക് ചായം കൊടുക്കുന്നതിന് പകരം ഇവിടെ മരണമാണോ നടക്കുന്നത്?' എന്നാണ്. ആ മുറിയിലേക്ക് കടന്നെങ്കിലും അവിടെ ആരെയും കാണാതെ അല്പം പരിഭ്രമിച്ചതിനുശേഷം ആ മുറിയിൽ കാത്തിരിക്കുന്ന അവൾ ക്ഷീണം കൊണ്ട് അല്പം ഉറങ്ങിപ്പോകുന്നു. ഒന്നുറങ്ങി ഉണർന്നതിനുശേഷം കഥാനായികയുടെ അബോധമനസ്സിൽ രൂപപ്പെടുന്ന വിചിത്രചിന്തകൾ കഥാഗതിയെ മുന്നോട്ട് നയിക്കുന്നു. ഉറക്കത്തിൽനിന്നും ഞെട്ടിയുണർന്ന് നോക്കുന്ന അവൾ മുന്നിൽ കണ്ട അപരിചിതനായ പുരുഷൻ രൂപത്തിലും ഭാവത്തിലും ഭാഷയിലുമൊക്കെ വിചിത്രരൂപിയാണ്. മരണത്തിന്റെയും പ്രണയത്തിന്റെയും രതിയുടെയും വിചിത്രമായ ഭാഷയിലാണ് അയാൾ സംസാരിക്കുന്നത്.

" അവളുടെ എതിർവശത്ത് ഒരു കസാലമേൽ ഇരുന്നുകൊണ്ട് ഒരു ചെറുപ്പക്കാരൻ സോഡയിൽ വിസ്കി ഒഴിക്കുകയായിരുന്നു. അയാളുടെ ബുഷ് ഷർട്ട് വെണ്ണനിറത്തിലുള്ള ടെറിലിൻ കൊണ്ട് ഉണ്ടാക്കിയെടുത്തതായിരുന്നു. അയാളുടെ കൈവിരലുകളുടെ മുകൾ ഭാഗത്ത് കനത്ത രോമങ്ങൾ വളർന്നു നിന്നിരുന്നു. ശക്തങ്ങളായ ആ കൈവിരലുകൾ കണ്ട് അവൾ പെട്ടെന്ന് പരിഭ്രമിച്ചു. താനെന്തിനുവന്നു ഈ ചെകുത്താന്റെ വീട്ടിൽ. "

'അയാളുടെ മുഖം ഒരു കുതിരയുടേതെന്നപോലെ നീണ്ടതായിരുന്നു.'

'ടെക്സ്റ്റൈൽ കമ്പനി എവിടെയാണെന്ന് അറിയുമോ?'

'നിങ്ങൾക്ക് അറിയുമായിരിക്കുമെന്ന് തോന്നി. നിങ്ങൾ തുണികൾക്കു

നിറം കൊടുക്കുന്നവരാണല്ലോ?'

'എന്താണ് തിരക്ക്? നേരം പതിനൊന്നേമുക്കാലേ ആയിട്ടുള്ളൂ.'

'നിങ്ങൾക്കറിയുമെന്ന് ഞാൻ ആശിച്ചു. നിങ്ങളും തുണിക്കച്ചവടമായിട്ട് ബന്ധമുള്ള ഒരാളാണല്ലോ'

'എന്തു ബന്ധം? ഞങ്ങൾ തുണിയിൽ ചായം ചേർക്കുന്നവരല്ല. ബോർഡ് വായിച്ചില്ലേ Dying എന്ന്'

'അപ്പോൾ'

'ആ അർത്ഥം തന്നെ. മരിക്കുക എന്നു കേട്ടിട്ടില്ലേ? സുഖമായി മരിക്കുവാൻ ഏർപ്പെടുത്തിക്കൊടുക്കും ഞങ്ങൾ'(മാധവിക്കുട്ടി,2017:307-308).

ഇത്തരത്തിൽ രൂപത്തിലും ഭാഷയിലും ഭാവത്തിലുമെല്ലാം അയാൾ അപരിചിതനാണ്. വൈരൂപ്യങ്ങളുടെയും വൈചിത്ര്യങ്ങളുടെയും ലോകത്തെ അനുഭവപ്പെടുത്താൻ സ്വപ്നത്തിന്റെയും ഭ്രമകല്പനയുടെയും ഭാഷയാണ് ഉചിതമെന്ന് ഈ കഥ സാക്ഷ്യപ്പെടുത്തുന്നു. സ്നേഹത്തിന്റെയും പ്രണയത്തിന്റെയും രതിയുടെയും ഭാഷയിൽ മരണം പറയുന്ന പ്രണയവും മരണവും ഒരനുഭവമായിമാറുന്ന ഭ്രമാത്മകതയുടെ ഭാഷയും ഭാവവും കഥയെ വേറിട്ടതാക്കുന്നു.

"പണ്ട് എന്റെ കിടപ്പുമുറിയിൽ തണുപ്പുകാലത്ത് ഒരു പക്ഷി വന്നുപെട്ടു. മഞ്ഞ കലർന്ന തവിട്ടുനിറം. നിന്റെ സാരിയുടെ നിറം അത് ജനവാതിലിന്റെ ചില്ലിന്മേൽ കൊക്കുകൊണ്ട് തട്ടി നോക്കി. ചില്ല് പൊട്ടിക്കുവാൻ ചിറകുകൾകൊണ്ടും തട്ടി. അത് എത്ര ക്ലേശിച്ചു. എന്നിട്ട് എന്തുണ്ടായി. അത് ക്ഷീണിച്ച് നിലത്തുവീണു. ഞാനതിനെ ഷൂസിട്ട കാലുകൊണ്ട് ചവിട്ടിയരച്ചു കളഞ്ഞു"(മാധവിക്കുട്ടി,2017:309).

താൻ വന്നുപെട്ടത് ടെക്സ്റ്റൈൽ കമ്പിനിയിലല്ലെന്ന് മനസ്സിലാക്കുന്ന സ്ത്രീ രക്ഷപെടാനുള്ള എല്ലാ പഴുതുകളും അടഞ്ഞുവെന്ന്

മനസ്സിലാക്കുമ്പോൾ കരഞ്ഞു. ക്ഷീണിച്ചു തളർന്ന് വെറും നിലത്ത് വീഴുന്നു. ആ സമയം അയാൾ പറഞ്ഞു കേട്ട വാക്കുകളാണിത്.

പിന്നീട് അയാൾ സംസാരിക്കുന്നതെല്ലാം മരണത്തെക്കുറിച്ചാണെങ്കിലും പ്രണയത്തിന്റെയും കാമനകളുടെയും ഭാഷയാണ് ഉപയോഗിക്കുന്നത്.

'' നിനക്കറിയാമോ മരണത്തിന്റെ മണം എന്താണെന്ന് ? പക്ഷിത്തൂവലുകളുടെ മണമാണ് മരണത്തിന്... നിനക്കത് അറിയാറാവും അടുത്തു തന്നെ. ഇപ്പോൾത്തന്നെ വേണമോ? ഏതാണ് നിനക്ക് ഏറ്റവും പ്രിയപ്പെട്ട നേരം? നേരെ മുകളിൽനിന്ന് നോക്കുന്ന സൂര്യന്റെ മുമ്പിൽ ലജ്ജയില്ലാതെ ഈ ലോകം നഗ്നമായി കിടക്കുന്ന സമയമോ? അതോ? സന്ധ്യയോ?... നീ എന്തുപോലെയുള്ള സ്ത്രീയാണ്? ധൈര്യമുള്ളവളോ ധൈര്യമില്ലാത്തവളോ...? ''(മാധവിക്കുട്ടി,2017:307)

''ഞാൻ നിന്റെ അടുത്ത് പലപ്പോഴും വന്നിട്ടുണ്ട്. ഒരിക്കൽ നീ വെറും പതിനൊന്നു വയസ്സായ കുട്ടിയായിരുന്നു. മഞ്ഞക്കാമല പിടിച്ച് കിടക്കയിൽ നിന്ന് തലയുയർത്തുവാൻ വയ്യാതെ കിടന്നിരുന്ന കാലം. അന്ന് നിന്റെ അമ്മ ജനവാതിലുകൾ തുറന്നപ്പോൾ നീ പറഞ്ഞു. അമ്മേ ഞാൻ മഞ്ഞപ്പൂക്കൾ കാണുന്നു. മഞ്ഞ അലറിപ്പൂക്കൾ കാണുന്നു. എല്ലായിടത്തും മഞ്ഞപ്പൂ തന്നെ''(മാധവിക്കുട്ടി,2017:307)

''നിന്റെ കണ്ണുകൾക്കുമാത്രം കാണാൻ കഴിഞ്ഞ ആ മഞ്ഞപ്പൂക്കളുടെയിടയിൽ ഞാൻ നിന്നിരുന്നു. നിന്റെ കൈ പിടിച്ചു നിന്നെ എത്തേണ്ടയിടത്തേക്ക് എത്തിക്കുവാൻ ഭർത്താവിന്റെ അഭിപ്രായം അവഗണിച്ച് ഉദ്യോഗം തേടിയിറങ്ങിയതിൽ ആദ്യം ദു:ഖിക്കുന്നുണ്ടെങ്കിലും അവൾ ഇവിടേക്ക് എത്താൻ ആഗ്രഹിച്ചിരുന്നുവെന്ന് അയാൾക്കറിയാം. നീ എത്രതവണ ഉദ്ദേശിച്ചിരിക്കുന്നു ഇവിടെ വന്നെത്തുവാൻ. എത്രയോ സുഖകരമായ ഒരവസാനത്തിനു നീ എത്ര തവണ ആശി

ച്ചിരിക്കുന്നു. മൃദുലങ്ങളായ തിരമാലകൾ നിറഞ്ഞ ദീർഘമായി നിശ്വസിക്കുന്ന കടലിൽ ചെന്നു വീഴുവാൻ ആലസ്യത്തോടെ ചെന്നു ലയിക്കുവാൻ മോഹിക്കുന്ന നദിപോലെയല്ലേ നീ? പറയൂ ഓമനേ... നീ മോഹിക്കുന്നില്ലേ ആ അവസാനിക്കാത്ത ലാളന അനുഭവിക്കുവാൻ''(മാധവിക്കുട്ടി,2017:308)

പ്രണയത്തിന്റെയും കാമനകളുടെയും മരണത്തിന്റെയും സുഖാവസ്ഥകൾ ഒരുപോലെ ഭാഷാഘടനയിൽ വ്യക്തമാണ്. വിവാഹിതയായ, അവഗണിതയായ ഒരു സ്ത്രീ കാണുന്ന പേടി സ്വപ്നത്തിലൂടെ സ്ത്രീയവസ്ഥയെ തീവ്രമായി അവതരിപ്പിക്കുന്ന കഥയായി 'പക്ഷിയുടെ മണം' മാറുന്നു. (കൽപ്പറ്റ നാരായണൻ, പുറം 303) പ്രണയത്തിലെയും രതിയിലെയും പുരുഷ കർത്തൃത്വവും അയാളുടെ ഭാഷയിൽ വ്യക്തമാണ്.

''അതെ സ്നേഹത്തിന്റെ പരിപൂർണ്ണത കാണിച്ചുതരുവാൻ എനിക്ക് മാത്രമേ കഴിയുകയുള്ളൂ. എനിക്ക് നീ ഓരോന്നോരോന്നായി കാഴ്ചവയ്ക്കും. ചുവന്ന ചുണ്ടുകൾ, ചാഞ്ചാടുന്ന കണ്ണുകൾ, അവയവഭംഗിയുള്ള ദേഹം.. എല്ലാം ഓരോ രോമകൂപങ്ങൾ കൂടി നീ കാഴ്ചവയ്ക്കും. ഒന്നും നിന്റേതല്ലാതാവും. എന്നിട്ട് ഈ ബലിക്കു പ്രതിഫലമായി ഞാൻ നിനക്ക് സ്വാതന്ത്ര്യം തരും. നീ ഒന്നുമല്ലാതെയാവും പക്ഷേ എല്ലാമായിത്തീരും''(മാധവിക്കുട്ടി,2017:309).

പ്രണയവും മരണവും നൽകുന്ന അനന്തമായ സ്വാതന്ത്ര്യത്തിലേക്കും സുഖാലസ്യത്തിലേക്കുമാണ് അയാൾ അവളെ കൂട്ടിക്കൊണ്ടുപോകുന്നത്. മഴയിലും മണ്ണിലും വിണ്ണിലും പ്രകൃതിയിലാകമാനവും നിറഞ്ഞുനിൽക്കുന്ന സ്നേഹസങ്കല്പമായി പ്രണയത്തിലൂടെ, മരണത്തിലൂടെ അവളെ രൂപാന്തരപ്പെടുത്താനാണ് അയാൾ ക്ഷണിക്കുന്നത്. എല്ലാ നീതിന്യായങ്ങൾക്കപ്പുറവും നിറഞ്ഞുനിൽക്കുന്ന കാമ

നകളുടെ വിശാലലോകവും അതിന്റെ സൗന്ദര്യവും കഥയിൽ ആക മാനം നിറഞ്ഞുനിൽക്കുന്നു.

ഒരേ സമയം പരിചിതരും അപരിചിതരുമായ പെൺ കഥാപാ ത്രങ്ങൾ സ്വത്വത്തിന്റെ ഭിന്ന പ്രതിനിധാനങ്ങളായി മാധവിക്കുട്ടിയുടെ കഥാലോകത്തിൽ നിറഞ്ഞു നിൽക്കുന്നു. ചതുരംഗം, തരിശുനിലം, പക്ഷിയുടെ മണം, ലോകം ഒരു കവയിത്രിയെ നിർമ്മിക്കുന്നു തുട ങ്ങിയ കഥകളിലെല്ലാം നാഗരികരും വിദ്യാസമ്പന്നരും സുന്ദരികളു മായ സ്ത്രീകൾ, വ്യത്യസ്ത സാഹചര്യങ്ങളിൽ സമൂഹവും, കുടുംബ വും, ദാമ്പത്യവും അതിന്റെ വ്യവസ്ഥകളുമായും ബന്ധിതരായവരാ ണ്. എന്നാൽ വ്യവസ്ഥിതിയിൽ നിന്ന് പുറത്തുകടന്ന് പ്രണയ ത്തിലെയും ലൈംഗികതയിലെയും സ്ത്രീകർത്തൃത്വം ഉറപ്പിക്കുന്നി ടത്ത് ഇവർ സ്വതന്ത്രരാകുന്നു. പ്രണയത്തിലെ സ്ത്രീയുടെ വിധേയ ത്വത്തെ തിരുത്തിയെഴുതിയ ലൂസി ഇറിഗാറെയുടെ സ്വതന്ത്രചിന്തക ളോട് മാധവിക്കുട്ടിയുടെ നിലപാടുകൾക്ക് സാദൃശ്യമുണ്ട്. സ്നേഹ ത്തെയും പ്രണയത്തെയും സ്വതന്ത്രമായി കാണുകയും അനുഭവിക്കു കയും ചെയ്യുന്നിടത്താണ് മാധവിക്കുട്ടി കഥകളിൽ വിമോചനത്തിന്റെ തത്വശാസ്ത്രം നിലകൊള്ളുന്നത്. മാധവിക്കുട്ടി സ്നേഹം എന്നു പറ യുന്നത്, പ്രണയം എന്ന് അവർ വിളിക്കുന്നത് വ്യക്തിത്വത്തിന്റെ സമ ഗ്രവും സുന്ദരവുമായ വളർച്ചയെയാണ്. ഇത് സംബന്ധം കൂടലല്ല - അരക്കെട്ടുകളുടെ ചേർച്ചയുമല്ല. വ്യക്തിയെ വലിയ സാധ്യതകളിലേക്ക് മോചിപ്പിക്കാതെ പിടിച്ചുവെക്കുന്ന ഇന്നത്തെ ദാമ്പത്യം, കുടുംബം എന്നിവയെ അപനിർമ്മിക്കുന്നത് വാസ്തവത്തിൽ സൂക്ഷ്മമായ വ്യവ സ്ഥാവിമർശനമാണ് (ഇ. പി രാജഗോപാലൻ, 2009 : 323). ഭാഷയിലും എഴുത്തിലും ചിന്തയിലും, സാമ്പ്രദായിക വഴികളെയെല്ലാം നിരാകരി ക്കുന്ന മാധവിക്കുട്ടിക്കഥകൾ വ്യക്തമായ ഭാവുകത്വമാറ്റത്തെ അടയാ ളപ്പെടുത്തുന്നു.

## സഹായകഗ്രന്ഥങ്ങൾ

1. ഏബ്രഹാം (എഡി), *മാധവിക്കുട്ടി ശരീരത്തിന് എത്ര ചിറകുകൾ*, എച്ച് & സി ബുക്സ്, കോട്ടയം: 2009.
2. *പത്തുകഥകൾ* (ചെറുകഥകൾ) സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം : 1950.
3. മാധവിക്കുട്ടി,*മാധവിക്കുട്ടിയുടെ കഥകൾ സമ്പൂർണ്ണം*, ഡി.സി. ബുക്സ്, കോട്ടയം :2017.
4. രാമകൃഷ്ണൻ ഇ. വി. (എഡി), *സ്ത്രീ സ്വത്വം സമൂഹം: മാധവിക്കുട്ടി പഠനങ്ങൾ*, പൂർണ പബ്ലിക്കേഷൻസ് :1994.
5. സാഹിത്യലോകം വാല്യം 45 ലക്കം 4, ഓഗസ്റ്റ് :2017.
6. Nabar Vrinda, The Endless Female Hungers: A Study of Kamala Das, New Delhi, Sterling: 1994.
7. Prasantha Kumar V, Writing the Female : A Study of Kamala Das, Bharatiya Sahitya Pratishthan :1998.

# കുടുംബബന്ധങ്ങളുടെ ആഖ്യാനം മാധവിക്കുട്ടിയുടെ കഥകളിൽ

**ഡയാന ടോം**

മനുഷ്യജീവിതത്തിന്റെ അടിസ്ഥാനഘടകമാണ് കുടുംബം. വ്യക്തികളുടെ വ്യക്തിത്വരൂപീകരണത്തിലും സ്വഭാവരൂപീകരണത്തിലും നിർണ്ണായകഘടകമായി കുടുംബം നിലകൊള്ളുന്നു. രക്തബന്ധത്താലോ വിവാഹബന്ധത്താലോ ഒന്നിക്കുന്ന ഒന്നിലേറെ വ്യക്തികൾ വസിക്കുന്ന ഇടമെന്ന് കുടുംബത്തെ സാമാന്യമായി നിർവചിക്കാം. കുടുംബത്തിന് നിയതമായ രൂപവും ഘടനയുമുണ്ട്. എന്നാൽ വ്യക്തികളുടെ എണ്ണം, ജീവിതചുറ്റുപാട്, സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾ , കാലഘട്ടത്തിന്റെ സവിശേഷതകൾ, വിദ്യാഭ്യാസ സാഹചര്യങ്ങൾ തുടങ്ങിയവ കുടുംബത്തിന്റെ ഘടനയെ വ്യത്യാസപ്പെടുത്തും. പ്രധാനമായും രണ്ട് കുടുംബവ്യവസ്ഥകൾ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. ജനനവും വളരുന്ന സാഹചര്യവുമായി ബന്ധപ്പെട്ട് നിൽക്കുന്ന രക്തബന്ധാധിഷ്ഠിതകുടുംബം (kinship family). വിവാഹബന്ധത്തിലൂടെ വ്യത്യസ്ത കുടുംബങ്ങളിലെ സ്ത്രീയും പുരുഷനും ലൈംഗികബന്ധത്തിലൂടെ പുതിയ തലമുറകളെ വളർത്തിപരിപാലിക്കുന്ന വിവാഹബന്ധാധിഷ്ഠിത കുടുംബം(martial family).

സമൂഹത്തിന്റെ അംഗീകാരത്തോടെ സുസ്ഥാപിതമായിരിക്കുന്ന സ്ത്രീയും പുരുഷനും തമ്മിലുള്ള ശാശ്വതമായ ബന്ധമാണ് വിവാഹം. വിവാഹം ദമ്പതികൾക്ക് ലൈംഗികസംയോഗത്തിന് അനുവാദം നല്കുകയും അതിലൂടെ കുട്ടികൾക്ക് ജന്മംകൊടുത്ത് സമൂഹത്തിന്റെ അടിസ്ഥാനഘടകമായ കുടുംബത്തിന് രൂപംകൊടുക്കുവാൻ അവസരം

നൽകുകയും ചെയ്യുന്നു. വിവാഹമെന്ന സ്ഥാപനത്തിന്റെ പ്രധാന ധർമ്മം ലൈംഗിക ആവശ്യങ്ങളുടെ നിർവ്വഹണവും സന്താനോത്പാദനവും മാത്രമല്ല മറിച്ച് മനുഷ്യന്റെ വ്യക്തിത്വവികാസത്തിനും വളർച്ചയ്ക്കും സഹായകമാകുന്ന ഒരു സ്ഥാപനം കൂടിയാണിത്. സാമൂഹിക നരവംശശാസ്ത്രജ്ഞരുടെ കാഴ്ചപ്പാടിൽ സ്ത്രീപുരുഷന്മാരുടെ ശാരീരികവും മാനസികവും ജീവപരവുമായ ആവശ്യങ്ങളുടെ പൂർത്തീകരണത്തിനായുള്ള ഒരു ഉടമ്പടിയാണ് വിവാഹം. എന്നാൽ കാലക്രമത്തിൽ ഈ സ്ഥാപനത്തിന് പരിണാമം സംഭവിക്കുകയും ഒരു സാമൂഹിക സ്ഥാപനത്തെ നിലനിർത്താനുള്ള കരാർ മാത്രമായി വിവാഹം മാറുകയും ചെയ്തു.

പൊള്ളയായ സദാചാര വ്യവസ്ഥയോടും അതിന്റെ യാഥാസ്ഥിതികത്വത്തോടും നൈതികമായ തലത്തിൽ കലഹിക്കുന്ന എഴുത്തുകാരിയാണ് മാധവിക്കുട്ടി. നമ്മുടെ കുടുംബബന്ധങ്ങളെ പ്രത്യേകിച്ച് ദാമ്പത്യബന്ധങ്ങളിൽ ചൂഴ്ന്നുനില്ക്കുന്ന കപടമായ മൂല്യബോധത്തോടാണ് മാധവിക്കുട്ടിയുടെ കലഹം.

ഭർത്താവിന്റെ സാന്ത്വനം, സ്നേഹം, അംഗീകാരം എന്നിവ ആഗ്രഹിക്കുന്ന ഭാര്യമാരാണ് മാധവിക്കുട്ടിയുടെ കഥാപാത്രങ്ങൾ. ഭാര്യാഭർത്തൃബന്ധത്തിലെ സ്നേഹശൂന്യതയും വിശ്വാസരാഹിത്യവും കാപട്യവും തുറന്നുകാണിക്കുന്നു അവരുടെ ദാമ്പത്യക്കഥകൾ. കളർകോട് വാസുദേവൻനായർ എഴുതുന്നു:"മാധവിക്കുട്ടി നമ്മുടെ മുമ്പിൽ വരച്ചുകാട്ടുന്ന ദാമ്പത്യങ്ങൾ തകർന്നതോ, തകർച്ചയിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നതോ ആണ്. എല്ലാം ഒരുതരം കാളവണ്ടികൾ, പൊളിഞ്ഞ കാളവണ്ടികൾ. കിഴവനും വങ്കനുമായ ഭർത്താവിനെക്കൊണ്ട് മടുത്തിട്ട് സ്നേഹമന്വേഷിച്ച് ദാമ്പത്യത്തിനു വെളിയിൽപ്പോകുന്ന യുവതിയായ ഭാര്യ, ഗൗരവമേറിയ സാമ്പത്തികമോ

ഔദ്യോഗികമോ ആയ പ്രശ്നങ്ങളിൽ മുഴുകിയിട്ട് ഭാര്യയുമായി ശൃംഗരിച്ച് നില്ക്കാൻ സമയം കാണാത്ത ഭർത്താവ്, ഏകാന്തതകൊണ്ടോ സാംസ്കാരികമായ അടുപ്പം കൊണ്ടോ മറ്റാരെങ്കിലുമായി വേഴ്ചയിൽ ചെന്നുപെടുന്ന ഭാര്യ. ഭാര്യയെയെന്നല്ല, ലോകത്തിലാരെയും ഉപയോഗപ്പെടുത്തുന്നതിനല്ലാതെ ഒരിക്കലും സ്നേഹിക്കാൻ കഴിയാത്ത പുരുഷൻ– ഇവരൊക്കെയാണ് ഈ ലോകത്തിലെ ദാമ്പത്യബന്ധങ്ങളുടെ പങ്കാളികൾ"(മാധവിക്കുട്ടി,2010:27). വ്യവസ്ഥാപിത ദാമ്പത്യബന്ധങ്ങളുടെ തകർന്ന ചിത്രങ്ങളാണ് മാധവിക്കുട്ടിയുടെ കഥകളിലധികവും. സ്വാതന്ത്ര്യമാഗ്രഹിക്കുന്ന സ്ത്രീമനസ്സിന്റെ ഉത്ക്കടമായ മോഹഭംഗത്തിന്റെ കഥകളാണവ.

**നീലാംബരികളുടെ ദു:ഖം**

സമൂഹം കെട്ടിയേൽപ്പിക്കുന്ന ദാമ്പത്യം തകർന്നുപോകുന്നതിന്റെ കഥയാണ് 'നഷ്ടപ്പെട്ട നീലാംബരി'. നീണ്ട മുപ്പത്തിമൂന്നു വർഷങ്ങൾക്കു ശേഷം നഷ്ടപ്പെട്ടതെന്തോ അന്വേഷിച്ചു വന്നതായിരുന്നു ഡോക്ടർ സുഭദ്രാദേവി. നിങ്ങൾക്കു നഷ്ടപ്പെട്ടതെന്താണെന്ന് മറ്റുള്ളവർ ചോദിച്ചാൽ കൃത്യമായ ഉത്തരം പറയുവാൻ സുഭദ്രയ്ക്കു കഴിയുമായിരുന്നു. കാരണം അവൾക്കു നഷ്ടപ്പെട്ടത് അവളുടെ ജീവിതമായിരുന്നു. കൗമാരത്തിലെ മധുരാനുഭൂതികളാണ് ഡോ.സുഭദ്രയെ മധുരയിലേക്കാനയിച്ചത്. ശസ്ത്രക്രിയ ചെയ്തു നീക്കിയ അവയവം തേടി രോഗി ആശുപത്രിയിൽ പോകാറില്ലെന്ന് അറിയാമായിരുന്നിട്ടും തന്റെ മനസ്സിൽനിന്ന് തുടച്ചുമാറ്റിയെന്നു കരുതിയ ഗുരുവിനെയും ആ പ്രദേശത്തെയും ഒരുനോക്കുകാണുവാൻ അവൾ മധുരയ്ക്ക് യാത്രയായി. മധുരവിട്ട് മദിരാശിയിൽ പഠിച്ചിരുന്നപ്പോഴും പിന്നീട് തന്റെ ഭർത്താവുമൊന്നിച്ച് കോഴിക്കോട് ജീവിച്ചപ്പോഴും മധുരയെന്ന നഗരം ഒളിമങ്ങാതെ ഒരു കിനാവുപോലെ സുഭദ്രയിൽ തങ്ങിനിന്നു. ശാസ്ത്രി

കളോടൊത്തുള്ള ഓർമ്മകൾ സുഭദ്രയെ ഒരുപോലെ പിന്തുടർന്നതു കൊണ്ടാവാം സ്വന്തം ഭർത്താവിനോട് നീതിപുലർത്തുവാൻ അവൾക്കു കഴിഞ്ഞില്ല. ഗുരുവിനെപ്പറ്റി വളരെ അപൂർവ്വം മാത്രം സുഭദ്ര സംസാരിച്ചിട്ടും ആ ഗുരുശിഷ്യബന്ധത്തിന്റെ കറുത്ത നിഴൽ അവളുടെയും ഭർത്താവിന്റെയും നടുവിൽ ജീവിതാവസാനം വരെ വീണ് കിടന്നു.

**ദാമ്പത്യബന്ധനത്തിന്റെ കഥ**

ദാരിദ്ര്യത്തിൽനിന്നും രക്ഷനേടുവാൻ കിഴവനും വങ്കനുമായ പുരുഷനെ വരിക്കേണ്ടിവന്ന സ്ത്രീയാണ് 'മഞ്ഞ്' എന്ന കഥയിലെ നായിക. മഞ്ഞത്ത് തെരുവിൽ നിന്ന് പാടുന്ന ഗായകനിൽ അവളുടെ ശ്രദ്ധ പതിക്കുന്നു. അയാളുടെ ഗാനം കേൾക്കാനും സ്നേഹം പങ്കിടുവാനും അവൾ ആഗ്രഹിക്കുന്നു. പക്ഷേ അവൾ നിസ്സഹായയാണ്. പുറത്തു കടക്കാനൊരുങ്ങുമ്പോഴെല്ലാം ഭർത്താവ് അവളെ കുടുംബത്തിലേക്കു പിടിച്ചുകൊണ്ടുവരുന്നു. അവൾ അയാളെ വെറുത്തിരുന്നു. അയാൾ കാമചേഷ്ടകൾ കാട്ടിയപ്പോൾ അവൾക്ക് വികൃതമായി ചിരിക്കുന്ന ഒരു ബഫൂണായാണ് തോന്നിയത്. നിസ്സഹായായ ആ സ്ത്രീ കോപം കൊണ്ടു കത്തിജ്വലിച്ചു. "ഒരു തീപ്പന്തംപോലെ കത്തുവാൻ സാധിച്ചാൽ തന്റെ ജ്വാലകൾകൊണ്ട് ഈ വീടിനെയും ഈ കിഴവനെയും വെണ്ണീറാക്കാൻ കഴിഞ്ഞാൽ....ഈശ്വരാ"(മാധവിക്കുട്ടി,2009:528).വാസ്തവത്തിൽ അവളിൽ അമർന്നിരിക്കുന്ന വിദ്വേഷവും പകയുമാണ് ഭർത്താവിന്റെ കാമലീലകൾക്കുമുമ്പിൽ പൊട്ടിത്തെറിക്കുന്നത്. അയാളെ തള്ളി വീഴ്ത്തി, അയാളുടെ നിസ്സഹായത കണ്ട് അവൾ പൊട്ടിച്ചിരിക്കുകയും ആ ചിരി അയാളെ ഭയപ്പെടുത്തുകയും ചെയ്യുന്നു. വൃദ്ധനായ ഭർത്താവിന് യുവതിയായ തന്റെ ഭാര്യയെ ഒരിക്കലും മനസ്സിലാക്കാൻ സാധിച്ചിരുന്നില്ല. അവൾക്കാകട്ടെ അയാളുമായി പൊരുത്തപ്പെടാനാവുമായിരുന്നില്ല. ദാമ്പത്യമെന്ന ചട്ടക്കൂടിനുള്ളിൽ അവൾ എന്നും വീർപ്പു

മുട്ടിയിരുന്നു. ഈ കഥയിലെ കിഴവന് ഒരു നഴ്സിനെയായിരുന്നു ആവശ്യം. ഇങ്ങനെ നഴ്സിനെ ആവശ്യമുള്ളവരും ദാരിദ്ര്യത്തിൽനിന്നു രക്ഷനേടാൻ ആഗ്രഹിക്കുന്നവരും വിവാഹത്തിൽ അഭയം കണ്ടെത്തുന്നു. ഇതിന്റെയൊക്കെ ഫലം ദാമ്പത്യബന്ധങ്ങളുടെ ശൈഥില്യമാണ്.

**അടുക്കളയിൽ അരഞ്ഞുതീരുന്ന യന്ത്രം**

അവഗണിക്കപ്പെടുന്ന സ്ത്രീത്വത്തിന്റെ ദൈന്യതയാണ് 'കോലാട്' എന്ന കഥയിലുള്ളത്. പുരുഷകേന്ദ്രീകൃതമായ സമൂഹത്തിൽ ഒറ്റപ്പെടുകയും നിസ്സഹായായി പിടഞ്ഞുവീഴുകയും ചെയ്യുന്ന സ്ത്രീയുടെ ദുരന്തമാണ് കോലാടിൽ അവതരിപ്പിക്കുന്നത്. 'അടുക്കളയിൽ അരഞ്ഞു തീരുന്ന യന്ത്രം' എന്ന വിശേഷണം ഈ കഥയിലെ സ്ത്രീയ്ക്ക് നൽകാം. പ്രഭാതം മുതൽ പ്രദോഷം വരെ കുടുംബത്തിനുവേണ്ടി (ഭർത്താവിനും മക്കൾക്കും വേണ്ടി) ആവലാതികളില്ലാതെ അവിശ്രമം ജോലിചെയ്യുന്നു ഇവൾ. കഠിനമായ ജോലി അവളുടെ ആരോഗ്യം തകർക്കുന്നു. ഒട്ടിയ കവിളുകളും ഒടിവുകൾ പറ്റിയതെന്നു തോന്നിക്കുന്ന ശരീരവും തേഞ്ഞ പല്ലുകളും മെലിഞ്ഞകാലുകളും അവളെ ഒരു കോലാടുപോലെയാക്കിത്തീർത്തിരിക്കുന്നു. സ്വകാര്യമായി ഒരു ദീർഘനിശ്വാസം പൊഴിക്കാനോ, വിശ്രമിക്കാനോ കഴിയാതെ അടുക്കളയെക്കുറിച്ചുമാത്രം ഓർത്തുകൊണ്ട് വീടിന്റെ ലോകത്തിൽ ഒതുങ്ങിക്കൂടുകയാണ് അവൾ. ഒരിക്കലും ആവലാതിപ്പെടാതെ ഭർത്താവിന്റെയും കുട്ടികളുടെയും ആത്മാർത്ഥതയില്ലാത്ത പ്രശംസകൾ കേട്ടുകൊണ്ട് തന്റെ നിയോഗം ഭംഗിയായി അവൾ നിർവ്വഹിച്ചു. ചലിക്കുന്ന ഒരു ശരീരം മാത്രമായി അവൾ മാറി. അടുക്കളയുടെ ഇരുണ്ട ചുവരുകൾക്കുള്ളിൽ  അവൾ ഒതുങ്ങി. സ്നേഹമോ പരിഗണനയോ നിലനില്പിന്റെ അർത്ഥമോ അവൾക്കു ലഭിക്കുന്നില്ല. ഇളയമകൻ ഒരു ദിവസം സ്കൂളിൽനിന്നും കൊണ്ടുവന്ന നെല്ലിക്ക സ്നേഹമായി അവ

ളറിഞ്ഞെങ്കിലും ക്രമേണ അവന്റെ ദൃഷ്ടിയിലും അവൾ കോലാടായി മാറി. അവളുടെ മനസ്സ് ആരും തിരിച്ചറിഞ്ഞില്ല. അവൾ ഒരിക്കലെങ്കിലും ക്ഷീണിച്ചുവീഴുകയോ ആവലാതിപ്പെടുകയോ ഉണ്ടായില്ല. അതു കൊണ്ട് അവൾ വെള്ളം നിറച്ച പാട്ടകൾ എടുത്തുപൊക്കി കുളിമുറി യിൽനിന്ന് അടുക്കളയിലേക്കും അടുക്കളയിൽനിന്ന് കുളിമുറിയി ലേക്കും മറ്റും നടക്കുമ്പോൾ അവളുടെ ഭർത്താവും മുതിർന്ന മക്കളും അവളെ സഹായിക്കാൻ മുതിർന്നില്ല.

അവൾ രോഗിണിയായി മാറുമ്പോൾ "ഒടുവിൽ ആ യന്ത്രവും കേടുവന്നു"(മാധവിക്കുട്ടി,2011:265) എന്നാണ് കഥാകാരി വിശേഷിപ്പി ക്കുന്നത്. ഗുരുതരമായ രോഗം വന്ന് ആശുപത്രിയിൽ പ്രവേശിക്കു മ്പോൾ പോലും അവൾ പറയുന്നത് " അയ്യോ പരിപ്പ്കരിയ്ണ്ട് തോന്നുണു" (മാധവിക്കുട്ടി,2010:265)എന്നാണ്. ആശുപത്രിയിൽ കിട ക്കുമ്പോൾ പോലും അവളുടെ ഉത്കണ്ഠ അടുക്കളയിൽ കരിയുന്ന പരിപ്പിനെക്കുറിച്ചാണ്. അങ്ങനെ തന്റെ ലോകത്തിൽ ആരോ തനി ക്കായി നീക്കിവെച്ച ദൗത്യം ഭംഗിയായി അവൾ നിർവ്വഹിക്കുന്നു. പക്ഷേ പുരുഷനിർമ്മിതലോകം അതു മാനിക്കുന്നില്ല. ലോകത്തിന്റെ കാഴ്ചയിൽ അവൾ വെറും ശരീരവും ശരീരമില്ലാതാകുമ്പോൾ കോലാടും മാത്രമായി മാറുന്നു.

ദാമ്പത്യജീവിതത്തിൽ അടിമയും അധീരയുമായ സ്ത്രീ ഒരി ക്കലും അവകാശവാദങ്ങളുന്നയിക്കുന്നില്ല. ഭാര്യയുടെ വ്യക്തിസ്വത്വം വിവാഹജീവിതത്തിൽ അദൃശ്യവും അഗണ്യവുമായിരിക്കുന്നു. ഒരു വ്യക്തിയെന്നനിലയിൽ ദാമ്പത്യത്തിൽ സ്ത്രീ ദൃശ്യയാവുന്നില്ല. ഇങ്ങനെ വൈവാഹികബന്ധം സ്നേഹത്തിന്റെയും സംതൃപ്തിയു ടെയും അവസാനവാക്കല്ല എന്ന് 'കോലാട്' എന്ന കഥയിലെ നായിക വ്യക്തമാക്കിത്തരുന്നു.

**ചരടുപൊട്ടിയ പട്ടം**

ഭാര്യാഭർത്തൃബന്ധത്തിനപ്പുറം കാമുകിയുമായോ കാമുകനുമായോ ഉള്ള ബന്ധം ഇഷ്ടപ്പെടുന്നവരാണ് മാധവിക്കുട്ടിയുടെ മിക്ക കഥാപാത്രങ്ങളും. സ്നേഹത്തിന്റെ അഭാവമാണ് ദമ്പതികളെ പരസ്പരം വഞ്ചിക്കുവാൻ പ്രേരിപ്പിക്കുന്നത്. 'രാത്രിയിൽ' എന്ന കഥ വിവാഹബാഹ്യബന്ധത്തെക്കുറിച്ചുള്ളതാണ്. കുടുംബത്തിനും കാമുകനുമിടയിൽപ്പെട്ട് മാനസിക സംഘർഷമനുഭവിക്കുന്ന സ്ത്രീയാണ് 'രാത്രിയിൽ' എന്ന കഥയിലെ നായിക(സുമതി). ദാമ്പത്യജീവിതത്തിലെ അസംതൃപ്തിയാണ് സുമതിയെ രാജനിലേക്ക് അടുപ്പിക്കുന്നത്. ശീർഷകം സൂചിപ്പിക്കുന്നതുപോലെ, രാത്രികളിൽ ആയിരുന്നു സുമതിയും കാമുകനായ രാജനും സംഗമിച്ചിരുന്നത്.

ഭർത്താവിനെക്കുറിച്ച് സുമതി ഓർക്കുന്നു:"വിവാഹം കഴിഞ്ഞ് മൂന്നുകൊല്ലം കഴിഞ്ഞപ്പോഴേക്ക് അയാൾ തീരെ മാറി... അവളെ ഓമനിക്കാൻ അയാൾക്കറിയില്ല. അവൾ ആ വീട്ടിലെ ഒരു തൂണോ കട്ടിലോ എന്ന നിലയ്ക്കായി. അവൾ ഏതു സാരി ധരിച്ചുനിന്നാലും അയാൾ ശ്രദ്ധിക്കില്ല. ജോലി കഴിഞ്ഞ് വീട്ടിൽ വന്നാൽ പുസ്തകങ്ങൾ വായിച്ചിരിക്കും. പക്ഷേ... പിന്നെ രാത്രിയിൽ ഈ അരസികനും പുസ്തകപ്പുഴുവുമായ മനുഷ്യൻ എന്തിനാണ് തന്റെ കാമചാപല്യങ്ങളെ പുറത്തെടുക്കുന്നത്? അവൾക്ക് അറപ്പുതോന്നും, അയാളോടും ഈ വിവാഹജീവിതത്തോടും. തലതാഴ്ത്തിക്കിടന്ന അടിമത്തബോധം രാത്രിയായാൽ പടമുയർത്തും.... സംതൃപ്തനായി തലചെരിച്ചുവച്ചു കിടന്നുറങ്ങുന്ന അയാളെ നോക്കുമ്പോൾ അവൾക്കു തോന്നും മൃഗം തനി മൃഗം! താൻ അതിന്റെ അടിമയും"(മാധവിക്കുട്ടി,2009:51).

ഇങ്ങനെ സഹിക്കവയ്യാതായപ്പോഴാണ് അവൾ തീരുമാനിച്ചത് "അനുരാഗവും വിവാഹജീവിതവും രണ്ടാക്കിത്തിരിക്കണമെന്ന്"(മാധ

വിക്കുട്ടി,2009:51). അങ്ങനെയാണ് രാജനവളുടെ ജീവിതത്തിൽ കടന്നു വന്നത്. അയാളോടൊത്തുള്ള നിമിഷങ്ങൾ വിശ്വസിക്കാൻ വയ്യാത്തത്ര മധുരങ്ങളായിരുന്നു. ഭർത്താവിനോടുള്ള വെറുപ്പിനും കാമുകനോടുള്ള അനുരാഗത്തിനുമിടയിൽ, മാതൃത്വത്തിന്റെ മൃദുലഭാവങ്ങൾ ഉണരുന്നു. മാതൃത്വത്തിന്റെ ഈ മൃദുലഭാവങ്ങളാണ് കഥയിലെ നായികയുടെ മന:പരിവർത്തനത്തിന് കാരണം.

**'പാവം താലി'**

ഭർത്താവിനെ ആത്മാർത്ഥമായി സ്നേഹിക്കുകയും വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്ത ലേഡി ഡോക്ടറുടെ കഥയാണ് 'ചതി'. പ്രസവത്തിനെത്തുന്ന സ്ത്രീകൾക്ക് മാതൃസഹജമായ സ്നേഹവാത്സല്യങ്ങൾ പകർന്നിരുന്ന അവൾ രാത്രിയിൽ പലപ്പോഴും ആശുപത്രിയിൽത്തന്നെ കഴിയുവാൻ നിർബന്ധിതയാകുന്നു. അത്തരമൊരു ദിവസമാണ് ഭർത്താവ് അവളുടെ അൻപതാം പിറന്നാളിനെക്കുറിച്ച് പറഞ്ഞതും നേരത്തെ വരണമെന്ന് ഓർമ്മപ്പെടുത്തുന്നതും. നേരിയ ചുളിവുകൾ വന്നുകഴിഞ്ഞ മുഖം കണ്ണാടിയിൽ നോക്കി അവളോർക്കുന്നു. "ഈ മുഖത്തെ തന്റെ ഭർത്താവ് സ്നേഹിക്കുന്നുണ്ടോ? തീർച്ചയായും. അദ്ദേഹത്തിന്റെ ചെറുപ്പം വിടാത്ത ആ പുഞ്ചിരി അവൾക്ക് ഓർമ്മവന്നു"(മാധവിക്കുട്ടി,2009:250).

ഭർത്താവിനെക്കുറിച്ച് അഭിമാനത്തോടെ അവളോർക്കുന്നു, "തനിക്ക് വാർധക്യത്തെ ഭയപ്പെടേണ്ട ആവശ്യമില്ല. സ്നേഹിക്കുവാൻ ആരുമില്ലാത്തവർക്കേ അതൊക്കെ ഭയപ്പെടേണ്ടു. തനിക്കു സ്നേഹമുണ്ട്.."(മാധവിക്കുട്ടി,2009:251). ഡ്യൂട്ടികഴിഞ്ഞ് പതിവിലും നേരത്തെ മടങ്ങുമ്പോൾ അവർ ഓർക്കുകയാണ് ആറു മണിക്കൂറുകൾ തനിക്ക് അദ്ദേഹത്തിനോടൊന്നിച്ച് കഴിച്ചുകൂട്ടാം. ഇപ്പോൾ നിരാശനായി അദ്ദേഹം കിടന്ന് ഉറങ്ങുകയാവും.

വീട്ടിലെത്തുമ്പോൾ അവൾ സന്തോഷിക്കുന്നു "ഇതെന്റെ വീടാണ്... എന്റെ തോട്ടം... എന്റെ മരങ്ങൾ. എന്റെ സ്വന്തം ആകാശക്കഷ്ണം....പിന്നെ, ആ വീടിന്റെ വെണ്മാടത്തിന്റെ മീതെ കാണുന്ന വെള്ള മുഖം എന്റെ സ്വന്തം ചന്ദ്രൻ...."(മാധവിക്കുട്ടി,2009:254). ഈ ചിന്തകളോടെ ഭർത്തൃസവിധത്തിലെത്തുന്ന ഡോക്ടർക്ക് ഭർത്താവ് മറ്റൊരു സ്ത്രീയൊടൊപ്പം ശയിക്കുന്നതാണ് കാണേണ്ടിവന്നത്. ഇരുപത്തിയഞ്ചു വർഷം സംതൃപ്ത ദാമ്പത്യം നയിച്ചു എന്ന് അഭിമാനിച്ച നായികയ്ക്ക് തന്റെ അൻപതാം ജന്മദിനത്തിൽ മാത്രമാണ് താൻ വഞ്ചിക്കപ്പെട്ടതായി മനസ്സിലാവുന്നത്. തന്റെ ദാമ്പത്യവിജയത്തെക്കുറിച്ച് തെല്ല് അഭിമാനത്തോടെ ചിന്തിച്ച നായികയ്ക്കുണ്ടാകുന്ന വിശ്വാസത്തകർച്ച വളരെ തീവ്രവും ഭയാനകവുമാണ്. അമിതവിശ്വാസം അവരുടെ തീവ്രദു:ഖത്തിന് കാരണമാകുന്നു.

**അശാന്തമായ മധുവിധു**

ദാമ്പത്യബന്ധം ഏറ്റവും നീചമായി അധ:പതിച്ച് വിദ്വേഷപൂർണ്ണമായിത്തീരുകയും പരസ്പരഹത്യയ്ക്ക് ഇടയാക്കുകയും ചെയ്യുന്ന കഥയാണ് 'നീട്ടിവെച്ച മധുവിധു'. പതിനഞ്ചു വർഷത്തെ ദാമ്പത്യജീവിതത്തിനുശേഷം മധുവിധു യാത്രയ്ക്ക് മദിരാശിക്ക് പുറപ്പെട്ടതായിരുന്നു അവർ. വണ്ടി ഇളകിത്തുടങ്ങിയപ്പോൾ, ഒന്നാം ക്ലാസ്സു മുറിയിൽ പ്രവേശിച്ച അപരിചിതനായ ചെറുപ്പക്കാരന്റെ സാന്നിധ്യത്തിൽ അസ്വസ്ഥയായി ഭാര്യ ഭർത്താവിനോട് പറഞ്ഞു "ഇയാള് മദിരാശി വരെ ഉണ്ടാവ്വോ, ആവോ?"(മാധവിക്കുട്ടി,2009:400). അയാൾ മറുപടി പറഞ്ഞില്ല. അജ്ഞാതമായ വിശപ്പ് നിഴലിക്കുന്ന കണ്ണുകളുള്ള ചെറുപ്പക്കാരന്റെ അലക്ഷ്യഭാവം അവൾക്ക് ഇഷ്ടമായില്ല. അയാൾ അവളെ നോക്കിയേതേയില്ല. തന്റെ സൗന്ദര്യത്തിനെ ആ ദരിദ്രവേഷക്കാരൻ അപമാനിച്ചതായി അവൾക്കു തോന്നി.

അസ്വസ്ഥതയോടെ അവൾ പറഞ്ഞു:"നല്ല മധുവിധുയാത്ര യാണ്!" അവളുടെ ഭർത്താവ് ചിരിച്ചു ... ഭാര്യ വീണ്ടും പറഞ്ഞു."പതി നഞ്ചുകൊല്ലമായി നമ്മൾ പ്ലാനിട്ടതല്ലേ. ഈ മുറീല് തനിച്ചാവുംന്ന് വിചാരിച്ചു. എന്തിനാ തനിച്ചാവണ്?, സംസാരിക്കാൻ ഒരാളുണ്ടാവ ണത് നല്ലതല്ലേ? ഭർത്താവ് ചോദിച്ചു"(മാധവിക്കുട്ടി,2009:400). അസ ഹ്യതയോടെ അവൾ സീറ്റിൽ ചാരിക്കിടന്ന് കണ്ണുകളടച്ചപ്പോൾ, തന്റെ സ്വപ്നങ്ങളെയാകെത്തകർത്ത്,ജീവിതം പഴന്തുണിപോലെ വികൃത മാക്കിയ ഭർത്താവിനെക്കുറിച്ചും സ്നേഹമില്ലാത്ത രാത്രികളെക്കു റിച്ചുമാണ് ഓർമ്മവന്നത്.

രാത്രിയിൽതന്നെ കൊല്ലാൻ ശ്രമിക്കുന്ന ചെറുപ്പക്കാരനെ കണ്ട് ഉറക്കമുണർന്ന് നിലവിളിക്കുന്ന അവൾ തന്റെ ഭർത്താവ് ഉണർന്ന് രക്ഷപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. "രണ്ടു പരുത്ത കൈകൾ അവ ളുടെ കഴുത്തു ഞെരിച്ചു. അവർ ആശ്ചര്യത്തോടെ മരിച്ചു. തന്റെ മര ണത്തിന്റെ കാരണം അവളറിഞ്ഞിരുന്നില്ല. അവളുടെ ജഡം വലിച്ച് പുറത്തെ അന്ധകാരത്തിലേക്കു എറിഞ്ഞുകഴിഞ്ഞപ്പോൾ ആ ചെറുപ്പ ക്കാരൻ അതുവരെ ഉറങ്ങിയപോലെ കിടന്നിരുന്ന ഭർത്താവിനോട് പറഞ്ഞു. 'ഒക്കെ ശരിയായി, സാഹിബ്. ഇനി എനിക്കു തരാനുള്ള ആയിരം തന്നാൽ ഞാൻ വെളിച്ചമാവുമ്പോഴേക്കും ഇറങ്ങി പ്പോവാം"(മാധവിക്കുട്ടി,2009:401). അയാൾ കൊടുത്ത പണം വാങ്ങി യിട്ട് ചെറുപ്പക്കാരൻ പറഞ്ഞു "പക്ഷേ, ഒരു കാര്യം കൂടി ചെയ്യാനു ണ്ട്', 'ഉം?' സെൻഗുപ്തസാഹിബും പണം തന്നായിരന്നു.'രണ്ടായിരം'. ബലിഷ്ഠനായ ചെറുപ്പക്കാരന്റെ കൈകൾ അയാളോടും ദയ കാട്ടിയി ല്ല"(മാധവിക്കുട്ടി,2009:401).

തങ്ങളുടെ രഹസ്യബന്ധങ്ങൾ പരസ്പരം അറിയുക വഴി ശത്രു ക്കളായിത്തീർന്ന ദമ്പതികളെയാണ് ഈ കഥയിൽ ചിത്രീകരിച്ചിരി

ക്കുന്നത്. ഭാര്യയെ വധിക്കുവാൻ ഭർത്താവും ഭർത്താവിനെ കൊല്ലുവാൻ ഭാര്യയുടെ കാമുകനും വാടകകൊലയാളിയെ ഏർപ്പെടുത്തുന്നു. പരസ്പരം ഒഴിവാക്കുകവഴി പുതിയ ബന്ധങ്ങൾ കരുപ്പിടിപ്പിക്കുവാൻ വ്യാമോഹിക്കുന്നവരാണ് ഇവർ. നായികാനായകന്മാരുടെ മരണത്തിലൂടെ ദാമ്പത്യബന്ധങ്ങളുടെ ശൈഥില്യമാണ് വെളിവാകുന്നത്.

**വില്പനച്ചരക്കാകുന്ന സ്ത്രീത്വം**

വിവാഹത്തെ കച്ചവടമായി കാണുന്ന കഥകൾ മാധവിക്കുട്ടിയുടേതായുണ്ട്. 'മാഹിയിലെ വീട്' എന്ന കഥ വിലയ്ക്കുവാങ്ങലിന്റെ ഒരുദാഹരണമാണ്. വീട്ടുകാർ നിശ്ചയിച്ചു നടത്തുന്ന വിവാഹങ്ങളേ നന്നായി വരുന്നുള്ളൂ എന്ന് ഈ കഥയിലെ നായികയോട് അവളുടെ അച്ഛൻ എപ്പോഴും പറഞ്ഞിരുന്നു. നായികയുടെ ഏട്ടത്തിയെ ഉദ്ദേശിച്ചും കൂടിയാണ് അയാൾ അത് പറഞ്ഞിരുന്നത്. ഏടത്തി സ്നേഹത്തിൽപ്പെട്ടാണ് കല്യാണം കഴിച്ചത്. എന്നിട്ടുംകൂടി അവരുടെ ജീവിതം സഹിക്കാൻ വയ്യാത്തതരമായിരുന്നു. അവളുടെ വിവാഹം അങ്ങനെയൊന്നുമല്ല ഉണ്ടായത്. അത് അവളുടെ അച്ഛൻ ആലോചിച്ചുറപ്പിച്ചതായിരുന്നു. വിദേശത്തു പഠിക്കാൻ പോകാനുള്ള ഒരുവഴിയായിട്ടാണ് അവളുടെ ഭർത്താവ് അവളെ വിവാഹം കഴിച്ചത്. അല്ലാതെ അവളുടെ പുഞ്ചിരിയിലും മറ്റും ഭ്രമിച്ചിട്ടല്ല. ഇക്കഥയിൽ നായികയുടെ അച്ഛൻ പണം കൊടുത്ത് മകൾക്കുവേണ്ടി ഒരു ഭർത്താവിനെ വിലയ്ക്കു വാങ്ങുകയാണ് ചെയതത്. എന്തും വിലയ്ക്കു വാങ്ങാവുന്ന ഈ ലോകത്ത് ഭാര്യയേയും ഭർത്താവിനെയും വിലയ്ക്ക് വാങ്ങുക സാധാരണമാണ്. എന്നാൽ സ്നേഹം ഇപ്രകാരം വിലയ്ക്ക് കിട്ടാത്തതുകൊണ്ട് ദാമ്പത്യജീവിതത്തിൽ അസ്വസ്ഥതകളുണ്ടാവുന്നു.

മാധവിക്കുട്ടിയുടെ കഥകളിലെ ദാമ്പത്യബന്ധങ്ങൾ അസംതൃപ്തവും അസ്ഥിരവുമാണ്. സ്ത്രീമനസ്സിന്റെ തേങ്ങലുകളാണ് ഈ കഥ

കളിലെല്ലാം നിറഞ്ഞുനില്ക്കുന്നത്. അസംതൃപ്തരായ ഭാര്യമാർ, സ്വാർത്ഥരായ ഭർത്താക്കന്മാർ, വാർദ്ധക്യം ബാധിച്ച ഭർത്താക്കന്മാർ, കാമാസക്തരായ ഭർത്താക്കന്മാർ, പരസ്ത്രീ ബന്ധമുള്ളവർ, കാമുകനെ തേടുന്ന ഭാര്യമാർ, അന്യോന്യം മുറിവേല്പിക്കുന്ന ദമ്പതികൾ, മന സ്സുകൊണ്ട് അറിയാനാവാതെ പരാജയപ്പെടുന്നവർ- ഇത്തരത്തിലുള്ള ഭാര്യാഭർത്താക്കന്മാരാണ് മാധവിക്കുട്ടിയുടെ കഥകളിൽ കണ്ടുമുട്ടുന്ന വർ. ഇവരെല്ലാം തന്നെ അശാന്തി നിറഞ്ഞമനസിനുടമകളുമാണ്.

ദാമ്പത്യം എന്ന സ്ഥാപനത്തിന്റെ ചട്ടക്കൂടിനുള്ളിൽ സ്ത്രീകൾ അനുഭവിക്കുന്ന ദുരിതവും സ്വാതന്ത്ര്യമില്ലായ്മയുമാണ് ഇവിടെ കണ്ട കഥകളുടെയെല്ലാം പൊതുസ്വഭാവം. സ്ത്രീയുടെ ക്ഷേമസ്ഥാപനമായി ഇവയൊന്നും വിവാഹത്തെ സ്വീകരിക്കുന്നില്ല. വിവാഹത്തെ ആദർശ വത്കരിക്കുന്നുമില്ല. വിവാഹത്തെ ഇതിന്റെ ആദർശലോകത്തുനിന്നും സ്ത്രീയുടെ യാഥാർഥ്യങ്ങളിലേയ്ക്ക് പിടിച്ചുനിർത്താൻ ഈ കഥ കൾ ശ്രമിച്ചിരിക്കുന്നു. ചുരുക്കത്തിൽ അധീശസംസ്കാരത്തോടുള്ള വിയോജിപ്പുകൾ രേഖപ്പെടുത്തുവാനും സ്ത്രീയുടെ വിമോചനത്തിന് പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്ന സ്ഥാപനമായി ദാമ്പത്യത്തെ ദർശി ക്കുവാനും മാധവിക്കുട്ടിയുടെ കഥകൾക്ക് സാധിച്ചിരിക്കുന്നു.

## സഹായകഗ്രന്ഥങ്ങൾ

1. എബ്രഹാം (എഡിറ്റർ), *മാധവിക്കുട്ടി : ശരീരത്തിന് എത്ര ചിറകുകൾ*, എച്ച് & സി.ബുക്സ്, തൃശൂർ:2009.
2. ഒരു സംഘം ലേഖകർ, *പെണ്ണെഴുത്ത്*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം: 2002..
3. ജാനമ്മ കുഞ്ഞുണ്ണി, *സ്ത്രീ:ജീവിതം, സംസ്കാരം*, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം: 2008.

4. ജോഷി വർഗീസ്;ജോജി മാടപ്പാട്, *മലയാളത്തിലെ കഥാകാരികൾ*, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം: 2012.

5. തിലക് പി.കെ, *കഥാപഠനങ്ങൾ*, മാതൃഭൂമി ബുക്സ്, കോഴിക്കോട്: 2012.

6. പത്മകുമാർ മുഞ്ഞിനാട് (എഡിറ്റർ), *മാധവിക്കുട്ടി:ഓർമ്മ, പഠനം, അഭിമുഖം*, ASCENS BOOKS, കോട്ടയം: 2012.

7. ബീനാമ്മ മാത്യു, *നഷ്ടപ്പെട്ട നീലാംബരിയും നീർമാതളവും*, ഗുരുസാഗരം പബ്ലിക്കേഷൻസ്, കോട്ടയം: 2009.

8. മാധവിക്കുട്ടി, *മാധവിക്കുട്ടിയുടെ കൃതികൾ സമ്പൂർണ്ണം*,ഡി. സി. ബുക്സ്, കോട്ടയം :2009.

9. രവികുമാർ കെ. എസ്, *കഥയും ഭാവുകത്വപരിണാമവും*, സാഹിത്യപ്രവർത്തക  സഹകരണ സംഘം, കോട്ടയം: 2012.

10. രവീന്ദ്രൻ എൻ. കെ, *പെണ്ണെഴുതുന്ന ജീവിതം*, മാതൃഭൂമി ബുക്സ്,കോഴിക്കോട്: 2010.

11. രാമകൃഷ്ണൻ ഇ. വി., *സ്ത്രീ,സ്വത്വം, സമൂഹം:* മാധവിക്കുട്ടി പഠനങ്ങൾ, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്: 1994.

12. ചന്ദ്രൻ നായർ പന്മന, *കഥാപഠനങ്ങൾ*,കറന്റ് ബുക്സ്, കോട്ടയം:2006.

13. വാസുദേവൻ നായർ കളർകോട്, *തരിശുനിലത്തിന്റെ കഥകൾ*, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം: 2010.

14. വിജയൻ എം. എൻ, *കഥയുടെ നൂറ്റാണ്ട്*, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.

15. സുജ സൂസൻ ജോർജ്ജ് (എഡിറ്റർ), *എഴുത്തുകാരികളുടെ മാധ*

*വിക്കുട്ടി*,സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം: 2009.

## ആനുകാലികങ്ങൾ

1. മലയാളം റിസേർച്ച് ജേണൽ, വാല്യം ഒന്ന്, ലക്കം രണ്ട് -മൂന്ന്, മെയ്യ്- സെപ്റ്റംബർ: 2008.
2. സാഹിത്യലോകം, പുസ്തകം ഇരുപത്, ലക്കം ആറ്, നവംബർ-ഡിസംബർ: 1995.
3. സാഹിത്യലോകം, പുസ്തകം ഇരുപത്തിയാറ്, ലക്കം രണ്ട്, മാർച്ച് -ഏപ്രിൽ:2001.

# നീലാംബരിയുടെ ഓർമ്മകൾ

**ഡോ. വന്ദന ബി.**

*''നനുത്ത മഴയിൽ ഗുൽമോഹർ മരത്തിനു താഴെ നനഞ്ഞു നിൽക്കുന്ന എന്നോട് അലക്ഷ്യനായി നടന്നുവന്നാണ് അവൻ പ്രേമം അഭ്യർത്ഥിക്കുന്നതെങ്കിൽ ഉറപ്പായും ഞാൻ അവനോട് ചേരും'' - മാധവിക്കുട്ടി*

'നഷ്ടപ്പെട്ട നീലാംബരി' മാധവിക്കുട്ടിയുടെ ഏറ്റവും മനോഹരമായ ചെറുകഥയാകുന്നത് സംഗീതവും സാഹിത്യവും പ്രണയവും പരസ്പരം ചേർന്നുനിൽക്കുന്നതു കൊണ്ടാണ്. കൗമാരത്തിൽ നഷ്ടപ്പെട്ടുപോയ പ്രണയം തേടി മധുരയിലെത്തുന്ന ഡോക്ടർ സുഭദ്രയുടെ കഥയാണ് നഷ്ടപ്പെട്ട നീലാംബരി പറയുന്നത്. മധുര വിട്ട് മദ്രാസിൽ പഠിച്ചപ്പോഴും പിന്നീട് ഭർത്താവിനൊപ്പം കോഴിക്കോട് ജീവിച്ചപ്പോഴും മധുര ഒളിമങ്ങാത്ത ഓർമ്മയായി സുഭദ്രയുടെ മനസ്സിൽ തങ്ങിനിന്നിരുന്നു. മുല്ലയും പിച്ചകവും ജമന്തിയും മണക്കുന്ന തെരുവുകളിൽ, മധുരമീനാക്ഷി ക്ഷേത്രത്തിന്റെ തണുത്ത അകത്തളങ്ങളിൽ ഒക്കെ സുഭദ്ര അന്വേഷിച്ചത് നഷ്ടപ്പെട്ട നീലാംബരിയെ മാത്രമായിരുന്നില്ല, തന്റെ സ്വത്വം തന്നെയായിരുന്നു. പ്രമേയത്തിലും അവതരണത്തിലും നിലനിന്നുപോന്ന കീഴ്‌വഴക്കങ്ങളെ ലംഘിച്ചുകൊണ്ട് മലയാളിയുടെ സാംസ്കാരിക ലോകത്ത് പുതുവിപ്ലവത്തിന് തുടക്കമിട്ട മാധവിക്കുട്ടിയുടെ കഥയിൽ നിറഞ്ഞു നിൽക്കുന്നത് സ്ത്രീയുടെ വിവിധ ഭാവങ്ങളാണ്. യാഥാർത്ഥ്യവും ഭാവനയും ഇടകലർന്ന കഥാലോകത്തിൽ നിർവ്വചനങ്ങളില്ലാത്ത സ്ത്രീയുടെ സ്വത്വം അവർ തുറന്നു കാട്ടി.

സ്നേഹത്തിന്റെ വ്യത്യസ്ത മുഖങ്ങളും സ്ത്രീപുരുഷബന്ധത്തിന്റെ പുതുവചനങ്ങളുമാണ് അവർ വരച്ചു കാട്ടിയത്. 33 വർഷങ്ങൾക്കു ശേഷം നഷ്ടപ്പെട്ടതെന്തോ അന്വേഷിച്ച് മധുരയിലെത്തുന്നതാണ് ഡോക്ടർ സുഭദ്ര. നഷ്ടപ്പെട്ടതെന്തോ അന്വേഷിച്ചുള്ള വരവായിരുന്നു എങ്കിലും അത് എന്താണെന്നുള്ള ധാരണ സുഭദ്രയ്ക്കു പോലുമുണ്ടായിരുന്നില്ല. ഒറ്റയ്ക്ക് ഡ്രൈവ് ചെയ്തുള്ള തന്റെ ഈ വരവിലും വർഷങ്ങൾക്കു മുമ്പ് മധുരവിട്ട് മദ്രാസിൽ പഠിക്കുമ്പോഴും അതു കഴിഞ്ഞ് വിവാഹത്തിനു ശേഷം ഭർത്താവുമൊന്നിച്ച് താമസിക്കുമ്പോഴും മധുരയെന്ന നഗരവും തെരുവുകളും നിറം മങ്ങിയ സ്വപ്നമായി സുഭദ്രയുടെ ഉള്ളിലുറങ്ങിക്കിടന്നിരുന്നു. ആ ഓർമ്മകൾ സുഭദ്രയുടെ ഭർത്താവിനെ സംശയാലുവാക്കിയിരുന്നു. മധുരയെപ്പറ്റി സംസാരിക്കുമ്പോൾ സുഭദ്ര മറ്റൊരാളായി മാറുന്നു എന്ന് അയാൾ പറഞ്ഞുകൊണ്ടേയിരുന്നു.

ഡോക്ടറും ഭർത്താവും ആദരണീയരായ ദമ്പതികളായിരുന്നു പരിചിതർക്കും സുഹൃത്തുക്കൾക്കുമിടയിൽ. ആദ്യകാലങ്ങളിൽ സുഭദ്രയ്ക്ക് ഭർത്താവിനോട് ഒരു പേടിയുണ്ടായിരുന്നെങ്കിലും ജോലിയിൽ കൂടുതൽ ശ്രദ്ധചെലുത്തി അവൾ ജീവിതനിലവാരം മെച്ചപ്പെടുത്തി. ഭർത്താവ് രോഗശയ്യയിൽ കിടക്കുമ്പോൾ നന്നായി പരിചരിച്ചു. ഇങ്ങനെ സ്ത്രീസ്വത്വത്തിന്റെ വിവിധ ഭാവങ്ങളെ അവർ ഈ കഥകളിലൂടെ ആവിഷ്കരിച്ചു. സത്യം പറയൂ, നീ മറ്റുവല്ലവരുടേയും കാമുകിയായിരുന്നോ? ഭർത്താവ് ചോദിച്ചു. വിവാഹിതയാവുന്നതുവരെ ഞാൻ കന്യകയായിരുന്നു. അവൾ പറഞ്ഞു. പുരുഷന് ഇത്രയും ശക്തമായ മറുപടി നൽകുന്ന കഥാപാത്രങ്ങളെ നമുക്ക് മലയാളത്തിൽ മാധവിക്കുട്ടിയുടെ കഥകളിൽ മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. പ്രണയിനിയുടെ വികാരതീക്ഷ്ണത, ബാല്യത്തിന്റെ നിഷ്കളങ്കത,

മാതൃത്വത്തിന്റെ മഹത്ത്വം, സ്ത്രീയുടെ സഹജമായ നിഷ്കളങ്കത, ചാപല്യം എന്നിങ്ങനെയുള്ള വിവിധഭാവങ്ങളാണ് ഈ കഥയിൽ പ്രതിഫലിക്കുന്നത്. ഒരു തരത്തിൽ പറഞ്ഞാൽ വായനക്കാരന്റെ ഭാവനാലോകത്തിന്റെ അതിർവരമ്പുകൾ മാധവിക്കുട്ടി പുനർനിർവ്വചിക്കുകയായിരുന്നു.

യഥാർത്ഥ പരിസരത്തിന്റേയും അതിനു സമാന്തരമായി സഞ്ചരിക്കുന്ന മായാലോകത്തിലെ വ്യവഹാരത്തേയും മാധവിക്കുട്ടി അവതരിപ്പിക്കാറുണ്ട്. 'നഷ്ടപ്പെട്ട നീലാംബരി'യിലും ഇത് നമുക്ക് ദർശിക്കാം. നീലാംബരിപോലെ പെയ്തിറങ്ങുന്ന അനശ്വരപ്രണയം സുഭദ്രയുടെ മനസ്സിൽ ഒരു വിങ്ങലായി അവശേഷിക്കുമ്പോൾ വായനക്കാരുടേയും കണ്ണുനിറയുന്നു. ബാല്യം മുതൽ വാർദ്ധക്യം വരെയുള്ള സ്ത്രീയുടെ വിവിധഭാവങ്ങൾ മാധവിക്കുട്ടി ഭംഗിയായി ഒപ്പിയെടുക്കുന്നു. ഭർത്താവിന്റെ മരണശേഷം സ്ത്രീ മരിച്ചതിനു തുല്യയായി ജിവിക്കണമെന്ന ചിന്ത, 'നഷ്ടപ്പെട്ട നീലാംബരി'യിൽ ചോദ്യം ചെയ്യപ്പെടുന്നു. ഭാവതീക്ഷ്ണതകൊണ്ടും ഭാഷയുടെ ഒതുക്കം കൊണ്ടുമാണ് ഈ ചെറിയ കഥ മികച്ച വായനാനുഭവമായി മാറുന്നത്. ശാസ്ത്രികളുടെ മുഖത്തെയോ ശരീരത്തെയോ സ്വഭാവത്തെയോ ഒന്നുമായിരുന്നില്ല സുഭദ്ര സ്നേഹിച്ചത്; അദ്ദേഹത്തിന്റെ ശബ്ദം. ശാസ്ത്രികളുടെ ആത്മരാഗത്തെ ഒരു രോഗത്തിനും തിന്നു തീർക്കാനാകില്ല എന്നവൾ വിശ്വസിക്കുന്നു. ഉറക്കെ പാടാതിരിക്കിലും അവൾ അത് തിരിച്ചറിയുന്നുണ്ട്. ഇതു കടൽത്തിരയെ നോക്കി നിശബ്ദയായി നിൽക്കുമ്പോഴും അവൾ ഓർക്കുന്നുണ്ട്. ഓരോ തിരമാലയിലും സുഭദ്രയ്ക്കുറങ്ങാൻ ഒരു നീലാംബരി ഒഴുകി അലച്ചെത്തുന്നുണ്ട്. ശാസ്ത്രികളോട് തനിക്ക് മിണ്ടാനാവില്ലെങ്കിലും ഹൃദയംകൊണ്ട് അവൾ ആവർത്തിച്ച് പറഞ്ഞുകൊണ്ടേയിരിക്കുന്നു ; ''ആ നീലാംബരി ഒന്നുകൂടി പാടുമോ എന്ന്....''.

ജീവിതം പ്രക്ഷുബ്ധമായ ഒരു കടലെന്നപോലെ ചഞ്ചലമാണ്. മനുഷ്യൻ അകത്തും പുറത്തും മാറിക്കൊണ്ടേയിരിക്കും. അവസാനമില്ലാത്ത പരിവർത്തനങ്ങളാണ് മനുഷ്യജീവിതം. മാധവിക്കുട്ടി തന്റെ ഡയറിയിൽ കുറിച്ചിടുന്നു. (രാമചന്ദ്രൻ നായർ, 2006:144)

നിത്യപ്രണയത്തിന്റെ വ്രതനിഷ്ഠമായ സമരാഗ്നിയിൽ ജ്വലിച്ചു നിൽക്കുന്ന സ്ത്രീസ്വത്വത്തിന്റെ വൈവിധ്യമാർന്ന ഭാവങ്ങളെ ആവിഷ്കരിക്കുന്ന കഥയാണ് ഇത്. പ്രണയവും ത്യാഗവും വിരഹത്തോടെ വരുന്ന മാനസിക ആഘാതവും നഷ്ടബോധവും കഥയിൽ കൂടിച്ചേരുന്നു. അനുവാചകന്റെ ബോധ്യങ്ങളെ പലതരത്തിൽ തകർക്കുന്ന കഥകളാണ് മാധവിക്കുട്ടിയുടേത്. മാധവിക്കുട്ടിയുടെ, പ്രണയത്തെ സംബന്ധിച്ച എഴുത്തുകളെല്ലാം നിഷേധങ്ങൾ മാത്രമായിരുന്നില്ലെന്ന് നമുക്കറിയാം. സമ്പൂർണ്ണ സമർപ്പണത്തിന്റെ തലത്തിൽ പ്രണയത്തെ അവർ ആവിഷ്കരിക്കുന്നു. അവർ ആവിഷ്കരിച്ച കഥകളും ഇതിന്റെ തുടർച്ച തന്നെയാണ്. പ്രണയത്തെയും ദാമ്പത്യത്തെയുമെല്ലാം മാധവിക്കുട്ടിയുടെ കഥാപാത്രങ്ങൾ വിലയിരുത്തുന്ന രീതി രസകരമാണ്. പ്രണയത്തിന്റെ നിഷേധവും ആഘോഷവും ഒരുപോലെ ഈ കഥകളിൽ കാണാം. ജീവിതത്തിന്റെ അവസാന നിമിഷം വരെ സ്നേഹം തിരിച്ചു കിട്ടില്ലെന്നറിഞ്ഞിട്ടും പുരുഷനെ പ്രണയിച്ചുകൊണ്ടിരിക്കുന്ന സ്ത്രീകളും മാധവിക്കുട്ടിയുടെ കഥകളിലുണ്ട്.

വിവാഹം, ദാമ്പത്യം സ്ത്രീയെ സംബന്ധിച്ച് എങ്ങനെ ബാധ്യതയാവുന്നു എന്ന് മാധവിക്കുട്ടിയുടെ കഥകളിൽ നാം പലപാട് പരിചയിച്ചിട്ടുണ്ട്. അവിടെ, ഒന്നും അവൾക്കു വേണ്ടി കരുതിവെക്കപ്പെട്ടില്ല; സ്നേഹംപോലും. ദാമ്പത്യത്തിന്റെ മടുപ്പ് പ്രകടമാക്കുന്നവരാണ് അധികകഥാപാത്രങ്ങളും. അതുവരെ മലയാളസാഹിത്യത്തിൽ നാം പരിചയിച്ച സ്ത്രീകഥാപാത്രങ്ങളിൽ നിന്ന് ഭിന്നരാണ് ഇവർ. അനുഭവങ്ങ

ളോട് നീതി പുലർത്തുന്ന കഥാപാത്രമായി സുഭദ്ര മാറുന്നു. സ്ത്രീയുടേത് പോലെ പുരുഷന്റെ മനസ്സും ഇവർ സൂക്ഷ്മതയോടെ അവതരിപ്പിച്ചിട്ടുണ്ട്. സ്വന്തമായി കണ്ടെത്തിയ വാക്കുകൾക്ക് സുന്ദരമായ സംഗീതം നൽകിയാലെന്നപോലെ കാച്ചിക്കുറുക്കിയ വാക്കുകൾ കൊണ്ട് മലയാളികളുടെ മനസ്സിനെ അവർ കീഴ്പ്പെടുത്തി. സ്വയം കണ്ടെത്തിയ വഴിയേ അവർ നടന്നു. പിന്നിട്ട വഴികളിൽ അനശ്വരതയോടെ നിലനിൽക്കുന്ന അക്ഷരക്കൂട്ടങ്ങളെയും സൃഷ്ടിച്ചു. മാറ്റത്തിന്റെ വഴികളിൽ സ്വയം പ്രതിഷ്ഠിച്ച ജീവിതമായിരുന്നു മാധവിക്കുട്ടിയടേത്. ജീവിതഗന്ധിയായ രചനകൾ അവരുടെ തൂലികയിൽ നിന്നു വിടർന്നു. മലയാളത്തിൽ പ്രണയത്തെ ഇത്രത്തോളം തുറന്നെഴുതിയ മറ്റൊരു കഥാകാരി ഉണ്ടായിട്ടില്ല. ആമിയായും മാധവിക്കുട്ടിയായും കമലാദാസായും കമലാസുരയ്യയായും അവർ എഴുത്തിലും പകർന്നാട്ടങ്ങൾ നടത്തി. പ്രമേയത്തിലെ വ്യത്യസ്തത ഒഴിവാക്കിയാൽ വിതുമ്പി നിൽക്കുന്ന ഒരു വിഷാദം അവരുടെ കഥകളുടെ നിറഞ്ഞ സാന്നിധ്യമായി അനുഭവപ്പെടുന്നു എന്ന് ഡോ.മിനി പ്രസാദ് നിരീക്ഷിക്കുന്നുണ്ട്. (മിനിപ്രസാദ്,2014 : 56)

പച്ചയായ ജീവിതത്തെ വരികളിലൂടെ തുറന്ന പുസ്തകമാക്കി എഴുത്തിന്റെ ജീവനും ജീവിതവുമായിരുന്നു മാധവിക്കുട്ടിയുടെ കഥാപാത്രങ്ങൾ. സുഭദ്രയിലും പ്രണയത്തിന്റെ സൗന്ദര്യവും ജീവിതത്തിന്റെ നിറപ്പകിട്ടും നിലയ്ക്കാതെ ഒഴുകിക്കൊണ്ടേയിരുന്നു. പ്രേമം നിത്യവും അനശ്വരവുമാണെന്ന് ഓർമ്മപ്പെടുത്തുമ്പോൾ നീലാംബരി ഇന്നും മായാതെ നഷ്ടപ്പെടാതെ നിലനിൽക്കുന്നു. പ്രേമം തന്നെ ആയിരുന്നു അവരുടെ എഴുത്തും ജീവിതവും. ഓരോ വാക്കും മാധവിക്കുട്ടിക്ക് കവിതയായിരുന്നു, കഥയായിരുന്നു. അതോടൊപ്പം പ്രണയമായിരുന്നു. നമ്മൾ പറയാൻ ആഗ്രഹിക്കുന്നതും അതിലുപരി കേൾക്കാൻ ആഗ്ര

ഹിക്കുന്നതുമായ വരികളായിരുന്നു അവർ എഴുതിയത് മുഴുവനും. കഥകളെ തേടി അവർ അലഞ്ഞില്ല, കഥകളും കഥാപാത്രങ്ങളും അവരിൽ തന്നെ ഉണ്ടായിരുന്നു. ആ കഥാപാത്രത്തെ ഭാവനയുടെ നിറപ്പകിട്ടോടെ സത്യവും പച്ചയുമായ രീതിയിൽ തൂലികത്തുമ്പിലേക്ക് പകരുന്നതായിരുന്നു അവരുടെ രീതി. മറ്റാർക്കും അവകാശപ്പെടാനില്ലാത്ത ഒരു വശ്യത ഉണ്ടായിരുന്നു മാധവിക്കുട്ടിയുടെ എഴുത്തിന്.

പ്രണയത്തെ സ്നേഹിച്ച, വിശ്വസിച്ച ഒരു കവയിത്രിയായിരുന്നു അവർ. ചില കഥകൾ ഭാവനയാണോ ജീവിതമാണോ എന്ന് പോലും തിരിച്ചറിയാൻ കഴിയാതെയാകും. നീർമാതളത്തിന്റെ സുഗന്ധത്തിനൊപ്പം നഷ്ടപ്പെട്ട നീലാംബരി എന്ന നോവും തണുത്തുറഞ്ഞ 'നെയ്പ്പായസ'ത്തിലെ അമ്മയുടെ ഗന്ധവും മാധവിക്കുട്ടി മലയാളികൾക്ക് പറഞ്ഞു തന്നു. സ്വപ്നവും ജീവിതവും രണ്ടും രണ്ടുവഴിക്ക് നീങ്ങിയപ്പോഴുണ്ടായ നഷ്ടബോധങ്ങൾ മാധവിക്കുട്ടി മലയാളത്തിന് സമ്മാനിച്ച മിക്ക കൃതികളിലും വായിച്ചെടുക്കാൻ കഴിയുന്ന അനുഭവമാകുന്നു.

അകം-പുറം കളിയിലൂടെ വിഭ്രാന്തി സൃഷ്ടിക്കലാണ് അതിവിദഗ്ധമായി മാധവിക്കുട്ടി ജാലവിദ്യ എന്നവണ്ണം കൈകാര്യം ചെയ്തത്. മരണവും മാതൃത്വവും കെട്ടുപിണഞ്ഞ കഥകൾ, ഈ ലോകത്തിൽ തിരിച്ചറിയാൻ പറ്റാതെ പോകുന്ന നിർമ്മലബന്ധങ്ങൾ, സ്നേഹത്തിന്റേയും പ്രേമത്തിന്റേയും സാർവ്വലൗകികത ഇവയൊക്കെ കഥയിൽ തെളിയുന്നു. പരിപൂർണ്ണമായ സ്നേഹം കൊണ്ടും സ്നേഹത്തിനു വേണ്ടിയുള്ള ബലിയർപ്പിക്കൽ കൊണ്ടും മാത്രമേ ജീവിതം അർത്ഥപൂർണ്ണമാവുകയുള്ളൂ. കാരണം സ്നേഹം ഒരു തപസ്സാണ്. തപസ്സിന്റെ അന്തിമമായ സായൂജ്യവും അതുതന്നെ. അനുഭൂതിസാന്ദ്രവും അനിർവ്വചനീയവുമായ സ്നേഹം തേടിയുള്ള അനന്തമായ ഒരു യാത്ര

യാണ് ഈ കഥാസമാഹാരത്തിലൂടെ മാധവിക്കുട്ടി നടത്തുന്നത്. പരിതസ്ഥിതിയുടെ പ്രേരണയാൽ തന്നെ സൈർഗ്ഗിക ഭാവങ്ങളെ ഉള്ളിൽ അമർത്തിവച്ച് വിധിക്ക് കീഴടങ്ങി മടുപ്പിനും മരവിപ്പിനും പാത്രമായി മുഖാവരണങ്ങളണിഞ്ഞു നടക്കേണ്ടി വരുന്ന സ്ത്രീകളുടെ വ്യത്യസ്ത മുഖങ്ങളെയാണ് ഈ കഥയിൽ ആവിഷ്കരിച്ചിരിക്കുന്നത്. സ്വന്തം വികാരങ്ങളേയും ചോദനകളേയും കുറിച്ച് സ്വയം നിരൂപിക്കുന്നവരാണ് ഇതിലെ കഥാപാത്രങ്ങളെല്ലാംതന്നെ. കുടുംബജീവിതത്തിലേയും സാമുദായിക ജീവിതത്തിലേയും മൂല്യങ്ങൾ സംരക്ഷിക്കണമെങ്കിൽ ചോദനകൾക്കുമേൽ നമുക്ക് വിജയം കൈവരിക്കാൻ കഴിയണം എന്നവർ പറയാതെ പറയുന്നു.

മാധവിക്കുട്ടിയുടെ കഥകളെല്ലാം തന്നെ സവിശേഷ ചിത്തവൃത്തികളുടെയോ ഭാവാന്തരീക്ഷങ്ങളുടെയോ പ്രകാശനങ്ങളാണ്. അവയിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല ഈ കഥയും. വായനക്കാരന് അസ്വസ്ഥനാകാനും സ്വയം ചിന്തിച്ച് മൂല്യപരമായ നിഗമനത്തിലെത്താനും അവസരം നൽകിക്കൊണ്ട് കഥാകാരി നിസ്സംഗഭാവത്തിൽ അകന്നു നിൽക്കുന്നു. ഈ ഒരു സവിശേഷത കഥകളിലെല്ലാംതന്നെ നിഴലിക്കുന്നുണ്ട്. ജീവിതാനുഭവങ്ങളെ കഥയുടെ ഫോക്കസ്സിൽ കാണിച്ചു തരുന്നു എന്ന ദൗത്യമാണ് ഈ കഥയിലൂടെ മാധവിക്കുട്ടി നിർവ്വഹിച്ചിരിക്കുന്നത്. ബോധാബോധ മനസ്സുകളുടെ സീമകൾ വ്യക്തമല്ലാത്ത, മൂടൽ മഞ്ഞുപോലെ മാന്ത്രികമായ വശ്യശക്തിയുള്ള ഇത്തരം കഥകൾ മലയാളത്തിൽ മറ്റാരും രചിച്ചിട്ടില്ല. ഈ കഥകൾക്കെല്ലാം അവാച്യമായ ഒരാഴമുണ്ട്.

ലെനിൻ രാജേന്ദ്രന്റെ സംവിധാന മികവിൽ 'നഷ്ടപ്പെട്ട നീലാംബരി' എന്ന കഥ 'മഴ' എന്ന സിനിമയായപ്പോൾ അത് അദ്ദേഹത്തിന്റെ തന്നെ സ്ഥിരം ശൈലിയിൽ നിന്നുള്ള ഒരു മാറ്റമായി. പ്രധാന കഥാ

പാത്രമായ സുഭദ്രയുടെ ജീവിതത്തിലെ വിവിധ ഘട്ടങ്ങളിലൂടെയാണ് ലെനിൻ ക്യാമറ ചലിപ്പിച്ചത്. കൗമാരകാലത്ത് സംഗീതഗുരുവായ രാമാനുജം ശാസ്ത്രികളിൽ അനുരക്തയാവുകയും വീട്ടുകാരുടെ നിർബന്ധപ്രകാരം ചന്ദ്രശേഖരമേനോൻ എന്ന ധനികനെ വിവാഹം കഴിച്ച് ജീവിക്കുകയും ചെയ്യേണ്ടി വന്ന സുഭദ്ര 'മഴ'യിലെ പ്രധാന കഥാപാത്രമായി. പ്രണയവും വിരഹവും നഷ്ടബോധവുമെല്ലാം മഴയുടെ പിന്നണിയിൽ പറയുമ്പോൾ അത് ഒന്നുകൂടി വികാരനിർഭരമാകുന്നു. നായികയായ ഭദ്രയ്ക്ക് തന്റെ സംഗീത അധ്യാപകനോട് തോന്നുന്ന പ്രണയത്തിന്, അതിന്റെ സ്നേഹ നിമിഷങ്ങൾക്ക് അകമ്പടിയാകുന്നത് മഴയാണ്.

വിചിത്രമായ മനോനിലയും അതിസങ്കീർണ്ണമായ മനോഭാവങ്ങളുമാണ് മാധവിക്കുട്ടിയുടെ കഥാപാത്രങ്ങളെ നയിച്ചിരുന്നത്. അവരവർ ആഗ്രഹിച്ചതു പോലുള്ള സ്നേഹം നിഷേധിക്കപ്പെട്ടു എന്ന തോന്നലുമായി ജീവിക്കുന്നവരും നാട്ടിൽ നിന്നും നഗരത്തിലേക്കും തിരിച്ചും പറിച്ചുനടപ്പെട്ട ജീവിതം നൽകിയ മനോസംഘർഷം അനുഭവിക്കുന്നവരും അനുവാചകരെ കഥകളിലൂടെ തേടിയെത്തി; ഒപ്പം ഇവർ സൃഷ്ടിക്കുന്ന ആത്മനൊമ്പരങ്ങളും. ഏകാന്തതയുടെ വിങ്ങലും വൈധവ്യത്തിന്റെ സങ്കടം സൃഷ്ടിച്ച ഒറ്റപ്പെടലുമാണ് സുഭദ്രയിലും നാം കാണുന്നത്. സാക്ഷാത്കരിക്കപ്പെടാത്ത പ്രണയം, സംതൃപ്തി പകരാത്ത ദാമ്പത്യവും അനപത്യതയും നീറുന്ന ചിന്തകളും നീലാംബരിയിലുണ്ട്.

വൈധവ്യദുഃഖത്തിന്റെ തീവ്രത 'അവശിഷ്ടങ്ങൾ' എന്ന കഥയിലും മാധവിക്കുട്ടി കോറിയിടുന്നുണ്ട്. ഭർത്താവിന്റെ മരണത്തിന് ശേഷമുള്ള സുഭദ്രയുടെ മാനസികാവസ്ഥയുടെ ബഹിർസ്ഫുരണവും നഷ്ടപ്പെട്ട നീലാംബരിയുടെ ഓർമ്മയാണ്. ഒരു തരത്തിൽ പറഞ്ഞാൽ സ്നേഹം തേടിയുള്ള നിലയ്ക്കാത്ത യാത്രയാണ് മാധവിക്കുട്ടിയുടെ രചനകൾ.

പരിപൂർണ്ണമായ സ്നേഹം കൊണ്ടും സ്നേഹത്തിന് വേണ്ടിയുള്ള ബലിയർപ്പിക്കൽകൊണ്ടും ഒരിക്കലും പാതിവ്രത്യഭംഗം സംഭവിക്കില്ല. കാരണം സ്നേഹം ഒരു തപസ്സാണ്. തപസ്സിന്റെ അന്തിമമായ സായൂജ്യവും അതുതന്നെ(മാധവിക്കുട്ടി,1995:56). സ്നേഹിക്കാനും സ്നേഹിക്ക പ്പെടുവാനുമുള്ള വെമ്പൽ ഏതു കഥാപാത്രത്തിലും എന്ന പോലെ സുഭദ്രയിലും പ്രകടമായിക്കാണുന്ന ഭാവമാണ്. നാട്യങ്ങളി ല്ലാതെ ജീവിതയാഥാർഥ്യങ്ങളെ ആസ്വാദകരിലേക്ക് പകരുകയാണ് കഥാകാരി.

ചിന്തകളും സ്വപ്നങ്ങളും കൂടിക്കുഴഞ്ഞ് പലപ്പോഴും സ്വപ്നത്തിന്റെയും സത്യത്തിന്റേയും അതിരുകൾ കണ്ടെത്താൻ പ്രയാസമാവുന്ന ഇടമുണ്ട് ഇവിടെയും. എന്നാലും കഥ ഓരോ അനുവാചക ഹൃദയത്തോടും സംവദിക്കുന്നുണ്ട്. കൗമാരത്തിന്റെ മധുരാനുഭൂതികളാണ് ഡോ. സുഭദ്രയെ മധുരയിലേക്ക് നയിക്കുന്നത്. തന്റെ മനസ്സിൽ നിന്ന് തുടച്ചു മാറ്റിയെന്ന് കരുതിയ ഗുരുവിനെയും ആ പ്രദേശത്തെയും ഒരു നോക്കു കാണാൻ മധുരക്ക് യാത്രയാകുമ്പോൾ ജീവിതകാലം മുഴുവൻ പിൻതുടരുന്ന ക്ഷേത്രവും കുളവും നീലാംബരീരാഗവും തന്നിൽ മായാതെ നിലകൊള്ളുന്നുണ്ടെന്ന് അവൾ അറിയുന്നുണ്ട്. അമ്പലക്കുളത്തിലെ അപകടത്തിൽനിന്ന് തൻെറ ജീവൻ രക്ഷിച്ച ശാസ്ത്രികളും സ്വപ്നമോ യാഥാർത്ഥ്യമോ എന്നറിയാത്തവണ്ണം അവളെ പിൻതുടരുന്നു.

33 വർഷം മനസ്സിൽ സൂക്ഷിച്ച പ്രണയം ശാസ്ത്രികളെ അറിയിക്കാൻ പുറപ്പെട്ട സുഭദ്രയ്ക്ക് അപ്രതീക്ഷിതമായ തിരിച്ചടിയാണ് വാക്കുകളിലൂടെ ലഭിക്കുന്നത്. കടമകൾ ചെയ്തു തീർക്കലാണ് ജീവിതമെന്ന് പറഞ്ഞ് അവളെ പറഞ്ഞയയ്ക്കുന്ന ഗുരുവായി അയാൾ മാറുന്നു. നീലാംബരിയുടെ അലകൾ തന്നിലേക്ക് ഒഴുകിയെത്തുമ്പോൾ പ്രപഞ്ചംപോലും നിശ്ചലമാകുന്നതായി അവൾക്ക് തോന്നുന്നുണ്ട്.

കുട്ടികളില്ലാത്തതിന്റെ ദു:ഖം ഈ കഥയിലുടനീളമുള്ള അന്തർ ധാരയാണ്. ഡോ. സുഭദ്രയ്ക്കും ഭർത്താവിനും മാത്രമല്ല ഗുരുവിനും ഭാര്യയ്ക്കും കുട്ടികളില്ല. അസംതൃപ്തമായ ദാമ്പത്യത്തിന്റെ പ്രത്യക്ഷ മുഖത്തോടൊപ്പം സ്വന്തം ഭർത്താവിനോട് നീതി പുലർത്താൻ കഴി യാതെ പോയതിന്റെ പശ്ചാത്താപം വിധവയായ സുഭദ്ര ഓർമ്മി ക്കുന്നുണ്ട്.

തന്റെ വിശ്വാസങ്ങളും ചിന്തകളും ഒക്കെത്തന്നെയാണ് മാധവിക്കുട്ടി കഥകളിലും കോറിയിട്ടത്. അതുകൊണ്ട് അവരുടെ പ്രമേ യങ്ങളിൽ വൈവിധ്യം മാത്രമല്ല വ്യത്യസ്തതയും ഉണ്ട്. കഥാപാ ത്രങ്ങളും കുടുംബബന്ധങ്ങളും കേരളീയ ജീവിതത്തിലെ ആഢ്യത്വം വിട്ടുമാറാത്ത ചിന്താഗതിയും ഒക്കെ കഥകൾക്ക് ഊടും പാവുമായി ത്തീരുന്നുണ്ട്. യുവതീ യുവാക്കൾ കഥാപാത്രങ്ങളായി വരുന്ന നിരവധി കഥകൾ രചനാ ലോകത്തേക്ക് കടന്നു വരുന്നതും നമുക്ക് കാണാ നാവുന്നു. അവരുടെ സ്വഭാവത്തിന്റെ സന്ദിഗ്ദ്ധാവസ്ഥയും സൗന്ദ ര്യവും കഥകളുടെ ആകർഷകത്വം വർദ്ധിപ്പിക്കുന്നു. നീലാംബരിയിൽ നിറയുന്ന കാല്പനികാന്തരീക്ഷം കഥ വായിക്കാൻ പ്രേരിപ്പിക്കുന്ന പ്രമേയത്തിന്റെ കൈയ്യടക്കം തന്നെയാണ്. വായിക്കാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങളെ കഥയിൽ ചേർത്തു വയ്ക്കുന്ന രചനാപാടവം മാധവി ക്കുട്ടിയുടെ കൈമുതലായി കഥയിലുടനീളം കാണാനാവുന്നു.

പ്രണയത്തിന്റെ ഗതിവിഗതികളും പ്രണയികളുടെ മോഹവും നിസ്വാർഥമായ വികാരങ്ങളും ആത്മത്യാഗവും കഥയിൽ പ്രകടമാണ്. കഥ,ചെറുതാണെങ്കിലും ഭാവം ആർദ്രവും ഏകാഗ്രവുമാകുന്നു. കഥാപാത്രങ്ങളുടെ വികാരവിചാരങ്ങളെ ആവിഷ്കരിക്കുന്നതിൽ അഗാധതയുണ്ട്. ലളിതമായ ഭാഷയും പ്രതിപാദനവും കവിതാ പ്രേമവും സാഹിത്യമയമായ സംഭാഷണങ്ങളും കഥകളിൽ നിന്ന്

പെറുക്കിയെടുക്കാൻ സാധിക്കുന്നു. സൂര്യൻ ഒരു പട്ടട പോലെ പടിഞ്ഞാറു കെട്ടടങ്ങുമ്പോൾ കർണ്ണാമൃതമായി ഉയരുന്ന നീലാംബരി... (മാധവിക്കുട്ടി, 1999:90).

അടിസ്ഥാനപരമായ മനുഷ്യവികാരങ്ങളും മാനസികപ്രശ്നങ്ങളും കഥയിൽ സ്ഥാനം പിടിക്കുന്നുണ്ട്. അവയിൽ ചിന്തിക്കാൻ ഒരുപാട് കാര്യങ്ങൾ ഉണ്ട് എന്നത് കഥയക്ക് കനം കൂട്ടുന്നു. എഴുത്തുകാരിയുടെ ചിന്തകൾ അതിർവരമ്പുപോലെ കഥയുടെ ശക്തിയായി മാറുന്നു. ആദർശങ്ങൾക്കും ജീവിതം മുന്നോട്ടുവയ്ക്കുന്ന മൂല്യ സങ്കൽപ്പ ങ്ങൾക്കും കഥയിൽ പ്രസക്തി ഏറെയുണ്ട്. സ്വന്തം ജീവിതത്തെക്കുറിച്ച് ഓരോരുത്തർക്കുമുള്ള വിശ്വാസം ഏറിയും കുറഞ്ഞും കഥാപാത്ര ങ്ങളിലൂടെ പ്രകടമാകുന്നു. കഥാപാത്രങ്ങളുടെ ജീവിതവീക്ഷണത്തെ വികാരവുമായി കൂട്ടിയിണക്കി വരച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട് എന്നതാണ് മാധവിക്കുട്ടിയുടെ സവിശേഷത. കഥയിലേക്ക് നിരവധി മനുഷ്യർ കടന്നു വരികയും ജീവിക്കുകയും ചെയ്യുന്നു. റോസിക്കു ട്ടിയും എന്നെന്നും താരയും ചന്ദനച്ചിതയും പുതിയ ടി.വി സെററു മൊക്കെ വായനയുടെ കാതലാവുന്നത് ഇവിടെയാണ്.

നഷ്ടസൗഭാഗ്യങ്ങളെ സാക്ഷാത്കരിക്കാനുള്ള തൃഷ്ണയും സ്വപ്നാടകയുടെ ഭാവവുമുണ്ട് നീലാംബരിയിലെ സുഭദ്രയ്ക്ക്. അവളെ ആവിഷ്കരിക്കുമ്പോൾ കഥയ്ക്കും മററ് കഥാപാത്രങ്ങൾക്കും പൂർണ്ണതയും മിഴിവും കിട്ടുന്നതിനോടൊപ്പം അനുവാചകന് ഒരു കഥ വായിച്ചതിന്റെ ആഹ്ളാദവും തൃപ്തിയുമുണ്ട്. മനുഷ്യബന്ധങ്ങളുടെ വൈചിത്ര്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്ന കഥാകാരിയാണ് മാധവിക്കുട്ടി. അതുകൊണ്ടുതന്നെയാണ് കഥകൾ പലതും ഒരു പുതുസംവേദ നത്തിന്റെ തുടർച്ചയാകുന്നത്. മനസ്സിനകത്തേക്ക് നോക്കാനാണ് കഥാകാരിക്ക് എപ്പോഴും ഇഷ്ടം. സുഭദ്രയും ചന്ദ്രശേഖരമേനോനും

തമ്മിലുള്ള ബന്ധം സൂക്ഷ്മമായി അവതരിപ്പിക്കുമ്പോഴും ഈ ചിന്ത പ്രകടമാണ്. മാനസികാനുഭവങ്ങളുടെ ലോകവും അതിന്റെ ഗഹന തയും വിളംബരം ചെയ്യുന്ന രംഗങ്ങൾ കഥയിൽ തെളിഞ്ഞു നിൽ ക്കുന്നു. കഥ മറന്നുപോയാലും അതിൽ പ്രതിഫലിച്ച വ്യക്തിത്വം മറക്കപ്പെടുകയില്ല എന്ന് മാധവിക്കുട്ടി തന്നെ പ്രസ്താവിക്കുന്നുണ്ട് (ജയചന്ദ്രൻ ,1975: 142).

കുടുംബബന്ധങ്ങളും മൂല്യസങ്കല്പങ്ങളും എല്ലാം പുനർവിചി ന്തനത്തിന് വിധേയമാകുമ്പോഴും ജീവിതത്തെ ധീരമായി സമീപിക്കുന്ന രീതിശാസ്ത്രമുണ്ട് മാധവിക്കുട്ടിയുടെ കഥകൾക്ക്. പരുക്കൻ യാഥാർ ത്ഥ്യങ്ങളുടെ സൂക്ഷ്മാംശങ്ങളിലേക്ക് അവർ കടന്നുചെല്ലുന്നു. ജീവിത മാണ് എപ്പോഴും അവരുടെ ഇഷ്ട വിഷയം. മിണ്ടാത്തവന്റെ മൂകവേദന ആവിഷ്കരിക്കുന്ന'ഒരു സ്നേഹത്തിന്റെ കഥ','കൂടുകൾ', 'നീർമാത ളത്തിന്റെ പൂക്കൾ', 'പുനസമാഗമം' തുടങ്ങിയ കഥകളും ചേർത്ത് വായിക്കാവുന്നവയാണ്. ജീവിതസാഹചര്യങ്ങളുടെ ഏതെങ്കിലും സവിശേഷ സന്ദർഭത്തിൽ വന്നുനിൽക്കുന്ന കഥാപാത്രങ്ങളെ അതിന്റെ ആവിഷ്കരണ സാധ്യതകൾ അറിഞ്ഞുകൊണ്ട് അവതരി പ്പിക്കുന്നതാണ് മാധവിക്കുട്ടിയുടെ രീതി. പല മുഖങ്ങളുള്ള സ്നേഹം കഥാകാരിക്ക് ഒരു ദൗർബല്യമാകുന്ന അവസ്ഥ കഥകളിലുണ്ട്. ജീവിതം, മരണം, സൗഹൃദം, സൗന്ദര്യം, സമയം ഇവയെല്ലാം പലതരം സങ്കല്പ ങ്ങളായി കഥകൾക്ക് ഊടും പാവും നൽകുന്നു.

സ്നേഹിക്കുന്നവരുടെ വേർപാട് മനസ്സിൽ ഉണ്ടാക്കുന്ന അസ്വ സ്ഥതകളും അതുണ്ടാക്കുന്ന ആഴത്തിലുള്ള മുറിവും ഏറ്റുവാങ്ങു ന്നവളാണ് സുഭദ്ര. ഇത്തരം വേർപാട് അറിയാതെ വളരുന്ന കുട്ടിക ളെയും മാധവിക്കുട്ടിയുടെ കഥകളിൽ കാണാനാവും. 'മുത്തശ്ശി', 'ഗോസായിത്തന്ത', 'അലാവുദ്ദീന്റെ കഥ'തുടങ്ങിയ കഥകൾ

ഉദാഹരണമാണ്. ഇത്തരം കഥകളിൽ പ്രത്യക്ഷപ്പെടുന്ന ബാലികമാർ കൊച്ചു കൊച്ചു കാര്യങ്ങളിൽ അസ്വസ്ഥരാകുന്നുമുണ്ട്. ബാലികമാർ വളർന്നു വന്നതാണോ മറ്റു കഥകളിലെ നായികമാർ എന്നും തോന്നാനിടയുണ്ട്. (രാജീവ് കുമാർ, 2011:45) പകൽ, രാത്രി, പ്രഭാതം, പ്രദോഷം ഇവയൊക്കെ കഥയുടെ കൂട്ടുകാരാകുന്നു. രോഗത്തേയും ശരീര ശാസ്ത്രത്തെയും പറ്റി ജിജ്ഞാസയോടെ അന്വേഷിക്കുന്ന കഥാ പാത്രങ്ങളും കഥയുടെ ഭാഗമാണ്. ഇവിടെ ചന്ദ്രശേഖരമേനോനും സുഭദ്രയും തമ്മിലുള്ള സംഭാഷണങ്ങൾക്കിടയ്ക്ക്, “മരിക്കുവാൻ യോഗ മുണ്ടെങ്കിൽ രോഗി മരിക്കും. നിനക്കും അയാളെ രക്ഷിക്കുവാൻ കഴിയില്ല. ദൈവത്തിലും വലുതാണോ ഡോക്ടർ” (മാധവിക്കുട്ടി, 1999: 85)എന്ന മട്ടിലുള്ള അസ്വസ്ഥതകൾ ചിറകുവിരിച്ച് നിൽക്കുന്നതും നമുക്ക് കാണാം.

അമ്മയായി മാറാനുള്ള ആഗ്രഹം മാധവിക്കുട്ടിയുടെ കഥകളിലെ ഓരോ സ്ത്രീയ്ക്കുമുണ്ട്. കുഞ്ഞുങ്ങളോട് അതീവ വാത്സല്യമുള്ള അമ്മമാർ കഥകളിൽ മരിക്കുകയോ വേർപിരിയുകയോ ചെയ്യുന്നു. മറ്റ് സ്ത്രീകളിൽനിന്ന് കുട്ടികൾക്ക് കിട്ടുന്ന അമ്മയുടെ സാന്നിധ്യം അനുഭവപ്പെടുന്ന കഥകളുമുണ്ട്. കാമുകിയും ഭാര്യയും ഒക്കെ ആയിരിക്കുമ്പോഴും സ്ത്രീയുടെ മാതൃത്വം അവരറിയാതെ പുറത്തുവരുന്ന രംഗങ്ങളുണ്ട് പല കഥകളിലും. ‘നഷ്ടപ്പെട്ട നീലാംബരി’യിലാകട്ടെ തങ്ങൾക്കു കുട്ടികൾ ഉണ്ടാവാത്തതിൽ ഖേദം പ്രകടിപ്പിച്ചിരുന്ന ചന്ദ്രശേഖരമേനോൻ ഒടുവിൽ ഭാര്യയുടെ വന്ധ്യത്വം അനുഗ്രഹമായി കണക്കാക്കുന്നുണ്ട്. എല്ലായ്പ്പോഴും രോഗികളെപ്പറ്റി ചിന്തിക്കുന്ന ഭാര്യക്ക് കുട്ടികളെ ശ്രദ്ധിക്കുവാൻ സമയം കിട്ടുമായിരുന്നില്ലെന്ന് അയാൾ പറയുന്നു. രോഗികളെ ശപിച്ചു കൊണ്ടിരുന്ന ആ മനുഷ്യൻ ഒടുവിൽ സ്വയം രോഗിയായി മാറുമ്പോഴാണ് അദ്ദേഹത്തോട്

അർഹിക്കുന്ന നീതി പുലർത്തുവാൻ തനിക്ക് കഴിഞ്ഞില്ലെന്ന കുറ്റ ബോധം സുഭദ്രയെ അസ്വസ്ഥയാക്കുന്നത്.

സ്ത്രീ-പുരുഷ ബന്ധത്തിന്റെ കഥകളാണ് മാധവിക്കുട്ടിയുടെ രചനകളിൽ ഏറിയ ഭാഗവും. ഈ ബന്ധത്തിന്റെ സൂക്ഷ്മാംശ ങ്ങളിലേക്ക് കടന്നുചെല്ലാൻ വ്യത്യസ്തവും സങ്കീർണ്ണവുമായ സങ്കേത ങ്ങൾ അവർ സ്വീകരിക്കുന്നു. അത്തരം വ്യത്യസ്തഭാവങ്ങളെ വൈവിധ്യപൂർണ്ണമായി അവതരിപ്പിക്കുകയും ചെയ്യുന്നു. മാത്രമല്ല, എല്ലാ പ്രായത്തിലുമുള്ള സ്ത്രീ-പുരുഷന്മാരെ ചിത്രീകരിക്കുമ്പോഴും കഥാപാത്രങ്ങൾ സ്നേഹം അന്വേഷിക്കുന്നവരാണ് എന്നതും ശ്രദ്ധേയമാണ്. അസംതൃപ്തരായ ഭാര്യമാർ, സ്വാർത്ഥരായ ഭർത്താ ക്കന്മാർ, സ്നേഹമയിയായ ഭാര്യ, വാർധക്യം ബാധിച്ച ഭർത്താവ്, മനസ്സിലാക്കപ്പെടാൻ വെമ്പുന്ന ഭാര്യമാരും അവരെ മനസ്സിലാക്കാൻ മിനക്കെടാത്ത ഭർത്താക്കന്മാരും എന്നിങ്ങനെ പല സ്വഭാവം പുലർത്തുന്ന ദമ്പതിമാർ കഥകളിൽ കടന്നുവരുന്നു. ദാമ്പത്യത്തിലെ പൊരുത്തക്കേടും അതിൽ അസ്വസ്ഥമാക്കപ്പെടുന്ന സ്ത്രീമനസ്സും കഥകളിൽ ഇണക്കിച്ചേർക്കുന്നു. പരുന്തുകൾ, മഞ്ഞ്, സൂര്യൻ, കാലൊച്ച തുടങ്ങിയ കഥകൾ ഓർക്കാം.

സ്ത്രീത്വത്തിന്റെ സ്വാതന്ത്ര്യസങ്കല്പത്തെപ്പറ്റി വ്യക്തമായ ധാരണകളുള്ള കഥാകാരി അവ കഥാപാത്രങ്ങളിലൂടെ പ്രതിഫലി പ്പിക്കാനും ശ്രമിക്കുന്നു. അത്തരം കഥകളിൽ സ്ത്രീകഥാപാത്രങ്ങളുടെ നിഴലായി മാത്രം മറ്റുള്ളവർ കടന്നുവരുന്നു. ഏറെ ദൂരം സ്വയം ഡ്രൈവ് ചെയ്ത് പോവാനൊരുങ്ങുന്ന സുഭദ്രയെ നിരുത്സാഹപ്പെടുത്തുന്ന മിത്രങ്ങളോട് തനിക്ക് ഏകാന്തതയും മൗനവുമാണ് ആഗ്രഹമെന്ന് അവൾ തുറന്നു പറയുന്നുണ്ട്. പരിപൂർണ്ണതയിലെത്തി നിൽക്കുന്ന ഒരു സ്നേഹസങ്കല്പം എഴുത്തുകാരി അന്വേഷിക്കുന്നു.

ശില്പപരമായ ചാരുത പുലർത്തുന്നവയാണ് മാധവിക്കുട്ടി എഴുതിയിട്ടുള്ള കഥകൾ. കഥ പറയുന്ന രീതിയും ഏറെ പ്രാധാന്യം അർഹിക്കുന്നുണ്ട്. കഥ പറയുന്ന ആളും സംഭവങ്ങളും കഥാപാത്രങ്ങളും സൂക്ഷ്മമായി സ്വന്തം സത്തയെ പ്രകാശനം ചെയ്യുന്നത് കാണാം. സംഭാഷണത്തോടെ ആരംഭിക്കുന്ന കഥകളും ഡയറിക്കുറിപ്പിന്റെ രൂപത്തിലുള്ള ആഖ്യാനവും ചില കഥകളിൽ കടന്നു വരുന്നുണ്ട്. കഥകളുടെ തുടക്കവും ഒടുക്കവും ഒരെഴുത്തുകാരിയുടെ കലാപാടവം വെളിവാക്കുന്നത് അനുവാചകന് കാണാനാകും. ഞാൻ മൂന്നു ഭാഷ സംസാരിക്കുന്നു, രണ്ട് ഭാഷകളിലെഴുതുന്നു, ഒരെണ്ണത്തിൽ സ്വപ്നം കാണുന്നു എന്ന് എഴുതിയ മാധവിക്കുട്ടി അടയാളപ്പെടുത്തപ്പെട്ടത് അവർ എഴുതുകയും സ്വപ്നം കാണുകയും ഒക്കെ ചെയ്ത ഭാഷാ വിസ്മയങ്ങളിലൂടെത്തന്നെയായിരുന്നു.

സ്ത്രീത്വത്തിന്റേയും പ്രേമത്തിന്റെയും അവിരാമമായ അന്വേഷണമാണ് കഥയിലുടനീളം കാണുന്നത്. സ്നേഹം തിരയുന്ന ഏതു സ്ത്രീയും താൻ തന്നെയാണെന്നും കഥാകാരി അവകാശപ്പെടുന്നു.

Benefit of Soul
My body shall be bare
Benefit of body
My soul shall be bare
I throw the bodies out..................
only the souls know
How to Sing.....................

## സഹായക ഗ്രന്ഥങ്ങൾ

1. ജയചന്ദ്രൻ.ടി.എൻ., *മാധവിക്കുട്ടി കഥയുടെ പിന്നിലെ കഥ*, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം:1975.
2. മാധവിക്കുട്ടി, *എന്റെ കഥ*, ഡി.സി. ബുക്സ്, കോട്ടയം:1995.
3. മാധവിക്കുട്ടി,*നഷ്ടപ്പെട്ട നീലാംബരി*,ഡി.സി.ബുക്സ്, കോട്ടയം: 1999.

4. മിനി പ്രസാദ്, ഡോ., *മലയാളത്തിന്റെ അനശ്വരകഥകൾ, പഠനങ്ങൾ*, മാതൃഭൂമി ബുക്സ്, കോഴിക്കോട്:2014.
5. രാജീവ് കുമാർ, എം.ഡോ., *മാധവിക്കുട്ടി സ്നേഹത്തിന്റെ കൊടിയടയാളം*, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം: 2011.
6. രാമചന്ദ്രൻ  നായർ, പന്മന ഡോ. (എഡി.), *കഥാപഠനങ്ങൾ*, കറന്റ് ബുക്സ്, കോട്ടയം: 2006.
7. സുധീഷ് വി.ആർ., *ഒറ്റക്കഥാപഠനങ്ങൾ*, ഡി.സി.ബുക്സ്, കോട്ടയം:2006.

# മാധവിക്കുട്ടിയുടെ അന്ത്യകാല കവിതകൾ

**രജനി ആർ.ആർ.**

ഭാഷയിലെ ഏറ്റവും സുന്ദരമായ വാക്കുകൾ കൊണ്ട് സാഹിത്യലോകത്ത് വൈവിധ്യങ്ങൾ സൃഷ്ടിച്ച എഴുത്തുകാരിയാണ് മാധവിക്കുട്ടി. പ്രണയം, രതി, ഭക്തി, ഏകാന്തത, വാർദ്ധക്യം തുടങ്ങിയ ഭാവങ്ങളെ ഉജ്ജ്വലമായി അവതരിപ്പിക്കുകയും സമൂഹത്തിന്റെ കപടസദാചാരബോധങ്ങളോട് നിരന്തരം കലഹിക്കുകയും ചെയ്ത മാധവിക്കുട്ടിയുടെ അന്ത്യകാല കവിതകളുടെ സമാഹാരമാണ് 'കെട്ടിയിട്ട കോലാട്'. മതചിന്തകളോടുള്ള കടുത്ത പ്രതിഷേധവും അവയുണർത്തിവിട്ട അസ്വസ്ഥചിന്തകളുടെ, ആത്മഭാഷണങ്ങളുടെ ബഹിർഗമനവുമാണ് ഈ സമാഹാരത്തിലുള്ളത്.

ജീവിതസായാഹ്നത്തിലെ പരിവർത്തനങ്ങളിൽ നിന്നും നേരിടേണ്ടിവന്ന സാമൂഹിക-സാംസ്കാരിക-വെല്ലുവിളികളോടുള്ള ധീരമായ മറുപടിയാണ് 'അനുഗ്രഹം', 'മുനാഫിക്','കാവിക്കാരൻ' തുടങ്ങിയ കവിതകൾ. എഴുത്തിലും ജീവിതത്തിലും അരുതുകളുടെ അതിരുകളെ ധൈര്യപൂർവ്വം മറികടക്കുന്ന മാധവിക്കുട്ടിയുടെ രീതി മലയാളികൾക്ക് സുപരിചിതമാണ്. വളർന്നുവന്ന മതസാഹചര്യങ്ങളിൽ നിന്നും സ്വാതന്ത്ര്യം നേടി പുതിയ മതത്തിന്റെ ചുറ്റുപാടുകളിലേക്ക് സ്വയം വേരുറപ്പിച്ചത് ഒരിക്കലും ഒരു തെറ്റായി മാധവിക്കുട്ടി കണ്ടിട്ടില്ല. കൃഷ്ണനും ക്രിസ്തുവും നബിയുമെല്ലാം ഒന്നാണെന്ന ഏകദൈവസങ്കൽപ്പത്തിന്റെ പരിച്ഛേദമാണ് നമുക്ക് മാധവിക്കുട്ടിയിൽ ദർശിക്കുവാൻ കഴിയുന്നത്. പാരമ്പര്യത്തിന്റെ അധികാരകേന്ദ്രങ്ങളിൽ നിന്നും ലഭിച്ച കല്പനകൾ താൻ ലംഘിച്ചുവെന്ന് മാധവിക്കുട്ടി'അനു

ഗ്രഹം' എന്ന കവിതയിൽ കുറിക്കുന്നു. ആ പ്രവൃത്തിക്ക് സമൂഹ ത്തോടോ ദൈവത്തോടോ മാപ്പപേക്ഷിക്കുവാൻ കവി തയ്യാറാകുന്നില്ല. മതം മനുഷ്യന്റെ മൗലികാവകാശമാണെന്ന തിരിച്ചറിവിൽ നിന്ന് വഴി തെറ്റിയ മുഹൂർത്തങ്ങളെ വിശുദ്ധമായ വിസ്മൃതിയുടെ അനുഗ്രഹി ക്കപ്പെട്ട മുഹൂർത്തമായി അടയാളപ്പെടുത്താനാണ് മാധവിക്കുട്ടി ഇഷ്ട പ്പെട്ടത്.

'അനുസരണക്കേടു കാട്ടിയപ്പോൾ
ഞാൻ ആഹ്ലാദം രുചിച്ചു.
നിശ്ചയമായും
ഞാൻ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു.'

(മാധവിക്കുട്ടി,2010:9)

മനുഷ്യൻ പേരുകൊണ്ടോ പണംകൊണ്ടോ അല്ലാതെ അവന്റെ പ്രവൃത്തികൾകൊണ്ട് അനുഗ്രഹിക്കപ്പെടുന്നതാണ് ഈ ഭൂമിയിലെ ഏറ്റവും മഹത്തരമായ കാര്യമെന്ന് കവി വിശ്വസിക്കുകയും ആ വിശ്വാ സത്തെ വായനക്കാരിലേക്ക് പകരുകയുമാണ് 'അനുഗ്രഹം' എന്ന കവി തയിൽ. തന്റെ ജീവിതത്തിന്റെ പ്രതിഛായയെന്ന രീതിയിലാണ് 'മുനാ ഫിക്' എന്ന കവിതയുടെ രചന മാധവിക്കുട്ടി നടത്തിയിരിക്കുന്നത്. ആത്മകഥയുടെ വിശാലമായ ഇടങ്ങളെ അളന്നുമുറിച്ച് വളരെ കുറച്ച് വരികളിൽ ഹൃദ്യമായി, കണിശമായി അവതരിപ്പിക്കുകയാണ് ഈ കവി തയിൽ. പരസ്പരം വെറുക്കുന്ന വർഗ്ഗങ്ങളായി മനുഷ്യനെ മാറ്റുന്ന മതത്തോടുള്ള എതിർപ്പാണ് 'മുനാഫിക്' എന്ന കവിത. ലോകസ്യ ഷ്ടാവായ ഈശ്വരൻ ഒരു നിറത്തിലും നിർമ്മിതിയിലും മാത്രം ഒതു ങ്ങിനിൽക്കുന്നതല്ല എന്ന തിരിച്ചറിവിൽനിന്നാണ്

'ദൈവം മാത്രം എന്റെ കളിക്കൂട്ടുകാരനായിരിക്കട്ടെ
അവനെ ഞാൻ എന്റെ

രക്തപ്രവാഹത്തിൽ വഹിച്ചുകൊള്ളാം'

(മാധവിക്കുട്ടി,2010:13)

എന്ന വരികൾ മാധവിക്കുട്ടി രൂപപ്പെടുത്തിയത്. വ്യത്യസ്ത മതത്തിന്റെ, ജാതിയുടെ, വർഗ്ഗത്തിന്റെ പേരിൽ പല നാമങ്ങളിൽ ഈശ്വരസങ്കൽപ്പത്തെ മനുഷ്യൻ പിരിച്ചെഴുതുമ്പോൾ മതത്തിന്റെ മതിൽക്കെട്ടുകൾ മാനുഷിക പ്രവൃത്തികളേയും വേർതിരിക്കുന്നു. രക്തത്തിന്റെ നിറവും ജൈവിക പ്രവർത്തനങ്ങളും ഒന്നുതന്നെയായ മനുഷ്യൻ മതത്തിന്റെ പേരിൽ നടത്തുന്ന ക്രൂരതകളെക്കുറിച്ചുള്ള ചിന്തകൾ കൂടിയാണ് 'മുനാഫിക്' എന്ന കവിത. ജാതി-മത-വർഗ്ഗങ്ങൾ ഭാവിയിൽ മനുഷ്യനേൽപ്പിച്ചേക്കാവുന്ന ക്ഷതങ്ങളെക്കുറിച്ചുള്ള ആകുലതയാണ് ഈ കവിതയിലെ മറ്റൊരു പ്രമേയം. മനുഷ്യനെ പരസ്പരം വേർതിരിക്കുന്നവരിൽ നിന്നും ദൈവത്തെ ഒളിപ്പിച്ചു വെക്കാൻ ശ്രമിക്കുമ്പോൾ മനുഷ്യത്വം സ്നേഹത്തിൽ മാത്രം വേരുറപ്പിച്ച് വളരുന്ന ഒരു വടവൃക്ഷമാണെന്നും മതത്തിന്റെ മഴുവിൽ നിന്ന് അതിന്റെ വേരുകളും തായ്ത്തടിയും സംരക്ഷിക്കേണ്ടത് വളരെ അത്യാവശ്യമാണെന്നുള്ള സ്നേഹത്തിന്റെ അസാമാന്യ തത്വത്തെക്കൂടിയാണ് മാധവിക്കുട്ടി വായനക്കാരന് പറഞ്ഞുതരുന്നത്. ജീവിതത്തിന്റെ ഓർമ്മച്ചിത്രങ്ങൾകൊണ്ട് ഖജനാവ് സമ്പന്നമാക്കുന്ന മാധവിക്കുട്ടിയുടെ സ്വതസിദ്ധമായ ശൈലിയാണ് ഈ കവിതയുടെ തുടർവായനയിൽ ലഭ്യമാകുന്നത്. 'എന്റെ കഥ'യിൽ ആവിഷ്കരിച്ചിരിക്കുന്നതുപോലെ ഉപജീവനമാർഗ്ഗമായി സാഹിത്യത്തെ ഉപയോഗിച്ചിരുന്ന കാലം മാധവിക്കുട്ടി ഈ കവിതയിൽ ഓർത്തെടുക്കുന്നു. വീട് എന്ന പരിമിത ചുറ്റുപാടിനുള്ളിൽ നിന്നും എഴുത്തിന്റെ സ്വാതന്ത്ര്യത്തെ അന്വേഷിക്കുന്ന സ്ത്രീയുടെ വികാരങ്ങളെ,

'വീടുനോക്കലിനപ്പുറം

കൂടുതൽ നല്ല കാര്യങ്ങൾ ചെയ്യാനുണ്ടെന്ന്
എത്ര ആഹ്ലാദത്തോടെയാണ് ഞാനറിഞ്ഞത് '
(മാധവിക്കുട്ടി,2010:14)

എന്നീ വരികളിൽ മാധവിക്കുട്ടി ആവിഷ്കരിക്കുന്നു. പുസ്തക പ്രസാധന രംഗത്തെ മത്സരങ്ങളെക്കുറിച്ചും മത്സരത്തിൽ വിജയിക്കുവാൻ എഴുത്തുകാർ പുതിയതായി എന്തെങ്കിലുമൊക്കെ മാർഗ്ഗം കണ്ടെത്തേണ്ടതിനെക്കുറിച്ചും മാധവിക്കുട്ടി ഈ കവിതയിൽ സൂചിപ്പിക്കുന്നു. സാഹിത്യപ്പുതുമകളുടെ പ്രഭാവകാലത്തിന് ശേഷം ജീവിതസായാഹ്നത്തിൽ സൗന്ദര്യവും കവിതയും കൂട്ടിനില്ലാതെ വാക്കറിന്റെ സഹായം മാത്രം ലഭ്യമാകുന്ന വേളയിൽ ഒരു സാധാരണ മനുഷ്യന്റെ വികാരത്തോടെ ജീവിതത്തെ നോക്കികാണുകയും അത് കൃത്യമായി അവതരിപ്പിക്കുകയുമാണ് ഈ കവിതയുടെ അവസാന ഭാഗത്തിൽ. മോശമായി ചെലവിട്ട ഒരു ജീവിതമാണ് തന്റേത് എന്ന് കവി തന്നെ അടയാളപ്പെടുത്തുകയും ഈശ്വരന്റെ അസാന്നിദ്ധ്യത്തെക്കുറിച്ച് വ്യാകുലപ്പെടുകയും ചെയ്തുകൊണ്ട് കവിത അവസാനിക്കുമ്പോൾ മാധവിക്കുട്ടിയുടെ സാഹിത്യജീവിതം നിരർത്ഥകമായികരുന്നുവോ എന്ന ചിന്ത അനുവാചകനെ ഒരിക്കലും തളർത്തുന്നില്ല. കാരണം 'ഗവേഷകർ' എന്ന കവിതയിൽ,

'മരണത്തിന്റെ പടിവാതിലിൽപോലും
ഒരു ഗവേഷണ വിദ്യാർത്ഥിക്ക്
എന്നും ഓർക്കാവുന്ന ഒരു
വിരുന്നാകാൻ ഒരു കവിക്ക് കവിയും'
(മാധവിക്കുട്ടി,2010:31)

എന്ന് മാധവിക്കുട്ടിതന്നെ പറയുന്നു. ഗവേഷകർക്ക് മാത്രമല്ല വായനക്കാർക്കും എന്നും ഓർക്കാവുന്ന വിരുന്നായി മാറാൻ മാധവി

ക്കുട്ടിക്ക് കഴിഞ്ഞിട്ടുണ്ടെന്നത് നിസ്സംശയം നമുക്ക് ബോധ്യമാകുന്ന സത്യമാണ്.

മതപരിവർത്തനത്തിന്റെ കാരണവും അതേത്തുടർന്നുണ്ടായ സംഭവവികാസങ്ങളും അടയാളപ്പെടുത്തിയ പരസ്പരബന്ധമുള്ള കവിതകളാണ് 'ഒരു പഴങ്കഥ', 'കൂലിപ്പട്ടാളക്കാരുടെ ഘോഷയാത്ര' എന്നിവ. പ്രേമത്തിന്റെ കെണിയിൽ വീണ മനുഷ്യരുടെ പ്രവൃത്തികളെക്കുറിച്ചുള്ള അന്വേഷണമാണ് 'ഒരു പഴങ്കഥ' എന്ന കവിതയിൽ നടക്കുന്നത്.

'ഒരിക്കൽ ഞാനെന്റെ മുടി കറുപ്പിച്ച്
സുഗന്ധതൈലം പുരട്ടി
മൃദുഭാഷിണിയായി
അവനെ ആലിംഗനം കൊണ്ടു'

(മാധവിക്കുട്ടി,2010:39)

എന്ന വരികളിൽ പുരുഷനില്ലാതെ സ്ത്രീ അപൂർണ്ണയാണെന്നുള്ള മാധവിക്കുട്ടിയുടെ അഭിപ്രായം പ്രകടമാകുന്നു[1]. ഒപ്പം പ്രണയിക്കപ്പെടുമ്പോഴാണ് ഒരു സ്ത്രീ ഏറ്റവും കൂടുതൽ സുന്ദരിയും സന്തോഷസമ്പന്നയുമാകുന്നതെന്ന അടിസ്ഥാനതത്വത്തിൽ ഉറച്ചു നിന്നുകൊണ്ട് രചിച്ച കവിതയായി 'ഒരു പഴങ്കഥ' മാറുന്നു. പ്രണയമാണ് ഭൂമിയിലെ ഏറ്റവും സുന്ദരമായ വികാരമെന്ന് മലയാളത്തെ, കവിതയെ നിരന്തരം ഓർമ്മിപ്പിച്ചുകൊണ്ടിരുന്ന മാധവിക്കുട്ടി തന്നെ ഈ കവിതയിൽ പ്രണയത്തെ ഒരു കെണിയോട് ഉപമിക്കുന്നു. പ്രണയത്തിന്റെ കെണിയിലകപ്പെട്ടുപോയ പുരുഷന്റെ പ്രവൃത്തികൾ മൃഗസദൃശ്യമാണെന്നും അവൻ കൂട്ടിൽനിന്നും രക്ഷപ്പെടാൻ ചുരമാന്തുന്നു എന്നും കവി പറയുമ്പോൾ ആ പ്രണയം എഴുത്തുകാരിക്ക് നൽകിയ കഠിനവേദന വായനക്കാരന് മനസ്സിലാകുന്നു. പ്രണയത്തിന്റെ ഇത്തിരിക്കാലത്തിന് ശേഷം

സ്വാതന്ത്ര്യത്തിനായി ചുരമാന്തിയ കാമുകനെ നിശബ്ദമായി വാതിൽ തുറന്ന് സ്വതന്ത്രനാക്കുന്ന രംഗത്തോട് കൂടി കവിത അവസാനിക്കുകയും ഒരിക്കലും അവസാനിക്കാത്ത നോവ് എഴുത്തുകാരിയിൽ ബാക്കിയാകുകയും ചെയ്യുന്നു.

'ഒരു പഴങ്കഥ' എന്ന കവിതയുടെ തുടർച്ച പോലെയാണ് 'കൂലിപ്പട്ടാളക്കാരുടെ ഘോഷയാത്ര' എന്ന കവിത രചിച്ചിരിക്കുന്നത്. ജീവിതത്തിന്റെ അന്ത്യകാലത്ത് മാധവിക്കുട്ടിയെപ്പോലെ സ്നേഹാന്വേഷിയായ ഒരെഴുത്തുകാരി ഈ കവിതകൾ തന്നെയാണ് എഴുതേണ്ടിയിരുന്നതെന്ന് വായനക്കാരന് ബോധ്യമാകുന്ന രീതിയിലാണ് ഈ കവിതയുടെ രചന[2]

'ഞാൻ അംഗീകരിച്ച ഒരു മതമേയുള്ളൂ സ്നേഹം'

(മാധവിക്കുട്ടി,2010:41)

എന്ന വരിയിൽത്തന്നെ മാധവിക്കുട്ടിയുടെ മതസങ്കൽപ്പവും സ്നേഹസങ്കൽപ്പവും നമുക്ക് അനുഭവവേദ്യമാകുന്നു. പ്രണയത്തിന്റെ വാക്കുകൾകൊണ്ട് പരസ്പരം ഒന്നാകുകയും ഉത്ക്കണ്ഠകളുടെ ഭാരം തനിയെ ചുമക്കുകയും ചെയ്യുന്ന ഒരു സ്ത്രീയെയാണ് മാധവിക്കുട്ടി ഈ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്. കാമുകനുണ്ടായ ശാരീരിക-മാനസിക വിഷമങ്ങളെ യാതൊരു മടിയുമില്ലാതെ തന്നിലേക്ക് സ്വീകരിക്കുന്നതോടൊപ്പം അസ്വസ്ഥതകളേതുമില്ലാതെ അവൾ അയാളുടെ മതത്തേയും സ്വീകരിക്കുന്നു. പിന്നീടങ്ങോട്ടുള്ള യാത്രയിൽ പ്രണയത്തിന്റെ സഹിഷ്ണുത മറക്കുകയും മതചിന്തകളുടെ ദംശനങ്ങളിൽ വിഷം പുരണ്ട് കാമുകിയിൽനിന്ന് വേർപെടുകയും ചെയ്യുന്ന കാമുകനെ നമുക്ക് ഈ കവിതയിൽ കാണാം. അള്ളാ എന്ന ഈശ്വരനെ മറികടന്ന് മതാചാര്യന്മാരുടേയും മേലാളന്മാരുടേയും വാക്കുകേട്ട് അയാൾ കാമുകിയെ ഉപേക്ഷിച്ച് പോകുന്നു.

'പക്ഷേ, ഏറെക്കഴിയുംമുമ്പേ
ഞാൻ കണ്ടെത്തി, താങ്കളുടെ യജമാനൻ
അള്ളാ ആയിരുന്നില്ലെന്ന്
താങ്കളുടെ മേലാളന്മാരുടെ കോപം ഭയന്ന്
താങ്കൾ എന്നെ വിട്ടുപോയി'

(മാധവിക്കുട്ടി,2010:41)

എന്ന വരികളിൽ മതത്തിന്റെ ഉടയവൻ ഈശ്വരനല്ലെന്നും മറിച്ച് മനുഷ്യന്റെ വികലമായ മനസാണ് അവന്റെ മതനിയന്ത്രകനെന്നും മാധവിക്കുട്ടി വ്യക്തമാക്കുന്നു. ജാതിയുടേയും മതത്തിന്റേയും മതിൽക്കെട്ടുകൾ തകർത്ത് പ്രപഞ്ചസൃഷ്ടാവായ ഈശ്വരന്റെ സാന്നിദ്ധ്യത്തിൽ ജീവിതമാരംഭിക്കുകയും പിന്നീട് മതത്തിന്റെ ചട്ടങ്ങളെ ഭയന്ന് തിരികെ പോകുകയും ചെയ്ത കാമുകന്റെ ധൈര്യത്തെ റിമോട്ട് കൺട്രോളിലുള്ള യന്ത്രമനുഷ്യന്റെ ധൈര്യത്തോടാണ് മാധവിക്കുട്ടി ഉപമിക്കുന്നത്. നിർബന്ധിത ബുദ്ധിയുടെ പരിവേഷമായ യന്ത്രമനുഷ്യന് സ്വയം ചിന്തിക്കുവാൻ കഴിവില്ലാത്തതുപോലെയാണ് ഇവിടെ കാമുകന്റെ പ്രവൃത്തിയെന്ന് കവി പറയുമ്പോൾ പ്രണയത്തിൽ സ്ത്രീയുടെ ധൈര്യം പുരുഷന്റെ ധൈര്യത്തെക്കാൾ മുന്തിയതാണെന്ന പ്രപഞ്ചസത്യമാണ് വെളിവാകുന്നത്. കാമുകൻ പോയതിനു ശേഷം അവളുടെ ജീവിതം ഒരിക്കലും മരിക്കാൻ കൂട്ടാക്കാത്ത വേദനയുടെ ബാക്കിപത്രമായി മാറുകയും അവൾക്ക് പ്രണയത്തിന്റെ പറുദീസ നഷ്ടമാകുകയും ചെയ്യുന്നു. ഈ നഷ്ടബോധമാണ് മതപരിവർത്തനത്തിന്റെ വേദനയെക്കാൾ കവിയെ കുത്തിനോവിക്കുന്നതെന്ന് കൂടുതൽ കൂടുതൽ വ്യക്തമാക്കുന്ന കലഹകവിതയാണ് 'കൂലിപ്പട്ടാളക്കാരുടെ ഘോഷയാത്ര'.

'കാവിക്കാർ' എന്ന കവിതയിൽ മരണാസന്നയായ കവിയെ കാണാനെത്തുന്ന ഹൈന്ദവ മതാചാര്യന്റെ ചിത്രമാണ് മാധവിക്കുട്ടി

അവതരിപ്പിക്കുന്നത്. മതപരിവർത്തനത്തിന്റെ മേലങ്കിയണിഞ്ഞ കവി ഇവിടെ സാധാരണ മനുഷ്യനിൽ നിന്നുയർന്ന് ഒരു വിശേഷപ്പെട്ട വ്യക്തിയായി മാറുന്നു. മതപരിവർത്തനത്തിന്റെ വൈശിഷ്ട്യത്തിൽ മരണാനന്തര ചടങ്ങുകളെക്കുറിച്ച് തീരുമാനമെടുക്കേണ്ടത് അത്യാവശ്യമാണെന്ന മതാചാര്യന്റെ വാക്കുകളോടുള്ള മറുപടിയാണ് ഈ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നത്. ആത്മാവ് വിട്ടുപോകുന്ന ഭൗതിക ശരീരം ഏറ്റവും നല്ല ഹിന്ദുമതാചാരപ്രകാരം ചിതയിൽ വയ്ക്കണമോ അതോ മുസ്ലീം മതാചാരപ്രകാരം പള്ളിയിൽ കുഴിച്ചിടണമോ എന്ന കാവിക്കാരന്റെ ചോദ്യം കവിയെ അസ്വസ്ഥയാക്കുന്നു. പഞ്ചഭൂതങ്ങളാൽ നിർമ്മിതമായ മനുഷ്യശരീരം പഞ്ചഭൂതങ്ങളിലേക്ക് തന്നെ ലയിക്കുന്നു എന്ന സങ്കല്പമാണ് ഹൈന്ദവരുടെ മരണാനന്തര കർമ്മങ്ങളുടെ സങ്കല്പമെങ്കിൽ മറ്റു ജീവികൾക്കുപദ്രവമാകാത്ത രീതിയിൽ ഈശ്വരനിർമ്മിതമായ ശരീരം ഈശ്വരന്റെ സാന്നിദ്ധ്യത്തിൽ തന്നെ മണ്ണിനോട് ചേരുന്നുവെന്നതാണ് മുസ്ലീം മതാചാരപ്രകാരമുള്ള മരണാനന്തര കർമ്മങ്ങളുടെ സങ്കല്പം. രണ്ട് മതങ്ങളും പ്രകൃതിയോടിണങ്ങി പരിപാവനമായി നടത്തുന്ന മതാചാരങ്ങളെ മനുഷ്യൻ നല്ലതെന്നും ചീത്തയെന്നും വേർതിരിക്കുന്നതിലുള്ള അനൗചിത്യത്തോടുള്ള കലഹമാണ് ഈ കവിതയിൽ മാധവിക്കുട്ടി നടത്തുന്നത്. പ്രണയകാലത്ത് ഏറ്റവും വിലപ്പെട്ട സ്വത്തായി കരുതിയിരുന്ന ശരീരം അന്ത്യകാലത്ത് ഒരു മുടന്തിയുടെ അനുസരണകെട്ട ചട്ടക്കൂടായി മാത്രം മാധവിക്കുട്ടി വീക്ഷിക്കുന്നു. ശരീരം നശ്വരമാണെന്നും ആത്മാവ് അനശ്വരമാണെന്നും മാധവിക്കുട്ടി തിരിച്ചറിയുകയും ആ സത്യത്തെ ഹൃദയം കൊണ്ട് അംഗീകരിക്കുകയുമാണ് ഈ കവിതയിൽ.

വാർദ്ധക്യവും ഏകാന്തതയും തുടർച്ചയായി പ്രഹരിക്കുന്ന മനുഷ്യന്റെ വിങ്ങലുകളാണ് 'യൗവ്വനത്തിന്റെ അവസാനം','കീർത്തി' തുട

ങ്ങിയ കവിതകൾ. ജീവിതത്തിലെ ഏറ്റവും പ്രസരിപ്പാർന്ന കാലമാണ് മനുഷ്യന്റെ യൗവനകാലം. മനുഷ്യൻ അവന്റെ ശരീരത്തെ കൂടുതൽ കൂടുതൽ സ്നേഹിക്കുകയും അഴക് സംരക്ഷിക്കുകയും ചെയ്യുന്നതാണ് യൗവനകാലഘട്ടത്തിലെ പ്രധാന പ്രവൃത്തി. യൗവനത്തിന്റെ അന്ത്യ കാലത്ത്,വാർദ്ധക്യം വന്ന് മുഖം കാണിക്കുമ്പോൾ മനുഷ്യൻ യാഥാർത്ഥ്യങ്ങൾ തിരിച്ചറിയുവാനും അവയോട് പൊരുത്തപ്പെടു വാനും പ്രയാസപ്പെടുന്നു. 'യൗവനത്തിന്റെ അവസാനം'എന്ന കവിത യിൽ അത്തരമൊരു പരിണാമത്തെക്കുറിച്ചാണ് കവി സൂചിപ്പിക്കുന്നത്. ഭൂതകാലങ്ങൾ മാത്രമാണ് തനിക്ക് സ്വന്തമായുണ്ടായിരുന്നതെന്ന് തിരി ച്ചറിയുമ്പോൾ യാഥാർത്ഥ്യമായ പ്രായത്തെ, ശരീരത്തിന്റെ അവശത കളെ മാധവിക്കുട്ടി അംഗീകരിക്കുകയും ഈ ലോകത്ത് മനുഷ്യന്റെ യഥാർത്ഥ അവകാശി പ്രായമാണെന്ന് തിരിച്ചറിയുകയും തത്വശാസ്ത്ര ത്തിന്റെ പക്ഷത്തുനിന്ന് വായനക്കാരനോട് വാദിക്കുകയുമാണ് ഈ കവിതയിൽ.

'കീർത്തി'എന്ന കവിത വായിക്കുമ്പോൾ തത്വശാസ്ത്രത്തിന്റെ മറ്റൊരു മുഖമാണ് വായനക്കാരന് ദൃശ്യമാകുന്നത്.

> 'കീർത്തി
> നാം ഭക്ഷണം പാകം ചെയ്യുമ്പോൾ
> അടുക്കളക്കുഴൽ പുറത്തുവിടുന്ന
> പുക മാത്രമാണ്'
>
> (മാധവിക്കുട്ടി,2010:33)

എന്ന വരികളിൽ എത്ര നിസാരമായാണ് മാധവിക്കുട്ടി ഒരു സത്യത്തെ അവതരിപ്പിച്ചിരിക്കുന്നതെന്ന് നമുക്ക് മനസ്സിലാകും. സമൂഹത്തിൽ അറിയപ്പെടുക എന്നത് ഏതൊരു മനുഷ്യന്റേയും സാധാരണ ആഗ്ര ഹമാണ്. കല- സാഹിത്യ- സാംസ്കാരിക രംഗങ്ങളിൽ ഒരു മനു

ഷ്യൻ കീർത്തി സമ്പാദിക്കുകയും അതിന്റെ പ്രഭയിൽ സ്വയം മറക്കുകയും ചെയ്യുന്നതിനെക്കുറിച്ചാണ് ഈ കവിതയിലെ അന്വേഷണം. പുകയ്ക്ക് സമാനമായ കീർത്തി കാഴ്ച കുറയ്ക്കുക മാത്രമാണ് ചെയ്യുന്നതെന്നും ആ കീർത്തിയാകുന്ന പുകയെ അന്ധമായി ആഗ്രഹിക്കുകയോ ആശ്രയിക്കുകയോ ചെയ്യരുതെന്നും മാധവിക്കുട്ടി ഈ കവിതയിൽ അഭിപ്രായപ്പെടുന്നു. എന്നും സ്നേഹത്തിന് വേണ്ടി നില കൊണ്ട എഴുത്തുകാരിയാണ് മാധവിക്കുട്ടി.

'കെട്ടിയിട്ട കോലാട്' എന്ന കവിതാ സമാഹാരത്തിലെ ഓരോ കവിതകളിലും ഏകാന്തതയും മരണചിന്തയും സ്ഫുരിക്കുന്നുണ്ട്. പ്രണയത്തെക്കുറിച്ച് ജീവിതത്തെക്കുറിച്ച് മാധവിക്കുട്ടിക്ക് ഇനിയും ലോകത്തോട് ഏറെ കാര്യങ്ങൾ പറയാനുണ്ടായിരുന്നു. അതിനുദാഹരണമാണ് 'ഞാൻ അതിജീവിക്കും'എന്ന കവിതയിലെ,

'തളർത്തുന്ന നൂറ്റാണ്ടുകൾക്കു ശേഷം
എന്റെ പേരും രൂപവും
മാഞ്ഞുപോകുമ്പോൾ
കാലുകൾ മണ്ണിൽ ചേർത്തു വയ്ക്കൂ
അതിനകത്തെ വിത്തിന്റെ
അക്ഷമമായ മിടിപ്പായിരിക്കും ഞാൻ'

(മാധവിക്കുട്ടി,2010:69)

എന്ന വരികൾ. നൂറ്റാണ്ടുകൾ കടന്നുപോകുമ്പോൾ തന്നെയും തന്റെ എഴുത്തുകളേയും തലമുറകൾ മറന്നുപോകും എന്ന കവി സങ്കൽപ്പത്തിൽ നിന്നാണ് ഈ കവിതയുടെ ജനനം. അങ്ങനെ മറന്നുപോയാൽ മണ്ണിലാഴത്തിൽ ഉറങ്ങുന്ന വിത്തിന്റെ മുളയ്ക്കാനുള്ള അക്ഷമമായ മിടിപ്പായി, അടുത്ത വേനലിന്റെ പൂക്കളെ ഗർഭം ധരിച്ച ചെടിയായി അവർ അതിജീവനം നടത്തും. ലോകാവസാനംവരെ കടലിന്റെ നെടു

വീർപ്പായി താൻ ഈ സാഹിത്യലോകത്ത് നിലനിൽക്കുമെന്ന എഴുത്തുകാരിയുടെ ശക്തമായ ചിന്തയാണ് ഈ കവിതയുടെ മർമ്മം.

ഏകാന്തതയുടെ പരമകോടിയിൽനിന്നും ജീവിതത്തിന്റെ പൊള്ളത്തരങ്ങളെ തിരിച്ചറിയുന്ന കവിതയാണ് 'തിരക്ക്'. ബന്ധുജനങ്ങളും മിത്രങ്ങളും വളർത്തുജന്തുക്കളും സാഹിത്യവും നിറഞ്ഞുനിന്നിരുന്ന തിരക്കുകളുടെ ഒരു കാലത്തിൽനിന്ന് വാർദ്ധക്യത്തിലേക്ക് വഴുതിവീണുപോയ കവി ഭൂതകാലങ്ങളെക്കുറിച്ച് ചിന്തിക്കുകയും പ്രാദേശിക ചിത്രങ്ങളിലേക്ക് ആ ചിന്തകളെ ഉപമിക്കുകയും ചെയ്യുന്നു. ഒടുവിൽ എല്ലാവരും നഷ്ടമായി ഏകാന്തതയിൽ തപസിരിക്കുമ്പോൾ,

'സ്നേഹമെന്ന വാക്കിന്റെ
പൊള്ളത്തരം മാത്രമേ
ഇപ്പോൾ എന്റെ കൂടെയുള്ളൂ.'

(മാധവിക്കുട്ടി,2010:62)

എന്ന് കവി തിരിച്ചറിയുന്നു. ഒരിക്കലും മുക്തിനേടാൻ കഴിയാത്ത തമോഗർത്തത്തിലെന്ന പോലെ കവി സ്നേഹനഷ്ടത്തെക്കുറിച്ച് വാചാലയാകുന്നു.

മതംമാറ്റത്തെക്കുറിച്ചുള്ള പരിതാപമാണ് 'ടൈംപീസ്' എന്ന കവിതയിലെ ഇതിവൃത്തം. മനുഷ്യനിൽനിന്ന്, തന്നിൽനിന്നുകൂടി ഒതുങ്ങി കട്ടിപ്പുതപ്പിനടിയിൽ ഒളിച്ചിരിക്കുന്ന ടൈംപീസിനോട് കവി തന്നെ ഉപമിക്കുന്നു. കൃത്യമായ സമയത്ത് നമ്മെ വിളിച്ചുണർത്താൻ നമ്മൾ നൽകുന്ന നിർദ്ദേശമനുസരിക്കുന്ന യന്ത്രത്തോടാണ് കവി സ്വയം ഉപമ നടത്തുന്നത്. സന്ധിചെയ്യാൻ പഠിക്കാതിരുന്ന താൻ സന്ധിചെയ്യാൻ വിശുദ്ധമായ വഴി പഠിക്കുവാനാണ് ഇസ്ലാം മതം സ്വീകരിച്ചതെന്ന് ഈ കവിതയിൽ പറയുന്നു. തന്റെ ഭാഷയും സൃഷ്ടികളും എന്നും വായനക്കാരനോട് കലഹിക്കുകയായിരുന്നെന്ന് മാധവിക്കു

ട്ടിക്ക് സ്പഷ്ടമായി അറിയാമായിരുന്നു എന്ന് സാരം. ലോകത്തിന് നന്മ ചെയ്തതിന്റെ പേരിൽ ക്രൂശിക്കപ്പെട്ട ദൈവപുത്രനോടുള്ള ആദരവിനോടൊപ്പം ദൈവപുത്രൻ ചുമന്ന കുരുശ്ശിനും തന്റെ കുരിശിനും സാമ്യമുണ്ടെന്ന് കവി പറയുന്നു. മൂന്നാംനാൾ ദൈവപുത്രൻ ഉയിർത്തെഴുന്നേറ്റതുപോലെ തനിക്ക് സാധിക്കുകയില്ലെന്നും കവി തുറന്നെഴുതുന്നു. മരണം മുന്നിൽ കണ്ടിട്ടുള്ള വെളിപാടുപോലെയാണ്,

'എന്റെയുടൽ മരംകൊണ്ടുള്ള
ശവപ്പെട്ടിയിൽ അടക്കം ചെയ്യരുതേ
എന്റെ ജഡത്തിന്റെ തീക്കനലുകൾ
അതിൽ തുളവീഴ്ത്തി പുകഞ്ഞുകത്തും'

(മാധവിക്കുട്ടി,2010:80)

എന്ന വരികളുടെ രചനാശൈലി. പ്രണയത്തിന്റെ, അവഗണനയുടെ, പരിതാപങ്ങളുടെ കനലുകൾ കവിയുടെ ഹൃദയത്തെ ചുട്ടുനീറിക്കുന്നതിന്റെ തെളിവാണ് ഈ അഭ്യർത്ഥന.

മതംമാറ്റത്തിന്റെ പശ്ചാത്തലത്തിൽ തനിക്ക് നഷ്ടമായ അവസരങ്ങളെക്കുറിച്ചുള്ള ആത്മഭാഷണമാണ് അടുത്ത വരികൾ. ചിത്രം ആർട്ട്സ് ഗ്യാലറിയിലെ ഉദ്ഘാടനങ്ങൾക്ക് തന്നെ ഇപ്പോൾ ക്ഷണിക്കാറില്ലെന്നും മതംമാറ്റം അവരെയൊക്കെ വേദനിപ്പിക്കുന്നുണ്ടെന്നുമാണ് മാധവിക്കുട്ടി പറയുന്നത്. അവരെ മാത്രമല്ല ഓരോ ഹിന്ദുവിനേയും ഓരോ ഇസ്ലാമിനേയും തന്നെ മതപരിവർത്തനം വേദനിപ്പിക്കുന്നുവെന്ന് മാധവിക്കുട്ടി വിധിയെഴുതുന്നു. സ്വന്തം വിധിയെഴുതി വായിക്കുന്ന ഒരു ന്യായാധിപയുടെ മനസ്സാണ് ഈ കവിതയിലുടനീളം മാധവിക്കുട്ടി സ്വീകരിച്ചിരിക്കുന്നത്.

'ഞാൻ ഇസ്ലാമിലേക്ക് മതം മാറിയത്
അവരെയൊക്കെ വിഷമിപ്പിക്കുന്നുണ്ട്

മുസ്ലീംങ്ങളും ഹിന്ദുക്കളും,
രണ്ടുവിഭാഗങ്ങൾക്കുമുണ്ട് വിഷമം
പുണ്യവാളത്തിയാക്കാൻ പറ്റിയ
മദർതെരീസയല്ല ഞാൻ
എല്ലാവരേയും ആശ്ലേഷിക്കാൻ
തയ്യാറുള്ള പുഞ്ചിരിക്കുന്ന അമ്മയുമല്ല'

(മാധവിക്കുട്ടി,2010:80)

എന്ന വരികളിൽ സമൂഹത്തിന്റെ ദൃഷ്ടിയിൽക്കൂടി തന്നെ വിലയിരുത്തുവാനുള്ള കവിയുടെ ശ്രമമാണ് വ്യക്തമാകുന്നത്. സമൂഹമാകുന്ന സൂഷ്മദർശിനിക്കു കീഴെ വച്ചിരിക്കുന്ന ഒരു പുഴുവിനോട് തന്നെ ഉപമിക്കുമ്പോൾ എഴുത്തുകാരുടെ സ്വകാര്യജീവിതവും സ്വന്തം അഭിപ്രായങ്ങളും പ്രവൃത്തികളും സമൂഹം എത്രയാഴത്തിൽ വീക്ഷിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്നു എന്ന തിരിച്ചറിവ് കവിയിലുണ്ടെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു. ആമി, മാധവിക്കുട്ടി, കമലാദാസ്, കമലാ സുരയ്യ എന്നിങ്ങനെ നിരവധി പേരുകളിൽ അറിയപ്പെട്ട തന്റെ ഇപ്പോഴത്തെ പേരിനെക്കുറിച്ച് കവി തന്നെ സംശയിക്കുന്നു.

'എന്റെ ഏതെങ്കിലും മകൻ പറയുമോ
ഞാൻ കമലാദാസിന്റെ മകനാണെന്ന്
സ്നേഹത്തിന്നായുള്ള
എന്റെ വഴിതെറ്റിയ അന്വേഷണം
എന്നെ പരിഹാസ്യയാക്കി
എല്ലാ അന്വേഷണങ്ങളും വഴിതെറ്റിയതുതന്നെ'

(മാധവിക്കുട്ടി,2010:81)

മതംമാറ്റത്തെ തുടർന്ന് താനനുഭവിച്ച കടുത്ത വെല്ലുവിളികളുടെ പ്രതിഫലനമാണ് ഈ വരികളിൽ തെളിയുന്നത്. തന്റെ സ്നേഹാ

ന്വേഷണ പാതകൾ തെറ്റായിരുന്നുവെന്നും അവമൂലം സമൂഹത്തിൽ താൻ പരിഹാസ്യയായെന്നുമുള്ള കുറ്റബോധത്തോടെയാണ് ഈ കവിത അവസാനിക്കുന്നത്. ഭക്ഷണം, വസ്ത്രം, രതി, മതം, ആരാധനാ ശൈലികൾ തുടങ്ങി സ്വന്തം അഭിപ്രായങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുന്ന ഒരു വ്യക്തിയെ സമൂഹത്തിന്റെ കപടസദാചാര കണ്ണുകൾ വേട്ടയാടുന്നതിനോടുള്ള അതൃപ്തിയും വേദനയുമാണ് ഈ കവിതയുടെ കേന്ദ്രബിന്ദു.

പൂർവികതയും ജീവിത സന്ദർഭവും ചർച്ച ചെയ്യുന്ന കവിതകളാണ് 'ഉറങ്ങുന്ന തേളുകൾ', 'കരിമ്പന' എന്നിവ. പുന്നയൂർക്കുളത്തെ തറവാടും മുത്തശ്ശിയും മറ്റ് പൂർവ്വികരും മാധവിക്കുട്ടിയുടെ കൃതികളുടെ നാഡീഞരമ്പുകളാണ്. അത്തരത്തിലൊരു ബാല്യകാല ഓർമ്മയുടെ കഷ്ണമാണ് ഉറങ്ങുന്ന തേളുകൾ എന്ന കവിത. മുത്തശ്ശിയുടെ തറവാട്ടുചുവരിൽ സ്ഥാനം പിടിച്ചിരുന്ന ഫോട്ടോകൾ പൊക്കിനോക്കുമ്പോൾ താക്കീതും സ്നേഹവും കലർന്ന മുത്തശ്ശിയുടെ സ്വരം അതിനെ തടുക്കാറുണ്ടായിരുന്നു. ഓർമ്മകളെ തേളുകളോട് ഉപമിക്കുകയും വാർദ്ധക്യകാലത്തിൽ അവയുടെ പ്രഹരത്തിൽ വേദനിക്കുകയും ചെയ്യുമ്പോൾ മുത്തശ്ശിയുടെ കരുതൽ കരങ്ങൾ ആഗ്രഹിക്കുന്ന കുട്ടിയായി കവി മാറുന്നു എന്ന് ഈ കവിതയുടെ വായന നമ്മെ ബോധ്യപ്പെടുത്തുന്നു.

യക്ഷികൾ കരിമ്പനയിൽ വസിക്കുന്നുവെന്നും അവർ സന്ധ്യാനേരങ്ങളിൽ കന്യകയുടെ രൂപമെടുത്ത് പുരുഷന്മാരെ ആകർഷിച്ച് ഇണചേർന്ന ശേഷം കൊന്നുകളയുമെന്നുമുള്ള മിത്തിന്റെ പിന്തുടർച്ചയാണ് കരിമ്പന എന്ന കവിതയിൽ. അമ്മാളു അമ്മ എന്ന തന്റെ പൂർവിക, പനയോലകളിൽ കവിതയെഴുതി പെട്ടിയിൽ സൂക്ഷിച്ചിരുന്നുവെന്നും കാലങ്ങളോളം അവ കേടുകൂടാതെയിരുന്നുവെന്നും കവി പറയുന്നു.

സാഹിത്യരചനയിലുള്ള മാധവിക്കുട്ടിയുടെ പാരമ്പര്യം എത്രയോ തലമുറകൾക്ക് മുൻപേ ആരംഭിച്ചതാണെന്ന് വായനക്കാരന് ഈ വരികളിൽ നിന്നും വ്യക്തമാകും. ബാല്യകാലത്ത് മാധവിക്കുട്ടിയിൽ അടിയുറച്ചുപോയ മിത്തിന്റെ ബഹിർഗമനമാണ് ഈ കവിത. കാലങ്ങൾ കടന്നുപോയപ്പോൾ പുരയിടം മറ്റൊരാൾ വാങ്ങുകയും അയാൾ ആ കരിമ്പന മുറിച്ചുമാറ്റുകയും ചെയ്തു. ആ കരിമ്പനയിൽ വസിച്ചിരുന്ന യക്ഷി അവശേഷിപ്പിച്ച മനുഷ്യന്റെ എല്ലുകൾ താൻ തൂത്തുവാരി കളഞ്ഞിട്ടുണ്ടെന്ന് വേലക്കാരി പത്മാവതി കവിയോട് പലതവണ പറഞ്ഞിട്ടുണ്ട്. മിത്തുകളുടെ കൈമാറ്റം ഒരു തലമുറയിൽ നിന്നും മറ്റൊരു തലമുറയിലേക്ക് എങ്ങനെയാണ് നടക്കുന്നത് എന്ന് കവിയിവിടെ സൂഷ്മമായ നിരീക്ഷണം നടത്തുന്നു.

മാധവിക്കുട്ടിയുടെ പ്രണയസങ്കൽപ്പങ്ങൾ എന്നും കൃഷ്ണനെന്ന കേന്ദ്രബിന്ദുവിൽ നിന്നുയരുന്ന തരംഗങ്ങളാണ്. ഭാരതീയ സ്ത്രീകളുടെയെല്ലാം ആദ്യത്തെ കാമുകനും ഭർത്താവും പുത്രനുമായി രൂപമെടുക്കുന്ന കൃഷ്ണനും രാധയും തമ്മിലുള്ള പ്രണയത്തിന്റെ അനിയന്ത്രിതമായ ഒഴുക്ക് പ്രകടമാകുന്ന കവിതയാണ് 'രാധയുടെ സ്വപ്നം'. ശരീരം കൊണ്ടും മനസുകൊണ്ടും കൃഷ്ണനെ പ്രണയിച്ച നിത്യയൗവനമാണ് രാധ. രാധയുടെ മനസ് കടമെടുത്തുകൊണ്ടുള്ള ചിന്തകളാണ് മാധവിക്കുട്ടി ഈ കവിതയിൽ നടത്തുന്നത്. പ്രണയസങ്കൽപ്പത്തെ അടയാളപ്പെടുത്താൻ കൃഷ്ണനേക്കാൾ ഉദാത്തമായ മറ്റൊരു മാതൃകയും കവി ദർശിക്കുന്നില്ല.

'എന്റെയുള്ളിൽ വസന്തമായിരുന്നു
മരണമില്ലാത്ത പ്രണയവും
നീ പ്രവേശിച്ചപ്പോൾ
ഞാൻ നിന്റെ വീടായി' (മാധവിക്കുട്ടി,2010:11)

കൃഷ്ണനോടുള്ള, തന്റെ കാമുകനോടുള്ള പ്രണയത്തെ കവി ഹൃദ്യമായി അവതരിപ്പിക്കുകയാണ് ഈ വരികളിൽ. അതുവരെ സംഗീതമില്ലാതിരുന്ന കവിയുടെ ലോകത്തിലേക്കാണ് കൃഷ്ണൻ പ്രവേശിച്ചത്. അനുനിമിഷം ആ ജീവിതം സംഗീതസാന്ദ്രമാകുകയും കവി കൃഷ്ണന് വീടായി മാറുകയും ചെയ്തു. വീട് ഒരു വ്യക്തിക്ക് ഏറ്റവും കൂടുതൽ സംരക്ഷണം നൽകുന്ന ഇടമാണ്. വൈകാരികമായ ബന്ധങ്ങൾ സൃഷ്ടിക്കുകയും ബന്ധങ്ങളുടെ ഊഷ്മളത കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന വീടെന്ന സങ്കൽപ്പത്തിലേക്ക് കവി കാമുകനുവേണ്ടി ഉണരുന്നു. പക്ഷേ ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ കൃഷ്ണൻ ഒരു കിനാവായിരുന്നുവെന്ന ക്രൂരസത്യത്തെ കവി മനസിലാക്കുന്നു. ആ നിമിഷത്തിന്റെ ആഘാതത്തിൽ നിന്നും ഉയിർത്തെഴുന്നേൽക്കാൻ കഴിയാതെ കവി അസ്വസ്ഥയാകുന്നു. രാധ-കൃഷ്ണ പ്രണയത്തിന്റെ പരിവേഷമാണ് ഈ കവിതയെന്ന് തോന്നുമെങ്കിലും പ്രണയത്തിൽ നിന്നും കവിക്ക് അനുഭവപ്പെട്ട ആഘാതമാണ് ഈ കവിതയുടെ മൂലകാരണമെന്ന് സൂക്ഷ്മവായനയിൽ അനുവാചകന് മനസിലാകും.

എഴുത്ത് മാധവിക്കുട്ടിക്ക് രക്തമാംസങ്ങൾ പോലെയാണ്. പ്രണയം സാഹിത്യത്തിൽ എത്രയടയാളപ്പെടുത്തിയാലും മാധവിക്കുട്ടിയുടെ തൂലിക തൊടുമ്പോഴതിന് പുതുജീവൻ കൈവരും. 'എന്റെ കഥ'യിൽക്കൂടിയുള്ള ജീവിതാവതരണവും അന്ത്യകാലത്തെ മതംമാറ്റവും കൃതികളിലെ ഉത്തമപുരുഷാഖ്യാനവും ചേർന്ന് ഏറെ തെറ്റിദ്ധരിക്കപ്പെട്ട, സംഭവബഹുലമായ ജീവിതമായിരുന്നു മാധവിക്കുട്ടിയുടേത്. സാഹിത്യരചനയുടെ നിമിഷത്തിൽ സത്യവും മിഥ്യയും ലയിച്ചുചേർന്ന് പുറത്തേക്ക് വരുന്നതിനാൽ മാധവിക്കുട്ടി എഴുതിയതിലെ നേരും നുണയും ഇന്നും നമുക്ക് തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല എന്ന് തന്നെ പറയേണ്ടിയിരിക്കുന്നു. പക്ഷെ എഴുതിയതെല്ലാം മികച്ചതാക്കിമാറ്റാൻ

മാധവിക്കുട്ടിക്ക് കഴിഞ്ഞിട്ടുണ്ട്. കവിത മാധവിക്കുട്ടിക്ക് കലഹത്തിന്റെ ഉടമയായിരുന്നു, വേദനിക്കുമ്പോൾ മാത്രം പുറത്തു വരുന്ന നല്ല സുഹൃത്തായിരുന്നു. ജാതി, മതം,തുടങ്ങിയ മനുഷ്യന്റെ വിലകുറഞ്ഞ വികാരങ്ങൾക്കെതിരെ അനുഭവതീക്ഷ്ണമായ വാക്കുകൾകൊണ്ട് കലഹിക്കുകയാണ് മാധവിക്കുട്ടിയുടെ കവിതകൾ. പേരിലും രചനയിലുമുള്ള വൈവിധ്യങ്ങൾ മാധവിക്കുട്ടിയുടെ അന്ത്യകാല കവിതകളിലും നമുക്ക് ദർശിക്കാം.

## കുറിപ്പുകൾ

1. കമലാദാസ്,കെട്ടിയിട്ട കോലാട്,കവിത,കമലാദാസ്,പുറം 95.
2. കമലാദാസ്,കെട്ടിയിട്ട കോലാട്,കവിത,കമലാദാസ്,പുറം 1.

## സഹായകഗ്രന്ഥങ്ങൾ

1. കമലാദാസ്,*കെട്ടിയിട്ട കോലാട്*,കമലാദാസ് (സച്ചിദാനന്ദൻ വിവ:)ഡി.സി.ബുക്സ്,കോട്ടയം,മെയ് :2010.
2. മാധവിക്കുട്ടി,*പ്രണയകാലത്തിന്റെ ആൽബം*, അർഷാദ് ബത്തേരി (എഡി:), ഒലിവ് പബ്ലിക്കേഷൻസ്,കോഴിക്കോട് സെപ്റ്റംബർ :2005.

# പ്രണയത്തിന്റെ വിഹ്വലതകളും പ്രണയകഥകളും

**ഹരിത കെ.പ്രസാദ്**

ഒരു കാലിഡോസ്കോപ്പിലൂടെ വളക്കഷ്ണങ്ങൾ കാണുമ്പോൾ അതിന്റെ ബിംബാത്മകസൗന്ദര്യം വിചിത്രമായ ദൃശ്യപഥങ്ങളിലേക്ക് നയിക്കുന്നു. ജീവിതത്തെക്കുറിച്ചുള്ള ഈ വിചിത്രമായ കാഴ്ചകളാണ് പ്രണയത്തിലും ഉന്മാദത്തിലും ഒറ്റപ്പെടലിലും മാധവിക്കുട്ടി അനുഭവിക്കുന്നത്. ചിതറി നില്ക്കുന്ന ചില ജീവിതചിത്രങ്ങൾ വളരെ നിസ്സംഗമമായി പറയുകയാണവർ ചെയ്യുന്നത്. അതിൽ അനുഭവങ്ങളുടെ മിഥ്യയോ അതിശ്ശയോക്തിയുടെ സത്യമോ എന്നു പരതിയിട്ടു കാര്യമില്ല. അവ വായനക്കാരനെ ഭ്രമിപ്പിക്കുകയും സന്തോഷിപ്പിക്കുകയും വികാരം കൊള്ളിക്കുകയും വിഷാദമൂകമായ ചിന്തകളിലേക്ക് നയിക്കുകയും ചെയ്യുന്നു. പ്രണയത്തിന്റെ വ്യത്യസ്ത ഭാവങ്ങളെ ആവിഷ്ക്കരിച്ച കഥാകാരിയാണ് മാധവിക്കുട്ടി. പ്രണയത്തെ ചിത്രീകരിക്കുമ്പോൾ മാധവിക്കുട്ടി ഇടയ്ക്ക് ഉന്മാദിക്കുന്നുണ്ട്. മറ്റുചിലപ്പോൾ സ്ത്രീപക്ഷവാദിയാകുന്നു, ദുർബലയാകുന്നു, ശക്തയാകുന്നു. പ്രണയത്തെ ഒരൊറ്റ നിർവ്വചനത്തിലൊതുക്കുവാൻ അവർക്ക് സാധിക്കുന്നില്ല. അത് സാധ്യമല്ല എന്നതാണ് സത്യവും.

ഊമയായ പേശാമടന്തയ്ക്ക് സംസാരശേഷി നൽകി വികാരങ്ങൾ പങ്കുവെച്ച രാജാവിന്റെ അത്ഭുത സിദ്ധി ഒത്തിരി പറയുവാനുള്ള പൊട്ടനെപ്പോലെ വായനക്കാരനേയും ചുറ്റിപ്പടർന്നു നിൽക്കുന്നു. പേശാമടന്തയ്ക്ക് സംസാരശേഷി നൽകിയ രാജാവിനെപ്പോലെയാണ് ജാനുവിനെ പൊട്ടൻ കാണുന്നത്. അവനെ ആരറിഞ്ഞില്ലെങ്കിലും ജാനു

വിന് അറിയാമായിരുന്നു. എന്നാൽ യഥാർത്ഥ ജീവിതത്തിൽ ജാനു രാജാവിനെപ്പോലെ അധികാരമുള്ളവളായിരുന്നില്ല. ഭാവനാത്മക ലോകത്തുനിന്ന് യാഥാർത്ഥ്യത്തിലേക്ക് എത്തുമ്പോൾ രണ്ട് നിസ്സഹായരായ മനുഷ്യരുടെ നിഷ്കളങ്കമായ സ്നേഹമാകുന്നു "ഒരു സ്നേഹത്തിന്റെ കഥ". അത്ഭുതങ്ങളൊന്നും സംഭവിക്കാത്ത സാധാരണക്കാരായ മനുഷ്യരായി മാത്രം മാറുന്നു ജാനുവും പൊട്ടനും.

യാഥാർത്ഥ്യത്തിൽ നിന്ന് ഭാവനയുടെ ലോകത്തേക്ക് തെന്നിമാറുന്ന കഥാകാരിയെയാണ് 'രാജാവിന്റെ പ്രേമഭജനം'എന്ന കഥയിൽ കാണാൻ കഴിയുന്നത്. കഥയുടെ കാലം എതെന്ന കൃത്യത ക്ഥയിലൊരിടത്തും കഥാകാരി നൽകുന്നില്ല. പകരം ഒരു ഫാന്റസി പോലെ കഥ പറഞ്ഞുപോവുക മാത്രമാണ് ചെയ്യുന്നത്. രാജാവിന്റെ പ്രേമഭാജനമാകാൻ കൊതിച്ച് ഒടുവിൽ മുപ്പത്തിയഞ്ചാമത്തെ വയസ്സിൽ ആഗ്രഹപൂർത്തീകരണം ലഭിച്ച സ്ത്രീയിലൂടെയാണ് കഥയുടെ ആഖ്യാനം മുന്നോട്ടുപോകുന്നത്. എന്നാൽ പഴയ രാജാവിന്റെ അധികാരത്തിന്റെയും പ്രതാപത്തിന്റെയും തിളക്കത്തിൽ നിന്ന് നിസ്സഹായനായ, കാമുകിയുടെ മുന്നിൽ പ്രണയത്തിനായി യാചിക്കുന്ന ഒരു സാധാരണ മനുഷ്യൻ മാത്രമായി മാറുന്നുണ്ട് ഇവിടെ രാജാവ്. അയാൾ അസൂയാലുവാണ്, തന്റെ കാമുകി ജിനോവിന്റെ കൂടെ പോയോ എന്നോർത്ത് അയാൾ വേദനിക്കുന്നുണ്ട്. തന്റേതു മാത്രമായിരിക്കണമെന്നു യാചിക്കുന്നുണ്ട്. രാജാവാണോ ജിനോവാണോ യഥാർത്ഥ സ്നേഹം എന്ന് കഥാനായികക്കും തിരിച്ചറിയുവാൻ സാധിക്കുന്നില്ല. എന്നാൽ രാജാവിനോടൊപ്പമുള്ള നിമിഷങ്ങൾ അവളുടെ അന്തസ്സ് വർധിപ്പിച്ചു, പണ്ടെന്നുമില്ലാത്ത ഭാവഗാംഭീര്യം നൽകി. എന്നാൽ അവളുടെ വാക്ശക്തി നശിച്ചു. രാജാവിന്റെ മരണശേഷം അവയെല്ലാം തിരികെ ലഭിക്കുമെന്നും രാജാവുമായുള്ള പ്രേമബന്ധത്തെപ്പറ്റി നീ

കത്തുന്ന കവിതകൾ എഴുതുമെന്നും അവളുടെ ഭർത്താവ് പറയുമായിരുന്നു. എന്നാൽ അവൾ തേടിയതും അലഞ്ഞതുമെല്ലാം രാജാവിനെയായിരുന്നു. അവളുടെ അവസാന കവിതയും ശവമഞ്ചവും രാജാവിന്റെ പ്രണയമായിരുന്നു. നിന്നെ ഞാൻ മൗനിയാക്കിയെന്ന രാജാവിന്റെ വിഷമത്തെ കവയിത്രി എന്ന നാട്യവും പേറിക്കൊണ്ടു നടക്കാൻ കഴിയില്ലെന്നു അവൾ പറയുന്നു. കവയിത്രി ആയിരുന്നപ്പോൾ തനിക്കാരും ഒരു ബഹുമാനവും തന്നിരുന്നില്ല. എളുപ്പത്തിൽ ശരീരം നേടാനുള്ള ഒരു മാർഗം മാത്രമായാണ് അതിനെ പലരും കണ്ടത് എന്നവൾ പറയുന്നു. ഈ കഥയിൽ നിന്ന് കഥാകാരിയുടെ വ്യക്തിത്വം തിരിച്ചറിയുകയും അതിനെ വേർതിരിച്ചെടുക്കുകയും ചെയ്യുന്ന സാധാരണ നിരൂപണ തന്ത്രങ്ങളിലേക്ക് കടക്കാതിരിക്കുകയാണ് നല്ലത്. ഒടുവിൽ തന്നെ ഉപേക്ഷിച്ച് കളയില്ലല്ലോ എന്ന് ചോദിച്ചു തന്റെ മുന്നിലിരുന്ന് കരയുന്ന  രാജാവിനോട് ഇല്ല എന്ന മറുപടി പറയുന്ന അതേ നിമിഷത്തിൽ രാജാവിനെ ഉപേക്ഷിക്കുവാനും അവൾ തയ്യാറാകുകയാണ്. തന്റെ പ്രണയം രാജാവിനെ ഇല്ലാതാക്കുകയാണെന്ന് ആ സ്ത്രീ തിരിച്ചറിയുന്നുണ്ട്. പ്രണയത്തിൽ സംഭവിക്കേണ്ടത് ലാഭങ്ങളാണെന്നും നഷ്ടങ്ങളുടെ കണക്കെടുപ്പാണവിടെ സംഭവിക്കുന്നതെങ്കിൽ അതിനെ ഉപേക്ഷിക്കണമെന്നും കഥ വായാനക്കാരനോട് പറയാതെ പറയുന്നു.

പ്രണയത്തിന് യോഗ്യയല്ലെന്ന് സ്വയവും സമൂഹവും കരുതിപ്പോന്ന അമ്മിണിക്കുട്ടിയുടെ കഥയാണ് 'സ്നേഹിക്കപ്പെട്ട സ്ത്രീ'. എങ്ങോ നിന്ന് നാട്ടിലേക്ക് പെറ്റിയോഫീസറായി വന്ന ചെറുപ്പക്കാരന് അമ്മിണിക്കുട്ടിയോട് പ്രേമം തോന്നി എന്നതു തന്നെ നാട്ടുകാർക്ക് അത്ഭുതമായിരുന്നു. വെയിൽ തട്ടി ചെമ്പിച്ച ചെറിയ രോമങ്ങൾ നിറഞ്ഞ കൈകളും ഒട്ടും ചുരുളിച്ച ഇല്ലാത്ത തലമുടിയും ഉയരമുള്ള

ദേഹവുമുള്ള അവൾ ഒട്ടും വശ്യയല്ലെന്നും എങ്ങനെയാണ് ഒരുവന് അവളോട് പ്രണയം തോന്നിയതെന്നും അവർ ചിന്തിച്ചു. എന്നാൽ അയാൾ അമ്മിണിക്കുട്ടിയെ സ്നേഹിച്ചു. ആ സ്നേഹത്തിൽ ജീവിത ത്തിലാദ്യമായി അവൾ തന്റെ സ്ത്രീത്വത്തിന്റെ വില മനസ്സിലാക്കി. തനിക്ക് ഒരാളുടെ പ്രണയം സമ്പാദിക്കാമെന്നോ ഒരാളുടെ കണ്ണിൽ താൻ സുന്ദരിയാകുമെന്നോ അവളൊരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. അതുകൊണ്ട് തന്നെ വിവാഹശേഷവും അയാളുടെ മുന്നിൽ അവൾ അധികം ചിരിച്ചില്ല. അധികമായി സന്തോഷിച്ചാൽ തനിക്ക് ലഭിച്ച മഹാഭാഗ്യം നഷ്ടമാവുമെന്ന് അവൾ ഭയപ്പെട്ടു. അത്രമേൽ അമൂല്യ മായി അവൾ അതിനെ കാണുന്നുണ്ട്. അതുകൊണ്ട് തന്നെയാണ് ഒടുവിൽ ചതിക്കപ്പെട്ടുവെന്നറിഞ്ഞിട്ടും അവൾ കരയാതിരുന്നത്. തനിക്ക് ഒരിക്കലും ലഭിക്കുകയില്ലെന്നു കരുതിയ സ്നേഹം ലഭിച്ച കുറച്ചുനാളുകൾ കൊണ്ട് മാത്രം അവൾ സംതൃപ്തയാകുന്നത്. താൻ സ്നേഹിക്കപ്പെട്ട സ്ത്രീയാണെന്ന ചിന്തമാത്രം മതിയായിരുന്നു അവൾക്ക് പിന്നീടുള്ള കാലങ്ങൾ ജീവിക്കുവാൻ. പ്രണയത്തിൽ താൻ ചതിക്കപ്പെട്ടു എന്നുപോലും ഒരുപക്ഷേ അവൾ തിരിച്ചറിയുന്നുണ്ടാ കില്ല. പ്രണയത്തിന്റെ കാലദൈർഘ്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുക ളെയെല്ലാം ഇല്ലാതാക്കുന്നുണ്ട് ഈ കഥ. പ്രണയം അനുഭവിക്കുന്ന വ്യക്തിയുടെ സ്വകാര്യതയാണെന്നും സമൂഹത്തിന്റെ കാഴ്ചപ്പാടു കൾക്ക് അപ്പുറത്താണ് അതിന്റെ സൗന്ദര്യമെന്നും കഥാകാരി കൃത്യ മായി പറഞ്ഞുവയ്ക്കുന്നു.

'സ്നേഹിക്കപ്പെട്ട സത്രീ' എന്ന കഥയോട് സാമ്യം പുലർത്തു ന്ന കഥയാണ് 'കുളക്കോഴികൾ' എന്ന കഥ. അടുത്ത ദിവസം വിവാ ഹിതയാകുന്ന അമ്മിണിയുടെ ശരീരത്തോട് മാത്രമാണ് വിജയന് താൽ പര്യം. നാളെ മറ്റൊരാളുടെ ഭാര്യയാകുന്നത് ചിന്തിക്കാൻകൂടി കഴി

യാതെ വിജയനെ മാത്രം സ്നേഹിക്കുകയാണ് അമ്മിണി. അവൾക്ക് തന്നോടുള്ള സ്നേഹം കണ്ട് സന്തോഷിച്ചുകൊണ്ട് എന്തൊരു വിഡ്ഢി യാണ് ആ പതിനഞ്ചുകാരിയെന്ന് അവൻ ചിന്തിക്കുന്നുണ്ട്. ഒടുവിൽ തന്റെ ആഗ്രഹം പോലെ അമ്മിണിയുടെ ശരീരത്തെ കീഴ്പ്പെടുത്തി യിട്ടും സ്വയം കീഴ്പ്പെട്ടു പോവുകയാണ് വിജയൻ. വിജയി എന്ന സന്തോ ഷത്തിനു പകരം തൊണ്ടയിൽ തടഞ്ഞു നിൽക്കുന്ന വേദനയാണ് അവനു ലഭിച്ചത്. എന്നാൽ അമ്മിണിക്ക് താൻ ഇനിയെന്നും വിജ യന്റെ ഭാര്യയാണ്. നാളെ താൻ മറ്റൊരാളുമായി വിവാഹിതയായേക്കാം എന്നാൽ എന്നും വിജയന്റെ ഭാര്യയാണ്. ശരീരത്തെ സംബന്ധിക്കുന്ന സാമൂഹിക നിയമങ്ങളിൽ നിന്നും പുറത്തുകടന്ന ആഖ്യാനശൈലി യാണ് മാധവിക്കുട്ടി തിരഞ്ഞെടുത്തിരിക്കുന്നത്. വിജയിയായത് അമ്മിണിയാണ്. വിജയന് അവളോടുള്ളത് പ്രണയമല്ലെന്ന് അവൾ തിരിച്ചറിയാത്തിടത്തോളം അവളുടെ സ്നേഹത്തിന് ഒന്നും സംഭവി ക്കുന്നുമില്ല.

പ്രണയം നഷ്ടപ്പെട്ടവന്റെ വിരഹത്തിന്റെ തീക്ഷ്ണതയാണ് 'ഡോക്ടർ ജവഹറിന്റെ പ്രേമം'എന്ന കഥ. ആകൃതിയിലും പ്രകൃതി യിലും ഒരു കാട്ടുപോത്തായിരുന്നു അയാൾ എന്നാണ് കഥാകാരി പറയുന്നത്. അതുകൊണ്ടു തന്നെ സുന്ദരിമാരായ സ്ത്രീകൾ ഒന്നും അയാളോട് താത്പര്യം കാണിച്ചില്ല. അതയാളെ ഒരു സ്ത്രീവിദ്വേഷി യുമാക്കി തീർക്കുന്നുണ്ട്. തന്റെ ഭാര്യയ്ക്കുപോലും തന്നോടുള്ള സ്നേഹം തന്റെ ധനത്തോടുള്ള ആർത്തി മാത്രമാണെന്നും അയാൾ ക്കറിയാം. എന്നാൽ കൂടുതൽ കാലമൊന്നും ജീവിക്കാത്ത രോഗിയായ സ്ത്രീ അയാളിൽ നിന്ന് പ്രണയം മാത്രമാണ് പ്രതീക്ഷിക്കുന്നത്. അവൾ അയാളുടെ കൈവിരലുകൾ ഓരോന്നായെടുത്ത് ചുംബിച്ചായി രുന്നു അയാൾ സുന്ദരനാണെന്നു പറഞ്ഞിരുന്നത്. അയാൾക്ക് അത്

വിശ്വസിക്കുവാൻ സാധിക്കുന്നുണ്ടായിരുന്നില്ല. രോഗിയായ ഒരുവളോട് ഡോക്ടറായ തനിക്ക് ഒരിക്കലും ഇത്തരം ബന്ധങ്ങൾ പാടില്ലെന്ന വിശ്വാസത്തിൽ അയാൾ അവളെ അകറ്റിമാറ്റി. പിന്നീട് അവൾ അയാളെ കാണുമ്പോഴേക്കും അയാൾ മെലിഞ്ഞ് മൃതപ്രായനായിരുന്നു. ഒരിക്കലും ലഭിക്കുകയില്ലെന്ന് കരുതിയ പ്രണയം അയാൾക്ക് നൽകിയത് അവളാണ്. ഒടുവിൽ ആ പ്രണയനഷ്ടമാണ് അയാളെ രോഗിയാക്കി മാറ്റുന്നതും. പ്രണയം അത്ഭുതാവഹമായി വ്യത്യസ്ത തലങ്ങളിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്ന ഈ കഥ പറഞ്ഞുതരുന്നു.

'സ്നേഹിക്കപ്പെട്ട സ്ത്രീ','ഡോക്ടർ ജവഹറുടെ പ്രേമം'എന്നീ കഥകൾ പരിശോധിച്ചാൽ ചില സാമ്യതകൾ കണ്ടെത്താൻ സാധിക്കും. പ്രണയിക്കാൻ ഒട്ടും യോഗ്യരല്ലെന്ന് സ്വയം കരുതുന്നവരാണിവർ. സമൂഹവും അങ്ങനെ കൽപ്പിച്ചവരാണ്. അമ്മിണി അൽപകാലം മാത്രം നീണ്ടുനിന്ന പ്രണയത്തിൽ സംതൃപ്തി കണ്ടെത്തുമ്പോൾ ജവഹറിനതു സാധിക്കുന്നില്ല. പ്രണയനഷ്ടം അയാളെ രോഗിയാക്കുകയാണ്. തന്നെ വിട്ടുപോകല്ലേയെന്ന് കാമുകിയോട് അയാൾ അപേക്ഷിക്കുകയാണ്.

ഓപ്പറേഷനു പോകും മുമ്പ് തനിക്ക് പച്ചപ്പട്ടുസാരി വാങ്ങിതരണമെന്ന് പറയുന്ന ഭാര്യയിലൂടെയാണ് പച്ചപ്പട്ടുസാരി എന്ന കഥ സഞ്ചരിക്കുന്നത്. എത്ര ലളിതമാണ് സ്നേഹത്തിൽ മനുഷ്യന്റെ ആഗ്രഹങ്ങൾ. ഓപ്പറേഷൻ വിജയിക്കുമെന്നും ഇനിയുള്ള ജീവിതവും അവർ സ്വപ്നം കണ്ടിരിക്കാം. ആദ്യത്തെ ആഗ്രഹം ഒരു പച്ചപട്ടുസാരി മാത്രമാണ്. അവളോട് തന്റെ പ്രണയം എത്രമാത്രമാണ് അയാൾ പറയണമെന്നുണ്ട്. പക്ഷേ അവൾ ഭാവിയെ സ്വപ്നം കാണുകയാണ്. ലളിതമായി എന്നാൽ ആഴത്തിൽ സ്പർശിക്കുന്ന കഥയാണ് പച്ചപ്പട്ടുസാരി.

മന്ത്രിയുടെ വീട്ടിലേക്ക് ക്ഷണിക്കപ്പെട്ട പ്രൈവറ്റ് സെക്രട്ടറിയുടെയും അയാളുടെ നാട്ടിൻപുറത്തുകാരി ഭാര്യയുടെയും കഥയാണ് 'നാവികവേഷം ധരിച്ചകുട്ടി' എന്ന കഥ. മന്ത്രിയുടെ അമ്മയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഫോട്ടോ മന്ത്രി കുഞ്ഞായിരുന്നപ്പോൾ നാവികവേഷം ധരിച്ചെടുത്ത ഫോട്ടായായിരുന്നു. അവർ മരിക്കുവോളം ആ ഫോട്ടോയെ ഒരു അമൂല്യവസ്തുവിനെ എന്നതുപോലെ സൂക്ഷിച്ചുവച്ചിരുന്നു. എന്നാൽ പ്രൈവറ്റ് സെക്രട്ടറിയുടെ ഭാര്യ ആ ഫോട്ടോ തന്നെ തനിക്കുവേണമെന്ന് വാശിപിടിച്ചു. മന്ത്രിയുടെ ഭാര്യ പലതവണ പറഞ്ഞിട്ടും കൊച്ചമ്മിണി തന്റെ ആവശ്യത്തിൽ നിന്ന് പിന്നോട്ടുമാറിയില്ല. കൊച്ചമ്മിണിക്ക് മന്ത്രിയുടെ ഫോട്ടോയോട് തോന്നുന്ന ആകർഷണമെന്താണെന്ന ചിന്ത വായനക്കാരനെയും സംശയത്തിലാഴ്ത്തുന്നുണ്ട്. എന്നാലൊടുവിൽ പുരുഷനും സ്ത്രീയും തമ്മിലുള്ള സ്നേഹം കേവലം കാമുകീ-കാമുക ബന്ധം മാത്രമല്ലെന്ന് കഥാകാരി പറഞ്ഞുവയ്ക്കുന്നു. സ്നേഹത്തിന്റെ വ്യത്യസ്ത തലങ്ങളെ ആവിഷ്കരിക്കുകയാണ് മാധവിക്കുട്ടിയിവിടെ.

നിർഭാഗ്യം കൊണ്ട് പരസ്പരം വിവാഹിതരാകുവാൻ കഴിയാതെ വരുന്ന കാമുകീകാമുകൻ വർഷങ്ങൾക്കു ശേഷം നടത്തുന്ന സമാഗമത്തിന്റെ ആർദ്രവമായ നിമിഷങ്ങളെക്കുറിച്ചുള്ള അനുഭവമാണ് 'തരിശുനിലം' എന്ന കഥയെ കൂടുതൽ മനോഹരമാക്കുന്നത്. കഥാഘടനയെ വളരെയധികം ശ്രദ്ധിച്ച് എഴുത്തുകാരി തയ്യാറാക്കിയ കഥയാണിത്. വർഷങ്ങൾക്കുശേഷം കാണുമ്പോൾ കാമുകി തന്റെ വിഷമവും നൈരാശ്യവുമെല്ലാം അയാളോട് പറയുന്നുണ്ട്. അയാൾ കൂടുതൽ പരുക്കനായി മാറിയിരുന്നു. ഭാര്യയെ കുറിച്ചുള്ള അവളുടെ ചോദ്യങ്ങളിൽ നിന്നെല്ലാം അയാൾ ബോധപൂർവം ഒളിച്ചോടുന്നുണ്ട്. എന്നാലൊടുവിൽ അവൾ മറയുമ്പോൾ അയാളുടെ ഹൃദയം വേദനകളാൽ

നിറയുന്നുണ്ട്. അവളുടെ കാലുകളെ കെട്ടിപ്പിടിച്ച് കരയുവാൻ ആഗ്രഹിക്കുന്നുണ്ട്. ഒന്നും പുറമേക്ക് കാണിക്കുവാനാകാതെ അയാൾ നീറുന്നുണ്ടായിരുന്നു. യാഥാർത്ഥ്യത്തോട് വളരെയടുത്തുനിൽക്കുന്ന കഥയാണ് 'തരിശുനിലം'. ചുറ്റിലും എത്രയോപേർ ഇങ്ങനെ കണ്ടുമുട്ടുന്നുണ്ടാകാം. ഒരുവന് തന്റെ ഹൃദയം തുറക്കാൻ കഴിയാതെ നിൽക്കുന്നുണ്ടാകാം. അത്തരം യാഥാർത്ഥ്യത്തെയാണ് കഥാകാരി ഇവിടെ ആവിഷ്ക്കരിക്കുന്നത്.

ഭർത്താവിനു തന്നോടുള്ള പ്രണയത്തിൽ ലോകം മുഴുവൻ കീഴടക്കിയവളെന്ന് കരുതുന്ന ഡോക്ടറുടെ കഥയാണ്, 'ചതി'. ഒടുവിൽ തന്റെ ഭർത്താവ് മറ്റൊരു സ്ത്രീയോടൊപ്പം ഉറങ്ങുന്നതു കണ്ടിട്ടും ചതിക്കപ്പെട്ടുവെന്നറിഞ്ഞിട്ടും അവിടെ നിന്ന് ഓടിയൊളിക്കുകയാണ് ഡോക്ടർ. എന്തിനാണ് താൻ ഓടിമറയുന്നതെന്ന് അവർ തന്നോടു തന്നെ ചോദിക്കുന്നുണ്ട്. എന്നാൽ താനൊരു ഭീരു മാത്രമാണെന്നവർ മനസ്സിലാക്കുന്നു. ശരീരാധിഷ്ഠിതമാണ് പ്രണയമെന്ന് മാധവിക്കുട്ടി വിശ്വസിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ മാധവിക്കുട്ടിയുടെ കഥകളിലെ കാമുകി കാമുകന്മാർ മനസ്സു മാത്രമല്ല ശരീരവും പങ്കുവെക്കുന്നുണ്ട്. സമൂഹത്തിന്റെ സദാചാര ബാധ്യതകളൊന്നും കഥാകാരിയെ ബാധിക്കുന്നില്ല. എന്നാൽ 'സൊനഗാച്ചി' എന്ന കഥയിലെത്തുമ്പോൾ ശരീരത്തിനും അപ്പുറമുള്ള ഒരു സ്നേഹത്തിലേക്ക് കഥ സഞ്ചരിക്കുന്നുണ്ട്. കഥാനായകൻ അമല എന്ന വേശ്യാസ്ത്രീയുടെ അടുക്കൽ ചെല്ലുന്നുണ്ടെങ്കിലും അവളുടെ അടുക്കൽ അവളുടെ മുടിയുടെ ഗന്ധമാസ്വദിച്ച് കിടക്കുക മാത്രമാണ് ചെയ്യുന്നത്.

മാധവിക്കുട്ടിയുടെ പുരുഷന്മാർ നിസ്സഹായരും ലോലരും പ്രണയത്തിൽ തകർന്നു പോകുന്നവരുമാണ്. കീഴ്പ്പെടുത്തി എന്നതിൽ സന്തോഷിക്കുന്നതിന് പകരം സ്വയം കീഴ്പ്പെട്ടുപോയി എന്നു കരുതു

ന്നവരാണ്. പുറമേക്ക് പരുക്കനാണെങ്കിലും ഉള്ളിൽ കരയുന്നവരാണ്. ആലിയാഭട്ട് നായികയായി മേഘ്ന ഗുൽസാർ സംവിധാനം ചെയ്ത 'റൗസി' എന്ന ഹിന്ദി ചിത്രത്തിൽ ഇന്ത്യക്കുവേണ്ടി രഹസ്യങ്ങൾ ചേർത്തുവാനായി പാക്കിസ്ഥാൻ കുടുംബത്തിലേക്ക് വിവാഹിതയായി പോകേണ്ടി വന്ന സെഹ്മത്ത് എന്ന പെൺകുട്ടിയുടെ കഥയാണ് പറയുന്നത്. തന്നേയും തന്റെ രാജ്യത്തേയും താൻ ജീവനോളം സ്നേഹിച്ചിരുന്ന ഭാര്യ ഒറ്റുകയായിരുന്നു എന്നറിഞ്ഞ പോലീസുകാരനായ സെഹ്മത്തിന്റെ ഭർത്താവ് അവൾക്കുനേരെ തോക്കുചൂണ്ടുന്നുവെങ്കിലും കാഞ്ചി വലിക്കുവാനാകാതെ തകർന്ന് പിന്നോട്ട് മാറുകയാണ്. യഥാർത്ഥ ജീവിതത്തിൽ അയാൾ ഒരിക്കലും കാഞ്ചിവലിക്കാതിരിക്കുക ഇല്ല എന്ന മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിന് മേഘ്ന നൽകുന്ന ഉത്തരം ഇപ്രകാരമാണ് ഞങ്ങളുടെ മനസ്സിലെ പുരുഷന്മാർ അങ്ങനെയാണ്, അയാൾക്കതിന് സാധിക്കില്ല. ഒരു പക്ഷെ അതു തന്നെയാകാം മാധവിക്കുട്ടിയും ചിന്തിക്കുക. മാധവിക്കുട്ടി ആഗ്രഹിക്കുന്ന ഒരു പുരുഷനെയാകാം അവർ തന്റെ കഥകളിലൂടെ ചിന്തിച്ചിരിക്കുക.

കാലങ്ങൾക്ക് മുൻപ് തന്നെ എത്ര വിശാലമായാണ് മാധവിക്കുട്ടിയിലെ കഥാകാരി ചിന്തിച്ചിരുന്നത് എന്നത് അത്ഭുതകരമാണ്. 'ചന്ദ്രരശ്മികൾ' ഒരു കൊച്ചുകഥയാണ്. ആത്മഹത്യാശ്രമത്തിനു ശേഷം ആശുപത്രിയിൽ കിടക്കുന്ന ഭർത്താവിന്റെ സുഹൃത്തിനെ കാണുവാൻ പോകുന്ന സ്ത്രീയിലൂടെയാണ് കഥ സഞ്ചരിക്കുന്നത്. ലിംഗഭേദങ്ങൾക്കതീതമാണ് മനുഷ്യസ്നേഹം എന്നുള്ളത് മാധവിക്കുട്ടി മനസ്സിലാക്കിയിരുന്നു. എന്നാൽ സ്നേഹത്തിൽ, പ്രണയത്തിൽ ഒരു സ്ത്രീക്ക് മാത്രം സാധ്യമാകുന്ന ചില വിജയങ്ങളുണ്ടെന്നു അവർ കരുതിയിരുന്നു. സ്ത്രീയെ ദുർബ്ബലയാക്കുന്നതെന്ന് മറ്റുള്ളവർ വായിച്ചു വന്ന

ഘടകങ്ങളെ അവളുടെ ഏറ്റവും വലിയ കഴിവായി കാണുവാൻ മാധവിക്കുട്ടിക്ക് സാധിക്കുന്നുണ്ട്.

പരസ്പരം പ്രണയമുണ്ടെങ്കിൽ പോലും അത് തുറന്നു പറയുവാൻ കഴിയാത്ത നിസ്സഹായനായ ചെറുപ്പക്കാരനാണ് 'ദാഹ'ത്തിലെ രാമൻകുട്ടി. അയാൾക്ക് തന്നെ സ്വയം ബോധ്യപ്പെടുത്തുവാൻ കഴിയാത്തവണ്ണം അയാൾ ശാന്തയെ സ്നേഹിക്കുന്നുണ്ട്. പലവട്ടം അവളെ സ്നേഹിക്കുവാതിരിക്കുവാനും അയാൾ കാരണങ്ങൾ കണ്ടെത്തുന്നുണ്ട്. അവൾക്ക് സൗന്ദര്യമില്ല, വെറുമൊരു നാട്ടിൻപുറത്തുകാരിയാണവൾ എന്നിങ്ങനെ. എന്നാൽ അവയെല്ലാം ശാന്തയെ കാണുമ്പോൾ അയാൾ മറക്കുകയാണ്. താനൊരു വിഡ്ഢിയാണെന്ന് പറഞ്ഞുകൊണ്ട് പലതവണ രക്ഷനേടുവാൻ അയാൾ ശ്രമിക്കുന്നുണ്ട്. പക്ഷേ, അവിടെയും അയാൾ തോറ്റുപോകുന്നുണ്ട്. സാമൂഹ്യയാഥാർത്ഥ്യങ്ങൾക്കു മുൻപിൽ നിസ്സഹായനായി പോകുന്ന ചെറുപ്പക്കാരനാണ് രാമൻകുട്ടി. അയാളെകൊണ്ട് ഒരു വിപ്ലവത്തിനും കഥാകാരി തയ്യാറാകുന്നില്ല. സാമൂഹികാവസ്ഥയെ യഥാതഥമായി അവതരിപ്പിക്കുക മാത്രമാണവർ ചെയ്യുന്നത്. മാധവിക്കുട്ടിയുടെ കഥകളിലെ പുരുഷൻ നിസ്സഹായനും ഭീരുവുമാകുമ്പോൾ വിവേകത്തോടെ പ്രവർത്തിക്കുന്നത് പലപ്പോഴും സ്ത്രീകളാണ്. രാമൻകുട്ടി സ്വയം തകർന്ന് കരയുമ്പോഴും അയാളെ ആശ്വസിപ്പിക്കുന്നത് ശാന്തയാണ് രാമൻകുട്ടിയെ അയാളെക്കാളുമധികം മനസ്സിലാക്കിയതും ശാന്ത തന്നെയാണ്

'മന്ത്രവാദിയുടെ മകൾ' ഒരു ഫാന്റസി കഥയാണ്. പഴയ മുത്തശ്ശിക്കഥകളിലെ പോലെ ഒരു മന്ത്രവാദിയും അയാളുടെ മകളും ദുരൂഹമായ ഒരു വീടും ഈ കഥയിലുണ്ട്. ആ മകളെ കണ്ടമാത്രയിൽ പ്രണയിച്ചു തുടങ്ങുന്ന ചെറുപ്പക്കാരനാണ് കഥാനായകൻ. അയാൾ അവളെ സ്നേഹിക്കുന്നുണ്ടെങ്കിലും ഒരിക്കലും മന്ത്രവാദി അതിനു

സമ്മതിക്കുന്നില്ല. ഒടുവിൽ മന്ത്രവാദിയുടെ മരണം വരെ അവനു കാത്തിരിക്കേണ്ടതായി വരുന്നുണ്ട്. ഞാൻ നിന്നെ വളരെയധികം സ്നേഹിക്കുന്നു എന്നയാൾ ആ പെൺകുട്ടിയോട് പലതവണയായി പറയുന്നുണ്ട്. പ്രണയത്തിലെ അർത്ഥശൂന്യതകളെപ്പറ്റിയാണ് ഈ കഥ സംസാരിക്കുന്നത്. ഒരാളെ പ്രണയിക്കുന്നു എന്നതിന്റെ അർത്ഥമെന്താണ്? അയാളിലെ എന്ത് ഗുണത്തെയാണ് നാം സ്നേഹിക്കുന്നത് എന്നതെല്ലാം ഒരു വലിയ ചോദ്യമായി കഥയിൽ അവശേഷിക്കുന്നുണ്ട്.

'പാതിവ്രത്യം' മൂന്ന് മനുഷ്യരുടെ കഥയാണ് പറയുന്നത്. ദിലീപിന്റെ, അയാളുടെ ഭാര്യയും സെമീന്ദാരുടെ മകളുമായ കറുത്തു തടിച്ച സ്ത്രീയുടെ, അയാളുടെ വിദേശിയായ കാമുകി ജില്ലിന്റെ, മൂന്നു പേർക്കും മൂന്നു കഥകളാണ് പറയുവാനുള്ളത്. ഒരിക്കലും സ്നേഹം കിട്ടാതെ പോയ ഒരു സ്ത്രീയായി സെമീന്ദാരുടെ മകൾ വായനക്കാരിൽ വേദനയുണ്ടാക്കുമ്പോൾ അതേ വേദന തന്നെയാണ് ദിലീപും ജില്ലും നൽകുന്നത്. സ്നേഹത്തിൽ ഒരാളും തെറ്റുകാരല്ലെന്ന് മാധവിക്കുട്ടി വിശ്വസിക്കുന്നു. തന്റെ ഭർത്താവിന്റെ കാമുകിയെ കാണുമ്പോൾ അവളും താനും തുല്യദു:ഖിതരാണല്ലോ എന്ന തിരിച്ചറിവാണ് സെമീന്ദാരുടെ മകൾക്കു തോന്നുന്നത്. അവൾ ആ മെലിഞ്ഞ,ചെമ്പിച്ച മുടികളുള്ള സ്ത്രീയെ ഒന്നും പറയുന്നില്ല. വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന ആ രണ്ടു സ്ത്രീകൾക്കിടയിലെ മൗനത്തിനു പോലും നിരവധി അർത്ഥങ്ങളുണ്ടായിരുന്നു.

സ്നേഹത്തിൽ തെറ്റുകൾ കണ്ടെത്തുവാൻ മാധവിക്കുട്ടി തയ്യാറാകുന്നില്ല. സ്നേഹത്തെ ലോകത്തിലേക്കും തന്നെ ഏറ്റവും മനോഹരമായ ബന്ധമായി അവർ കാണുന്നു. സ്നേഹത്തിൽ മനുഷ്യർ തകർന്നു പോയേക്കാം. പക്ഷേ, സ്നേഹം സ്നേഹമായി തന്നെ നിലനിൽക്കുമെന്നവർ വിശ്വസിക്കുന്നു. അല്ലെങ്കിൽ എങ്ങനെ

യാണ് ഭർത്താവിന്റെ കാമുകിയുടെ സങ്കടങ്ങളേപ്പോലുമറിയുന്ന ഒരു സ്ത്രീയെ സൃഷ്ടിക്കാനാവുക.

മാധവിക്കുട്ടിയുടെ കൃഷ്ണനോടുള്ള പ്രണയം പ്രസിദ്ധമാണ്. 'രാധ...അനുരാധ' എന്ന കഥ അതേ സ്വഭാവം പുലർത്തുന്നതാണ്. അനുരാധയുടെ ജീവിതം ഒരു ദുരന്തമായിരുന്നില്ലേ എന്ന് ചോദിക്കുന്നത് ഒരുപക്ഷേ, കഥാകാരി തന്നെയായിരിക്കാം. യമുനയുടെ തീരത്ത് അവനുമായി ക്രീഡിച്ച് നീ നടന്നു, നിന്റെ ഭർത്താവിനെ വഞ്ചിച്ചും നീയവനൊപ്പം നടന്നു. എന്നിട്ടും കംസനെ കൊന്ന് മഥുരയുടെ രാജാവായപ്പോൾ അവൻ നിന്നെ മറന്നുപോയല്ലോ എന്ന് കഥാകാരി പറയുന്നു. എങ്കിലും രാധ ഭാഗ്യവതിയായിരുന്നുവെന്ന് കഥാകാരി കണ്ടെത്തുന്നു. അതൊരു ദുരന്തമായിരുന്നില്ല. നിനക്കൊരിക്കൽ അവന്റെ ശരീരത്തെ ലഭിച്ചു. ശരീരമില്ലാത്തവനായി മാത്രം ഞങ്ങൾ അവനെ അറിയുന്നു.

അനുരാധ എന്ന കഥയുടെ തുടർച്ചയെന്നവണ്ണമാണ് 'ഈയാംപാറ്റകൾ' എന്ന കഥയെ വായിക്കാവുന്നത്. വളരെ ചെറിയൊരു കഥയാണ് 'ഈയാംപാറ്റകൾ'. തന്റെ കാമുകൻ ഉപേക്ഷിച്ചു പോകുന്നതിലും ഭേദം മരണമാണെന്നാണ് അവൾ വിശ്വസിച്ചിരുന്നത്. അതുകൊണ്ട് പുതിയ കാമുകനിലും അവൾ കാണുന്നത് പഴയ കൃഷ്ണനെത്തന്നെയാണ്.

'പത്മാവതി എന്ന വേശ്യ' എന്ന കഥ വായിക്കുമ്പോൾ മഗ്ദലന മറിയത്തെ ഓർമ്മവരാൻ ഇടയുണ്ട്. മലമുകളിലുള്ള ക്ഷേത്രത്തിലെ ഈശ്വരനെ കാണുവാൻ പോയ വേശ്യയുടെ കഥയാണ് 'പത്മാവതി എന്ന വേശ്യ'. ഈശ്വരന് സമർപ്പിക്കുവാൻ അവളുടെ പക്കലപ്പോൾ ശരീരം മാത്രമേ ബാക്കിയായുള്ളായിരുന്നു. പഴകിത്തുടങ്ങിയ ശരീരം മാത്രം. എന്നാൽ ഈശ്വരന് പ്രായമായിരുന്നു. എങ്കിലും

ആ ചിരിയിൽ അവൾ കീഴ്പെട്ടുപോയിരുന്നു. ഉറക്കത്തിൽ അശരണ യായി കിടക്കുമ്പോൾ മാത്രം തന്റെയടുക്കൽ വന്നിരുന്നത് ഈശ്വര നായിരുന്നു. അവൾ വിവാഹത്തിന്റെ അർത്ഥം അറിയുന്നത് ഈശ്വര നിലൂടെയാണ്. താനും എന്നന്നേക്കുമായി അവളുടേതായി മാറുകയാ ണെന്ന് ഈശ്വരനും പറയുന്നുണ്ട്. ഭക്തിയേയും പ്രണയമായി കാണു കയാണ് മാധവിക്കുട്ടിയിവിടെ. ഈശ്വരനോടുള്ള പ്രണയവും വിവാ ഹവുമാണ് ഭക്തി എന്നവർ കരുതുന്നു.

ശാരദയുടെ കഥയാണ് 'ഉച്ച'. വിവാഹത്തിനു മുൻപുണ്ടായ ബന്ധത്തിൽ ശാരദ ഗർഭിണിയാണ്. അത് ശാരദ തന്റെ ഭർത്താവായ ശങ്കരനോട് പറഞ്ഞിട്ടുമുണ്ട്. തന്നെ കാണാനായി വന്ന മുൻകാമുക നോട് തന്നെയിനിയും ചീത്തയാക്കരുതേ എന്നവൾ പറയുന്നുണ്ട്. എന്നിട്ടും വഴങ്ങാതിരുന്ന അവനോട് തന്നെ വിട്ടുപോകാനായി മർദ്ദി ക്കുന്നുണ്ട്. ഒടുവിൽ കരഞ്ഞുതളർന്നിരുന്ന ശാരദയോട് ഭർത്താവായ ശങ്കരൻ എന്തുപറ്റിയെന്നന്വേഷിച്ച് ചേർത്ത് പിടിക്കുമ്പോഴും അവൾ കൈതട്ടിമാറ്റി പൊട്ടിക്കരയുന്നുണ്ട് നിങ്ങളൊരാണല്ലേ എന്ന് ചോദി ക്കുന്നുണ്ട്. നാണവും മാനവുമില്ലാത്തവൻ എന്നു വിളിക്കുന്നുണ്ട്. ശാരദയ്ക്ക് ശങ്കരനോടുള്ളത് സഹതാപമായിരിക്കാം. താൻ ചെയ്തത് തെറ്റാണെന്ന് വിശ്വസിക്കുന്ന ശാരദയ്ക്ക് ശങ്കരന്റെ പ്രവർത്തികളെ അംഗീകരിക്കാൻ സാധിക്കുന്നുണ്ടായിരിക്കില്ല. അതുകൊണ്ടാണ് മുൻ കാമുകനോടും ഭർത്താവിനോടും തന്നെ തൊടരുതെന്നവൾ പറയു ന്നത്. ശങ്കരന്റെ സ്നേഹത്തിനോ ആശ്വസിപ്പിക്കലിനോ താൻ യോഗ്യ യല്ലെന്ന് അവൾക്ക് തോന്നുന്നു. മറ്റൊരുവനെ പരാജയപ്പെടുത്തുവാ നുള്ള ഏറ്റവും നല്ല മാർഗം പ്രണയം തന്നെയാണ് എന്ന് കഥാകാരി പറയുന്നു.

'നീർമാതളത്തിന്റെ പൂക്കൾ' പ്രണയത്തിന്റെ നൈർമല്യം നി

റഞ്ഞുനിൽക്കുന്ന ഒരു കഥയാണ്. വളരെ പഴയവീട്ടിലേക്ക് തന്റെ ബാല്യത്തിന്റെ ഓർമ്മകളുമായെത്തുന്ന സ്ത്രീയിലൂടെ കഥ സഞ്ചരിക്കുന്നത്. അവർക്കു പിന്നാലെ അവരുടെ ഭർത്താവും അവിടേക്കെത്തുന്നുണ്ട്. അയാളുടെ ബാല്യം അവളെപ്പോലെ സുന്ദരമായിരുന്നില്ല. അയാൾ പറഞ്ഞു കുറച്ചു തുടങ്ങിയപ്പോഴും അവൾ നിർത്താതെ ഇനി അവളുടെ ബാല്യം തന്നെയാണ് അയാളുടേതും എന്നവൾ പറഞ്ഞു. തന്റെ പഴയ വീട്ടിലേ ഓരോ കാഴ്ചയും അവൾക്ക് ബാല്യത്തെക്കുറിച്ചുള്ള ഓർമ്മകൾ സമ്മാനിച്ചു. ഒടുവിൽ തിരിച്ചിറങ്ങാൻ നേരം നീർമാതളച്ചെടികൾ കണ്ടപ്പോൾ അവൾ അയാളോട് അതിനെപ്പറ്റി പറയുവാൻ തുനിഞ്ഞതും അയാൾ പറഞ്ഞു. 'നീ അതെടുത്ത് മണത്തു നോക്കും വാസനയില്ലെന്നു കണ്ടാൽ നിലത്തെറിയും'. അവരുടെ ബാല്യം ഒന്നായി കഴിഞ്ഞിരുന്നു. തിരികെ നടക്കുമ്പോൾ അയാളുടെ മുടികളുടെ സ്വർണ്ണനിറം കണ്ടപ്പോൾ അവൾക്ക് ഉച്ചവെയിലിൽ തിളങ്ങുന്ന നെല്പാടങ്ങളെ ഓർമ്മവന്നു. വളരെ ലളിതവും സുന്ദരവുമാണ് 'നീർമാതളത്തിന്റെ പൂക്കൾ' എന്ന കഥ. ബാല്യത്തിന്റെ ഒരു നനഞ്ഞ സ്പർശം കഥയിലുമുണ്ട്. പഴയ തറവാടും അതിനോട് ചേർന്ന ഓർമകളും ഒരു ചിത്രമെന്നവണ്ണം കഥാകാരി വരച്ചു ചേർത്തിട്ടുണ്ട്.

'രാജവീഥികൾ' കുറേക്കൂടി സങ്കീർണമായ ഒരു കഥയാണ്. ഒരു ത്രില്ലർ സ്വഭാവം കഥയിലങ്ങോളമുണ്ട്. മനോരമ എന്ന ലോകപ്രശസ്ത മോഡലാണ് കഥയിലെ പ്രധാന കഥാപാത്രം. ഒരു സിനിമാ സ്റ്റൈലിലാണ് കഥ സഞ്ചരിക്കുന്നത്. മനോരമയുടെ ജീവിതവും അവൾ യാത്രയിൽ കണ്ടുമുട്ടുന്ന ജെറി എന്ന ചെറുപ്പക്കാരനും പിന്നീടയാളുടെ മരണവുമാണ് കഥയുടെ ഉള്ളടക്കം. മനോരമയ്ക്ക് ജെറിയോട് തോന്നിയ താൽപര്യത്തെ പ്രണയമെന്ന് വിളിക്കുവാൻ സാധിക്കുമോ? അറിയില്ല.

മാധവിക്കുട്ടി എന്ന എഴുത്തുകാരിയുടെ ഏറ്റവും വലിയ പ്രത്യേ കതകളിലൊന്ന് നഗര-ഗ്രാമ വ്യത്യാസങ്ങളോ സമ്പന്നദരിദ്ര വ്യത്യാ സങ്ങളോ ഇല്ലാതെ കഥകളെഴുതുവാൻ സാധിക്കുമെന്നത്. ഗ്രാമവും നാലുകെട്ടും നിഷ്കളങ്കമായ മനുഷ്യരേയുമെന്നതു പോലെ നഗര ത്തേയും കൂറ്റൻ കെട്ടിടങ്ങളെയും ആഢംബരജീവിതം നയിക്കുന്ന മനുഷ്യരെയും ഒരുപോലെ കഥാകാരി ആവിഷ്കരിക്കുന്നു.

വർഷങ്ങൾക്കുശേഷം കണ്ടുമുട്ടുന്ന കാമുകീകാമുകന്മാരുടെ കഥയാണ് ചേക്കേറുന്ന പക്ഷികൾ. 'തരിശുനിലം' എന്ന കഥയിലും ഇതേ കഥാസന്ദർഭം തന്നെയാണുള്ളത്. എങ്കിലും അതിൽ നിന്ന് വ്യത്യ സ്തമായി മറ്റൊരു ഭാവതലമാണ് മാധവിക്കുട്ടി ഈ കഥയ്ക്ക് നൽകി യിരിക്കുന്നത്. ഇവിടെ ദുഃഖം തളംകെട്ടി കിടക്കുന്നില്ല. തമാശയെ ന്നോണമാണ് പറയുന്നതെങ്കിലും ഉമയിൽ നഷ്ടബോധമാണുള്ളത്. വിവാഹിതയായി നഗരജീവിതത്തിന്റെ കയ്പനുഭവിച്ചവളാണ് ഉമ. ഭർത്താവു തന്നെയായിരുന്നു അതിന് കാരണവും. തിരികെ വന്ന് എല്ലാം ഇപ്പോൾ ഉണ്ണിയോട് പറയുമ്പോഴും അയാൾക്ക് നിസ്സഹാ യനായി കേൾക്കുവാൻ മാത്രമേ സാധിക്കുന്നുള്ളൂ. 'ഉമയ്ക്ക്' എന്ത് സഹായവും താൻ ചെയ്തുതരാമെന്ന് പറയുന്നുണ്ടെങ്കിലും ഉണ്ണിയെ ക്കൊണ്ട് ഒന്നും സാധിക്കുകയില്ലെന്ന് ഉമക്കറിയാം. അതിനാൽ അവൾ തന്നെ അത് നിഷേധിക്കുന്നുമുണ്ട്. എങ്കിലും ഉണ്ണിയോടൊപ്പമുള്ള വളരെ കുറച്ചു നിമിഷങ്ങൾ അവൾക്ക് ആശ്വാസം നൽകിയിരിക്കാം. ഒരുപക്ഷേ, ആ കണ്ടുമുട്ടൽ തന്നെയാകാം അവർക്കുള്ള ഏക സന്തോഷം.

ചില കഥകളിൽ മാധവിക്കുട്ടി എന്ന എഴുത്തുകാരി സ്ത്രീപ ക്ഷപാദിയാണ്. മറ്റു ചിലയിടങ്ങളിൽ പ്രണയപരവശവയായ സാധാ രണക്കാരിയായ ഒരു സ്ത്രീ മാത്രമാവും. രണ്ടു കഥകളും എഴുതിയത്

ഒരേ എഴുത്തുക്കാരി തന്നെയോ എന്ന സംശയം വായനക്കാരിൽ ജനിപ്പിക്കും. 'അവശിഷ്ടങ്ങൾ' അത്തരമൊരു കഥയാണ്. ഭർത്താവ് മരിക്കുമ്പോൾ ഒരു സ്ത്രീക്ക് തന്റെ ശരീരബോധം നഷ്ടപ്പെടുമെന്നവൾ പറയുന്നു. ശരീരത്തിന്റെ വിലയിടിഞ്ഞുകഴിഞ്ഞാൽ സ്ത്രീയായി മാറുമെന്നവർ പറയുന്നു. ആദ്യജന്മത്തിന്റെ ഭാഗമായിരുന്ന ഒന്നുമാത്രം അവർക്ക് ലഭിക്കും. മിസിസ് ദാസ് എന്ന പേര്. ഇതൊരു അനുഭവക്കുറിപ്പാണോ അതോ കഥയോ എന്ന സംശയം 'അവശിഷ്ടങ്ങൾ' വായനക്കാർക്കുണ്ടാക്കാം. മാധവിക്കുട്ടിയിലെ കഥാകാരിക്ക് മാത്രം സാധ്യമാകുന്ന ധൈര്യമാണ് ഈ കഥ.

മാധവിക്കുട്ടിയുടെ ഏറ്റവും പ്രസിദ്ധമായ കഥകളിലൊന്നാണ് 'നഷ്ടപ്പെട്ട നീലാംബരി'. ധനികനായ ഒരുവനെ വിവാഹം കഴിച്ചിട്ടും അയാളോടു പ്രണയം തോന്നിയിരുന്നില്ല സുഭദ്രയ്ക്ക്. സുഭദ്രയുടെ മനസ്സു മുഴുവൻ പണ്ട് മധുരയിലായിരുന്നപ്പോൾ അവളെ പാട്ടുപഠിപ്പിച്ച ശാസ്ത്രികളിലായിരുന്നു. തന്റെ ഭർത്താവിനൊപ്പം ശയിക്കുമ്പോളും അവൾ കാമമെന്തെന്ന് അറിഞ്ഞില്ല. മധുരയിലായിരുന്നപ്പോൾ കുളത്തിൽ മുങ്ങിത്താണപ്പോൾ ശാസ്ത്രികൾ രക്ഷിച്ചിരുന്നു. അപ്പോൾ തനിക്ക് തോന്നിയ വികാരമാണോ പ്രണയം എന്നവൾ സംശയിക്കുന്നുണ്ട്. ശാസ്ത്രികളും ജ്ഞാനവുമായിരുന്നു അവളുടെ ജീവിതത്തെ മാറ്റിമറിച്ചത്. അവൾ വേഷവിധാനം മാറ്റി. ഭക്ഷണത്തിൽ നിന്നും ഇറച്ചിയും മീനും ഒഴിവാക്കി. തന്റെ മകളിലുണ്ടായ മാറ്റം സുഭദ്രയുടെ അച്ഛനെ സംശയാലുവാക്കി. അയാൾ അവളെ അവിടെ നിന്നും പഠിക്കാനായി മറ്റൊരിടത്തേക്ക് പറഞ്ഞയച്ചു. ശാസ്ത്രികൾ ജ്ഞാനത്തെ വിവാഹം കഴിച്ചു. സുഭദ്രയുടെ ഭർത്താവായ മേനോൻ പലപ്പോഴും അവളുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുമായിരുന്നു. മധുരയെപ്പറ്റി സംസാരിക്കുമ്പോൾ നീ മറ്റൊരാളാകുന്നതാണ് അയാൾ പറഞ്ഞു. തന്റെ

ഗുരുവിനെ പറ്റി അപൂർവ്വമായി മാത്രമേ സുഭദ്ര സംസാരിച്ചിരുന്നുള്ളൂ. എങ്കിലും ആ ഗുരുശിഷ്യബന്ധം അവരുടെ ദാമ്പത്യത്തിൽ ഒരു കറുത്ത നിഴൽ വീഴ്ത്തിയിരുന്നു. ഒടുവിൽ മേനോൻ മരണശയ്യനായി കിടക്കുമ്പോൾ സുഭദ്ര മേനോനെ താൻ സ്നേഹിച്ചിരുന്നുവോ എന്ന് സ്വയം ചോദ്യം ചെയ്യുന്നുണ്ട്. വിധവയായ ശേഷം അവൾ വീണ്ടും മധുരയിലെത്തുന്നുണ്ട്. എന്നാൽ ശാസ്ത്രികൾ അവളെ നിരസിച്ച് തിരികെയയക്കുകയാണ്. പ്രണയത്തിൽ ഒന്നിക്കാൻ സാധിക്കാത്തവ രാണ് ശാസ്ത്രികളും സുഭദ്രയും. രണ്ടുപേരും ഒരുപോലെ അതിന്റെ നഷ്ടബോധം പേറുന്നവരാണ്. ശാസ്ത്രികൾക്ക് സുഭദ്രയോടുള്ള പ്രണയം സുഭദ്രയ്ക്ക് പോലും അജ്ഞാതമായിരുന്നു. 'ധ്യായാമി' എന്ന രാഗം സുഭദ്രയ്ക്ക് മാത്രമേ ശാസ്ത്രികൾ പഠിപ്പിച്ചുകൊടുത്തിരുന്നുള്ളു എന്നുള്ളത് പോലും ജ്ഞാനത്തിൽ നിന്നാണ് സുഭദ്ര അറിയുന്നത്. ഒടുവിൽ മേനോന്റെ മരണശേഷം സുഭദ്ര ശാസ്ത്രികളെ കാണു മ്പോഴും അയാൾ അപ്പോഴും യാഥാർത്ഥ്യത്തെ തിരിച്ചറിയുന്നുണ്ടാ യിരുന്നു.

'നഷ്ടപ്പെട്ട നീലാംബരി' ശാസ്ത്രികളുടെയും സുഭദ്രയുടെയും മാത്രം കഥയല്ല. ജ്ഞാനത്തിന്റെയും മേനോന്റേയും കഥയാണ്. ഓർ മവെച്ച നാൾ മുതൽ ശാസ്ത്രികളെ ഭർത്താവായി മനസ്സിൽ കണ്ടവ ളാണ് ജ്ഞാനം. ജീവനേക്കാളേറെ സ്നേഹിച്ച ഒരാൾ കൺമുന്നിൽ മറ്റൊരാളെ മോഹിക്കുന്നതുകണ്ട് ഭ്രാന്തുവന്നു പോയവളാണവൾ. സുഭ ദ്രയിൽ നിന്ന് പൂർണമായും സ്നേഹം ലഭിക്കാതെ പോയവനാണ് മേനോൻ. സുഭദ്രയ്ക്കുള്ളിൽ എന്നും ശാസ്ത്രികളാണെന്ന് അയാൾ ക്കറിയാമായിരുന്നു. 'സത്യം പറയൂ നീ മറ്റുവല്ലവരുടെയും കാമുകിയാ യിരുന്നുവോ' എന്ന് മേനോൻ സുഭദ്രയോട് ചോദിക്കുന്നുണ്ട്. 'വിവാ ഹിതയാകുന്നതു വരെ ഞാൻ കന്യകയായിരുന്നു' എന്നാണവളുടെ

മറുപടി. അതൊരിക്കലും അഭിമാനത്തോടെയല്ല അവൾ പറഞ്ഞത്. കന്യകത്വം നഷ്ടപ്പെടാത്തതിനെ ദൗർഭാഗ്യകരമായി മാത്രമേ അവൾ കണ്ടിരുന്നുള്ളൂ.

മുറപ്പെണ്ണിനെ നഷ്ടപ്പെട്ടതിന്റെ ദു:ഖവുമായി കഴിയുന്ന ഹരിയുടെ കഥയാണ് 'എന്നെന്നും താര'. താരയെപ്പറ്റി എത്രയൊക്കെ വിവരിച്ചിട്ടും ഹരിക്ക് മതിയാവുന്നില്ലായിരുന്നു. അവളുടെ ബാഹ്യസൗന്ദര്യത്തിന്റെ കെണിയിൽ നിന്ന് ഹരിക്ക് രക്ഷനേടാൻ കഴിയുന്നില്ല എന്ന് ഉഷ പറയുന്നുണ്ട്. ഒടുവിൽ ഭർത്താവിനോടൊപ്പം വീണ്ടും കേരളത്തിലേക്കെത്തുന്ന താര ഹരിയുമായി പഴയ ബന്ധം തുടരുന്നുണ്ട്. ശരീരം പരിഷ്കൃത ലോകത്തിൽ യന്ത്രമായി മാറുന്ന കാഴ്ചയാണ് 'എന്നെന്നും താര' എന്ന കഥ.

മാധവിക്കുട്ടിയുടെ ഓരോ പ്രണയമഴയും വ്യത്യസ്ത ഭാവം പുലർത്തുന്നവയാണ്. ഒരു കഥയിൽ പ്രണയത്തിൽ ശരീരം എത്രമേൽ മൂല്യവത്താണ് എന്നു പറയുന്ന കഥാകാരി തന്നെ തൊട്ടടുത്ത കഥയിൽ ശരീരനിഷ്ഠമല്ലാത്ത പ്രണയത്തെക്കുറിച്ചും പറയും. ജീനിയസ്സുകൾക്ക് മാത്രം സാധ്യമാകുന്ന ഒരു സിദ്ധിയാണത്. സദാചാരനിഷ്ഠകൾ ഒന്നും മാധവിക്കുട്ടി തന്റെ കഥയിൽ പാലിച്ചിരുന്നില്ല. എന്നാൽ യാഥാർത്ഥ്യത്തെ ഉൾക്കൊള്ളുകയും ചെയ്തിരുന്നു. വളരെ നിസ്സംഗമമായി ചില കഥകൾ പറയുമ്പോഴും ഉപമകളും അലങ്കാരങ്ങളും നിറഞ്ഞ വ്യത്യസ്ത ആഖ്യാന ശൈലിയുള്ള കഥകളും അവരുടെ തൂലികയിൽ പിറന്നിരുന്നു.

സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്ന ഒരു സ്ത്രീയായാണ് മാധവിക്കുട്ടി കഥകൾ എഴുതിയത്. അതുകൊണ്ട്തന്നെ മറ്റാർക്കും സാധ്യമല്ലാത്ത അനുഭവലോകങ്ങളെ സൃഷ്ടിക്കുവാൻ അവർക്കാകുന്നുണ്ട്. ഭാര്യയുടെയും അമ്മയുടെയും വേശ്യയുടെയും സ്നേ

ഹവായ്പുകളെ ഒരുപോലെ ആവിഷ്കരിക്കുവാൻ അവർക്ക് സാധി ക്കുന്നുണ്ട്. ഭക്തിയും മാതൃത്വവും അവർക്ക് പ്രണയത്തിന്റെ വ്യത്യസ്ത ഭാവങ്ങളാണ്. ഓരോ ബന്ധുത്വങ്ങളിലും പ്രണയം കാണുവാൻ സാ്യധിക്കുന്നതും മാധവിക്കുട്ടിയുടെ മാത്രം പ്രത്യേകതയാണ്.

## സഹായകഗ്രന്ഥങ്ങൾ


1. മാധവിക്കുട്ടി,*വക്കീലമ്മാവൻ*,കൈരളി ബുക്സ്,കണ്ണൂർ: 2006.
2. ടി.,*എന്റെ പ്രിയപ്പെട്ട കഥകൾ*,ഡി.സി.ബുക്സ്,കോട്ടയം:2009.
3. ടി.,*മാധവിക്കുട്ടിയുടെ പ്രേമകഥകൾ*, ഒലിവ് ബുക്സ്, കോഴിക്കോട്: 2017.
4. രവികുമാർ കെ.എസ്., *കഥയും ഭാവുകത്വപരിണാമവും*, കറന്റ് ബുക്സ്, കോട്ടയം: 2002.
5. രാജകൃഷ്ണൻ വി., *ചെറുകഥയുടെ ഛന്ദസ്സ്*, 2008, കറന്റ് ബുക്സ്, കോട്ടയം: 2008.
6. രാജീവ് കുമാർ എം., *മാധവിക്കുട്ടി സ്നേഹത്തിന്റെ കൊടി യടയാളം*, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം: 2019.

# പ്രണയത്തിന്റെ ഭ്രമണപഥങ്ങൾ

**ഫെബിന പി.കെ.**

ഒരു സാധരണക്കാരനായ മനുഷ്യന്റെ കാഴ്ചയ്ക്കും കാഴ്ച പ്പാടിനും അപ്പുറമുള്ള മനുഷ്യന്റെ പ്രത്യേകിച്ച്, സ്ത്രീകളുടെ പ്രണയാ നുഭവങ്ങളുടെ സൂക്ഷ്മതലങ്ങളാണ് മാധവിക്കുട്ടി തന്റെ കഥകളിലൂടെ ചിത്രീകരിച്ചത്. സ്ത്രീക്ക് ചുറ്റും സമൂഹം വരച്ചിരിക്കുന്ന ലക്ഷ്മണരേഖ ഭേദിച്ച് സ്ത്രീത്വത്തിന്റെ ഭ്രമണാത്മകമായ പ്രണയ ഉണ്മയെ സദാചാര ലോകത്തിന് ഞെട്ടലുളവാക്കും വിധം അനാവരണം ചെയ്തു മാധവി ക്കുട്ടിയെന്ന എഴുത്തുകാരി. കഥാപാത്രങ്ങളുടെ ആത്മീകജീവിതം ആവഷ്ക്കരിക്കുന്നതിൽ ഏറെ ശ്രദ്ധ ചെലുത്തിയിരുന്നു മാധവിക്കുട്ടി. കളർകോട് വാസുദേവന്റെ അഭിപ്രായത്തിൽ കഥാകാരിയുടെ ശ്രദ്ധ,ബന്ധപ്പട്ടതും ബന്ധപ്പെടാത്തതുമായ ചിന്താവൃത്തികളുടെ ബാഹുല്യത്തെ അപഗ്രഥിച്ച് അനാവരണം ചെയ്യുന്നതിലാണ് (കളർ ക്കോട് വാസുദേവൻ നായർ,1974 : 19).

വർണ്ണപ്പകിട്ടാർന്ന കാഴ്ചകൾക്കപ്പുറത്ത് ചതിയുടെയും കാപട്യത്തിന്റെയും ഒരു ലോകമുണ്ടെന്ന് തിരിച്ചറിഞ്ഞ് ഓരോ രചനക ളുടേയും താനും താനുൾപ്പെടുന്ന സമൂഹവും എടുത്തണിയുന്ന മുഖംമൂടികൾ വലിച്ചുകീറി വിറളിപിടിപ്പിക്കുന്ന സത്യങ്ങൾ വിളിച്ചു പറയുകയാണ് മാധവിക്കുട്ടിയുടെ എഴുത്ത്. എഴുത്തുകാരിയുടെ കഥകളിലെ സ്ത്രീകളെ പ്രത്യേകിച്ച് ഭാര്യമാരെ പരിശോധിച്ചാൽ മിക്ക സ്ത്രീകളും വൈകാരികമായ അസംതൃപ്തിയോ അസഹിഷ്ണു തയോ അനുഭവിക്കുന്നതായി കാണാം. സ്നേഹത്തിന്റെ കാര്യത്തിൽ

സ്ത്രീയുടെ വൈകാരികാവസ്ഥ തീവ്രമാണ്. നിഷേധിക്കപ്പെടുന്ന ആഗ്രഹിക്കുന്ന സ്നേഹം വീണ്ടെടുക്കാനുള്ള തീവ്രമായ ആഗ്രഹവും ശ്രമവും മാധവിക്കുട്ടിയുടെ എഴുത്തിൽ കാണാൻ സാധിക്കും. മാധവി ക്കുട്ടിയുടെതന്നെ കഥാപാത്രമായ അചലയുടെ വാക്കുകൾ നോക്കാം.

"സ്നേഹത്തിൽപ്പെട്ട ഒരു സ്ത്രീക്ക് അവളുടെ കാമുകൻ ശരീരത്തിന്റെ ഒരു ഭാഗം കൊണ്ട് മാത്രം സ്മരിച്ചാൽ മതിയാകുന്നില്ല. അവൾക്ക് അദ്ദേഹത്തിൽ ഒരു അർബുദമെന്നത് പോലെ വളരണം. അകത്ത് വേദനയും ബോധവും നിറയ്ക്കാൻ. അതാണ് സ്നേഹ ത്തിന്റെ പ്രത്യേകമായ ക്രൂരത"(മാധവിക്കുട്ടി,1985:36)സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ആഗ്രഹിക്കുന്ന സ്ത്രീജീവിതത്തിന്റെ വൈവിധ്യങ്ങൾ കഥകളിലൂടെ പുനഃസൃ ഷ്ടിക്കുകയാണ് എഴുത്തുകാരി ചെയ്യുന്നത്. "ബാല്യം, വിവാഹം, കുടുംബജീവിതം, ഭർതൃസ്നേഹം, ഭർത്താവിന്റെ പ്രായം, സ്നേഹശൂന്യത, പരസ്ത്രീ ബന്ധം, അവഗണന എന്നിങ്ങനെയുള്ള അനുഭവങ്ങളാണ് എഴുത്തുകാരിയുടെ രചനകളിൽ നിറയുന്നത്. പ്രണയത്തിന്റെ നിഷ്കളങ്കമായ പൈങ്കിളി അനുഭൂതിയല്ല അത്. മറിച്ച് യൗവനയുക്തയായ അല്ലെങ്കിൽ മദ്ധ്യവയസ്സായ വിവാ ഹിതർക്ക് ഉണ്ടാകുന്ന ദാമ്പത്യേതര പ്രണയമാണ് കഥകളിൽ കൂടുതൽ. സമകാലിക മൂല്യങ്ങളോട് പൊരുത്തപ്പെടാനാവാത്ത സ്ത്രൈണ വ്യക്തിത്വത്തിന്റെ അമ്പരപ്പും നിരാശയും കടുത്ത നിറക്കൂട്ടിൽ അവതരിപ്പിക്കുകയായിരുന്നു മാധവിക്കുട്ടി"(രതി, 1991:48).

തന്നേക്കാൾ പതിനാല് വയസ്സ് പ്രായക്കൂടുതലുള്ള ഭർത്താ വിനെ സ്നേഹത്തിലൂടെ ആഹ്ലാദിപ്പിക്കാൻ ശ്രമിച്ച് പരാജ യപ്പെട്ട യുവതിയായ ഭാര്യ അയൽവാസിയായ യുവാവുമായി പ്രണയത്തി ലാകുന്ന കഥയാണ് 'പുഴ വീണ്ടും ഒഴുകി'യിൽ ചിത്രീകരിച്ചിരിക്കുന്നത്. യുവതിയുടെ സംശയം, അസൂയ തുടങ്ങിയ വികാരങ്ങളെല്ലാം

മോഹന്റെ സ്നേഹത്തിൽ അലിഞ്ഞില്ലാതാകുന്നു. അവൾ കൂടുതൽ സുന്ദരിയായിത്തീരുന്നു. ഭർത്താവിനോട് കൂടുതൽ ക്ഷമയോടെ പെരുമാറാനും ദാമ്പത്യജീവിതം സംതൃപ്തമാക്കാനും അവൾ പ്രാപ്ത യാകുന്നു. ഇത് അരസികനായ ഭർത്താവിൽപ്പോലും പരിവർ ത്തനങ്ങൾ സൃഷ്ടിക്കാൻ കാരണമാകുന്നു. ഭർത്താവിനെ അംഗീകരി ക്കാൻ കഴിയുന്നില്ലെങ്കിലും കാമുകന്റെ മരണത്തോടെ അവൾ ഭർത്താ വിലേയ്ക്ക് തന്നെ മടങ്ങുന്നു. സ്നേഹത്തിന് വേണ്ടിയുള്ള തീവ്രമായ ആഗ്രഹമാണ് ഇവിടെ യുവതിയെ അന്യസ്നേഹത്തിന് മുമ്പിലെ ത്തിക്കുന്നത്. ഇഷ്ടമല്ല എന്നത് നേരിട്ട് പറയാൻ മടിച്ച് ഹെയർ ഓയിലിന്റെ വാസന പിടിക്കുന്നില്ല എന്ന് പറയുന്ന യുവതിയെയാണ് 'പുഴ വീണ്ടും ഒഴുകി'യിൽ കാണാൻ കഴിയുക. ഭർത്താവിനെ മാനസി കമായി വേദനിപ്പിക്കാൻ തയ്യാറാകാതെ സ്വയം വേദന ഏറ്റ് വാങ്ങുന്ന വളാണ്. കൂടാതെ ആത്മസംതൃപ്തി അന്യസ്നേഹം തേടുമ്പോൾ അനുഭവിക്കേണ്ടി വരുന്ന സംഘർഷവും വിഹ്വലതയും ഈ കഥയിൽ കാണാം.

'ചന്ദനമരങ്ങൾ' എന്ന കഥയിൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായ സ്ത്രീപ്രണയ വിഹ്വലതയാണ് കാണാൻ കഴിയുക. സ്വവർഗ്ഗ പ്രണയിതാക്കളായ രണ്ട് പെൺകുട്ടികളുടെ കഥയാണിത്. ഷീലയും കല്യാണിക്കുട്ടിയും കൗമാരക്കാലത്ത് സ്നേഹ ബദ്ധരായിരുന്നു. എന്നാൽ മുതിർന്നപ്പോൾ സാമ്പ്രദായിക രീതികൾ ക്കനുസരിച്ച് ബന്ധങ്ങൾ സ്വീകരിക്കാനവർ നിർബന്ധിതരാകുന്നു. എന്നാൽ ദാമ്പത്യത്തിൽ സംതൃപ്തി കണ്ടെത്താൻ സാധിക്കുന്നില്ല. അവരിരുവരും ഭർത്താവിനെ അളക്കാൻ പഴയ സ്നേഹിത എന്ന അളവു കോലാണ് ഉപയോഗിച്ചത്. ഡോ.ഷീലയുടെ വൃദ്ധനായ ഭർത്താവ് അത് മനസ്സിലാക്കിയിരുന്നു. ഒരു കൊടുങ്കാറ്റിന് ശേഷം അറച്ചെത്തിയ ചാറ്റൽ

മഴയായിരുന്നു ഞാൻ[1]എന്നദ്ദേഹം പറയുന്നുണ്ട്. എന്നാൽ കല്യാണിക്കുട്ടിയുടെ ഭർത്താവ് ഷീലയുടെ ഭർത്താവിൽ നിന്നും വ്യത്യസ്തനായിരുന്നു. ആരോഗ്യദൃഢഗാത്രനായിരുന്നു ആളെങ്കിലും കല്യാണിക്കുട്ടിയെ അംഗീകരിക്കാനോ, ആദരിക്കാനോ അദ്ദേഹം തയ്യാറാകുന്നില്ല. അപകർഷതബോധത്തോട് കൂടിയുള്ള ആളുടെ പെരുമാറ്റം കല്യാണിക്കുട്ടിയെ അയാളിൽ നിന്നും പിരിക്കുന്നതിന് കാരണമാകുന്നു.

'സ്വയംവരം' എന്ന മറ്റൊരു കഥയിൽ അപമാനിക്കപ്പെടുന്ന സ്ത്രീത്വത്തിന്റെ മറ്റൊരു മുഖമാണ് കാണാൻ സാധിക്കുന്നത്. അവന്തി രാജകുമാരി എന്ന് സ്വയം വിശ്വസിച്ചിരുന്ന വൃദ്ധയായ ഭ്രാന്തിയെ സ്വയംവരത്തിന്റെ പേര് പറഞ്ഞ് തെറ്റിദ്ധരിപ്പിച്ച് മൂന്ന് തെമ്മാടികൾ ബലാത്സംഗം ചെയ്ത് കൊല്ലുന്ന കഥയാണിത്. മാനസിക വിഭ്രാന്തി പിടിപെട്ട ആ വൃദ്ധ 'ഞാൻ അവന്തി രാജകുമാരിയല്ല ആരും എന്നെ വിവാഹം കഴിക്കേണ്ട'[2] എന്ന് വിലപിക്കുന്ന ചിത്രം ദയനീയവും വായനക്കാരന്റെ മനസ്സിൽ തീ കോരിയിടുകയും ചെയ്യുന്നു.

സ്വയംവരം എന്ന കഥയിലെ ഭീകരമായ ലൈംഗികാഭിനിവേശത്തെ വെണ്ണീറിൽ ആഴ്ത്തിനിർത്തിയ കൈവിരുതിന്റെ ഒതുക്കമാണ് കഥയിലെ ഒതുക്കം. തപസ്സിന്റെ അച്ചടക്കം എന്ന് കോവിലൻ അഭിപ്രായപ്പെട്ടിട്ടുണ്ട് (കോവിലൻ, 1984 : 26).

പ്രണയത്തിൽ ആയിരിക്കുകയും ആ പ്രണയത്തെ അഭിമാനത്തോടെകൊണ്ട് നടക്കുകയും ഭർത്താവിനെ അഗാധമായി സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന അമ്പതിലും മധുവിധു പോലെ ജീവിതം നയിക്കുന്ന ഡോക്ടറാണ് 'ചതി' എന്ന കഥയിലെ നായിക. ഇരുപത്തിയഞ്ച് വർഷത്തെ വിവാഹ ജീവിതത്തിന് ശേഷവും തന്റെ ഭർത്താവ് ജീവിതത്തെ സുന്ദരസുരഭിലമാക്കി കൊണ്ടിരിക്കുന്നു എന്ന്

വിശ്വസിക്കുന്നവളാണ് 'ചതി'യിലെ നായികയായ ലേഡി ഡോക്ടർ. എന്നും രാത്രി വൈകി മാത്രം ഭർത്താവിന്റെ സമീപത്തേയ്ക്ക് ഓടി അണയുന്ന ഡോക്ടർ ഒരു ദിവസം നേരത്തെ എത്തുകയും ഭർത്താവിനൊപ്പം മറ്റൊരു സ്ത്രീയെ കിടപ്പറയിൽ കാണുകയും ചെയ്യുന്നു. അതോടെ ഡോക്ടറുടെ വിശ്വാസം തകിടം മറിയുന്നു. തികച്ചും ദയനീയമായ ഒരുവസ്ഥയിലേക്ക് അവരെത്തുന്നു. തന്റെ താലിയിൽ തൊട്ടുകൊണ്ട് എന്റെ താലി എന്റെ പാവം താലി[3] എന്ന് പറയാൻ മാത്രമമേ അവർക്കാകുന്നുള്ളൂ. ഭർത്താവിന്റെ പരസ്ത്രീ ഗമനത്തിൽ ചതിക്കപ്പെടുന്ന സ്ത്രീയുടെ വേദനയല്ല ഈ കഥയെ ദുരന്ത പൂർണ്ണമാക്കുന്നത്. തകർക്കപ്പെട്ട വിശ്വാസങ്ങളുടെ തീച്ചൂളയിൽ ഉരുകുന്ന വിവേകിയായ സ്ത്രീയുടെ നൊമ്പരമാണ്.

സ്നേഹം കൊതിച്ച് വൃദ്ധനായ ഒരാളിൽ തന്റെ പ്രണയം കണ്ടെത്താൻ ശ്രമിക്കുന്ന മാധവിക്കുട്ടിയുടെ മറ്റൊരു കഥയാണ് 'ഇടനാഴികളിലെ കണ്ണാടികൾ'. സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം അൻപത് കഴിഞ്ഞ സൗമ്യമൂർത്തിയെ പ്രണയിക്കുകയാണ് കഥാനായികയായ മാധവി. ബാങ്കിൽ അസിസ്റ്റന്റ് മാനേജരായ പ്രേമചന്ദ്രന് തന്റെ ഔദ്യോഗികമായ തിരക്കുകൾ കാരണം ഭാര്യയെ സ്നേഹിക്കാനോ ലാളിക്കാനോ കഴിയുന്നില്ല. ഒറ്റപ്പെടലിനെ ഭയപ്പെട്ടിരുന്ന മാധവി തനിക്ക് അപ്രാപ്യമായ സ്നേഹം തന്റെ അച്ഛന്റെ പ്രായമുള്ള സൗമ്യമൂർത്തിയിൽ കണ്ടെത്തുന്നു. പരസ്പരം മനസ്സിലാക്കപ്പെടാതെ പോകുന്ന ദാമ്പത്യമാണ് ഇരുവർക്കും. എന്നാൽ സാമൂഹ്യബന്ധങ്ങളും വിലക്കുകളും സൗമ്യമൂർത്തിയെ മാധവിയിൽ നിന്നും അകലാൻ പ്രേരിപ്പിക്കുന്നു. സൗമ്യമൂർത്തി പ്രേമചന്ദ്രനെ സ്ഥലം മാറ്റുന്നു. എന്നാൽ സ്വന്തം ലോകത്തിൽ തന്റേതായ സ്വപ്നങ്ങൾക്കനുസരിച്ച് ജീവിക്കുന്ന[4] മാധവി പ്രേമചന്ദ്രനിൽ നിന്നും വിവാഹമോചനം

ആവശ്യപ്പെടുന്നു. അവളെ ഒഴിവാക്കാൻ ശ്രമിച്ച സൗമ്യമൂർത്തിയ്ക്ക് അവളുടെ മരണവാർത്തയാണ് കേൾക്കാൻ സാധിച്ചത്. അവളുടെ ആത്മാവ് തന്നോട് മന്ത്രിക്കുന്നതായി തോന്നി.

"ഇന്നുമുതൽ ഈ പുഴ നമ്മുടേതാണ്. ഇന്നുമുതൽ ഈ പഴയ കടമ്പു മരവും നമ്മുടേതാണ്. ഒരിക്കൽ നമ്മുടെ വീടില്ലാത്ത ആത്മാക്കൾക്ക് നരിച്ചീറുകളെപ്പോലെ പറന്ന് വന്ന് അതിന്റെ ശാരീരികതയിൽ നിന്നും തുടങ്ങുവാൻ" (മാധവിക്കുട്ടി,1985: 96).

സ്നേഹത്തിന് വേണ്ടി ഉഴറി നടക്കുന്ന മാധവിയെ മനസ്സിലാക്കാൻ ഈ രണ്ട് ആണുങ്ങൾക്കും സാധിക്കുന്നില്ല. ഭർത്താവിൽ നിന്നും ലഭിക്കാതെ പോകുന്ന സ്നേഹവും അഭയവും മറ്റൊരു പുരുഷനിൽ കണ്ടെത്തുന്നുവെങ്കിലും മാധവിക്ക് അവിടെയും പരാജയം സംഭവിക്കുന്നു.

വിവാഹമോചനം ചിത്രീകരിക്കുന്ന മാധവിക്കുട്ടിയുടെ ഒരു രചനയാണ് 'യജമാനൻ'. തന്റെ പ്രണയത്തിൽ വിശ്വസിച്ച് സ്നേഹിച്ച പുരുഷനെ വിവാഹം ചെയ്ത പെൺക്കുട്ടിക്ക് ആ സ്നേഹത്തിൽ വിശ്വാസം നഷ്ടപ്പെട്ട് കുടുംബാന്തരീഷത്തിൽ അസ്വസ്ഥകൾ മുറുകി വിവാഹമോചനത്തിൽ കലാശിക്കുന്ന കഥയാണ് ഇത്. സ്നേഹം എന്ന സുന്ദരവികാരം തന്നെ അനാവശ്യമാണെന്ന്[5] പഠിക്കുന്ന നായികയ്ക്ക് ഭർത്താവിൽ വിശ്വാസം നഷ്ടമാകുന്നു. കലഹങ്ങൾ നിത്യ സംഭവമാകുന്നു. സമചിത്തതയോടെ ഭർത്താവ് പെരുമാറുമ്പോൾ കാല്പനിക പ്രണയസങ്കല്പം വെച്ച് പുലർത്തുന്ന ഭാര്യയ്ക്ക് യഥാർത്ഥ്യങ്ങൾക്ക് മുമ്പിൽ പിടിച്ചു നിൽക്കാൻ കഴിയുന്നില്ല. സ്നേഹത്തിന്റെ വിവിധ ഭാവങ്ങളെ ഭ്രാന്തമായി ആഗ്രഹിക്കുന്ന ഒരു വ്യക്തിയായി ഈ സ്ത്രീത്വം ചിത്രീകരിക്കപ്പെടുന്നു.

മാധവിക്കുട്ടിയുടെ ഭാഷയിൽ ഒരു സ്ത്രീ തന്റെ ആദ്യ

പുരുഷനെ ഉപേക്ഷിച്ച് മറ്റൊരു പുരുഷന്റെ കിടക്കയിലേയ്ക്ക് നടക്കുമ്പോൾ അത് ഉപഹാസ്യമോ, അസന്മാർഗ്ഗികമോ അല്ല. അത് ദാരുണമാണ്. അവൾ അപമാനിക്കപ്പെട്ടവളാണ്, മുറിവേറ്റവളാണ്. അവൾക്ക് ശമനം ആവശ്യമാണ് (മാധവിക്കുട്ടി, 1985:137).

'പരുന്തി'ലെ ഇന്ദിര എന്ന കഥാപാത്രം ഈ പ്രസ്താവന ശരി വെക്കുന്നതാണ്. ഭാര്യയെ ദൈവവിഗ്രഹമായി കണ്ട് പ്രതിഷ്ഠിക്കാൻ തയ്യാറായ ഒരാളാണ് ഇന്ദിരയുടെ ഭർത്താവ്. എന്നാൽ ഇന്ദിരയ്ക്ക് വിഗ്രഹത്തിന്റെ ശാന്തത ആയിരുന്നില്ല. പരുന്തിനെപ്പോലെ ആകാശത്തിൽ പറന്ന് നടക്കാൻ ആഗ്രഹിച്ചവളായിരുന്നു. ഇന്ദിരയുടെ ഹൃദയത്തിൽ സ്നേഹം നിറയ്ക്കാൻ ഭർത്താവിന് കഴിയുന്നില്ല. ആ ഒഴിവിലേക്കാണ് ഗുൾട്ടിയാനോ എന്ന ഫിലിപ്പിനി യുവാവ് കടന്ന് വരുന്നത്. അയാളുടെ സ്നേഹത്തിൽ ഇന്ദിര സുന്ദരിയും പ്രസന്നവതിയും ആയി മാറുന്നു. എന്നാൽ സ്വന്തം മകൾ തന്റെ കാമുകനാൽ ഗർഭിണിയാണ് എന്നറിഞ്ഞ് വീണ്ടും ആകെ തകരുന്നു. രോഗിയായി മരിക്കുന്നു. കഥയുടെ ഒരു ഘട്ടത്തിൽ തന്റെ അച്ഛനെ വഞ്ചിച്ചുവെന്ന് പറയുമ്പോൾ,

'ഞാൻ നിന്റെ അച്ഛനെ വഞ്ചിച്ചുവെന്നോ ? ഇല്ല മകളേ ഞാൻ ഒരിക്കലും അദ്ദേഹത്തോട് സ്നേഹിക്കുന്നുവെന്ന് പറഞ്ഞിട്ടില്ല' (മാധവിക്കുട്ടി,1985 : 137).

അനന്തമായ സ്വാതന്ത്ര്യത്തോടെ പ്രണയം ആഗ്രഹിച്ച ഇന്ദിര അവസാനം മരണത്തിന് കീഴടങ്ങുമ്പോൾ അവരുടെ പ്രണയിക്കപ്പെടാനുള്ള മോഹവും ബാക്കിയാവുന്നു. താൻ വേദനകൊണ്ട് ഉരുകിത്തീർന്നാലും ഭർത്താവിന്റെ സന്തോഷത്തിന്വേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന കഥാപാത്രമാണ് 'വരലക്ഷ്മീ പൂജ'യിലെ ലക്ഷ്മി. ഭർത്താവ് വിവാഹിതയും രണ്ട് കുട്ടികളുടെ

അമ്മയുമായ സ്ത്രീയുമായി പ്രണയം ബന്ധത്തിലേർപ്പെടുമ്പോഴും ഭർത്താവിനോടുള്ള സ്നേഹാധികൃത്താൽ കാമുകി ഒരിക്കലും ഭർത്താവിൽ നിന്ന് അകലരുതെന്ന് ആഗ്രഹിക്കുന്നവളാണ് ലക്ഷ്മി.

'ഞാൻ സ്നേഹിക്കുന്ന പോലെ അദ്ദേഹത്തെ നിനക്ക് സ്നേഹിക്കാൻ കഴിയുമോ എന്നറിയില്ല. പക്ഷേ എനിക്കുവേണ്ടി ഒരു കാര്യം ചെയ്യണം. അദ്ദേഹത്തെ വ്യസനിപ്പിക്കരുത്. എനിക്ക് നിന്നോടു ഇത്രമാത്രമേ പറയാനുള്ളൂ' (മാധവിക്കുട്ടി,1985: 103.).

പ്രണയത്തിന്റെ മറ്റൊരു തലമാണ് ലക്ഷ്മി. താൻ നൽകിയ സ്നേഹം തിരിച്ചുകിട്ടാഞ്ഞിട്ടും ഭാര്യാസമേതനായ ഒരുവനുവേണ്ടി ജീവിക്കുന്ന നായികയാണ് 'ചന്ദ്രന്റെ ഇറച്ചി' എന്നതിലെ കാമുകി.

'ഇന്നെങ്കിലും എന്റെ കൂടെ താമസിക്കൂ. ഒരു രാത്രിയെങ്കിലും എനിക്ക് തരില്ലേ. അത് സാധ്യമല്ലെന്ന് നിനക്കറിയാമല്ലോ?'(6) അയാൾ പറഞ്ഞു. 'ഉത്തരവാദിത്തമില്ലാത്തവനെപ്പോലെ എനിക്ക് പെരുമാറാൻ കഴിയില്ല'.(7)

'ചന്ദ്രന്റെ ഇറച്ചി' എന്നതിലെ നായിക കിട്ടാത്ത സ്നേഹത്തിന് പിറകേ പോകുന്നവളാണ്. തന്നെ കാത്ത് നിൽക്കുന്ന ചെറുപ്പക്കാരനെ പ്പോലും നിരാകരിച്ച് കാമുകന്റെ സ്നേഹത്തെ പ്രതീക്ഷിക്കുന്നു. അയാൾക്ക് അവളോട് കടപ്പാടുകൾ ഒന്നുമില്ലെങ്കിലും അയാളെ പ്രണയിക്കാതിരിക്കാൻ അവൾക്ക് കഴിയുന്നില്ല. സ്നേഹം ഇങ്ങോട്ടി ല്ലെങ്കിലും അങ്ങോട്ട് ഇരട്ടി സ്നേഹിക്കുന്നവളാണ് പെണ്ണ്(ജോളി, മാധവിക്കുട്ടി,1997:25) എന്ന മാധവിക്കുട്ടിയുടെ തന്നെ വാക്കുകൾ ഇതാണ് സൂചിപ്പിക്കുന്നത്.

ഒരു പെണ്ണെന്ന നിലയിൽ ഭാര്യ എത്രത്തോളം ചതിക്ക പ്പെടുകയും വഞ്ചിക്കപ്പെടുകയും ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുന്ന കഥയാണ് 'ലോകം ഒരു കവയിത്രിയെ നിർമ്മിക്കുന്നു'. വീട്ടിലെ

അസ്വസ്ഥമായ സ്നേഹശൂന്യമായ ചുറ്റുപാടുകളിൽ നിന്ന് രക്ഷപെടുന്നതിനായി വിവാഹബന്ധത്തിലേർപ്പെടുന്ന നായികയ്ക്ക് വിവാഹത്തിലൂടെയും സ്നേഹം ലഭിക്കുന്നില്ല. പല സ്ത്രീകളുമായി ഇടപഴകിയിരുന്ന നായകന് കുലീനയായ നായികയേയും അവരിൽ ഒരാളായി മാത്രമാണ് കണക്കാക്കാൻ സാധിക്കുന്നുള്ളൂ.

'അവളും തികച്ചൊരു സ്ത്രീയായി കണക്കാക്കാൻ നമ്മൾക്ക് കഴിഞ്ഞില്ല. കാരണം അയാളുടെ ഭൂതകാലങ്ങളിൽ ഒരൊറ്റ സ്ത്രീയെങ്കിലും ഇങ്ങനെയായിരുന്നില്ല'(മാധവിക്കുട്ടി, 1985: 53).

'അവളുടെ സ്നേഹം അയാളെ കഴിഞ്ഞുപോയ പാപങ്ങളെ ഓർമ്മപ്പെടുത്തിയത്കൊണ്ടാവണം അയാൾ അവളെ വെറുത്തത്. അവളുടെ നിഷ്കളങ്കതയും പരിശുദ്ധിയുമെല്ലാം അയാളെ ഭയപ്പെടുത്തി'(8). അയാളുടെ ഇത്തരം പെരുമാറ്റങ്ങൾ സ്നേഹം ഒരു വിഡ്ഢിത്തരമാണെന്ന് അവൾക്ക് തോന്നലുണ്ടാക്കി. എട്ട് വർഷം ഒന്നിച്ച് ജീവിച്ചിട്ടും കവയിത്രിയായ ഭാര്യയെ മനസ്സിലാക്കാൻ അയാൾക്ക് സാധിച്ചില്ല. പരസ്പര വിശ്വസത്തിലും സ്നേഹത്തിലും അധിഷ്ഠിതമാണെന്ന് വിശ്വസിക്കപ്പെടുന്ന വിവാഹബന്ധത്തിന്റെ അർത്ഥശൂന്യത കഥാകാരി ഇവിടെ വ്യക്തമാക്കുന്നു.

സ്ത്രീമനസ്സിന്റെ പ്രണയ അസ്വസ്ഥതകളും സംഘർഷങ്ങളും നിറഞ്ഞുനിൽക്കുന്ന കഥകൾ പുതിയൊരു ഭാവാന്തരീക്ഷമാണ് സൃഷ്ടിക്കുന്നത്. സാഹചര്യങ്ങളും ഓരോരുത്തരും ആർജ്ജിച്ച പ്രത്യേക മാനസികഘടനയും മാധവിക്കുട്ടിയുടെ പ്രണയസങ്കൽപ്പത്തിൽ കടന്നുവരുന്നുണ്ട്. പ്രണയത്തിന്റെ ആത്മാർത്ഥതയിലും ദിവ്യാനുഭൂതികളിലും ജീവിക്കുന്നവരാണ് മാധവിക്കുട്ടിയുടെ കഥാപാത്രങ്ങൾ. അവർ ജീവിതത്തെ ഒരു സ്നേഹാന്വേഷണമായി മാറ്റുന്നു.

## കുറിപ്പുകൾ

1. മാധവിക്കുട്ടി,ചന്ദനമരങ്ങൾ പുറം : 48.
2. മാധവിക്കുട്ടി,എന്റെ ചെറുകഥകൾ,സ്വയംവരം പുറം : 148.
3. മാധവിക്കുട്ടി,എന്റെ ചെറുകഥകൾ ചതി,പുറം 167.
4. മാധവിക്കുട്ടി, എന്റെ ചെറുകഥകൾ, ഇടനാഴിയിലെ കണ്ണാടികൾ, പുറം : 89.
5. മാധവിക്കുട്ടി, എന്റെ കഥ : പുറം : 93.
6. മാധവിക്കുട്ടി, എന്റെ ചെറുകഥകൾ ഒന്നാം ഭാഗം, ചന്ദ്രന്റെ ഇറച്ചി,പുറം : 287.
7. അതേപുറം : 288.
8. മാധവിക്കുട്ടി, എന്റെ ചെറുകഥകൾ ലോകം ഒരു കവയിത്രിയെ നിർമ്മിക്കുന്നു, പുറം : 58.

## സഹായകഗ്രന്ഥങ്ങൾ


1. അച്യുതൻ എം., *ചെറുകഥ ഇന്നലെ ഇന്ന്*, സാഹിത്യ പ്രവർത്തക സഹകരണ സംഘം,കോട്ടയം:1973.
2. അപ്പൻ കെ.പി., *കലാപം വിവാദം വിലയിരുത്തൽ*, ഗൗതമ പബ്ലിക്കേഷൻസ് , ആലപ്പുഴ :1992.
3. ഡോ. ജാൻസി ജെയിംസ്, *ഫെമിനിസം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം:1992.
4. കോവിലൻ,*കോവിലന്റെ ലേഖനങ്ങൾ*,ശിഖ പബ്ലിക്കേഷൻസ്, ഗുരുവായൂർ:1984.
5. മാധവിക്കുട്ടി, *എന്റെ ചെറുകഥകൾ*, മാതൃഭൂമി,പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, കോഴിക്കോട് :1985.

6. മാധവിക്കുട്ടി, *എന്റെ കഥ*, കറന്റ് ബുക്ക്സ്, കോട്ടയം: 1992.

7. മാധവിക്കുട്ടി, *ചന്ദനമരങ്ങൾ*, കറന്റ് ബുക്ക്സ്, കോട്ടയം:1988.

8. വാസുദേവൻ നായർ കളർക്കോട്,തരിശുനിലത്തിന്റെ കഥകൾ, നാഷണൽ ബുക്സ് സ്റ്റാൾ, കോട്ടയം:1974.

**ആനുകാലികങ്ങൾ**

1. ഇന്ത്യാടുഡേ, വനിതാ പതിപ്പ് :1991

2. മാതൃഭൂമി ആഴ്ചപ്പതിപ്പ് : 1997

3. കുങ്കുമം മാസിക, ഒക്ടോബർ ലക്കം : 1996

4. ഭാഷാപോഷിണി, മാർച്ച് ലക്കം : 1994

# സ്നേഹാന്വേഷണം മാധവിക്കുട്ടിയുടെ കഥകളിൽ

**ഡോ.ഹെലൻ എം.**

കാലത്തിനോടുള്ള കലഹമാണ് മാധവിക്കുട്ടി എന്ന എഴുത്തുകാരിയുടെ കലയും ജീവിതവും. നഷ്ടപ്പെട്ടുപോയ സ്നേഹത്തെ തിരികെ പിടിക്കാനുള്ള ഒരു ശ്രമം മാധവിക്കുട്ടിയുടെ മിക്ക കഥകളിലും കാണാൻ കഴിയും. സാഹിത്യപാരമ്പര്യമുള്ള കുടുംബപശ്ചാത്തലം, വ്യത്യസ്ത ദേശഭാഷാന്തരങ്ങളിലൂടെയുള്ള സഞ്ചാരം, ബാല്യകാലം മുതൽ ലഭിച്ച വ്യക്തിസ്വാതന്ത്ര്യം തുടങ്ങിയവയൊക്കെയും മാധവിക്കുട്ടി എന്ന എഴുത്തുകാരിയെ വളർച്ചയുടെ പടവുകളിലേക്ക് എടുത്തുയർത്തിയ ഘടകങ്ങളാണ്. കഥകളിൽ പ്രണയത്തിന്റെ, സ്നേഹത്തിന്റെ, അക്ഷരകുടീരം തീർത്ത കഥാകാരി, പുരുഷന്റെ സ്നേഹശൂന്യത തന്റെ കഥകളിൽ തുറന്നുകാട്ടുന്നു.

സ്നേഹം എന്ന വികാരം പല രൂപത്തിലും ഭാവത്തിലും മാധവിക്കുട്ടിയുടെ കഥകൾക്ക് വിഷയമാകുന്നുണ്ട്. മുത്തശ്ശി, അമ്മ, ഭാര്യ-ഭർത്താവ്, കാമുകി-കാമുകൻ, കുഞ്ഞുങ്ങൾ തുടങ്ങി വിവിധ മുഖങ്ങൾ ഇതിൽ തെളിയുന്നു. അതോടൊപ്പംതന്നെ ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം തുടങ്ങിയ വ്യത്യസ്ത ജീവിതാവസ്ഥകളിൽ പ്രകടമാകുന്ന സ്നേഹത്തിന്റെ തീക്ഷ്ണയാഥാർത്ഥ്യങ്ങളും കഥകളിൽ ആവിഷ്ക്കരിക്കുന്നു. സ്ത്രീ-പുരുഷ മനസ്സുകളുടെ നേർചിത്രീകരണത്തിലും അസംതൃപ്തദാമ്പത്യത്തിലും ബാല്യത്തിന്റെ ആവിഷ്കരണത്തിലും സ്നേഹമന്വേഷിച്ചുള്ള യാത്ര കാണുവാൻ കഴിയും. അസംതൃപ്തദാമ്പത്യത്തിൽ സ്ത്രീയും പുരുഷനും സ്നേഹാന്വേഷികളായി

മാറുന്നു. മാധവിക്കുട്ടിയെ സംബന്ധിച്ചിടത്തോളം സ്നേഹം സ്വയം സ്ഥാപിത മതമായിരുന്നു. പുരുഷനു പിറകിലെന്നോ, സ്ത്രീയ്ക്കു മുമ്പിലെന്നോ ഉള്ള ഭാവഭേദമില്ലാതെ പൂർണ്ണമായ കീഴടങ്ങലിന്റെ ആത്മീയഭാവമാണ്, ലയിച്ചുചേരലാണ് കഥാകാരിക്ക് സ്നേഹമെന്നത്. അവിടെ മനസ്സിനെന്നപോലെ ശരീരത്തിനും തുല്യപ്രാധാന്യമുണ്ട്. മനസ്സിന്റെയും ശരീരത്തിന്റെയും പരിപൂർണ്ണമായ കൂടിച്ചേരൽ, അതാണ് സ്നേഹം. അത് ഒരിക്കലും കാമമല്ല- യാഥാർത്ഥ്യത്തിന്റെ, തിരിച്ചറിവിന്റെ, അടുത്തറിയലിന്റെ മാനുഷികതലമാണ് അത് പ്രകടമാക്കുന്നത്. സ്ത്രീകളുടെ ഉദാത്തമായ സ്നേഹത്തിനു മുന്നിൽ ശരീരം കൊണ്ടു മാത്രം ആഹ്ലാദം നൽകി പരാജയപ്പെട്ടുപോകുന്ന പുരുഷന്മാരെ അവർ തന്റെ കഥകളിൽ നിശിതമായി വിമർശിക്കുന്നു. എങ്കിലും സ്ത്രീയുടെ ഏകാന്തവും സംതൃപ്തവുമായ മനസ്സിന് പുരുഷനിൽ നിന്നു മാത്രമേ പൂർണത ലഭിക്കൂ എന്ന വിശ്വാസവും ചില കഥകളിൽ കണ്ടെത്താൻ സാധിക്കും.

"ഇവളെന്റെ സ്വത്താണ് എന്ന് പറയാൻ ഒരു പുരുഷനില്ലാത്ത ജീവിതം വ്യർത്ഥം തന്നെയാണ്"[1] എന്നാഗ്രഹിക്കുന്ന മാധവിക്കുട്ടിയുടെ കഥാപാത്രങ്ങൾ, ഭർത്താവിൽനിന്നുമുണ്ടാകുന്ന അവഗണന, ഏകാന്തത -സ്ത്രീയെ വിഷാദത്തിലേക്കും മറ്റൊരർത്ഥത്തിൽ, സ്നേഹദാഹിയാക്കിയും മാറ്റുന്നു. ഇത്തരത്തിൽ സ്നേഹരഹിത ജീവിതത്തിൽ സംഭവിക്കുന്ന സ്നേഹാന്വേഷണത്തിന്റെ സംഘർഷാത്മകത മുഖ്യപ്രമേയമാക്കി രചിച്ച അഞ്ച് കഥകളാണ് (പുഴ വീണ്ടും ഒഴുകി, ചതി, ചതുരംഗം, രാധയുടെ കത്ത്, സൂര്യൻ) ഇവിടെ പഠനവിധേയമാക്കുന്നത്.

**പുഴ വീണ്ടും ഒഴുകി**

1953-ൽ മാധവിക്കുട്ടി എഴുതിയ ശില്പചാരുത പ്രകടമാക്കുന്ന

ആദ്യകഥകളിലൊന്നാണ് 'പുഴ വീണ്ടും ഒഴുകി' എന്ന കഥ. ഭാര്യാ ഭർത്തൃബന്ധത്തിലെ സ്നേഹഭംഗവും അതിൽനിന്നും ഉടലെടുക്കുന്ന, അന്യപുരുഷനോളമെത്തുന്ന സ്നേഹാന്വേഷണവുമാണ് കഥാപ്രമേയം. ഭർത്താവും ഭാര്യയും ഉൾപ്പെടുന്ന കുടുംബത്തിൽ ഭർത്താവിനേക്കാൾ ഭാര്യ പതിനാലു വയസ്സിന് ഇളയതാണ്. സാധാരണ കുടുംബങ്ങളിൽ സംഭവിക്കുന്നതുപോലെ ജോലി കഴിഞ്ഞുവരുന്ന ഭർത്താവിനെ പ്രതീ ക്ഷിച്ചുകൊണ്ട് കുളിച്ചൊരുങ്ങി കാത്തുനിൽക്കുന്ന ഭാര്യയിൽക്കൂടി യാണ് കഥയുടെ തുടക്കം. "മായാത്ത ചിരിയുമായി അന്നും അവൾ ഭർത്താവിനെ കാത്തുനിന്നു. അയാളുടെ കാലടിശബ്ദം പുറത്തുകേട്ട ഉടൻ ഓടിച്ചെല്ലണം. വാതിൽ തുറക്കാൻ അന്നും അവൾ പതിവു പോലെ കാത്തുനിന്നു"[2] എന്ന കഥാനായികയുടെ വാക്കുകളിൽക്കൂടി പ്രതീക്ഷാനിർഭരമായ/സ്നേഹപൂർണ്ണമായ ജീവിതമാണ് അവൾ കൊതിക്കുന്നതെന്ന് വ്യക്തം. സ്നേഹത്തോടെയുള്ള പുഞ്ചിരിയും ഹൃദ്യമായ പെരുമാറ്റവും പ്രണയാർദ്രമായ ഭാവചലനങ്ങളും അവൾ ആഗ്രഹിച്ചിരുന്നു. എന്നാൽ അവളുടെ കൊച്ചു കൊച്ചു സന്തോഷ ങ്ങൾ പോലും അറിയാനോ കേൾക്കാനോ തയ്യാറാകാത്ത അയാളുടെ പ്രവൃത്തികൾ അവളെ വേദനിപ്പിച്ചു. അയാളുടെ തുടർപ്രവർത്തികളി ലോരോന്നിലും സ്നേഹമില്ലായ്മ അവൾ കണ്ടെത്തി. സിനിമ കാണു വാൻ നിർബന്ധിക്കാതെ അയാൾ പോകുമ്പോൾ പുരുഷന്റെ സ്നേഹ രാഹിത്യം ഒന്നുകൂടി അവൾ ഉറപ്പിക്കുന്നു. "അന്നു തനിച്ച് ഊണ് കഴിക്കാനിരിക്കുമ്പോൾ അവൾ നിശ്ചയിച്ചു. അദ്ദേഹം തന്നെ സ്നേഹി ക്കുന്നില്ല. ഉണ്ടെങ്കിൽ താൻ വരുന്നില്ലെന്നു പറഞ്ഞപ്പോൾ യാതൊരു കൂസലും കൂടാതെ സിനിമയ്ക്കു പോകുമോ? വാസ്തവത്തിൽ തന്നെ അദ്ദേഹം സ്നേഹിച്ചിട്ടുണ്ടോ? എന്നെങ്കിലുമൊരിക്കൽ തന്നോടദ്ദേഹം പറഞ്ഞിട്ടുണ്ടോ ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന്? എന്നെങ്കിലു

മൊരിക്കൽ തന്നെ 'ഓമനേ' എന്നു വിളിച്ചിട്ടുണ്ടോ? തനിക്ക് സുഖക്കേടു വന്നപ്പോൾ അദ്ദേഹം കരഞ്ഞുവോ? ഇല്ല. ഇല്ല. അദ്ദേഹം തന്നെ സ്നേഹിച്ചിട്ടേയില്ല. താനെന്തൊരു മഠയിയായിരുന്നു. ഈ പരമാർത്ഥം ഇതേവരെ മനസ്സിലാക്കാതിരിക്കാൻ"[3] തന്റേതാണെന്ന് ഉറപ്പിച്ച പുരുഷന്റെ സ്നേഹം അടുക്കുന്തോറും അകലെയാണെന്ന് അവൾ മനസ്സിലാക്കുന്നു. പെണ്ണിന്റെ ചിന്താമണ്ഡലത്തിൽ സ്നേഹം പല മാറ്റങ്ങൾ വരുത്തുമെന്നിരിക്കെ യഥാർത്ഥ സ്നേഹത്തിന്റെ മരണവും അവൾ അനുഭവിച്ചു. അതാകട്ടെ അന്യപുരുഷനിലേക്ക് അവളെ അടുപ്പിച്ചു. ഭർത്താവിന്റെ സ്നേഹനിരാസത്തിൽ കരഞ്ഞു കാലം തീർക്കാൻ മനസ്സിലാത്ത പെണ്ണായിരുന്നു മാധവിക്കുട്ടിയുടെ കഥാനായിക. പെണ്ണിനു മാത്രം കല്പിക്കപ്പെടുന്ന/നിലനിൽക്കുന്ന സദാചാരത്തിന്റെ പൂട്ടു പൊളിക്കാൻ മാത്രം ശക്തയായിരുന്നു അവൾ. കളങ്കമില്ലാത്ത സ്നേഹത്തിനുവേണ്ടി കലാപം തീർക്കുന്ന അവളുടെ പ്രതീക്ഷയായിരുന്നു അന്യപുരുഷനായ മോഹൻ. ആത്മഹത്യയിൽനിന്നും അവളെ രക്ഷിക്കാൻ തക്ക സ്നേഹം അവന്റെ പ്രണയത്തിനുണ്ടായിരുന്നു.

"മോഹൻ നീയെന്നെ സ്നേഹിച്ചു തുടങ്ങണം. എനിക്ക് നിന്റെ സ്നേഹം ആവശ്യമുണ്ട്. സത്യമായും ആവശ്യമുണ്ട്."[4] ഭർത്താവിനോടുള്ള വെറുപ്പ് കാലക്രമേണ മോഹനോടുള്ള സ്നേഹക്കൂടുതൽ ആയി മാറി എങ്കിലും മധ്യവർഗ്ഗ സ്ത്രീകളനുഭവിക്കുന്ന ആത്മസംഘർഷം കഥാനായികയും കഥയിൽ അനുഭവിക്കുന്നുണ്ട്. തന്റെ പ്രണയം ഭർത്താവ് അറിയാതിരിക്കാൻ പരമാവധി അവൾ ശ്രമിക്കുന്നുണ്ട്. അതോടൊപ്പം അയാളെ സന്തോഷിപ്പിക്കാനുള്ള കൃത്രിമമായ സ്നേഹവും അവൾ പ്രകടമാക്കുന്നു.

സ്ത്രീയുടെ സ്നേഹസങ്കല്പം ഒരിക്കലും കാമത്തിലധിഷ്ഠിതമല്ല. സ്നേഹത്തിന്റെ പരിപൂർണ്ണമായ കീഴടങ്ങലാണ് അത് പ്രകട

മാക്കുന്നത്. കഥാനായികയുടെ ചിന്താമണ്ഡലത്തിലും അതുതന്നെയാണ് വ്യക്തമാക്കുന്നത്.

അനുദിനം വിജയത്തിന്റെ പടികളോരോന്നും ചവിട്ടിക്കയറുമ്പോഴാണ് മോഹന്റെ മരണം അവളെ തളർത്തിക്കളയുന്നത്. തിരിച്ചുവരാനാകാത്തവിധം എന്നെന്നേക്കുമായുള്ള മോഹന്റെ നഷ്ടം ജീവിതത്തിൽ താനേറെ വേഷങ്ങൾ അണിയേണ്ടിവരുമെന്നുള്ള ചിന്ത അവളെ വ്യാകുലപ്പെടുത്തുമ്പോൾ 'കുട്ടി' എന്ന ഭർത്താവിന്റെ വിളി എല്ലാ ദുഃഖത്തിൽനിന്നുമുള്ള മോചനമായി മാറുന്നു. മാധവിക്കുട്ടിയുടെ പല കഥകളിലും ഭർത്താവ് ഭാര്യയെ മകളായി കണ്ടുകൊണ്ടുള്ള വാത്സല്യഭാവം പ്രകടമാക്കുന്നുണ്ട്. 'കുട്ടി' എന്ന വിളി അത് സാധൂകരിക്കുന്നുണ്ട്.

പുരുഷനെ ചേർത്തുനിർത്തുന്നവരാണ് മാധവിക്കുട്ടിയുടെ സ്ത്രീകഥാപാത്രങ്ങൾ. അവന്റെ/പുരുഷന്റെ സ്നേഹത്തിൽക്കൂടി മാത്രമേ സ്ത്രീയുടെ ജീവിതം പൂർണ്ണമാകൂ എന്ന് ചിന്തിക്കുന്ന കഥാകാരിയായിരുന്നു അവർ. പുരുഷനെ ചേർത്തു നിർത്തുമ്പോഴും സ്നേഹം/പ്രണയനിരാസത്തിന് മറ്റു ബന്ധങ്ങൾ തടസ്സമല്ല എന്നു ധൈര്യപൂർവ്വം പ്രഖ്യാപിക്കാൻ മാത്രം ശക്തി നേടിയവരായിരുന്നു മാധവിക്കുട്ടിയുടെ കഥാനായികമാർ.

**ചതി**

1959-ൽ മാധവിക്കുട്ടി എഴുതിയ കഥയാണ് 'ചതി'. സന്തുഷ്ട കുടുംബം എന്ന് വൃഥാ അഹങ്കരിച്ചിരുന്ന കുടുംബിനിയായ ഡോക്ടറിന്റെ ജീവിതകഥയാണ് 'ചതി' എന്ന കഥയിൽ ആവിഷ്കരിച്ചിരിക്കുന്നത്. ഡോക്ടറും ഭർത്താവും 16 വയസ്സുള്ള മകനുമാണ് കഥയിലെ കേന്ദ്രകഥാപാത്രങ്ങൾ. സ്ത്രീജീവിതത്തിലെ പ്രതിസന്ധികളും അവളനുഭവിക്കുന്ന കഷ്ടപ്പാടുകളുമൊക്കെ യാഥാർത്ഥ്യബോധത്തോടെ

കഥയിൽ ചിത്രീകരിച്ചിരിക്കുന്നു. ഗാർഹികചുമതലയും ജോലിഭാരവും അലട്ടുമ്പോഴും പുരുഷന്റെ/ഭർത്താവിന്റെ സ്നേഹത്തണലിൽ താൻ തൃപ്തയാണെന്ന് കരുതുന്ന ഡോക്ടറായ ഭാര്യയുടെ ജീവിതാനുഭവങ്ങളിൽക്കൂടിയാണ് കഥ മുന്നോട്ടുപോകുന്നത്. ജോലിത്തിരക്കിൽ ഭർത്താവ് ഫോൺ വിളിക്കുന്നതും തന്റെ പിറന്നാളാണെന്ന് ഓർമ്മിപ്പിക്കുന്നതും അവളെ ഏറെയല്ല സന്തോഷിപ്പിച്ചത്. "മുറിയുടെ പുറത്ത് മണ്ണിൽ വീണ് കിടന്നിരുന്ന മങ്ങിയ വെയിൽ, സന്തോഷത്തിന്റെ ഒരു സ്മരണ എന്നപോലെ അവരുടെ ഹൃദയത്തെ ഇക്കിളിപ്പെടുത്തി. ഇന്ന് എന്റെ പിറന്നാളാണ്...എത്രാമത്തെ പിറന്നാൾ? നാല്പത്തൊമ്പതാമത്തെയോ? അതോ അൻപതാമത്തെയോ? അൻപത്! അവർ ചുമരിന്മേൽ നേഴ്സുമാർ തൂക്കിയിട്ടിരുന്ന ചെറിയ കണ്ണാടിയിലേക്ക് നോക്കി. കണ്ണുകൾക്കിടയിലും വായുടെ രണ്ടുവശത്തുമായി നേരിയ ചുളിവുകൾ വന്നു കഴിഞ്ഞിരുന്ന ആ മുഖം ഒരപരിചിതയുടെ മുഖമെന്നപോലെ അവരുടെ മനസ്സിലേക്ക് താഴ്ന്നുചെന്ന് അനുകമ്പയെ ഉണർത്തി. ഈ മുഖത്തെ തന്റെ ഭർത്താവ് സ്നേഹിക്കുന്നുണ്ടോ? തീർച്ചയായും. അദ്ദേഹത്തിന്റെ ചെറുപ്പം വിടാത്ത ആ പുഞ്ചിരി അവർക്ക് ഓർമ്മവന്നു. ഓരോ തവണയും താൻ നഴ്സിംഗ് ഹോമിലേക്ക് പുറപ്പെടുമ്പോൾ അദ്ദേഹത്തിന്റെ മുഖം വാടാറുള്ളത് അവർ ഓർത്തു. ഇരുപത്തിയഞ്ചു കൊല്ലങ്ങൾക്കുശേഷവും ജീവിതത്തെ അദ്ദേഹം ഒരു മധുവിധുവാക്കിക്കൊണ്ടിരിക്കുകയാണ്"[5]. ജീവിതത്തിൽ ഇതുപോലൊരു ഭർത്താവിനെ ലഭിച്ചതിൽ ഡോക്ടറിന് സന്തോഷം തോന്നി. മുന്നോട്ടുള്ള ജീവിതത്തിൽ തനിക്ക് ഭയക്കാതെ കഴിയാം എന്ന ചിന്ത മനസ്സിൽ സന്തോഷം നിറച്ചു. "തനിക്ക് സ്നേഹമുണ്ട്...സ്നേഹം ആ വാക്ക് ഒരു പൂവിതളിന്റെ മൃദുസ്പർശത്തോടെ അവരുടെ വായിൽക്കിടന്നു കളിച്ചു."[6] തന്റേതായ ജോലിത്തിരക്കുകൾ തീർത്ത് ഭർത്താവിന്റെ സ്നേഹത്തിൽ

ലയിച്ചു തീരാൻ ആഗ്രഹിച്ച് വീട്ടിലെത്തുന്ന ഡോക്ടറിന്, മറ്റൊരു സ്ത്രീയുമായി കിടക്ക പങ്കിടുന്ന ഭർത്താവിനെയാണ് കാണുവാൻ കഴിഞ്ഞത്. സ്നേഹത്തിന്റെ ശക്തിദൗർബല്യങ്ങൾ തിരിച്ചറിഞ്ഞ അവർ ഭാര്യാഭർത്തൃബന്ധത്തിലെ സ്നേഹശൂന്യതയും മനസ്സിലാക്കുന്നു. തന്റെ കഴുത്തിൽ അണിഞ്ഞിരിക്കുന്ന താലിയെ മൃദുവായി സ്പർശിച്ച് "പാവം താലി, എന്റെ പാവം താലി"[5] എന്നു പറയുമ്പോൾ പുരുഷന്റെ പ്രണയത്തിന്, സ്നേഹത്തിന് അവർ അടിവരയിടുന്നു.

'ചതി, ചതി, ചതി...നിന്നെ ആരും സ്നേഹിക്കുന്നില്ല...."[6] എന്ന് അവൾ മനസ്സിലാക്കുന്നു. തന്റേതായ ആവശ്യങ്ങൾ മാറ്റിവച്ച് കുടുംബത്തിനുവേണ്ടി, ഭർത്താവിനുവേണ്ടി ജീവിച്ച അവളുടെ സ്നേഹത്തെ/കാമനകളെയാണ് അയാൾ ദൂരേക്ക് വലിച്ചെറിഞ്ഞത്. പുരുഷന്റെ കപടസ്നേഹം അറിയുന്ന അവൾ കരയുമ്പോൾ വീണ്ടും വീണ്ടും സ്ത്രീകൾ ചതിക്കപ്പെടുന്നുണ്ട്, എന്നുള്ള ചിന്ത അവളെ അലട്ടുന്നുമുണ്ട്. അതോടൊപ്പം വർത്തമാനകാല പരിതസ്ഥിതിയിൽ സ്ത്രീകൾക്കുള്ള മുന്നറിയിപ്പ് കൂടിയാണ് ഈ കഥ.

**ചതുരംഗം**

1962–ആണ് 'ചതുരംഗം' എന്ന കഥയുടെ രചനാകാലം. സ്നേഹത്തിന്റെ സങ്കീർണ്ണതകൾ പ്രകടമാക്കുന്ന കഥയാണിത്. ഭർത്താവിന്റെ സുഹൃത്തിൽ താൻ ആഗ്രഹിക്കുന്ന സ്നേഹം കണ്ടെത്തുന്ന അചല എന്ന സ്ത്രീയെ മുൻനിർത്തിയാണ് കഥാഘടന മുന്നോട്ടുപോകുന്നത്. സ്നേഹത്തിന് പ്രായമോ, സൗന്ദര്യമോ, സമ്പത്തോ, വിദ്യാഭ്യാസമോ ഒന്നും തന്നെ ഒരു ഘടകമല്ല എന്ന സൂചനയും കഥാകാരി ഈ കഥയിൽക്കൂടി വ്യക്തമാക്കുന്നുണ്ട്. സ്ത്രീയെ എന്തു മാനദണ്ഡമുപയോഗിച്ചാണ് പുരുഷൻ മനസ്സിലാക്കുന്നത്/അറിയുന്നത് എന്ന ചോദ്യവും അചലയിൽക്കൂടി കഥാകാരി ഉയർത്തുന്നുണ്ട്.

തൃപ്തമാകാത്ത ഭർതൃസ്നേഹത്തിൽനിന്നും പുറത്തു കടന്ന് വാർദ്ധക്യത്തിന്റെ ചുളിവുകൾ വീണ ഭർത്താവിന്റെ സുഹൃത്തിലാണ് അചല തന്റെ സ്നേഹം കണ്ടെത്തുന്നത്. വാർദ്ധക്യത്തിന്റെ ആരംഭ ത്തേക്കാൾ യൗവ്വനാവസ്ഥയാണ് സ്നേഹനിർവൃതിയുടെ കാലഘട്ട മെന്ന് വിവക്ഷിക്കപ്പെടുന്ന സമൂഹത്തിന് മുമ്പിൽ സ്നേഹത്തിന് പ്രായ പരിധിയില്ല എന്ന് തെളിയിക്കുകയാണ് പ്രസ്തുത കഥ. അയാളെ മറ ക്കുവാൻ വേണ്ടി മാത്രം സിനിമ കാണുവാൻ പോയിട്ടും മറ്റു പ്രവൃ ത്തികളിലേർപ്പെട്ടിട്ടും മറക്കുവാൻ അചലയ്ക്ക് കഴിയുന്നില്ല. മറിച്ച് സ്നേഹം വന്യമായി അവളെ സൗമ്യമൂർത്തിയിലേക്ക് അടുപ്പിക്കു ന്നുമുണ്ട്. “സ്നേഹത്തിൽപ്പെട്ട ഒരു സ്ത്രീക്ക് തന്നെ കാമുകൻ അദ്ദേ ഹത്തിന്റെ ശരീരത്തിന്റെ ഒരു ഭാഗം കൊണ്ടുമാത്രം സ്മരിച്ചാൽ തൃപ്തിയാവില്ല. അവൾക്ക് അദ്ദേഹത്തിൽ ഒരു അർബുദമെന്നപോലെ വളരണം. അകത്തു വേദനയും ബോധവും നിറയ്ക്കുവാൻ...അതാണ് സ്നേഹത്തിന്റെ പ്രത്യേകമായ ക്രൂരത”[7] അചലയുടെ വാക്കുക ളിൽക്കൂടി സ്ത്രീയുടെ സ്നേഹത്തിന്റെ ആഴവും സങ്കീർണാവസ്ഥക ളുമാണ് വ്യക്തമാകുന്നത്. ജീവിതത്തിൽ സ്നേഹത്തിന്റെ ഓജസ്സും തെളിച്ചവും നഷ്ടപ്പെടുമ്പോൾ ആത്മഹത്യയെന്ന ചിന്തയുണ്ടാകുന്നു എങ്കിലും അവസാനം അവൾ അതിൽനിന്നും പിന്തിരിയുന്നു. ഭർത്താ വിന്റെ മുന്നിൽ പാപമെന്നപോലെ ജീവിക്കാൻ അവൾ തയ്യാറാകു ന്നില്ല. പകരം അദ്ദേഹത്തിന്റെ ഉള്ളിൽ സൗന്ദര്യമായി, മന്ദഹാസമായി, വെയിൽനാളമായി ജീവിക്കാനാണ് അവൾ ആഗ്രഹിക്കുന്നത്. അതി നായി അവൾ തിരഞ്ഞെടുത്ത മാർഗ്ഗമാകട്ടെ ‘ഏകാന്തത’യും. ഒരു സ്ത്രീ ഏകാന്തതയിൽ ജീവിക്കുക, അവിടെ പുരുഷന് സ്ഥാനമില്ലാ തിരിക്കുക എന്നത് അവനോടുള്ള വെല്ലുവിളിതന്നെയാണ് സൂചിപ്പി ക്കുന്നത്.

സ്നേഹത്തിനുവേണ്ടി ഏതറ്റംവരെ പോകുവാനും പ്രതിഷേധിക്കുവാനും പ്രവർത്തിക്കുവാനുമുള്ള തന്റേടം ഉള്ളവർ തന്നെയായിരുന്നു മാധവിക്കുട്ടിയുടെ കഥാനായികമാർ. തന്റെ മനസ്സിനും ശരീരത്തിനും പൂർണ്ണത നൽകുവാൻ കഴിയുന്ന പ്രേമമാണ് മാധവിക്കുട്ടിയുടെ കഥാനായികമാർ ആഗ്രഹിക്കുന്നത്. എന്നാൽ തൃപ്തമാകാത്ത ദാമ്പത്യമായിരുന്നു അവർക്ക് വിധിച്ചത്. ഇതൊക്കെ വിധിയെന്നു സമാധാനിക്കാൻ വിസമ്മതിച്ച്, സ്നേഹമന്വേഷിച്ച് "സാമൂഹ്യസദാചാരനിയമങ്ങളെ മറികടന്നുകൊണ്ടും വെല്ലുവിളിച്ചുകൊണ്ടും ഇഷ്ടപ്പെട്ട ഇണയെ കണ്ടെത്താൻ ശ്രമിക്കുന്നു."[8] സ്നേഹമില്ലാതെ കാമം മാത്രം തീർക്കാനുള്ള ഉപകരണമാക്കി സ്ത്രീയെ മാറ്റുന്നതിനാലാണ് അവൾക്ക് മറ്റു ബന്ധങ്ങൾ തിരക്കി പോകേണ്ടിവരുന്നതെന്ന് കഥയിലൂടെ കഥാകാരി ഓർമ്മപ്പെടുത്തുന്നു.

**രാധയുടെ കത്ത്**

1968-ൽ മാധവിക്കുട്ടി എഴുതിയ കഥയാണ് 'രാധയുടെ കത്ത്'. വർത്തമാനകാല ദാമ്പത്യത്തിലെ സ്നേഹനിരാസം, വൃന്ദാവനത്തിൽ ഉടലെടുത്ത പരാഭക്തിയിലധിഷ്ഠിതമായ രാധാ-കൃഷ്ണ പ്രണയവുമായി ചേർത്തുവയ്ക്കുന്ന കഥയാണിത്. രാധ (കാമുകി) കൃഷ്ണന് (കാമുകന്) എഴുതുന്ന കത്തിന്റെ രൂപത്തിലാണ് കഥ രചിച്ചിരിക്കുന്നത്. ജീവിതത്തിലെ സുന്ദരനിമിഷങ്ങൾ തനിക്ക് എത്ര പ്രിയപ്പെട്ട ഓർമ്മകളാണ് സമ്മാനിക്കുന്നതെന്ന് കത്തിൽകൂടി കാമുകി വിശദമാക്കുന്നു. മറ്റു കഥകളെപോലെതന്നെ ഭർതൃമതിയാണ് കഥയിലെ രാധ എന്ന കഥാപാത്രവും. ഭർത്താവ് ഉറങ്ങിക്കിടക്കുമ്പോൾ കാമുകനെ തേടിപ്പോകുന്ന രാധയിൽക്കൂടിയാണ് കഥയുടെ വികാസപരിണാമങ്ങൾ അടയാളപ്പെടുത്തുന്നത്.

ഒരു സ്ത്രീ ഭർത്താവിനെ വിട്ട് കാമുകനെ തേടണമെങ്കിൽ

അവൾക്ക് ലഭിക്കുന്ന സ്നേഹത്തിന്റെ അപര്യാപ്തതയാണ് അത് വ്യക്തമാക്കുന്നത് എന്ന അഭിപ്രായമാണ് മാധവിക്കുട്ടി എന്ന കഥാ കാരിയ്ക്കുള്ളത്. ഇവിടെ പരപുരുഷ ബന്ധത്തെ കഥാകാരി ന്യായീ കരിക്കുകയല്ല മറിച്ച് മുൻവിധിയോടുകൂടിയുള്ള സമീപനരീതികൾ സ്ത്രീയെ മനസ്സിലാക്കുവാനും അറിയുവാനും പര്യാപ്തമല്ല എന്നാണ് കഥാകാരി വ്യക്തമാക്കുന്നത്. ജീവിതത്തെ സുന്ദരമാക്കുന്നതാണ് സ്നേഹമെന്നും ബാഹ്യമായ ഇടപെടലുകൾക്ക് അതിൽ യാതൊരു സ്ഥാനവുമില്ലെന്നും മാധവിക്കുട്ടിയുടെ കഥകൾ നമ്മെ ഓർമ്മപ്പെടു ത്തുന്നു. സ്നേഹം ജീവിതത്തിൽ അനിവാര്യമായ നിമിഷങ്ങളാണ് നൽകുന്നത്. മനസ്സുകൾ തമ്മിലുള്ള ചേർച്ചയാണ്, അനുഭവമാണ് അത് ആവശ്യപ്പെടുന്നത്.

"അദ്ദേഹത്തിന്റെ ആശ്ലേഷത്തിൽ ഞാനാകെ മരവിച്ചുപോയി. ഞാൻ മരിച്ചു കഴിഞ്ഞിരുന്നു. എന്റെ കൃഷ്ണാ! നിന്നോട് യാത്ര പറഞ്ഞ് പിരിഞ്ഞ ആ നിമിഷം മുതൽ ഞാൻ ചലിക്കുന്ന ഒരു ജഡം മാത്ര മായി കഴിഞ്ഞിരുന്നു"[9] എന്ന ഭാഗത്ത് സ്നേഹത്തിന്റെ അപര്യാപ്തത തന്നെയാണ് കഥാകാരി വ്യക്തമാക്കുന്നത്. ഭർത്താവിനെക്കാൾ കാമു കൻ കൃഷ്ണന് രാധ പ്രാധാന്യം കൊടുക്കുന്നതും ഈ അപര്യാപ്തത കൊണ്ടുതന്നെയാണ്. ഭർത്താവിന്റെ ചുംബനങ്ങൾ അവളിൽ വെറു പ്പുളവാക്കുന്നതും ഇത് കൊണ്ടുതന്നെയാണ്. എങ്കിലും ജീവിതത്തിൽ അവൾ അഭിനയിക്കുകയാണ്. 'ഒരു ശവത്തിന് അതിനെ കൊത്തിവ ലിക്കുന്ന പറവകളോടും കരണ്ടുതിന്നുന്ന പുഴുക്കളോടും വെറുപ്പ് തോന്നാറുണ്ടോ?' എന്ന രാധയുടെ ചോദ്യം സ്ത്രീലോകത്തിന്റെ യഥാ തഥമായ ചുറ്റുപാടുകളിലേക്കാണ്/സ്വത്വപരിസരത്തിലേക്കാണ് വിരൽചൂണ്ടുന്നത്. ദാമ്പത്യത്തിലുണ്ടാകുന്ന സ്നേഹനിരാസത്തെ അത്രയേറെ ശക്തമായാണ് മാധവിക്കുട്ടി വ്യക്തമാക്കുന്നത്. സ്ത്രീയെ

ജീവനില്ലാത്ത ശവസമാനമാക്കിത്തീർത്തത് സമൂഹമാണ്, ആൺകോയ്മയുടെ യുക്തിയാണ്. അവൾക്ക് ചിന്തിക്കാൻ ഒരു മനസ്സും സ്നേഹലാളനകൾ ഏറ്റുവാങ്ങാൻ ഒരു ശരീരവുമുണ്ടെന്ന് അവൾ വിളിച്ചുപറയുമ്പോൾപോലും പരിഹാസ്യയാവുകയാണ് ചെയ്യുന്നത്. "എന്റെ ഭർത്താവിന്റെ ആശ്ലേഷത്തിൽ ഞാൻ വീണ്ടും ഒരു വ്യഭിചാരിണിയായി. വസ്ത്രങ്ങൾക്കും ഭക്ഷണത്തിനും വേണ്ടി ഒരാൾക്ക് കീഴടങ്ങുന്നവളാണല്ലോ യഥാർത്ഥ വ്യഭിചാരിണി. ഞാൻ എല്ലാറ്റിനുമുപരിയായി സ്നേഹിക്കുന്ന നിന്റെ കൈകൾക്കുള്ളിൽ ഞാനെന്നും നിർമ്മലയായിരുന്നു. ചാരിത്രവതിയായിരുന്നു. ശാരീരികമായ ഒരു സ്പർശനത്തിനുവേണ്ടി മാത്രമായിരുന്നില്ല ഞാൻ നിന്നോടടുത്തത്. എന്റെയുള്ളിൽ തൊലിക്കും മാംസത്തിനും എല്ലിനും കീഴിൽ എവിടെയോ ഏകാകിയും ഭേദ്യവുമായ എന്തോ ഒന്ന് ഒരു സ്പർശനം കാത്തു കിടക്കുന്നുവെന്ന് എനിക്ക് തോന്നിയിരുന്നു; എന്നെങ്കിലും അത് സ്പർശിക്കപ്പെടുമെന്നും അതിനുശേഷം ഈ ജീവിതചലനങ്ങൾക്കെല്ലാം തന്നെ ഒരർത്ഥം വയ്ക്കുമെന്നും എനിക്ക് വിശ്വാസമുണ്ടായിരുന്നു."[10]

ആഹാരത്തിനും വസ്ത്രത്തിനുംവേണ്ടി ശരീരം വിൽക്കുന്ന പെണ്ണിനെപ്പോലെതന്നെയാണ് തന്റെ ജീവിതമെന്നും അതിൽ വ്യത്യാസമില്ലെന്നും കഥയിൽ രാധ വ്യക്തമാക്കുന്നുണ്ട്. ജീവിക്കാനായി ചെയ്യുന്ന തൊഴിലായി ഒരിടത്ത് സ്ത്രീജിവിതം മാറുമ്പോൾ മറുഭാഗത്ത് അതിൽനിന്നും താഴെയായി, ആത്മാഭിമാനമില്ലാത്തവളായി പരിണമിക്കുകയാണ് ചെയ്യുന്നത്. സ്നേഹത്തിന്റെ ദൗർലഭ്യമാണ് രാധയെന്ന കഥാപാത്രത്തെ ഇത്തരമൊരവസ്ഥയിൽകൊണ്ടെത്തിച്ചത്. സ്നേഹത്തിനുവേണ്ടി എന്ത് വിട്ടുവീഴ്ച ചെയ്യുവാനും തയ്യാറുള്ള കഥാപാത്രമായിരുന്നു കഥയിൽ രാധ എന്ന സ്ത്രീ. അവളുടെ ജീവിതത്തിൽ കൃഷ്ണൻ പ്രാധാന്യമർഹിക്കുന്ന ഒരു വ്യക്തിയായി മാറിയ

തിന് കാരണം അയാളുടെ മനോഭാവവും സ്നേഹസാന്നിധ്യവുമാണ്. ഇത്തരം പുരുഷനെത്തന്നെയാണ് മാധവിക്കുട്ടിയുടെ സ്ത്രീ കഥാപാത്രങ്ങൾ ആഗ്രഹിക്കുന്നതും. 'കൃഷ്ണാ, നമുക്ക് ഒരു വീടുണ്ടാക്കണം, നമ്മുടെ രണ്ടാളുടെയും സ്വന്തമായ ഒരു വീട്, അതിന് ചുറ്റും ചൂടിലും നശിക്കാത്ത കള്ളികൾ നട്ടുവളർത്തണം. ചുവന്ന് രോമാവൃതങ്ങളായ ഇതളുകളുള്ള വനപുഷ്പങ്ങൾ അവിടെ വിരിയും. രാവിലെ സൂര്യൻ ജനലിൽക്കൂടി വന്നെത്തുമ്പോൾ നിന്റെ ഇരുണ്ട ശരീരംകൊണ്ട് നീ എന്റെ നഗ്നതയെ ഒളിപ്പിക്കും. പറയൂ, ഓമനേ, അങ്ങനെ ഒരു വീട് നമുക്ക് ഒരിക്കൽ ഉണ്ടാവുകയില്ലേ?' ഇവിടെ തന്നെ ചേർത്തുനിർത്തുവാൻ ഒരു പുരുഷൻ വേണമെന്ന ധ്വനി കഥാകാരി സൂചിപ്പിക്കുന്നുണ്ട്. ഒപ്പം സ്വന്തമായൊരു വീട് എന്ന സങ്കല്പത്തിൽക്കൂടി സ്ത്രീയുടെ സ്വാതന്ത്ര്യം, ജീവിതത്തിലുള്ള പ്രത്യാശ എന്നിവയാണ് പ്രകടമാക്കുന്നത്. വെർജീനിയാ വൂൾഫിന്റെ 'സ്വന്തമായൊരു മുറി' സ്ത്രീയുടെ സ്വാതന്ത്ര്യത്തിന്റെ നിലപാട് വ്യക്തമാക്കുമ്പോൾ ആ സ്വാതന്ത്ര്യം പൂർണമാകണമെങ്കിൽ ഒരു പുരുഷന്റെ സാന്നിധ്യം കൂടി ഉണ്ടാവണം എന്ന് മാധവിക്കുട്ടി ആഗ്രഹിക്കുന്നു.

സ്വന്തമായൊരു വീട് എന്ന സങ്കല്പം മരണമില്ലാത്ത സ്ത്രീയുടെ അവസ്ഥയുമായി കഥയിൽ കഥാകാരി കൂട്ടിയിണക്കുന്നുണ്ട്. "അവിടെയുള്ള രാധയ്ക്കും അവളുടെ കൃഷ്ണനും മരണില്ല. അവർ നിന്റെ സ്വപ്നങ്ങളാണ്. സ്വപ്നങ്ങൾക്കു മരണമില്ല. അവ മാത്രമേ ശാശ്വതങ്ങളായി ഈ ലോകപര്യന്തത്തെ അതിജീവിക്കുകയുള്ളൂ."[11] ഇവിടെ കഥയെ രാധാകൃഷ്ണ സങ്കല്പത്തിലേക്ക് കഥാകാരി പറിച്ചുനടുന്നു. ഈ ലോകത്തിൽ താൻ ആഗ്രഹിച്ചത് ഒന്നും നടക്കില്ലെന്ന് കഥാകാരിയുടെ മനസ്സ് വിളിച്ചുപറയുന്നു. സ്നേഹം അന്വേഷിച്ച് നടന്ന് ലഭിക്കാതെ വരുമ്പോഴാണ് ആത്മീയതയിലേക്ക്, രാധാകൃഷ്ണ സങ്ക

ല്പത്തിലേക്ക് ഓരോ വ്യക്തിയും എത്തിച്ചേരുന്നതെന്ന് കഥാകാരി സമർത്ഥിക്കുന്നു. സാങ്കല്പികലോകത്തിന്റെ കാപട്യം തിരിച്ചറിഞ്ഞ തുകൊണ്ടാകാം വർത്തമാനകാലത്തിന്റെ യാഥാർത്ഥ്യത്തിലേക്ക് കഥാ കാരി ചെന്നെത്തുന്നത്. ഭാര്യയും ഭർത്താവും തമ്മിൽ എത്രത്തോളം അർപ്പണബോധമുള്ളവരായിരിക്കണം എന്നതിന്റെ ഉദാഹരണമാണ് രാധാകൃഷ്ണ പ്രണയം. ഓരോ പുരുഷനെയും തന്റെ പ്രതിബിംബ മായി കരുതണമെന്ന കൃഷ്ണന്റെ വാക്കുകൾ പരാശക്തിയുടെ ഭക്തി തന്നെയാണ് വെളിപ്പെടുത്തുന്നത്. എന്നാൽ തന്റെ വിശുദ്ധപ്രണയം മനസ്സിലാക്കാൻ ഭക്തി മാത്രം പോര എന്നും സ്നേഹപൂർണമായ പെരുമാറ്റം തന്നെയാണ് വേണ്ടതെന്നും കഥാകാരി വ്യക്തമാക്കുന്നു. സ്നേഹമില്ലായ്മയാണ് സ്ത്രീയെ ഭ്രമാത്മകതയുടെ, ഭക്തിയുടെ ഉള്ളിൽ തളച്ചിടുന്നത്. അതിൽനിന്നും മുക്തയായി പുരുഷന്റെ ആലിം ഗനത്തിൽ വീണ്ടും വീണ്ടും കന്യകയുടെ സന്തോഷം അനുഭവിക്കാനും അവളിൽ അവന്റെ സ്നേഹം മാത്രമായി തീരാനും മാധവിക്കുട്ടിയുടെ സ്ത്രീകഥാപാത്രങ്ങൾ ആഗ്രഹിക്കുന്നതായി കാണാം.

**സൂര്യൻ**

1961–ൽ മാധവിക്കുട്ടി എഴുതിയ കഥയാണ് 'സൂര്യൻ'. പുരുഷ യുക്തിയിൽ സ്നേഹം നിർവചിക്കപ്പെടാനാകില്ലെന്ന പരമാർത്ഥമാണ് ഈ കഥ മുന്നോട്ടുവയ്ക്കുന്നത്. ദാമ്പത്യം സ്ത്രീയ്ക്ക് സ്നേഹനിരാ സമാണ് പ്രദാനം ചെയ്യുന്നത് എന്ന തിരിച്ചറിവിൽ കാമുകനുവേണ്ടി ജീവിതം സമർപ്പണം ചെയ്ത അമൃതയുടെ കഥയാണിത്. തന്റെ വികാ രവിചാരങ്ങളും കാമുകനായ ഉണ്ണിക്കൃഷ്ണനുമൊത്തുള്ള നിമിഷ ങ്ങളും ഒരു കഥപോലെ, കത്തിന്റെ രൂപത്തിൽ ആഖ്യാനം ചെയ്യുക യാണ് 'സൂര്യൻ' എന്ന കഥയിൽ അമൃത എന്ന കഥാപാത്രം. സ്നേഹം കൊതിച്ച് പുരുഷന്മാരിൽനിന്നും പുരുഷന്മാരിലേക്ക് സഞ്ചാരം

ചെയ്തുകൊണ്ടിരിക്കുന്ന സ്ത്രീകഥാപാത്രങ്ങളും സ്നേഹത്തിനായുള്ള പ്രയാണത്തിൽ തിരിച്ചറിയപ്പെടാതെപ്പോകുന്ന/അവഗണിക്കപ്പെടുന്ന സ്നേഹത്തിൽ പോലും കുറ്റം പറയാത്ത സ്ത്രീകഥാപാത്രങ്ങളും മാധവിക്കുട്ടിയുടെ കഥാലോകത്തിലുണ്ട്. ഇതിൽ രണ്ടാമത്തെ വിഭാഗത്തിൽ ഉൾപ്പെടുന്ന കഥാപാത്രമാണ് അമൃത. ഭർതൃസ്നേഹത്തിൽ സംതൃപ്തിയില്ലാത്തതുകൊണ്ടാണ് അവൾ കാമുകനെ തേടിയത്. തന്റെ ആത്മാർത്ഥസ്നേഹം നിർലോഭം അനുഭവിച്ച് കഴിഞ്ഞ് അവളെ നിന്ദിക്കുന്ന കഥാപാത്രമായി മാറുകയാണ് ഉണ്ണികൃഷ്ണൻ. തന്നിൽനിന്നും ഏറെ അകന്നിട്ടും അയാളെ അവൾക്ക് മറക്കുവാൻ സാധിക്കുന്നില്ല. അവന്റെ കരങ്ങളിൽ അഭയം തേടാനാണ് അവൾക്ക് തോന്നുന്നത്. 'ഞാൻ എന്തൊക്കെയോ ആലോചിച്ചു; എന്നെ സ്നേഹിക്കുന്ന ഭർത്താവിനെപ്പറ്റി, വിവാഹബന്ധത്തിന്റെ പവിത്രതയെപ്പറ്റി, എന്റെ അച്ഛനമ്മമാരെപ്പറ്റി...ഞാൻ നിന്റെ അപരാധം ഏറ്റെടുക്കുകയായിരുന്നു. നിന്റെ കളങ്കം എന്റേതാക്കുകയായിരുന്നു. അന്ന് ആദ്യമായി ഒരു പരപുരുഷൻ ചെയ്ത തെറ്റ് തന്റെ തെറ്റായി അവൾ ഏറ്റെടുത്തു. കുടുംബജീവിതത്തിൽ ഞാൻ അനുഭവിക്കാത്ത സ്നേഹമായിരുന്നു അവനിൽക്കൂടി അവൾ അനുഭവിച്ചത്. അതുകൊണ്ടുതന്നെ തന്റെ ജീവൻ വരെ അവനു മുൻപിൽ സമർപ്പിക്കാൻ അവൾ തയ്യാറായിരുന്നു. എന്നാൽ അവളുടെ സ്നേഹത്തെ വിലകുറഞ്ഞ ഒരു വസ്തുവായി മാത്രം അവൻ ദർശിച്ചു. "അമൃതാ നീ ഇങ്ങനെ ഒരു സ്ത്രീയാണെന്നു പണ്ടൊന്നും ഞാൻ വിചാരിച്ചിരുന്നില്ല...എന്നിട്ട് നീ ചിരിച്ചു."[12] പുരുഷന്മാർക്ക് സ്ത്രീ എന്നു മുതൽക്കാണ് ഇങ്ങനെയുള്ള സ്ത്രീയായി തീർന്നത്/പരിണമിച്ചത്? എന്ന ചോദ്യം അവൾ ആവർത്തിച്ചുകൊണ്ടിരുന്നു. കാമുകീകാമുകബന്ധത്തിൽ സ്ത്രീയും പുരുഷനും തുല്യമായ കാരണമെന്നിരിക്കെ സ്ത്രീക്കു മാത്രം പതിത്വം കൽപ്പി

ക്കുന്ന പുരുഷയുക്തിയെ അടയാളപ്പെടുത്താൻ അവളുടെ കൈയിൽ വാക്കുകളില്ലായിരുന്നു. ഒരുപക്ഷെ ഇല്ലാ എന്ന് അവൾ തീരുമാനിക്കുകയായിരുന്നു. അതുകൊണ്ടാണ് സമൂഹത്തിനു മുൻപിൽ, അവൾ തെറ്റുകാരിയായത്. തന്റെ മടിയിൽ കിടന്നുകൊണ്ടാണ് തന്റെ സ്ത്രീത്വത്തെ ഉണ്ണികൃഷ്ണൻ ചോദ്യം ചെയ്തത് എന്നതിലെ വിരോധാഭാസം അവളെ ഏറെ അത്ഭുതപ്പെടുത്തി. അതിന്റെ യുക്തിയോർത്ത്/പുരുഷന്റെ നീചമായ തത്വചിന്തയോർത്ത് ദുഃഖിക്കുമ്പോളും എന്തുകൊണ്ട് ഒരു സ്ത്രീ ഇത്തരമൊരവസ്ഥയിൽ എത്തിച്ചേരുന്നു എന്ന് അവൾ ആലോചിച്ചു. പരസ്ത്രീബന്ധം ആസ്വദിക്കുമ്പോഴും ഭാര്യയാകേണ്ടവൾ കുലസ്ത്രീയായിരിക്കണമെന്ന പുരുഷന്റെ ന്യായവാദത്തെ അവൾ കണ്ടില്ലെന്നു നടിച്ചുകൊണ്ട് ഭ്രാന്തമായ സ്നേഹത്തിനുവേണ്ടി അവൾ ദാഹിച്ചു.

ഉണ്ണികൃഷ്ണന്റെ ആഗ്രഹംപോലെ, അവൻ സ്നേഹിച്ച മാലാഖയെപ്പോലെ പരിശുദ്ധയായ പെൺകുട്ടിയെ തന്നെ വിവാഹം കഴിക്കുമ്പോൾ ഏതൊരു സ്ത്രീയും ചോദിക്കുന്ന ചോദ്യം അവളുടെ ഉള്ളിലും ഉയർന്നു. അവൻ സ്നേഹിച്ച പെണ്ണ്/എന്നു പറയുമ്പോൾ തന്നോടുള്ള വികാരം എന്തായിരുന്നു എന്ന് ഓർമ്മിക്കാൻ ശ്രമിച്ചു. “നിന്റെ മൃഗീയാഭിലാഷങ്ങളെ നിറവേറ്റുവാൻ എപ്പോഴും തയ്യാറായ ഒരു സ്ത്രീ. അത്രതന്നെ”[13] എന്ന് അവൾ ഉറപ്പിച്ചു. എങ്കിലും അവന്റെ സ്നേഹത്തിനുവേണ്ടി അങ്ങേയറ്റം താഴാനും അവൾ തയ്യാറായിരുന്നു. സ്വന്തം താൽപ്പര്യങ്ങൾക്കുവേണ്ടി ആരെയും ചൂഷണം ചെയ്യുവാൻ മടിക്കാത്ത, തന്റെ ഇഷ്ടങ്ങൾ നേടി സ്വജീവിതവിജയം തേടിപ്പോകുന്ന ഉണ്ണികൃഷ്ണനെപ്പോലുള്ളവർക്ക് യാതൊരു കുറ്റബോധവും ഇല്ലാത്തതും അവളെ ആശ്ചര്യപ്പെടുത്തി. എന്നാൽ അവിടെയെല്ലാം ‘ഇങ്ങനെയുള്ള ഒരു സ്ത്രീ’ എന്ന വാക്കുകൾ അവളിൽ പ്രകമ്പനം

സൃഷ്ടിക്കുകയും ചെയ്തു.

സ്നേഹം ലഭിക്കുന്നതിനുവേണ്ടിയുള്ള അടങ്ങാത്ത ആഗ്രഹം, ഒരിക്കലും മറ്റുള്ളവരുടെ ജീവിതത്തിലേക്കുള്ള കടന്നുകയറലോ, പാതിവ്രത്യഭംഗത്തിനോ ഇടവരുത്തുകയില്ലെന്ന ആശയലോകത്തിന്റെ ചിന്തകളാണ് മാധവിക്കുട്ടിയുടെ കഥകളെ ജീവിതത്തിന്റെ പിന്നാമ്പുറ കാഴ്ചകളിലേക്ക് നയിച്ചത്. സ്ഥിരമായ സ്നേഹത്തിനുവേണ്ടി കൊതിച്ച മാധവിക്കുട്ടിയുടെ നായികയ്ക്ക് അങ്ങനെയൊരു സ്നേഹമില്ലെന്ന് അനുഭവം വ്യക്തിമാക്കിക്കൊടുത്തു. തന്റെ സ്നേഹാന്വേഷണം നിഷ്ഫലമായിരുന്നുവെന്ന് അവർ തിരിച്ചറിഞ്ഞു. വീടും കുടുംബവും ഭർത്താവും നഷ്ടപ്പെട്ട് ഒറ്റപ്പെട്ട ജീവിതാവസ്ഥയിൽപോലും ഉണ്ണികൃഷ്ണന്റെ അവഗണനയാണ് അവൾക്ക് ലഭിക്കുന്നത്. തന്റെ ജീവിതം സുരക്ഷിതമാക്കി അമേരിക്കയിലേക്ക് പറക്കുമ്പോൾപോലും അവൻ അവളെ ഒന്നു കാണുവാൻ കൂട്ടാക്കുന്നില്ല. കാമുകനെ കാണുവാനുള്ള തത്രപ്പാടിൽ ഓടിയെത്തുമ്പോൾ വിമാനം പറന്നുയർന്നു കഴിഞ്ഞിരുന്നു. കാഴ്ചയിൽ സൂര്യൻ മാത്രമായി അവശേഷിച്ചു.

മനസ്സിലെ സൂക്ഷ്മവികാരങ്ങളെയും വിചാരങ്ങളെയും അടയാളപ്പെടുത്തുവാൻ മാധവിക്കുട്ടി പലവിധ ബിംബങ്ങൾ സ്വീകരിച്ചിട്ടുണ്ട്. കഥയുടെ പേര് സൂചിപ്പിക്കുന്നതുപോലെ സൂര്യനും ശക്തമായ ബിംബമായി കഥയിൽ കടന്നുവരുന്നുണ്ട്. നിസ്വാർത്ഥമായ സ്നേഹത്തിന്റെ പ്രതിബിംബമായാണ് സൂര്യൻ കഥയിൽ ഇടംനേടുന്നത്. സ്ത്രീയുടെ ഉള്ളറകളെ തൊട്ടുണർത്തുന്ന, സ്പർശിക്കപ്പെടുന്ന, കാമനകളെ ഉണർത്തുന്നതിനു പകരം പൂർത്തീകരിക്കപ്പെടാത്ത സ്നേഹത്തിന്റെ ബിംബമായി സൂര്യൻ കഥയിൽ ഇടം നേടുന്നു.

പ്രകടമാകാത്ത സ്നേഹത്തിന്റെ നിരർത്ഥകത മാധവിക്കുട്ടി തന്റെ കഥകളിൽക്കൂടി, ബിംബങ്ങളിൽക്കൂടി വിശദമാക്കി. ഒരു

സ്ത്രീയും തുറന്നു പറയാൻ ആഗ്രഹിക്കാത്ത വർത്തമാനകാലജീവിതാവസ്ഥകൾ തന്റെ കഥകൾക്ക് അവർ വിഷയമാക്കി. പ്രണയവും സ്നേഹവും ലൈംഗികതയും മറച്ചുപിടിക്കേണ്ടതാണെന്ന കാലഘട്ടത്തിൽ വ്യവസ്ഥാപിത മൂല്യസങ്കല്പങ്ങളെ അവർ വെല്ലുവിളിച്ചു. പെണ്ണും പെണ്ണവസ്ഥകളും എഴുത്തിൽ സ്ഥാനം പിടിക്കുന്നതിനു മുൻപുതന്നെ സ്ത്രീ ആഗ്രഹിക്കുന്ന സ്നേഹത്തെക്കുറിച്ചും അഭിലാഷത്തെക്കുറിച്ചും അവർ തുറന്നെഴുതി. 1953–1968 വർഷങ്ങൾക്കിടയിൽ എഴുതിയ അഞ്ച് കഥകളും പരിശോധിക്കുമ്പോൾ സ്നേഹനിരാകരണം തന്നെയാണ് സ്നേഹാന്വേഷണമായി പരിണമിക്കുന്നതെന്ന് കണ്ടെത്തുവാൻ കഴിയും. കഥകളിലെ സ്ത്രീകഥാപാത്രങ്ങൾ പറയാതെ പറയാൻ ആഗ്രഹിക്കുന്നതും സ്നേഹത്തിന്റെ വ്യത്യസ്തമായ വീക്ഷണതലങ്ങൾ തന്നെയാണ്. ഇത്തരത്തിൽ കഥകൾ പുനർവായനയ്ക്ക് വിഷയമാകുമ്പോൾ "സ്നേഹശൂന്യമായ ഒരനുഭവലോകത്തോടുള്ള കലാപമാണ്"[14] മാധവിക്കുട്ടിയുടെ കഥകൾ എന്ന് വ്യക്തമാകുന്നു.

## കുറിപ്പുകൾ

1. ഡോ. ശ്രീദേവി കെ. നായർ (എഡി.), മലയാളത്തിന്റെ കഥാകാരികൾ, പുറം 129.
2. മാധവിക്കുട്ടി, മാധവിക്കുട്ടിയുടെ കഥകൾ സമ്പൂർണ്ണം, പുറം 33.
3. അതേ പുസ്തകം, പുറം 34.
4. അതേ പുസ്തകം, പുറം 36.
5. അതേ പുസ്തകം, പുറം 243.
6. അതേ പുസ്തകം, പുറം 243.
7. അതേ പുസ്തകം, പുറം 348.

8. ഡോ. ശ്രീദേവി കെ. നായർ (എഡി.), മലയാളത്തിലെ കഥാകാരികൾ, പുറം 72.
9. മാധവിക്കുട്ടി, മാധവിക്കുട്ടിയുടെ കഥകൾ സമ്പൂർണ്ണം, പുറം 536.
10. അതേ പുസ്തകം, പുറം 536-537.
11. അതേ പുസ്തകം, പുറം 539.
12. അതേ പുസ്തകം, പുറം 310.
13. അതേ പുസ്തകം, പുറം 310.
14. ഡോ. ജോഷി വർഗ്ഗീസ്, ഡോ. ജോഷി മാടപ്പാട്ട് (എഡിറ്റർമാർ), മലയാളത്തിലെ കഥാകാരികൾ, പുറം 62.

## സഹായകഗ്രന്ഥങ്ങൾ


1. ജോഷി വർഗ്ഗീസ് ഡോ., ജോജി മാടപ്പാട്ട് ഡോ. (എഡി.), *മലയാളത്തിലെ കഥാകാരികൾ*, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം: 2012.
2. മാധവിക്കുട്ടി, *മാധവിക്കുട്ടിയുടെ കഥകൾ സമ്പൂർണ്ണം*, ഡി.സി. ബുക്സ്, തിരുവനന്തപുരം: 2003.
3. മാധവിക്കുട്ടി, *മലയാളത്തിന്റെ സുവർണ്ണകഥകൾ*, ഗ്രീൻബുക്സ്, തിരുവനന്തപുരം: 2002.
4. മിനിപ്രസാദ്, ഡോ. (എഡി.), *മാധവിക്കുട്ടിക്കഥകൾ ഒരു പെൺവായന*, ഒലിവ് പബ്ലിക്കേഷൻ, കോഴിക്കോട്: 2011.
5. രാജീവ്കുമാർ എം. ഡോ., *മാധവിക്കുട്ടി സ്നേഹത്തിന്റെ കൊടിയടയാളം*, കാലം പബ്ലിക്കേഷൻസ്, തിരുവനന്തപുരം: 2012.
6. ലീലാവതി എം. ഡോ., *സ്ത്രീസ്വത്വാവിഷ്ക്കാരം ആധുനിക മലയാളസാഹിത്യത്തിൽ*, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ: 2008.

7. ശ്രീദേവി കെ. നായർ ഡോ. (എഡി.), *മലയാളത്തിന്റെ കഥാകാരികൾ*, ഡി.സി. ബുക്സ്, തിരുവനന്തപുരം: 2002.

8. സുജൻ സൂസൻജോർജ് (എഡി.), *എഴുത്തുകാരികളുടെ മാധവിക്കുട്ടി (ലേഖനങ്ങൾ)*, സാഹിത്യപ്രവർത്തകസഹകരണസംഘം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം: 2009.

# മാധവിക്കുട്ടിയുടെ കഥകളിലെ സമീപനവൈരുദ്ധ്യങ്ങൾ

**ഡോ.ആശാ മത്തായി**

എഴുത്തുകാരുടെ ശ്രദ്ധ സാമൂഹിക പ്രശ്നങ്ങളിൽനിന്ന് വ്യക്തി മനസ്സിന്റെ നിഗൂഢതകളിലേക്ക് വഴിമാറിത്തുടങ്ങിയ ഘട്ടത്തിലാണ് മാധവിക്കുട്ടി കഥകളെഴുതിത്തുടങ്ങിയത്. മാധവിക്കുട്ടിയുടെ കഥകളിലെ ആധുനിക, കാല്പനികഭാവുകത്വങ്ങൾ, അവരുടെ കഥാലോകത്തിന്റെ പൊതുപ്രവണതകൾ, അവയിൽ ഉന്നയിക്കപ്പെടുന്ന സ്വത്വപ്രശ്നങ്ങൾ, സമീപന വൈരുദ്ധ്യങ്ങൾ ഇവയെ മുൻനിർത്തി പ്രതിനിധാനസ്വഭാവമുള്ള ഏതാനും കഥകൾ വിലയിരുത്തുകയാണിവിടെ. പുരുഷാധികാര വ്യവസ്ഥയുടെ സ്ഥാപനങ്ങളോടും അതിന്റെ യുക്തികളോടും വിയോജിപ്പുള്ള മാധവിക്കുട്ടിയുടെ കഥകളിൽ വൈരുദ്ധ്യാത്മകമായ സമീപനങ്ങൾ ചില തലങ്ങളിൽ കടന്നുവരുന്നുണ്ട്.

**ആധുനിക ഭാവുകത്വം**

മനുഷ്യബന്ധങ്ങൾക്ക് ആധുനികകാലത്തു സംഭവിച്ച മാറ്റം മാധവിക്കുട്ടിയുടെ കഥകൾ അടയാളപ്പെടുത്തി. സ്ത്രീപുരുഷ ബന്ധങ്ങൾ അർത്ഥമില്ലാത്ത അനുഷ്ഠാനമായി തരംതാഴ്ന്നതിന്റെ സൂചനകളാണ് 'ചതുരംഗം' എന്ന കഥ. അത്തരം അനുഷ്ഠാനപരമായ ജീവിതാവസ്ഥകളോടുള്ള വിയോജിപ്പാണ് കഥയെ വ്യത്യസ്തമാക്കുന്നത്. താഴെ കൊടുത്തിരിക്കുന്ന നിലപാടുകൾ ശ്രദ്ധിക്കുക:

"ആചാരങ്ങളും നടപടിക്രമങ്ങളും ഗിയർമാറാതെ ജീവിതത്തിൽ സഞ്ചരിക്കുന്ന സൗമ്യതയെ ചിലർക്കു മാത്രമേ ഉപകരിക്കൂ. എന്നെപ്പോലുള്ളവർ അവയിലൊന്നും യാതൊരർത്ഥവും കാണുന്നില്ല" (മാധവിക്കുട്ടി, 2001:186).

ആധുനികത മുന്നോട്ടുവച്ച അസ്തിത്വാന്വേഷണങ്ങളുടെ ആദ്യ പടിയെന്നോണം സ്വാതന്ത്ര്യകാംക്ഷിയായ ചേതന പക്ഷിയുടെ രൂപം പൂണ്ട് സ്വച്ഛന്ദവിഹാരം നടത്തുന്നതായി കാണാം."എന്റെ ഹൃദയത്തിൽനിന്നൊരു കിളി ആനന്ദത്തിന്റെ പാട്ടുപാടിക്കൊണ്ടിരുന്നു"(മാധവിക്കുട്ടി, 2001:182).

ശ്വാസം മുട്ടിക്കുന്ന സ്വരച്ചേർച്ചയില്ലായ്മയിൽനിന്ന് രക്ഷപ്പെടാൻ സ്നേഹത്തിന്റെ സുഖശീതള താഴ്വരകൾ തേടി കൂടു തകർക്കാൻ ശ്രമിക്കുന്ന കിളിയുടെ പിടച്ചിലുപോലെ പുറത്തുപോകുന്ന മനുഷ്യചേതന മാധവിക്കുട്ടിയുടെ കഥകളിൽ കാണാം. പ്രണയം സ്വാതന്ത്ര്യമായും പ്രണയിനിയുടെ ആനന്ദം കിളിയുടെ പാട്ടായും മാറുന്ന കഥയാണ് 'സൂര്യൻ'.

നഗരങ്ങൾ പേടികൊണ്ടുമാത്രമല്ല സ്വപ്നങ്ങൾകൊണ്ടു നിർമ്മിക്കപ്പെടുന്നതാണെന്ന് മാധവിക്കുട്ടിയുടെ കഥാപാത്രം തിരിച്ചറിയുന്നുണ്ട്. കുടുംബപ്രാരാബ്ധത്തിൽനിന്ന് മോചനം ലഭിക്കുന്ന ഒരു വിമോചനത്തിന്റെ ലോകമായി അവർ നഗരത്തെ കണ്ടു. ഉപരിവർഗ്ഗത്തിൽപ്പെട്ട യൗവ്വനം പിന്നിട്ട എഴുത്തുകാരികളായ സ്ത്രീകഥാപാത്രങ്ങൾ പരമ്പരാഗത മൂല്യങ്ങളുടെ അധികാരയുക്തികളുള്ള ലോകത്തുനിന്ന് വിടുതൽ തേടിയാണ് നഗരങ്ങളിലെത്തുന്നത്. അവർക്ക് പ്രണയത്തിലും ലൈംഗികതയിലും സാഹസികമായ സ്വാതന്ത്ര്യം അവ നൽകുന്നു.

മാധവിക്കുട്ടിയുടെ ചെറുകഥകളെ മലയാളസാഹിത്യത്തിലെ ആധുനികതാപ്രസ്ഥാനത്തിന്റെ ആദ്യകണ്ണികളാക്കി മാറ്റിയതിൽ അവയിൽ പതിഞ്ഞ നഗരാനുഭവങ്ങൾക്ക് പങ്കുണ്ട് എന്ന് കെ.എസ്. രവികുമാർ നിരീക്ഷിക്കുന്നു. മഹാനഗരങ്ങളിൽ എത്തിപ്പെട്ട എഴുത്തുകാരിലൂടെ സാഹിത്യത്തിൽ രൂപപ്പെട്ട ആധുനികതാപ്രസ്ഥാനത്തിൽ

കാക്കനാടൻ, ഒ.വി. വിജയൻ, മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള എന്നിവരോടൊപ്പം മാധവിക്കുട്ടിയെയും കാണാം.

അഭ്യസ്തവിദ്യരായ നാഗരിക സ്ത്രീകളാണ് മാധവിക്കുട്ടിയുടെ മിക്ക നായികമാരും. അവർക്ക് നഗരജീവിതത്തിന്റെ അർത്ഥശൂന്യത ബോധ്യപ്പെട്ടപ്പോൾ നൈമിഷിക സുഖം തേടി ഇറങ്ങേണ്ടിവരുന്നു. നഗരത്തിന്റെ ആകർഷണങ്ങളിൽ അപകടം പതിയിരിപ്പുണ്ടെന്ന് തോന്നുമ്പോൾ പേടിസ്വപ്നത്തിൽക്കൂടി അവർ ആപത്തുകളെ തിരിച്ചറിയുന്നു. ഭ്രമാത്മകതയുടെ ലോകം[1] കഥയിൽ മെനയുന്നതിലൂടെയാണ് ഇത് ആവിഷ്കരിക്കുന്നത്. 'കല്യാണി', 'മലഞ്ചെരുവിൽ', 'പക്ഷിയുടെ മണം' തുടങ്ങിയ കഥകളിലെ ഭ്രമകൽപനകൾ ഈ അർത്ഥത്തിൽ വായിക്കാവുന്നതാണ്.

ദുഃഖിതരായ ഏകാന്ത പഥികരാണ് മാധവിക്കുട്ടിയുടെ മിക്ക നായികമാരും. വ്യവസ്ഥയോട് കലഹിക്കുന്ന, വ്യവസ്ഥാപിത മൂല്യങ്ങളെ നിഷേധിക്കുന്ന വ്യക്തിചേതനയുടെ ആവിഷ്കാരമാണ് ആധുനികത എന്ന സങ്കൽപത്തിൽപെടുന്ന കൃതികളുടെ പൊതുസ്വഭാവം. അവർ ചെയ്യാൻ പാടില്ലാത്തതെല്ലാം ചെയ്യുന്നത് ഏകാന്തതയിൽനിന്ന് രക്ഷനേടുന്നതിനും തങ്ങളെ ചതിച്ച ജീവിതത്തോട് പ്രതികാരം ചെയ്യുന്നതിനുമാണ് എന്ന് കഥയിൽ തന്നെ എഴുത്തുകാരി വ്യക്തമാക്കുന്നുണ്ട്.

**കാൽപനിക ഭാവുകത്വം**

ഭാവതലത്തിൽ കാല്പനികതയാണ് മാധവിക്കുട്ടിയുടെ കഥകളിൽ മുന്നിട്ടുനിന്നത്. കഥാപാത്രങ്ങളുടെ സ്മൃതിചിത്രങ്ങൾ വൈകാരികമായി ആഖ്യാനം ചെയ്യപ്പെടുമ്പോഴും പ്രകൃതി മനുഷ്യബന്ധങ്ങളെ കേന്ദ്രീകരിച്ചുള്ള ഗൃഹാതുരത കാല്പനിക ഭാവുകത്വത്തിന്റെ സൂചനയായി കരുതാം. 'നീർമാതളത്തിന്റെ പൂക്കൾ', 'ശർക്കരകൊണ്ട് തുലാ

ഭാരം', 'മൂടിക്കെട്ടിയ സായാഹ്നം' പോലുള്ള കഥകൾ ഇത് ഉറപ്പിക്കുന്നു. 'നീർമാതളത്തിന്റെ പൂക്കൾ' എന്ന കഥയിലെ ഒരുഭാഗം ഇപ്രകാരമാണ്.

"പതിനഞ്ചുകൊല്ലങ്ങൾ കഴിഞ്ഞിട്ടില്ല അവൾ തന്നെത്താൻ പറഞ്ഞു. വേനലിന്റെ ഒഴിവിന് താൻ വീട്ടിലേക്ക് വന്നിരിക്കയാവണം. യാതൊന്നിനും മാറ്റമില്ല" (മാധവക്കുട്ടി,2001: 260). "കുറച്ചുദൂരം നടന്ന ശേഷം പിന്നോക്കം നോക്കി. വീടിന്റെ ഉമ്മറത്ത് ഇടത്തോട്ട് തലതിരിച്ചെന്നപോലെ നിൽക്കുന്ന മരത്തിന്മേൽ ഇലകളുണ്ടായിരുന്നില്ല. വെണ്ണ നിറത്തിലുള്ള പൂക്കൾ മാത്രം....അതു വളരെ ഭംഗിയുള്ള ഒരു മരമാണ്. ഞാൻ കുട്ടിക്കാലത്ത് ഉണർന്നെഴുന്നറ്റ് മുറ്റത്തെത്തിയാൽ അവിടെ മഞ്ഞിൽ നനഞ്ഞ പൂക്കൾ വീണുകിടക്കുന്നുണ്ടായിരിക്കും" (മാധവിക്കുട്ടി,2001:267).നീർമാതളത്തിന്റ പൂക്കൾ  എന്ന കഥയെ ഗൃഹാതുരത്വത്തിന്റെ ഉത്തമനിദർശനമായി; ആ പഴയ തറവാട്ടിലെ മാറാലപിടിച്ച അന്തരീക്ഷത്തിന്റെ ഗന്ധം മണക്കുന്ന മൺമറഞ്ഞ മനുഷ്യരെയും, മൺമറഞ്ഞകാലത്തെയും ഭാവനയിൽ പുനരുജ്ജീവിപ്പിക്കുന്ന കഥയായി എം. അച്യുതൻ കണ്ടെത്തുന്നു(അച്യുതൻ,1985: 318).

**ദാമ്പത്യം, പ്രണയം**

വിവാഹം സാമുദായിക വ്യവസ്ഥയാണെന്നതിനാൽ അതിനെ ഉപേക്ഷിച്ച് വിവാഹേതരബന്ധങ്ങളിൽ ആശ്വസിക്കുന്ന കഥാപാത്രങ്ങൾ മാധവിക്കുട്ടിയെ വ്യത്യസ്തയാക്കുന്നു.  പ്രണയം പുരുഷവ്യവസ്ഥയുടെ അധികാര താല്പര്യങ്ങളെ മറികടക്കാനുള്ള ഉപാധിയാണ്.

സ്ത്രീകഥാപാത്രങ്ങളിലൂടെ ആവിഷ്കരിക്കുന്ന സ്വത്വസങ്കൽപങ്ങൾ വ്യവസ്ഥകളോടുള്ള പ്രതികരണമായിട്ടാണ് വെളിപ്പെടുന്നത്. സാമൂഹ്യസ്ഥാപനങ്ങളും ഭാഷാവ്യവഹാരങ്ങളും സ്വാംശീകരിച്ചിട്ടുള്ള അശ്ലീല ദൃഷ്ടിയുടെ മുന്നിൽ സ്ത്രീ അനുഭവിക്കുന്ന അരക്ഷിതാവ

സ്ഥ, തന്റെ ആത്മബോധനത്തിലുള്ള വിള്ളലായി മാധവിക്കുട്ടി അനുഭവിക്കുന്നു. അവരുടെ കഥകളുടെ ഘടനയിൽ ദർപ്പണശൈലിയിലുള്ള ആഖ്യാനത്തിന്റെ അടിത്തറയിളക്കുന്ന സ്വപ്നസദൃശ്യമായ ഉൾച്ചിത്രമായി ഈ പിളർപ്പ് സ്ത്രീയുടെ സ്വത്വപ്രതിസന്ധിയെ പ്രതിഫലിപ്പിക്കുന്നുവെന്ന ഇ.വി. രാമകൃഷ്ണന്റെ അഭിപ്രായം (മാധവിക്കുട്ടി,1992:31) വ്യവസ്ഥാമൂല്യങ്ങളിൽ അരക്ഷിതത്വമനുഭവിക്കുന്ന സ്ത്രീയുടെ സ്വത്വപ്രതിസന്ധിയാണ് മാധവിക്കുട്ടിയുടെ രചനകളിലുള്ളതെന്ന് വ്യക്തമാക്കുന്നു.

ദുഃഖംപേറി അലയുന്ന ഏകാന്തപഥികരായ നായികമാർ ചെയ്യാൻ പാടില്ലാത്തതെല്ലാം ചെയ്യുന്നത് ഏകാന്തതയിൽനിന്ന് രക്ഷനേടുന്നതിനും തങ്ങളെ ചതിച്ച ജീവിതത്തോട് പ്രതികാരം ചെയ്യുന്നതിനുമാണ് [2]എന്ന് ലോകം ഒരു കവയിത്രിയെ നിർമ്മിക്കുന്നു എന്ന കഥ വെളിപ്പെടുത്തുന്നു. കഥയിൽ സ്നേഹം അനുഭവിക്കാത്തവർക്കുള്ള അത്യാർത്തിയോടെ അവൾ സ്നേഹത്തിൽ ചെന്നുചാടി എന്നും സ്നേഹത്തെ കിടപ്പുമുറിയിലേക്ക് ഒരു സുഗന്ധമെന്നപോലെ അവൾ കൊണ്ടുവന്നപ്പോൾ അയാൾക്ക് അമ്പരപ്പാണുണ്ടായത് എന്നും നാം വായിക്കുന്നുണ്ട്. പുറത്തുവരാത്ത ഏതൊരു സത്യവും സത്യമാവാൻ വയ്യ എന്ന് അറിയുന്ന അവൾ ഭർത്താവിലെ കാണാത്ത സ്നേഹത്തെ പ്രതീക്ഷിച്ചവളാണ്. മരണംവരെ നിൽക്കുന്ന സ്നേഹം തനിക്ക് എങ്ങും തന്നെ കിട്ടുകയില്ലെന്ന് വിവാഹജീവിതത്തിലൂടെ തിരിച്ചറിയുകയാണ് നായിക കഥയ്ക്കൊടുവിൽ. ഈ കഥയിലെ സ്ത്രീ, വിവാഹത്തിൽ വിശ്വസിച്ചതുകൊണ്ടല്ല വിവാഹം ചെയ്തത്. സ്നേഹമില്ലാത്ത ഒരു കുടുംബത്തിൽ വളർന്ന അവൾ വിവാഹം ചെയ്തത് സ്നേഹിക്കപ്പെടാൻ മാത്രമായിരുന്നു (മാധവിക്കുട്ടി,2001:148).

സ്നേഹം ഒരു വിഡ്ഢിത്തമാണെന്ന് ഭർത്താവ് അവളെ ധരി

പ്പിച്ചു. അതോടെ സ്നേഹം അനുഭവിക്കാത്തവർക്കുള്ള അത്യാർത്തിയോടെ സ്നേഹത്തിൽ ചെന്നുചാടിയ അവൾ, അതു ദാമ്പത്യജീവിതത്തിൽ കിട്ടില്ലെന്നറിഞ്ഞപ്പോൾ താണതരം സ്നേഹമാണെന്നറിഞ്ഞിട്ടും അത്തരം ബന്ധങ്ങൾക്ക് മുതിർന്നു(മാധവിക്കുട്ടി,2001:110). ദാമ്പത്യേതര ബന്ധത്തിലേക്ക് നയിച്ച സാഹചര്യം കഥയിൽ ഇങ്ങനെയാണ് വിവരിച്ചിട്ടുള്ളത്.

സ്നേഹം കൊതിക്കുന്ന നായികമാർ അതുകിട്ടാതെ വരുമ്പോൾ വിവാഹേതര ബന്ധങ്ങളിൽ അതു കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. 'ലോകം ഒരു കവയിത്രിയെ നിർമ്മിക്കുന്നു' എന്ന കഥയിൽ എത്രത്തോളം സ്നേഹം കൊതിക്കുന്നവളാണ് നായിക എന്നും അവൾ അത് എത്രത്തോളം നൽകുന്നുണ്ട് എന്നും കഥാകാരി പറയുന്നു. തന്റെ ദാമ്പത്യജീവിതത്തിൽ താൻ നൽകുന്നതുപോലെ സ്നേഹം കിട്ടുന്നില്ല എന്ന് തിരിച്ചറിയുന്നിടത്താണ് 'ലോകം ഒരു കവയിത്രിയെ നിർമ്മിക്കുന്നു' എന്ന കഥ ശ്രദ്ധേയമാകുന്നത്.

പൂർവ്വമാതൃകകളില്ലാത്ത വിധം ലിംഗരാഷ്ട്രീയവും സ്ത്രീപക്ഷനിലപാടുകളും ഉള്ളവയാണ് മാധവിക്കുട്ടിയുടെ കഥകൾ. 'ചതുരംഗം', 'പട്ടങ്ങൾ', 'ഇടനാഴികളിലെ കണ്ണാടികൾ', 'മൂടിക്കെട്ടിയ സായാഹ്നം', 'മതിലുകൾ' തുടങ്ങിയ കഥകളും ദാമ്പത്യജീവിതത്തിന്റെ മടുപ്പിൽനിന്ന് ജീവിതത്തിന്റെ സുഖശീതള താഴ്‌വരകളിലേക്കുള്ള സ്ത്രീയുടെ പ്രയാണത്തിന്റെ കഥകളാണ്."ഭാവിയെപ്പറ്റി ഓർത്ത് മനസ്സിനെ അലട്ടുന്നില്ല. വിവാഹത്തിൽ വിശ്വസിക്കുന്നില്ല. പാപബോധം തീരെയില്ല" (മാധവിക്കുട്ടി,2001:198) എന്നു പറയുന്ന സ്വതന്ത്രജീവികൾ; അതുപോലെ വിവാഹേതര ബന്ധങ്ങൾ ആവിഷ്ക്കരിക്കുന്ന 'ചതുരംഗം', 'ഇടനാഴിയിലെ കണ്ണാടികൾ' തുടങ്ങിയ കഥകളെല്ലാം ദാമ്പത്യബന്ധത്തിൽ നിന്നു പ്രണയത്തിലേക്കുള്ള കൂടുമാറ്റമാണ് പങ്കുവ

യ്ക്കുന്നത്. "ചതുരംഗത്തിൽ ശരീരമാകുന്ന കൂടുവിട്ട് സ്വതന്ത്രനായി ഞാൻ അദ്ദേഹത്തിന്റെയുള്ളിൽ നിലനിൽക്കും"(മാധവിക്കുട്ടി,2001:187) എന്ന് കാണാം. ദാമ്പത്യമെന്ന വ്യവസ്ഥാപിതമായ കൂട്ടിൽനിന്ന് പ്രണയത്തിന്റെ വിശാലതയിലേക്ക് ശരീരം ഉപേക്ഷിച്ചുള്ള ആത്മാവിന്റെ പ്രയാണം ഇവിടെ സുവ്യക്തമാണ്.

രോഹിണി എന്ന കഥയിലാകട്ടെ സ്ത്രീയുടെ ആഗ്രഹപൂർത്തീകരണം ഭർത്താവിലല്ല പ്രതിനായകന്മാരിലാണ്. അതുകൊണ്ടാണ് തെമ്മാടി എത്ര സുന്ദരനാണ് എന്ന് നായിക ചിന്തിക്കുന്നത്. സൂര്യൻ എന്ന കഥയിലും പ്രതിനായകന്മാരിൽ മാത്രം കണ്ടിരുന്ന ചില സ്വഭാവങ്ങൾ നായകനു കൈവരുന്ന അനുഭവം വിവരിക്കുന്നതു കാണാം. അടിച്ചമർത്തപ്പെട്ട സ്ത്രൈണകാമനകൾ മൂലമാണ് നായികമാർ പ്രതിനായകന്മാരിൽ നായകന്മാരെ കാണുന്നത്. ദാമ്പത്യത്തിലെ പ്രണയരാഹിത്യം സന്മാർഗവിരുദ്ധമെന്ന് വിമർശിക്കപ്പെടാവുന്ന ബന്ധങ്ങളിലേക്ക് നായികമാരെ നയിക്കുന്നു.

ചതുരംഗത്തിലെ അചലയിലൂടെ അടിച്ചമർത്തപ്പെട്ട കാമനകൾ കൃഷ്ണസങ്കൽപത്താൽ ബഹിർഗമനം തേടുമ്പോഴും പാരമ്പര്യനിഷ്ഠമായ മതാത്മകമൂല്യം സ്ത്രീത്വത്തെ തളച്ചിടുകയാണ്. രാധയുടെ കത്ത് എന്ന കഥയിലെ രാധ[3] കാമുകനെഴുതുന്നു: "എന്റെ ഭർത്താവിന്റെ ആശ്ലേഷത്തിൽ ഞാൻ വീണ്ടും വ്യഭിചാരിണിയായി. വസ്ത്രങ്ങൾക്കും, ഭക്ഷണത്തിനും വേണ്ടി ഒരാൾക്കു കീഴടങ്ങുന്നവളാണല്ലോ വ്യഭിചാരിണി" (മാധവിക്കുട്ടി,2001: 482). തന്റെ ചുംബനങ്ങൾ നിന്നെ വെറുപ്പിക്കുന്നുവോ എന്നു ചോദിക്കുന്ന ഭർത്താവിനോട് രാധയുടെ മറുപടി ഒരു ശവത്തിന് അതിനെ കൊത്തിവലിക്കുന്ന പറവകളോടും പുഴുക്കളോടും വെറുപ്പുതോന്നാറുണ്ടോ എന്നാണ്.

സമൂഹത്തോട് വ്യക്തിതലത്തിൽ നിലയുറപ്പിച്ച് കലഹിക്കുന്ന

കഥാപാത്രങ്ങളെക്കൊണ്ട് കാഥിക, പാപബോധമില്ലെന്ന് പറയിക്കുന്നു. എന്നാൽ അതേസമയം തന്നെ വിവാഹബന്ധത്തിന്റെ പവിത്രതയും കഥാപാത്രങ്ങളെക്കൊണ്ട് ആലോചിപ്പിക്കുന്നു. അപരിചിതമായതിനെ അറിയാൻ, നിഷേധിക്കപ്പെട്ട സ്നേഹം പ്രാപിക്കാൻ പുതിയ ബന്ധങ്ങൾ തെരഞ്ഞെടുക്കുമ്പോൾ അല്ലെങ്കിൽ പ്രതിനായകന്മാർ മഹത്വവൽക്കരിക്കപ്പെടുമ്പോൾ സ്ത്രീസ്വത്വം കൂടുതൽ പാരമ്പര്യബദ്ധമായ നിലപാടുകളിൽ തളയ്ക്കപ്പെടുന്നു.

**സൈദ്ധാന്തികവും സമീപനപരവുമായ വൈരുദ്ധ്യങ്ങൾ**

ഒരു തലത്തിൽ പരമ്പരാഗത അധികാര ബോധ്യങ്ങളെയും പുരുഷമേൽക്കോയ്മയുടെ സദാചാരസങ്കൽപങ്ങളേയും നിഷേധിക്കുമ്പോൾതന്നെ അവയ്ക്ക് കീഴ്പ്പെടുകയോ വിധേയപ്പെടുകയോ ചെയ്യുന്നവയാണ് സൂക്ഷ്മ വായനയിൽ മാധവിക്കുട്ടിയുടെ കഥകൾ. പി.ഉദയഭാനു അഭിപ്രായപ്പെട്ടതുപോലെ അസംതൃപ്തയും സ്നേഹം നിഷേധിക്കപ്പെട്ടവളുമാണ് മാധവിക്കുട്ടിയുടെ കഥകളിലെ കലാപകാരികളായ സ്ത്രീകൾ. സങ്കടങ്ങളുടെയും സ്വപ്നങ്ങളുടെയും ലോകത്തിൽ സ്വാതന്ത്ര്യം ആവിഷ്കരിക്കുകയാണ് അവർ. എന്നിട്ട് അകം പൊള്ളയായ ഇരുട്ടുമാത്രം നേടാൻ കഴിയുന്നവരും (മാധവിക്കുട്ടി,1994:119).

തരിശുനിലം എന്ന കഥ; സ്നേഹം, പുരുഷനും സ്ത്രീയ്ക്കും ഒരുപോലെയുള്ള അനുഭവമല്ല എന്ന് വ്യക്തമാക്കുന്നു. സ്ത്രീയ്ക്ക് വർഷങ്ങൾ എത്ര കടന്നുപോയാലും മറക്കാനാവത്ത സ്നേഹം മനസ്സിൽ സൂക്ഷിക്കാനാകുമെന്നും എന്നാൽ പുരുഷന് അവളുടെ സ്നേഹത്തെ തിരിച്ചറിയാനോ ഗൗരവമായി കാണാനോ കഴിയുന്നില്ല എന്നും സ്ത്രീപുരുഷന്മാരുടെ പ്രണയാനുഭവങ്ങളിലെ സ്നേഹവൈരുദ്ധ്യങ്ങളെ കഥാകാരി അവതരിപ്പിക്കുന്നു.

'തരിശുനിലം' എന്ന കഥയിൽ അവരുടെ സ്നേഹത്തെ വെറും

കുട്ടിക്കളി എന്നുവിളിച്ച നായകനാണ് ഉള്ളത്. എട്ടുകൊല്ലങ്ങൾക്കു ശേഷവും താൻ അയാളെ ജീവിതത്തിൽ അധികം സ്നേഹിക്കുന്നു വെന്ന് മനസ്സിലായാൽ അയാൾ തന്നെ വെറുത്താലോ എന്ന് ചിന്തി ക്കുന്നവളാണ് കഥയിലെ നായിക. അവളുടെ സ്നേഹം കാമുകന് മന സ്സിലാക്കാനാവുന്നില്ല എന്ന് അവൾക്ക് തോന്നുന്നുണ്ട്. അതുകൊ ണ്ടാണ് തന്റെ സ്നേഹം അഴികളുള്ള ഒരു കൂടായിട്ടേ അയാൾ കണ ക്കാക്കിയിട്ടുള്ളൂ എന്ന് നായിക ചിന്തിക്കുന്നത്.

"നീ എന്നെ സ്നേഹിക്കേണ്ടിയിരുന്നില്ല എന്റെ കാലിന് മേൽ ഒരു ചങ്ങലയുള്ളതുപോലെ എനിക്കു തോന്നുന്നു"(മാധവിക്കു ട്ടി,1994:121) എന്ന് കാമുകൻ പറയുമ്പോൾ സ്നേഹം അയാൾക്ക് സ്വാത ന്ത്ര്യത്തെ ഇല്ലാതാക്കുന്ന അനുഭവമാണ്. അതുകൊണ്ട് അത്തരം സ്നേഹത്തിലകപ്പെടാൻ അയാൾ ആഗ്രഹിക്കുന്നില്ല.

ഭർത്താവിൽനിന്ന് അവൾക്ക് സ്നേഹം ലഭിക്കുന്നുണ്ടോ എന്ന അന്വേഷണം പരമ്പരാഗത കുടുംബവ്യവസ്ഥയ്ക്കുള്ളിലെ പുരുഷാ ധികാരത്തെ വെളിപ്പെടുത്തുന്നു.

സ്നേഹത്തിന്റെ പരിശുദ്ധി അവൾ അയാളിൽനിന്ന് മനസ്സി ലാക്കിയോ, ഉവ്വെന്ന് എല്ലാവരും വിചാരിച്ചിരിക്കണം എന്ന് മാധവി ക്കുട്ടി കുറിക്കുന്നു. സ്നേഹരാഹിത്യത്തിന്റെ ഊഷരമായ ദാമ്പത്യ ത്തെക്കുറിച്ചാണ് ഇവിടെ സൂചന. "നനവില്ലാത്ത പശിമയില്ലാത്ത തീരെ ഫലപുഷ്ടിയില്ലാത്ത ഒരു തരിശുനിലംപോലെ നഗ്നമായികിടക്കുക യായിരിക്കും അവളുടെ ഹൃദയം." തരിശുനിലത്തിൽ ഒരു സാധാരണ സ്ത്രീയായി[4] ജനിക്കുവാൻകൂടി കഴിഞ്ഞില്ലല്ലോ നിനക്ക് എന്ന പരി ഭവം കേൾക്കേണ്ടിവന്ന രണ്ടുരൂപ ബസ്ടിക്കറ്റിന് കൈനീട്ടേണ്ടിവന്ന സ്ത്രീ, കരിങ്കല്ലുകളും ചെറിയ മണൽത്തിണ്ണകളും നിറഞ്ഞ ശ്മശാന ത്തിലൂടെ നടന്ന് മൈതാനവും കടന്ന്, ചെറിയ മഞ്ഞവിളക്കുകൾ

കത്തുന്ന ഒരു അങ്ങാടിക്കടുത്തുള്ള ബസ് സ്റ്റോപ്പിൽ എത്തിയപ്പോൾ ദാഹിക്കുന്ന കണ്ണുകളോടെ തിരിഞ്ഞുനോക്കി. പക്ഷേ അകം പൊള്ളയായ ഒരു കൂരിരുട്ടുമാത്രമേ അവൾക്കു കാണാൻ കഴിഞ്ഞുള്ളൂ(മാധവിക്കുട്ടി,2001:163). മനുഷ്യബന്ധങ്ങളുടെ നിരർത്ഥകത ബോധ്യപ്പെടുമ്പോൾ സ്ത്രീകഥാപാത്രങ്ങൾക്ക് ജീവിതത്തേക്കാൾ നല്ലത് മരണമാണെന്ന തോന്നലുണ്ടാകുന്നു.

'സൂര്യൻ' എന്ന കഥയിൽ 'എന്റെ കാൽവിരലുകളിൽ വീണ കണ്ണീർത്തുള്ളികൾ എന്നെ കൂടുതൽ കരയിച്ചു. അപമാനത്തിന്റെ കരച്ചിലായിരുന്നില്ല അത്. എത്രയോ വലുതായ എന്നും അപരിചിതമായ ഈ ലോകത്തിൽ കാമത്തിന്റെയും കോപത്തിന്റെയും മറ്റും അടിമകളായിത്തീരേണ്ടിവരുന്ന നിന്നെയും എന്നെയും മറ്റുള്ളവരെയും ഓർത്ത് ഞാൻ കരഞ്ഞതായിരുന്നു'(മാധവിക്കുട്ടി,2001:178). ഇങ്ങനെ കഥാകാരി നിഷേധങ്ങൾക്കൊടുവിൽ ഒരു കരച്ചിൽ ശേഷിപ്പിക്കുന്നുണ്ട്.

ദാമ്പത്യത്തിനു വെളിയിൽ സ്നേഹം കണ്ടെത്താൻ ശ്രമിക്കുമ്പോൾപോലും മാധവിക്കുട്ടിയുടെ നായികമാർ വിവാഹബന്ധത്തിന്റെ പവിത്രതയെപ്പറ്റി ആലോചിക്കുന്നുണ്ട്. പാരമ്പര്യ ധ്വംസനത്തിന്റെയും പുരുഷനിരാസത്തിന്റെയും ആഖ്യാനങ്ങളായി ആരംഭിക്കുന്ന കഥകളെ പാരമ്പര്യബോധത്തിന്റെയും പുരുഷമേധാവിത്തത്തിന്റെയും വിജയാഘോഷമാക്കിത്തീർക്കുന്നത് കാൽപനിക മനസ്സിന്റെ പ്രത്യേകതകളാണ് എന്ന് പി.പി. രവീന്ദ്രൻ നിരീക്ഷിക്കുന്നു.

മരണം മിക്ക കഥകളിലും കടന്നുവരുന്നുണ്ട്. 'രോഗാതുരമായ അവസ്ഥ', 'ഭ്രാന്ത്', 'ഇടനാഴിയിലെ കണ്ണാടികൾ', 'പട്ടങ്ങൾ', 'മലഞ്ചെരിവുകളിൽ' ഇവയിലെല്ലാം മരണം അവതരിപ്പിക്കുന്നു. അവിടെയെല്ലാം സ്ത്രീയുടെ പിൻവാങ്ങലും അതിനോടുള്ള സമൂഹത്തിന്റെ പ്രതികരണവും കാണാം. ഗാർഹിക ജീവിതാവസ്ഥകളിൽ ബലിമൃഗ

മായി മാറുന്ന സ്ത്രീയുടെ ദാരുണാവസ്ഥയാണ് 'കോലാട്' ആവിഷ്കരിക്കുന്നത്.

കഥകളിലെ നായികമാരുടെ മരണം പിൻവാങ്ങലാകുന്നതും സാഹസസഞ്ചാരങ്ങളിൽ ചതിയ്ക്കപ്പെടുകയോ ബലിമൃഗമായി മാറുകയോ ചെയ്യുന്നതും നിഷേധങ്ങൾക്കൊടുവിൽ കലാപകാരി പ്രാപിക്കുന്ന വിധേയത്വമാണ് കാട്ടിത്തരുന്നത്. നിലവിലുള്ള സമൂഹവ്യവസ്ഥയെ വെല്ലുവിളിക്കുകയോ ചോദ്യം ചെയ്യുകയോ ചെയ്യുന്ന നായികമാരുണ്ടെങ്കിലും കഥകൾ ഒടുവിൽ സ്ത്രീയുടെ പിൻവാങ്ങൽ അവതരിപ്പിക്കുന്നിടത്ത് പരമ്പരാഗത മൂല്യഘടനയെ സാധൂകരിക്കാറുണ്ടെന്ന് കാണാതിരുന്നുകൂടാ.

**ആഖ്യാന സവിശേഷതകൾ**

ആത്മനിഷ്ഠമായ ശൈലിയിൽ മാധവിക്കുട്ടിയുടെ രചനകൾ വായനക്കാരെ കൂടുതൽ ആകർഷിച്ചു. കഥാപാത്രങ്ങളോട് തന്മയീഭവിക്കുന്ന ആഖ്യാതാവിന്റെ ശൈലി കൂടുതൽ വൈകാരികത നിലനിർത്താൻ സഹായകമായി. തന്റെ കാലഘട്ടത്തിൽ നിലനിന്നിരുന്നതിൽനിന്ന് വ്യത്യസ്തമായ ഒരു നൂതനത്വം ഭാവമണ്ഡലത്തിൽ നൽകാൻ മാധവിക്കുട്ടിക്ക് കഴിഞ്ഞു. എന്നാൽ പൂർണ്ണമായും പരമ്പരാഗത സങ്കേതങ്ങളെ കൈവിടാൻ കഥാകാരിക്ക് കഴിഞ്ഞിട്ടില്ല എന്ന് സമ്മതിക്കേണ്ടി വരും. സമൂഹത്തോടുള്ള പ്രതിഷേധമെന്നോണം നിലവിലുള്ള സദാചാര സങ്കൽപങ്ങളെ പ്രത്യക്ഷമായി അതിലംഘിക്കുന്ന നിലപാടുകളുള്ള കഥകളിൽപോലും സ്ത്രീസ്വത്വം വ്യവസ്ഥാപിത സദാചാരമൂല്യത്തിന് വിധേയപ്പെടുന്ന അനുഭവമാണുള്ളത്. ആത്മനിഷ്ഠതയും ഗൃഹാതുരത്വവും ഏകാന്തതയും അവരുടെ കൃതികളിൽ വശ്യതയോടെ ആഖ്യാനം ചെയ്യുന്നു.

മലയാളസാഹിത്യത്തിൽ നിർഭയമായി കടന്നുവന്ന പെൺ

ശബ്ദമാണ് മാധവിക്കുട്ടിയുടെ കഥാപാത്രങ്ങളുടേത്. എന്നാൽ എത്രത്തോളം കരുത്തോടെ വ്യവസ്ഥയോട് എതിരിടുന്നുവോ അത്രത്തോളം തന്നെ വ്യവസ്ഥയോട് ചേർത്തു നിർത്തുന്ന ബലതന്ത്രം മാധവിക്കുട്ടിയുടെ കഥകളിൽ ഉണ്ട്.

അതുവരെ ഇല്ലാത്തമട്ടിൽ തുറന്നെഴുത്തിന്റെ മാതൃക സ്ത്രീജീവിതാവിഷ്കാരത്തിൽ മാധവിക്കുട്ടി പരീക്ഷിച്ചു എന്നതു ശരിതന്നെ അപ്പോഴും ഏതു പൊതുബോധത്തോടും അധീശത്വതാൽപര്യത്തോടും കലഹിച്ചാണോ എഴുതിയത് അതിൽനിന്ന് പൂർണമായ വിച്ഛേദത്തിന് കഴിയുന്നില്ല എന്ന് തെളിയിക്കുന്ന സമീപനവൈരുദ്ധ്യങ്ങൾ കഥകളിൽ ഉണ്ട് എന്ന നിരീക്ഷണത്തിലേക്ക് നാം എത്തിച്ചേരുന്നു.

## കുറിപ്പുകൾ

1. മലയാളകഥ വാസ്തവികതയുടെ പരിധിയിൽനിന്ന് ഭ്രമകൽപനയുടെയും ദിവാസ്വപ്നത്തിന്റെയും ലോകത്തേക്ക് കടക്കുന്ന ദശാസന്ധിയിലാണ് അശാന്തമായ മനസും ധിക്കാരവുമുള്ള ചേതനയുമായി മാധവിക്കുട്ടി പ്രത്യക്ഷപ്പെട്ടത് (പ്രസന്നരാജൻ, 2000:56)
2. സമൂഹത്തിനെതിരെയുള്ള കലാപത്തിൽ സമൂഹനിയമങ്ങളെ അവഹേളിക്കാൻ അവർ തന്നെത്തന്നെ ആയുധമാക്കി(വത്സലൻ വതുശ്ശേരി, 1994: 102)
3. രാധാകൃഷ്ണ സങ്കൽപം ഭാരതീയരുടെ ലൈംഗിക അസ്വാതന്ത്ര്യമാണ്. ഭാരതീയ സൗന്ദര്യത്തിന്റെ നിർദ്ദയമായ വിലക്കുകൾ കൃഷ്ണനെ മോഹനകൃഷ്ണനാക്കുന്നു. സമൂഹം തടങ്കലിലിട്ടിരിക്കുന്ന സ്ത്രീകൾ കാണുന്ന വൈവിധ്യമേറിയ രാധാകൃഷ്ണ സ്വപ്നങ്ങളാണ് മാധവിക്കുട്ടിയുടെ കഥകളിലെ താളംതെറ്റലുകൾ എന്നർത്ഥം(കൽപ്പറ്റ നാരായണൻ, 1994:61).

4. പൗരുഷം, സ്ത്രീസൗന്ദര്യം ഇവയെക്കുറിച്ച് പുരുഷസമൂഹത്തിനുള്ള ധാരണയാണ് മാധവിക്കുട്ടി പ്രകാശിപ്പിക്കുന്നത്(പി.പി.രവീന്ദ്രൻ, 1984:78).

### സഹായകഗ്രന്ഥങ്ങൾ


1. മാധവിക്കുട്ടി, *മാധവിക്കുട്ടിയുടെ കഥകൾ*, കറന്റ് ബുക്സ്, കോട്ടയം:2001.
2. പ്രസന്നരാജൻ, *തിരിച്ചറിവുകൾ*, എസ്.പി.സി.എസ്. കോട്ടയം: 2000.
3. ഇ.വി. രാമകൃഷ്ണൻ(എഡി.)*സ്ത്രീസ്വത്വം സമൂഹം മാധവിക്കുട്ടി പഠനങ്ങൾ*, പൂർണ്ണാ പബ്ലിക്കേഷൻസ്:1994.
6. കെ.എസ്. രവികുമാർ, *കഥയും ഭാവുകത്വ പരിണാമവും*, കറന്റ് ബുക്സ്,കോട്ടയം :2002.
8. അച്യുതൻ എം.,*ചെറുകഥ ഇന്നലെ ഇന്ന്*, എസ്.പി.സി.എസ്., കോട്ടയം:1985.

# ഗർജ്ജിക്കുന്ന ഒരു ഇരുട്ട്*- മാധവിക്കുട്ടിയുടെ കഥാലോകം

**അയ്യപ്പദാസ് മാവേലിക്കര**

അനിതരസാധാരണമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന സാഹിത്യരൂപമാണ് ചെറുകഥ. മലയാള സാഹിത്യത്തിൽ ചെറുകഥ ഉണ്ടായ കാലം മുതൽ ഈ മാറ്റങ്ങൾ പ്രകടവുമാണ്. ആദ്യകാല ചെറുകഥകളിൽ നിന്നും പ്രമേയത്തിലും ഭാഷയിലും തീർത്തും വ്യത്യസ്തമാണ് പിന്നീടുള്ള കാലഘട്ടത്തിലെ കഥകൾ. ആദിമധ്യാന്ത പൊരുത്തമുള്ള 'ഒരു കഥ' ആദ്യകാല ചെറുകഥയുടെ പ്രത്യേകതയായിരുന്നു. എന്നാൽ 1950കളോടെ ചെറുകഥയുടെ പ്രമേയത്തിനും ഭാഷയ്ക്കും പുതുമ കൈവരുന്നതായി കാണാൻ സാധിക്കും. ചുറ്റുപാടുകളിലും ഭാവനയിലും കണ്ടനുഭവിച്ച പ്രമേയങ്ങളെ കഥകളിലേക്ക് സംക്രമിപ്പിക്കുക എന്ന രചനാരീതിയിൽ നിന്നും വ്യത്യസ്തമായി ചില പുതിയ ഭാവരൂപമണ്ഡലങ്ങളെ കഥയിലേക്ക് കൂട്ടിച്ചേർക്കാൻ 1950കൾക്കു ശേഷമുള്ള കഥാകൃത്തുക്കൾക്ക് കഴിഞ്ഞു. ഈ ഘട്ടത്തിൽ ഭാവഗീതത്തിന്റേതായ ഗുണപരത കഥകൾക്കു കൈവന്നതായി സാഹിത്യപഠനങ്ങൾ വെളിപ്പെടുത്തുന്നു. ചുറ്റുപാടുകളെ കഥയിലേക്ക് കൊണ്ടുവരുന്ന രീതിയിൽ നിന്നും വ്യത്യസ്തമായി വ്യക്തിമനസ്സിലേക്ക് കഥ കേന്ദ്രീകരിക്കുവാൻ തുടങ്ങി. തന്മൂലം ധ്വനിസാധ്യത കഥകൾക്ക് കൈവന്നു. കഥാപാത്ര ആവിഷ്കാരവും കഥാപാത്രതലവും മാറ്റിമറിക്കപ്പെട്ടു. ആന്തരികസ്വത്വാവിഷ്കാരവും ത്രിമാന കഥാപാത്രങ്ങളും കഥയിൽ ചേക്കേറി. ഈ ഘട്ടത്തിൽ ചെറുകഥയിലെ ശക്തമായ സ്ത്രീസാന്നിധ്യമായിരുന്നു മാധവിക്കുട്ടി.

മനുഷ്യമനസ്സിനെ കഥാവസ്തുവാക്കിയ എഴുത്തുകാരിയായി

രുന്നു മാധവിക്കുട്ടി. കലാപവും വിലാപവും ഉദ്വിഗ്നതയും അതുകൊണ്ടുതന്നെ കഥയിലെ പ്രമേയങ്ങളായി. നിലനിൽക്കുന്ന വ്യവസ്ഥിതിയോടുള്ള കലഹമാണല്ലോ എഴുത്തുകാരനെ/കാരിയെ വ്യത്യസ്തമാക്കുന്നത്. പുരുഷാധികാര വ്യവസ്ഥിതിയോടുള്ള വിയോജിപ്പ് മാധവിക്കുട്ടിയുടെ കഥകളിലെ ആന്തരികധാരയും ധാരണയും ആയിരുന്നു. ഈ സമരത്തിൽ തന്നെത്തന്നെ എഴുത്തുകാരി ആയുധമാക്കി. സൃഷ്ടിയും രചയിതാവും ഒന്നായിത്തീരുന്ന പ്രതീതി ആത് ജനിപ്പിച്ചു. അതുകൊണ്ടുതന്നെ അനവധി വിമർശനങ്ങൾക്കും മുൻവിധികൾക്കും മാധവിക്കുട്ടി വിധേയയായി. മലയാളത്തിൽ ഏറ്റവുമധികം ആഘോഷിക്കപ്പെട്ട എഴുത്തുകാരി എന്ന ലേബലും മാധവിക്കുട്ടിക്ക് ചാർത്തിക്കിട്ടി. ഭാഷാ വ്യവഹാരങ്ങൾകൊണ്ട് നിർമ്മിക്കപ്പെട്ട അപരസ്വത്വവും എഴുത്തുകാരിയും നേർരേഖയിൽ സഞ്ചരിക്കുന്നു എന്ന പ്രത്യേകതയും മാധവിക്കുട്ടിയുടെ രചനാലോകത്തിന് സ്വന്തമായുള്ളതാണ്. കഥയ്ക്കുള്ളിൽ നിന്നുകൊണ്ടും കഥയ്ക്ക് പുറത്തുനിന്നുകൊണ്ടും ആഖ്യാതാവിന് സംഭവങ്ങൾ നോക്കിക്കാണാം. ഇത്തരത്തിൽ കഥ പറയുന്നതിന് ആഖ്യാതാവ് സ്വീകരിച്ചിട്ടുള്ള അനുയോജ്യമായ നിലപാടാണ് വീക്ഷണസ്ഥാനം (Point of view). കഥാകാരി തന്നെ വക്താവായി കഥാപാത്രത്തെ തൊട്ടിരിക്കുകയും കഥാപാത്രത്തിന്റെ മനസ്സിൽക്കൂടി കഥ അവതരിപ്പിക്കുകയും ചെയ്യുന്ന സീമിതസർവ്വജ്ഞ വീക്ഷണമാണ് മാധവിക്കുട്ടി തന്റെ കഥകളിൽ സ്വീകരിച്ചിട്ടുള്ളത്. കഥാപാത്രത്തിന്റെ ചിത്തവൃത്തികളുടെ സൂക്ഷ്മാംശങ്ങൾ വ്യഞ്ജിപ്പിക്കുന്നതിനുള്ള ഉപാധിയായി സംഭവങ്ങളെ ആവിഷ്കരിക്കുന്ന കഥകളാണ് 'പക്ഷിയുടെ മണം', 'കല്ല്യാണി' എന്നിവ. ഈ കഥകളെ പഠനവിധേയമാക്കുകയാണ് പ്രസ്തുത പ്രബന്ധത്തിന്റെ ലക്ഷ്യം.

1960 കളിൽ എഴുതിയ കഥകളാണ് പക്ഷിയുടെ മണവും കല്യാ

ണിയും ഭ്രമാത്മകസ്വപ്നങ്ങളുടെ രേഖീയക്രമം രണ്ട് കഥകളുടെയും പ്രത്യേകതയാണ്. സ്ത്രീകഥാപാത്രങ്ങളുടെ മാനസികവ്യാപാരത്തിലൂടെ കഥ പുരോഗമിക്കുന്നു. കഥകളിലെ സ്ത്രീകഥാപാത്രങ്ങൾക്ക് കുടുംബം ഉണ്ടെങ്കിലും അതിനുവെളിയിൽ തങ്ങളുടെ സ്വത്വലോകത്തിലേക്ക് ഭ്രമകല്പനകളിലൂടെ മുക്തി നേടാനുള്ള സ്വകാര്യശ്രമങ്ങളായി ഈ കഥകളെ വായിക്കാം. രണ്ട് കഥകളിലൂടെയും കടന്നുപോകുമ്പോൾ കൈവന്ന ചില പൊതുഘടകങ്ങളെ അപഗ്രഥനാത്മകമായി വിലയിരുത്തുകയാണ് ഇവിടെ ചെയ്യുന്നത്.

- സ്നേഹനഷ്ടത്തിൽ നിന്നും ഭ്രമകല്പനകളിലൂടെ രക്ഷ നേടാനുള്ളമനുഷ്യന്റെ (സ്ത്രീയുടെ) സ്വകാര്യ ശ്രമങ്ങൾ.
- ഭ്രാമാത്മകമായ പേടിസ്വപ്നങ്ങൾ.
- എല്ലാ സ്വപ്നങ്ങളുടെയും അർത്ഥം അഭിലാഷസഫലീകരണമാണ് എന്ന ഫ്രോയിഡീയൻ ദർശനത്തിന്റെ സാന്നിദ്ധ്യം.
- സ്വത്വം ചലനാത്മകവേദിയാണ്/ഭാഷാവ്യവഹാരങ്ങളാൽ നിർമ്മിക്കപ്പെടുന്ന സ്വത്വം ചരിത്രത്തിന്റെ ഭാഗമാകുന്നു.
- ബോധാബോധങ്ങളുടെ വ്യാപാരം
- സ്ത്രീത്വത്തിന്റെ പാരതന്ത്ര്യം.

'പക്ഷിയുടെ മണം' എന്ന കഥ നടക്കുന്നത് കൽക്കട്ട നഗരം എന്ന സ്ഥലരാശിയിലാണ്. അവിടെയുള്ള ഒരു വ്യവസായ സ്ഥാപനത്തിൽ ജോലി അന്വേഷിച്ച് എത്തുന്ന ഒരു സ്ത്രീയുടെ അനുഭവമാണ് ഈ കഥ. ഏഴു നിലകളും ഇരുനൂറിലധികം മുറികളും വളരെയധികം വരാന്തകളുള്ള ഒരു കൂറ്റൻ കെട്ടിടത്തിലാണ് കഥാനായിക എത്തിച്ചേരുന്നത്. ടെക്സ്റ്റൈൽ ഇൻഡസ്ട്രീസ് അന്വേഷിച്ച് വലിയ വരാന്തയോടുകൂടിയ അടച്ചിട്ട മുറിയുടെ വാതിലിനു മുൻപിൽ എത്തി. 'Dying' എന്ന് ബോർഡ് തൂക്കിയ ആ വലിയ മുറിയുടെ വാതിൽ തള്ളിത്തുറന്ന്

അകത്തുകടന്ന് കസേരയിൽ ഇരുന്ന് കുതിരയുടെ മുഖം പോലെ നീണ്ട മുഖമുള്ള, കനത്ത രോമങ്ങൾ വളർന്നു നില്ക്കുന്ന ശക്തമായ കൈകളുള്ള, മരിക്കുവാൻ ഏർപ്പാടുണ്ടാക്കിക്കൊടുക്കുന്ന ഒരു മനുഷ്യനെയാണ് കാണുന്നത്. അവിടെ നിന്നും രക്ഷപ്പെടാനാവാതെ അവൾ വീർപ്പുമുട്ടുന്നു, അസ്വസ്ഥയാകുന്നു. ഒടുവിൽ അടഞ്ഞ വാതിലിനു പിന്നിൽ തളർന്ന് വെറും നിലത്ത് വീഴുന്നു. തന്റെ കുടുംബം തന്നെ കാത്തിരിക്കുന്നു എന്നും രക്ഷപ്പെടാൻ അനുവദിക്കണമെന്നും അവൾ അഭ്യർത്ഥിച്ചു. ക്രൂരചിന്തകൾ ഉപേക്ഷിച്ച് അയാൾ രക്ഷകനായി വരുമെന്ന് അവൾ പ്രത്യാശിച്ചു. അബോധത്തിലേക്ക് വീണ അവൾ അയാൾ പറഞ്ഞ ചില കാര്യങ്ങൾ അവ്യക്തമായി കേട്ടു.

തണുപ്പുകാലത്ത് തന്റെ കിടപ്പുമുറിയിൽ വന്നുപെട്ട മഞ്ഞ കലർന്ന തവിട്ടുനിറമുള്ള പക്ഷിയെ ഷൂസിട്ട കാലുകൊണ്ട് ചവിട്ടിയരച്ചുകളഞ്ഞത് അയാൾ അവളെ ഓർമ്മിപ്പിച്ചു. കഥയുടെ തുടക്കത്തിൽ ഇളം മഞ്ഞനിറത്തിലുള്ള സാരിയുമുടുത്താണ് അവൾ ജോലി അന്വേഷിച്ച് എത്തിയതെന്ന് തിരിച്ചറിയുമ്പോൾ അനുവാചകൻ ഏതോ ഭീതിദമായ അവസ്ഥാവിശേഷത്തിലേക്ക് എത്തിച്ചേരുന്നു. തുടർന്നുള്ള അയാളുടെ അന്വേഷണത്തിലെ ഏറ്റവും പ്രസക്തമായ ചോദ്യം 'നിനക്കറിയുമോ മരണത്തിന്റെ മണം എന്താണെന്ന്'?എന്നതാണ്. അവൾ അനുഭവിച്ച മരണത്തിന്റെ വിവിധ മണങ്ങൾ കഥാകാരി നിരത്തുന്നു. അതിലൊന്നും പക്ഷിത്തൂവലുകളുടെ മണമാണ് മരണത്തിന് എന്ന ഗന്ധബിംബം കടന്നുവരുന്നില്ല എന്നത് ശ്രദ്ധേയമാണ്.

കുതിരയുടേതുപോലെ മുഖമുള്ള തടിച്ച കൈകളുള്ള അയാൾ മരണത്തിന്റെ പ്രതീകമാണ്. ഒപ്പം ലൈംഗികതയുടെ പ്രതിനിധിയുമാണ്. മഞ്ഞനിറവും പക്ഷിയുടെ മണവും മരണത്തിന്റെ സാന്നിധ്യം അറിയിക്കുന്നു. മരണത്തിന്റെ മുന്നിൽപ്പെടുമ്പോഴും പുരുഷനിലുള്ള

വിശ്വാസം അവൾ ഉപേക്ഷിക്കുന്നില്ല. മുറിയുടെ വാതിൽ തുറക്കുന്നതിൽ പരാജയപ്പെടുന്ന അവൾ മുന്നിലിരിക്കുന്ന ചെറുപ്പക്കാരനിൽ പ്രതീക്ഷയർപ്പിക്കുന്നു. യഥാർത്ഥമായ മരണത്തെ പുരുഷരൂപത്തിൽ വിഭാവനം ചെയ്യുന്ന കഥാകാരി പുരുഷകേന്ദ്രീകൃത സമൂഹത്തിലെ സ്ത്രീപ്രാതിനിധ്യത്തെ അരക്കിട്ടുറപ്പിക്കുന്നു.

കഥാവായന രേഖീയക്രമത്തിൽ മുന്നോട്ട് പോകുമ്പോൾ ഭ്രമകല്പനകളിലൂടെ മുക്തി ആഗ്രഹിക്കുന്ന കഥാനായികയെ അനുവാചകൻ തിരിച്ചറിയുന്നു. സ്നേഹ നഷ്ടത്തിൽ നിന്നും രക്ഷനേടാനുള്ള വഴിയായി ഇത്തരം ഭ്രമചിന്തകളെ കണ്ട എഴുത്തുകാരിയാണ് 'എന്റെ കഥ'യുടെയും ആഖ്യാതാവ് എന്നതിൽ അതിശയോക്തിയില്ല. സമൂഹത്തിനെതിരായുള്ള ചെയ്തികളിൽ, ബന്ധനത്തിൽ നിന്നും മുക്തി നേടാനുള്ള ശ്രമത്തിൽ തന്നെത്തന്നെ കഥാകാരി ആയുധമാക്കി മാറ്റുന്നു. ദ്വന്ദ്വങ്ങളുടെ ആവിഷ്കാരവും സംഘർഷവും കഥയെ വ്യതിരിക്തമാക്കുന്നു. Dying/Dyeing എന്നീ പദങ്ങൾ സൃഷ്ടിക്കുന്ന ഭാവമണ്ഡലം ശ്രദ്ധേയമാണ്. തുണികൾക്ക് നിറംകൊടുക്കുക എന്ന പ്രക്രിയയും മരിക്കാൻ ഏർപ്പാടുണ്ടാക്കിക്കൊടുക്കലും വ്യത്യസ്തമായതാണെങ്കിലും ജീവിതത്തിന് നിറംപിടിപ്പിക്കുക മരണത്തിലൂടെയാണെന്ന പാശ്ചാത്യ ആധുനികത മുന്നോട്ടുവയ്ക്കുന്ന ദാർശനികമണ്ഡലത്തോട് അടുത്തുനില്ക്കുന്നതായി കാണാം. ബോധാബോധങ്ങളുടെ വ്യാപാരത്തിലൂടെയാണ് കഥാകാരി ഇത് നിർവഹിക്കുന്നത്. വ്യക്തിക്ക് ഓർമ്മയിൽ കൊണ്ടുവരാൻ കഴിയാത്ത സംഭവങ്ങൾക്ക് ഒരു വിശേഷണ പദമെന്ന നിലയ്ക്കും മനസ്സിന്റെ പ്രവർത്തനങ്ങൾക്കെല്ലാം കാരണമായി വർത്തിക്കുന്നതും പുറമേ കാണാൻ കഴിയാത്തവിധം ഒരു പ്രവർത്തികേന്ദ്രം എന്ന നിലയ്ക്കുമാണ് ഫ്രോയ്ഡ് അബോധതലം/ മനസ്സ് എന്ന പദമുപയോഗിക്കുന്നത്. അത്തരത്തിൽ അബോധമനസ്സി

ലൂടെ കഥ പറയുകയും ബോധമനസ്സിലൂടെ കഥയിൽ ജീവിക്കുകയും ചെയ്യുന്ന സമീപനമാണ് കഥാകാരി ഈ കഥയിൽ സ്വീകരിച്ചിരിക്കുന്നത്. അതിനായി കഥാപാത്രത്തിന്റെ മനസ്സിലൂടെ കഥ പറയുന്ന ആവിഷ്കരണ രീതിയാണ് പ്രയോഗിക്കുന്നത്. ചുറ്റുപാടുമുള്ള മനുഷ്യജീവിതത്തിൽ നിന്ന് കഥ വ്യക്തിമനസ്സിനെ കേന്ദ്രീകരിക്കുന്ന ഭാവുകത്വ പരിണതിയിലേക്ക് മാറുന്നതിന്റെ വ്യക്തമായ സൂചനകൂടി മാധവിക്കുട്ടിയുടെ കഥകൾ വിനിമയം ചെയ്യുന്നു.

ഭർത്താവിന്റെ ആഗ്രഹം മാനിക്കാതെ പുരുഷാധിപത്യത്തിന്റെ ഇടമെന്ന് ധ്വനിപ്പിക്കുന്ന ആ വലിയ കെട്ടിടത്തിൽ എത്തിച്ചേരുന്ന പേരില്ലാത്ത കഥാപാത്രം ഒരു സ്ത്രീയെപോലും അവിടെയെങ്ങും കണ്ടെത്തുന്നില്ല. വർത്തമാനകാല സമൂഹത്തിന്റെ അരക്ഷിതാവസ്ഥയെ സൂചിപ്പിക്കുവാൻ പുരുഷകേന്ദ്രീകൃത അധികാരപരിധിയിൽ ഒറ്റപ്പെടുന്ന സ്ത്രീത്വം 'പക്ഷിയുടെ മണം' എന്ന കഥയുടെ കേന്ദ്രബിന്ദുവാണ്. ചോദ്യം ചെയ്യപ്പെടേണ്ട അധികാരപരിധിയെ നേരിടാൻ ഒറ്റയ്ക്ക് ഇറങ്ങിത്തിരിക്കുന്ന ഈ സ്ത്രീകഥാപാത്രം മാധവിക്കുട്ടിയുടെ കവിതകളിൽ സൂചിതമാകുന്ന കഥാകാരിയുടെ തന്നെ ഇരട്ടയാണ്. ഒരു സ്വത്വപ്രതിസന്ധിയിലേക്കാണ് അത് വിരൽചൂണ്ടുന്നത്. ചുറ്റുപാടുകൾ എല്ലാം തന്നിലേയ്ക്ക് കേന്ദ്രീകരിക്കപ്പെടുന്നതായി അവൾക്ക് അനുഭവപ്പെടുന്നു. ഈ സ്വത്വപ്രതിസന്ധി ആധുനികമനുഷ്യന്റെ വേവലാതിയാണ്. നാഗരികവത്കരണവും കമ്പോളവത്കരണവും മനുഷ്യനിൽ അടിച്ചേൽപ്പിച്ചതാണിതെന്ന് നമുക്ക് മനസ്സിലാകുന്നു. ഇതിനെതിരെയുള്ള പ്രതിഷേധം ഭാഷാവ്യവഹാരങ്ങളാൽ നിർമ്മിക്കപ്പെടുന്നു എന്നും സ്വത്വം തന്നെ ഈ വ്യവഹാരത്തിന്റെ പരിധിയിൽ നിയോഗിക്കപ്പെടുന്നു എന്നതിനും കഥയിൽത്തന്നെ ദൃഷ്ടാന്തങ്ങൾ ഉണ്ട്. ഇതൊരു തരത്തിൽ ആത്മനിഷ്ഠമായ ഭാഷാവ്യവഹാരം തന്നെയാണ്

എന്ന നിരൂപണത്തോട് യോജിച്ചുകൊണ്ടുതന്നെ പുതിയൊരു ഭാഷാ വ്യവഹാരത്തിന് അത് ശക്തിപകരുകയും ചെയ്യുന്നതായി കരുതാം.

സ്ത്രീപുരുഷ സമത്വദർശനത്തേക്കാളുപരി സ്നേഹവും പരിലാളനയും ആശ്രയവും ആഗ്രഹിക്കുന്ന സ്ത്രീസ്വത്വമാണിവിടെ ദർശിക്കുന്നത്. മരണത്തിന്റെ മുന്നിൽ അകപ്പെടുമ്പോഴും കുട്ടികളെയും കുടുംബത്തെയും കുറിച്ചോർക്കുവാൻ കഥാനായികയ്ക്ക് കഴിയുന്നു. ഇവിടെ ബോധാബോധങ്ങൾ തമ്മിലുള്ള സംഘർഷം പ്രകടമാണ്. അബോധത്തിൽ മരണത്തെക്കുറിച്ചാഗ്രഹിക്കുകയും ബോധതലത്തിൽ കുടുംബം എന്ന സ്ഥാപനത്തോട് കൂറ് പുലർത്തുകയും ചെയ്യുന്നു. കുറ്റിയിൽ കെട്ടിയിട്ട നാല്ക്കാലി അവിടെത്തന്നെ ബന്ധിക്കപ്പെട്ട് ഇടയ്ക്കെപ്പോഴോ കെട്ടുപൊട്ടിപ്പോകുന്നത് സ്വപ്നം കാണുകയും ചെയ്യുന്നതുപോലെ തന്റെതന്നെ അപരത്തോട് സംഘർഷത്തിൽ ഏർപ്പെടുന്ന ചിത്രം കഥയിൽ ദൃശ്യമാകുന്നു.

മരണത്തിന്റെയും രതിയുടെയും മുന്നിൽ അകപ്പെട്ടുപോയ സ്ത്രീയുടെ അവസ്ഥ ധ്വന്യാത്മകമായി ചിത്രീകരിക്കുകയാണ് 'പക്ഷിയുടെ മണം'എന്ന കഥയിൽ. ആധുനിക ഇന്ത്യൻ സ്ത്രീത്വത്തിന്റെ ദൈന്യത നിറഞ്ഞ ചിത്രം ഇവിടെ ദർശിക്കാം. നായികയുടെ മുന്നിൽ അടഞ്ഞ വാതിൽ സ്ത്രീത്വത്തിന്റെ പാരതന്ത്ര്യത്തെ സൂചിപ്പിക്കുന്നു. വിലക്കുകൾക്കു മുന്നിൽ നിസ്സഹായയാകുന്ന സ്ത്രീത്വം. പുരുഷന്റെ ആജ്ഞാനുവർത്തിയോ അടിമയോ ആകേണ്ടിവരുന്ന ദൈന്യത നിറഞ്ഞ സ്ത്രീസ്വത്വം പുരുഷകേന്ദ്രിത വ്യവസ്ഥയുടെ ഇരയാണ്. വാതിലിനു സമീപം വെറും നിലത്തുവീഴുന്ന നായിക, നിസ്സഹായയും നിരാലംബയുമായ സ്ത്രീത്വത്തിന്റെ കീഴടങ്ങലും വിധേയത്വവും ധ്വനിപ്പിക്കുന്നു.

പുരുഷാധികാരത്തിനു മുൻപിൽ അസ്തിത്വം നഷ്ടപ്പെട്ട

സ്ത്രീയുടെ ദൈന്യത തീവ്രമായി ആവിഷ്കരിക്കുന്ന കഥയാണ് 'കല്യാണി'. പുരുഷൻ യജമാനനും സ്ത്രീ ഭൃത്യയും ആയിത്തീരുന്ന ഘടനാസവിശേഷതയാണ് കഥയ്ക്കുള്ളത്. കഥാവിഷയത്തിന്റെ പ്രത്യേകതയിലൂടെ ഏറെ ശ്രദ്ധ പിടിച്ചുപറ്റുന്ന കഥയാണ് 'കല്യാണി'. പുരുഷാധിപത്യ സമൂഹത്തിന്റെ ആശയചിഹ്നങ്ങൾ ഉൾക്കൊള്ളുന്ന 'കല്യാണി' ലളിതമായ ഇതിവൃത്തഘടന ഉൾവഹിക്കുന്ന കഥയാണ്. ഭൗതികമായി സ്ത്രീ അനുഭവിക്കുന്ന ചൂഷണവും അവഗണനയും ഈ കഥയിൽ ആവിഷ്കരിക്കപ്പെടുന്നു. പ്രതീകോപാഖ്യാനത്തിലൂടെയാണ് കഥ അനുവാചകരുമായി സംവദിക്കുന്നത്.

പോലീസ് വേഷം ധരിച്ച ഏതാനും പുരുഷന്മാരുടെ കൈയിലകപ്പെടുന്ന അമ്മിണിയെ അവർ 'യജമാനന്റെ' മുന്നിൽ എത്തിക്കുന്നു. യജമാനൻ അവളെ മൂന്ന് മാസത്തെ തടവിന് വിധിക്കുന്നു. വിവസ്ത്രയാക്കി ജയിൽവേഷം ധരിപ്പിച്ച് ഇരുട്ടറയിലേക്ക് തള്ളുന്നു. പോലീസ് സ്റ്റേഷൻ വരെ പോകണമെന്ന് പറഞ്ഞാണ് അമ്മിണിയെ അവർ കൂട്ടിക്കൊണ്ടുവരുന്നത്. ഇവിടെ യജമാനൻ പുരുഷ മേധാവിത്വത്തിന്റെ പ്രതിനിധിയും അമ്മിണി നിസ്സഹായയായ സ്ത്രീത്വത്തിന്റെ പ്രതീകവുമാണ്.

കഥയിലെ ഇതിവൃത്തം പരസ്പരബന്ധിതമെന്ന് തോന്നുമെങ്കിലും കഥയുടെ പൂർവ്വാപരാക്രമത്തെ അട്ടിമറിക്കുന്ന ഉള്ളടക്കം രൂപശില്പത്തെ ഒട്ടാക്കെ വ്യത്യസ്തമാക്കുന്നു.

- ഭർത്താവിനെ ഓഫീസിലാക്കി കാറോടിച്ചു പോകുന്ന അമ്മിണി.
- ചുവന്ന ചുവരുകളുള്ള ഒരു കെട്ടിടത്തിന്റെ നടുവിലെ വലിയ തളത്തിൽ എത്തപ്പെടുന്ന അമ്മിണി/ കല്യാണി.
- മൂന്ന് മാസം കഠിനതടവിനു വിധേയമായി ഇരുട്ടറയിൽ പൂട്ടി

യിടപ്പെടുന്ന അമ്മിണി.

- ഭർത്താവിനാൽ കുറ്റപ്പെടുത്തലുകൾ ഏറ്റുവാങ്ങുന്ന അമ്മിണി.
- യജമാനനാൽ ആശ്വസിപ്പിക്കപ്പെടുന്ന അമ്മിണി.

കഥാനായിക കടന്നുപോകുന്ന കഥയുടെ വ്യത്യസ്ത പരിസരങ്ങളെ ഇതിവൃത്തഘടനയുടെ ഭാഗമായി മേൽപ്പറയുംവിധം അടയാളപ്പെടുത്താം. അതീതയാഥാർത്ഥ്യത്തിന്റെ പരിധിയിൽപ്പെടുന്ന കഥാവിഷയത്തെ റിയലിസ്റ്റിക് കഥാഘടന ഉപയോഗിച്ച് എപ്രകാരം ഋജുവായി അവതരിപ്പിച്ചിരിക്കുന്നു എന്നുള്ളതിന് ഉത്തമദൃഷ്ടാന്തമാണ് ഈ കഥ. സാഹിത്യസൃഷ്ടി സമൂഹത്തോട് കാണിക്കുന്ന പ്രതിബദ്ധതകളെ കൃതിയിൽ നിന്നും നേരിട്ട് ഉൾക്കൊള്ളാനാകും എന്ന യഥാതഥപ്രവണതകൾ സാഹിത്യലോകത്ത് നിലയുറപ്പിച്ച ഘട്ടത്തിൽ നിന്നും ആധുനികമായ ദർശനപരിസരത്തേക്കും പ്രത്യയശാസ്ത്ര പ്രശ്നങ്ങളിലേക്കും കഥ പുരോഗമിക്കുന്ന ഘട്ടത്തെ 'കല്യാണി' പ്രതിനിധാനം ചെയ്യുന്നു.

പ്രതിനിധാനപരിസരങ്ങളെ കഥയിൽ ഒളിപ്പിച്ചു വയ്ക്കുകയും അതിനു വിരുദ്ധമായവയെ പ്രകാശിപ്പിക്കുകയും ചെയ്യുക എന്നുള്ളത് ആത്മസംഘർഷത്തിന്റെ തലത്തിലേയ്ക്കുള്ള സാഹിത്യത്തിന്റെ ഭാവുകത്വപരിണാമത്തെ സൂചിപ്പിക്കുന്നു. കല്യാണിയിൽ കഥയുടെ രൂപശില്പം പലപ്പോഴും യാഥാർത്ഥ്യങ്ങളെ മറച്ചുപിടിക്കാനാണ് ഉപയോഗിക്കുന്നത്. സംഭാഷണം, ആഖ്യാനം, കഥാപാത്രസൃഷ്ടി തുടങ്ങി എല്ലാ ഘടകങ്ങളും ഇതിന് ഉപോദ്ബലമായിത്തീരുന്നു. അമ്മിണി എന്ന യാഥാർത്ഥ്യം കല്യാണി എന്ന അയഥാർത്ഥ്യത്തിലേക്ക് പരിണമിക്കുന്നത് കഥയിൽ വെളിവാക്കുന്നു.

'എന്തിനാണ് നീ കരയുന്നത്, കല്യാണീ? അയാൾ ചോദിച്ചു.

'നിന്റെ ഭർത്താവെന്ന് പറയുന്ന ആ മനുഷ്യൻ പോയതു

കണ്ടോ. നിനക്ക് ഞാനില്ലേ? എത്ര പഴകിയതാണ് നമ്മുടെ സ്നേഹ ബന്ധം. അതുള്ളപ്പോൾ നിനക്ക് ദുഃഖിക്കാനെന്താണ് കാരണം?'

'നിങ്ങൾ എന്താ പറയുന്നേ.' അവൾ പറഞ്ഞു. 'ഞാൻ കല്യാണിയേ അല്ല. ഞാൻ അമ്മിണിയാണ്.'

ഈ സംഭാഷണത്തിന് തുടർച്ചയായി അവസാനം, 'അങ്ങനെ പാമ്പുകൾ ഉറയൂരിക്കളയുന്നതുപോലെ, അനായസമായി അവൾ അമ്മിണിയെന്ന പേരിനെ ഉപേക്ഷിച്ചു....

അമ്മിണിയിൽ നിന്നും കല്യാണിയിലേക്കുള്ള ഈ പരിണാമം ശ്രദ്ധേയമാണ്. നല്ലവളായ അമ്മിണിയുടെ ദുർഗതി എന്ന പ്രത്യക്ഷത്തെ അവതരിപ്പിക്കുമ്പോൾ പരോക്ഷമായി കഥ വിനിമയം ചെയ്യുന്ന കല്യാണി-യജമാനൻ ദ്വന്ദ്വം സ്ത്രീ-പുരുഷ ഘടനയിലെ വിള്ളലുകളെ, വൈജാത്യങ്ങളെ പ്രശ്നവൽക്കരിക്കുന്നു. അതോടൊപ്പം കല്യാണി/ അമ്മിണി എന്നുള്ളതിന് നല്ലവൾ/ ചീത്തവൾ എന്ന മാനവും കൈവരുന്നു. പരിതസ്ഥിതികളുടെ മാറ്റത്തിനനുസരിച്ച് വ്യക്തിത്വം രൂപപ്പെടുത്തുന്ന മനസ്സിന്റെ പരിവർത്തനം ഇവിടെ ദൃശ്യമാകുന്നു.താനൊരു ഭാര്യയാണെന്ന് വിളിച്ചുപറയുന്നതിലൂടെ ഭർത്താവിന്റെ സാമീപ്യവും അഭയവും കാംക്ഷിക്കുന്നു.

'നീയൊരു വേശ്യയാണെന്ന് ഞാൻ ഒരിക്കലും വിശ്വസിച്ചിരുന്നില്ല' എന്നു പറഞ്ഞ് ഭർത്താവ് തിരിഞ്ഞുനടക്കുമ്പോൾ അവളിലെ അഭയവും മറ്റും നഷ്ടപ്പെട്ട് വിശ്വാസം തന്നെ അസ്തമിക്കുന്നു. അപ്പോൾ യജമാനന്റെ വാക്കുകൾ.

'നീ എന്നും എന്നും എന്റെ കല്യാണിയാണ്.'

താൻ ആഗ്രഹിച്ച ഈ സ്വരം തന്നെയാണ് അമ്മിണിയുടെ പരിണാമത്തിനു പിന്നിലുള്ള ചേതോവികാരവും എന്നു മനസ്സിലാക്കുമ്പോൾ പുരുഷന്റെ സാമീപ്യത്തിന് ആഗ്രഹിക്കുന്ന സ്ത്രീമനസ്സ്

മാധവിക്കുട്ടിയുടെ കഥകളുടെ പൊതുസ്വഭാവവും ആ പൊതുസ്വഭാവം പ്രകടിപ്പിക്കുന്ന കഥയായി കല്യാണി മാറുകയും ചെയ്യുന്നു.

കഥയുടെ രൂപശില്പം ഒരു ഭ്രമാത്മക സത്യമായി അനുവാചകൻ തിരിച്ചറിയുന്നു. ഇതൊരു സ്വകാര്യശ്രമമായി വിശദീകരിച്ചാൽ സ്നേഹനഷ്ടത്തിൽ നിന്നും ഭ്രമകല്പനകളിലൂടെ മുക്തി നേടാനാഗ്രഹിക്കുന്ന സ്ത്രീമനസ്സ് കഥയിൽ കണ്ടെത്താം. ബോധാബോധങ്ങളുടെ വ്യാപാരം ഇവിടെ യാഥാർത്ഥ്യത്തിൽ നിന്നും അയഥാർത്ഥ്യത്തിലേക്ക്, അമ്മിണിയിൽ നിന്നും കല്യാണിയിലേക്ക് അനുവാചകനെ കൂട്ടിക്കൊണ്ടുപോകുന്നു. ഭാഷാവ്യവഹാരങ്ങൾകൊണ്ട് നിർമ്മിക്കപ്പെടുന്ന ഈ സ്വത്വം ചരിത്രത്തിന്റെ സീമയിലേക്ക് അലിഞ്ഞുചേരുകയാണ്. വ്യക്തിത്വം നഷ്ടമാകുന്ന സ്ത്രീത്വത്തിന്റെ പ്രതീകമാണ് കല്യാണി. സ്ത്രീയുടെ വ്യക്തിത്വത്തെ തിരിച്ചറിയാൻ ശ്രമിക്കാത്ത സമൂഹത്തെ അതിനെതിരായുള്ള സമരത്തിൽ എഴുത്തുകാരി തന്നെ ആയുധമാകുന്നു.

അനുഭൂതികളുടെ ആവിഷ്കാരമാണ് സാഹിത്യം എന്ന അർത്ഥവിശേഷത്തോട് യോജിക്കുന്നവയാണ് മാധവിക്കുട്ടിയുടെ രചനകൾ. സ്വത്വവിച്ഛിത്തി പല കഥകളുടെയും പ്രമേയപരിസരത്തുണ്ട്. കവിയായ മാധവിക്കുട്ടിയിൽ ഈ 'ഇരട്ട'യെപ്പറ്റി പരാമർശവുമുണ്ട്. പുരുഷാധികാര സമൂഹത്തെ വെല്ലുവിളിക്കാതെ നൊമ്പരപ്പെടുത്താനും മുറിവേല്പിക്കാനും കഥാകാരിക്ക് കഴിയുന്നു. ആത്മനിഷ്ഠരചനാരീതി, വ്യക്തിമനസ്സിന്റെ സംഘർഷങ്ങൾ, പാരമ്പര്യനിഷേധം തുടങ്ങിയവയൊക്കെ ആ രചനാലോകത്തിന്റെ പ്രത്യേകതകളാണ്. രണ്ട് കഥകളിലും കടന്നുവരുന്ന ശക്തമായ സാന്നിദ്ധ്യമാണ് ഇരുട്ട്. ഒറ്റപ്പെടലിന്റെയും മരണത്തിന്റെയും നിസ്സഹായതയുടെയും പ്രതീകമായി കഥകളിൽ ഇരുട്ട് നിറഞ്ഞുനില്ക്കുന്നു. ജീവിതമായാലും മരണമായാലും

തന്റെ ഭാഗധേയം ആടിത്തീർക്കാൻ വിധിക്കപ്പെട്ട മനുഷ്യജീവികളെ ഈ കഥകളിൽ കാണാം. യാഥാസ്ഥിതിക സാമൂഹ്യസങ്കല്പങ്ങളോട് സമരസപ്പെടാതെ ഉള്ളുതുറന്നെഴുതിയ എഴുത്തുകാരിയായിരുന്നു മാധവിക്കുട്ടി. സ്ത്രീയുടെ കീഴടങ്ങലും വിധേയത്വവും പരിമിതികളല്ല എന്നും അതിലൂടെ കൂടുതൽ ശക്തിയാർജ്ജിച്ച് 'ഗർജ്ജിക്കുന്ന ഒരു ഇരുട്ടായി' (പക്ഷിയുടെ മണം) സ്ത്രീത്വത്തിന്റെ സ്വാതന്ത്ര്യം പരിണമിക്കുമെന്നും കഥകളിലൂടെ മാധവിക്കുട്ടി വിളിച്ചുപറഞ്ഞു. മലയാള ചെറുകഥാസാഹിത്യരംഗത്ത് തന്റേതായ ഇടം നേടിയെടുത്ത ഈ എഴുത്തുകാരി കഥയെ വ്യക്തിമനസ്സിലേക്ക് കേന്ദ്രീകരിച്ചു. സ്വത്വത്തെ ചലനാത്മക വേദിയാക്കി മാറ്റിക്കൊണ്ട് സ്ത്രീപുരുഷബന്ധത്തിന്റെ ശുദ്ധമായ മനസ്സ് തൊട്ടറിഞ്ഞ കഥാകാരിയായിരുന്നു മാധവിക്കുട്ടി. അവാസ്തവികവും വസ്തുനിഷ്ഠയാഥാർത്ഥ്യം പുലർത്താത്തതുമായ പ്രമേയങ്ങളിലൂടെ ഭാവനിഷ്ഠമായ തീവ്രയാഥാർത്ഥ്യത്തെ ആവിഷ്കരിക്കാൻ മാധവിക്കുട്ടിക്ക് കഴിഞ്ഞു. പല പ്രതീകങ്ങളിലൂടെ അതിലേക്ക് സഞ്ചരിച്ചു. ഇരുട്ടും പക്ഷിയും ആകാശവും ജലാശയവും ഒക്കെ ആ വഴികളിലെ പ്രതീകങ്ങളായിരുന്നു. സങ്കീർണ്ണമായിത്തീർന്ന മൂർത്താനുഭൂതികളെ ലൈംഗികത, സ്വാതന്ത്ര്യം എന്നിങ്ങനെ പലതും കൂട്ടിച്ചേർത്ത് സൃഷ്ടിക്കാധാരമാക്കി മാറ്റിയ മലയാളത്തിലെ കലാപകാരിയായ എഴുത്തുകാരിയാണ് മാധവിക്കുട്ടി എന്നത് നിസ്തർക്കമാണ്. മലയാളത്തിലെ പ്രമുഖനിരൂപകനായ കെ. പി. അപ്പൻ ചൂണ്ടിക്കാണിച്ചതുപോലെ 'എന്റെ കഥ' ഒരേസമയം ആത്മകഥയും സ്വപ്നസാഹിത്യവുമാണ്. ഇതിന്റെ തുടർച്ചയാണ് മാധവിക്കുട്ടിയുടെ രചനാലോകം.

* 'പക്ഷിയുടെ മണം' എന്ന കഥയിൽ നിന്ന്

## സഹായകഗ്രന്ഥങ്ങൾ

1. അച്യുതൻ എം., *ചെറുകഥ ഇന്നലെ ഇന്ന്*, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോഴിക്കോട്: 1985.
2. അപ്പൻ കെ.പി., *കലഹവും വിശ്വാസവും*, എച്ച് & സി പബ്ലി ക്കേഷൻസ്, തൃശൂർ: 2006.
3. മാധവിക്കുട്ടി, *മാധവിക്കുട്ടിയുടെ കഥകൾ*, കറന്റ് ബുക്സ്, കോട്ടയം: 1990
4. രാജകൃഷ്ണൻ വി, *മൗനം തേടുന്ന വാക്ക്*, എൻ.ബി.എസ്, കോട്ടയം: 1981.
5. രാജീവ് കുമാർ എം, ആമുഖം, *എന്റെ ചെറുകഥകൾ*, മാധവി ക്കുട്ടി, മാതൃഭൂമി പ്രിന്റിങ് ആന്റ് പബ്ലിക്കേഷൻസ് ലിമിറ്റഡ്, കോഴിക്കോട് :1985.
6. രാമകൃഷ്ണൻ ഇ. വി, (എഡിറ്റർ), *സ്ത്രീ, സ്വത്വം, സമൂഹം, മാധവിക്കുട്ടി പഠനങ്ങൾ*, പൂർണപബ്ലിക്കേഷൻസ്, കോഴി ക്കോട്: 1994.
7. രാമകൃഷ്ണൻ ദേശമംഗലം, അവതാരിക, *പുതിയ കൃതി, പഴയ പൊരുൾ*, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം: 1995.
8. രവീന്ദ്രൻ. പി. പി, ഇടപെടലുകൾ, ഡി.സി ബുക്സ്, കോട്ടയം: 1997.
9. രവീന്ദ്രൻ എൻ. കെ, എഡിറ്റർ, *മൗനത്തിന്റെ നാനാർത്ഥങ്ങൾ*, ഹരിത പബ്ലിഷേഴ്സ്, തൃശ്ശൂർ :1993.
10. വാസുദേവൻ നായർ, കളർകോട്, *തരിശുനിലത്തിന്റെ കഥകൾ*, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം: 1974.

11. വേണുഗോപാൽ ടി., *ഡോ. വിലാപങ്ങളുടെ പുസ്തകം*, ഡി.സി ബുക്സ്, കോട്ടയം: 1996.

12. സുധീഷ് വി. ആർ, *അനശ്വരതയുടെ രഹസ്യം*, മാധവിക്കുട്ടി യുടെ പ്രേമകഥകൾ, ഒലീവ്പബ്ലിക്കേഷൻസ്, കോഴിക്കോട്: 1999.

# പ്രകൃതിബിംബങ്ങളുടെ സമൃദ്ധി മാധവിക്കുട്ടിക്കവിതകളിൽ

**ഷൈനു ഏബ്രഹാം**

പെൺ സ്വത്വങ്ങളുടെ കരുത്താർന്ന ഭാവനകളാണ് മാധവികുട്ടിയുടെ രചനകളെ സൗന്ദര്യാത്മകമാക്കുന്നത്. സ്ത്രീ തുറന്നു പറയാൻ മടിയ്ക്കുന്ന പലതിനെയും സ്വതന്ത്രമായി ആവിഷ്കരിച്ച രചനാ വൈഭവമാണ് അവരുടെ കൃതികളുടെ സൗന്ദര്യത്തിന്റെ അടിസ്ഥാനം. മനോവിജ്ഞാനീയത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീമനസ്സിനെ അപഗ്രഥിയ്ക്കാവുന്ന കഥാപാത്രങ്ങൾ മാധവികുട്ടിയുടെ കഥകളിലും കവിതകളിലും ധാരാളമായി കാണാം. അവയൊക്കെ പ്രണയത്തിന്റെ മൂർത്തിമദ്ഭാവങ്ങളാകുന്നു. പ്രണയത്തിന്റെ കൂട്ടുകാരിയായി മാധവികുട്ടിയുടെ കഥകളും കവിതകളും നമ്മെ നിരന്തരം മോഹിപ്പിക്കുന്നു. ഭാവതീവ്രതയും വികാരാവിഷ്കാരവുമാണ് അവരുടെ കവിതകളിലെ കാൽപനിക സൗന്ദര്യം. പ്രണയം, രതി, ആത്മീയത ഇത്യാദികളെ കവിതയിലേക്കെത്തിയ്ക്കുമ്പോൾ ലാവണ്യം തുളുമ്പുന്ന ബിംബങ്ങൾ കവിതയെ വ്യത്യസ്തമാക്കുന്നുണ്ട്. ഫാന്റസികളും ബാല്യഭാവനകളും ഗൃഹാതുരതയുമെല്ലാം തന്നെ അപൂർവങ്ങളായ ഇമേജറികളുടെ സമ്മേളനത്തോടെ മാധവികുട്ടിയുടെ കവിതകളെ കാൽപനിക ഭംഗിയുള്ളതാക്കുന്നു. ഈ ഇമേജറികൾ പ്രകൃതിയോട് ചേർന്നുനിൽക്കുന്നവയുമാണ്.

മനുഷ്യന്റെ സങ്കീർണ്ണമായ ഭാവങ്ങളെ ചിത്രകലയുടെ സ്വാധീനത്താൽ കവിതയിൽ ആവിഷ്കരിക്കുന്നതിനെ പൊതുവെ ബിംബകൽപന എന്ന് പറയാറുണ്ട്. പ്രതിചരായ എന്നർത്ഥത്തിലാണ് ബിംബ

ങ്ങൾ സാധാരണയായി ഉപയോഗിക്കുന്നത്. ദൃശ്യപ്രധാനമായ ചിത്ര രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന ബിംബങ്ങൾ വികാരാവിഷ്ക്കരണത്തിന്റെ അമൂർത്തവും അന്തരികവുമായ ഭാവങ്ങൾ പകർന്നു നല്കുന്നു. വെറും അലങ്കാരത്തിനപ്പുറം ചിന്തിപ്പിക്കുന്ന ധ്വനിസാന്ദ്രമായ വാക്കുകളാണ് ബിംബം. സാഹിത്യത്തിൽ പൊതുവെ ബിംബം എന്നതു കൊണ്ടർത്ഥ മാക്കുന്നത് പദങ്ങൾ കൊണ്ടുവരയ്ക്കുന്ന ഇന്ദ്രിയസംവേദനത്തി നുതകുന്ന ചിത്രത്തെയാണ്. ആംഗലേയ ഭാഷയിൽ‘ Image’ എന്നാൽ ചിത്രവും‘Imagery’ ബിംബകല്പനയുമാണ്. കാവ്യരൂപത്തിന് വൈചിത്ര്യവും അഴകും പ്രദാനം ചെയ്യാനും വിശദാംശങ്ങൾ കൂട്ടി ചേർക്കാനും കാവ്യത്തിലൂടെ ജീവിതം പ്രതിഫലിപ്പിക്കാനും ഉതകുന്ന ലഘുചിത്രങ്ങൾ എന്ന് ഇമേജറിയെ കെ.എസ്.നാരായണപിള്ള നിർവ ചിക്കുന്നു. ഭാവനയുടെ കേന്ദ്രലക്ഷ്യം ബിംബത്തിലുൾപ്പെട്ടിരിക്കുന്നു. സംക്ഷിപ്തത, ഇന്ദ്രിയ വേദ്യത, ഭാവാത്മകത, നൂതനത്വം, ഓചിത്യം, വികാരോത്തേജനക്ഷമത എന്നിവ ബിംബങ്ങളുടെ ധർമ്മമായി നിർണ യിക്കപ്പെടുന്നു.

ഇമേജറികൾ അഥവാ ബിംബ കൽപനയെ അഞ്ചായി തരം തിരിക്കാം. പഞ്ചേന്ദ്രിയങ്ങളുമായുള്ള അനുഭവബന്ധത്തിലാണ് ഇതിനെ വിഭജിക്കുന്നത്. ദൃശ്യബിംബങ്ങൾ (visual image) ഗന്ധബിം ബങ്ങൾ (olfactory) രുചിബിംബങ്ങൾ (Gustatory) സ്പർശബിംബ ങ്ങൾ (Tactile) ശ്രവ്യബിംബങ്ങൾ അഥവാ നാദബിംബങ്ങൾ (Auditory) എന്നിങ്ങനെയാണ് ഇമേജറികളെ വിഭജിക്കുന്നത്. സാഹിത്യ കാരന്റെ അബോധമനസ്സിൽ സൂക്ഷിച്ചിരിക്കുന്ന അനുഭവങ്ങളും ആശ യങ്ങളും ഭാവനയിലൂടെ ആവിഷ്ക്കരിക്കുമ്പോൾ അത് ഐന്ദ്രികബിം ബങ്ങളായി വായനക്കാരിലെത്തുന്നു. പ്രണയത്തിന്റെ രാജകുമാരി യെന്ന് വിശേഷിപ്പിക്കുന്ന സാഹിത്യകാരി മാധവികുട്ടിയുടെ കവിത

കളിൽ നിറഞ്ഞു നിൽക്കുന്ന ബിംബങ്ങൾ പ്രകൃതിയുമായ ഇഴ ചേർത്തിരിക്കുന്നു. ആയതിനാൽ പ്രകൃതിബിംബ കല്പനകൾ അവരുടെ കവിതകളെ ചൈതന്യമുള്ളതാക്കുന്നു. ഈ പ്രകൃതി ബിംബങ്ങളെല്ലാം തന്നെ പ്രാപഞ്ചികവും സാമൂഹികവും വൈയക്തികവുമായും കവിയിത്രിയുടെ അബോധമനസ്സിലെ ഭാവമുഹൂർത്തങ്ങൾക്കനുസൃതമായി രൂപപ്പെട്ടതാണെന്ന് മനസ്സിലാക്കാവുന്നതാണ്. പ്രകൃതിബിംബങ്ങൾ കവിതയുടെ സൗന്ദ്യര്യം കൂട്ടുന്നതിനുപരി മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തിന്റെ പ്രാധാന്യവും മനുഷ്യന് പ്രകൃതിയില്ലാതെ നിലനിൽപ്പില്ല എന്ന ബോധ്യവും കമലാദാസ് എന്ന മാധവിക്കുട്ടിയുടെ കവിതകൾ നമ്മെ ഓർമ്മപ്പെടുത്തുന്നു.

കമലാദാസിന്റെ കവിതകൾ ജീവിതദർശനത്തിന്റെയും മരണത്തിന്റെയും ധാരാളം ബിംബങ്ങൾ അവതരിപ്പിക്കുന്നുണ്ട്. അവയിലെല്ലാം തന്നെ പ്രകൃതിയോട് ചേർന്നു നിൽക്കുന്ന ബിംബകൽപ്പനകളും കാണാവുന്നതാണ്. പ്രകൃതിയുടെ ജൈവിക ഘടകങ്ങളെ ജീവിതത്തോടും വരൾച്ചയുടെ അനുഭവത്തെ മരണത്തോടും സാധർമ്യപ്പെടുത്തുന്നു.

‘ജീവിതം നീഹാരമാണ്
ജീവിതം ജലമാണ്
ജീവിതം ശുക്ലമാണ്, രക്തമാണ്
മരണം വരൾച്ചയാണ്’

(ഘനശ്യാം)

സ്ത്രീജീവിതങ്ങളുടെ സവിശേഷമായ സ്വഭാവമാണ് തുറന്നു പറച്ചിലിനുള്ള വിമുഖതയും സദാചാരം തകർന്നുപോകുമോയെന്ന ഭയവും. എന്നാൽ തുറന്നു പറയാനുള്ള സ്വാതന്ത്ര്യം സ്ത്രീയ്ക്കുണ്ടെന്ന് മാധ

വിക്കുട്ടിയുടെ കൃതികൾ സാക്ഷ്യപ്പെടുത്തുന്നു. തുറന്നു പറച്ചിലുകൾ പലതും പെൺമനസ്സിന്റെ സംഘർഷത്തിൽ നിന്നുളവാകുന്നതാണ്. ചഞ്ചലമായ മാനസികഭാവങ്ങളെ പ്രകൃതിയിലെ വനവും കാട്ടുതീയും എന്ന ബിംബവുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

'സൂര്യമിഥുനസംഗമംപോലെയായിരുന്നു
നമ്മുടെ മിളനം
അന്യോന്യം ദഹിപ്പിക്കുവാനുള്ള
ക്ഷോഭാവേശത്തോടെ
അവൻ പറഞ്ഞു;
നീയൊരു ഭാവാഗ്നിയാണ്
പാവം വനമായ ഞാൻ എരിയണം
എന്നാൽ എന്റെമേൽ ശയിക്കു
ഘനശൂന്യനായി
ശുഭ്രവർണ്ണമായി' (മഹാജ്വലനം)

സ്ത്രീയെയും പരിസ്ഥിതിയെയും ബന്ധിപ്പിക്കുന്ന വൈജ്ഞാനിക മേഖലയാണ് ഇക്കോ ഫെമിനിസം (പാരിസ്ഥിതിക സ്ത്രീവാദം). സ്ത്രീയും പരിസ്ഥിതിയും പുതുജീവൻ നല്കുന്നുവെന്ന സങ്കൽപ്പമാണിതിനാധാരം. പ്രകൃതിയിലും സ്ത്രീയിലും പുതിയ ജീവന്റെ അങ്കുരങ്ങൾ നിലനിൽക്കുന്നുവെന്നതും പെണ്ണും മണ്ണും കൂടുതൽ ചൂഷണത്തിനു വിധേയമാകുന്നുവെന്നുമാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ചിന്താധാര. ഉത്തരാധുനിക സാഹിത്യപരിധിയിൽ വരുന്ന ഈ വൈജ്ഞാനിക മേഖലയുടെ സ്വാധീനം മാധവിക്കുട്ടിയുടെ കവിതകളിൽ നിന്ന് കണ്ടെടുക്കാം.

'നിന്റെ കലപ്പ എന്നിൽ ചലിച്ചു
ഉഴുതുമറിഞ്ഞ പുതുമണ്ണിൽ
നീ വീണ്ടും വീണ്ടും വിത്തിട്ടു
വിളകൾ കതിരണിഞ്ഞു'

(പ്രകൃതിയും പുരുഷനും)

മണ്ണിനെയും പെണ്ണിനേയും ഉർവ്വരതാ സങ്കൽപ്പവുമായി സാമ്യപ്പെടുത്തുമ്പോൾ മണ്ണിനെ പൊന്നണിയിക്കുന്ന കർഷകനും സ്ത്രീയെ മാതൃത്വത്തിനർഹയാക്കുന്ന പുരുഷനും തുല്യസ്ഥാനമാണ് മാധവിക്കുട്ടി നല്കുന്നത്. പ്രകൃതിയും പുരുഷനും എന്ന കവിതയിൽ ഇത്തരത്തിലുള്ള ഇക്കോഫെമിനിസ്റ്റ് കാഴ്ചപ്പാടുകൾ കാണാവുന്നതാണ്.

'പഴയമാവ്' എന്ന കവിതയിലെ ബിംബകൽപനയുടെ സൗന്ദര്യവും ശ്രദ്ധേയമാണ്.

'ഒരമ്മയുടെ വയറ്റിലെ പണികോപ്പുകളെല്ലാം
അവർ കത്തികൊണ്ട് ചുരണ്ടിയെടുത്തു
ഇനി ഒരാലിബാബയും ഈ അടഞ്ഞ
ഗുഹാമുഖത്ത് നിന്നു കൊണ്ട്
മന്ത്രം ജപിക്കയില്ല ഇതിന്റെ
ഇരുണ്ട വിഷാദത്തിൽ യാതൊരു പടക്കുതിരയും
ഇനി കുളമ്പടിക്കുകയില്ല
പക്ഷെ,
എന്തിനായി അവർ ആ പഴയമാവ് വെട്ടിയിട്ടു
നനഞ്ഞ വലകളായ കിനാവുകൾ
ഞാൻ ഉണക്കാനിട്ടത്

അതിന്റെ ചില്ലകളിലായിരുന്നു
ഇനി എന്റെ തോണി മീൻ പിടിത്തത്തിന്
ഇറങ്ങുകയില്ല
എന്റെ ഭാവിയുടെ കായലുകളിൽ
മരണം വെളുപ്പിച്ച മത്സ്യങ്ങൾ പൊങ്ങികിടക്കുന്നു.'

(പഴയമാവ്)

പാരിസ്ഥിതിക ചൂഷണത്തിന്റെ ദുർമുഖങ്ങളെ തീവ്രമായി കമലാദാസ് കവിതയിൽ ആലേഖനം ചെയ്തിരിയ്ക്കുന്നു. സ്വപ്നങ്ങളെല്ലാം നശിച്ച് മരണത്തിന്റെ ശൂന്യത ഇവിടെ വരച്ചു കാട്ടുന്നു. കാലത്തിന്റെ അതിജീവനത്തെ ഇമേജറിയുടെ സഹായത്തോടെയാണ് കവിതയിൽ അവതരിപ്പിക്കുന്നത്.

'വരണ്ടുപോയ ഞാവൽമരങ്ങളെപ്പോലെ നാം
ആ കായ്ക്കുന്ന കാലത്തെ അതിജീവിക്കുന്നത്.'

(ഞാവൽ മരങ്ങൾ)

പരിസ്ഥിതി ഇന്ന് നേരിടുന്ന എല്ലാ ചൂഷണത്തേയും ഗന്ധബിംബ കൽപ്പനയിലൂടെ ആവിഷ്ക്കരിക്കുന്ന രചനാകൗശലം കമലാദാസിന്റെ കവിതകളിലും നിഴലിക്കുന്നുണ്ട്.

വേരുകളാൽ, ചില്ലകളാൽ, പരുത്ത തൊലിയാൽ
മണ്ണിന്റെയും കാറ്റിന്റെയും സൂര്യന്റെയും
സത്ത നുകർന്നു വളർന്ന മരത്തെ ആരോ മുറിച്ചു
കൂടുകൾ നിലം പതിച്ചു, മുട്ടകൾ തകർന്നു
സന്ധ്യയ്ക്കുമടങ്ങിയ പറവകൾ വട്ടത്തിൽ
വൃഥാപറന്നുകൊണ്ടേയിരുന്നു, അവയുടെ

മുറവിളികൾ കടൽക്കാറ്റ് വിഴുങ്ങി.....
വ്രണപ്പെട്ട കൊമ്പുകളിൽ നിന്നും
മരത്തിന്റെ രഹസ്യഗന്ധം പ്രവഹിച്ചു:
അപ്പോൾ വേരുകൾ വിങ്ങിപ്പൊട്ടി,
മുലകുടി മാറാത്ത ശിശുക്കൾ മരിച്ചപ്പോൾ
അവരുടെ അമ്മമാരെന്നപോലെ ഭൂമിയുടെ
മജ്ജയിൽ നിന്നും ഊറ്റിയെടുത്ത
ജീവാമൃതം അവരിൽ വെറും വേദനയായി
എത്രയോ കാലം വറ്റാതെ, വറ്റാതെ, നിലനിന്നു'

(മരത്തിന്റെ രഹസ്യഗന്ധം)

പ്രകൃതിക്ക് നേരിടുന്ന വിപത്തുകളിൽ പ്രധാനമാണ് വൃക്ഷങ്ങളുടെ നശീകരണം. ആവാസവ്യവസ്ഥയിലെ പല ജീവജാലങ്ങൾക്കും സുരക്ഷിത സ്ഥാനമായിരുന്ന മരം ഒരുനാൾ മുറിച്ചപ്പോൾ ഉണ്ടാകുന്ന വേദനയാണീ കവിതയുടെ ഭാവനാതലം. ചൂഷിത വർഗ്ഗത്തിന്റെ നിലവിളികൾ വിഫലമാകുന്ന കാലത്തെയാണ് അവയുടെ മുറവിളികൾ കടൽകാറ്റ് വിഴുങ്ങി എന്ന ബിംബകല്പനയിൽ പ്രതിഫലിക്കുന്നത്. ഹരിതകവിതകൾ എന്ന ഒരു വിഭാഗം കവിതയുടെ വരവിനു മുൻപുതന്നെ മാധവികുട്ടി പ്രകൃതിയുടെടെ മേൽ മനുഷ്യനേൽപ്പിക്കുന്ന ക്രൂരതകളെ തുറന്നുകാട്ടുകയും പ്രതിരോധ തന്ത്രത്തിന്റെ ആവശ്യകതയെ ആസ്വാദകനിലേക്കെത്തിക്കുകയും ചെയ്തിരുന്നുവെന്ന സത്യം വിസ്മരിക്കാവുന്നതല്ല.

ഏകാന്തതയാണ് മാധവികുട്ടിയുടെ കൃതികളിലെ മറ്റൊരു വിഷയം. ഏകാന്തതയെ താനുൾപ്പെടുന്ന പ്രകൃതിയുമായി ലയിപ്പിച്ച് ബിംബാത്മകമായി കവി വരച്ചു കാട്ടുന്നു. ചങ്ങാത്തങ്ങളില്ലാത്ത ജീവി

തയാത്രയിൽ ഒറ്റപ്പെട്ടുപോകുന്ന നിമിഷങ്ങളിൽ കവയിത്രിയ്ക്ക് കവിത മാത്രമാണ് കൂട്ടുകാരിയാകുന്നത്.

'ഏകാന്തത-
ഒരിക്കൽ അതെന്റെ വീടായിരുന്നു
ഇന്നു ഞാൻ അതിന്റെ വീടായിക്കഴിഞ്ഞു
അരൂപിയെങ്കിലും ഒരൊഴിഞ്ഞനെല്ലറപോലെ
അതെന്നുമെന്നും എന്നിൽ സ്ഥിതി ചെയ്യുമെന്ന്
ഞാനറിയിന്നു'

'ഏകാകിനി' എന്ന കവിതയിൽ നീ ഏകാകിനിയല്ല അല്ലാഹുവിന്റെ വാത്സല്യം പൂനിലാവുപോലെ നിന്നിലുൾ ചേർന്നിരിക്കുന്നുവെന്ന് ആദ്ധ്യാത്മികഭാവത്തിൽ പറയുന്നു. അനേകം പരിസ്ഥിതി ബിംബകൽപ്പനകൾ ഈ കവിതയിലും ഉണ്ട്. വേലിയിറക്കത്തിന്റെ വേളയിൽ കടലിന്റെ നാക്കുകൾ പോലെ നിന്റെ കാതിൽ മാത്രം അലയ്ക്കുന്ന മന്ത്രങ്ങളെ ഓർമിച്ചുകൊണ്ട് പവിഴമല്ലി മരത്തിൻ കീഴിൽ ഒരിക്കൽ നീ നടന്നപ്പോൾ, മഴ ചാറിയതും ഒപ്പം പൂമഴ പെയ്തതും നീ ചിരിച്ചതും ഓർമയില്ലേ എന്ന് ചോദിക്കുന്നിടത്ത് ഏകാന്തതയിൽ നിന്ന് യൗവനത്തിന്റെ ചിരിയിലേക്കും നയിക്കുന്നു.

ആത്മീയതയുടെ മകുടമായ ഭക്തി മാധവികുട്ടിയുടെ കവിതകളിൽ ഈശ്വരനുമായി ഒന്നായി ചേരുന്ന തന്മയീഭാവമായി മാറുന്നു. കൃഷ്ണനേയും അല്ലാഹുവിനേയും ഈശ്വരൻ എന്നതിലുപരി സ്നേഹത്തിന്റെ മൂർത്തഭാവത്തോടെ സ്വതന്ത്രമായി പ്രണയത്തോടെയാണ് സമീപിക്കുന്നത്. ഇത് ആത്മീയതയുടെ ഉന്മാദാവസ്ഥയാണെന്നുപോലും തോന്നിപ്പോകുന്ന ഭ്രാന്തമായ ഒരവസ്ഥ പ്രകൃതി ബിംബങ്ങളുടെ അനേക സാധ്യതകളിലൂടെ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നു.

വെട്ടുകിളികളുടെ കടന്നാക്രമണം പോലെ ഈശ്വരനിലേക്കെത്തുന്ന സായൂജ്യഭാവം മണ്ണിന്റെയും കൃഷിയുടെയും പശ്ചാത്തലത്തിൽ അവ തരിപ്പിച്ചിരിക്കുന്നു.

'വെട്ടുകിളികളുടെ കടന്നാക്രമണം കണ്ടിട്ടുണ്ടോ
തങ്കകതിരുകൾ നിറഞ്ഞ
നെൽപാടത്തിലേക്ക്
ഘോരമായിരമ്പത്തോടെ അവ വരുന്നു
ആകാശം കറുപ്പിച്ച്,
ചിറകുകൾ ദ്രുതഗതിയിൽ ചലിപ്പിച്ച്
ഞരമ്പിനെ തളർത്തുന്ന
വാദ്യമേളം വിതച്ച് അവ വരുന്നു
ആയിരം വെട്ടുകിളികൾ
അനേകം വെട്ടുകിളികൾ
അനേക സഹസ്രം വിശപ്പുകൾ
എന്റെ ദാഹം അവയുടെ ഗർജനമായിരുന്നു.
എന്റെ ദാഹം അവയുടെ ആക്രമണമായിരുന്നു.
ശാന്തിക്കുള്ളവെമ്പൽ
സ്നേഹവായ്പിന്റെ അടയാളങ്ങൾതേടി
എത്ര കാതങ്ങൾ ഞാൻ പറന്നു
മുറിവുള്ള ചിറകുകളുമായി
ഒടുവിൽ നിന്റെ വിളകളിൽഞാൻ വീണു.
നിന്റെ അദൃശ്യങ്ങളായ പാദങ്ങളിൽ
മുഖം താഴ്ത്തി ഓ, കാരുണ്യവാനായ അല്ലാഹു;

എനിക്കിനിമറ്റൊന്നും വേണ്ട '(വെട്ടുകിളികൾ)

മാധവികുട്ടിയുടെ കൃതികൾ സാർവ്വലൗകീകത പുലർത്തുന്നവയാണ്. താൻ ജനിച്ചു വളർന്ന ഭൂമിയിലിരുന്ന് കൽക്കട്ടയുടെ നാഗരികതയേയും നഗരത്തിലിരുന്ന് ഗ്രാമത്തിന്റെ നന്മയും ഐശ്വര്യവും ഓർത്തെടുക്കുന്നതാണ് മാധവിക്കുട്ടിയുടെ കൃതികളിൽ നിഴലിക്കുന്ന സാർവജനീനത. ഗൃഹാതുരമായ സ്മരണകൾ കവിതകളിലും കടന്നു വരുന്നുണ്ട്. ഭൂതകാലം ഓർത്തെടുക്കുമ്പോൾ തന്റെ ബാല്യവും ഗ്രാമത്തിന്റേതായ പ്രകൃതി ഭംഗികളുമെല്ലാം കവിതയിൽ നിറയുന്നതിനാൽ ആ കാഴ്ചകൾ ദൃശ്യഭംഗിയുള്ള കാഴ്ചകളായി അനുവാചകഹൃദയത്തിലെന്നും നിലനിൽക്കും. മനസ്സിനെ ആർദ്രമാക്കുന്ന ഗ്രാമാനുഭവങ്ങൾ മാധവികുട്ടിയുടെ നാഗരികജീവിതത്തിന്റെ ചുട്ടുപഴുത്ത അവസരങ്ങളിൽ കൂട്ടിനെത്തുന്നു. പച്ചക്കുളവും, ഗ്രാമവീഥികളും, തൊടികളുമെല്ലാം ഗൃഹാതുരതയോടെ ബിംബ സാന്നിധ്യത്തിൽ അണിയിക്കാനുള്ള വൈഭവം മാധവികുട്ടിക്കു മാത്രം സ്വന്തം. നഗരജീവിതത്തിൽ ഒറ്റപ്പെട്ടു പോകുന്നവർ മനസ്സിന്റെ മരവിച്ച തലങ്ങളെ അതിജീവിയ്ക്കുന്നത് ഇത്തരം ഭൂതകാല സ്മരണയിലൂടെയാണെന്ന് മാധവിക്കുട്ടിയുടെ കവിതകൾ വിളിച്ചറിയിക്കുന്നു.

'മലബാറിൽ എനിക്ക് ഒരു വീടും
ഹരിതവർണമാർന്ന കുളവുമുണ്ടായിരുന്നു.
അവിടെയാണ് ഞാൻ വളർന്നത്
തീക്ഷ്ണമായ ഗ്രീഷ്മ മാസങ്ങളിൽ
ഞാൻ അവടെയുമിവിടെയും
നീന്തി നടന്നു പൊങ്ങിക്കിടന്നു
തണുപ്പിലേക്കും പച്ചയിലേക്കും ഊളിയിട്ടു.'

(ആത്മഹത്യ)

കൽക്കട്ടയിൽ ജീവിയ്ക്കുന്ന കാലത്ത് മാധവിക്കുട്ടിയുടെ ഓർമ കൾക്ക് കൂട്ടായി എന്നും നിലനിന്ന മലബാറിലെ നാലപ്പാട്ടു തറവാട് ആശ്വാസത്തിന്റെ ഇടമായിരുന്നു. നാലപ്പാട്ട് തറവാട് ഓർമ്മിക്കുമ്പോൾ സ്വീകരിക്കുന്ന ബിംബകൽപ്പനകൾ പ്രകൃതിയോടടുത്ത് നിൽക്കു ന്നതായി കാണാം. തറവാട്ടോർമ്മയിൽ മുത്തശ്ശിയും കടന്നു വരുന്നത് ശ്രദ്ധേയമാണ്.

പതിനെട്ടു വർഷം മുമ്പ് മരിച്ചുപോയെങ്കിലും
ഒരു മൂടൽ മഞ്ഞിന്റെ പാളിപോലെ
സുതാര്യ വസ്തുവെന്ന പോലെ
നടുമുറ്റത്തെ പഞ്ചസാരമണലിലൂടെ
മുത്തശ്ശി നടന്നു നീങ്ങുന്നു.

(നാലപ്പാട്ടു വീട്ടിലെ സന്ധ്യകൾ)

സ്ത്രീപുരുഷബന്ധത്തെ പ്രകൃതിയുമായി താദാത്മ്യപ്പെടുത്തുന്ന കവിതകളും സവിശേഷമായി പരിഗണിക്കേണ്ടിയിരിക്കുന്നു. പ്രണ യത്തെ പരിശുദ്ധമായ യാത്രയോട് സാമ്യപ്പെടുത്തുന്നുണ്ട്. പ്രണയ ത്തിൽപ്പെട്ട് ഉഴലുന്ന സ്ത്രീ പുരുഷന്മാരെ 'കപ്പൽ ചേതത്തിൽ ഒഴു കിവന്ന അവശിഷ്ടങ്ങൾ' എന്ന കവിതയിൽ ബിംബാത്മകമായി അവ തരിപ്പിച്ചിരിയ്ക്കുന്നു. കണ്ണുകളിലെ നേരിയ ഇറുക്കിയടക്കൽ മരുഭൂമി യിലെ സൂര്യനെപ്പോലെ എന്ന ബിംബകൽപ്പന പ്രണയത്തിന്റെ തീക്ഷ്ണതയെ സൂചിപ്പിക്കുന്നു.

മനുഷ്യമനസ്സിൽ അടിച്ചമർത്തപ്പെട്ട വികാരവിചാരങ്ങൾ സ്വപ്നങ്ങളായി രൂപാന്തരപ്പെടുന്നുവെന്ന ഫ്രോയിഡിന്റെ സിദ്ധാ ന്തത്തെ സത്യമാക്കുന്ന തരത്തിലുള്ള രചനകൾ മാധവികുട്ടിയുടേതാ യിട്ടുണ്ട്. സ്ത്രീമനസ്സിന്റെ തുറന്നു പറയാനാവാത്ത പലതിനെയും

വിളിച്ചുപറയാൻ കാട്ടിയ ധീരതയാണ് മാധവികുട്ടിയുടെ കവിതകളെ വ്യത്യസ്തമാക്കുന്നത്. സ്ത്രീസ്വത്വങ്ങളുടെ മാനസിക സംഘർഷത്തെ പ്രകൃതിയ്ക്കിണങ്ങുന്ന ബിംബകല്പനയിലൂടെ സൃഷ്ടിയ്ക്കുന്ന തന്ത്രം അത്യന്തം സൗന്ദര്യം നിറഞ്ഞതാണ്. കടലിന്റെ ബിംബമാണ് പെൺ മനസ്സിന്റെ സംഘർഷത്തെയും നിഗൂഢതയേയും ചിത്രീകരിക്കാൻ സ്വീകരിച്ചിരിക്കുന്നത്. അലയടിക്കുന്ന തിരമാലയുടെ നാദവും ഗുപ്തമായി ഒളിപ്പിച്ചുവച്ചിരിക്കുന്ന കടൽനിക്ഷേപങ്ങളും സ്ത്രീമനസ്സിന്റെ പതിപ്പ് തന്നെയാണ്. ഭഗ്നപ്രണയം, തിരികെ ലഭിക്കാത്ത പ്രണയം, ഏകാന്തത, ബാല്യഭാവനകൾ, വാർദ്ധക്യം, ആത്മീയത എന്നിങ്ങനെ മനുഷ്യജീവിതത്തിന്റെ സമസ്തതലങ്ങളെയും തൊട്ടുകൊണ്ട് സഞ്ചരിച്ച കവിതകളായിരുന്നു മാധവിക്കുട്ടിയുടേത്. ഇതിനായി സ്വീകരിച്ച ബിംബകൽപനകൾ ദൃശ്യവിരുന്നുപോലെ കാണപ്പെടുന്നു. പ്രകൃതിയെ അടുത്തറിയാനും ഈശ്വരനിലേക്കെത്തി ശാന്തിനേടാനും കവിതയുടെ സാധ്യത അവർ ഉപയോഗിക്കുന്നു.

പ്രകൃതിയോടുള്ള അഗാധപ്രണയം തന്നെയാണ് ഇത്തരം ഇമേജറികൾ കവിതയിൽ സ്വീകരിക്കാൻ കവയിത്രിയെ പ്രാപ്തയാക്കുന്നത്. കവിതകൾക്ക് വെറും അലങ്കാരത്തിനു വേണ്ടിയല്ലാതെ സ്വീകരിക്കുന്ന ബിംബകൽപനകൾ ആസ്വാദകന്റെ വൈകാരികതലത്തെ ഉണർത്തി നവ്യാനുഭവത്തിലെത്തിക്കുന്നു. അന്തർദർശനങ്ങളും വെളിപാടുകളും നിർമ്മിച്ചെടുക്കുന്ന പുതിയൊരു ഭാഷയായി മാധവിക്കുട്ടിയുടെ ബിംബങ്ങളെ കണകാക്കാം. ഇന്ദ്രിയ സംവേദനക്ഷമതയുള്ള ദൃശ്യ ശ്രവ്യ, നാദ, രുചി, ബിംബങ്ങൾ മാധവിക്കുട്ടിയുടെ കവിതകളിൽ പ്രകൃതിയുമായി സല്ലപിച്ചാണ് കടന്നുവരുന്നത്. പ്രകൃതിബിംബങ്ങൾ കേവലം വാങ്മയ ചിത്രങ്ങളായല്ല മാധവിക്കുട്ടിയുടെ കവിതകളിൽ കാണുന്നത്. പിന്നെയോ  മനുഷ്യനും പ്രകൃതിയുമടങ്ങുന്ന

പാരസ്പര്യബന്ധത്തിന്റെ ദർശനങ്ങളെ ആർദ്രമായി അനുഭവിപ്പിക്കുന്ന രീതിയിലാണ്. പ്രകൃതിയുടെ സന്തുലിതാവസ്ഥയെ നശിപ്പിക്കാൻ ശ്രമിക്കുന്ന മനുഷ്യന്റെ ക്രൂരമായ ചെയ്തികളെ ചോദ്യം ചെയ്യാൻ മാധവിക്കുട്ടി ഉപയോഗിക്കുന്നത് നിശിതമായ വിമർശനത്തിന്റെ ഭാഷയല്ല എന്നത് എടുത്തുപറയേണ്ടതാണ്. പ്രകൃതിയുടെ താളവും സൗന്ദര്യവും മനുഷ്യനിലേക്കെത്തിച്ച് പ്രകൃതി മനുഷ്യന് ഒഴിച്ചു കൂടാനാവാത്ത ജൈവികതയാണെന്ന തോന്നലും പ്രകൃതിയിൽ പ്രണയത്തിനു സാധ്യമായ ഘടകങ്ങൾ നിലനിൽക്കുന്നവെന്ന രഹസ്യവും ബോധ്യപ്പെടുത്തുന്നു. പ്രതിരോധ തന്ത്രങ്ങൾ ഗൂഢമായി അവതരിപ്പിക്കുന്ന പ്രകൃതി ബിംബങ്ങൾ കാൽപ്പനിക ഭംഗിയുള്ളതുമാകുന്നു. കാണാനും കേൾക്കാനും തൊടാനും രുചിക്കാനും മണക്കാനുമെല്ലാം പ്രകൃതിയിൽ നിന്ന് ഇമേജറികൾ സ്വീകരിക്കുന്നത് കവിതയുടെ മാറ്റ് കൂട്ടുന്നതിനുപകരിക്കുന്നു. ലാവണ്യപൂർണ്ണമായ ബിംബകൽപ്പനകൾ മാധവിക്കുട്ടിയുടെ കവിതകളെ പ്രകൃതിയെപ്പോലെ മനോഹരിയാക്കുന്നു. വറ്റിപോകാത്ത ആർദ്രതയുടെ പര്യായമായ പ്രകൃതിയെപ്പോലെ മാധവിക്കുട്ടിയുടെ കവിതകൾ ആസ്വാദക ഹൃദയങ്ങളിൽ ശാശ്വതമായി നിലനിൽക്കുമെന്നതിന് യാതൊരു സംശയവും ഇല്ല.

### സഹായകഗ്രന്ഥങ്ങൾ


1. അച്യുതൻ എം., *പാശ്ചാത്യസാഹിത്യ ദർശനം*, ഡി.സി.ബുക്സ്, കോട്ടയം: 2004.
2. മധുസൂദനൻ ജി.,(എഡി.), *ഹരിതനിരൂപണം മലയാളത്തിൽ*, കറന്റ് ബുക്സ്, കോട്ടയം: 2015.
3. മാധവിക്കുട്ടി, *മാധവിക്കുട്ടിയുടെ സമ്പൂർണ്ണകൃതികൾ*, ഡി.സി. ബുക്സ്, കോട്ടയം: 2009.

4. രാമകൃഷ്ണൻ ഇ.വി., (എഡി.), *സ്ത്രീ സ്വത്വം സമൂഹം*, പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട് :1994.

5. വേണുഗോപാൽ കെ.എം., *സിംബലിസം മലയാള കവിതയിൽ*, ഡി.സി.ബുക്സ്, കോട്ടയം: 2011.

6. ശങ്കുണ്ണി നായർ എം.പി., *കാവ്യവ്യുത്പത്തി*, പൂർണ്ണാപബ്ലിക്കേഷൻസ്, കോഴിക്കോട്: 1989.

# നിറസങ്കല്പം മാധവിക്കുട്ടിയുടെ കഥകളിൽ

ഡോ.ലിജാ അരവിന്ദ്

മാധവിക്കുട്ടിയുടെ കഥകളിൽ നിറങ്ങൾ രൂപങ്ങളായും ഇമേജുകളായും വിന്യസിക്കപ്പെട്ടിരിക്കുന്നു. നിറങ്ങളുടെ സംഘനൃത്തമെന്നു തന്നെ പറയാം. കടുത്ത നിറങ്ങളിൽ വരച്ച ചിത്രങ്ങൾ പോലെയാണ് പല കഥകളും. നിറം എന്നത് വസ്തുപ്രകൃതിയുടെ തനത് സവിശേഷതയാണ്. രംഗ കലകളിൽ ഉദ്ദീപന വിഭാഗമായി നിറം ഉപയോഗിക്കുന്നതിനെക്കുറിച്ച് ഭരതമുനി പറഞ്ഞിട്ടുണ്ട്. ഓരോ രസവും നിറവൂറ്റു പകരാൻ നിറത്തിനു കഴിയും. ഓരോ രസത്തിനും വർണ്ണങ്ങൾ കല്പിച്ചിട്ടുണ്ട്.

ഭരതമുനിയുടെ നാട്യശാസ്ത്ര(വിവർത്തനം:നാരായണ പിഷാരടി)ത്തിലെ ആറാം അദ്ധ്യായത്തിൽ രസവികല്പം പറയുന്നിടത്ത് നിറത്തെക്കുറിച്ച്/വർണ്ണത്തെക്കുറിച്ച് പറയുന്നുണ്ട്.

‘അഥ വർണ്ണാ നാമ
ശ്യാമോ ഭവതി ശൃംഗാര
സിതോ ഹാസ്യ പ്രകീർത്തിത
കപോത കരുണൈശ്ചൈവ
രക്തോരൌദ്ര പ്രകീർത്തിത
ഗൌരോ വീരസ്തു വിജ്ഞേയ
കൃഷ്ണശ്ചൈവ ഭയാനക
നീലവർണ്ണസ്തുബീഭത്സ
പീതശ്ചൈവാത്ഭുത സ്മൃത’

കണ്ണൂർ സർവ്വകലാശാല
മലയാളവിഭാഗം റിസർച്ച് ജേണൽ

ശൃംഗാരം പച്ചനിറം, ഹാസ്യം വെളുപ്പ്, കരുണം തവിട്ടുനിറം, രൗദ്രം ചുവപ്പ്, വീരം സ്വർണ്ണനിറം, ഭയാനകം കറുപ്പ്, ബീഭത്സം നീല, അത്ഭുതം മഞ്ഞ എന്നിങ്ങനെയാണ് നാട്യശാസ്ത്രം നിറത്തെ വിന്യ സിച്ചിരിക്കുന്നത്. ഓരോ നിറത്തിനും ഓരോ ദേവതമാരുമുണ്ട്(നാരാ യണപ്പിഷാരടി,1987:249 ).

പലപ്പോഴും നീല നിറത്തിന് ശ്രീകൃഷ്ണനെന്നും മേഘവർണ്ണ മെന്നും ഒക്കെ കല്പിക്കുമ്പോൾ നാട്യശാസ്ത്രം നീലയടെ ദേവനായി മഹാകാലനെയാണ് കാണുന്നത്. രംഗകലയായ കഥകളിയിലും നിറ ങ്ങളെക്കുറിച്ച് പറയുന്നുണ്ട്. നാട്യശാസ്ത്രത്തിന്റെ അടിസ്ഥാനത്തി ലുള്ള നിറങ്ങളല്ല അവിടെ പരാമർശിക്കുന്നത്. മഞ്ഞ, പച്ച, കറുപ്പ്, ചുവപ്പ്, വെളുപ്പ് എന്നിങ്ങനെ വേഷമനുസരിച്ചുള്ള നിറവിന്യാസമാണ് കഥകളിയിൽ നടപ്പിലുള്ളത്.

സാഹിത്യത്തിലും മനുഷ്യ ബോധ-അബോധ മണ്ഡലങ്ങ ളിലും നിറം എന്നത് പടർന്നു കിടക്കുന്ന ഒന്നാണ്. അവിടെ പച്ച ഊഷ്മളതയുടേയും വെള്ള സമാധനത്തിന്റേയും ചുവപ്പ് ക്രൂരതയു ടേയും/കാമനയുടേയും കറുപ്പ് ദുഖത്തിന്റേയും നീല ശൃംഗാരത്തി ന്റേയും ആവിഷ്കാരമായി പലപ്പോഴും കടന്നു വരുന്നു.

നമ്മുടെ നിറസങ്കല്പം കറുപ്പ്/വെളുപ്പ് എന്നിവയിൽ മാത്രം ഒതുങ്ങി നിന്ന ഒന്നായിരുന്നു. ബ്ലാക്ക് ആൻഡ് വൈറ്റ് സിനിമകൾ, വെളുത്ത കടലാസിലെ കറുത്ത അക്ഷരങ്ങൾ എന്നിവയൊക്കെ അതി നുദാഹരണങ്ങളാണ്. ചിത്രകലയിലും ചുവർചിത്രങ്ങളിലും നിറഞ്ഞു നിൽക്കുന്ന നിറങ്ങളെ ഭാവനയുടെ നിറങ്ങളാക്കി സാഹിത്യം മാറ്റുന്നു. മനുഷ്യനൊപ്പം നിറസങ്കല്പങ്ങളും മാറ്റത്തിനു വിധേയമാകുന്നു. ചിത്ര കലയാണ് നിറങ്ങളെ കൂടുതൽ പ്രയോജനപ്പെടുത്തുകയും നിറങ്ങ ളുടെ പരീക്ഷണം നടത്തുകയും ചെയ്തത്.

ചെറുകഥ സൂക്ഷ്മപ്രകൃതിയുടെ അവതരണമാണ്. ഇംപ്രഷണലിസ്റ്റ്, സർറിയലിസ്റ്റ് ചിത്രങ്ങൾ പോലെയാണ് പല ചെറുകഥകളും. ചിത്രകലയുടെ സ്വാധീനം, അതിന്റെ നിറവിന്യാസ രീതി മാധവിക്കുട്ടിയുടെ ചെറുകഥകളിലും നോവലിലും കവിതകളിലും കാണാം. ചെറുകഥകളിൽ അത് ഏറിയും കുറഞ്ഞും നിൽക്കുന്നു. ശക്തമായ രചനകൾ കൊണ്ട് സമൂഹത്തിൽ തന്റേതായ സ്ഥാനമുറപ്പിച്ച എഴുത്തുകാരിയാണ് മാധവിക്കുട്ടി. പെണ്ണെഴുത്തുകാരിയെന്ന് പരക്കെ ഖ്യാതി നേടിയെങ്കിലും പെണ്ണെഴുത്തിനുമപ്പുറം പല കാര്യങ്ങളും കൈകാര്യം ചെയ്യാൻ മാധവിക്കുട്ടിക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ സമൂഹത്തിനിടയിൽ അവർ ജീവിച്ചിരുന്ന സമയത്ത് അവർക്കും അവരുടെ രചനകൾക്കും വേണ്ടത്ര പ്രാധാന്യം ലഭിച്ചിരുന്നുവോ എന്നത് സംശയമാണ്. തനിക്കു ചുറ്റുമുള്ള സാമൂഹിക പ്രശ്നങ്ങളെ അതിസൂക്ഷ്മമായി കൈകാര്യം ചെയ്യാൻ മാധവിക്കുട്ടിക്ക് കഴിഞ്ഞിരുന്നു.

മാധവിക്കുട്ടിയുടെ തൂലികയിൽ അനേക സ്ത്രീജന്മങ്ങൾ പിറവിയെടുത്തു. അതിൽ ഉത്തമയായ കുടുംബിനിയും സർവ്വംസഹയായ ഭാര്യയും തന്റേടിയായ പെണ്ണും നിഷ്കളങ്കയും സ്നേഹമയിയുമായ മകളും സഹനപ്രതീകമായ അമ്മയും വേശ്യയും വേലക്കാരിയും സമ്പന്നയും വിരഹിണിയും എല്ലാം ഉൾപ്പെടുന്നു. സമൂഹത്തിലെ എല്ലാ ശ്രേണിയിലുമുള്ള സ്ത്രീജീവിതത്തെയും മാധവിക്കുട്ടിക്കഥകൾ പരിശോധിച്ചാൽ കണ്ടെത്താൻ കഴിയും. മലയാളിയുടെ മറച്ചുവെക്കപ്പെട്ട ലൈംഗിക ചിന്തകളെ തുറന്നെഴുതാനും മാധവിക്കുട്ടി ഒട്ടും മടികാണിച്ചില്ല.

നിറങ്ങൾ കൊണ്ട് കഥ പറയാൻ മാധവിക്കുട്ടിക്ക് കഴിയുന്നു. വെളുത്ത ബാബു, ചുവന്ന മാളിക, ചുവന്ന പാവാട, കറുത്ത പട്ടി എന്നിങ്ങനെ കഥകളുടെ തലക്കെട്ടുകൾ കൊണ്ടു പോലും നിറസ

ങ്കല്പം മാധവിക്കുട്ടി എത്രമാത്രം സ്വീകരിച്ചിരുന്നു എന്ന് കണ്ടെത്താൻ കഴിയും. 'വെളുത്ത ബാബു' എന്നൊരു കഥ മാധവിക്കുട്ടിയുടെ സ്ത്രീകൾ എന്ന സമാഹാരത്തിലുണ്ട്. തന്റെ കാവൽക്കാരായ പോലീസുകാരിൽ നിന്നും കേട്ടറിഞ്ഞ കൊലയാളിയെത്തേടി ഒരു സ്ത്രീ പോകുന്നതാണ് കഥ. വളരെ ലളിതമായി കഥ അവതരിപ്പിച്ചിരിക്കുന്നു. തനിക്കു താൻ തന്നെ കൊലയാളിയെത്തേടുന്ന കഥ ഇതിനു മുമ്പും മാധവിക്കുട്ടി അവതരിപ്പിച്ചിട്ടുണ്ട്.

നിറങ്ങൾ കൊണ്ട് അടയാളപ്പെടുത്തുന്ന രീതി സാമൂഹിക ചിഹ്നം കൂടിയാണ്. വെളുപ്പും കറുപ്പും അതിൽ മുഖ്യ നിറങ്ങളാണ്. വെളുത്ത കുട്ടി, കറുത്ത കുട്ടി, വെളുത്ത ചെക്കൻ, കറുത്ത പെണ്ണ്, വെളുത്ത പെണ്ണ് എന്നിങ്ങനെ. പലപ്പോഴും കറുപ്പിനേക്കാൾ ആധികാരികത വെളുപ്പിന് ലഭിക്കാറുമുണ്ട്. ഇവിടെ തലക്കെട്ടു തന്നെ 'വെളുത്ത ബാബു' എന്നാണ്. വെളുപ്പ് കൊണ്ട് ബാബുവിനെ അടയാളപ്പെടുത്തുന്നു. വെളുപ്പ് സാത്വികതയുടെ സമാധനത്തിന്റെ പ്രതീക്ഷയുടെ ഒക്കെ നിറമായ് സാഹചര്യം അനുസരിച്ച് തിരിക്കാറുണ്ട്. ഇവിടെ ബാബുവിനെ നിറങ്ങൾ കൊണ്ട് മനോഹരമായ് അടയാളപ്പെടുത്തിയിട്ടുണ്ട്.

'രൂപം വിവരിച്ചപ്പോൾ ബന്ധപ്പെടുവാൻ ആഗ്രഹം തോന്നി. വെളിത്ത നിറം, ശിരസ്സ് മൂടാൻ ഒരു രക്തവർണ്ണ തൂവാല, കറുത്തു തേഞ്ഞ പല്ലുകൾ, ബീഡിക്കറ തട്ടി കറുത്ത ചുണ്ടുകൾ'(മാധവിക്കുട്ടി,2012:135). ഒരു വാടകക്കൊലയാളിയെ എത്ര തന്മയത്വത്തോടെയാണ് മാധവിക്കുട്ടി അവതരിപ്പിച്ചിരിക്കുന്നത്. ചിത്രകലയും നിറങ്ങളും കൊണ്ട് അലംകൃതമായിരിക്കുന്നു. വെളുപ്പും കറുപ്പും സമ്മിശ്രമാക്കി കലാവിരുതുള്ള ചിത്രകാരി ഒരു രൂപം വരച്ചു കാട്ടുകയാണ്. വെളുപ്പിൽ സാത്വികതയും സമാധാനവും നിറക്കുമ്പോൾ ചുവപ്പിൽ തീവ്ര

തയും, കറുത്ത പല്ലും കറുത്ത ചുണ്ടും ദുഖത്തിന്റേയും നിരാശയുടേയും ക്രൂരതയുടേയും പ്രതീകമാകുന്നു. സാത്വികതയും സമാധാനവും ക്രൂരതയും നിരാശയും ഒന്നിച്ചു സമ്മേളിപ്പിച്ച് നിറങ്ങൾ കൊണ്ട് കലാവിരുത് നടത്താൻ മാധവിക്കുട്ടിക്ക് മാത്രം കഴിയുന്ന പ്രത്യേകതയാണ്. ഒരു വ്യക്തിയുടെ മനോവ്യാപാരത്തെ നിറങ്ങൾ കൊണ്ട് മാധവിക്കുട്ടി ഇവിടെ അടയാളപ്പെടുത്തുന്നു.

'നഷ്ടപ്പെട്ട നീലാംബരി' എന്ന കഥ മുപ്പത്തിമൂന്ന് വർഷത്തിനു ശേഷം തന്റെ സംഗീത അദ്ധ്യാപകനും കാമുകനുമായ രാമാനുജ ശാസ്ത്രികളെ തേടി ശസ്ത്രക്രിയാവിദഗ്ധയായ ഡോക്ടർ സുഭദ്രാദേവി എത്തുന്നതും അവരുടെ ഓർമ്മങ്ങളും ജീവിതവും പ്രണയവും ചേർന്ന കഥയാണ്.

'ഗുരുശിഷ്യ ബന്ധത്തിന്റെ കറുത്ത നിഴൽ അവളുടേയും ഭർത്താവിന്റേയും നടുവിൽ വീണു കിടന്നു'(മാധവിക്കുട്ടി,1996:90). ഇവിടെ കറുത്ത നിഴൽ കൊണ്ട് ജീവിതത്തിന്റെ അപസ്വരതയെ സൂചിപ്പിക്കുന്നു. ജീവിത പരാജയത്തേയും അപചയത്തേയുമൊക്കെ കറുപ്പെന്ന നിറം കൊണ്ട് അടയാളപ്പെടുത്തുന്നു. കറുപ്പിനെ എങ്ങനെയാണ് ദുഖത്തിന്റെ നിറമാക്കി സാഹിത്യകൃതികൾ മാറ്റുന്നതെന്നതിന് ഉദാഹരണമാണ് ഇവിടെ പരാമർശിച്ച കറുപ്പ്. സാമൂഹിക മനഃശ്ശാസ്ത്രങ്ങൾക്കുള്ളിൽ കാഴ്ചയുടെ പ്രതീകമായിത്തീരുന്നു കറുപ്പ്. കഥാപാത്രങ്ങൾക്കൊപ്പമുള്ള കഥാതന്തുവാക്കി കറുപ്പിനെ മാറ്റുന്നു.

'സുഭദ്ര ധരിച്ച വസ്ത്രങ്ങളുടെ കടുത്ത നിറങ്ങൾ അവളുടെ ഇരുണ്ടശരീരത്തിന് ചേരുകയില്ല'(മാധവിക്കുട്ടി,1996:91). എങ്ങനെയാണ് ശരീരത്തോടും നിറത്തോടും മനുഷ്യർ പുലർത്തുന്ന കാഴ്ചപ്പാട് എന്നത് ഈ വാക്കുകളിൽ വ്യക്തമാണ്. ഇരുണ്ട നിറക്കാർക്ക് കറുത്ത നിറങ്ങൾ ചേരുകയില്ലെന്ന വസ്തുതത ഇവിടെ വ്യക്തമാണ്. കാഴ്ച

യുടെ നിറങ്ങളെ ചേർച്ചയുടെ നിറങ്ങളാക്കുകയാണിവിടെ. നിറമങ്ങനെ ശാരീരിക സൗന്ദര്യത്തിന്റെ മാനദണ്ഡമാകുന്നു.

'ഒരു വിധവയ്ക്ക് അനുയോജ്യമായ വസ്ത്രധാരണ രീതി അവൾ ആയിടെയായി സ്വീകരിച്ചിരുന്നു. പക്ഷെ, മധുരക്ക് പോകുമ്പോൾ കടും നിറത്തിലുള്ള പട്ടുപുടവകൾ അവൾ പെട്ടിയിൽ അടുക്കിവെച്ചു. മധുവിധുവിനു പുറപ്പെടുന്ന നവവധുവിന്റെ ഹൃദയമിടിപ്പോടെ അവൾ സാമാനങ്ങൾ ഒരുക്കി. സുഗന്ധദ്രവ്യങ്ങൾ, മുത്തുമാലകൾ, ചുവന്ന കല്ലുവെച്ച ആഭരണങ്ങൾ'(മാധവിക്കുട്ടി,1996:98).

വൈധവ്യം സ്ത്രീകളെ കടുത്ത നിറങ്ങളിൽ നിന്ന് അകറ്റി നിർത്തുന്നു. സമൂഹം വിവാഹത്തിനു വേണ്ട നിറങ്ങൾ വൈധവ്യത്തിനു വേണ്ടിയുള്ള നിറങ്ങൾ എന്നിങ്ങനെ നിറങ്ങളെ സാഹചര്യങ്ങൾക്കനുസരിച്ച് തരംതിരിക്കുന്നു. മരണത്തെ കറുപ്പുകൊണ്ട് അടയാളപ്പെടുത്തും പോലെ വൈധവ്യത്തെ വെളുപ്പു കൊണ്ടും അടഞ്ഞ നിറങ്ങൾ കൊണ്ടും അടയാളപ്പെടുത്തുന്നു. എന്തുകൊണ്ട് വൈധവ്യത്തിലേക്ക് വെളുപ്പും അടഞ്ഞ നിറങ്ങളും വിവാഹത്തിന് കടും വർണ്ണങ്ങളും തിരഞ്ഞെടുക്കുന്നു? പ്രതീക്ഷകൾ അസ്തമിച്ചു എന്നതിന്റേയും ഇനി ഒന്നും പ്രതീക്ഷിക്കാനോ മറ്റുള്ളവരെ ആകർഷിക്കാനോ പാടില്ല എന്ന മനുഷ്യകേന്ദ്രീകൃത കല്പനകളിൽ നിന്നാണ് വൈധവ്യ നിറങ്ങൾ പിറക്കുന്നതെന്ന് കണ്ടെത്താം.

ജീവിതത്തിന്റെ പുത്തൻ പ്രതീക്ഷകൾക്കും എല്ലാവരേയും വധുവിലേക്കാകർഷിച്ചു നിർത്താനും വിവാഹദിവസം അണിയുന്ന നിറങ്ങൾക്ക് കഴിയുന്നു. അതിനാൽതന്നെ കടുത്ത നിറങ്ങളുടെ മേളനമായ് വിവാഹം മാറുന്നു. ഇവിടെ ഡോ.സുഭദ്ര കടുത്ത നിറങ്ങളുള്ള പട്ടുസാരി പെട്ടിയിൽ വെച്ചതും ചുവന്ന കല്ലുവെച്ച ആഭരണങ്ങൾ കരുതിയതും പ്രതിപാദിക്കുന്നുണ്ട്. കാണാൻ പോകുന്ന പൂർവ്വകാമു

കനിലുള്ള പ്രതീക്ഷയും സ്വപ്നങ്ങളും നിറങ്ങൾ കൊണ്ട് അടയാള പ്പെടുത്തുകയാണിവിടെ.

'ചുവന്ന മാളിക' എന്ന കഥയിൽ ചുവപ്പ് കടന്നു വരുന്നുണ്ട്. മാളികയെ അടയാളപ്പെടുത്താനാണ് ഇവിടെ ചുവപ്പ് നിറം ഉപയോഗി ച്ചിരിക്കുന്നത്. തീയിൽ പെട്ടുപോയ അമ്മയുടെ തറവാട്ടിലേക്ക് അവ രുടെ മക്കൾ എത്തുന്നതാണ് കഥ. ചെറുമക്കളെ മുത്തശ്ശി സ്വീകരിക്കു ന്നതും ഒക്കെ കഥയിൽ പ്രതിപാദിക്കുന്നുണ്ടെങ്കിലും ചുവന്ന മാളിക എന്നു കേൾക്കുമ്പോൾ തന്നെ പ്രേതാലയം എന്ന പ്രതീകം സൃഷ്ടി ക്കാൻ കഥയ്ക്കു കഴിയുന്നുണ്ട്. ചുവപ്പിനെ അങ്ങനെ ഒരു അപസർപ്പക നിറമാക്കി മാറ്റുന്നത് കാണാൻ കഴിയും.

വേലക്കാരിയായ ഒരു ചെറിയ പെൺകുട്ടിയുടെ കഥ പറയു ന്നു. 'ചുവന്ന പാവാട എന്ന കഥ' ഗർഭിണിയായ ഒരു സ്ത്രീയെ പരി ചരിക്കുന്നതാണ് അവളുടെ ജോലിയെങ്കിലും പാവം പെൺകുട്ടി യജ മാനത്തിയായ ഗർഭിണിയിൽ നിന്നും അവരുടെ ഭർത്താവിൽ നിന്നും ഒരേ പോലെ തന്നെ പീഢനങ്ങൾക്ക് ഇരയാകുന്നുണ്ട്. ചുവപ്പ് ഇവിടെ ജീവിത ദുരന്തത്തിന്റേയും ചിലപ്പോഴൊക്കെ ദമിതകാമനകളുടേയും നിറമായി മാറുന്നു. നിറപ്പകിട്ടാർന്ന പാവാടകൾ യൗവ്വനത്തിന്റെ പ്രതീ കമാണ്. എന്നാൽ ചില നിറങ്ങൾ പ്രതീക്ഷകൾ അസ്തമിച്ച ജീവിത നിറമായ് മാറ്റപ്പെടുന്നു. ചുവപ്പ് എന്ന ഒറ്റ നിറം കൊണ്ട് മൂന്ന് കഥാപാ ത്രങ്ങളുടെ മനോമണ്ഢലത്തെയാണ് അടയാളപ്പെടുത്തുന്നത്.

'ശരിയാ, അവൾ പറഞ്ഞു, എനിക്ക് ചോന്ന പാവാടയാ ചേർച്ച. ഇയ്ക്ക് ഓണത്തിന് ചോന്ന പാവാടയാ വേണ്ട്.... ഇയ്ക്ക് അതാ ചേർച്ച'(മാധവിക്കുട്ടി, 2009:380). ദുഃഖങ്ങളിൽ നിന്നുള്ള അതിജീവന ത്തിനായ് ചുവപ്പിനെ സ്നേഹിക്കാൻ അവൾ ശ്രമിക്കുമ്പോൾ മറച്ചു വെക്കപ്പെടുന്ന കാമനകളും അവളിൽ വെളിവാക്കാൻ ചുവപ്പിന് കഴി

യുന്നു. 'നീലപ്പാവാട ഉടുത്ത ഒരു ചെറിയ പെണ്ണ്. പക്ഷെ, ശരീരത്തിന് വളർച്ചയൊക്കെ ഉണ്ട്'(മാധവിക്കുട്ടി, 2009:380).ഇവിടെ പ്രായത്തിന്റെ അതിരുകളെ നീലപ്പാവാട കൊണ്ട് അടയാളപ്പെടുത്തുന്നു.

'കറുത്ത പട്ടി' എന്ന ചെറുകഥ വാർദ്ധക്യത്തിന്റേയും ഒറ്റപ്പെടലിന്റേയും കഥയാണ്. മക്കളും ചെറുമാക്കളും അവരുടെ ഭാര്യമാരും വിദേശത്ത് താമസമാക്കുകയും പതിമൂന്ന് വർഷമായിട്ടും നാട്ടിൽ വരാതിരിക്കുകയും ചെയ്യുന്നു. മരണത്തോട് അടുക്കുമ്പോൾ വൃദ്ധൻ ഒരു കറുത്ത പട്ടി തന്റെ വീട്ടിൽ വരുന്നതായി സങ്കല്പിക്കുകയും ഒരു ഫാന്റസി രൂപീകൃതമാവുകയും ചെയ്യുന്നു. പരമ്പരാഗത മരണസങ്കല്പത്തെയാണ് 'കറുത്ത പട്ടി'യിലൂടെ അവതരിപ്പിക്കുന്നത്. ഇവിടെ കറുപ്പ് നിഗൂഢതയുടേയും മരണത്തിന്റേയും നിറമാവുകയാണ് ചെയ്യുന്നത്. വാർദ്ധക്യത്തിന്റെ ഏകാന്തതയെ തീവ്രമാക്കി സാന്ദ്രമാക്കാൻ കറുപ്പ് എന്ന നിറത്തിലൂടെ കഴിയുന്നു. അനുഭവതലങ്ങളിലൂടെയുള്ള നിറസഞ്ചാരമാണ് ഇവിടെ നിറഞ്ഞു നിൽക്കുന്നത്.

ചുവന്ന മണ്ണ്, ചുവന്ന സന്ധ്യ, പച്ചപ്പട്ടു സാരി, കറുപ്പ്, ചുവന്ന പശു തുടങ്ങി ഈ കഥകളുടെ തലക്കെട്ടുകളിലൊക്കെ തന്നെ നിറങ്ങളുടെ മേളന കാണാൻ കഴിയും. നിറങ്ങൾ കൊണ്ട് ഒരു കഥയുടെ ടെകനോളജി നിർമ്മിക്കുകയാണ് മാധവിക്കുട്ടി. മാധവിക്കുട്ടിയുടെ കഥകൾ നിറപ്പകിട്ടുകളുടെ ലോകമാണ് നമുക്ക് മുന്നിൽ തുറന്നിടുന്നത്. നിറം ഭാഷ കൊണ്ട് ചിത്രം വരക്കുന്നു. വ്യക്തികളുടെ മനോവ്യാപാരത്തെ അടയാളപ്പെടുത്താനുള്ള ഉപാധിയായി നിറങ്ങൾ മാറുന്നു. കേവലമായ പ്രതീകമല്ല നിറങ്ങൾ. അത് ചിലപ്പോഴൊക്കെ ലോക ദർശനം കൂടിയായിത്തീരുന്നു. നിലനിൽക്കുന്ന കുടുംബസദാചാര സൗന്ദര്യ നിഷേധത്തിന്റെ കഥകളാണ് മാധവിക്കുട്ടിയുടെ കഥകൾ. നിറം കഥയിലും പൊതുബോധത്തിലും നിലനിർത്തി അമൂർത്തമായ ചിന്തകൾ

ഉണ്ടാക്കുന്നു. കഥാപാത്രങ്ങൾക്കൊപ്പം പ്രാധാന്യം നിറങ്ങൾക്കു ണ്ടെന്നും അത് മനോമണ്ഡലത്തിന്റെ അടയാളപ്പെടുത്തലുകൾ കൂടി യാണെന്നും മാധവിക്കുട്ടിയുടെ കഥകൾ ഓർമ്മിപ്പിക്കുന്നു.

## സഹായകഗ്രന്ഥങ്ങൾ


1. കമലാദാസ്, *കെട്ടിയിട്ട കോലാട്*, ഡി.സി.ബുക്സ്,കോട്ടയം: 1996.
2. നാരായണ പിഷാരടി(വിവർത്തനം), *ഭരതമുനിയുടെ നാട്യ ശാസ്ത്രം*, കേരള സാഹിത്യ അക്കാദമി, തൃശൂർ :1987.
3. മാധവിക്കുട്ടി, *നഷ്ടപ്പെട്ട നീലാംബരി*, ഡി.സി.ബുക്സ്, കോട്ടയം :1996.
4. മാധവിക്കുട്ടി, *മാധവിക്കുട്ടി കൃതികൾ സമ്പൂർണ്ണം*, ഡി.സി. ബുക്സ്, കോട്ടയം: 2009.
5. രാമകൃഷ്ണൻ ഇ.വി(എഡി.), *സ്ത്രീ സ്വത്വം സമൂഹം*, പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട് : 1994.

## ലേഖക പരിചയം

**ഡോ. റീജാ രവീന്ദ്രൻ**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
എച്ച്.എച്ച്.എം.എസ്.പി.ബി.എൻ.എസ്.എസ്.
വനിതാകോളേജ്, നീറമൺകര
കേരള യൂണിവേഴ്സിറ്റി,695040
ഫോൺ: 9447461476
Email ID: reejaarunkumar@gmail.com

**സിജു ജോസഫ്**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
സെന്റ് തോമസ് കോളേജ്,
പാല, 686574
ഫോൺ: 9495171512
Email ID: sijukpala@gmail.com

**സുഭാഷ് വി.ആർ.**
ടി.സി. 15/567(2)
സി.എസ്.എം. നഗർ 26
ശാസ്തമംഗലം പി.ഒ.
തിരുവനന്തപുരം, 695010
ഫോൺ: 8547796519
Email ID: vr.subhash@gmail.com

**ഡോ.സി.സിന്ധു സെബാസ്റ്റ്യൻ**
അസിസ്റ്റന്റ് പ്രൊഫസർ
മലയാള വിഭാഗം
ദേവമാതാ കോളേജ്
കുറുവിലങ്ങാട് പി.ഒ.
കോട്ടയം – 686633
ഫോൺ: 9497708201
Email ID: regismal77@gmail.com

**ഡോ. പി.സൂര്യ**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
സെന്റ് സേവ്യർ വനിതാ കോളേജ്
ആലുവ 682308
ഫോൺ: 9446045779
Email ID: drsuryapsxc@gmail.com

**ഡോ.എസ്.വിനോദ്**
ആലുവിള വീട്
കുറുക്കട പി.ഒ.695104
ഫോൺ: 9562478442
Email ID: vinodsaluvila@gmail.com

**ഡോ.സൗമ്യ പി.ആർ.**
പൊരുവേലിൽ ഹൗസ്
നന്മ ബിൽഡിങ്സ്
കണ്ണച്ചൻ തോട് റോഡ്
കൊച്ചി 682018
ഫോൺ: 9995906344
Email ID : soumyaporuvelil@gmail.com

**ഡോ.ജെസ്സി അലക്സാണ്ടർ**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
കാതോലിക്കേറ്റ് കോളേജ്
പത്തനംതിട്ട, 689645
ഫോൺ: 8129928919
Email ID: jessyperethu@gmail.com

**ഡയാന ടോം**
ഗവേഷക,മലയാളവിഭാഗം
എസ്.ബി.കോളേജ്
ചങ്ങനാശ്ശേരി 686101
ഫോൺ: 9446477452
Email ID: dayanatomp1992@gmail.com

**ഡോ. വന്ദന ബി.**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം
എച്ച്.എച്ച്.എം.എസ്.പി.ബി.എൻ.എസ്.എസ്.
വനിതാകോളേജ്, നീറമൺകര
കേരള സർവകലാശാല-695040
തിരുവനന്തപുരം,
ഫോൺ: 9995552955
Email ID: vandusree@gmail.com

**രജനി ആർ.ആർ.**
രശ്മി നിവാസ്,
നടുവിലേമുറി,പോരുവഴി
ശൂരനാട് പി.ഒ., കൊല്ലം 690522
ഫോൺ: 9745630853
Email ID:rajanirr06@gmail.com

**ഹരിത കെ.പ്രസാദ്**
ഗവേഷക, മലയാളവിഭാഗം
എസ്.എൻ.ജി.എസ്.പട്ടാമ്പി, 679306
ഫോൺ: 9605517669
Email ID : harithakprasad@gmail.com

**ഫെബിന പി.കെ.**
ഗവേഷക, മലയാളവിഭാഗം
മഹാത്മാഗാന്ധി കോളേജ്
തിരുവനന്തപുരം 695004
ഫോൺ: 9846760769
Email ID :febinapk@gmail.com

**ഡോ.ഹെലൻ എം.**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
സെന്റ് സേവ്യേഴ്സ് കോളേജ് ഫോർ വുമൺ
ആലുവ, 683101
ഫോൺ: 9074897121
Email ID : helendinakar8491@gmail.com

**ഡോ.ആശാ മത്തായി**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
മാർ അർത്തനേഷ്യസ് കോളേജ്
കോതമംഗലം 686666
ഫോൺ: 9744320348
Email ID: aashamathai@gmail.com

**അയ്യപ്പദാസ് മാവേലിക്കര**

അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
മഹാത്മാഗാന്ധി കോളേജ്
തിരുവനന്തപുരം- 695004
ഫോൺ: 9496619684
Email ID :ayyappadas12@gmail.com

**ഷൈനു ഏബ്രഹാം**

അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
കാതോലികേറ്റ് കോളേജ്
പത്തനംതിട്ട 689645
ഫോൺ: 9847844225
Email ID: shynugigi@gmail.com

**ഡോ.ലിജാ അരവിന്ദ്**

അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം, കണ്ണൂർ സർവകലാശാല
ഡോ.പി.കെ.രാജൻ മെമ്മോറിയൽ കാമ്പസ്
നീലേശ്വരം, 671314
ഫോൺ: 8281889852
Email ID: lijaaravind9@gmail.com